ജില്ലാപഞ്ചായത്ത് ഓഫീസ് കോമ്പൌണ്ടിൽ മാലിന്യനിർമ്മാർജ്ജന സംവിധാനമില്ല




ഓഫീസിന്റെ കോമ്പൗണ്ടിലെ മാലിന്യകൂമ്പാരം

ജില്ലാ പഞ്ചായത്ത് ഓഫീസിന്റെ കോമ്പൗണ്ടിൽ മാലിന്യസംസ്കരണത്തിന് സംവിധാനങ്ങളില്ല. പ്രതിവർഷം 100 കോടിയിൽപ്പരം രൂപ പദ്ധതിച്ചെലവുകൾക്കായി വകയിരുത്തിവരുന്ന ജില്ലാപഞ്ചായത്തിന് സ്ഥാപനപരിസരത്ത് മാലിന്യനിക്ഷേപം കുന്നുകൂടുന്നത് ഒഴിവാക്കുന്നതിന് വേണ്ട സംവിധാനങ്ങൾ ഒരുക്കാൻ നാളിതുവരെ സാധിച്ചിട്ടില്ല. ഉറവിട മാലിന്യസംസ്കരണമെന്ന ആശയം നടപ്പാക്കുന്നതിൽ ജില്ലാപഞ്ചായത്ത് പോലുള്ള സ്ഥാപനങ്ങൾ പൊതുജനങ്ങൾക്ക് മാതൃകയാകേണ്ടതാണ്. ഇക്കാര്യം ജില്ലാപഞ്ചായത്ത് അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. ഓഫീസ് പരിസരം വൃത്തിയായിരിക്കുന്നതിനുവേണ്ട മാലിന്യ നിർമ്മാർജ്ജന- സംസ്കരണ സ്ഥിരംസംവിധാനങ്ങൾ രൂപീകരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-7 മറ്റ് ഓഡിറ്റുകൾ നടത്തിയിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 23-12-2019 മുതൽ 31-01-2020 വരെ | 2018-19 | 19-05-2020 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 25/02/2020 -20/03/2020 | 2018-19 | 28-05-2020 |

## 1-8 വാർഷിക കണക്കിലെ അപാകതകൾ

2020-21 വർഷത്തെ വാർഷിക ധനകാര്യ പത്രികയും അനുബന്ധ രജിസ്റ്ററുകളും രേഖകളും പരിശോധിച്ചതിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ ഉപഖണ്ഡികകളിൽ ചേർക്കുന്നു.

### 1-8-1 വാർഷിക ധനകാര്യ പത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്))

### 1-8-2 വരവുതുകകളുടെ കൃത്യത പരിശോധിക്കുന്നതിനുവേണ്ട രേഖകളില്ല

ആഭ്യന്തര നിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 58 (2) (ഇ), (ജി)). ഇക്കാര്യത്തിൽ ഡിമാന്റ് ഉള്ള ഇനങ്ങൾക്ക് മാത്രമാണ് രജിസ്റ്ററുകൾ സൂക്ഷിക്കുന്നതെന്ന് മറുപടി

നൽകുകയുണ്ടായി. അതേസമയം ഡിമാന്റ് ഇല്ലാത്തവയുടെ സംഗതികളിൽ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 75 പ്രകാരം മറ്റ് ചട്ടങ്ങളും ഉത്തരവുകളും ബാധകമാക്കിയിട്ടുള്ളതിനാൽ വാർഷിക കണക്കിൽ വരുമാനമായി കാണിച്ചിട്ടുള്ള ഇനങ്ങൾക്ക് അതാത്ചട്ട പ്രകാരം ബാധകമായ രജിസ്റ്ററുകളും രേഖകളും ഉണ്ടായിരിക്കേണ്ടതാണ്. ഉദാഹരണത്തിന് കേരള ഫിനാൻഷ്യൽ കോഡ് വോള്യം 2, ഫോറം 20 ൽ നിഷ്കർഷിക്കുന്ന മാതൃകയിൽ ലേലരജിസ്റ്റർ തയ്യാറാക്കണം. എന്നാൽ താഴെ പറയുന്ന ഇനങ്ങളിലെ വരവിന്റെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രജിസ്റ്ററുകളും അനുബന്ധ രേഖകളും പരിശോധനയ്ക്ക് നൽകിയിട്ടില്ല.

I) RP-4 Fees And User Charges എന്ന ശീർഷകത്തിന് താഴെ വരുന്ന വരവിനങ്ങളുടെ രജിസ്റ്റർ (15,70,940/-)

Ii.) ലേലം -RP-5-Sale And Hire Charges എന്ന ശീർഷകത്തിന് താഴെ വരുന്ന വരവിനങ്ങളുടെ രജിസ്റ്റർ (55,19,270/-)

Iii.) RP-6-Receipts From Transferred Institutionsഎന്ന ശീർഷകത്തിന് താഴെ വരുന്ന വരവിനങ്ങളുടെ രജിസ്റ്ററുകൾ -ഫാമുകളുടേതൊഴികെ (2,86,89,304/-)

വാർഷിക കണക്കിൽ കാണുന്ന മറ്റ് വരവുകളുടെ രജിസ്റ്ററുകൾ.

1-8-3 പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വാടകയിനത്തിൽ താഴെ പറയും പ്രകാരം കുടിശ്ശിക ഉണ്ട്.

| | |
|---|---|
| Rent Receivables From Buildings(current) | 2,77,065 |
| Rent Receivables From Buildings(arrear) | 4,06,660 |

എന്നാൽ നികുതി, നികുതിയേതര കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി, സർക്കാർ ഉത്തരവ് 152/2011 /ത.സ്വ.ഭ.വ തീ.26/7/2011, കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011 (ചട്ടം58(4)എച്ച്) എന്നിവ പ്രകാരം ലഭ്യത സംശയാസ്പദമായ തുക കണക്കാക്കി ഇൻകം & എക്സ്പെന്റിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തണമെന്ന നിബന്ധന പാലിച്ചിട്ടില്ല.

1-8-4 പ്രയർ പിരിയഡ് ഇനങ്ങൾ

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽ ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011, ചട്ടം 7) വാർഷിക കണക്ക് I-18പട്ടിക പ്രകാരം Prior Period Items ഇനത്തിൽ 128812 രൂപ ഋണ സംഖ്യയായി ക്രമീകരിച്ച് കാണുന്നു. ഇത് കണക്കാക്കിയതിന്റെ വർക്ക് ഷീറ്റ്, മറ്റ് ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകളും രേഖകളും ആധികാരികമായി സാക്ഷ്യപ്പെടുത്തി പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല

1-8-5 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ പൂർണ്ണമായും കാലികമാക്കി, ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിൽ തയ്യാറാക്കിയ ആസ്തി രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല

1-8-6 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ്

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതായി കാണുന്നു.

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2020-21കാലയളവിലെ "Net Increase In Cash And Cash Equivalents” ആയി രേഖപ്പെടുത്തിയിരിക്കുന്നത് (20,05,34,913) രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2020-21 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity” ആയി രേഖപ്പെടുത്തിയിരിക്കുന്നത് (18,97,92,067) രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ട് തുകകളും

പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ ഈ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

1-8-7 ഡിപ്രീസിയേഷൻ-വർക്ക് ഷീറ്റ്, ജേണൽ വൗച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല.

2020-21 വർഷത്തെ Income And Expenditure പത്രിക I-17(a) പ്രകാരം 43,97,480/- രൂപ ഡിപ്രീസിയേഷൻ കണക്കാക്കിയിട്ടുണ്ട്. എന്നാൽ ഇവ കണക്കാക്കിയതിന്റെ വർക്ക് ഷീറ്റ്, ജേണൽ വൗച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല.

1-8-8 ആസ്തികളുടെ മൂല്യത്തേക്കാൾ കൂടുതൽ തേയ്മാനചെലവ്

31/3/2021 ലെ ബാലൻസ്ഷീറ്റ് B-11ഷെഡ്യൂൾ പ്രകാരം Movable Assets-Plant Machinery And Tools എന്ന ആസ്തിക്ക് 79750 രൂപയും Movable Assets-office Equipments And Other Equipmentഎന്ന ആസ്തിക്ക് 74,19,822/- രൂപയും വില കണക്കാക്കിയിട്ടുണ്ട്. എന്നാൽ ഇതേ ഷെഡ്യൂളിൽ ഈ ആസ്തികളുടെ 31/3/2021 ലെ Accumalated Depreciation യഥാക്രമം (1,07,081/-) രൂപയും (1,16,21,327/-) രൂപയുമാണ്. ആസ്തികളുടെ മൂല്യത്തേക്കാൾ കൂടുതൽ തേയ്മാനചെലവ് കണക്കാക്കാനാവില്ല. ആസ്തികൾക്ക് നിശ്ചിത വർഷത്തേക്ക് ഡിപ്രീസിയേഷൻ കണക്കാക്കുകയും ആസ്തി മൂല്യത്തിൽ നിന്ന് ഡിപ്രീസിയേഷൻ കുറവ് ചെയ്ത് ആസ്തി മൂല്യം 1 രൂപയെങ്കിലുമായി തീർന്നാൽ പിന്നീട് ആ ആസ്തികളിൻമേൽ ഡിപ്രീസിയേഷൻ കണക്കാക്കുന്നത് ഒഴിവാക്കേണ്ടതാണ്. ആയതിനാൽ ഈ ആസ്തി ശീർഷകത്തിൽ ഉൾപ്പെടുന്ന എല്ലാ ആസ്തികളുടെയും വില 1രൂപയെങ്കിലും ഉറപ്പാക്കുന്ന രീതിയിൽ ബാക്കി തുക 2021-22 വർഷത്തിൽ ക്രമീകരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

1-8-9 ഡെപ്പോസിറ്റ്, അഡ്വാൻസ് രജിസ്റ്ററുകൾ തയ്യാറാക്കിയിട്ടിയില്ല

ഡെപ്പോസിറ്റ്, അഡ്വാൻസ് രജിസ്റ്ററുകൾ വർഷാന്ത്യ സംക്ഷിപ്തം തയ്യാറാക്കി പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ആയതിനാൽ വാർഷിക കണക്കിലെ ഈയിനങ്ങളിലെ തുകകളുടെ കൃത്യത പരിശോധിച്ചിട്ടില്ല.

1-8-10 അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ ഇല്ല

(I) B-4ഷെഡ്യൂൾ പ്രകാരം 31.3.2021 ൽ താഴെ പറയുന്ന ഇനങ്ങളിൽ നീക്കിയിരിപ്പുണ്ട് ,

| ക്രമ നം | ശീർഷകം | ഇനം | തുക | നിക്ഷേപിച്ച അക്കൌണ്ട് |
|---|---|---|---|---|
| 1 | 320100128 | Centrally Sponsered Scheme-RMSA | 3,91,41,830 | 450250102 Treasury Own Fund LGTSB |
| 2 | 320300199 | Grants, Funds & Contributions For Specific Purposes-other Than Govt.agencies | 15,92,505 | |
| 3 | 320400199 | Grants, Funds & Contributions For Specific Purposes- | 51,46,649 | |

| | | | | |
|---|---|---|---|---|
| | | other Financial Institutions | | |
| 4 | 320800101 | Beneficiary Contribution | 24,68,148 | |
| 5 | 320800199 | Other Grants, Funds & Contributions For Specific Purposes-Capital | 5,64,589 | |
| 6 | 320700103 | Contributions For Joint Venture Projects (For Capital Expenditure) From Village Panchayaths | 2,10,87,797 | 450450101 Joint Venture Project Account |
| 7 | 320700203 | Contributions For Joint Venture Projects (For Capital Expenditure) From Village Panchayaths | 84,58,829 | |
| | | | 7,84,60,347 | |

പ്രത്യേകോദ്ദേശ്യ വിഹിതങ്ങൾ, ഗുണഭോക്തൃവിഹിതം എന്നിവ തനത് ഫണ്ടിൽ നിക്ഷേപിച്ച സംഗതികളിൽ ഓരോ അക്കൌണ്ടിന്റേയും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ, ടി.എസ്.സി, എസ്.എസ്.എ, ജോയിന്റ് വെഞ്ച്വർ പ്രോജക്ട് (വില്ലേജ് പഞ്ചായത്ത്) എന്നിവയുടെയും ഇനം തിരിച്ചുള്ള കണക്കുകളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

(Ii)ബാലൻസ്ഷീറ്റ് പ്രകാരം ബി-17 പ്രകാരമുള്ള പ്രത്യകോദ്ദേശ്യ ബാങ്ക് അക്കൗണ്ടിന് തത്തുല്യമായ ബാധ്യതാ ശീർഷകം ബാലൻസ്ഷീറ്റ് ബി -4 ൽ കാണുന്നില്ല. ബി-17പട്ടികയിലുള്ളതും ബി-4 ൽ ഉൾപെടാത്തതുമായ ചില ഇടപാടുകൾ താഴെ കൊടുത്തിരിക്കുന്നു.

| ക്രമ നം | ശീർഷകം | ഇനം | തുക |
|---|---|---|---|
| 1 | 450210106 | SBT-33369 | 6,09,783 |
| 2 | 450610101 | BOI (Jalasamrakshana Samithi) | 6,92,928 |
| 3 | 450610102 | BOI(Swabhiman) | 67,39,154 |

1-8-11 സർക്കാരിൽ നിന്നും കിട്ടാനുള്ളതുക

ബി-15 പട്ടിക പ്രകാരം 431600199എന്ന ശീർഷകത്തിൽ 22,36,22,913 രൂപ Receivables From Government (Redemption Amount) തിരിച്ചു കിട്ടാനുള്ളതായി കാണുന്നു.

1-8-12 നിർവ്വഹണ ഏജൻസികൾക്കുള്ള മുൻകൂർ തുക ശരിയായ ശീർഷകത്തിൽ ചേർക്കുന്നില്ല

ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നിർവ്വഹണ ഏജൻസികൾക്ക് മുൻകൂർ തുക നൽകുമ്പോൾ " 460500204-Advance To Implementing Agencies" എന്ന ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തുകയും ഏജൻസിയിൽനിന്നും വിനിയോഗ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്കു മാത്രം അതാത് ചെലവ്, ആസ്തി ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്താൻ പാടുള്ളൂ. പകരം, ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് എന്ന ശീർഷകത്തിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതായി കാണുന്നു. മാത്രമല്ല മുൻകൂർ രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നുമില്ല. ഇപ്രകാരം ചെയ്യുന്നതിനാൽ മുൻകൂർ തുകകളുടെ വിനിയോഗം നിരീക്ഷിക്കാൻ കഴിയാതെ വരുന്നു. ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് | വൗച്ചർ നമ്പർ/ തിയതി. | ഡെപ്പോസിറ്റ് തുക | ചെലവ് രേഖപ്പെടുത്തിയ ശീർഷകം | ചെലവ് രേഖപ്പെടുത്തേണ്ടിയിരുന്ന ശീർഷകം |
|---|---|---|---|---|---|
| 1 | 913-വിവിധ കുടിവെള്ള പദ്ധതികൾക്ക് ഭൂജലവകുപ്പിൽ തുക നിക്ഷേപിക്കുന്നത്. | 22002424/ 05.2.2021 | 950000 | 412010101 Capital Work In Progress | 460500...-Advance To Implementing Agencies |
| 2 | 997-വരവൂർ 1017 എസ്.സി. കോളനി കുടിവെള്ള പദ്ധതികൾക്ക് ഭൂജലവകുപ്പിൽ തുക നിക്ഷേപിക്കുന്നത്. | 22002429/ 06.02.21 | 94000 | 412010101 Capital Work In Progress | 460500...-Advance To Implementing Agencies- |

1-8-13 ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ

31/3/2020 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B3 പ്രകാരം " Capital Contribution" എന്ന ഇനത്തിലെ അതേ തുകയാണ് (₹26,42,80,264/-) 31/3/2021ലെ ബാലൻസ്ഷീറ്റിൽ ചേർത്തിരിക്കുന്നത്. വികസനഫണ്ട് ഉൾപ്പെടെയുള്ള പ്രത്യേകോദ്ദേശ്യ ഗ്രാന്റുകൾ ഉപയോഗിച്ച് ചെയ്യുന്ന പ്രവൃത്തികളുടെ മൂല്യം "Capital Contribution" എന്ന ശീർഷകത്തിലേക്ക് ചേർക്കാത്തതാണ് ഇതിന് കാരണം. ഇതുമൂലം മൂലധന ചെലവുകൾക്ക് ഉപയോഗിച്ച ഗ്രാന്റ് തുകകൾ ഉൾപ്പെടെ സ്ഥാപനത്തിന്റെ വരുമാനമായി ചേർക്കപ്പെടുന്നതിനും Income And Expenditure Account പ്രകാരം കണക്കാക്കപ്പെടുന്ന മിച്ച തുക കൂടുന്നതിനും കാരണമാകുന്നു. ഇത് 152/2011/ത.സ്വ.ഭ.വ തീ.26/7/2011 പ്രകാരം നിർദ്ദേശിക്കപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾക്ക് വിരുദ്ധമാണ്. ഇക്കാര്യം മുൻ റിപ്പോർട്ടുകളിലും പരാമർശിച്ചിട്ടുണ്ട്. ഈ അപാകത പരിഹരിക്കേണ്ടതാണ്.

1-8-14 റീകൺസീലിയെഷൻ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയ തുകകൾ

(I) SBI-33029 Literacy, എന്ന അക്കൗണ്ടിന്റെ 31.3.2021 ലെ റീകൺസീലിയെഷൻ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടുള്ള കാലാവധി കഴിഞ്ഞ ചെക്കുകൾ " Liability In Respect Of Stale Cheque" എന്ന ബാധ്യത ശീർഷകത്തിലേയ്ക്ക് മാറ്റി ബാങ്ക് ബുക്ക് നീക്കിയിരിപ്പ് ക്രമീകരിച്ചിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011 (ചട്ടം 46)). അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

| ചെക്ക് | തീയ്യതി | തുക |
|---|---|---|

| നമ്പർ | | |
|---|---|---|
| 766046 | 23.01.21 | 5,020 |
| 766577 | 29.06.20 | 2,29,975 |
| 766576 | 29.06.20 | 20,63,750 |

(Ii)Treasury Own Fund LGTSB 450250102അക്കൗണ്ടിന്റെ 31.3.2021ലെ റീകൺസീലിയെഷൻ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടുള്ള താഴെ ചേർത്തിരിക്കുന്ന കാലാവധി കഴിഞ്ഞ ചെക്കുകൾ " Liability In Respect Of Stale Cheque" എന്ന ബാധ്യത ശീർഷകത്തിലേയ്ക്ക് മാറ്റി ബാങ്ക് ബുക്ക് നീക്കിയിരിപ്പ് ക്രമീകരിച്ചിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011 (ചട്ടം 46)).

| ചെക്ക് നമ്പർ | തീയ്യതി | തുക |
|---|---|---|
| 0435187 | 20.10.2020 | 16337 |
| 6022364 | 13.08.2020 | 30 |
| 6022364 | 13.08.2020 | 105010 |
| 0435571 | 31.12.2020 | 43751 |
| 6022384 | 21.08.2020 | 11086 |
| 66037 | 18.12.2020 | 9000 |
| 6022381 | 19.8.2020 | 6460 |
| 11111 | - | 2073219 |
| 0435187 | 20.10.2020 | 16338 |
| 0387412 | 01.07.2020 | 19758 |
| 6022340 | - | 17000 |
| 04313004351 | - | 5365072 |
| 0435124 | 14.09.2020 | 55148 |
| 0435187 | 20.10.2020 | 15325 |
| 0435571 | 31.12.2020 | 72610 |
| 0435105 | 08.09.2020 | 170420 |
| 6435117 | 14.09.2020 | 17350 |
| 0435116 | 14.09.2020 | 850150 |
| 0435569 | 30.12.2020 | 57900 |
| 5883535 | 30.08.2020 | 2500000 |
| 019190 | 03.11.2020 | 212130 |
| - | 30.08.2020 | 486071 |
| 6022309 | 08.07.2020 | 293861 |
| 0387401 | 01.07.2020 | 158400 |
| 6022301 | 09.07.2020 | 4439 |

(Iii)Treasury Own Fund LGTSB 450250102 അക്കൗണ്ടിന്റെ 31.3.2021ലെ ബാങ്ക് റീകൺസീലിയേഷൻ പത്രിക പ്രകാരം 5,83,40,069/- രൂപ "Cheques Deposited But Not Collected" ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. ബാങ്കിൽ നിക്ഷേപിച്ചിട്ട് മാസങ്ങളായിട്ടും ഈ തുകകൾ ക്യാഷ് ചെയ്തിട്ടില്ല. ഇതിലെ 64 വൌച്ചർ എൻട്രികൾക്ക് ഇൻസ്ട്രമെന്റ്/ചെക്ക് നമ്പർ രേഖപെടുത്തിയിട്ടില്ല. അക്കൌണ്ടിൽ തുക ക്രെഡിറ്റ് ആകാതിരുന്നതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്. ചെക്ക് നമ്പർ രേഖപെടുത്തിയിട്ടുള്ളതും ഒരു മാസത്തിലധികമായിട്ടും ക്രെഡിറ്റ് ചെയ്യാത്തതുമായ തുകകളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ചെക്ക്നം / വൗച്ചർ നം | തിയതി | തുക |
|---|---|---|
| 989358 | 10.07.20 | 50534 |
| 989359 | 10.07.20 | 9096 |
| 216224 | 10.07.20 | 158298 |
| 989408 | 18.02.21 | 53100 |
| 693836 | 08.01.21 | 3248979 |
| 989406 | 02.02.21 | 3970 |
| 989404 | 25.01.21 | 28202 |
| 0435169 | 14.01.21 | 2194222 |
| 043130 | 14.01.21 | 488314 |

(Iv) Treasury Own Fund LGTSB 450250102 അക്കൗണ്ടിന്റെ 03/2021 ലെ റീകൺസീലിയേഷൻ പത്രിക പരിശോധിച്ചതിൽ 60,29,374 രൂപ " Directly Debited By Bank" എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തി കാണുന്നു. ഈ പത്രികയിൽ ഉൾപെട്ട തുകകളുടെ വൌച്ചർ നമ്പർ, ഇൻസ്ട്രുമെന്റ് നമ്പർ/തിയതി എന്നിവ രേഖപെടുത്തിയിട്ടില്ലായെന്നു കണ്ടു. മാത്രമല്ല പത്രികയിലെ രേഖപെടുത്തലുകൾ പലതും തുടർച്ചയായ മാസങ്ങളിലെ റീ കൺസീലിയേഷൻ പത്രികയിൽ ഉൾപെടുന്നതായും കണ്ടു. ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| പട്ടികയിലെ രേഖപെടുത്തൽ /തിയതി | തുക | റീ കൺസീലിയേഷൻ പത്രികയിൽ ഉൾപെട്ട കാലയളവ് |
|---|---|---|
| Hon.june/10.03.2020 | 158400 | 07/20 മുതൽ 03/21വരെ |
| Meeting Ex/12.08.2020 | 27818 | 08/20 മുതൽ 03/21വരെ |
| Kpepf/17.08.2020 | 105040 | 08/20 മുതൽ 03/21വരെ |

ആയതിനാൽ റീകൺസീലിയേഷൻ പത്രികയിൽ ഉൾപ്പെട്ട തുകകൾ ബാങ്കുമായി ബന്ധപ്പെട്ട് ഈ ചെലവുകൾ പഞ്ചായത്തുമായി ബന്ധപ്പെട്ടതാണോയെന്ന് പരിശോധിക്കേണ്ടതും തുകകൾ ബാങ്ക് തെറ്റായി കുറവ് ചെയ്തതാണെങ്കിൽ തുക തിരികെ ജില്ലാ പഞ്ചായത്തിന്റെ ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതും, ജില്ലാ പഞ്ചായത്തുമായി ബന്ധപ്പെട്ട ഡെബിറ്റ് ആണെങ്കിൽ ഉചിതമായ ശീർഷകത്തിൽ അതിന് ചെലവ് രേഖപ്പെടുത്തേണ്ടതും, കണക്കിലെടുക്കേണ്ടതുമാണ്. ഈ തുക ബാങ്ക് പാസ്സ്ബുക്കിൽ രേഖപ്പെടുത്തലുകൾ വന്നിട്ട് മാസങ്ങൾ കഴിഞ്ഞാണ് വാർഷിക കണക്കുകൾ അന്തിമമാക്കിയിട്ടുള്ളതെങ്കിലും മേൽപ്രകാരം നടപടി സ്വീകരിക്കാത്തതിനാൽ ഈ തുകകൾ 2020-21 ലെ വാർഷിക കണക്കിൽ ഉൾപ്പെടാതെ പോയി.

1-8-15 ഇടപാടുകൾ നടത്താത്ത അക്കൌണ്ടുകൾ

(I) താഴെ പറയുന്ന അക്കൗണ്ടിന്റെ ബാങ്ക് ബുക്ക്, പാസ്സ് ബുക്ക്, റീ കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് എന്നിവ ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം. | ബാങ്ക് | കോഡ് നമ്പർ | നീക്കിയിരിപ്പ് |
|---|---|---|---|

| | | | |
|---|---|---|---|
| | SBT-33369 | 450210106 | 609783 |

ഈ അക്കൌണ്ടിൽ 09.11.2016 ന ശേഷം ഇടപാടുകൾ നടത്താത്തതിനാൽ ഈ അക്കൌണ്ടിലുണ്ടായിരുന്ന തുക ഡെഡ് അക്കൌണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തുവെന്ന് ബാങ്കിൽ നിന്നും അറിയിച്ചിതായി മറുപടി നൽകിയിട്ടുണ്ട്. നോട്ടു നിരോധനം പ്രാബല്യത്തിൽ വന്നതിനുശേഷം റിസർവ്വ് ബാങ്കിന്റെ നിർദ്ദേശ പ്രകാരം വർഷങ്ങളായി ഇടപാടുകൾ ഇല്ലാതെ ഡോർമന്റ് ആയിക്കിടക്കുന്ന അക്കൌണ്ടുകളിലെ നീക്കിയിരുപ്പ് തുക ഇത്തരത്തിൽ സസ്പെൻസ് അക്കൌണ്ടുകളിലേക്ക് മാറ്റിയ വിവരം ബാങ്കുകൾ ഇടപാടുകാരെ അറിയിക്കാറുണ്ട്. നിശ്ചിത കാലയളവിനുള്ളിൽ തുടർ നടപടി സ്വീകരിച്ചിട്ടില്ലെങ്കിൽ ഈ തുക തിരികെ ലഭിക്കാതെ നഷ്ടപെടാൻ സാധ്യതയുള്ളതിനാൽ ആവശ്യമായ രേഖകൾ സമർപ്പിച്ച് ടി തുക തിരികെ ജില്ലാപഞ്ചായത്തിന് ലഭിക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്. എസ്.ജി.എസ്.വൈ, എസ്.എസ്.എ, ജല സംരക്ഷണ സമിതി, സ്വാഭിമാൻ എന്നിങ്ങനെ അക്കൌണ്ടുകളിലും വർഷങ്ങളായി ഇടപാടുകൾ ഇല്ലാതെ ഭീമമായ തുകകൾ നിർജ്ജീവ നിക്ഷേപമായി കിടക്കുന്നതിനാൽ ഈ സംഖ്യകളും ഇത്തരത്തിൽ നഷ്ടപ്പെടാൻ സാധ്യതയുണ്ട്. ഇക്കാര്യത്തിൽ തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

(Ii) Treasury Own Fund LGTSB 450410102 ന്റെ ബാങ്ക്ബുക്ക് 28/7/20 മുതലും ബാങ്ക് സ്റ്റേറ്റ്മെന്റ് 30.06.2020 മുതലുമാണ് ഹാജരാക്കിയിട്ടുള്ളത്. ട്രഷറി Treasury TSB (കോഡ് നം. 450250110 ന്റെ) ബാങ്ക് ബുക്ക്, ബാങ്ക് സ്റ്റേറ്റ്മെന്റ് എന്നിവ ഹാജരാക്കണം.

1-8-16 ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് -കൃത്യമായ കണക്കുകൾ ലഭ്യമാക്കിയിട്ടില്ല

31/3/2021 ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ പ്രകാരം Capital Work In Progress എന്ന ശീർഷകത്തിൽ ചേർത്തിരിക്കുന്ന തുക 40,36,86,847/- രൂപയാണ്. ഇക്കാര്യം പരിശോധിക്കുന്നതിന് ജില്ലാ പഞ്ചായത്ത് നടപ്പാക്കിയ പ്രോജക്ടുകളിൽ 31/3/21 വരെ പാർട്ട് ബിൽ നല്കിയതും എന്നാൽ 31/3/2021ൽ പണിപൂർത്തീകരിക്കാത്തതുമായ പ്രവൃത്തികളുടെ വിവരം ഹാജരാക്കിയിട്ടില്ല.

1-8-17 സംയുക്തപദ്ധതികൾക്ക് ലഭിച്ച തുകയുടെ വിനിയോഗം സംബന്ധിച്ച കൃത്യമായ വിവരമില്ല

I) സംയുക്തപദ്ധതികൾക്കായുള്ള സാംഖ്യ ഹെഡ് ഓഫ് അക്കൌണ്ട് നം 450450101 ന്റെ 1.4.2020 മുതൽ 31.3.2021 വരെയുള്ള ബാങ്ക് ബുക്ക് പ്രകാരമുള്ള വരവ് ചെലവ് തുകകൾ, 2020-21 വാർഷികകണക്കിലെ തുകകളുമായും സുലേഖ പത്രികയിലെ ചെലവു തുകയുമായും പൊരുത്തപ്പെടുന്നില്ല.

| | ബാങ്ക്ബുക്ക് പ്രകാരം | വാർഷികകണക്ക പ്രകാരം | ഓഡിറ്റ് എൻക്വയറിക്ക് ലഭിച്ച മറുപടി പ്രകാരം |
|---|---|---|---|
| മുന്നിരിപ്പ് | 1,91,73,519 | 1,91,73,519 | 1,91,73,519 |
| വരവ് | 2,04,94,799 | 79,84,835 (RP 31പ്രകാരം)<br>47,73,488 (I-6പ്രകാരം) | 1,33,01,812 |
| ആകെ | 3,96,68,318 | --- | 3,24,75,331 |
| ചെലവ് | 3,81,18,318 | ലഭ്യമല്ല | ട്രഷറി റിഡംഷൻ=2,79,96,626<br>തൻവർഷചെലവ്=2,92,074+7,91,848<br>ക്യൂ ബില്ല് തുക=18,44,783<br>ആകെചെലവ്=3,09,25,331 |
| നീക്കിയിരിപ്പ് | 15,50,000 | 15,50,000 | 15,50,000 |

സുലേഖ ചെലവുപത്രിക പ്രകാരം സംയുക്ത പദ്ധതികൾക്കായി തൻ വർഷം ആകെ ചെലവ് 8,49,523/- രൂപയാണ്. ആയത് ഡി.എം.ഒ, ആരോഗ്യം നടപ്പാക്കിയ കാൻ പദ്ധതിക്ക ഓഡിറ്റ് വർഷം വേണ്ടിവന്ന ചെലവാണ്.

ഓഡിറ്റ് എൻക്വയറി 52/23.6.2022 ന് ലഭിച്ച മറുപടി പ്രകാരം 2020-21 ൽ 1,33,01,812 രൂപ റസീറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ ഈ തുകകൾ മുഴവനും റസീറ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റിലെ RP 31 ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടില്ല. റസീറ്റ് & പെയ്മെന്റ് അക്കൌണ്ടിലെ സംയുക്ത പദ്ധതികൾക്കുള്ള വരവു തുക 79,84,835 രൂപ മാത്രമാണ്. 53,16,977/- രൂപയുടെ വരവ് വാർഷികകണക്കിലെ ബന്ധപ്പെട്ട ഹെഡ്ഡിൽ വരവു വയ്ക്കപ്പെടാത്തിന് കാരണം വ്യക്തമാക്കേണ്ടതാണ്.
സുലേഖ ചെലവുപത്രിക പ്രകാരം ചെലവ് തുക 8,49,523/- രൂപയും ഓഡിറ്റ് എൻക്വയറിക്ക് ലഭിച്ച മറുപടി

പ്രകാരം ചെലവുതുക 7,91,848 രൂപയുമാണ്. ഈ തുകകളൊന്നും തന്നെ ബാങ്ക്ബുക്കുമായും പൊരുത്തപ്പെടുന്നില്ല.

II) ബാങ്ക് ബുക്ക് പ്രകാരം, സംയുക്തപദ്ധതി അക്കൌണ്ടിൽ നിന്നും താഴെ പറയുന്ന ചെക്കുകൾ മുഖേന പ്രസ്തുത ആവശ്യത്തിനല്ലാതെ തുകകൾ വിനിയോഗിച്ചുകാണുന്നു

| ചെക്ക് നം, തിയതി | തുക | ചെലവിനം |
|---|---|---|
| 2212732/8.5.2020 | 270200 | പ്രസിഡന്റ്, സ്റ്റാന്റിംഗ് കമ്മറ്റി അംഗങ്ങൾ എന്നിവരുടെ ഹോണറേറിയം, വീട്ടുവാടക തുടങ്ങിയവ |
| 2212733/8.5.2020 | 12400 | പ്രസിഡന്റ്, സ്റ്റാന്റിംഗ് കമ്മറ്റി അംഗങ്ങൾ എന്നിവരുടെ ഹാജർ ബത്ത |
| 2212734/8.5.2020 | 6474 | സെക്രട്ടറിയുടെ വാഹനത്തിന്റെ അറ്റകുറ്റപ്പണി |
| | 2,92,074 | |

മറ്റാവശ്യങ്ങൾക്കായി സംയുക്തപദ്ധതി വിഹിതം വിനിയോഗിച്ചതിനു കാരണവും പ്രസ്തുത തുകകൾ ഈ അക്കൗണ്ടിലേക്ക് തിരികെ നിക്ഷേപിച്ചിട്ടുണ്ടോ എന്ന വിവരവും അറിയിക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി 52/23.6.2022 ന് നൽകിയ മറുപടിയിൽ മേൽപ്പറഞ്ഞവ തനത്ഫണ്ടിന്റെ എൽ.ജി.ടിഎസ്.ബി അക്കൌണ്ടിനു പകരം തെറ്റായി സംയുക്തപദ്ധതി അക്കൌണ്ടിൽ നിന്നും ചെക്ക് നൽകിയതാണ് എന്നറിയിച്ചിട്ടുണ്ട്. മേൽപറഞ്ഞ തുകകൾ സംയുക്തപദ്ധതി അക്കൌണ്ടിലേക്ക് തിരികെ അടവാക്കേണ്ടതാണ്.

III)ബാങ്ക് ബുക്ക് പ്രകാരമുള്ള താഴെ പറയുന്ന ചെലവുകളുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല

| ചെക്ക് നം.തിയതി | തുക |
|---|---|
| 2212713/24.4.2020 | 109515 |
| 2212714/24.4.2020 | 111965 |
| 2212715/24.4.2020 | 896945 |
| 2212716/24.4.2020 | 55233 |
| 2212717/24.4.2020 | 499589 |
| 2212729/28.4.2020 | 3000 |
| 2212730/28.4.2020 | 109288 |
| 2212731/28.4.2020 | 62248 |
| ആകെ | 18,47,783 |

ഓഡിറ്റ് എൻക്വയറിക്ക് ലഭിച്ച മറുപടിയിൽ മേൽക്കാണുന്ന തുകകളിൽ ചെക്ക് നം 2212729/28.4.2020 പ്രകാരമുള്ള 3000 രൂപ ഒഴികെയുള്ളവ 2019-20 വർഷത്തേതാണെന്നും ആയത് 2019-20 വർഷത്തെ സുലേഖ ചെലവുപത്രികയിൽ വന്നിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. യഥാർത്ഥത്തിൽ ഈ തുകകൾ ചെലവുവന്നിട്ടുള്ളതും ബാങ്ക് ബുക്കിൽ ഉൾപ്പെടുത്തിയിട്ടുള്ളതും 2020- 21 വർഷത്തിലാണ്. എന്നാൽ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയോടൊപ്പം മേൽ വിശദീകരണത്തെ സാധൂകരിക്കുന്ന ചെലവുരേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

IV)ബാങ്ക് ബുക്കിലെ താഴെ പറയുന്ന കോൺട്രാ ഇനങ്ങളുമായി ബന്ധപ്പെട്ട ജേണൽ വൌച്ചറുകൾ,സെക്രട്ടറി

സാക്ഷ്യപ്പെടുത്തി, പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

| വൌച്ചർ നം | ഹെഡ് കോഡ് | വിശദാംശങ്ങൾ | തുക | റിമാർക്സ് |
|---|---|---|---|---|
| 32000155 | 450250110 | Treasury TSB A/C | 111965 | ഈ തുകകളുടെയെല്ലാം തിയതിയില്ലാതെ ചെ ക്ക് നം 1 എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത് |
| 32000159 | 450250110 | Treasury TSB A/C | 62248 | |
| 32000160 | 450250110 | Treasury TSB A/C | 896945 | |
| 32000161 | 450250110 | Treasury TSB A/C | 499589 | |
| 32000162 | 450250110 | Treasury TSB A/C | 55233 | |
| 32000163 | 450250110 | Treasury TSB A/C | 109288 | |
| 32000165 | 450250110 | Treasury TSB A/C | 109515 | |
| | | ആകെ | 18,44,783 | |

അപാകതകൾ പരിഹരിച്ച് സംയുക്തപദ്ധതികൾക്ക ലഭിച്ച തുകകളുടെ കണക്കുകൾ കൃത്യമായി തയ്യാറാക്കി ബന്ധപ്പെട്ട രേഖകൾ സഹിതം പരിശോധനക്ക് ഹാജരാക്കുന്നതുവരെ ഈയിനത്തിലെ വരവു ചെലവു കണക്കുകൾ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.06.2022 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2,06,231/-രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു

1-10 ജില്ലാപഞ്ചായത്ത് ഫാമുകളുടെ പ്രവർത്തനം.

കാർഷിക വികസന കർഷക ക്ഷേമവകുപ്പിന്റെ നിയന്ത്രണത്തിലുണ്ടായിരുന്നതും ജില്ലാപഞ്ചായത്തിന് കൈമാറിക്കിട്ടിയതുമായ 7 വിത്തുൽപാദന കേന്ദ്രങ്ങൾ, തെങ്ങിൻ തൈ നഴ്സറി എന്നിവിടങ്ങളിൽ പരിശോധന നടത്തി ഓരോ സ്ഥാപനത്തെയും കുറിച്ചുള്ള സമഗ്രമായ വിവരങ്ങൾ താഴെ ചേർത്തിരിക്കുന്നു.

ചേലക്കര ജില്ലാ കൃഷിത്തോട്ടം

1990ൽ പ്രവർത്തനമാരംഭിച്ച ചേലക്കര ജില്ലാ കൃഷിത്തോട്ടം ചേലക്കര പഞ്ചായത്തിലെ വെങ്ങാനല്ലൂർ പ്രദേശത്ത് സ്ഥിതി ചെയ്യുന്നു. സ്വാഭാവിക വന പ്രദേശത്തോട് ചേർന്നുകിടക്കുന്നതും ചരലും കളിമണ്ണും കലർന്ന മണ്ണ് നിറഞ്ഞതുമായ 45.23 ഹെക്ടർ കൃഷിത്തോട്ടത്തിന്റെ 70 ശതമാനം ഭൂമിയും കാട്ടുമരങ്ങളും ചതുപ്പും നിറഞ്ഞ പ്രദേശമാണ്. ഫാമിനുള്ളിലെ ബ്ലോക്ക് നമ്പർ 3ൽ 2006ൽ ചെക്ക് ഡാം നിർമ്മിച്ചതോടെ ഫാമിന്റെ കൃഷിയോഗ്യമായ 6.8 ഹെക്ടർ നെൽ വയൽ വെള്ളത്തിനടിയിലായി. കേര ബയോ പാർക്കിനായി 10 ഹെക്ടർ ഭൂമിയും, റൈസ് പാർക്കിനായി 4 ഹെക്ടർ ഭൂമിയും പഴയ ആശിർവാദ് റൈസ് പാർക്കിനായി നൽകിയ 0.8 ഹെക്ടർ സ്ഥലവും കഴിച്ച് 13.58 ഹെക്ടർ പ്രദേശം മാത്രമാണ് നിലവിൽ കൃഷിയോഗ്യമായിട്ടുള്ളത്.

സൂപ്രണ്ട്, രണ്ട് കൃഷി ഓഫീസർമാർ, നാല് കൃഷി അസിസ്റ്റന്റുമാർ, രണ്ട് ക്ലർക്ക്, സ്വീപ്പർ, വാച്ച്മാൻ എന്നിങ്ങനെ ജീവനക്കാരും 17 സ്ഥിരം തൊഴിലാളികളും 8 താൽക്കാലിക തൊഴിലാളികളും ഫാമിലുണ്ട്. ഒരു

വിള നെൽകൃഷി, വാഴ, കിഴങ്ങുവർഗ്ഗ വിള, എള്ള് വിത്ത്, പച്ചക്കറിവിത്ത്, കുരുമുളക്, തെങ്ങ്, ഫലവൃക്ഷതൈകൾ എന്നിവ ഉൽപാദിപ്പിക്കുകയും സംയോജിത കൃഷിയുടെ ഭാഗമായി മീൻ, 50താറാവ്, 100കോഴി എന്നിവയെ വളർത്തുകയും ചെയ്തുവരുന്നു.

ഉൽപാദന കണക്കുകൾ

| ഇനം (പ്രധാനപ്പെട്ടവ) | 2018-19 | 2019-20 | 2020-21 |
|---|---|---|---|
| നെൽവിത്ത് (ടൺ) | 4.1 | 5 | 8.4 |
| ഫലവൃക്ഷ തൈകൾ (എണ്ണം) | 102 | 75 | 69,621 |
| പച്ചക്കറി തൈകൾ (എണ്ണം) | 1,341 | 500 | - |
| കുരുമുളക് തൈകൾ (എണ്ണം) | 47,200 | - | 1,30,700 |
| പച്ചക്കറി വിത്തുകൾ (കിലോഗ്രാം) | 30 | 62.72 | 52.88 |
| വാഴ കന്ന് (എണ്ണം) | - | 20,000 | - |

വരവ് -ചെലവ് കണക്കുകൾ

| വർഷം | 2018-19 | 2019-20 | 2020-21 |
|---|---|---|---|
| വരവ്(ജില്ലാ പഞ്ചായത്തിൽ അടവാക്കിയത്) | 12,76,714 | 5,71,385 | 26,22,161 |
| ചെലവ് (ശമ്പളം ഉൾപ്പെടെ) | 1,85,30,211 | 1,99,93,886 | 1,79,47,719 |
| ജില്ലാ പഞ്ചായത്ത് പദ്ധതി ചെലവുകൾ | 12,68,737 | 4,05,322 | 4,83,294 |
| ശമ്പളം ഒഴികെയുള്ള ചെലവുകൾ | 24,45,121 | 8,66,270 | 38,44,826 |

ആഭ്യന്തര നിയന്ത്രണം, രജിസ്റ്ററുകളുടെ പരിപാലനം .

1.ഫാമിലെ കാഷ്ബുക്ക്, വിവിധ സ്റ്റോക്ക് രജിസ്റ്ററുകൾ, റെമിറ്റൻസ് രജിസ്റ്റർ എന്നിവയിൽ രേഖപ്പെടുത്തലുകൾ യഥാസമയം നടത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടുണ്ട്. ജീവനക്കാരുടെ ഉത്തരവാദിത്വം/കടമകൾ എന്നിവ സംബന്ധിച്ച ജോലിവിഭജന രേഖ തയ്യാറാക്കി സൂക്ഷിക്കണം, ഫാം കൺസിൽ യോഗങ്ങൾ യഥാസമയം ചേരുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

നിലവിൽ ഫാം നേരിടുന്ന പ്രശ്നങ്ങൾ

1.വന്യമൃഗ ശല്യം മൂലം കാർഷിക വിളകൾ നശിക്കുന്നത്.

2.ഫാമിന്റെ ചുറ്റും ഫെൻസിംഗ് ഇല്ലാത്തത്, ചെയിൻ ലിങ്ക്ഡ് ഫെൻസിംഗ് പൂർത്തീകരിക്കാത്തത്.

3. ഫാമിനുള്ളിലൂടെ പൊതുവഴിയുള്ളതിനാൽ ഫാം ഉൽപ്പന്നങ്ങൾ കളവ് പോകുന്നത്.

4.വേനൽ രൂക്ഷമാകുന്ന സമയങ്ങളിൽ കൃഷിക്കാവശ്യമായ വെള്ളം റിസർവോയറിൽ നിന്നും ലഭ്യമാക്കാൻ സാധിക്കുന്ന ജലസേചന സംവിധാനങ്ങൾ ഇല്ലാത്തത്.

5.ഫാമുൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിന് ടൌൺ പ്രദേശത്ത് എക്സ്റ്റൻഷൻ സെയിൽസ് കൌണ്ടർ ഇല്ലാത്തത്. മൂല്യ വർധിത ഉൽപ്പന്നങ്ങളുടെ ഉൽപാദനം വർധിപ്പിക്കാനാവാത്തത്.

6.തൊഴിലാളിക്ഷാമം, ക്വാണ്ടം ഓഫ് വർക്ക് നടപ്പാക്കാനാവാത്തത്.

7.ഉപയോഗ യോഗ്യമായ കൃഷി ഭൂമി മറ്റ് പദ്ധതികൾക്കായി വിട്ടുനൽകേണ്ടിവന്നതു മൂലം കൃഷി ഭൂമി കുറയുന്നതും, വനസ്വഭാവമുള്ള ഭൂമിയെ കൃഷി അനുകൂല പ്രദേശമാക്കി മാറ്റുന്നതിന് അനുമതി ലഭിക്കാത്തതും.

8.ഒറ്റപ്പെട്ട വനമേഖലയിൽ സ്ഥിതിചെയ്യുന്ന കൃഷിത്തോട്ടത്തിൽ നിന്നും ഫാം ഉൽപ്പന്നങ്ങൾ, വളം മറ്റ് അവശ്യവസ്തുക്കൾ എന്നിവ ട്രാൻസ്പോർട്ട് ചെയ്യുന്നതിന് സ്വന്തമായി വാഹനം ഇല്ലാത്തത്.

9.കൃഷി സാധ്യമേഖലയിൽ ഇലക്ട്രിക് ഫെൻസിംഗ് ഏർപ്പെടുത്താത്തത്.

10.കൃഷി പ്രദേശത്ത് കാട്ടുചെടികളും കളകളും അമിതമായി വളരുന്നത് നിയന്ത്രിക്കാനാവാത്തത്.

പരിഹാര മാർഗ്ഗങ്ങൾ .

1 ഫാമിന്റെ അതിരുകളിൽ പൂർണമായി സംരക്ഷണ വേലി സ്ഥാപിക്കണം .

ചേലക്കര കൃഷിത്തോട്ടത്തിന്റെ അതിരുകളിൽ സംരക്ഷണ വേലി ഇല്ലാത്തതിനാൽ സമീപമുള്ള വന പ്രദേശങ്ങളിൽ നിന്നും വന്യമൃഗങ്ങൾ ഇറങ്ങി വന്ന് കൃഷി നശിപ്പിക്കുന്നുണ്ട്. ഫാമിന്റെ ഉള്ളിലൂടെ പൊതുജനങ്ങൾ ഉപയോഗിക്കുന്ന റോഡുകൾ, നടവഴികൾ എന്നിവ കടന്നു പോകുന്നതിനാലും, വിദൂരമേഖലകളിലേക്ക് ഫാം വ്യാപിച്ചു കിടക്കുന്നതിനാലും ഫാമിൽ നിന്നും കാർഷിക ഉൽപ്പന്നങ്ങളും മറ്റും പലപ്പോഴും കളവ് പോകുന്നുണ്ട്. ഇത് പരിഹരിക്കുന്നതിനായി നിലവിൽ കൃഷി ചെയ്യുന്ന പ്ലോട്ടുകൾക്ക് സംരക്ഷണ വേലി സ്ഥാപിക്കണം. മാത്രമല്ല വന്യമൃഗശല്യം ഉള്ള മേഖലകളിൽ സോളാർ ഫെൻസിംഗ് സ്ഥാപിക്കുന്നതിനും പൊതുജനങ്ങൾ കൃഷിയിടങ്ങളിൽ പ്രവേശിക്കുന്നത് നിയന്ത്രിക്കുന്നതിനായി പൊതുവഴികൾക്കിരുവശത്തും ചെയിൻ ലിങ്ക്ഡ് ഫെൻസിംഗ് നടത്തുന്നതിനും ആവശ്യമെങ്കിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നതിനും നടപടി സ്വീകരിക്കണം.

2.ജലലഭ്യത ഉറപ്പാക്കാൻ നടപടി സ്വീകരിക്കണം .

ഫാം കൗൺസിൽ മിനിറ്റ്സ് പരിശോധിച്ചതിൽ നിന്നും വേനൽ രൂക്ഷമാകുന്ന സാഹചര്യങ്ങളിൽ ഫലവൃക്ഷത്തോട്ടങ്ങളിലും, നടീൽ വസ്തുക്കൾ സൂക്ഷിക്കുന്ന പോളിഹൌസുകളിലും ജലസേചനം നടത്തുന്നതിനാവശ്യമായത്ര ജലം നിലവിലെ കുളങ്ങളിൽ ഇല്ലായെന്നും വരൾച്ചയിൽ നിന്നും ഫാമിനെ സംരക്ഷിക്കുന്നതിനായി പ്ലോട്ട് നമ്പർ 3 ലെ റിസർവോയറിൽ നിന്നും നിലവിലെ ടാങ്കുകളിലേക്ക്/പുതിയതായി ടാങ്ക് സ്ഥാപിച്ച് വെള്ളം പമ്പ് ചെയ്യുന്നതിന് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി നടപ്പാക്കുന്നതിന് തീരുമാനമെടുത്തിരുന്നു. സമീപത്തെ 250 ഹെക്ടർ വിസ്തൃതിയിലുള്ള കിള്ളിമംഗലം പാടശേഖരത്തിലേക്കാവശ്യമായ വെള്ളം ലഭിക്കുന്നതിന് ഫാമിന്റെ ഉള്ളിലായി 2006ൽ ചെക്ക് ഡാം നിർമ്മിച്ചതിന്റെ ഭാഗമായി ഫാമിന്റെ കൃഷിയോഗ്യമായ 6.8 ഹെക്ടർ നെൽവയൽ പ്രദേശം വർഷത്തിൽ 9 മാസക്കാലവും വെള്ളത്തിനടിയിലാണ്. എന്നാൽ ഫാമിന്റെ പരിപൂർണ ഉടമസ്ഥതയിലുള്ള റിസർവോയറിൽ നിന്നും വരൾച്ച രൂക്ഷമാകുന്ന കാലയളവിൽ ഫാമിലെ ജലക്ഷാമം പരിഹരിക്കാൻ ആവശ്യമായ ലിഫ്റ്റ് ഇറിഗേഷൻ സംവിധാനങ്ങൾ ഏർപ്പെടുത്തുകയും ആവശ്യമായ വിതരണ ശൃഖലകൾ സ്ഥാപിക്കുന്നതിനും നാളിതുവരെ നടപടി സ്വീകരിച്ചിട്ടില്ല. ഇക്കാര്യത്തിൽ ജില്ലാ പഞ്ചായത്തിന്റെ പ്രത്യേക ശ്രദ്ധ പതിയേണ്ടതും പദ്ധതി രൂപീകരണ വേളയിൽ ഇക്കാര്യം പരിഗണിക്കേണ്ടതുമാണ്.

3.മുട്ടക്കോഴി, മീൻ വളർത്തൽ വരുമാന വർധന -സാധ്യത പരിശോധിക്കണം .

സംയോജിത കൃഷിയുടെ ഭാഗമായി ഫാം ഓഫീസിനരികിലുള്ള കുളത്തിൽ മീൻ കുഞ്ഞുങ്ങളെ നിക്ഷേപിച്ചിട്ടുണ്ട്. BV380 വിഭാഗത്തിൽ പെട്ട 100 മുട്ടക്കോഴികളിൽ നിന്നായി ദിനം പ്രതി മുട്ടകൾ ലഭിക്കുന്നുണ്ട്. 50 താറാവുകളും ഫാമിലുണ്ട്. മുട്ടക്കോഴികളിൽ നിന്നും കുറഞ്ഞ ചെലവിൽ നല്ല വരുമാനം ലഭിക്കുന്നതിനാൽ അധികമായി മുട്ടക്കോഴികളെ വളർത്തുന്നതിനും, മറ്റ് കുളത്തിലും, റിസർവോയറിലും മീൻ വളർത്തുന്നതിനുമുള്ള സാധ്യതകൾ കൂടി പരിശോധിക്കേണ്ടതാണ്.

4.വരുമാന വർധന -ഫാം ടൂറിസം സാധ്യതകൾ പരിശോധിക്കണം .

ഫാമിനുള്ളിൽ 0.068 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുള്ള ജലസംഭരണിയുണ്ട്. ചേലക്കോട്-കൊണ്ടാഴി റോഡും ചേലക്കര തൊഴുപാടം റോഡും തമ്മിൽ ബന്ധിപ്പിക്കുന്നതും ഫാമിനുള്ളിലൂടെ കടന്നുപോകുന്നതുമായ റോഡിനരികിലാണ് ഈ വെങ്ങാനല്ലൂർ ചെക്ക്ഡാമും റിസർവോയറും സ്ഥിതിചെയ്യുന്നത് എന്നതിനാൽ

ഫാമിനെ കൂടുതൽ ജനകീയമാക്കുന്നതിനും വരുമാനം വർദ്ധിപ്പിക്കുന്നതിനും ബോട്ടിംഗ് ഉൾപ്പെടെയുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തി ഫാം ടൂറിസം വികസിപ്പിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിക്കാവുന്നതാണ്.

മേൽ സൂചിപ്പിച്ച അപാകതകൾ പരിഹരിക്കുന്നതിനും വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിലും ജില്ലാപഞ്ചായത്ത് ഭരണ സമിതിയുടെയും വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

1-11 പഴയന്നൂർ സീഡ് ഫാം

1962 ൽ പ്രവർത്തനമാരംഭിച്ച പഴയന്നൂർ സീഡ് ഫാം തൃശ്ശൂർ ജില്ലയിലെ പഴയന്നൂർ ഗ്രാമപഞ്ചായത്തിലെ വെള്ളാർകുളം പ്രദേശത്ത് തൃശൂർ-തിരുവില്വാമല സംസ്ഥാന പാതയ്ക്കരികിലായി സ്ഥിതി ചെയ്യുന്നു. ഗുണനിലവാരമുള്ള നെൽവിത്തുകൾ, നടീൽ വസ്തുക്കൾ, എന്നിവ ഫാമിൽ ഉൽപാദിപ്പിക്കുന്നു. 15.76ഹെക്ടർ പ്രദേശത്ത് സ്ഥിതിചെയ്യുന്ന ഫാമിന്റെ 14.71 ഹെക്ടർ പ്രദേശത്തും കൃഷി ചെയ്യുന്നു. ഇതിൽ 7.2 ഹെക്ടറിൽ നെല്ലും മറ്റിടങ്ങളിൽ തെങ്ങ്, വാഴ, പച്ചക്കറി എന്നിവയും കൃഷി ചെയ്യുന്നു. വിരിപ്പ്, മുണ്ടകൻ എന്നിങ്ങനെ രണ്ട് വിളകളിലായി നെല്ലുൽപാദനവും, ജലലഭ്യത കുറവായ ജനുവരി മുതലുള്ള കാലയളവിൽ എള്ളും കൃഷി ചെയ്യുന്നു. പച്ചക്കറി വിത്തുകൾ, കുരുമുളക് ഗ്രാഫ്റ്റുകൾ, പച്ചക്കറി തൈച്ചെടികൾ, തെങ്ങിൻ തൈകൾ, എന്നിവ ഉൽപാദിപ്പിക്കുകയും സംയോജിത കൃഷിയുടെ (Integrated Farming) ഭാഗമായി താറാവ്, കോഴി, മീൻ, പശുക്കൾ എന്നിവയെ പരിപാലിക്കുന്നതായും കാണുന്നു. അഞ്ച് കുളങ്ങൾ, രണ്ട് കിണറുകൾ, ഒരു കുഴൽ കിണർ എന്നിവ ഫാമിലുണ്ടെങ്കിലും ജനുവരി മുതൽ മെയ് വരെയുള്ള കാലയളവിൽ കൃഷിക്കാവശ്യമായ ജലം ലഭിക്കുന്ന സ്രോതസ്സുകൾ ഫാമിൽ ഇല്ല.

ഫാമിന്റെ പ്രവർത്തനത്തിനായി 19 സ്ഥിരം തൊഴിലാളികളും, 12 താൽക്കാലിക തൊഴിലാളികളുമുണ്ട്. സീനിയർ കൃഷി ഓഫീസർ, രണ്ട് കൃഷി അസിസ്റ്റന്റുമാർ, ക്ലർക്ക്, ഓഫീസ് അറ്റൻഡന്റ്, വാച്ച്മാൻ എന്നിങ്ങനെ ജീവനക്കാരും ഫാമിലുണ്ട്.

ഉൽപാദന കണക്കുകൾ

| ഇനം (പ്രധാനപ്പെട്ടവ) | 2018-19 | 2019-20 | 2020-21 |
|---|---|---|---|
| നെൽവിത്ത് (ടൺ) | 30.5 | 40.5 | 33 |
| തെങ്ങിൻ തൈ(എണ്ണം) | 2860 | 200 | 5835 |
| ഫലവൃക്ഷ തൈകൾ | 0 | 26250 | 30000 |
| കുരുമുളക് തൈകൾ | 53200 | 63800 | 41253 |
| പച്ചക്കറി വിത്തുകൾ (കിലോഗ്രാം) | 30 | 35 | 40 |

വരവ് -ചെലവ് കണക്കുകൾ

| വർഷം | 2018-19 | 2019-20 | 2020-21 |
|---|---|---|---|
| വരവ്(ജില്ലാ പഞ്ചായത്തിൽ അടവാക്കിയത്) | 12,92,449 | 16,76,938 | 22,91,209 |
| ചെലവ് (ശമ്പളം ഉൾപ്പെടെ) | 1,25,26,825 | 1,16,88,926 | 1,10,83,830 |
| ജില്ലാ പഞ്ചായത്ത് പദ്ധതി ചെലവുകൾ | 10,00,000 | 7,12,000 | 8,25,000 |
| ശമ്പളം ഒഴികെയുള്ള ചെലവുകൾ | 5,51,791 | 2,80,471 | 15,79,815 |

ആഭ്യന്തര നിയന്ത്രണം, രജിസ്റ്ററുകളുടെ പരിപാലനം .

1.ഫാമിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം മെച്ചപ്പെടുത്താൻ നടപടി സ്വീകരിക്കണം. കാഷ്ബുക്ക്, വിവിധ സ്റ്റോക്ക് രജിസ്റ്ററുകൾ, റെമിറ്റൻസ് രജിസ്റ്റർ എന്നിവയിൽ രേഖപ്പെടുത്തലുകൾ യഥാസമയം നടത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. ജീവനക്കാരുടെ ഉത്തരവാദിത്വം/കടമകൾ എന്നിവ സംബന്ധിച്ച ജോലിവിഭജന രേഖ തയ്യാറാക്കി സൂക്ഷിക്കണം, ഫാം കൗൺസിൽ യോഗങ്ങൾ യഥാസമയം ചേരുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

നിലവിൽ ഫാം നേരിടുന്ന പ്രശ്നങ്ങൾ

1.ഫാമിന്റെ ഭൂമി പരിസരവാസികൾ കയ്യേറിയത്.

2.ഫാമിന്റെ ചുറ്റും ഫെൻസിംഗ് ഇല്ലാത്തത്, ചെയിൻ ലിങ്ക്ഡ് ഫെൻസിംഗ് പൂർത്തീകരിക്കാത്തത്.

3. പുഞ്ച കൃഷി/വേനൽക്കാല പച്ചക്കറി കൃഷി/ നടത്തുന്നതിനാവശ്യമായ ജലലഭ്യത ഇല്ലാത്തത്.

4.പുതിയതായി നിർമ്മിച്ച കുഴൽകിണറിൽ ജലലഭ്യത ഇല്ലാത്തത്.

5.സംസ്ഥാന പാതയോട് ചേർന്നുള്ള മതിലിന്റെ കരിങ്കല്ല് ഫൌണ്ടേഷൻ ഇടിഞ്ഞ് വീണ് കിടക്കുന്നത്.

6.ഫാമിനുള്ളിലെ വരമ്പിലൂടെ വഴി നടപ്പവകാശം ആവശ്യപ്പെട്ട് പ്രദേശവാസികൾ ഫെൻസിംഗ് ജോലികൾ തടസ്സപ്പെടുത്തുന്നത്.

7.വെള്ളപ്പാറ എസ്റ്റേറ്റിൽ നിന്നും ഒഴുകിയെത്തുന്ന ജലം പാടശേഖരങ്ങളിൽ നിറഞ്ഞ് മഴക്കാലത്ത് കൃഷി നശിക്കുന്നത്.

8.ഫാമിന്റെ കിഴക്ക് വശത്തുള്ള കരിങ്കൽകെട്ട് തകർന്ന് ഫാമിലെ മണ്ണും മറ്റും തൊട്ടടുത്ത പാടശേഖരത്തിലേക്ക് ഒഴുകിപോകുന്നത്.

9.ഫാമിലെ ഉപയോഗശൂന്യമായ യന്ത്രങ്ങൾക്ക് പകരം പുതിയവ ലഭിക്കാത്തത്/യന്ത്രവൽകൃത നടീൽ യന്ത്രത്തിന്റെ അഭാവം.

10.സെയിൽസ് കൌണ്ടറിനരികിൽ പൊതുമരാമത്ത് റോഡരികിൽ നിൽക്കുന്ന അടിഭാഗം പൊള്ളയായ കാഞ്ഞിരമരം അപകടഭീഷണി ഉയർത്തുന്നത്.

11. തൊഴിലാളികളുടെ വിശ്രമ മുറികളിലും, പുതുതായി നിർമ്മിച്ച ടോയ് ലറ്റിലും വൈദ്യുതി കണക്ഷൻ ലഭിക്കാത്തത്.

പരിഹാര മാർഗ്ഗങ്ങൾ .

1ഫാമിന്റെ ഭൂമി കയ്യേറിയവരിൽ നിന്ന് ഭൂമി തിരിച്ച് പിടിക്കാൻ നടപടി സ്വീകരിക്കണം . ഫാമിന്റെ അതിരുകളിൽ പൂർണമായി സംരക്ഷണ വേലി സ്ഥാപിക്കണം .

പഴയന്നൂർ ഫാമിന്റെ അതിരുകളിൽ സംരക്ഷണ വേലി ഇല്ലാത്തതിനാൽ സമീപമുള്ള മയിലാടും കുന്ന്, വെള്ളപ്പാറ എസ്റ്റേറ്റ് പ്രദേശങ്ങളിൽ നിന്നും കാട്ടുപന്നി, മയിൽ, മാൻ എന്നിവ കൂട്ടമായി ഇറങ്ങി വന്ന് കൃഷി നശിപ്പിക്കുന്നത് തടയുന്നതിനായി ഫാം ഓഫീസിന്റെ കിഴക്ക് ഭാഗത്ത് സംസ്ഥാന പാതയോട് ചേർന്ന് മതിൽ ഉള്ള ഭാഗം ഒഴികെ വടക്ക് ഭാഗത്തും, അവിടെ നിന്നും വേങ്ങാപ്പിള്ളി റോഡ് വരെ ഫാമിന്റെ കിഴക്ക് അതിരിലും തുടർന്ന് വേങ്ങാപ്പിള്ളി റോഡിന്റെ അതിരിനോട് ചേർന്ന് ഏകദേശം 350 മീറ്ററോളം തെക്കോട്ടും വിളയുന്നസരിച്ച് കൃഷി സ്ഥലത്തിന്റെ അതിരുകളിലുമായി ആകെ 1500മീറ്റർ നീളത്തിൽ ചെയിൻ ലിങ്ക്ഡ് ഫെൻസിംഗ് സ്ഥാപിക്കുന്നതിന് കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ പദ്ധതി തയ്യാറാക്കിയിരുന്നു. ഇതു പ്രകാരം 2019-20, 20-21 വർഷങ്ങളിലായി (350+550) 900 മീറ്റർ നീളത്തിൽ ഫെൻസിംഗ് നടത്തുകയുണ്ടായി. ഏകദേശം 600 മീറ്റർ നീളത്തിൽ ഇനിയും ഫെൻസിംഗ് നടത്തുവാനുണ്ട്.

ഭൂമിയുടെ ഉടമസ്ഥാവകാശം സംബന്ധിച്ച റവന്യൂ രേഖകൾ ഫാമിൽ ഇല്ല. ആസ്തി രജിസ്റ്റർ (Asset Register For Immovable & Movable Property) സ്ഥാപനത്തിൽ സൂക്ഷിച്ചിട്ടില്ല. എന്നാൽ തൃശ്ശൂർ ജില്ലാ സർവ്വെ സൂപ്രണ്ടിൽ നിന്നും 2017കാലയളവിൽ ലഭ്യമാക്കിയ സർവ്വെ ഡിവിഷൻ നമ്പർ അടിസ്ഥാനമാക്കിയുള്ള ഫീൽഡ് സ്കെച്ചുകൾ ഫാമിൽ സൂക്ഷിച്ചിട്ടുണ്ട്. ഇതു പ്രകാരം റവന്യൂ രേഖകൾ പ്രകാരം ഉള്ള ഭൂമി നിലവിൽ ഫാമിന്റെ കൈവശത്തിലില്ലായെന്നു കണ്ടു. ഫാമിന്റെ യഥാർത്ഥ ഉടമസ്ഥതയിലുള്ള ഭൂമിയിൽ 24 ഇടങ്ങളിൽ കയ്യേറ്റം നടന്നിട്ടുള്ളതായും കയ്യേറ്റം നടത്തിയവരുടെ പേരുവിവരങ്ങളും ജില്ലാ സർവ്വെ സൂപ്രണ്ട് നൽകിയ ഫീൽഡ് സ്കെച്ചുകളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിൽ പൊതുമരാമത്ത് റോഡിനായി വിനിയോഗിച്ച പ്രദേശങ്ങളെ ഒഴിവാക്കി സമീപവാസികൾ നടത്തിയ കയ്യേറ്റത്തിന്റെയും കയ്യേറിയ ഭൂമിയുടേയും വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ഫീൽഡ് നം. | വിസ്തീർണംഹെക്ടറിൽ | കയ്യേറ്റക്കാരന്റെ പേര് | സ്കെച്ചിൽ രേഖപെടുത്തിയ |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | | | തിയതി. |
| 1 | തലപ്പിള്ളി താലൂക്ക് പഴയന്നൂർ വില്ലേജ് സർവ്വെ നം. 1288/4 | 0.0035 | ജോസ് ജോർജ്ജ് നെടുങ്കല്ലേൽ വീട് പഴയന്നൂർ | 3.6.2017 |
| | | 0.0010 | | |
| | | 0.0020 | | |
| | | 0.0015 | | |
| 2 | സർവ്വെ നം. 1297/1 | 0.0060 | ഗീതാ ശ്രീനിവാസൻ കൃഷ്ണകൃപ പഴയന്നൂർ | 3.6.2017 |
| | | 0.0032 | | |
| | | 0.0013 | | |
| 3 | സർവ്വെ നം.1300/3 | 0.0010 | രാജഗോപാൽ കിഴക്കേമാരാത്ത് പഴയന്നൂർ | 3.6.2017 |
| 4 | സർവ്വെ നം.1302 | 0.0007 | എ.ജി.മാധവൻ, നിള മെറ്റൽസ് പഴയന്നൂർ | 3.7.2017 |
| 5 | നം.1306/3 | 0.0006 | | |
| 6 | നം.1307/1 | 0.0460 | രാജഗോപാൽ കിഴക്കേമാരാത്ത് പഴയന്നൂർ | 3.7.2017 |
| 7 | | 0.0070 | എ.ജി.മാധവൻ, നിള മെറ്റൽസ് പഴയന്നൂർ | |
| | | 0.0008 | | |
| | | 0.0010 | | |
| 8 | | 0.0080 | വിമല ആണറോട്ട് കളം പഴയന്നൂർ | |
| 9 | നം.1308 | 0.1115 | പാറക്വാറിയുടെ ആൾക്കാർ | 13.09.2017 |
| 10 | നം.1296/3 | 0.0017 | പ്രീത,ആണറോട്ട് കളം പഴയന്നൂർ | 13.09.2017 |
| 11 | നം.1295 | 0.0004 | എ.ജി.മാധവൻ, നിള മെറ്റൽസ് പഴയന്നൂർ | 13.09.2017 |
| 12 | നം.1272/2 | 0.0061 | എ.ജി.മാധവൻ, നിള മെറ്റൽസ് പഴയന്നൂർ | 13.09.2017 |
| | | 0.0004 | പാറക്വാറിയുടെ ആൾക്കാർ | |
| ആകെ. | | 0.2037 | | |

മേൽ സ്കെച്ചുകൾ പ്രകാരം 0.2037ഹെക്ടർ ഭൂമി(0.2037x247=50.31സെന്റ്) ഫാമിന് നഷ്ടപ്പെട്ടതായി കാണുന്നു. എന്നാൽ കയ്യേറിയ ഭൂമി തിരിച്ചുപിടിക്കുന്നതിന് നിയമാനുസൃത നടപടി സ്വീകരിച്ചതിന്റെയോ കേസ് ഫയൽ ചെയ്തതിന്റെയോ വിവരങ്ങൾ ഫയലിലില്ല. ഫെൻസിംഗ് നടത്തുന്നതിന് മുന്നോടിയായി ജില്ലാ സർവ്വെ സൂപ്രണ്ട് മുഖേന സർവ്വെ നടത്തി കൈവശഭൂമിയുടെ സ്കെച്ചുകൾ തയ്യാറാക്കിയിരുന്നുവെങ്കിലും തുടർ നടപടികൾ സ്വീകരിക്കാതെ ചെയിൻ ലിങ്ക്ഡ് ഫെൻസിംഗ് നടത്തിയതിനാൽ റവന്യൂ രേഖകൾ പ്രകാരം യഥാർത്ഥ ഉടമസ്ഥതയിലുള്ള ഭൂമി വീണ്ടെടുക്കാനാകാതെ നഷ്ടപ്പെട്ടിട്ടുണ്ട്. ഫെൻസിംഗ് പൂർത്തീകരിക്കാത്ത ഭാഗങ്ങളിൽ നടന്നിട്ടുള്ള കയ്യേറ്റങ്ങൾ ഒഴിപ്പിച്ച് ഫെൻസിംഗ് പൂർത്തീകരിക്കുന്നതിനും കയ്യേറിയ ഭാഗങ്ങൾ തിരിച്ചുപിടിച്ച് ഫാമിന്റെ നിയന്ത്രണത്തിൽ കൊണ്ടുവരുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2.ജലലഭ്യത ഉറപ്പാക്കാൻ നടപടി സ്വീകരിക്കണം .

ജലസേചനം നടത്തുന്നതിനായി അഞ്ച് കുളങ്ങൾ, രണ്ട് കിണറുകൾ, ഒരു ബോർവെൽ 5എച്ച്.പി കപ്പാസിറ്റിയുള്ള അഞ്ച് പമ്പ് ഹൌസുകൾ എന്നിവ ഫാമിലുണ്ട്. എന്നാൽ ജനുവരി മുതൽ കാലയളവിൽ കൃഷി നടത്തുന്നതിനാവശ്യമായത്ര അളവിൽ വെള്ളം ലഭിക്കുന്ന സ്രോതസ്സുകൾ ഫാമിൽ നിലവിലില്ല. ജലക്ഷാമം പരിഹരിക്കുന്നതിന് 21-22 വർഷത്തിൽ കർഷക ക്ഷേമ വകുപ്പ് ബോർവെൽ സ്ഥാപിച്ചിരുന്നുവെങ്കിലും വേനൽക്കാലത്ത് ബോർവെല്ലിൽ നിന്നും വെള്ളം കിട്ടുന്നില്ലായെന്നതിനാൽ ഇത് ഉപയോഗശൂന്യമാണ്. ഫാമിലെ വേനൽക്കാല വിളകൾ പരിപാലിക്കുന്നതിനും പോളിഹൌസുകളിലെ തൈചെടികൾ/കുരുമുളക് ഗ്രാഫ്റ്റുകൾ എന്നിവ സംരക്ഷിക്കുന്നതിനും ആവശ്യമായ ജലലഭ്യത ഉറപ്പു വരുത്തേണ്ടത് അനിവാര്യമാണ്. ആയതിനാൽ ഭൂജലസാന്നിദ്ധ്യം നിർണ്ണയിച്ച് പുതിയ ബോർവെൽ/ഓപൺവെൽ സ്ഥാപിക്കുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതും ഇക്കാര്യത്തിൽ തുടർ നടപടി സ്വീകരിക്കേണ്ടതുമാണ്.

3.മുട്ടക്കോഴി, മീൻ വളർത്തൽ വരുമാന വർധന -സാധ്യത പരിശോധിക്കണം .

സംയോജിത കൃഷിയുടെ ഭാഗമായി ഫാം ഓഫീസിനരികിലുള്ള കുളത്തിൽ മീൻ കുഞ്ഞുങ്ങളെ നിക്ഷേപിച്ചിട്ടുണ്ട്. BV380 വിഭാഗത്തിൽ പെട്ട 100 മുട്ടക്കോഴികളിൽ നിന്നായി ദിനം പ്രതി മുട്ടകൾ ലഭിക്കുന്നുണ്ട്. ഫാമിൽ മൂന്ന് പശുക്കളെയും കന്നുകുട്ടികളെയും വളർത്തുന്നുണ്ട്. മുട്ടക്കോഴികളിൽ നിന്നും കുറഞ്ഞ ചെലവിൽ നല്ല വരുമാനം ലഭിക്കുന്നതിനാൽ അധികമായി മുട്ടക്കോഴികളെ വളർത്തുന്നതിനും, മറ്റ് കുളങ്ങളിൽ കൂടി മീൻ വളർത്തുന്നതിനുമുള്ള സാധ്യതകൾ പരിശോധിക്കേണ്ടതാണ്. സംയോജിത കൃഷിയുടെ ഭാഗമായി ഫാമിൽ വളർത്തുന്ന പശുക്കളുടെ ആരോഗ്യ സുരക്ഷ ഉറപ്പാക്കുന്നതിനും, ചികിത്സ ലഭ്യമാക്കുന്നതിനും വെറ്ററിനറി സർജന്റെ സേവനം യഥാസമയം ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ ജില്ലാ മൃഗസരംക്ഷണ ഓഫീസർ മുഖേന ഉറപ്പു വരുത്തേണ്ടതാണ്.

4.ഫാമിന്റെ അതിരുകളിലെ തകർന്ന വീണ ഫൌണ്ടേഷനുകളുടെ തകരാറുകൾ പരിഹരിക്കാൻ അടിയന്തിര നടപടി സ്വീകരിക്കണം .

സംസ്ഥാനപാതയോട് ചേർന്ന് ഫാം ഓഫീസിന്റെ വടക്കു-കിഴക്ക് ഭാഗത്ത് സ്ഥിതിചെയ്യുന്ന മതിലിന്റെ അടിഭാഗത്തുള്ള കരിങ്കൽകെട്ട് (DR Masonary) ഏകദേശം 15 മീറ്റർ നീളത്തിൽ തകർന്ന് കിടക്കുന്നതായി കണ്ടു. ഇതേ രീതിയിൽ ഫാമിന്റെ കിഴക്ക് ഭാഗത്തുള്ള കരിങ്കൽകെട്ട് സംരക്ഷണ ഭിത്തി/ബണ്ട് (DR Masonary) വിവിധ ഭാഗങ്ങളിൽ തകർന്ന് വീണതായി കണ്ടു. ബണ്ട് ഇടിഞ്ഞ് വീണതു മൂലം മഴക്കാലത്ത് ഫാമിൽ നിന്നും മഴവെള്ളവും മണ്ണും ഒഴുകി വന്ന് ഈ ഭാഗത്തെ കൃഷി നശിക്കുന്നതായും സമീപവാസികൾക്ക് ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നതായും ഉള്ള പരാതികൾ ഫയലിൽ കാണുന്നു. ആയത് അടിയന്തിരമായി പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

5. ഫാമിനുള്ളിലൂടെ നടവഴി ആവശ്യം - സമീപവാസികൾ ചെയിൻ ലിങ്ക്ഡ് ഫെൻസിംഗ് പ്രവൃത്തി തടസ്സപ്പെടുത്തി -നിയമാനുസൃത തുടർ നടപടി സ്വീകരിക്കണം .

ഫാമിന്റെ തെക്ക് കിഴക്ക് ഭാഗത്ത് ചെയിൻ ലിങ്ക്ഡ് ഫെൻസിംഗ് പ്രവൃത്തികൾ നടന്നുകൊണ്ടിരിക്കെ ഈ ഭാഗത്ത് സംസ്ഥാന പാതയ്ക്ക് സമാന്തരമായി കിടക്കുന്നതും എന്നാൽ സംസ്ഥാന പാതയിൽ ചെന്നു ചേരുന്നതുമായ വേങ്ങാപ്പിള്ളി റോഡിൽ (മോഡൻ പറമ്പ് റോഡ്) നിന്നും സംസ്ഥാനപാതയിലേക്ക് എളുപ്പത്തിൽ പ്രവേശിക്കുന്നതിന് ഫാമിലെ വരമ്പിലൂടെ നടക്കുന്നതിന് നടവഴി അവകാശം ആവശ്യപ്പെട്ടും, റോഡരുകിൽ ഫെൻസിംഗ് നടത്തുന്നതിൽ തർക്കം ഉന്നയിച്ചും സമീപവാസികൾ ഈ ഭാഗത്തെ ഫെൻസിംഗ് നിർമ്മാണം തടസ്സപ്പെടുത്തുകയുണ്ടായി. തുടർന്ന് ഈ ഭാഗത്തെ ഫെൻസിംഗ് പ്രവൃത്തികൾ താൽക്കാലികമായി നിർത്തിവച്ചു. എങ്കിലും സ്പിൽ ഓവർ പദ്ധതിയായി ഫെൻസിംഗ് പ്രവൃത്തികൾ തുടർന്ന് നടപ്പാക്കേണ്ടതിനാൽ ഇത് പരിഹരിക്കേണ്ടതുണ്ട്. ഇക്കാര്യത്തിൽ ഫാം ഓഫീസർ പഴയന്നൂർ പോലീസ് സ്റ്റേഷനിൽ പരാതി നൽകിയിട്ടുണ്ട്. 1882ലെ വഴിയവകാശ നിയമം (Easement Act) ബാധകമല്ലാത്ത സംഗതികളിൽ ഫാമിനുള്ളിൽ അനധികൃതമായി പ്രവേശിക്കുന്നത് തടയുന്നതിനും, ഫാമിന്റെ അതിർത്തികൾ പൂർണമായി ഫെൻസിംഗ് നടത്തുന്നതിനും ആവശ്യമായ നിയമ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

6.മയിലാട്ടുംകുന്ന്-വെള്ളപ്പാറ എസ്റ്റേറ്റിൽ നിന്നുള്ള മലവെള്ളപ്പാച്ചിൽ മൂലം നെൽകൃഷി നശിക്കുന്നത്

തടയാൻ നടപടി സ്വീകരിക്കണം .

ഫാമിന്റെ തെക്കുവശത്തായി സ്ഥിതിചെയ്യുന്ന മയിലാട്ടും കുന്ന്-വെള്ളപ്പാറ എസ്റ്റേറ്റിൽ നിന്നും മഴക്കാലത്ത് ഒഴുകിയെത്തുന്ന മലവെള്ളം ഒഴുകിവരുന്നത് മൂലം ഫാമിലെ നെൽപാടങ്ങൾ മുങ്ങി വിളനാശം ഉണ്ടാകുന്നുണ്ട്. ഫാമിന്റെ കിഴക്കുഭാഗത്തുള്ള ചീരക്കുഴി റഗുലേറ്ററിന്റെ കനാലുമായി ബന്ധപ്പെടുന്നതും ഫാമിന്റെ തെക്കേ അതിർത്തിയിൽ നിന്നും കിഴക്കോട്ട് ഒഴുകുന്നതുമായ റവന്യൂ പുറമ്പോക്കിലെ കൈത്തോട് വീതി കൂട്ടി/ആഴം വർധിപ്പിച്ച്/കോൺക്രീറ്റിംഗ് നടത്തിയാൽ ഈ മലവെള്ളത്തെ ഒഴുക്കിവിടാൻ സാധിക്കും കൂടാതെ ഫാമിന്റെ തെക്ക്ഭാഗത്തെ ബണ്ടിന്റെ ഉയരം വർധിപ്പിച്ച് പാടശേഖരങ്ങളിലേക്ക് മലവെള്ളം ഒഴുകി വരുന്നത് ഒരു പരിധി വരെ നിയന്ത്രിക്കാൻ സാധിക്കും. ഇക്കാര്യത്തിൽ റവന്യൂ അധികൃതർ/തദ്ദേശ സ്ഥാപനം എന്നിവരുമായി ബന്ധപ്പെട്ട് ആവശ്യമായ പദ്ധതികൾ തയ്യാറാക്കി തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

7.ഇലക്ട്രിഫിക്കേഷൻ നടത്തണം , അപകടഭീഷണി ഉയർത്തുന്ന മരം മുറിച്ച് നീക്കാൻ നടപടി സ്വീകരിക്കണം .

ഫാമിൽ ഉപയോഗ ശൂന്യമായ ത്രഷർ കം വിന്നോവർ മെഷീൻ ഉണ്ട്. 2013 ൽ വിവിധ ഫാമുകൾക്ക് വിതരണം ചെയ്ത മെഷീനുകളിൽ ഒന്നായ ത്രഷർ കം വിന്നോവർ മെഷീൻ നാളിതുവരെ ഉപയോഗിക്കാൻ സാധിച്ചിട്ടില്ലെന്നും മെഷീൻ ഉപയോഗിക്കുമ്പോൾ നെല്ല് പൊടിഞ്ഞ് അരിയായി മാറുന്നതിനാലാണ് ഉപയോഗിക്കാനാവാത്തതെന്നും സീനിയർ കൃഷി ഓഫീസർ അറിയിക്കുകയുണ്ടായി. ലക്ഷങ്ങൾ ചെലവഴിച്ച് വർഷങ്ങൾക്ക് മുൻപ് വാങ്ങിയ മെഷീനുകൾ നിലവിൽ ഉപയോഗശൂന്യമാണ്. ഫാമിന്റെ സെയിൽസ് കൌണ്ടറിനരികിൽ സംസ്ഥാന പാതയ്ക്കരികിൽ നിൽക്കുന്ന കാഞ്ഞിരമരത്തിന്റെ അടിഭാഗം പൊള്ളയായി കാണുന്നു. ഇത് സെയിൽസ് കൌണ്ടറിന് അപകടഭീഷണി സൃഷ്ടിക്കുന്നു. പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട് അപകടഭീഷണി ഉയർത്തുന്ന കാഞ്ഞിരമരം മുറിച്ച് മാറ്റുന്നതിന് നടപടി സ്വീകരിക്കണം. കൂടാതെ തൊഴിലാളികൾക്കായി നിർമ്മിച്ച വിശ്രമ മുറികളിലും, പുതുതായി നിർമ്മിച്ച ടോയ് ലറ്റിലും നാളിതു വരെ വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടില്ല. ഈ കെട്ടിടങ്ങളിൽ ഇലക്ട്രിഫിക്കേഷൻ നടത്തുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കി വൈദ്യുതി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണം.

## 1-12 സംസ്ഥാന വിത്തുൽപാദന കേന്ദ്രം പാണഞ്ചേരി

1958ൽ പ്രവർത്തനമാരംഭിച്ച പാണഞ്ചേരി സീഡ് ഫാം തൃശ്ശൂർ ജില്ലയിലെ പാണഞ്ചേരി ഗ്രാമപഞ്ചായത്തിലെ മുടിക്കോട് എന്ന സ്ഥലത്ത് സ്ഥിതിചെയ്യുന്നു. അനുബന്ധ ഫാം 1960ൽ കണ്ണാറയ്ക്കടുത്ത് ചീനിക്കടവിലും പ്രവർത്തനമാരംഭിച്ചു. പാണഞ്ചേരിയിൽ 2.316 ഹെക്ടറും ചീനിക്കടവിൽ 6.294 ഹെക്ടറിലുമായി ആകെ 8.61 ഹെക്ടർ പ്രദേശത്ത് ഗുണമേന്മയുള്ള പച്ചക്കറിവിത്തുകൾ, നടീൽ വസ്തുക്കൾ, എന്നിവ ഫാമിൽ ഉൽപാദിപ്പിക്കുന്നു. സംയോജിത കൃഷിയുടെ ഭാഗമായി മൂന്ന് പശുക്കളെ ഫാമിൽ വളർത്തുന്നുണ്ട്. തൃശ്ശൂർ-പാലക്കാട് ആറ് വരി ദേശീയപാതയുടെ വികസനത്തിനായി പാണഞ്ചേരി ഫാമിന്റെ 0.82ഹെക്ടർ നെൽവയൽ ഏറ്റെടുത്തതുമൂലം നീർച്ചാലുകൾ അടഞ്ഞുപോയതിനെ തുടർന്ന് നെൽകൃഷി നടത്തിയിരുന്ന 1.68 ഹെക്ടർ പ്രദേശം കൃഷിയോഗ്യമല്ലാതായി.

സീനിയർ കൃഷി ഓഫീസർ, രണ്ട് കൃഷി അസിസ്റ്റന്റ്മാർ, ക്ലർക്ക്,ഓഫീസ് അസിസ്റ്റന്റ്, പാർട് ടൈം സ്വീപ്പർ എന്നിങ്ങനെ ജീവനക്കാരും, 43 സ്ഥിരം തൊഴിലാളികളും ഫാമിലുണ്ട്.

ഉൽപാദന കണക്കുകൾ

| ഇനം (പ്രധാനപ്പെട്ടവ) | 2018-19 | 2019-20 | 2020-21 |
|---|---|---|---|
| നെൽവിത്ത് (ടൺ) | 5.75 | 4 | 1.562 |
| തെങ്ങിൻ തൈ(എണ്ണം) | 552 | 907 | - |
| ഫലവൃക്ഷ തൈകൾ | 22076 | 24246 | 38170 |
| കുരുമുളക് തൈകൾ | 47118 | 27956 | 52150 |
| പച്ചക്കറി വിത്തുകൾ (കിലോഗ്രാം) | 338.59 | 450.54 | 231.35 |
| പച്ചക്കറി തൈകൾ (എണ്ണം) | 3,20,673 | 4,20.129 | 3,64,683 |

വരവ് -ചെലവ് കണക്കുകൾ

| വർഷം | 2018-19 | 2019-20 | 2020-21 |
|---|---|---|---|
| വരവ്(ജില്ലാ പഞ്ചായത്തിൽ അടവാക്കിയത് ) | 38,22,488 | 28,78,555 | 38,45,993 |
| ചെലവ് (ശമ്പളം ഉൾപ്പെടെ) | 1,94,24,100 | 1,62,01,139 | 1,54,88,213 |
| ജില്ലാ പഞ്ചായത്ത് പദ്ധതി ചെലവുകൾ | 10,00,000 | 12,50,000 | 9,94,595 |
| ശമ്പളം ഒഴികെയുള്ള ചെലവുകൾ | 2,03,500 | 3,22,645 | 7,60,180 |

ആഭ്യന്തര നിയന്ത്രണം, രജിസ്റ്ററുകളുടെ പരിപാലനം .

1.ഫാമിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം മെച്ചപ്പെടുത്താൻ നടപടി സ്വീകരിക്കണം. കാഷ്ബുക്ക്, വിവിധ സ്റ്റോക്ക് രജിസ്റ്ററുകൾ, റെമിറ്റൻസ് രജിസ്റ്റർ എന്നിവയിൽ രേഖപ്പെടുത്തലുകൾ യഥാസമയം നടത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. ജീവനക്കാരുടെ ഉത്തരവാദിത്വം/കടമകൾ എന്നിവ സംബന്ധിച്ച ജോലിവിഭജന രേഖ തയ്യാറാക്കി സൂക്ഷിക്കണം, ഫാം കൌൺസിൽ യോഗങ്ങൾ യഥാസമയം ചേരുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

നിലവിൽ ഫാം നേരിടുന്ന പ്രശ്നങ്ങൾ

1.ഫാമിന്റെ ഭൂമി പരിസരവാസികൾ കയ്യേറിയത്.

2.ഫാമിന്റെ ചുറ്റും ഫെൻസിംഗ് ഇല്ലാത്തത്, ചെയിൻ ലിങ്ക്ഡ് ഫെൻസിംഗ് പൂർത്തീകരിക്കാത്തത്.

3.ദേശീയപാതവികസനത്തിന് നൽകിയ ഭൂമിയ്ക്ക് നഷ്ടപരിഹാരം ലഭിക്കാത്തത്.

4.നെൽവിത്തുൽപാദനം നടത്താനാകാതെ ഭൂമി തരിശായി കിടക്കുന്നത്

5.ഉടമസ്ഥത സംബന്ധിച്ച രേഖകളില്ലാത്തതിനാൽ ഭൂമികയ്യേറ്റത്തിനെതിരെ നടപടി സ്വീകരിക്കാൻ സാധിക്കാത്തത്.

6ചീനിക്കടവ് ഫാം കെട്ടിടം ചോർന്നൊലിച്ച് അപകടാവസ്ഥയിൽ നിൽക്കുന്നത്, പോളിഹൌസുകളിൽ അറ്റകുറ്റപണികൾ നടത്താത്തത്

7.ഫാം ഓഫീസിന് സമീപമുള്ള കൂറ്റൻ മാവിന്റെ ചില്ലകൾ മുറിച്ച് മാറ്റാത്തത് കെട്ടിടത്തിന് ഭീഷണി ഉയർത്തുന്നത്.

പരിഹാര മാർഗ്ഗങ്ങൾ സ്വീകരിക്കണം.
1.ദേശീയപാതവികസനത്തിന് ഭൂമി നൽകി -നഷ്ടപരിഹാരം ലഭിച്ചില്ല .

ദേശീയപാത അതോറിറ്റി പ്രോജക്ട് ഡയറക്ടർ, പാലക്കാട് പുറപ്പെടുവിച്ച 03.03.20210 ലെ NHAI/PD/Palakkad /NH47/W-T/LA/4477 കത്ത് പ്രകാരം പാണഞ്ചേരി വില്ലേജ് സർവ്വെ 77/8/20B,77/9/8 & 78/67/3 സർവ്വെ സബ് ഡിവിഷനുകളിലുൾപ്പെട്ടതും പാണഞ്ചേരി ഫാമിന്റെ ഉടമസ്ഥതയിലുള്ളതുമായ 4565 ച.മീറ്റർ ഭൂമിയും (4565/40.47=1ഏക്കർ 12.79 സെന്റ് ഭൂമി) ടി ഭൂമിയിൽ നിലനിൽക്കുന്നതായ കെട്ടിടങ്ങളും ദേശീയ പാത 47 വികസനത്തിന്റെ ഭാഗമായി ഏറ്റെടുക്കുകയുണ്ടായി.

1956 ലെ നാഷണൽ ഹൈവേ ആക്ട് സെക്ഷൻ 3 (ജി) പ്രകാരം നഷ്ട പരിഹാരത്തിന് അർഹരായവർ അവ തെളിയിക്കുന്ന രേഖകൾ ഹാജരാക്കുന്നതിനാവശ്യപ്പെട്ട് 4.12.2009ൽ എ2-1228/09 നമ്പർകത്ത് പ്രകാരം സ്പെഷൽ ഡെപ്യൂട്ടി കളക്ടർ(എൽ.എ) എൻ.എച്ച്.ഡി.പി കത്ത് പുറപ്പെടുവിച്ചിരുന്നു. ഹൈവേ വികസനത്തിനായി ഏറ്റെടുക്കുന്ന സീഡ് ഫാമിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയിലെ കെട്ടിടങ്ങൾക്ക് 9,12,399/- രൂപ മതിപ്പ് വില കണക്കാക്കിയിരുന്നുവെങ്കിലും റവന്യൂ രേഖകൾ പ്രകാരം ടി സ്ഥലം സംസ്ഥാന ഗവൺമെന്റ് ഭൂമിയായതിനാൽ നഷ്ടപരിഹാരത്തിന് അർഹതയില്ലായെന്ന് പ്രോജക്ട് ഡയറക്ടറുടെ കത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അതേസമയം ഹൈവേ വികസനത്തിനായി ഭൂമി നൽകിയ കാർഷിക സർവ്വകലാശാലയ്ക്ക് ദേശീയപാത അതോറിറ്റി നഷ്ടപരിഹാരം നൽകുകയും ചെയ്തിട്ടുണ്ട്. പാണഞ്ചേരി സീഡ് ഫാം ജില്ലാ പഞ്ചായത്തിന് 18.9.95 ലെ സ.ഉ.(പി) 189/95 ത.ഭ.വ.ഉത്തരവ് പ്രകാരം കൈമാറിക്കിട്ടിയ സ്ഥാപനമായതിനാൽ നഷ്ടപ്പെടുന്ന ഭൂമിയ്ക്ക് നഷ്ടപരിഹാരം ലഭിക്കുന്നതിനായി ദേശീയപാത അതോറിറ്റിയോടും ജില്ലാകളക്ടറോടും അപേക്ഷിക്കുന്നതിന് 19.10.2011 ലെ വികസന സ്റ്റാന്റിംഗ് കമ്മിറ്റി 12ാം

നമ്പറായി തീരുമാനമെടുത്തിട്ടുണ്ട്. ഇക്കാര്യത്തിൽ സീഡ് ഫാം സീനിയർ കൃഷി ഓഫീസർ 5.3.19ൽ 52/SSF /PNY/2019 നമ്പറായി കത്തു നൽകിയിട്ടുണ്ടെങ്കിലും തുടർനടപടികൾ ഇല്ലായെന്ന കണ്ടു. ഭൂമിയുടെ ഉടമസ്ഥത ബോധ്യപ്പെടുത്തുന്നതിനാവശ്യമായ രേഖകൾ ഫാമിന്റെ കൈവശം ഇല്ലാതിരുന്നതിനാലാണ് ഇത്തരത്തിൽ സംഭവിക്കാനിടയായത്. ഇക്കാര്യത്തിൽ തുടർനടപടി സ്വീകരിക്കേണ്ടതാണ്.

2.നെൽവിത്തുൽപാദനം നടത്താനാകാതെ ഭൂമി തരിശായി കിടക്കുന്നത് .

മണ്ണുത്തി-വാണിയംപാറ ദേശീയ പാതയുടെ വടക്ക് ഭാഗത്ത് പാണഞ്ചേരി വില്ലേജ് സർവ്വെ 66, 67ഡിവിഷനുകളിൽപെട്ടതും നെൽവിത്തുൽപാദനം നടത്തുന്നതിനായി ഉപയോഗിച്ചിരുന്നതുമായ സീഡ് ഫാമിന്റെ കൈവശത്തിലുള്ള 1.68ഹെക്ടർ കൃഷി സ്ഥലത്ത് നെൽവിത്തുൽപാദനം നടത്താനാവാതെ ഭൂമി തരിശായി കിടക്കുന്നത് കണ്ടു. ദേശീയപാത വികസിപ്പിച്ചതുമൂലം നെൽവിത്തുൽപാദനം നടത്തിയിരുന്ന പാടശേഖരത്തിന്റെ അനുബന്ധ തോടുകളും ചാലുകളും ഇല്ലാതാവുകയും, ദേശീയപാത നിർമ്മാണത്തോടനുബന്ധിച്ച അവശിഷ്ടങ്ങൾ ദേശീയപാത കരാർ കമ്പനി സമീപത്തെ ചാലുകളിലും മറ്റും നിക്ഷേപിച്ചതിന്റെ ഫലമായി നിലവിലുണ്ടായിരുന്ന സ്വാഭാവിക നീരൊഴുക്ക് തടസ്സപെടുകയും, ദേശീയപാതയ്ക്കടിയിലൂടെ വെള്ളം ഒഴുകിപോയിരുന്ന കലുങ്കിന്റെ വിസ്താരം കുറഞ്ഞതു മൂലം ജല നിർഗ്ഗമന മാർഗ്ഗങ്ങൾ അടഞ്ഞ് വെള്ളം ഒഴുകിപോകാതെ വിരിപ്പ്-മുണ്ടകൻ കാലങ്ങളിൽ പാടശേഖരത്തിൽ വെള്ളം കെട്ടിക്കിടക്കുകയാണ്. ജലനിയന്ത്രണം സാധ്യമാകാത്തതിനാൽ 2010 ന ശേഷം നാളിതുവരെ ഫാമിന്റെ പാടശേഖരത്തിൽ നെൽവിത്തുൽപാദനം നടത്തുന്നതിന് സാധിച്ചിട്ടില്ല. നിലമായി കിടക്കുന്നതിനാലും നീർവാർച്ച സൌകര്യം ഇല്ലാത്തതിനാലും മറ്റ് കാർഷികവിളകളുടെ ഉൽപ്പാദനത്തിനോ, നെൽവിത്തുൽപാദനത്തിനോ ഈ സ്ഥലം പ്രയോജനപ്പെടുത്താനാകാതെ വർഷങ്ങളായി തരിശായിക്കിടക്കുന്ന സ്ഥിതിവിശേഷമാണ് നിലവിലുള്ളത്. ഇത് പരിഹരിക്കുന്നതിനായി ദേശീയപാത അതോറിറ്റിയുമായും കരാർ കമ്പനിയുമായും ബന്ധപ്പെട്ട് അവശിഷ്ടങ്ങൾ നീക്കം ചെയ്യുന്നതിനും നീർച്ചാലുകൾ പുനഃസ്ഥാപിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

3.ഭൂമിയുടെ ഉടമസ്ഥത സംബന്ധിച്ച രേഖകളില്ലാത്തതിനാൽ ഭൂമികയ്യേറ്റത്തിനെതിരെ നടപടി സ്വീകരിക്കാൻ സാധിക്കാത്തത് .

മണ്ണുത്തി-വാണിയംപാറ ദേശീയപാത-47 ന് വലതു വശത്തായി സ്ഥിതിചെയ്യുന്ന പാണഞ്ചേരി ഫാം ഓഫീസിന്റെ പുറകിലായി കടന്നുപോകുന്ന പീച്ചി പൈപ്പ് ലൈൻ റോഡിനും ഇറിഗേഷൻ കനാലിലും ഇടയിൽ സ്ഥിതിചെയ്യുന്ന ഫാമിന്റെ നിയന്ത്രണത്തിലുള്ളതും പാണഞ്ചേരി വില്ലേജ് സർവ്വെ 8/14ൽ ആണ് എന്ന് കരുതുന്നതുമായ ഭൂമിയിൽ സ്ഥിതിചെയ്യുന്ന പഴയ ക്വാർട്ടേഴ്സ് കെട്ടിടത്തിലെ താമസക്കാരിയായ റിട്ടയേർഡ് കൃഷി വകുപ്പ് ജീവനക്കാരി കെട്ടിടത്തിൽ നിന്നും ഒഴിഞ്ഞ് പോകാതെ ക്വാർട്ടേഴ്സ് കൈവശം വയ്ക്കുകയും അനധികൃത നിർമ്മാണം നടത്തുകയും ഫാമിന്റെ തന്നെ നിയന്ത്രണത്തിലുള്ള ഇറിഗേഷൻ കനാലിനും പൈപ്പ് ലൈൻ റോഡിനും ഇടയിലുള്ള ഫാമിന്റെ സ്ഥലത്തേക്ക് ഫാം തൊഴിലാളികൾ പ്രവേശിക്കുന്നത് തടയുകയും ടി ഭൂമിയിൽ ഉടമസ്ഥാവകാശം അവകാശപ്പെടുകയും ചെയ്തതായി കണ്ടു. എന്നാൽ ആവശ്യമായ റവന്യൂ രേഖകളുടെ അഭാവത്തിൽ കയ്യേറ്റം ഒഴിപ്പിക്കുന്നതിനോ ഭൂമിയിൽ ഉടമസ്ഥാവകാശം സ്ഥാപിക്കുന്നതിനോ സാധിക്കാത്ത സ്ഥിതിവിശേഷം ഉണ്ട്. ഇക്കാര്യത്തിൽ പീച്ചി പോലീസ് സ്റ്റേഷനിൽ 32/SSF/PNY/21-22 നമ്പറായി പരാതി നൽകുകയും, ഫാമിന്റെ ഉടമസ്ഥത തെളിയിക്കുന്നതിനാവശ്യമായ സ്കെച്ച്, കൈവശാവകാശ രേഖ എന്നിവ നൽകുന്നതിനാവശ്യപ്പെട്ട് സീഡ് ഫാം സീനിയർ കൃഷി ഓഫീസർ 15.11.2021 ൽ 21/SSF/PNY/21-22 നമ്പറായി വില്ലേജ് ഓഫീസർക്ക് കത്ത് നൽകിയിട്ടുമുണ്ട്.

18.9.95 ലെ സ.ഉ.(പി) 189/95 ത.ഭ.വ.ഉത്തരവ് അനുബന്ധം 5.സി.(ജി) പ്രകാരം സംസ്ഥാന കൃഷി വകുപ്പിന്റെ നിയന്ത്രണത്തിലുണ്ടായിരുന്ന ജില്ലാ കൃഷിത്തോട്ടങ്ങൾ/തെങ്ങിൻ തൈ നഴ്സറി എന്നീ സ്ഥാപനങ്ങൾ ജില്ലാ പഞ്ചായത്തിന് കൈമാറിയിട്ടുള്ളതാണ്. എന്നാൽ ഇത്തരത്തിൽ കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ആസ്തി സംബന്ധിച്ച റവന്യൂ രേഖകൾ ശേഖരിക്കുന്നതിനോ, നിലവിലുള്ള ആസ്തികൾ സംബന്ധിച്ച പട്ടയം/സർക്കാർ ഉത്തരവുകൾ, സൈറ്റ്പ്ലാൻ, ലൊക്കേഷൻ മാപ്പ്, സ്ഥലത്തിന്റെ സ്കെച്ച്, കൈവശാവകാശ/ഉടമസ്ഥാവകാശ സാക്ഷ്യപത്രങ്ങൾ എന്നിവ ബന്ധപ്പെട്ട അധികാരികളിൽ നേടിയെടുക്കുന്നതിനോ തദ്ദേശ സ്ഥാപനത്തിന് ഭൂമിയിൻമേലുള്ള ഉടമസ്ഥത സ്ഥാപിക്കുന്നതിനോ നാളിതുവരെ സാധിച്ചിട്ടില്ല. ആയതിനാൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനും ഭൂമി വിട്ടുകൊടുക്കേണ്ടിവരുന്ന സംഗതികളിൽ മതിയായ

നഷ്ടപരിഹാരം ലഭിക്കുന്നതിനുമായി ജില്ലാ പഞ്ചായത്തിന് കൈമാറിക്കിട്ടിയ എല്ലാ ഫാമുകളുടേയും സ്ഥിര ആസ്തികൾ സംബന്ധിച്ച രേഖകൾ അടിയന്തിരമായി ശേഖരിക്കുന്നതിനും, ഭൂമിയുടെ ഉടമസ്ഥത റവന്യൂരേഖകളിൽ സ്ഥാപിച്ച് ജില്ലാ പഞ്ചായത്തിന്റെ ആസ്തികളാക്കി മാറ്റുന്നതിനും ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നതിനുമാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

4.ചീനിക്കടവ് ഫാം കെട്ടിടം അപകടഭീഷണിയിൽ -അടിയന്തിര അറ്റകുറ്റപണികൾ നടത്തണം. സമീപത്തെ കുറ്റൻമാവ് അപകടഭീഷണി ഉയർത്തുന്നു.

ചീനിക്കടവിൽ സ്ഥിതിചെയ്യുന്ന ഓഫീസ് കെട്ടിടം കാലപ്പഴക്കം മൂലം മേൽക്കൂരയിലെ കഴുക്കോലുകൾ ദ്രവിച്ചും ഓടുകൾ ഇളകിമാറിയും ചോർന്നൊലിക്കുന്ന സ്ഥിതിയിലാണ്. മേൽക്കൂരയിലെ ചിലഭാഗങ്ങൾ ഏതുസമയത്തും തകർന്ന് വീഴാവുന്ന അവസ്ഥയിലാണ്. കെട്ടിടത്തിന്റെ സമീപത്ത് സ്ഥിതിചെയ്യുന്നതും കെട്ടിടത്തിന് മുകളിലേക്ക് പന്തലിച്ച് കിടക്കുന്നതുമായ കൂറ്റൻ മാവിന്റെ ചില്ലകൾ കെട്ടിടത്തിന് മുകളിലേക്ക് ഒടിഞ്ഞ് വീഴാനുള്ള സാധ്യത ഏറെയാണ്. ആയതിനാൽ കാലവർഷം ശക്തിപ്പെടുന്നതിന് മുൻപായി അപകടഭീഷണി സൃഷ്ടിക്കുന്ന സമീപവൃക്ഷങ്ങളുടെ കൊമ്പുകൾ മുറിച്ച് മാറ്റുന്നതിനും, മേൽക്കൂര അടിയന്തിരമായി അറ്റകുറ്റപണി നടത്തി അപകടം ഒഴിവാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

5.ഫെൻസിംഗ് പൂർത്തീകരിക്കണം , ക്വാർട്ടേഴ്സുകളുടെ അറ്റകുറ്റപണി നടത്തണം . ജലക്ഷാമം പരിഹരിക്കാൻ നടപടി സ്വീകരിക്കണം .

പാണഞ്ചേരി ഫാമിന്റെ കശുമാവ്, പച്ചക്കറി കൃഷിനടത്തുന്ന ബ്ലോക്കുകൾക്കും, ചീനിക്കടവ് ഫാമിന്റെ മാവിൻതോട്ടം, പച്ചക്കറിത്തോട്ടത്തിന്റെ ഒരുഭാഗം എന്നിവയ്ക്കും ഫെൻസിംഗ് നടത്തിയിട്ടില്ല. തോട്ടങ്ങൾക്കരികിലൂടെ പബ്ലിക് റോഡ് കടന്നുപോകുന്നതിനാൽ ഫാമിൽ നിന്നും കാർഷിക വിളകൾ കളവ് പോകുന്നുണ്ട്. ഫാമിലെ തകരാറിലായ പോളീഹൌസുകളുടെ അറ്റകുറ്റപണികൾ നടത്തുന്നതിനും, ചീനിക്കടവ് ഫാമിലെ കിണറിന്റെ സംരക്ഷണഭിത്തി കെട്ടി മോട്ടോർ പുര പുനരുദ്ധരിക്കുന്നതിനും, ഒരപ്പൻ ചാലിന്റെ പുനരുദ്ധാരണം നടത്തി ഫാമിന്റെ ജലക്ഷാമം പരിഹരിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-13 സംസ്ഥാന വിത്തുൽപാദന കേന്ദ്രം മണ്ണുത്തി.

1916ൽ ആരംഭിച്ച മണ്ണുത്തി ഫാം തൃശ്ശൂർ ജില്ലയിൽ മണ്ണുത്തി-പാലക്കാട് ദേശീയപാതയിൽ നിന്നും 250 മീറ്റർ വടക്കായി മണ്ണുത്തി-ചിറക്കേക്കോട് റോഡരുകിൽ സ്ഥിതിചെയ്യുന്നു. 12 ഹെക്ടറിലായി സ്ഥിതിചെയ്യുന്ന ഫാമിന്റെ 9 ഹെക്ടർ പ്രദേശത്ത് കൃഷി നടത്തുന്നു. ഇതിൽ 5 ഹെക്ടറിൽ നെൽകൃഷിയുണ്ട്. 6 പോളിഹൌസുകളിലായി ഗുണമേന്മയുള്ള പച്ചക്കറിവിത്തുകൾ, നടീൽ വസ്തുക്കൾ എന്നിവ ഉൽപാദിപ്പിക്കുന്നു. സംയോജിതകൃഷിയുടെ ഭാഗമായി വിവിധ ജനുസ്സിൽപെട്ട പശുക്കൾ, മുയലുകൾ, ആട്, കോഴി എന്നിവയെ ഫാമിൽ പരിപാലിക്കുന്നുണ്ട്.

സീനിയർ കൃഷി ഓഫീസർ, രണ്ട് കൃഷി അസിസ്റ്റന്റ്മാർ, ക്ലർക്ക്, ഓഫീസ് അസിസ്റ്റന്റ്, പാർട് ടൈം സ്വീപ്പർ, വാച്ച്മാൻ എന്നിങ്ങനെ ജീവനക്കാരും, 19 സ്ഥിരം തൊഴിലാളികളും5 താൽക്കാലിക തൊഴിലാളികളും ഫാമിലുണ്ട്.

ഉൽപാദന കണക്കുകൾ

| ഇനം (പ്രധാനപ്പെട്ടവ) | 2018-19 | 2019-20 | 2020-21 |
|---|---|---|---|
| നെൽവിത്ത് (ടൺ) | 10.572 | 12.845 | 18.63 |
| തെങ്ങിൻ തൈ(എണ്ണം) | - | 2595 | 1904 |
| ഫലവൃക്ഷ തൈകൾ | 6279 | 8236 | 31484 |
| പച്ചക്കറി വിത്തുകൾ (കിലോഗ്രാം) | 545.242 | 156.334 | 314.84 |

വരവ് -ചെലവ് കണക്കുകൾ

| വർഷം | 2018-19 | 2019-20 | 2020-21 |
|---|---|---|---|

| | | | |
|---|---|---|---|
| വരവ്(ജില്ലാ പഞ്ചായത്തിൽ അടവാക്കിയത്) | 20,90,759 | 22,37,765 | 32,15,914 |
| ചെലവ് (ശമ്പളം ഉൾപ്പെടെ) | 1,07,72,085 | 1,10,80,228 | 97,53,420 |
| ജില്ലാ പഞ്ചായത്ത് പദ്ധതി ചെലവുകൾ | 10,00,000 | 12,75,000 | 12,00,000 |
| ശമ്പളം ഒഴികെയുള്ള ചെലവുകൾ | 4,86,804 | 2,21,342 | 7,86,877 |

ആഭ്യന്തര നിയന്ത്രണം, രജിസ്റ്ററുകളുടെ പരിപാലനം .

1.ഫാമിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം മെച്ചപ്പെടുത്താൻ നടപടി സ്വീകരിക്കണം. കാഷ്ബുക്ക്, വിവിധ സ്റ്റോക്ക് രജിസ്റ്ററുകൾ, റെമിറ്റൻസ് രജിസ്റ്റർ എന്നിവയിൽ രേഖപ്പെടുത്തലുകൾ യഥാസമയം നടത്തി സാക്ഷ്യപ്പെടുത്തി പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ജീവനക്കാരുടെ ഉത്തരവാദിത്വം/കടമകൾ എന്നിവ സംബന്ധിച്ച ജോലിവിഭജന രേഖ തയ്യാറാക്കി സൂക്ഷിക്കണം, ഫാം കൌൺസിൽ യോഗങ്ങൾ യഥാസമയം ചേരുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

നിലവിൽ ഫാം നേരിടുന്ന പ്രശ്നങ്ങൾ .

1. വന്യമൃഗങ്ങൾ ഫാമിൽ പ്രവേശിക്കുന്നത് തടയാൻ ഫെൻസിംഗ് പൂർത്തീകരിച്ചിട്ടില്ല.

2.ഫാമിന്റെ ഉടമസ്ഥത സംബന്ധിച്ച രേഖകൾ ഇല്ല. ആസ്തി രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.

3.ജലക്ഷാമം മൂലം മുണ്ടകൻ കൃഷി പ്രതിസന്ധി നേരിടുന്നത്.

4.പോളിഹൌസുകൾ, സെയിൽസ് കൌണ്ടർ, പ്രദർശന സ്റ്റാന്റുകൾ എന്നിയുടെ തകരാറുകൾ പരിഹരിച്ചിട്ടില്ല.

1.വന്യമൃഗശല്യം ഒഴിവാക്കാൻ ഫെൻസിംഗ് പൂർത്തീകരിക്കണം .

ഫാമിൽ വിരിപ്പ്, മുണ്ടകൻ എന്നിങ്ങനെ വർഷത്തിൽ രണ്ട് കൃഷിയിറക്കി നെൽ വിത്തുൽപാദനം നടത്തുന്നു. 5.2 ഹെക്ടറിലായി വ്യാപിച്ചു കിടക്കുന്ന നെൽപാടത്തിന്റെ അതിർത്തി പൂർണമായും വേലികെട്ടി സംരക്ഷിച്ചിട്ടില്ലാത്തതിനാൽ കാട്ടുമൃഗങ്ങളായ മുള്ളൻപന്നി, കാട്ടുപന്നി, മയിൽ തുടങ്ങിയ ജീവികൾ കൃഷിയിടത്തിൽ പ്രവേശിച്ച് കാർഷിക വിളകൾ നശിപ്പിക്കുന്നുണ്ട്. ഫെൻസിംഗ് ഇല്ലാത്ത ഏകദേശം 450 മീറ്റർ നീളത്തിൽ ചെയിൻലിങ്ക്ഡ് ഫെൻസിംഗ് നടത്തി ഫാമിന്റെ അതിർത്തി സംരക്ഷിക്കുന്നതിനും, വന്യമൃഗങ്ങൾ ഫാമിൽ പ്രവേശിക്കുന്നത് തടയുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

2.ഫാമിന്റെ ഉടമസ്ഥത സംബന്ധിച്ച റവന്യൂ രേഖകൾ ശേഖരിക്കണം .

നിലവിൽ ജില്ലാപഞ്ചായത്തിന് ഫാം കൈമാറിയെങ്കിലും ഭൂമിയുടെ ഉടമസ്ഥത സംബന്ധിച്ച റവന്യൂ രേഖകൾ ഒന്നും തന്നെ ഫാമിൽ ഇല്ല. ആയതിനാൽ റവന്യൂ അധികാരികളുമായി ബന്ധപ്പെട്ട് ഭൂമിയുടെ ഉടമസ്ഥത സംബന്ധിച്ച രേഖകൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണം. റവന്യൂ രേഖകൾ പ്രകാരമുള്ള ഭൂമിയുടെ വിവരം ശേഖരിച്ച് കൈവശഭൂമിയുടെ വിസ്തീർണ്ണം അളന്ന് തിട്ടപ്പെടുത്തുകയും ഭൂമി നഷ്ടപ്പെട്ടിട്ടുണ്ടെങ്കിൽ ആയത് നിയമാനുസൃത നടപടികൾ സ്വീകരിച്ച് തിരിച്ച് പിടിക്കുന്നതിനും സ്കെച്ച്, ഫീൽഡ് മാപ്പ്, എന്നിവ തയ്യാറാക്കി അതിർത്തികൾ അളന്ന് തിട്ടപ്പെടുത്തുന്നതിനും ആസ്തി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

3.ജലക്ഷാമം പരിഹരിക്കാൻ നടപടി സ്വീകരിക്കണം .

ഡിസംബർ-ജനുവരി മാസങ്ങളിലുണ്ടാകുന്ന ജലക്ഷാമം മുണ്ടകൻ കൃഷിയുടെ അവസാനത്തിൽ പ്രതിസന്ധി സൃഷ്ടിക്കുന്നതായി കാണുന്നു. ഇത് പരിഹരിക്കുന്നതിനായി ഫാമിനോട് സ്ഥിതിചെയ്യുന്നതും തൃശ്ശൂർ നഗരസഭയുടെ നിയന്ത്രണത്തിലുള്ളതുമായ പനഞ്ചക്കം ചിറയിൽ നിന്നും ജലം ലഭ്യമാക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുന്നത് ഉചിതമായിരിക്കും.

4. സമയബന്ധിതമായി അറ്റകുറ്റപണികൾ നടത്തുന്നതിനും അപാകതകൾ പരിഹരിക്കുന്നതിനും നടപടി സ്വീകരിക്കണം .

ഫാമിലെ നടീൽ വസ്തുക്കൾ വിറ്റഴിക്കുന്നതിനായി ഒരു സെയിൽസ് കൌണ്ടർ ഉണ്ടെങ്കിലും ഈ കെട്ടിടത്തിന്റെ ഷട്ടറുകൾ തകരാറിലായതിനാൽ സെയിൽസ് കൌണ്ടർ ഉപയാഗിക്കാൻ സാധിക്കാത്ത സ്ഥിതിവിശേഷമുണ്ട്. നടീൽ വസ്തുക്കൾ/സീഡ് ലിംങ്ങ്സ് എന്നിവ സൂക്ഷിക്കുന്നതിനായി തയ്യാറാക്കിയ സ്റ്റാന്റുകൾ പലതും ഉപയോഗശൂന്യമായതായി കാണുന്നു. പോളിഹൌസുകളിലെ റൂഫിംഗ് ഷീറ്റുകൾ, ഷാഡോ നെറ്റുകൾ,

സ്ലക്ചറുകൾ എന്നിവയ്ക്ക് തകരാറുകളുള്ളതായി കണ്ടു. ഇത്തരം തകരാറുകൾ സമയബന്ധിതമായി പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

ഫാം സ്ഥിതിചെയ്യുന്നത് നഗരസഭാ പരിധിയിലായതിനാൽ ഫാം പ്രവർത്തനങ്ങൾ മോണിറ്ററിംഗ് നടത്തുന്നതിന് ജില്ലാപഞ്ചായത്തിന്റെ ഡിവിഷൻ മെമ്പർ ഇല്ല. ഫാം കൌൺസിൽ സമയബന്ധിതമായി യോഗം ചേരുന്നില്ല. ഫാമിൽ ഉള്ള കന്നുകാലികൾ, പക്ഷികൾ, മുയൽ എന്നിവയുടെ ആരോഗ്യ സുരക്ഷ ഉറപ്പ് വരുത്തുന്നതിനായി വെറ്ററിനറി ഡോക്ടറുടെ സേവനം യഥാസമയം ഫാമിന് ലഭിക്കുന്നില്ല. ഫാമിലെ അത്യാവശ്യ ചെലവുകൾ നിർവ്വഹിക്കുന്നതിന് നിശ്ചിത തുക കൈവശം വയ്ക്കുന്നതിനുള്ള ഇംപ്രസ്റ്റ് അക്കൌണ്ട് ഇല്ല. 16.10.2019 ലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 5 (2) തീരുമാന പ്രകാരം അത്യാവശ്യ ചെലവുകൾ നടത്തുന്നതിന് 50,000/- രൂപ ഇംപ്രസ്റ്റ് തുകയായി അക്കൌണ്ടിൽ സൂക്ഷിക്കുന്നതിന് തീരുമാനമെടുത്തിരുന്നുവെങ്കിലും തുടർനടപടി സ്വീകരിച്ചിട്ടില്ല. മേൽ സൂചിപ്പിച്ച അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-14 നടവരമ്പ് സീഡ് ഫാം

1963 ൽ ഗ്രാമവികസന വകുപ്പിന്റെ കീഴിൽ പ്രവർത്തനമാരംഭിച്ച നടവരമ്പ് സീഡ് ഫാം തൃശ്ശൂർ ജില്ലയിലെ വേളൂക്കര ഗ്രാമപഞ്ചായത്തിലെ നടവരമ്പ് പ്രദേശത്ത് കൊടുങ്ങല്ലൂർ-തൃശ്ശൂർ സംസ്ഥാന പാതയ്ക്കരികിലായി സ്ഥിതി ചെയ്യുന്നു. ഗുണനിലവാരമുള്ള നെൽവിത്തുകൾ, നടീൽ വസ്തുക്കൾ എന്നിവ ഉൽപാദിപ്പിച്ച് വിതരണം ചെയ്യുന്നതിന് ഫാം ലക്ഷ്യമിടുന്നു. 13.25ഹെക്ടർ പ്രദേശത്ത് സ്ഥിതിചെയ്യുന്ന ഫാമിന്റെ 9.8 ഹെക്ടർ പ്രദേശത്ത് നെല്ലും 2.2 ഹെക്ടർ പ്രദേശത്ത് തെങ്ങ്, വാഴ, പച്ചക്കറി എന്നിവയും കൃഷി ചെയ്യുന്നു. മണൽ മണ്ണ്(sandy Soil) നിറഞ്ഞ ഈ പ്രദേശത്ത് ഡിസംബർ മുതൽ വരൾച്ച അനുഭവപ്പെടുന്നു. പടിഞ്ഞാറ് നിന്നും കിഴക്കോട്ട് താഴ്ന്ന് സ്ഥിതിചെയ്യുന്ന നെൽപാടങ്ങളിൽ ആഗസ്റ്റ്-ഡിസംബർ കാലയളവിൽ ഒരു വിള നെൽകൃഷി മാത്രമാണ് വർഷങ്ങളായി ചെയ്തു വരുന്നത്. രണ്ട് കുളങ്ങൾ, ഒരു കിണർ, രണ്ട് കുഴൽ കിണറുകൾ എന്നിവ ഫാമിലുണ്ടെങ്കിലും ജനുവരി മുതൽ മെയ് വരെയുള്ള കാലയളവിൽ കൃഷിക്കാവശ്യമായ ജലം ലഭിക്കുന്ന സ്രോതസ്സുകൾ ഫാമിൽ ഇല്ല. പച്ചക്കറിവിത്തുകൾ, എള്ള് എന്നിവ ഇക്കാലയളവിൽ കുറഞ്ഞ അളവിൽ ഫാമിൽ ഉൽപാദിപ്പിക്കുന്നുണ്ട്. ഫാം ഓഫീസ് സ്ഥിതി ചെയ്യുന്ന എഫ് ബ്ലോക്കിൽ കരഭൂമിയായ1.088ഹെക്ടർ പ്രദേശത്ത് വാഴ കൃഷിയും, തെങ്ങിൻ തൈ ഉൽപാദനവും ഉണ്ട്. സംയോജിത ഫാം പദ്ധതിയുടെ (IFS) ഭാഗമായി രണ്ട് പശുക്കൾ, 100 കോഴികൾ, മീൻ എന്നിവയെ ഫാമിൽ വളർത്തുന്നുണ്ട്.

ഫാമിന്റെ പ്രവർത്തനത്തിനായി 15 സ്ഥിരം തൊഴിലാളികൾ, ഒരു താൽക്കാലിക തൊഴിലാളി, സീനിയർ കൃഷി ഓഫീസർ, കൃഷി അസിസ്റ്റന്റ്, ക്ലർക്ക്, ഓഫീസ് അറ്റൻഡന്റ്, പാർട് ടൈം സ്വീപ്പർ എന്നിങ്ങനെ ജീവനക്കാരുണ്ട്.

ഉൽപാദന കണക്കുകൾ

| ഇനം (പ്രധാനപ്പെട്ടവ) | 2017-18 | 2018-19 | 2019-20 | 2020-21 |
|---|---|---|---|---|
| നെൽവിത്ത് (ടൺ) | 5.02 | 9.4 | 8.62 | 14.7 |
| തെങ്ങിൻ തൈ(എണ്ണം) | 5334 | - | - | - |
| ഫലവൃക്ഷ തൈകൾ | 635 | 505 | 20000 | 20000 |
| കുരുമുളക് തൈകൾ | 15466 | 24690 | 23000 | 20666 |
| പച്ചക്കറി വിത്തുകൾ (കിലോഗ്രാം) | 11.665 | 2 | 5 | 2.99 |

വരവ് -ചെലവ് കണക്കുകൾ

| വർഷം | 2017-18 | 2018-19 | 2019-20 | 2020-21 |
|---|---|---|---|---|
| വരവ് | 17,88,146 | 16,97,837 | 22,40,618 | 22,51,646 |
| ചെലവ് (ശമ്പളം ഉൾപ്പെടെ) | 73,92,804 | 78,57,837 | 93,03,087 | 83,29,481 |
| ജില്ലാ പഞ്ചായത്ത് പദ്ധതി ചെലവുകൾ | 7,94,822 | 7,13,950 | 8,00,000 | 8,87,454 |
| ശമ്പളം ഒഴികെയുള്ള ചെലവുകൾ | 3,67,490 | 6,03,500 | 5,64,030 | 6,73,960 |

നിലവിൽ ഫാം നേരിടുന്ന പ്രശ്നങ്ങൾ

1.രണ്ട് വിള നെൽ കൃഷി/വേനൽക്കാല പച്ചക്കറി കൃഷി/ നടത്തുന്നതിനാവശ്യമായ ജലലഭ്യത ഇല്ലാത്തത്.

2.ഫാമിന്റെ ചുറ്റും കമ്പിവേലി ഇല്ലാത്തത്,

3. കൂടുതൽ പ്രദേശത്ത് വേനൽക്കാല ഇടവിള കൃഷി നടത്താനാവശ്യമായ ഇറിഗേഷൻ പൈപ്പ് ലൈനുകൾ ഇല്ലാത്തത്.

4.നിലവിലെ ഒരു കുഴൽകിണറിലെ മോട്ടോർ പ്രവർത്തിക്കാത്തത്.

5.ഫാം ഓഫീസിനോട് ചേർന്നുള്ള കുളത്തിന്റെ കൽക്കെട്ടുകൾ ഇടിഞ്ഞ് പോയതും, ആഴം വർധിപ്പിക്കാത്തതിനാൽ ജലലഭ്യത കുറഞ്ഞതും.

6.ഫാമിനുള്ളിലൂടെ നടവഴിയുള്ളതിനാൽ ഫാം ഉൽപ്പന്നങ്ങൾ മോഷ്ടിക്കപ്പെടുന്നതും, അനധികൃതമായ കടന്നുകയറ്റം തടയാൻ സാധിക്കാത്തതും.

7.നടീൽ വസ്തുക്കളായ പച്ചക്കറി തൈകൾ, വിത്തുകൾ എന്നിവയുടെ വകുപ്പ് തല ഡിമാന്റ് കുറയുന്നത്.

8.കാർഷികോൽപാദനത്തിൽ കാര്യമായ വർധന ഇല്ലാത്തത്.

9.ഫാമിലെ ഉപയോഗശൂന്യമായ യന്ത്രങ്ങൾ/യന്ത്രവൽകൃത നടീൽ യന്ത്രത്തിന്റെ അഭാവം.

ആഭ്യന്തര നിയന്ത്രണം, രജിസ്റ്ററുകളുടെ പരിപാലനം .

ഫാമിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം തൃപ്തികരമാണ്. വിവിധ സ്റ്റോക്ക് രജിസ്റ്ററുകളിലെ രേഖപെടുത്തലുകൾ യഥാസമയം നടത്തി സാക്ഷ്യപെടുത്തി സൂക്ഷിക്കുന്നതായി കണ്ടു.

പരിഹാര മാർഗ്ഗങ്ങൾ

1. ഉൽപാദന വർധന ഉറപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കണം . ഫാം കൃഷി പ്രവർത്തന കലണ്ടറിൽ മാറ്റം വരുത്തണം .

ഓരോ കലണ്ടർ വർഷത്തിലും ജനവരി മുതൽ മെയ് വരെയുള്ള കാലയളവിൽ ഫാമിലെ ആകെയുള്ള 5 ബ്ലോക്കുകളിൽ 1.39 ഹെക്ടർ വിസ്തീർണമുള്ള ബി ബ്ലോക്കിൽ മാത്രമാണ് പച്ചക്കറി വിത്തുൽപാദനം നടത്തുന്നത്. ബാക്കിയുള്ള 8.41ഹെക്ടർ നെൽപാടത്ത് ചില ബ്ലോക്കുകളിൽ എള്ള്, ഡെയ്ഞ്ച (വളപയർ) എന്നിവകൃഷി ചെയ്യാറുണ്ട്. നെൽകൃഷിക്കായി മെയ് മാസം മുതൽ ട്രാക്ടറടിച്ച് മണ്ണൊരുക്കി ഞാറ്റടി തയ്യാറാക്കി ഞാറു നടീൽ ആരംഭിക്കുന്നുണ്ടെങ്കിലും ഫാമിലെ യന്ത്രസഹായമില്ലാത്ത ഞാറു നടീൽ ഉപകരണമുപയോഗിച്ച് ഞാറു നടുന്നതിനാൽ ജൂൺ മുതൽ ആഗസ്റ്റ് പകുതിവരെ ഞാറു നടുന്നതിനായി വിനിയോഗിക്കുന്നതായും 105-110 വരെ ദിവസ കാലയളവ് ആവശ്യമായ ത്രിവേണി ഇനം നെൽ വിത്ത് ഫാമിൽ ഉൽപാദിപ്പിക്കുന്നതിന് ഡിസംബർ വരെയുള്ള കാലയളവ് ആവശ്യമായി വരുന്നതായും കൃഷി ഓഫീസർ അറിയിക്കുകയുണ്ടായി.

നെൽകൃഷി നടത്തുന്ന9.8 ഹെക്ടർ പ്രദേശത്ത് നിലവിലുള്ള സംവിധാനം ഉപയോഗിച്ച് 2.5 മാസത്തിലധികം ഞാറു നടുന്നതിന് വേണ്ടി വിനിയോഗിക്കുന്നത് ഗുണപ്രദമല്ല. ആവശ്യമായ നടീൽ യന്ത്രങ്ങൾ ലഭ്യമാക്കി/ക്വാണ്ടം ഓഫ് വർക്ക് പ്രകാരം തൊഴിലാളികളെ ഫലപ്രദമായി വിനിയോഗിച്ച് കുറഞ്ഞ കാലയളവിനുള്ളിൽ ഞാറ് നട്ട് തീർക്കുന്നതിനും നിലവിൽ കൃഷി ചെയ്യുന്ന ഏർളി മുണ്ടകൻ കൃഷി രീതിക്ക് പകരമായി വിരിപ്പ് കൃഷിക്ക് അനുകൂലമായ നെൽപാടത്ത് വിരിപ്പ് കൃഷി നടത്തുന്നതിനും, ജലലഭ്യതയുള്ള ബ്ലോക്കുകളിൽ മുൻ വർഷങ്ങളിൽ ചെയ്തിരുന്ന രീതിയിൽ വിരിപ്പ്, മുണ്ടകൻ എന്നിങ്ങനെ രണ്ട് വിളകൾ നടത്തുന്നതിനും, ഒരു വിള മാത്രം സാധ്യമായ ബ്ലോക്കുകളിൽ വിരിപ്പ് കൃഷി നടത്തുകയും ജലലഭ്യതയുള്ള ഒക്ടോബർ മുതൽ ഡിസംബർ വരെ കാലയളവിൽ സാധ്യമായ ബ്ലോക്കുകളിൽ പച്ചക്കറി വിത്തുകൾ, ഇടവിള കൃഷികൾ എന്നിവ നടത്തുന്നതിനും ആവശ്യമായ ക്രമീകരണങ്ങൾ നടത്തി ഉൽപാദനം വർധിപ്പിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കണം.

2.നടീൽ വസ്തുക്കൾ /ജൈവ കൃഷി സപ്ലിമെന്റുകളുടെ ഉൽപാദനം വർധിപ്പിക്കണം . ആവശ്യമായ പരിശീലനം നൽകണം. മാനവ വിഭവശേഷി ശരിയായി വിനിയോഗിക്കണം .

നിലവിലുള്ള നെൽവിത്തുൽപാദനം, തെങ്ങിൻ തൈ ഉൽപാദനം എന്നിവയ്ക്ക് പുറമെ ജാതി, മാവ്, എന്നിവയുടെ ഗ്രാഫ്റ്റ് ഉൽപാദനം, ജൈവകൃഷിക്കാവശ്യമായതും കൃഷിഭവനുകൾ വഴി വിതരണം ചെയ്യാൻ സാധിക്കുന്നതുമായ

പഞ്ചഗവ്യം, ഫിഷ് അമിനോ ആസിഡ് എന്നിവയുടെ നിർമ്മാണം, പച്ചക്കറി തൈകൾ, കുരുമുളക് തൈകൾ എന്നിങ്ങനെ കർഷകർക്കാവശ്യമായ നടീൽ വസ്തുക്കളും മറ്റും ഉൽപാദിപ്പിക്കുന്നതുവഴി ഫാം ഉൽപ്പന്നങ്ങളുടെ വിറ്റുവരവിലൂടെ ജില്ലാ പഞ്ചായത്തിന് തനതു വരുമാനം വർധിപ്പിക്കാൻ സാധിക്കും. നിലവിലെ മാനവ വിഭവ ശേഷി ഉപയോഗിച്ച് മേൽ സൂചിപ്പിച്ച പ്രവർത്തനങ്ങളിലൂടെ ഉൽപാദനം വർധിപ്പിക്കാൻ കാര്യക്ഷമമായ നടപടികൾ സ്വീകരിക്കണം. ഇതിനാവശ്യമായ പരിശീലനം തൊഴിലാളികൾക്ക് നൽകണം. നിലവിൽ ഒരു വിള കൃഷി മാത്രമേ നെല്ലുൽപാദനം നടക്കുന്നുള്ളുവെന്നതിനാൽ നെൽകൃഷി സാധ്യമാകാത്ത കാലയളവിൽ ഫാമിന്റെ മാനവ വിഭവ ശേഷി ശരിയായി വിനിയോഗിച്ച് ആവശ്യമായ നടീൽ വസ്തുക്കൾ നിർമ്മിച്ച് ഫാമിന്റെ വരുമാനം വർധിപ്പിക്കാൻ സാധിക്കുമെന്നതിനാൽ ഇക്കാര്യത്തിൽ ജില്ലാപഞ്ചായത്തിന്റെ കാര്യക്ഷമമായ മോണിറ്ററിംഗ് ഉണ്ടാകണം.

3.ജലലഭ്യത ഉറപ്പാക്കാൻ നടപടി സ്വീകരിക്കണം .

ഫാം സെയിൽസ് കൌണ്ടറിനരികിലായി 4 സെന്റ് വിസ്തൃതിയിലും, ഫാം ഓഫീസിനരികിൽ 2 സെന്റ് വിസ്തൃതിയിലും ഉള്ള രണ്ട് കുളങ്ങൾ, ഡി ബ്ലോക്കിൽ സ്ഥിതിചെയ്യുന്ന രണ്ട് കുഴൽ കിണറുകൾ, ഒരു കിണർ എന്നിവയാണ് നിലവിലുള്ള ജലസ്രോതസ്സുകൾ ഇതിൽ ഫാം ഓഫീസിനരികിലെ കുളത്തിന്റെ പാർശ്വഭിത്തി ഇടിഞ്ഞ് വീണ് അപകടാവസ്ഥയിലാണ്. (ഇതു സംബന്ധിച്ച സ്പിൽ ഓവർ പദ്ധതി എത്രയും വേഗം നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കണം.)അടിഭാഗത്ത് ലാറ്ററൈറ്റ് സോയിൽ ഉള്ള ഈ കുളത്തിന്റെയും, സെയിൽസ് കൌണ്ടറിനരികിലുള്ള കുളത്തിന്റെയും ആഴം വർധിപ്പിക്കുകയോ/യീൽഡ് ടെസ്റ്റ് നടത്തി നിലവിലുള്ള കുഴൽകിണറിൽ നിന്നും അകലെയായി പുതിയ കുഴൽ കിണർ കുഴിച്ചോ ഒരു പരിധി വരെ ജലലഭ്യത ഉറപ്പു വരുത്താൻ സാധിക്കും. (ജലക്ഷാമം രൂക്ഷമാകുന്ന സാഹചര്യങ്ങളിൽ ബി ബ്ലോക്കിന് സമീപത്തായി സ്ഥിതിചെയ്യുന്ന ഹയർസെക്കൻഡറി സ്കൂൾ വളപ്പിലെ കുളത്തിൽ നിന്നും ഫാമിലേക്ക് വെള്ളം പമ്പ് ചെയ്യാറുണ്ട് എന്നതിനാൽ പ്രദേശത്ത് ഭൂഗർഭ ജലം ലഭ്യമാണെന്നത് വ്യക്തമാണ്.) ഇക്കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്. നിലവിലുള്ള രണ്ട് കുഴൽകിണറിൽ സ്ഥാപിച്ച മോട്ടോറുകളിൽ ഒരെണ്ണം പ്രവർത്തിക്കുന്നില്ല. ആയത് അടിയന്തിരമായി തകരാർ പരിഹരിച്ച് പ്രവർത്തന ക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കണം.

4.മുട്ടക്കോഴി വളർത്തൽ ആദായകരം -സാധ്യത പരിശോധിക്കണം .

സംയോജിത ഫാമിങ്ങിന്റെ ഭാഗമായി സെയിൽസ് കൌണ്ടറിനരികിലെ കുളത്തിൽ മീൻ കുഞ്ഞുങ്ങളെ നിക്ഷേപിച്ചിട്ടുണ്ട്. BV380 വിഭാഗത്തിൽ പെട്ട 100 മുട്ടക്കോഴികളിൽ നിന്നായി ദിനം പ്രതി 80-90 ന് ഇടയിലായി മുട്ടകൾ ലഭിക്കുന്നുണ്ട്. ഫാമിൽ രണ്ട് പശുക്കളെ വളർത്തുന്നുണ്ട്. മുട്ടക്കോഴികളിൽ നിന്നും കുറഞ്ഞ ചെലവിൽ നല്ല വരുമാനം ലഭിക്കുന്നതിനാൽ അധികമായി മുട്ടക്കോഴികളെ വളർത്തുന്നതിനും, നിലവിലെ പശുവളർത്തൽ ആദായകരമാക്കുന്നതിനും ഉള്ള സാധ്യതകൾ പരിശോധിക്കേണ്ടതാണ്. ഫാമിന്റെ ഉൽപാദന ശേഷി വർധിപ്പിക്കുന്നത് സംബന്ധിച്ച തീരുമാനങ്ങൾ ഫാം കൌൺസിൽ മിനിറ്റ്സിൽ രേഖപെടുത്തി കാണുന്നില്ല. ആയതിനാൽ ഉൽപാദനം വർധിപ്പിക്കുന്നതിനും ഫാം ആദായകരമാക്കുന്നതിനുമുള്ള മാർഗ്ഗങ്ങൾ ഫാം കൌൺസിലിന്റെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതും വരുമാനം വർദ്ധിപ്പിക്കുന്നതിനുതകുന്ന ഉചിതമായ തീരുമാനങ്ങൾ/നടപടികൾ ഉണ്ടാകേണ്ടതുമാണ്.

5. വകുപ്പ് തല ഡിമാന്റ് കുറയുന്നത് -സത്വര നടപടി സ്വീകരിക്കണം .

ഫാം ഉൽപ്പന്നങ്ങളുടെ പ്രധാന ഉപഭോക്താക്കൾ വിവിധ തദ്ദേശ സ്ഥാപനങ്ങളാണ്. തദ്ദേശ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള കൃഷി ഓഫീസർ/കൃഷി അസിസ്റ്റന്റ് ഡയറക്ടർ എന്നിവർ നൽകുന്ന ഡിമാന്റ് പ്രകാരമാണ് ഫാമിൽ വിത്തുകൾ, പച്ചക്കറി തൈചെടികൾ, ഗ്രാഫ്റ്റുകൾ തുടങ്ങിയവ ഉൽപാദിപ്പിക്കുന്നത്. മുൻ വർഷങ്ങളിൽ തൈചെടികൾ/ഗ്രാഫ്റ്റുകൾ എന്നിവയ്ക്ക് പ്രതിവർഷം 5 ലക്ഷം വരെ ഡിമാന്റ് ഉണ്ടായിരുന്നുവെങ്കിൽ നിലവിൽ തൈചെടികൾക്ക് ഡിമാന്റ് ഇല്ലാത്ത സ്ഥിതിവിശേഷമാണ്. ആയതിനാൽ ഇവയുടെ ഉൽപാദനം നിലച്ച മട്ടാണ്. ഈ സ്ഥിതി തുടരുന്നത് ജില്ലാ പഞ്ചായത്തിന്റെ തനതു വരുമാനം കുറയുന്നതിന് കാരണമാകാമെന്നതിനാൽ കാർഷിക പദ്ധതികളുടെ ഭാഗമായി തൈചെടികൾ/വിത്തുകൾ/മറ്റു നടീൽ വസ്തുക്കൾ എന്നിവ ജില്ലാ പഞ്ചായത്തിന്റെ ഫാമുകളിൽ നിന്നും ശേഖരിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ ജില്ലാ പഞ്ചായത്തിന്റെ സംയുക്ത പദ്ധതികൾ നടപ്പാക്കുന്ന വിവിധ കൃഷി നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നൽകേണ്ടതും തുടർനടപടി സ്വീകരിക്കേണ്ടതുമാണ്.

6.ഫാമിന്റെ അതിരുകൾ കമ്പിവേലികെട്ടി സംരക്ഷിക്കണം -അനധികൃത കടന്നുകയറ്റം തടയാൻ നടപടി സ്വീകരിക്കണം .

ഫാമിന്റെ മുൻഭാഗത്ത് സംസ്ഥാനപാതയോട് ചേർന്നുള്ള ഭാഗം കഴിച്ച് ഏകദേശം മൂന്ന് കിലോമീറ്റർ നീളത്തിൽ ഫാമിന് ചുറ്റും കമ്പിവേലി സ്ഥാപിക്കാനുണ്ട്. ഫാം ഓഫീസിന് മുന്നിലൂടെ കടന്നുപോകുന്ന നടവരമ്പ് വെസ്റ്റ് സീഡ് ഫാം റോഡിൽ നിന്നും തെക്കോട്ടും അവിടെ നിന്നും പടിഞ്ഞാറോട്ടും ഫാമിനുള്ളിലെ തോടിനോട് ചേർന്നുള്ള ബണ്ട് നെൽപാടത്തിന്റെ പടിഞ്ഞാറ് ഭാഗത്തുള്ള ആളുകൾ എളുപ്പത്തിൽ പോകുന്നതിനുള്ള നടവഴിയായി ഉപയോഗിക്കുന്നതായും അവധി ദിവസങ്ങളിലും മറ്റും ഇതു വഴി പ്രവേശിക്കുന്ന സാമൂഹ്യവിരുദ്ധർ ഫാം ഉൽപന്നങ്ങൾ മോഷ്ടിക്കുന്നതായും, കൃഷി നാശം വരുത്തുന്നതായും ഫാം ഓഫീസർ അറിയിക്കുകയുണ്ടായി. ഇക്കാര്യത്തിൽ ഉചിതമായ തീരുമാനം ഫാം കൌൺസിൽ എടുക്കേണ്ടതും, അനധികൃത കടന്നുകയറ്റം തടയുന്നതിനും ആവശ്യമെങ്കിൽ നിരീക്ഷണ ക്യാമറകളുൾപ്പെടെ സ്ഥാപിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

7.ഉപയോഗശൂന്യമായ യന്ത്രങ്ങൾ

ഫാമിൽ ഉപയോഗ ശൂന്യമായ കൊയ്ത്തുമെതിയന്ത്രം, ട്രാക്ടർ, ത്രഷർ കം വിന്നോവർ മെഷീൻ എന്നിവ ഉണ്ട്. ഇതിൽ കൊയ്ത്തുമെതിയന്ത്രം, ട്രാക്ടർ എന്നിവ പരമാവധി ഉപയോഗത്തിനുശേഷം ഉപേക്ഷിച്ച നിലയിലും ത്രഷർ കം വിന്നോവർ മെഷീൻ ഉപയാഗിക്കാതെ സൂക്ഷിച്ചതായും കണ്ടു. 2013 ൽ വിവിധ ഫാമുകൾക്ക് വിതരണം ചെയ്ത മെഷീനുകളിൽ ഒന്നായ ത്രഷർ കം വിന്നോവർ മെഷീൻ നാളിതുവരെ ഉപയോഗിക്കാൻ സാധിച്ചിട്ടില്ലെന്നും മെഷീൻ ഉപയോഗിക്കുമ്പോൾ നെല്ല് പൊടിഞ്ഞ് അരിയായി മാറുന്നതിനാലാണ് ഉപയോഗിക്കാനാവാത്തതെന്നും സീനിയർ കൃഷി ഓഫീസർ അറിയിക്കുകയുണ്ടായി. ലക്ഷങ്ങൾ ചെലവഴിച്ച് വർഷങ്ങൾക്ക് മുൻപ് വാങ്ങിയ മെഷീനുകൾ നാളിതു വരെ ഉപയോഗിക്കാൻ സാധിക്കാത്തതിന്റെ കാരണങ്ങൾ പരിശോധിക്കേണ്ടതും ഇക്കാര്യത്തിൽ തുടർ നടപടി സ്വീകരിക്കേണ്ടതുമാണ്.

1-15 എടത്തിരുത്തി സീഡ് ഫാം

ഉൽപാദന വർധന ഉറപ്പുവരുത്താൻ കാര്യക്ഷമമായ ഇടപെടൽ ആവശ്യമാണ്.

1962 ൽ ഗ്രാമവികസന വകുപ്പിന്റെ കീഴിൽ പ്രവർത്തനമാരംഭിച്ച എടത്തിരുത്തി സീഡ് ഫാം തൃശ്ശൂർ ജില്ലയിലെ എടത്തിരുത്തി ഗ്രാമപഞ്ചായത്തിലെ എടത്തിരുത്തി -കുട്ടമംഗലം റോഡരികിലായി സ്ഥിതി ചെയ്യുന്നു. ഗുണനിലവാരമുള്ള നെൽവിത്തുകൾ, നടീൽ വസ്തുക്കൾ എന്നിവ ഉൽപാദിപ്പിച്ച് വിതരണം ചെയ്യുന്നതിന് ഫാം ലക്ഷ്യമിടുന്നു. 10.36 ഹെക്ടർ പ്രദേശത്ത് സ്ഥിതിചെയ്യുന്ന ഫാമിന്റെ 9 ഹെക്ടർ പ്രദേശത്തും നെല്ല് കൃഷി ചെയ്യുന്നു. സമുദ്ര നിരപ്പിൽ നിന്നും താഴ്ന്ന് സ്ഥിതിചെയ്യുന്ന ഫാമിൽ വിരിപ്പ് കൃഷിയുടെ കാലത്ത് കൃഷിഭൂമിയിൽ വെള്ളക്കെട്ട് ഭീഷണിയും, മുണ്ടകൻ കൃഷിയുടെ അവസാനഘട്ടത്തിൽ പ്രദേശത്ത് ഉപ്പുവെള്ള ഭീഷണിയും നിലനിൽക്കുന്നുണ്ട്. ഫാമിനോട് ചേർന്ന് ഒഴുകുന്ന കരുവന്നൂർ പുഴയിലേക്ക് കൃഷി സ്ഥലത്തു നിന്നും മഴക്കാലത്ത് അധികജലം പമ്പ് ചെയ്ത് കളയുന്നതിന് 30HP, 20HP എന്നിവയുടെ മോട്ടാർ സ്ഥാപിച്ചിട്ടുണ്ട്. എങ്കിലും ഈ രണ്ട് മോട്ടോറുകളും ഒരേ സമയം പ്രവർത്തിപ്പിക്കാൻ നിലവിൽ സാധിക്കുന്നില്ല. ആവശ്യമായ ജലനിയന്ത്രണ/വിനിയോഗ സംവിധാനങ്ങൾ ഏർപ്പെടുത്തിയാൽ വിരിപ്പ്, മുണ്ടകൻ എന്നിങ്ങനെ രണ്ട് വിളകൾ ഓരോ വർഷവും കൃഷി ചെയ്ത് ഉൽപ്പാദനം വർദ്ധിപ്പിക്കാൻ സാധിക്കുമെങ്കിലും കഴിഞ്ഞ കുറേ വർഷങ്ങളായി ഒരുവിള കൃഷി മാത്രമാണ് ഫാമിൽ ചെയ്തു വരുന്നത്.

ഫാമിന്റെ പ്രവർത്തനത്തിനായി 16 സ്ഥിരം തൊഴിലാളികളും, രണ്ട് താൽക്കാലിക തൊഴിലാളികളും, സീനിയർ കൃഷി ഓഫീസർ, കൃഷി അസിസ്റ്റന്റ്, ക്ലർക്ക്, ഓഫീസ് അറ്റൻഡന്റ്, പാർട് ടൈം സ്വീപ്പർ എന്നിങ്ങനെ ആകെ 23 ജീവനക്കാരുണ്ട്. ഫാമിന്റെ ഓഫീസ് കെട്ടിടം പ്രവർത്തിക്കുന്നത് കാലപഴക്കം ചെന്നതും അപകട ഭീഷണി നേരിടുന്നതുമായ ഓടിട്ട പഴയ ക്വാർട്ടേഴ്സ് കെട്ടിടത്തിലാണ്.

വരവ് -ചെലവ്, ഉൽപാദന കണക്കുകൾ

വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

നിലവിൽ ഫാം നേരിടുന്ന പ്രശ്നങ്ങൾ

1.ഓഫീസ് കെട്ടിടത്തിന്റെ ശോചനീയാവസ്ഥ/സുരക്ഷിതമായ ഓഫീസ് കെട്ടിടത്തിന്റെ

അഭാവം.

2.ഫാമിന്റെ ചുറ്റം കമ്പിവേലി ഇല്ലാത്തത്,

3. മഴക്കാലത്തെ വെള്ളക്കെട്ട് നിയന്ത്രിക്കാൻ സാധിക്കാത്തത്,

4.വേനലാരംഭത്തിൽ മുതൽ ഉപ്പുവെള്ളം കയറുന്നത് നിയന്ത്രിക്കാൻ സാധിക്കാത്തത്,

5.വർഷം മുഴുവൻ ശുദ്ധജല ലഭ്യത ഉറപ്പുവരുത്താൻ കഴിയാത്തത്,

6.ആവശ്യത്തിന്പോളീഹൌസുകൾ ഇല്ലാത്തത്,

7.ഫലപ്രദമായ ഡ്രിപ്പ് ഇറിഗേഷൻ സൌകര്യങ്ങൾ ഇല്ല,

8.ആവശ്യത്തിന് ഇറിഗേഷൻ പൈപ്പ് ലൈനുകൾ ഇല്ലാത്തത്.

മേൽ സൂചിപ്പിച്ചവ പരിഹരിക്കേണ്ട പ്രശ്നങ്ങളാണ്. ഓരോ വർഷവും പദ്ധതി രൂപീകരണ സമയങ്ങളിൽ ഇത്തരം ആവശ്യങ്ങൾ ജില്ലാ പഞ്ചായത്തിന്റെ ശ്രദ്ധയിൽ പെടുത്തുന്നതായി ഫയൽ രേഖപെടുത്തിയിട്ടുണ്ടെങ്കിലും പ്രശ്നങ്ങൾ നിലവിൽ പരിഹരിക്കപെട്ടിട്ടില്ല.

ആഭ്യന്തര നിയന്ത്രണം, രജിസ്റ്ററുകളുടെ പരിപാലനം .

1.ഫാമിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല. ജീവനക്കാരുടെ ചുമതലകളും, ഉത്തരവാദിത്വങ്ങളും സംബന്ധിച്ച ഓഫീസ് ഉത്തരവുകൾ സൂക്ഷിച്ചിട്ടില്ല/പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2.ഫാമുകളിൽ സൂക്ഷിക്കേണ്ടതായ രജിസ്റ്ററുകൾ സംബന്ധിച്ച് കൃഷി വകുപ്പ് 26.06.2020 ന് പുറപ്പെടുവിച്ച TH(1)16813/20 സർക്കുലർ പ്രകാരമുള്ള രജിസ്റ്ററുകൾ സ്ഥാപനത്തിൽ സൂക്ഷിക്കുന്നില്ല.

3.നിലവിലുള്ള സുപ്രധാന രജിസ്റ്ററുകളായ ഫാം പ്രൊഡ്യൂസ് രജിസ്റ്റർ, ഹാർവെസ്റ്റ് രജിസ്റ്റർ, ടി.ഡി.എസ്.ആർ, വളങ്ങളും കീടനാശിനികളും രജിസ്റ്റർ എന്നിവ 2019-20 ന ശേഷം അപ്ഡേഷൻ നടത്താതെയും 2020-21 സാമ്പത്തിക വർഷത്തെ മെയിന്റൻസ് ഗ്രാന്റിനത്തിൽ ചെലവഴിച്ച 4 ലക്ഷം രൂപയുടെ ചെലവുകളുടെ വിവരം ബന്ധപ്പെട്ട രജിസ്റ്ററുകളിൽ സ്റ്റോക്ക് എൻട്രി നടത്താതെയും, വൌച്ചറുകളിൽ സ്റ്റോക്ക് എൻട്രി സർട്ടിഫിക്കറ്റ് രേഖപ്പെടുത്താതെയും സൂക്ഷിക്കുന്നതായി പരിശോധനയിൽ കണ്ടു.

4. തനതുഫണ്ടിനത്തിൽ ചെലവഴിച്ച 207769 രൂപയുടെ ചെലവുരേഖകൾ പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല. (14.03.2022 ന് നടത്തിയ പ്രാദേശിക പരിശോധനയിൽ 31ാം നമ്പറായി ഓഡിറ്റ് എൻക്വയറി നൽകിയിട്ടുണ്ട്.) രേഖകൾ ഹാജരാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

ഉൽപാദന വർധന ഉറപ്പാക്കാനുള്ള മാർഗ്ഗങ്ങൾ .

നിലവിലുള്ള നെൽവിത്തുൽപാദനം, തൈങ്ങിൻ തൈ ഉൽപാദനം എന്നിവയ്ക്ക് പുറമെ ജാതി, മാവ്, കശുമാവ് എന്നിവയുടെ ഗ്രാഫ്റ്റ് ഉൽപാദനം, പേര, നാരകം എന്നിവയുടെ ലെയറുകൾ, ജൈവകൃഷിക്കാവശ്യമായതും കൃഷിഭവനുകൾ വഴി വിതരണം ചെയ്യുന്നതുമായ പഞ്ചഗവ്യം, ഫിഷ് അമിനോ ആസിഡ് എന്നിവയുടെ നിർമ്മാണം, പച്ചക്കറി തൈകൾ, കുരുമുളക് തൈകൾ എന്നിങ്ങനെ വിവിധങ്ങളായ നടീൽ വസ്തുക്കളുടെ ഉൽപാദനം നടത്തുന്നതിന് ഫാം ലക്ഷ്യമിട്ടിരുന്നു.

നിലവിലെ മാനവ വിഭവ ശേഷി ഉപയോഗിച്ച് ഇത്തരത്തിൽ ഉൽപാദനം വർധിപ്പിക്കാൻ ഫാമിന് സാധിക്കുമെങ്കിലും ഇതിനാവശ്യമായ കാര്യക്ഷമമായ നടപടികൾ സ്വീകരിച്ചിട്ടില്ല. നിലവിൽ ഒരു വിള കൃഷി മാത്രമേ നെല്ലുൽപാദനം നടക്കുന്നുള്ളുവെന്നതിനാൽ നെൽകൃഷി സാധ്യമാകാത്ത കാലയളവിൽ ലഭ്യമായ മാനവ വിഭവ ശേഷി ഉപയോഗിച്ച് ആവശ്യമായ നടീൽ വസ്തുക്കൾ നിർമ്മിച്ച് ഫാമിന്റെ വരുമാനം വർധിപ്പിക്കാൻ സാധിക്കുമെങ്കിലും കാര്യക്ഷമമായ ഇടപെടലിന്റെ അഭാവം മൂലം മറ്റ് ഫാമുകളുമായി താരതമ്യം ചെയ്യുമ്പോൾ എടത്തിരുത്തി ഫാമിൽ നടീൽ വസ്തുക്കളുടെ ഉൽപാദനവും വിപണനവും കുറവാണെന്ന കാണുന്നു.

പരിഹാരമാർഗ്ഗങ്ങൾ .

1. കിഴക്കു നിന്നും പടിഞ്ഞാറ് ഭാഗത്തേക്ക് ചരിവായികിടക്കുന്ന നെൽ പാടത്തിന്റെ പടിഞ്ഞാറ് ഭാഗത്ത് മഴക്കാലത്ത് കേന്ദ്രീകരിക്കുന്ന അധിക ജലത്തെ കരുവന്നൂർ പുഴയിലേക്ക് പുറം തള്ളുന്നതിന് സാധിക്കുന്ന വിധത്തിൽ കിഴക്ക് ഭാഗത്ത് സ്ഥിതിചെയ്യുന്ന പമ്പ് ഹൌസ് വരെ കണക്ഷൻ തോട് നിർമ്മിച്ച് അധിക

ജലത്തെ പുറം തള്ളുന്നത് വഴി വിരിപ്പ് കൃഷി നടത്താൻ സാധിക്കും. ആവശ്യമായ ശാസ്ത്രീയ ജല നിർഗ്ഗമന- സംവിധാനങ്ങൾ ഏർപ്പെടുത്തി രണ്ട് വിള കൃഷി നടത്തുന്നതിനും നെൽ വിത്തുൽപാദനം വർധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം.

2. വേനൽക്കാലാരംഭത്തിൽ (ഡിസംബർ-ജനുവരി മാസങ്ങളിൽ വേലിയേറ്റം മൂലം പുഴയിൽ നിന്നും ഓരുജലം (Saline Water) അരിച്ചിറങ്ങുന്നത് മൂലം (Infiltration) ഫാമിലെ ശുദ്ധജലസ്രോതസ്സുകളിൽ ഉപ്പിന്റെ അംശം വർധിക്കുന്നതിനാൽ മുണ്ടകൻ കൃഷിയുടെ സമയത്ത് ആവശ്യമായ ശുദ്ധജലം ലഭിക്കാത്ത സ്ഥിതിവിശേഷമുണ്ട്. ഇത് പരിഹരിക്കുന്നതിന് ഭൂഗർഭജലവുമായി ഇടകലരാത്ത രീതിയിൽ ഫാമിൽ നിലവിലുള്ള കുളത്തിന്റെ മാതൃകയിൽ മഴവെള്ളം സംഭരിക്കാവുന്ന കൃത്രിമ മഴവെള്ള/ ജലസംഭരണികൾ (Reservoir) നിർമ്മിക്കുന്നതിനുള്ള സാധ്യത പരിശോധിക്കണം. നിലവിലെ മത്സ്യോൽപാദനം വർധിപ്പിക്കുന്നതിനും, മറ്റ് കൃഷികൾക്ക് കൂടി പ്രയോജനപ്പെടുന്ന രീതിയിൽ ശുദ്ധജലലഭ്യത ഉറപ്പുവരുത്തുന്നതിന് ഇത് സഹായകമാവും.

3.കൃഷിയിടങ്ങളിൽ കന്നുകാലികൾ പ്രവേശിക്കുന്നതും, അനധികൃത കടന്നുകയറ്റം തടയുന്നതിനും, ജില്ലാപഞ്ചായത്ത് ഫാമിന്റെ ഭൂമിയിലെ കയ്യേറ്റം തടയുന്നതിനും അതിർത്തികളിൽ പൂർണമായി കമ്പിവേലികൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കണം. ഫാമിന്റെ കൈവശ ഭൂമിയുടെ ഉടമസ്ഥത സംബന്ധിച്ച റവന്യൂരേഖകൾ ശേഖരിക്കുന്നതിനും, സ്കെച്ച് തയ്യാറാക്കുന്നതിനും നടപടി സ്വീകരിക്കണം.

4. ഉൽപാദന വർധന ഉറപ്പാക്കുന്നതിന് ആവശ്യമായ പോളിഹൌസുകൾ, ഡ്രിപ് ഇറിഗേഷൻ സംവിധാനങ്ങൾ, ജലസേചനത്തിനാവശ്യമായ പൈപ്പ് ലൈനുകൾ എന്നിവ സ്ഥാപിച്ച് മുഴുവൻ സമയ നടീൽ വസ്തുക്കളുടേയും, വിത്തുകളുടേയും ഉൽപാദനം, ഗ്രാഫ്റ്റിംഗ്, ലെയറിംഗ് എന്നിവ നടത്തുന്നതിനും, നവീന കൃഷിരീതികൾ പരിചയപ്പെടുത്തുന്നതിനാവശ്യമായ പ്രദർശന പ്ലോട്ടുകൾ സജ്ജീകരിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കണം. ഇക്കാര്യത്തിൽ പ്രാവർത്തികമാക്കാൻ കഴിയുന്ന പദ്ധതികളുടെ സാധ്യത പരിശോധിക്കണം. ഡി.പി.ആർ തയ്യാറാക്കണം.

5. രജിസ്റ്ററുകളും രേഖകളുടെയും സൂക്ഷിപ്പ്, ഇൻവോയ്സ് പ്രകാരമുള്ള വിൽപ്പനകളിൽ സമയബന്ധിതമായി പണം ലഭിക്കുന്നുണ്ടോയെന്നത്, രജിസ്റ്ററുകളിൽ സമയബന്ധിതമായ രേഖപ്പെടുത്തൽ നടത്തുന്നത്, വരവ്-ചെലവ് കണക്കുകളുടെ തയ്യാറാക്കൽ, പണം ഒടുക്കൽ, കാർഷികോൽപാദനം, വാങ്ങലുകളുടേയും/വിനിയോഗത്തിന്റേയും അളവ് സ്റ്റോക്ക് രജിസ്റ്ററുകളിൽ രേഖപ്പെടുത്തുന്നത്, (Stock Entry), മാനവ വിഭവശേഷിയുടെ കൃത്യമായ വിനിയോഗം എന്നിവ യഥാവിധി പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്. ഇതിനായി ഫാമിന്റെ പ്രവർത്തനം സംബന്ധിച്ച് കൃത്യമായ ഇടവേളകളിൽ ജില്ലാപഞ്ചായത്ത്/ കൃഷി വകുപ്പിന്റെ പരിശോധന/മോണിറ്ററിംഗ് ആവശ്യമാണ്.

6.ഫാമിന്റെ ശരിയായ പ്രവർത്തിന് ആവശ്യമായ സുരക്ഷിതമായ ഫാം ഓഫീസ്, തൊഴിലാളികൾക്ക് വിശ്രമ കേന്ദ്രം, കാർഷിക യന്ത്രങ്ങൾ, ഒന്നിലധികം മോട്ടോറുകൾ ഒരേ സമയം പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ കപ്പാസിറ്റിയുള്ള കണക്ഷൻ ലൈനുകൾ/ട്രാൻസ്ഫോർമർ, നടീൽ വസ്തുക്കൾ ഉൽപാദിപ്പിക്കുന്നതിനും, കേടുകൂടാതെ സൂക്ഷിക്കുന്നതിനും ആവശ്യമായ സംവിധാനങ്ങൾ എന്നിവ സ്ഥാപിച്ച് ഫാമിനെ ആധുനികവൽക്കരിക്കുന്നതിനും 50 വർഷം പിന്നിട്ട ഫാമിന്റെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിനും ആവശ്യമായ പ്രോജക്ടുകൾ ആവിഷ്കരിക്കുന്നതിനും നടപ്പാക്കുന്നതിനും നടപടി സ്വീകരിക്കണം. ഇക്കാര്യത്തിൽ ജില്ലാപഞ്ചായത്ത് വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-16 സംസ്ഥാന വിത്തുല്പാദന കേന്ദ്രം, കോടശ്ശേരി

1961ൽ പ്രവർത്തനമാരംഭിച്ച കോടശ്ശേരി സംസ്ഥാന വിത്തുൽപ്പാദന കേന്ദ്രം കോടശ്ശേരി ഗ്രാമ പഞ്ചായത്തിലെ ചട്ടിക്കുളം എന്ന പ്രദേശത്ത് സ്ഥിതി ചെയ്യുന്നു. ഗുണമേന്മയുള്ള വിത്തുകളും മറ്റു നടീൽ വസ്തുക്കളും ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് സീഡ് ഫാം സ്ഥാപിച്ചിട്ടുള്ളത്. ആകെയുള്ള 8.28 ഹെക്ടറിൽ 7.6 ഹെക്ടർ സ്ഥലത്താണ് കൃഷി ചെയ്യുന്നത്. 5.3ഹെക്ടർ നെൽകൃഷിയും 2.3ഹെക്ടർ പുരയിടകൃഷിയും ചെയ്തുവരുന്നു.

ഒരു സീനിയർ കൃഷി ഓഫീസർ, ഒരു കൃഷി അസിസ്റ്റന്റ്, ഒരു ക്ലർക്ക്, ഒരു ഓഫീസ് അസിസ്റ്റന്റ് എന്നിങ്ങനെ തസ്തികകളുണ്ടെങ്കിലും നിലവിൽ കൃഷി അസിസ്റ്റന്റ്, ക്ലർക്ക് തസ്തികകൾ ഒഴിവാണ്. 22 സ്ഥിരം തൊഴിലാളികളും 18 താൽക്കാലിക തൊഴിലാളികളും ഫാമിലുണ്ട്. 5.3ഹെക്ടർ സ്ഥലത്തെ വിരിപ്പ്, മുണ്ടകൻ

സീസണിലുള്ള നെൽകൃഷിയിലൂടെ നെൽവിത്ത് ഉത്പാദനമാണ് പ്രധാന പ്രവർത്തനം. പച്ചക്കറി, കുരുമുളക് , തെങ്ങ്, എന്നിവയും കൃഷിചെയ്യുന്നുണ്ട്. ചെറിയതോതിൽ ജാതിക്ക, അടക്ക, വാഴ, മഞ്ഞൾ എന്നിവയും കൃഷിചെയ്യുന്നുണ്ട്. സംയോജിത കൃഷിയുടെ ഭാഗമായി 200 താറാവ്, 90കോഴി, 13ആട് എന്നിവയെ വളർത്തുന്നുണ്ട്.

യന്ത്രവത്കൃത കൊയ്ത്തും അനുബന്ധപ്രവർത്തനങ്ങളും ഈ വർഷം ആരംഭിച്ചതിനാൽ വിരിപ്പ്, മുണ്ടകൻ കൃഷിപ്പണികൾ കാലതാമസം കൂടാതെ അവസാനിപ്പിച്ചശേഷം ഒഴിവായിക്കിടക്കുന്ന നെൽപ്പാടത്ത് വേനൽക്കാല പച്ചക്കറിക്കൃഷി ആരംഭിക്കാനുദ്ദേശിക്കുന്നതായി സീനിയർ കൃഷി ഓഫീസർ അറിയിച്ചു.

ഉൽപാദന കണക്കുകൾ

| ഇനം (പ്രധാനപ്പെട്ടവ) | 2016-17 | 2017-18 | 2018-19 | 2019-20 | 2020-21 |
|---|---|---|---|---|---|
| നെൽവിത്ത് (കിലോഗ്രാം) | 20195 | 29131 | 24810 | 22855 | 19410 |
| പച്ചക്കറി വിത്തുകൾ (കിലോഗ്രാം) | 77 | 21.2 | 13.3 | 5 | 1 |
| പച്ചക്കറി തൈകൾ (എണ്ണം) | -- | 88637 | 66500 | 126250 | 149667 |
| കുരുമുളക് തൈകൾ (എണ്ണം) | 28000 | 36050 | 16500 | 26200 | 21060 |
| തെങ്ങിൻതൈ(എണ്ണം) | 2306 | 2680 | 2741 | -- | -- |
| തേങ്ങ(എണ്ണം) | 11133 | 9004 | 11149 | 13511 | 8469 |

വരവ് -ചെലവ് കണക്കുകൾ

| വർഷം | 2017-18 | 2018-19 | 2019-20 | 2020-21 |
|---|---|---|---|---|
| വരവ്(ജില്ലാ പഞ്ചായത്തിൽ അടവാക്കിയത്) | 15,45,813 | 15,09,414 | 16,98,369 | 24,07,824 |
| ചെലവ് (ശമ്പളം ഉൾപ്പെടെ) | 10666184 | 12710611 | 13932411 | 13651204 |
| ജില്ലാ പഞ്ചായത്ത് പദ്ധതി ചെലവുകൾ | 4,05,726 | 8,54,024 | 10,00,000 | 10,00,000 |
| ശമ്പളം ഒഴികെയുള്ള ചെലവുകൾ | 207000 | 267000 | 390000 | 2188291 |

ആഭ്യന്തര നിയന്ത്രണം, രജിസ്റ്ററുകളുടെ പരിപാലനം .

ജീവനക്കാരുടെ അപര്യാപ്തത ഓഫീസ് പ്രവർത്തനത്തെ ബാധിക്കുന്നുണ്ടെങ്കിലും ഫാമിലെ കാഷ്ബുക്ക്, വിവിധ സ്റ്റോക്ക് രജിസ്റ്ററുകൾ, കളക്ഷൻ രജിസ്റ്റർ എന്നിവയിൽ രേഖപ്പെടുത്തലുകൾ നടത്തിയിട്ടുണ്ട്. രജിസ്റ്ററുകൾ യഥാസമയം പരിശോധിച്ച് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. ജീവനക്കാരുടെ ഉത്തരവാദിത്തം/കടമകൾ എന്നിവ സംബന്ധിച്ച ജോലിവിഭജന രേഖ തയ്യാറാക്കി സൂക്ഷിക്കണം, ഫാം കൌൺസിൽ യോഗങ്ങൾ യഥാസമയം ചേരുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

നിലവിൽ ഫാം നേരിടുന്ന പ്രശ്നങ്ങൾ

1.നെൽപ്പാടം എ,ബി,സി,ഡി എന്നിങ്ങനെ ബ്ലോക്കുകളായി തിരിച്ചിട്ടുണ്ട്, ആയതിന് ചുറ്റുമതിൽ/വേലിഇല്ല.

നെൽപ്പാടം ഒഴികെയുള്ള കരഭൂമിയുടെ മുൻഭാഗത്തും ഒരു വശത്തും മാത്രമാണ് മതിൽ ഉള്ളത്.

2.ഉൾപ്രദേശമായതിനാൽ ഫാമുൽപ്പന്നങ്ങൾ വിറ്റഴിക്കുന്നത് എളുപ്പമല്ല. വെളിച്ചെണ്ണ, മഞ്ഞൾപ്പൊടി, അച്ചാർ, ഉപ്പേരികൾ തുടങ്ങിയ മറ്റ് മൂല്യവർദ്ധിതഉല്പന്നങ്ങൾ എന്നിവ ഉത്പാദിപ്പിക്കുമ്പോൾ അവ കാലപ്പഴക്കം വരാതെ വില്പന നടത്തേണ്ടതുണ്ട്.

3. ഓഫീസ് ജീവനക്കാരുടെ അപര്യാപ്തത – ആകെയുള്ള നാലിൽ, രണ്ട് തസ്തികകൾ ഒഴിവായിക്കിടക്കുന്നു

4.ഓഫീസിന്റെയും ഫാമിന്റെയും ഇൻഫ്രാസ്ട്രക്ചർ സൌകര്യങ്ങൾ മെച്ചപ്പെടുത്തണം

5.മത്സ്യകൃഷി ആരംഭിക്കാനായിട്ടില്ല

പരിഹാര മാർഗ്ഗങ്ങൾ .

1 ഫാമിന്റെ അതിർത്തി അളന്ന് തിട്ടപ്പെടുത്തി അതിരുകളിൽ പൂർണമായി സംരക്ഷണ വേലി/മതിൽ സ്ഥാപിക്കണം.

2. സാമ്പിൾ മത്സ്യകൃഷി നടത്തിയത് വിജയിച്ചിട്ടുള്ള സാഹചര്യത്തിൽ വിപുലമായ തോതിൽ മത്സ്യകൃഷി ആരംഭിക്കാൻ നടപടികൾ സ്വീകരിക്കണം. 40സെന്റ് വിസ്തൃതിയുള്ള കുളമുണ്ട്, ആയത് സൈഡ് കെട്ടി വൃത്തിയാക്കി മത്സ്യകൃഷി തുടങ്ങാവുന്നതാണ്.

3.സംയോജിത കൃഷിയുടെ ഭാഗമായി 90 മുട്ടക്കോഴി, 200 താറാവുകളിൽ നിന്നായി ദിനം പ്രതി മുട്ടകൾ ലഭിക്കുന്നുണ്ട്. മുട്ടക്കോഴികളിൽ നിന്നും കുറഞ്ഞ ചെലവിൽ വരുമാനം ലഭിക്കുന്നുണ്ട്. അധികമായി മുട്ടക്കോഴികളെ വളർത്തുന്നതിന് നടപടി സ്വീകരിക്കണം. 13ആടുകളിൽ നിന്നായി കുറഞ്ഞ അളവിൽ ആട്ടിൻപാൽ വിൽപ്പനക്ക ലഭിക്കുന്നുണ്ട്. ആട്, മുട്ടക്കോഴി, താറാവ് വളർത്തൽ കൂടുതൽ ശാസ്ത്രീയമായി വിപുലീകരിച്ച് വരുമാന വർധനവിന് സാധ്യതയുണ്ടോയെന്ന് പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കണം.

4.അതിരപ്പിള്ളി, വാഴച്ചാൽ, തുമ്പൂർമുഴി തുടങ്ങിയ ടൂറിസ്റ്റ് കേന്ദ്രങ്ങൾക്ക് സമീപപ്രദേശത്താണ് ഫാം സ്ഥിതിചെയ്യുന്നത് എന്നതിനാൽ ഫാമിനെ കൂടുതൽ ആകർഷകവും സൌകര്യപ്രദവുമാക്കുന്നത് വഴി ഫാം ടൂറിസം വികസിപ്പിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിക്കാവുന്നതാണ്. ഫാം കോമ്പൌണ്ടിലുള്ള ജീർണ്ണാവസ്ഥയിലുള്ള കൃഷി ഓഫീസറുടെ ക്വാർട്ടേഴ്സ് പൊളിച്ച് ബഹുനിലകെട്ടിടം പണിത് ക്വാർട്ടേഴ്സ് എന്നതിനൊപ്പം ടൂറിസ്റ്റ് ആവശ്യങ്ങൾക്കുള്ള റെസ്റ്റ് ഹൌസ് ആയും ഉപയോഗപ്പെടുത്താമെന്നും, പ്രകൃതി രമണീയമായ സ്ഥലമായതിനാൽ ഏറുമാടം പണിയുന്നതു സഞ്ചാരികളെ ആകർഷിക്കുമെന്നും സീനിയർ കൃഷി ഓഫീസർ അഭിപ്രായപ്പെട്ടു.

5.വേനൽക്കാല പച്ചക്കറി കൃഷിക്കുള്ള സാധ്യത പരമാവധി ഉപയോഗപ്പെടുത്തണം

6.ഫാമുൽപ്പന്നങ്ങളുടെ വില്പന കൂട്ടുന്നതിന് വേണ്ട സെയിൽസ് കൌണ്ടർ സൌകര്യങ്ങൾ ഒരുക്കണം.

7.ജീവനക്കാരുടെ അപര്യാപ്തത പരിഹരിക്കണം, ഒഴിഞ്ഞുകിടക്കുന്ന തസ്തികകളിൽ നിയമനം നടത്തണം.

8.ഓഫീസ് കെട്ടിടം, വളം ഗോഡൌൺ, കന്നുകാലി ഷെഡ് തുടങ്ങിയ കെട്ടിടങ്ങളിലെ അറ്റകുറ്റപ്പണികൾ നടത്തി അടിസ്ഥാനസൌകര്യങ്ങൾ മെച്ചപ്പെടുത്തണം

മേൽ സൂചിപ്പിച്ച അപാകതകൾ പരിഹരിക്കുന്നതിനും വരുമാനം വർധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിൽ ജില്ലാപഞ്ചായത്ത് ഭരണ സമിതിയുടെയും വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-17 ഇരിങ്ങാലക്കുട കോക്കനട്ട് നഴ്സറി

തൃശ്ശൂർ ജില്ലാ പഞ്ചായത്തിന്റെ കീഴിൽ ഇരിങ്ങാലക്കുട നഗരസഭയിലെ ചന്തക്കുന്നിൽ കൊടുങ്ങല്ലൂർ-തൃശ്ശൂർ സംസ്ഥാന പാതയിൽ നിന്നും 250 മീറ്റർ ദൂരത്തായി ഇരിങ്ങാലക്കുട തെങ്ങിൻ തൈ നഴ്സറി പ്രവർത്തിക്കുന്നു. നടവരമ്പ് സംസ്ഥാന വിത്തുൽപാദന കേന്ദ്രത്തിന്റെ ഉപകേന്ദ്രമായി പ്രവർത്തിച്ചു വന്നിരുന്ന നഴ്സറിയുടെ പ്രവർത്തനം പിന്നീട് കൃഷിവകുപ്പിന്റെ അഗ് മാർക്ക് ലാബിന്റെ ചുമതലുള്ള കൃഷി അസിസ്റ്റന്റ് ഡയറക്ടർക്ക് കൈമാറുകയുണ്ടായി. 2.2 ഹെക്ടർ പ്രദേശത്ത് സ്ഥിതിചെയ്യുന്ന തെങ്ങിൻ തൈ നഴ്സറി കോംപൌണ്ട് ചുറ്റുമതിൽ കെട്ടി സംരക്ഷിച്ചിട്ടുണ്ട്. കൃഷി വകുപ്പിന്റെ നിയന്ത്രണത്തിലുള്ള അഗ് മാർക്ക് ലാബ്, മിത്ര കീട ഉൽപാദന കേന്ദ്രം, കൃഷിഭവൻ, കൃഷി അസിസ്റ്റന്റ് ഡയറക്ടർ എന്നിവരുടെ ഓഫീസുകൾ, മൂന്ന് ക്വാർട്ടേഴ്സുകൾ, കോക്കനട്ട്

നഴ്സറി ഓഫീസിനായി ജില്ലാ പഞ്ചായത്ത് നിർമ്മിച്ച പുതിയ കെട്ടിടം എന്നിവയും ഈ കോംപൌണ്ടിൽ സ്ഥിതി ചെയ്യുന്നു.

നഴ്സറിയുടെ പ്രവർത്തനം .

ജില്ലയിലെ തെരഞ്ഞെടുത്ത കർഷകരുടെ തോട്ടങ്ങളിൽ നിന്നും കാർഷിക വികസന-കർഷക ക്ഷേമ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ചാവക്കാട്, അയ്യന്തോൾ, നാട്ടിക എന്നീ സീഡ് ഡെവലപ്മെന്റ് യൂണിറ്റുകളുടെ മേൽനോട്ടത്തിൽ കൃത്രിമ പരാഗണം നടത്തി ഉൽപാദിപ്പിക്കുന്ന സങ്കരയിനം, നാടൻ വിത്തുതേങ്ങകൾ സംഭരിച്ച് DxT, TxD, CGTxWCT(Chavakkad Green Dwarf X West Cost Tall) തുടങ്ങിയ സങ്കരയിനങ്ങളും, ചെന്തെങ്ങ്(Chavakkad Orange Dwarf), നാടൻ തെങ്ങ്(West Cost Tall) തുടങ്ങിയവ ഇനങ്ങളുടേയും ഗുണമേൻമയുള്ള തെങ്ങിൻ തൈകൾ നഴ്സറിയിൽ ഉൽപാദിപ്പിക്കുന്നു. ആറു മാസം പ്രായമെത്തിയ സങ്കരയിനം തൈകളിൽ നിന്നും, ഒൻപത് മാസം പിന്നിട്ട നാടൻ ഇനങ്ങളിൽ നിന്നും ഗുണമേന്മയുള്ള തൈകളെ വേർതിരിച്ചെടുത്താണ് കർഷകർക്ക് നൽകുന്നത്.

കെട്ടിടങ്ങൾ, റോഡ് എന്നിവ കഴിച്ച് 1.2 ഹെക്ടർ പ്രദേശം മാത്രമാണ് നിലവിൽ തെങ്ങിൻ തൈകളുടെ ഉൽപാദനത്തിനായി ഉപയോഗയോഗ്യമായിട്ടുള്ളത്. നഴ്സറിയിൽ ഉൽപാദിപ്പിക്കുന്ന തെങ്ങിൻ തൈകൾ നിലവിൽ 'കേര-കേരളം സമൃദ്ധ കേരളം' പദ്ധതിയുടെ ഭാഗമായി കോക്കനട്ട് കൌൺസിൽ വഴി വിവിധ കൃഷി ഭവനുകൾക്ക് വിൽപ്പന നടത്തുകയും വരവ് തുക ജില്ലാ പഞ്ചായത്തിൽ അടവാക്കുകയും ചെയ്യുന്നു.

| വർഷം | വിത്തു തേങ്ങ സംഭരിച്ചത് | തെങ്ങിൻ തൈ ഉൽപാദനം | ജില്ലാ പഞ്ചായത്തിൽ അടവാക്കിയ തുക | ഫാം ചെലവുകൾ (ശമ്പള ചെലവ് ഉൾപ്പെടെ) | ജില്ലാ പഞ്ചായത്ത് ചെലവഴിച്ചത് |
|---|---|---|---|---|---|
| 2016-17 | 56778 | 40592 | 3882346 | 1919339 | 252673 |
| 2017-18 | 46878 | 33987 | 3575548 | 2195579 | 284807 |
| 2018-19 | 50024 | 28094 | 4634204 | 2703938 | 418610 |
| 2019-20 | 63344 | 32293 | 1022844 | 2815534 | 315762 |
| 2020-21 | 83100 | 44119 | 8168916 | 3091998 | 400000 |
| 2021-22 | 109860 | 56467 | - | - | - |

നിലവിലെ പ്രതിസന്ധികൾ .

1.ഉയർന്ന ടാർജറ്റ് -കൃഷി വകുപ്പ് ഡയറക്ടർ ഓരോ വർഷവും നിശ്ചയിച്ച് നൽകുന്ന ടാർജറ്റ് പ്രകാരമാണ് നഴ്സറിയിൽ തൈകൾ ഉൽപാദിപ്പിക്കുന്നത്. 2028 വരെ ഒരു കോടി തെങ്ങിൻ തൈകൾ വിതരണം ചെയ്യുന്ന സംസ്ഥാന സർക്കാരിന്റെ കേര കേരളം-സമൃദ്ധകേരളം പദ്ധതിയുടെ ഭാഗമായി നഴ്സറിയിൽ സംഭരിക്കേണ്ട/ഉൽപാദിപ്പിക്കേണ്ട തെങ്ങിൻ തൈകളുടെ ടാർജറ്റ് വർഷം തോറും വർധിപ്പിച്ച് നൽകുന്നതായി കാണുന്നുണ്ട്.

| വർഷം | ടാർജറ്റ് |
|---|---|
| 2018-19 | 50000 |
| 2019-20 | 63500 |
| 2020-21 | 83100 |
| 2021-22 | 120000 |
| 2022-23 | 135000 |

എന്നാൽ ഇത്തരത്തിൽ ഉൽപാദനം വർധിപ്പിക്കുന്നതിനാവശ്യമായ തൊഴിലാളികൾ, ഉൽപാദനം നടത്താനാവശ്യമായ സ്ഥലം എന്നിവ നിലവിൽ നഴ്സറിയിൽ ഇല്ല.

2.സങ്കരയിനങ്ങൾ അധികമായി ഉൽപാദിപ്പിക്കാൻ സാധിക്കാത്തത്-സങ്കരയിനം തൈകൾക്ക് 250

രൂപയും, നാടൻ തൈകൾക്ക് 100 രൂപയുമാണ് നിലവിൽ കോക്കനട്ട് കൗൺസിൽ നൽകുന്ന വില. 50,000സങ്കരയിനം തെങ്ങിൻ തൈകൾ 2022-23 വർഷത്തിൽ ഉൽപാദിപ്പിച്ച് നൽകുന്നതിന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും സ്ഥല പരിമിതിയും തൊഴിലാളികളുടെ കുറവും മൂലം അതിന് സാധിക്കാത്ത സ്ഥിതിവിശേഷമാണുള്ളത്. തന്മൂലം സങ്കരയിനം വിത്തുതേങ്ങകൾ സംഭരിക്കുന്നതിനും, തൈകൾ ഉൽപാദിപ്പിക്കുന്നതിനും സാധിക്കാത്തതിനാൽ കുറഞ്ഞ കാലയളവിൽ അത്യുൽപാദനശേഷിയുള്ള സങ്കരയിനം തെങ്ങിൻ തൈകൾ ഉൽപാദിപ്പിച്ച് വിതരണം ചെയ്യുന്നതിനു സാധിക്കുന്നില്ലെന്നു മാത്രമല്ല നാടൻ ഇനങ്ങൾ കൂടുതലായി ഉൽപാദിപ്പിക്കുന്നതിനാൽ വരുമാനത്തിൽ ഗണ്യമായ കുറവ് വരും വർഷങ്ങളിൽ ജില്ലാ പഞ്ചായത്തിനുണ്ടാകുന്നതിനും സാധ്യതയുണ്ട്. സങ്കരയിനം തൈകളുടെ ഉൽപാദനം വർധിപ്പിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിക്കേണ്ടതാണ്.

3.സ്ഥലപരിമിതി-കോക്കനട്ട് മാന്വൽ പ്രകാരം ഗുണമേന്മയുള്ള തൈകൾ ലഭിക്കുന്നതിന് വിത്തു തേങ്ങകൾ തമ്മിൽ കുറഞ്ഞത് 30 സെന്റീമീറ്ററും, വരികൾ തമ്മിൽ 40 സെന്റീമീറ്ററും ബെഡുകൾ തമ്മിൽ 75 സെന്റീമീറ്ററും അകലം പാലിക്കേണ്ടതും, സമൃദ്ധമായ സൂര്യപ്രകാശം ലഭിക്കുന്ന സ്ഥലങ്ങളിൽ ബെഡുകൾ തയ്യാറാക്കേണ്ടതുമുണ്ട്. നഴ്സറിയിലെ ലഭ്യമായ 1.2 ഹെക്ടർ പ്രദേശത്തെ നിലവിൽ 2000 മുതൽ 10,100 വരെ വിത്തു തേങ്ങകൾ നടാവുന്ന ബെഡുകൾ ഉള്ള 19 ബ്ലോക്കുകളായി തിരിച്ചിട്ടുണ്ട്. 2000 തേങ്ങകൾ നടുന്നതിനുള്ള ബെഡുകൾ മാത്രമാണ് ഓഡിറ്റ് പരിശോധനാ സമയത്ത് നഴ്സറിയിൽ ഒഴിഞ്ഞ് കിടക്കുന്നത്. 2022-23 വർഷത്തെ ടാർജറ്റായ 1.35 ലക്ഷത്തിൽ നിലവിൽ 60,000ൽ അധികം വിത്തുതേങ്ങകൾ 2022 മാർച്ച് വരെ സംഭരിച്ചിട്ടുണ്ട്. നഴ്സറിയിൽ ഉൽപാദിപ്പിച്ച തെങ്ങിൻ തൈകൾ കോക്കനട്ട് കൗൺസിൽ മുഖേന വിതരണം ചെയ്താൽ മാത്രമാണ് പുതിയതായി പ്ലാന്റിംഗ് നടത്തുന്നതിന് സാധിക്കുകയുള്ളൂ.

ബെഡുകൾ തമ്മിലുള്ള അകലം കുറച്ച് വിത്തുകൾ പാകിയും, ബെഡുകൾ തയ്യാറാക്കാൻ കഴിയാത്ത സ്ഥലങ്ങളിൽ പോളി ബാഗുകളിലും, സൂര്യ പ്രകാശം കുറവ് ലഭിക്കുന്ന സ്ഥലങ്ങളിൽ വിത്തുകൾ പാകിയും ഉൽപാദനം വർധിപ്പിക്കാൻ നിർബന്ധിതമായ അവസ്ഥയിലാണ് കോക്കനട്ട് നഴ്സറി. ഇങ്ങിനെ ഉൽപാദനം വർധിപ്പിക്കാൻ ശ്രമിക്കുമ്പോൾ ശരിയായ വളർച്ച ലഭിക്കാത്ത നിലവാരം കുറഞ്ഞ തെങ്ങിൻ തൈകൾ കൂടുതലായി ഉണ്ടാകാനും അവയെ കള്ളിംഗ് എന്ന പ്രക്രിയയിലൂടെ നശിപ്പിച്ചു കളയേണ്ട സ്ഥിതിയും ഉണ്ടാകാനിടയുണ്ട്. ഗുണനിലവാരം നിലനിർത്തി ഉൽപാദനം ക്രമീകരിക്കാനാവശ്യമായ പ്രായോഗിക നടപടികൾ സ്വീകരിക്കേണ്ടതാണ്.

4.ഫാം കൗൺസിൽ രൂപീകരിക്കാത്തത് -നിലവിൽ കോക്കനട്ട് നഴ്സറിക്ക് സ്വതന്ത്രമായ ഒരു ഫാം കൗൺസിൽ ഇല്ല. നടവരമ്പ് സീഡ് ഫാമിന്റെ ഫാം കൗൺസിലാണ് കോക്കനട്ട് നഴ്സറിയുടെ പ്രവർത്തനങ്ങളിൽ നിലവിൽ ഇടപെടുന്നത്. എന്നാൽ സീഡ് ഫാമിൽ നിന്നും വ്യത്യസ്തമായി പ്രവർത്തിക്കുന്ന സ്വതന്ത്ര സ്ഥാപനമെന്ന നിലയിൽ കോക്കനട്ട് നഴ്സറിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും, ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനും ഗുണപരമായ തീരുമാനങ്ങൾ എടുക്കുന്നതിനും, നിലവിലെ പ്രതിസന്ധികൾ പരിഹരിക്കുന്നതിനാവശ്യമായ ഇടപെടലുകൾ നടത്തുന്നതിനും ഫാം കൗൺസിൽ ആവശ്യമാണ്. ഇത് രൂപീകരിക്കുന്നതിനാവശ്യപ്പെട്ട് 01.07.2021 ന് പ്രിൻസിപ്പൽ കൃഷി ഓഫീസർക്ക് കത്ത് നൽകിയിരുന്നുവെങ്കിലും ഇക്കാര്യത്തിൽ മറുപടി ലഭിച്ചിട്ടില്ല. കൈമാറിക്കിട്ടിയ സ്ഥാപനമെന്ന നിലയിൽ നഴ്സറിയുടെ ആവശ്യങ്ങൾ അനുഭാവ പൂർവ്വം പരിഗണിക്കുന്നതിന് ഇക്കാര്യത്തിൽ ജില്ലാ പഞ്ചായത്ത് വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

5.തൊഴിലാളികളുടെ /ജീവനക്കാരുടെ അഭാവം- കോക്കനട്ട് മാന്വൽ പ്രകാരം നഴ്സറിയിൽ സംഭരിക്കുന്ന സങ്കരയിനം തേങ്ങകൾ 15 മുതൽ 30 ദിവസത്തിനുള്ളിലും നാടൻ തേങ്ങകൾ പരമാവധി ആറു മാസത്തിനുള്ളിലും പ്ലാന്റിംഗ് ബെഡുകളിൽ നടണം. എങ്കിൽ മാത്രമേ ഗുണമേന്മയുള്ള തൈകൾ ലഭിക്കുകയുള്ളൂ. ഡിസംബർ മുതൽ മേയ് മാസം വരെ ശേഖരിക്കുന്ന വിത്തുതേങ്ങകൾ നിശ്ചിത കാലയളവിനുള്ളിൽ നട്ടുതീർക്കുന്നതിന് ആവശ്യമായ തൊഴിലാളികൾ നഴ്സറിയിൽ ഇല്ല. നിലവിൽ 5 സ്ഥിരം തൊഴിലാളികൾ, ഒരു താൽക്കാലിക തൊഴിലാളി എന്നിവരാണ് സ്ഥാപനത്തിലുള്ളത്.

നഴ്സറിയിലെ പാകമായ തൈകളുടെ വിതരണം സാധാരണ ഗതിയിൽ നടക്കുന്നത് ജൂൺ-ജൂലായ് മാസങ്ങളിലാണ്. ഗുണമേന്മയുള്ള തൈകൾ ഇളക്കിമാറ്റി ടാഗ് ചെയ്ത് ബെഡുകൾ തയ്യാറാക്കുന്നതിനും, ഡിസംബർ മുതൽ മേയ് വരെ സംഭരിക്കുന്ന വിത്തു തേങ്ങകൾ എത്രയും വേഗം പ്ലാന്റിംഗ് നടത്തുന്നതിനും

യഥാർത്ഥത്തിൽ ജൂൺ മുതൽ ഡിസംബർ വരെ കാലയളവിലേക്ക് അധിക തൊഴിലാളികളെ നഴ്സറിയിൽ ആവശ്യമാണ്. ആകെയുള്ള ആറ് തൊഴിലാളികളെ ഉപയോഗിച്ച് നിലവിലുള്ള ഒരു ലക്ഷത്തിലധികം തെങ്ങിൻ തൈകളെ പറിച്ച് മാറ്റി വിതരണത്തിന് തയ്യാറാക്കാനും അത്ര തന്നെ വിത്തു തേങ്ങകൾ അടുത്ത വർഷത്തേക്കുള്ള സംഭരണം ആരംഭിക്കുന്ന ഡിസംബറിനു മുൻപായി നട്ടു തീർക്കുന്നതിനും സാധ്യമല്ല. നിലവിൽ ആറുമാസത്തിലധികം സമയമെടുത്താണ് നടീൽ പൂർത്തീകരിക്കുന്നത്. ഈ സാഹചര്യത്തിൽ കർഷകരിൽ നിന്നും 70-75 രൂപ നിരക്കിൽ കൃഷി വകുപ്പ് സംഭരിക്കുന്ന വിത്തു തേങ്ങകൾ ഡോർമൻസി കാലയളവായ ആറുമാസത്തിനുള്ളിൽ പൂർണ്ണമായി നട്ടു തീർക്കാനാവാത്തതു മൂലം വിത്തുകളുടെ അങ്കുരണശേഷി (Germination Capacity) കുറയാനും, വിത്തുതേങ്ങകൾ നശിച്ചു പോകാനും ഉള്ള സാഹചര്യം നിലനിൽക്കുന്നുണ്ട്. ഇത്തരം സാഹചര്യങ്ങളിൽ മറ്റു ഫാമുകളിൽ നിന്ന് താൽക്കാലികമായി കുറഞ്ഞ കാലയളവിലേക്ക് തൊഴിലാളികളെ അനുവദിക്കാറുണ്ടെങ്കിലും മറ്റ് ഫാമുകളിലെ ജോലിഭാരം കൂടി കണക്കിലെടുത്തു മാത്രമേ ഇത്തരത്തിൽ ഷിഫ്റ്റിംഗ് നടത്തുകയുള്ളു എന്നതിനാൽ ഇക്കാര്യത്തിൽ ചില പ്രായോഗിക ബുദ്ധിമുട്ടുകൾ നിലനിൽക്കുന്നതായി കാണുന്നു.

മുൻ വർഷങ്ങളെ അപേക്ഷിച്ച് ഉൽപാദനം ക്രമാനുഗതമായി വർധിച്ചു വരുന്ന സാഹചര്യത്തിലും ജില്ലാ പഞ്ചായത്തിന് മികച്ച വരുമാനം നൽകുന്ന സ്ഥാപനമെന്ന നിലയിലും നിലവിലെ ജോലിഭാരം പരിഗണിച്ച് മറ്റു ഫാമുകളിൽ നിന്ന് സ്ഥിരം തൊഴിലാളികളുടെ തസ്തിക ഭരണവകുപ്പിന്റെ അനുമതിക്ക് വിധേയമായി മറ്റ് ഫാമുകളിൽ നിന്ന് വർക്ക് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ ഷിഫ്റ്റ് ചെയ്തോ/താൽക്കാലിക തൊഴിലാളികളെ നിശ്ചിത കാലയളവിലേക്ക് അനുവദിച്ചോ സ്ഥിരമായി കുറച്ച് തൊഴിലാളികളെ ജോലിഭാരം കൂടിയ സമയത്ത് നഴ്സറിക്കു ലഭിക്കുന്ന വിധത്തിലുള്ള ക്രമീകരണം ഉണ്ടാക്കേണ്ടതുണ്ട്.

നഴ്സറിയുടെ പ്രവർത്തനത്തിനായി ഒരു കൃഷി അസിസ്റ്റന്റ്, വാച്ച്മാൻ എന്നിവരാണ് ഉള്ളത്. നടവരമ്പ് സീഡ് ഫാമിന്റെ ഘടകസ്ഥാപനമായി പ്രവർത്തിച്ചിരുന്ന നഴ്സറിയുടെ ചുമതല നിലവിൽ അഗ് മാർക്ക് ലാബിന്റെ കൃഷി അസിസ്റ്റന്റ് ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. കഴിഞ്ഞ മൂന്ന് വർഷങ്ങളിലായി ശരാശരി 45-50 ലക്ഷം രൂപയുടെ വാർഷിക വരുമാനം നഴ്സറിയിൽ നിന്നും ജില്ലാ പഞ്ചായത്തിന് ലഭിക്കുന്നുണ്ട്.

ജില്ലാ പഞ്ചായത്തിന് തനതു വരുമാനം നൽകുന്നതിൽ കാര്യക്ഷമമായ പങ്ക് വഹിക്കുന്ന സ്ഥാപനമാണ് ഇരിങ്ങാലക്കുട തെങ്ങിൻ തൈ നഴ്സറി. ജീവനക്കാരുടെ ശമ്പളചെലവുകൾ, വിത്തു തേങ്ങകൾ സംഭരിക്കുന്നതിനുള്ള ചെലവുകൾ എന്നിവ സർക്കാർ വഹിക്കുന്നതിനാൽ അറ്റകുറ്റപണികൾക്കും കാർഷിക-അനുബന്ധ നിത്യ നിദാന ചെലവുകൾക്കായി മറ്റു ഫാമുകളെ അപേക്ഷിച്ച് ജില്ലാ പഞ്ചായത്തിന് ഓരോ വർഷവും വളരെ കുറഞ്ഞ തുക മാത്രമാണ് തെങ്ങിൻ തൈ നഴ്സറിക്കായി ചെലവഴിക്കേണ്ടി വരുന്നത്. അതേ സമയം ഈ സ്ഥാപനത്തിന് സർക്കാർ നിശ്ചയിച്ച് നൽകുന്ന ടാർജറ്റുകൾ പ്രകാരം ഉൽപാദനം നടത്തുന്നതിന് ആവശ്യമായ തൊഴിലാളികൾ ഇല്ലാത്തതിനാൽ ഉൽപാദനം വർധിപ്പിക്കാൻ സാധിക്കാത്തതും, ഉയർന്ന വില ലഭിക്കുന്ന സങ്കരയിനം തൈകൾ ഉൽപാദിപ്പിക്കാൻ കഴിയാത്തതും ഭാവിയിൽ ജില്ലാ പഞ്ചായത്തിന് ലഭിക്കുന്ന വരുമാനം കുറയുന്നതിന് കാരണമാകാം. ആയതിനാൽ ജോലിഭാരം കൂടിയ ജൂൺ മുതൽ ഡിസംബർ വരെയുള്ള കാലയളവിലെങ്കിലും ആവശ്യമായ തൊഴിലാളികളെ താൽക്കാലികമായി നിയമിക്കുന്നതിന്/ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുകയും, തൊഴിലാളികളുടെ/ജീവനക്കാരുടെ കുറവ് പരിഹരിക്കുന്നതിനായി സ്ഥിരം ജീവനക്കാരുടെ തസ്തിക അനുവദിക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപെടുത്തുന്നതിനും ആവശ്യമായ നടപടികൾ ജില്ലാപഞ്ചായത്ത് ഭരണസമിതിയുടെ ഭാഗത്തു നിന്നും ഉണ്ടാകേണ്ടതാണ്.

## 1-18 ഫാമുകൾ നേരിടുന്ന പൊതുവായ പ്രശ്നങ്ങൾ

1.ഫാം വികസനത്തിനായി ആവിഷ്കരിക്കുന്ന ജില്ലാപഞ്ചായത്തിന്റെ പല പദ്ധതികളും/ഫാമുകളിൽ യഥാസമയം നടത്തേണ്ട അറ്റകുറ്റപണികളും സമയബന്ധിതമായി നടക്കുന്നില്ല. പദ്ധതി പ്രവർത്തനങ്ങളിലെ കാലതാമസം ഫാമുകളുടെ ഉൽപാദനശേഷിയേയും പ്രവർത്തനത്തേയും ബാധിക്കുന്നുണ്ട്. ആവിഷ്കരിക്കുന്ന പദ്ധതികളുടെ സമയബന്ധിതമായ നിർവ്വഹണം ഉറപ്പാക്കുന്നതിനാവശ്യമായ മോണിറ്ററിംഗ് മിക്കപ്പോഴും ഇല്ല.

2.ഫാമുകളുടെ ദൈനംദിന പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിന് നിലവിൽ ഫാം ഓഫീസർമാർ കയ്യിൽ നിന്ന് പണം ചെലവഴിക്കുകയും പിന്നീട് റീ ക്ലൂപ്പ് ചെയ്യുകയുമാണ് ചെയ്യുന്നത്. ദൈനം ദിന പ്രവർത്തനങ്ങൾ

നടത്തുന്നതിന് ഇംപ്രസ്റ്റായി 50,000/- രൂപ നിശ്ചയിച്ച് ജില്ലാപഞ്ചായത്ത് തീരുമാനമെടുത്തിരുന്നുവെങ്കിലും ഇത് നടപ്പാക്കാത്തത് മൂലം ഫാം ഓഫീസർമാർ പ്രതിസന്ധി നേരിടുന്നുണ്ട്. യഥാർത്ഥത്തിൽ ഇത്തരത്തിൽ തുക അനുവദിക്കുന്നതിന് പകരമായി 14.02.2018 ലെ സ.ഉ(കൈ)22/2018.ത.സ്വ.ഭ.വ മാർഗ്ഗരേഖ ഉത്തരവ് ഖണ്ഡിക 8.8 പ്രകാരം കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ കണ്ടിജൻസി ചെലവുകൾ നിർവ്വഹിക്കുന്നതിന് സാമ്പത്തികവർഷാരംഭത്തിൽ തന്നെ സ്ഥാപനമേധാവികൾ കണ്ടിജൻസി ചെലവുകളുടെ പട്ടിക തയ്യാറാക്കി സെക്രട്ടറിയ്ക്ക് നൽകുന്നതിനും, സെക്രട്ടറി ഒരു നടപടിക്രമ ഉത്തരവിലൂടെ തുക അനുവദിക്കുന്നതിനും, തുകയുടെ വിനിയോഗ സാക്ഷ്യപത്രം സെക്രട്ടറിയ്ക്ക് നൽകുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഇതു പ്രകാരം ആവശ്യമായ തുക ഘടകസ്ഥാപനങ്ങൾക്ക് മുൻകൂറായി അനുവദിക്കുകയാണെങ്കിൽ 4.10.2011 ലെ ജി.ഒ(പി)419/11/ധന ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി മൂന്നു മാസത്തിനുള്ളിൽ അഡ്വാൻസ് തുക ക്രമീകരിക്കേണ്ടതും അല്ലാത്തപക്ഷം പിഴ പലിശ ഈടാക്കേണ്ടതുമാണ്.(See Article.99- Kerala Financial Code Vol.I)

3.ഫാമുകളുടെ ഉടമസ്ഥത സംബന്ധിച്ച റവന്യൂരേഖകൾ ഒട്ടുമിക്ക ഫാമുകളിലും ഇല്ല. ഇത് മൂലം ഫാമുകളുടെ ഭൂമി കയ്യേറ്റംവഴി നഷ്ടപെടുന്നുണ്ട്. അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനും ഭൂമി തിരിച്ചുപിടിക്കുന്നതിനും രേഖകളുടെ അഭാവത്താൽ സാധിക്കുന്നില്ല.

4.മിക്ക ഫാമുകളുടെയും അതിർത്തികൾ ഫെൻസിംഗ് നടത്തി സംരക്ഷിച്ചിട്ടില്ല. ഇത് മൂലം വന്യമൃഗങ്ങൾ കൃഷി നശിപ്പിക്കുകയും, ഫാം ഉൽപ്പന്നങ്ങൾ കളവ് പോകുന്നതുമായ സ്ഥിതിവിശേഷമുണ്ട്.

5.മിക്ക ഫാമുകളിലും ജലക്ഷാമം രൂക്ഷമായതിനാൽ ഒന്നിലധികം വിള/വേനൽക്കാല കൃഷി നടത്തുന്നതിന് സാധിക്കുന്നില്ല. പദ്ധതി രൂപീകരണ സമയത്ത് ഫാമുകളുടെ ആവശ്യങ്ങൾ മുൻഗണനാടിസ്ഥാനത്തിൽ പരിഗണിക്കുന്നില്ല. സാധ്യമായ ജലസംരക്ഷണ പദ്ധതികൾ ആവിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കണം.

6.ഫാമിന്റെ ഭൂമി മറ്റ് ആവശ്യങ്ങൾക്കായി ഏറ്റെടുക്കുന്നത് മൂലം ഉപയോഗയോഗ്യമായ ഭൂമി നഷ്ടപ്പെടുന്നത് ഫാം ഉൽപ്പാദനത്തെ ബാധിക്കുന്നു.

7.ചില ഫാമുകളിലെ തൊഴിലാളികളുടെ കുറവ്, ആധുനിക കാർഷിക യന്ത്രങ്ങളുടെയും ട്രാൻസ്പോർട്ടേഷൻ വാഹനങ്ങളുടെയും അഭാവം എന്നിവയും ക്വാണ്ടം ഓഫ് വർക്ക് നടപ്പാക്കാനാവാത്തതും.

8.ഫാമുൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിന് ജില്ലാ തലത്തിൽ ഒരു സ്ഥിര സംവിധാനം ഇല്ല. ഫാമുൽപ്പന്നങ്ങൾ വിളവെടുക്കുന്ന സമയത്ത് വിറ്റഴിക്കുന്നതിന് നിലവിൽ പല ഫാം ഓഫീസർമാരും പ്രതിസന്ധികൾ നേരിടുന്നുണ്ട്. ഫാം ഉൽപ്പന്നങ്ങൾ വിറ്റഴിക്കാൻ സെയിൽസ് പ്രൊമോഷൻ സംവിധാനം ഇല്ലാത്തത്.

9.ഗുണമേന്മയില്ലാത്ത യന്ത്രങ്ങൾ ഫാമുകളിലേക്ക് വാങ്ങി നൽകുന്നതും, കാലാവധികഴിഞ്ഞ യന്ത്രങ്ങൾക്ക് പകരമായി പുതിയവ ലഭ്യമാക്കാത്തതും.

10.വരവ്-ചെലവ് കണക്കുകളിലെ ഭീമമായ അന്തരം കുറയ്ക്കുന്നതിനായി ഉൽപാദനം വർധിപ്പിക്കാൻ ബദൽ മാർഗ്ഗങ്ങൾ-സംയോജിത ഫാമിംഗ്/ഫാം ടൂറിസം സാധ്യതകൾ കണ്ടെത്താൻ സാധിക്കാത്തത്.

11.രജിസ്റ്ററുകളിൽ യഥാസമയം രേഖപ്പെടുത്തൽ നടത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കാത്തത്, ജില്ലാപഞ്ചായത്ത്/വകുപ്പ് തലത്തിൽ ആവശ്യമായ മോണിറ്ററിംഗ് ഇല്ലാത്തത്.

12.സംയോജിത ഫാമിങ്ങിന്റെ ഭാഗമായി പശുക്കൾ, പക്ഷികൾ, ആടുമാടുകൾ എന്നിവയെ വളർത്തുന്നയിടങ്ങളിൽ ഗ്രാമപഞ്ചായത്തിന്റെ വെറ്ററിനറി സർജന്റെ സേവനം ലഭിക്കാത്തത്.

മേൽ സൂചിപ്പിച്ച പൊതുവായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടികൾ ഉണ്ടാകണം. വിവിധ ഫാമുകളുടെ പ്രവർത്തനം വിലയിരുത്തുമ്പോൾ വരവും- ചെലവും തമ്മിൽ ഭീമമായ അന്തരം നിലനിൽക്കുന്നതായി കാണുന്നു. ആയതിനാൽ ഫാമുകളിലെ നിലവിലെ മാനവ വിഭവ ശേഷിക്കനുസൃതമായി ഫാമിന്റെ ഉൽപാദനം വർധിപ്പിക്കുന്നതിനുള്ള ആക്ഷൻ പ്ലാൻ തയ്യാറാക്കണം. ഇക്കാര്യത്തിൽ വികസന സ്റ്റാന്റിംഗ് കമ്മിറ്റി, ജില്ലാ പഞ്ചായത്ത് ഭരണ സമിതി എന്നിവരുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-19 പാണഞ്ചേരി സംസ്ഥാന വിത്തുല്പാദന കേന്ദ്രം - അർഹമായ വരവുകൾ ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

പാണഞ്ചേരി സംസ്ഥാന വിത്തുല്പാദന കേന്ദ്രത്തിലെ തൻവർഷത്തെ ഓഡിറ്റിന്റെ ഭാഗമായി രസീതി വരവ്, വരവുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കണ്ടെത്തിയ ഓഡിറ്റ് നിരീക്ഷണങ്ങൾ ഉപഖണ്ഡികകളായി ഉൾപ്പെടുത്തുന്നു.

1-19-1 പാണഞ്ചേരി സംസ്ഥാന വിത്തുല്പാദന കേന്ദ്രം - നെഫ്റ്റ് വഴി വരുന്ന എല്ലാ തുകകളും രശീത് ചെയ്യപ്പെട്ടിട്ടില്ല

2020-21 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി സ്ഥാപനത്തിലെ രശീതി വരവ്, ഒടുക്ക് എന്നിവയുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ പരിശോധിച്ചതിൽ NEFT വഴി ബാങ്കിൽ നേരിട്ട് വരുന്ന വരവുകൾക്ക് രശീതി എഴുതുന്നതിൽ കാലതാമസം നേരിടുന്നതായി കാണുന്നു.

NEFTവഴി വരുന്ന എല്ലാ തുകകൾക്കും രശീതി നൽകാതെ എവിടെ നിന്നാണെന്നും എന്തിന്റെ വരവാണെന്നും ഐഡന്റിഫൈ ചെയ്യുന്ന തുകകൾക്ക് മാത്രം രശീതി എഴുതുന്ന പ്രവണതയാണ് സ്ഥാപനത്തിൽ നിലനിൽക്കുന്നത്. ആയതിനാൽ കളക്ഷൻ രജിസ്റ്ററിൽ ചേർത്തിരിക്കുന്നതിൻ പ്രകാരം വില്പനയിലൂടെയുള്ള വരവിന്റെ കൃത്യത ഉറപ്പുവരുത്താൻ സാധ്യമല്ലാതെ വരുന്നു.

NEFTവഴി വരവു വന്നിട്ടുള്ള താഴെ പറയുന്ന തുകകൾ രശീത് ചെയ്യപ്പെട്ടിട്ടില്ലാത്തതാണ് . വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | തീയതി | തുക | റിമാർക്സ് |
|---|---|---|---|
| 1 | 05-06-2020 | 3700 | ADA കൊടകര |
| 2 | 05-11-2020 | 1325 | |
| 3 | 12-11-2020 | 1500 | |
| 4 | 23-11-2020 | 15900 | PAO തൃശ്ശൂർ |
| 5 | 01-12-2020 | 1250 | |
| 6 | 02-12-2020 | 800 | |
| 7 | 15-12-2020 | 1250 | |
| 8 | 23-02-2021 | 1650 | |
| 9 | 26-02-2021 | 1375 | |
| 10 | 15-03-2021 | 8000 | MHF കണ്ണാറ |
| 11 | 17-03-2021 | 1650 | |
| 12 | 17-03-2021 | 1425 | |
| 13 | 26-03-2021 | 1000 | |
| 14 | 30-03-2021 | 2500 | |
| 15 | 31-03-2021 | 1530 | |
| 16 | 31-03-2021 | 3701 | |
| 17 | 03-04-2021 | 20000 | |
| 18 | 06-09-2021 | 1633 | |
| 19 | 06-09-2021 | 1150 | |
| 20 | 26-10-2021 | 731 | |
| 21 | 28-10-2021 | 188 | |

തുകകൾ എത്രയും പെട്ടെന്ന് പരിശോധിക്കേണ്ടതും ജില്ലാപഞ്ചായത്തിൽ അടവാക്കേണ്ടവ കൃത്യമായി അടവാക്കേണ്ടതുമാണ്. കൃഷിഭവനകൾക്കും മറ്റ് സ്ഥാപനങ്ങൾക്കും ക്രെഡിറ്റ് സെയിലിൽ തൈകൾ /വിത്തുകൾ നൽകുമ്പോൾ തുക കൃത്യമായി ലഭിക്കുന്നുണ്ട് എന്നും, NEFT വഴി ആണെങ്കിൽ ഏത് സ്ഥാപനത്തിൽ നിന്നാണ് തുക ലഭ്യമാകുന്നത് എന്നത് സംബന്ധിച്ച് കൃത്യമായ മോണിറ്ററിംഗ് തന്നെ സ്ഥാപനത്തിൽ ഉണ്ടാകേണ്ടതുണ്ട്. അത്തരത്തിലുള്ള മോണിറ്ററിംഗ് പൂർണമല്ലാത്ത പക്ഷം സ്ഥാപനത്തിന ലഭിക്കേണ്ടതായിട്ടുള്ള തുകകൾ മുഴുവനം ലഭ്യമായോ എന്ന് ഉറപ്പു വരുത്താൻ സാധിക്കുകയില്ല.

ഓഡിറ്റ് അന്വേഷണം നം.3/4-12-2021 ന്റെ മറുപടിയിൽ ഇൻവോയിസ് നൽകിയതും തുക ലഭിക്കാത്തതുമായ

എല്ലാ ഓഫീസുകളെയും കത്തു മുഖേന ബന്ധപ്പെട്ടിരുന്നു, വിവരങ്ങൾ ലഭ്യമായാൽ ഓഡിറ്റിനെ അറിയിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.

തുക കൃത്യമായി ലഭിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുന്നതിന് ഫാമുകൾക്ക് ഏകീകൃതമായതും പ്രാവർത്തികമായതുമായ പരിഹാര നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-19-2 ക്രെഡിറ്റ് സെയിൽ നടത്തിയതിന്റെ തുക ഈടാക്കിയിട്ടില്ല

2020-21 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി സ്ഥാപനത്തിലെ ഇൻവോയിസ് രജിസ്റ്റർ പരിശോധിച്ചപ്പോൾ കൃഷിഭവനുകളിലേയ്ക്കും മറ്റ് സ്ഥാപനങ്ങളിലേയ്ക്കും വിത്ത്, തൈകൾ എന്നിവ ക്രെഡിറ്റ് സെയിൽ നടത്തിയ വകയിൽ ലഭിക്കേണ്ട തുകകൾ ലഭിച്ചതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ഇൻവോയിസ് നം./സപ്ലൈ ചെയ്ത തീയതി | കൃഷിഭവന്റെ /ഫാമിന്റെ പേര് | ആകെ തുക | അടവാക്കിയ തുക | രശീതി നം. | ലഭിയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| 1 | 74/SSF /2020-21 01-06-2020 | AO, പാണഞ്ചേരി | 3800 | 2850 | 48/877 | 950 |
| 2 | 79/SSF /2020-21 01-06-2020 | AO, നടത്തറ | 3800 | 0 | - | 3800 |
| 3 | 89/SSF /2020-21 11-11-2020 | AO, തൃശ്ശൂർ | 7500 | 6350 | 92/862 | 1150 |
| 4 | 125/SSF /2020-21 01/2021 | AO, അയ്യന്തോൾ | 3150 | 1500 | 50/877 | 1650 |
| 5 | 154/SSF /2020-21 02/2021 | AO, വിൽവെട്ടം | 2000 | 0 | - | 2000 |
| 2020-21 സാമ്പത്തിക വർഷത്തിലെ ഇൻവോയിസുകൾ പ്രകാരം ലഭ്യമാകാൻ അവശേഷിക്കുന്ന തുക | | | | | | 9550 |

സ്ഥാപനത്തിൽ നിന്നും ക്രെഡിറ്റ് സെയിൽ നടത്തിയ മേൽ പട്ടികയിലെ ഇൻവോയ്സുകൾ പ്രകാരമുള്ള ചില തുകകൾ പൂർണ്ണമായും ചിലത് ഭാഗികമായും ലഭിക്കാനുള്ളതായിട്ടാണ് ഇൻവോയ്സ് രജിസ്റ്ററിന്റെ പരിശോധനയിൽ ബോധ്യമായിട്ടുള്ളത്. സ്ഥാപനത്തിനു ലഭിക്കാനുണ്ടായിരുന്ന 116660 രൂപയിൽ ഓഡിറ്റ് അന്വേഷണം (നം.25/28-02-2022) നൽകിയതിന്റെ അടിസ്ഥാനത്തിൽ 107110രൂപയും ക്രമീകരിച്ചിട്ടുണ്ട്. അവശേഷിക്കുന്ന 9550 രൂപയിൽ 06/2020 മാസം മുതലുള്ള ഇൻവോയിസുകളും ഉൾപ്പെടുന്നു എന്നതിനാൽ എത്രയും പെട്ടെന്ന് ആയത് പരിശോധിച്ച് തുകകൾ ലഭ്യമായിട്ടുണ്ടെങ്കിൽ രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തി ഓഡിറ്റിന് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

1-20 എടത്തിരുത്തി ഫാം - രസീതി പുസ്തകങ്ങൾ, രജിസ്റ്ററുകൾ, മറ്റ് രേഖകൾ കൈകാര്യം ചെയ്യുന്നതിലെ അപാകതകൾ, ചെലവുരേഖകൾ ഹാജരാക്കാത്തതിനാൽ 6,07,769 രൂപ തടസ്സപ്പെടുത്തുന്നു.

എടത്തിരുത്തി സംസ്ഥാന വിത്തുല്പാദന കേന്ദ്രത്തിലെ തൻവർഷത്തെ ഓഡിറ്റിന്റെ ഭാഗമായി ദൈനംദിനചെലവുകൾ, രസീതി വരവ്, വരവുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ, സ്റ്റോക്ക് രജിസ്റ്ററുകൾ എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കണ്ടെത്തിയ ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

1. 2011 – ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 20.2 (സി) പ്രകാരം കൈയ്യെഴുത്ത് സമ്പ്രദായത്തിൽ നൽകുന്ന രസീതുകൾ ഡബിൾസൈഡ് കാർബൺ ഉപയോഗിച്ച് എഴുതണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ എടത്തിരുത്തി വിത്തുല്പാദന കേന്ദ്രത്തിൽ ഉപയോഗിച്ച താഴെ പറയുന്ന

രസീതികളിൽ ഡബിൾസൈഡ് കാർബൺ ഉപയോഗിച്ചിട്ടില്ല.

| രസീതി ബുക്ക് നം. | രസീതി നം./തീയതി | തുക |
|---|---|---|
| 846 | 58/08-10-20 | 50 |
| | 76/08-10-20 | 2800 |
| | 77/08-10-20 | 2800 |
| 854 | 14/26-12-20 | 3600 |
| | 34/02-01-20 | 80 |

2. ക്രമ നം.1 ൽ പരാമർശിച്ച ചട്ടപ്രകാരം രസീതിയുടെ അസ്സൽ കാര്യാലയത്തിൽ സൂക്ഷിക്കേണ്ടതും ഡ്യൂപ്ലിക്കേറ്റ് പണം നൽകിയ ആൾക്ക് നൽകേണ്ടതുമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ രസീതി പുസ്തകം നം.872 ലെ രസീതി നം.67 ന്റെ അസ്സലും ഡ്യൂപ്ലിക്കേറ്റും രസീതി പുസ്തകത്തിൽ സൂക്ഷിച്ചിട്ടില്ല. പ്രസ്തുത രസീതി പ്രകാരം 20രൂപയുടെ കളക്ഷൻ ആണെന്ന് കളക്ഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും രസീതിയുടെ അസ്സൽ സൂക്ഷിക്കാത്തതിനാൽ തുകയുടെ കൃത്യത ഉറപ്പ് വരുത്താനായിട്ടില്ല.

3. രസീതി ബുക്ക് നം.846 ലെ രസീതി നം.39 മുതൽ 46 വരെയുള്ളവയിൽ ഏതെല്ലാം ഇനങ്ങളാണ് വില്പന നടത്തിയതെന്നതിന്റെ പൂർണ്ണമായ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല. രസീതി നം.39 മുതൽ 45 വരെയുള്ളവ ഫാം തൊഴിലാളികൾക്ക് തന്നെയാണ് നൽകിയിട്ടുള്ളത്. 'വിവിധ ഫാം ഉല്പന്നങ്ങൾ വാങ്ങിയ വകയിൽ എന്നാണ് രസീതിയിൽ രേഖപ്പെടുത്തിയിട്ടുള്ളത്.' ചില രസീതികളിൽ രസീതിയ്ക്ക മുകളിലായി കുറച്ച ഇനങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആകെ തുകയുമായി പൊരുത്തപ്പെടുന്നില്ല. രസീതികളിൽ കൃത്യമായ വിവരങ്ങൾ രേഖപ്പെടുത്താത്ത പക്ഷം എപ്രകാരമാണ് സ്റ്റോക്ക് പുസ്തകത്തിലെ രേഖപ്പെടുത്തലുകളും സ്റ്റോക്കിന്റെ കൃത്യതയും ഉറപ്പ് വരുത്തുന്നതെന്ന് വ്യക്തമല്ല.

4. റദ്ദ ചെയ്യുന്ന രസീതികളിൽ റദ്ദ ചെയ്യാനിടയായതിന്റെ കാരണം രേഖപ്പെടുത്തി ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തുന്നില്ല.

ഉദാ - 10/872, 18/872, 52/880

5. ഇൻവോയിസ് രജിസ്റ്റർ പ്രകാരം 2020-21 വർഷത്തിൽ ആകെ 27 ഇൻവോയിസ് നമ്പറുകൾ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ രസീത് നം.85/861 മുതൽ 100/861 വരെയും, രസീത് നം.1/872 മുതൽ 3/872 വരെയുള്ളവയിൽ 2020-21 വർഷം ഇഷ്യൂ ചെയ്ത ഇൻവോയിസുകൾ പ്രകാരമുള്ള വരവ് റസീപ്റ്റ് ചെയ്തതായി രേഖപ്പെടുത്തിയതിൽ 31 എണ്ണവും കാണുന്നുണ്ട്. പരിശോധനയ്ക്ക് ഹാജരാക്കിയ ഇൻവോയിസുകളുടെ നമ്പറുകളിൽ തിരുത്തലുകൾ വരുത്തിയിട്ടുമുണ്ട്.

6. ഒരു സാമ്പത്തിക വർഷത്തിൽ ഇഷ്യൂ ചെയ്യുന്ന ഇൻവോയിസുകൾ പ്രകാരം എത്ര തുക ലഭ്യമായി ഇനി ലഭ്യമാകാൻ അവശേഷിക്കുന്ന തുക എത്ര എന്നതിന്റെ കൃത്യമായ വിവരം സൂക്ഷിച്ചിട്ടില്ല.

7. റസീതു ചെയ്യപ്പെടുന്ന തുകകളിൽ ബാങ്കിൽ അടവാക്കുന്ന തുകയുടെ കൃത്യമായ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല

8.'Harvest & Stock Register Of Seeds & Seedlings & Farm Produces' രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ കാലികമാക്കി ആവശ്യമായ സാക്ഷ്യപ്പെടുത്തലുകൾ നടത്തുന്നില്ല. രജിസ്റ്ററിലെ പേജ് നം.63, 64, 65, 66, 67 ൽ നെൽവിത്തുകൾ സ്റ്റോക്കിൽ എടുത്ത തീയതി രേഖപ്പെടുത്തിയിട്ടില്ല. ആകെ ലഭിച്ച നെല്ല്, അതിൽ നിന്നും വിത്താക്കിയത് എത്ര? ആകെ ലഭിച്ച തേങ്ങ, ആയതിൽ നിന്നും ലഭിച്ച വെളിച്ചെണ്ണ എന്നിവയുടെ കണക്കുകൾ ആവശ്യപ്പെട്ടപ്പോൾ (ഓഡിറ്റ് അന്വേഷണം നം.32/14-03-2022) കൊയ്യുന്ന നെല്ല് മുഴവൻ സ്റ്റോക്കിൽ എടുക്കാതെ പാറ്റി വൃത്തിയാക്കി അവശിഷ്ടം ഒഴിവാക്കി വിത്താക്കി മാറ്റുന്ന നെല്ല് മാത്രമേ സ്റ്റോക്കിൽ എടുക്കാറുള്ളൂ, ഭാവിയിൽ സ്റ്റോക്കിൽ എടുക്കുന്നതാണ് എന്ന മറുപടിയാണ് ലഭ്യമാക്കിയത്. വെളിച്ചെണ്ണയുടെ കണക്കുകൾ പ്രത്യേകം സൂക്ഷിച്ചിട്ടുണ്ട് എന്ന് മറുപടിയിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.സ്റ്റോക്ക് രജിസ്റ്ററുകൾ കാലികമാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല. അതുപോലെ തന്നെ വർഷാവസാനം സ്റ്റോക്ക് പരിശോധിച്ച് ഉറപ്പ് വരുത്തി വർഷാന്ത്യ രേഖപ്പെടുത്തലുകൾ

നടത്തി സാക്ഷ്യപ്പെടുത്തുന്നില്ല.

9.ഫാമിന്റെ ദൈനംദിന ചെലവുകൾക്കായി 2020-21 സാമ്പത്തിക വർഷത്തെ മെയിന്റൻസ് ഗ്രാന്റിനത്തിൽ 4,00,000 രൂപയും തനതുഫണ്ട് 2,07,769 രൂപയും കൂടി ആകെ 6,07,769 രൂപ ചെലവഴിച്ചിട്ടുണ്ട്. മെയിന്റൻസ് ഗ്രാന്റിനത്തിൽ 4,00,000 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ട്രഷറി ബിൽ ക്രമ നം/ തിയതി | തുക |
|---|---|
| 1/ 17.9.20 | 130948 |
| 2/ 27.10.20 | 12077 |
| 3/ 25.11.20 | 12493 |
| 4/ 30.11.20 | 11618 |
| 5/ 21.12.20 | 29429 |
| 6/ 8.1.21 | 23449 |
| 7/ 17.2.21 | 46403 |
| 8/ 17.2.21 | 14651 |
| 9/ 17.3.21 | 33703 |
| 10/ 26.3.21 | 85229 |

മെയിന്റൻസ് ഗ്രാന്റിനത്തിൽ 4,00,000 രൂപയുടെ ചെലവു വൌച്ചറുകൾ പരിശോധിച്ചതിൽ ഫാമിലേക്കാവശ്യമായ വളം,വിത്തുകൾ,കൊയർ പിത്ത് കംപോസ്റ്റ്, തുടങ്ങിയ സാധനങ്ങൾ വാങ്ങിയതിന്റെ വിവരം ബന്ധപ്പെട്ട രജിസ്റ്ററുകളിൽ സ്റ്റോക്ക് എൻട്രി നടത്തുന്നില്ലെന്നും , വൌച്ചറുകളിൽ സ്റ്റോക്ക് എൻട്രി സർട്ടിഫിക്കറ്റ് രേഖപ്പെടുത്തുന്നില്ലെന്നും പരിശോധനയിൽ കണ്ടു.

ഉദാഹരണത്തിന് ട്രഷറി ബില്ല് 1 പ്രകാരം 50,056/- രൂപയ്ക്ക് വലപ്പാട് സർവ്വീസ് സഹകരണബാങ്കിൽ നിന്നും വാങ്ങിയ 36 Kg ഫാക്റ്റം ഫോസ് , 17 Kg യൂറിയ, 10 Kg പൊട്ടാഷ്, റോയ്ഡ്കോയിൽ നിന്നും 14000/- രൂപയ്ക്ക് വാങ്ങിയ 2000kg കൊയർ പിത്ത് കംപോസ്റ്റ്

ട്രഷറി ബില്ല് 8 പ്രകാരം കാട്ടൂർ സർവ്വീസ് സഹകരണബാങ്കിൽ നിന്നും 13901/-രൂപയ്ക്ക് വാങ്ങിയ 8 Bag ഫാക്റ്റം ഫോസ്, 3 Bag യൂറിയ, 3 Bag പൊട്ടാഷ്, 1 Bag നീം കെയ്ക്ക്, 1 Bag ബോൺ മീൽ

ട്രഷറി ബില്ല് 10 പ്രകാരം റോയ്ഡ്കോയിൽ നിന്നും 23631/- രൂപയ്ക്ക് വാങ്ങിയ 3375.85 Kg കൊയർ പിത്ത്കംപോസ്റ്റ് തുടങ്ങിയവയൊന്നും തന്നെ ബന്ധപ്പെട്ട സ്റ്റോക്ക് രജിസ്റ്ററുകളിൽ ചേർത്തിട്ടില്ല.

കമ്പോസ്റ്റ് വളങ്ങളും കീടനാശിനികളും സ്റ്റോക്ക് രജിസ്റ്റർ, Stock & Issue Register Of Seed Paddy,half Filled Grains & Straw തുടങ്ങിയവയിൽ 20-21 ൽ രേഖപ്പെടുത്തലുകളേയില്ല. ദൈനം ദിന ആവശ്യങ്ങൾക്കായി വാങ്ങുന്ന എല്ലാ വസ്തുക്കളും യഥാസമയം ബന്ധപ്പെട്ട സ്റ്റോക്ക് രജിസ്റ്ററുകളിൽ ചേർത്ത് വിനിയോഗം സംബന്ധിച്ച് രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തേണ്ടതാണ് . രേഖകളും രജിസ്റ്ററുകളും കൃത്യമായി തയ്യാറാക്കി പരിശോധനക്ക ലഭ്യമാക്കുന്നതു വരെ മെയിന്റൻസ് ഗ്രാന്റിനത്തിലെ മൊത്തം ചെലവുതുക 4,00,000 രൂപ തടസ്സപ്പെടുത്തുന്നു

10.തനതുഫണ്ടിനത്തിൽ ചെലവഴിച്ച 207769 രൂപയുടെ യാതൊരു ചെലവുരേഖകളും പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല.

ചെക്ക്നം 60223375/19.8.2020 , 124572/-

ചെക്ക്നം 5883546/31.3.2021 , 83197/- , ആകെ – 2,07,769 /-രൂപ

ചെലവുരേഖകൾ ഹാജരാക്കാത്തതിനാൽ 2020-21 വർഷത്തിൽ തനതുഫണ്ടിനത്തിൽ നിന്നും ചെലവഴിച്ച 2,07,769 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ആകെ തടസ്സപ്പെടുത്തുന്നത് 6,07,769 /-രൂപ.

രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടു കൊണ്ടും രേഖകൾ ഹാജരാക്കുന്നതിന് ആവശ്യപ്പെട്ടു കൊണ്ടും നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.32/14-03-2022) തൃപ്തികരമായ വിശദീകരണം

ഹാജരാക്കുകയോ ആവശ്യമായ രജിസ്റ്ററുകൾ/രേഖകൾ ഓഡിറ്റിന് പരിശോധനയ്ക്ക് ഹാജരാക്കുകയോ ചെയ്തിട്ടില്ല. അപാകതകൾ പരിഹരിക്കുന്നതിന് ആവശ്യമായ തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-21 എടത്തിരുത്തി ഫാമിൽ ഗേറ്റ് നിർമ്മാണം-പദ്ധതിലക്ഷ്യം നിറവേറ്റപ്പെടുന്നില്ല

പ്രൊജക്റ്റ് നം -497/21

നിർവ്വഹണം- അസി.എക്സിക്യൂട്ടിവ് എഞ്ചിനീയർ, കൃഷി

അടങ്കൽ:-മെയിന്റനൻസ്ഗ്രാന്റ് നോൺ റോഡ് - 1,00,000

പദ്ധതി ചെലവ് -ഉത്തരവ് നം എഇ(3)/1491/18/ തിയതി 30.3.2020 , 80147/-

കരാറുകാരൻ- കെ ടി ജോണി , കരാർ നം 32/2018-19/27.2.2019

അപാകതകൾ

A) അളവുപുസ്തകം 372 ൽ പ്രവൃത്തി ഓരോ ഇനവും അളവെടുത്ത് രേഖപ്പെടുത്തിയത് ചെക്ക് മെഷർ ചെയ്തിട്ടില്ല, കരാറുകാരൻ അളവുകൾ അംഗീകരിച്ചതായി രേഖപ്പെടുത്തിയിട്ടില്ല, ഫൈനൽ ബിൽ തയ്യാറാക്കിയത് നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

B) ഫാമിന്റെ പുറകിൽ താമസിക്കുന്ന സ്വകാര്യ വ്യക്തികൾക്ക് ഫാം കോമ്പൌണ്ടിന്റെ നടുവിലൂടെ വഴികൊടുത്തിരിക്കുന്നതായി കാണുന്നു. ഇപ്രകാരം ചെയ്യാനുണ്ടായ സാഹചര്യം വ്യക്തമല്ല.

C) അഞ്ചു തൂണുകളിലായി രണ്ട് ഇരുമ്പ് ഗേറ്റുകളാണ് സ്ഥാപിച്ചിരിക്കുന്നത്. എസ്റ്റിമേറ്റ് റിപ്പോർട്ടിൽ ക്വാർട്ടേഴ്സിന് ഗേറ്റ് നിർമ്മിക്കുന്ന പ്രവൃത്തി എന്നാണ് പറഞ്ഞിരിക്കുന്നത്. എന്നാൽ പ്രൊജക്റ്റ് ഫയലിലെ സൈറ്റ് പ്ലാൻ പ്രകാരം ക്വാർട്ടേഴ്സ് ഉള്ള കോമ്പൌണ്ടിനല്ല ഗേറ്റ് വച്ചിരിക്കുന്നത്. 14.3.2022 ന് ഓഡിറ്റ് ടീം ഫാം സന്ദർശിച്ചപ്പോൾ ഇക്കാര്യം വ്യക്തമായി.



ഫാം ഓഫീസിനു വശത്തായി റോഡിനോട് ചേർന്ന് കിടക്കുന്ന തെങ്ങിൻ തൈകളുള്ള ഭാഗത്ത് പറമ്പിന്റെ നടുവിലൂടെ ഒരു വഴിക്ക് സ്ഥലം വിട്ട് ആയതിന്റെ മുൻപിലുംപുറകിലുമായി ആണ് ഗേറ്റുകൾ സ്ഥാപിച്ചിട്ടുള്ളത്. പറമ്പിനു പുറകിൽ താമസിക്കുന്നവരുടെ ആവശ്യത്തിനായി ഈ ഗേറ്റുകൾ എല്ലായ്പ്പോഴും തുറന്നിടുന്നതായും ഫാം ജീവനക്കാരിൽ നിന്നും അറിയാനായി. കൂടാതെ കോമ്പൌണ്ട് വാൾ ഇല്ല. ഇക്കാരണങ്ങളാൽ പ്രസ്തുതഭാഗത്ത് ഗേറ്റ് സ്ഥാപിച്ചതുകൊണ്ട് യാതൊരു പ്രയോജനവും ഫാമിന് ലഭിക്കുന്നില്ല.



ഫാമിന്റെ പുറകിലെ ഗേറ്റ്



റോഡിന് അഭിമുഖമായുള്ള ഗേറ്റ്

ഫാമിന്റെ സുരക്ഷിതത്ത്വം വർദ്ധിപ്പിക്കുക എന്നതാണ് പ്രൊജക്റ്റിന്റെ ലക്ഷ്യം. പ്രൊജക്റ്റിന്റെ ലക്ഷ്യപ്രാപ്തിക്കുതകുന്ന വിധത്തിലല്ല നിലവിൽ ഈ ഗേറ്റുകൾ സ്ഥാപിച്ചിട്ടുള്ളത്. കൂടാതെ ഫാമിനു നടുവിലൂടെ സ്വകാര്യവ്യക്തികൾക്ക് വഴി സൌകര്യം അനുവദിച്ചതും ഫാമിന്റെ സുരക്ഷിതത്ത്വത്തെ പ്രതികൂലമായി ബാധിക്കുന്നതാണ്. ഇക്കാര്യങ്ങൾ അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. ഓഡിറ്റ് എൻക്വയറി 41/27.5.2022 മറുപടി ലഭ്യമാക്കിയിട്ടില്ല.

ഓരോ പ്രൊജക്റ്റിന്റെയും യുക്തി, ക്ഷമത, പ്രായോഗികത,നിയമസാധുത,വിജയസാധ്യത എന്നിവ പരിശോധിച്ച് ചർച്ച ചെയ്ത് ഉറപ്പാക്കുക, പ്രൊജക്റ്റുകളുടെ ഗുണമേന്മ ഉറപ്പുവരുത്തുക, പദ്ധതികളുടെ മോണിട്ടറിംഗ് നടത്തുക എന്നിവ വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലയാണ്. പദ്ധതി ആവിഷ്കരിക്കുമ്പോളും നടപ്പിലാക്കുമ്പോളും അതാത് വർക്കിംഗ് ഗ്രൂപ്പുകൾ ചുമതലകൾ നിറവേറ്റുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-22 ഇരിങ്ങാലക്കുട തെങ്ങിൻതൈ ഉല്പാദനകേന്ദ്രത്തിൽ നിർമ്മിച്ച ഓഫീസ് കെട്ടിടം ഉപയോഗയോഗ്യമാക്കിയിട്ടില്ല

പ്രൊജക്റ്റിന്റെ പേര് -ഇരിങ്ങാലക്കുട തെങ്ങിൻതൈ ഉല്പാദനകേന്ദ്രത്തിൽ ഓഫീസ് കെട്ടിടനിർമ്മാണം,

പ്രൊജക്റ്റ് നം -773/21

നിർവ്വഹണം- അസി.എക്സിക്യൂട്ടിവ് എഞ്ചിനീയർ,കൃഷി

അടങ്കൽ:-മെയിന്റനൻസ്ഗ്രാന്റ് നോൺ റോഡ് - 15,00,000+തനത് ഫണ്ട്- 10,00,000 , ആകെ = 25,00,000/-

പദ്ധതി ചെലവിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

I)ഉത്തരവ് നം എഇ(3)/507/18/ തിയതി 22.3.2019 , മെയിന്റനൻസ്ഗ്രാന്റ് , 303030/-

II)ഉത്തരവ് നം എഇ(3)/507/18/ തിയതി 21.1.2020 , മെയിന്റനൻസ്ഗ്രാന്റ് , 10,46,817/- (ട്രഷറി ബില്ല് ക്രമനം11,CB No 03/2019-20 / 17.5.20)

III)ഉത്തരവ് നം എഇ(3)/507/18(2)/ തിയതി 12.3.2021 , മെയിന്റനൻസ്ഗ്രാന്റ് , 1,50,000/- (ട്രഷറി ബില്ല് ക്രമനം31,CB No 17/2020-21 / 29.3.21)

IV)ഉത്തരവ് നം എഇ(3)/507/18(1)/ തിയതി 12.3.2021 , തനത് ഫണ്ട് , 5,73,973/- ( ചെക്ക് നം 5883517/26.3.201)

ആകെ ചെലവ് =മെയിന്റനൻസ്ഗ്രാന്റ് 14,99,847 +തനത് ഫണ്ട് 5,73,973 = 20,73,820/-

കരാറുകാരൻ- പി ഡി ജോയ് , കരാർ നം 13/2018-19/7.11.18

അപാകതകൾ

A) കരാർ വ്യവസ്ഥ 6 പ്രകാരം 6.3.2019 തിയതിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കേണ്ടതായിരുന്നു. വികസനകാര്യ സ്ഥിരം സമിതിയുടെ 21.4.2020 തിയതിയിലെ തീരുമാനം 2 പ്രകാരം കാലാവധി 30.4.2020 വരെ നീട്ടി നൽകിയിരുന്നു. 30.4.20നുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാത്ത പക്ഷം യഥാർത്ഥ കരാർ കാലാവധി തീരുന്ന ദിവസം മുതൽ നിയമാനുസൃത പിഴ ഈടാക്കും എന്ന നിബന്ധനയിലാണ് കാലാവധി നീട്ടിനൽകിയത്.

അളവുപുസ്തകം 339 പേജ് 47 പ്രകാരം പണി പൂർത്തീകരിച്ചത് (അവസാന അളവെടുത്തത്) 1.7.2020നാണ്. 30.6.2020 വരെ കാലാവധി നീട്ടിനൽകിയതിന് സാധൂകരണം ആവശ്യപ്പെട്ടുകൊണ്ട് കൃഷിഅസി.എക്സിക്യൂട്ടിവ് എഞ്ചിനീയർ, ജില്ലാപഞ്ചായത്ത് സെക്രട്ടറിക്ക് 20.8.20, 7.10.20 തിയതികളിൽ കത്തുകളയച്ചിട്ടുണ്ടെങ്കിലും തുടർനടപടികളുടെ വിവരം ഫയലിൽ ഇല്ല.

30.4.20നുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാത്തതിനാൽ വൈകി പണി പൂർത്തീകരിച്ചതിന് കരാറുകാരനിൽ നിന്നും കരാർ വ്യവസ്ഥപ്രകാരമുള്ള പിഴ ഈടാക്കാത്തതിന് കാരണം, കരാറുകാരന് 30.6.2020 വരെ കാലാവധി നീട്ടിനൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം എന്നിവ ലഭ്യമാക്കിയിട്ടില്ല.

B) എഡിഎ യുടെ റൂം, ഓഫീസ് റൂം, സ്റ്റോർ റൂം, കോണി മുറി, ശുചിമുറി എന്നിവയും (ആകെ 92.26 Sq M), ട്രസ്സ്

വർക്ക്, പ്ലംമ്പിംഗ്, മുറ്റം ടൈലിടൽ എന്നീ പണികളും കഴിഞ്ഞിട്ടുണ്ട്. കോക്കനട്ട് നഴ്സറി സീനിയർകൃഷി ഓഫീസർ 17.9.20തിയതിയിൽ കൃഷി എ.എക്സ്.ഇ ക്ക് അയച്ച സി.എൻ07/18-19 നമ്പർ കത്തുപ്രകാരം കെട്ടിടം വൈദ്യുതീകരിക്കാൻ നടപടികൾ കൈക്കൊള്ളണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ കെട്ടിടം നാളിതുവരെയായി വൈദ്യുതീകരിച്ചിട്ടില്ല. 17.3.2022 തിയതിയിൽ ഓഡിറ്റ് ടീം കോക്കനട്ട് നഴ്സറി സന്ദർശിച്ചപ്പോൾ വൈദ്യുതീകരിച്ചിട്ടില്ലാത്തതിനാൽ പുതിയ ഓഫീസ് കെട്ടിടം ഉപയോഗിച്ചുതുടങ്ങിയിട്ടില്ലെന്ന് കണ്ടു. ജൂലായ്/2020 ന് കെട്ടിടം പണി പൂർത്തീകരിച്ചിട്ടുള്ളതാണ്. കെട്ടിടം ഉപയോഗയോഗ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം, ഇല്ലെങ്കിൽ ആയതിന്റെ കാരണം എന്നിവ അറിയിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 40/25.5.2022 ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. പുതിയ ഓഫീസ് കെട്ടിടം ഉപയുക്തമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-23 വാടക കുടിശ്ശിക ഈടാക്കുന്നതിന് കാര്യക്ഷമമായ നടപടികൾ സ്വീകരിക്കുന്നില്ല

ജില്ലാ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ നിന്നും വാടക ഈടാക്കുന്നതുമായി ബന്ധപ്പെട്ട് വാടക രജിസ്റ്റർ പരിശോധിച്ചതിൽ 2021 മാർച്ച് 31 പ്രകാരം വിവിധ കടമുറികൾ, ഒല്ലൂർ ഹാച്ചറി എന്നിവയുടെ വാടകക്കാരിൽ നിന്നും 691225രൂപ കുടിശ്ശിക ഈടാക്കാൻ അവശേഷിക്കുന്നുണ്ട്. 2020 സാമ്പത്തിക വർഷാവസാനം ഇത് 447444 രൂപയായിരുന്നു. ഓഡിറ്റ് വർഷത്തിൽ കുടിശ്ശികയിൽ വർദ്ധനവ് ഉണ്ടായിരിക്കുകയാണ് എന്നതിനാൽ വാടക യഥാസമയം ഈടാക്കുന്നതിന് കാര്യക്ഷമമായ നടപടികൾ സ്വീകരിക്കുന്നില്ല എന്ന് വിലയിരുത്തുന്നു. 2021 മാർച്ച് 31 പ്രകാരമുള്ള കുടിശ്ശികയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | വാടകക്കാരൻ / റൂം നമ്പർ | മാസവാടക | വാടക കുടിശ്ശിക | | ആകെ കുടിശ്ശിക |
|---|---|---|---|---|---|
| | | | മുൻ വർഷങ്ങളിലെ | തൻവർഷം | |
| 1 | ബാലചന്ദ്രൻ തെക്കേമഠത്തിൽ TC /14/557/3,4 | 5295 | 219790 | 63540 | 283330 |
| 2 | എം എസ് ഗോപാലകൃഷ്ണൻ TC /15/557/5 | 2165 | 43300 | 25980 | 69280 |
| 3 | സുമ ഫിജോ TC /15/557/6 | 2165 | 12774 | 25980 | 38754 |
| 4 | സോമൻ കുറുവത്ത് TC /15/557/7,8 | 4325 | 0 | 38925 | 38925 |
| 5 | ഹേമലത ബാലചന്ദ്രൻ തെക്കേമഠത്തിൽ TC /557/9 | 4220 | 126796 | 50640 | 177436 |
| 6 | ഹാച്ചറി | 15000 | 0 | 72000 | 72000 |
| 7 | Other Rent (MIC സെന്റർ പുതുക്കാട്) | 2500 | 4000 | 7500 | 11500 |
| ആകെ കുടിശ്ശിക | | | 406660 | 284565 | 691225 |

*മേൽ കുടിശ്ശികയിൽ ശ്രീ.സോമൻ കുറവത്ത് 2022-23 വർഷത്തിൽ കുടിശ്ശിക മുഴുവനായും അടവാക്കിയിട്ടുണ്ട് എന്ന് ഓഡിറ്റ് അന്വേഷണത്തിന്റെ (നം.46/01-06-2022) മറുപടിയിൽ അറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് നിരീക്ഷണങ്ങളും നിർദ്ദേശങ്ങളും

1. കോവിഡ് -19 സാഹചര്യം മൂലം മേൽ പട്ടികയിലെ വാടകക്കാരിൽ ഒല്ലൂർ ഹാച്ചറിയ്ക്ക് ഏപ്രിൽ 2020 മുതൽ ജൂലൈ 2020 വരെ 4 മാസവും സോമൻ കുറുവത്ത് (റൂം നം.TC /15/557/7,8) – ന് ഏപ്രിൽ 2020 മുതൽ ജൂൺ 2020 വരെ 3 മാസവും വാടക ഇളവ് അനുവദിച്ച നൽകിയിട്ടുള്ളതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇളവനുവദിച്ച കാലയളവിനു ശേഷവും ഒല്ലൂർ ഹാച്ചറിയിൽ നിന്നും ബാക്കി തുക ഈടാക്കാത്ത സാഹചര്യമാണ് നിലനിൽക്കുന്നത് എന്നതിനാൽ ബൈലോ പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2. വാടകക്കാരുമായി ഏർപ്പെട്ടിട്ടുള്ള കരാർ, വാടക ഈടാക്കുന്നതുമായി ബന്ധപ്പെട്ട ബൈലോ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. മുൻ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ വാടക്കാരുമായി ഏർപ്പെട്ടിട്ടുള്ള കരാർ പുതുക്കുന്നതിനും, ബൈലോയിൽ കരാർ കാലാവധി സംബന്ധിച്ച വ്യക്തമായ വിവരങ്ങൾ ഉൾപ്പെടുത്തി നിയമാനുസൃതമാക്കുന്നതിനും നിർദ്ദേശിച്ചിരുന്നു. എന്നാൽ ജില്ലാ പഞ്ചായത്തിന്റെ വാടക ഈടാക്കുന്നതുമായി ബന്ധപ്പെട്ട ബൈലോ പുതുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു എന്നാണ് ഓഡിറ്റ് അന്വേഷണത്തിന്റെ മറുപടിയിൽ പറഞ്ഞിട്ടുള്ളത്. ബൈലോയിൽ വ്യക്തമായ നിബന്ധനകൾ ഉൾപ്പെടുത്തി പുതുക്കി നിയമാനുസൃതമാക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

3. മേൽ വാടകക്കാരിൽ ഒല്ലൂർ ഹാച്ചറിയുടെ മാത്രം ഫെബ്രുവരി 2021 മുതൽ കോൺട്രാക്ട് കാലാവധി അവസാനിച്ചതിനാൽ മാസവാടക 21000 രൂപയായി വർദ്ധിപ്പിച്ചിട്ടുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്.

മറ്റു വാടക്കാരുടെ മാസവാടക, ഹാജരാക്കിയ രജിസ്റ്റർ പ്രകാരം (2018-19 മുതലുള്ള വിവരങ്ങളാണ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളത്) 2018-19 വർഷത്തിലും ഇതേ മാസവാടക തന്നെയാണ് ഈടാക്കിയതായി കാണുന്നത്. മേൽ പട്ടികയിലെ നിരക്കുകൾ നിശ്ചയിച്ചിട്ടുള്ളത് ഏതെല്ലാം സമയത്താണെന്നും എത്ര വർഷത്തേയ്ക്കാണ് നിശ്ചയിച്ചു നൽകിയിട്ടുള്ളതെന്നും വ്യക്തമല്ല.

ഒല്ലൂർ ഹാച്ചറിയും ജില്ലാ പഞ്ചായത്തും കരാറിൽ ഏർപ്പെട്ടിട്ടുള്ളതിന്റെ പകർപ്പ് ലഭ്യമാണ് എന്ന് ഓഡിറ്റ് അന്വേഷണത്തിന്റെ മറുപടിയിൽ അറിയിച്ചിട്ടുണ്ട്. മറ്റ് വാടകക്കാരുമായി ഏർപ്പെട്ടിട്ടുള്ള കരാർ വിശദാംശങ്ങൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

4. വാടക കുടിശ്ശിക തീർക്കാത്തവരിൽ നിന്നും തുക ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുകയോ ബൈലോ പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ഹാജരാക്കുന്നതിന് ആവശ്യപ്പെട്ടുവെങ്കിലും നിലവിൽ റവന്യൂ നടപടികൾ സ്വീകരിച്ചിട്ടില്ല, കുടിശ്ശിക അടവാക്കുന്നതിന് നടപടി സ്വീകരിക്കുന്നതിന് ജില്ലാ വ്യവസായ കേന്ദ്രം മാനേജർക്ക് കത്ത് നൽകിയിട്ടുണ്ടെന്നും ഭീമമായ കുടിശ്ശികയുടെ വിവരം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ് എന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-24 ലേല നടപടിക്രമങ്ങളിലൂടെയുള്ള വരവിന് ജില്ലാ പഞ്ചായത്തിൽ യാതൊരു രേഖകളും സൂക്ഷിക്കുന്നില്ല

2020-21 സാമ്പത്തിക വർഷത്തിലെ ജില്ലാ പഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രികയിലെ കണക്കു പ്രകാരം ലേലം ഇനത്തിൽ താഴെ പറയുന്ന വരവുകൾ ഉണ്ട്.

| | |
|---|---|
| Sale Of Usufructs Trees | 131236 |
| Sale Of Timber | 209053 |
| Sale Of Scrap | 2951497 |
| Receipts From Auction Of Obsolete Assets | 450842 |
| ആകെ | 3742628 |

ഓഡിറ്റ് വർഷത്തിൽ ലേലം ഇനത്തിൽ ജില്ലാ പഞ്ചായത്തിന് ആകെ 3742628 രൂപയുടെ വരവാണ് ലഭ്യമായിട്ടുള്ളത്. മേൽ തുകകളുടെ വിശദാംശങ്ങൾ ഓഡിറ്റിന് പരിശോധനയ്ക്ക് ഹാജരാക്കുന്നതിനും ജില്ലാ പഞ്ചായത്തിന് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലെ ആസ്തികൾ ലേലം ചെയ്യുമ്പോൾ ജില്ലാപഞ്ചായത്തിൽ നിലവിൽ സ്വീകരിക്കുന്ന നടപടിക്രമങ്ങൾ വിശദമാക്കുവാനും ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (48/01-06-2022) വിശദീകരണം ലഭ്യമാക്കിയിട്ടില്ല

കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിൽ നിന്നും ജില്ലാപഞ്ചായത്തിൽ അടവാക്കുന്ന തുകയുടെ കൃത്യത പരിശോധിക്കുന്നതിനോ, വാല്യുവേഷൻ പ്രകാരമുള്ള തുക ലഭ്യമായിട്ടുണ്ടോ എന്ന് ഉറപ്പു വരുത്തുന്നതിനോ, ഗഡുക്കളായാണ് തുക അടവാക്കുന്നതെങ്കിൽ ലേലതുക മുഴുവനായും ജില്ലാ പഞ്ചായത്തിൽ അടവാക്കിയോ എന്നു പരിശോധിക്കുന്നതിനോ യാതൊരു നടപടികളും നിലവിൽ സ്വീകരിച്ചിട്ടില്ല.

കേരള ഫിനാൻഷ്യൽ കോഡ് വോള്യം 2 – ഫോറം - 20 - യിൽ നിഷ്കർഷിക്കുന്ന മാതൃകയിൽ ഒരു ലേല രജിസ്റ്റർ തയ്യാറാക്കി ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തി സൂക്ഷിക്കേണ്ടതും ലേലനടപടിക്രമങ്ങളുടെ വിശദാംശങ്ങൾ ബന്ധപ്പെട്ട സെക്ഷനിൽ സൂക്ഷിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് 2019-20 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ നിർദ്ദേശിച്ചിരുന്നുവെങ്കിലും അത്തരത്തിലുള്ള നടപടികളൊന്നും തന്നെ സ്വീകരിച്ചിട്ടുള്ളതായി കാണുന്നില്ല. ജില്ലാ പഞ്ചായത്തിന്റെ ഓഫീസ് ഓർഡർ പ്രകാരവും ലേലം ഇനത്തിലെ വരവുകൾ പരിശോധിക്കുന്നതിനോ തുടർനടപടികൾ മോണിറ്റർ ചെയ്യുന്നതിനോ സെക്ഷനുകളെ നിയോഗിച്ചതായി കാണുന്നില്ല. ജില്ലാ പഞ്ചായത്തിന്റെ ആസ്തിയിലുൾപ്പെട്ടതും ജില്ലാ പഞ്ചായത്തിന് കൈമാറിക്കിട്ടിയതുമായ സ്ഥാപനങ്ങളിലെയും ലേല നടപടികൾ ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ അംഗീകാരത്തോടു കൂടി നടപ്പാക്കി ജില്ലാ പഞ്ചായത്തിന് ലഭ്യമാകേണ്ട വരവായതിനാലും ഈ വിഷയത്തിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതിനും മോണിറ്ററിംഗ് ഉറപ്പു വരുത്തുന്നതിനും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

1-25 പ്രവൃത്തിയുടെ ഭാഗമായി പൊളിച്ചു നീക്കിയ വസ്തുക്കളുടെ ലേലം യഥാസമയം ചെയ്യുന്നില്ല

(I)പ്രൊജക്റ്റിന്റെ പേര് – പടിയൂർ ഗ്രാമപഞ്ചായത്ത് – വാർഡ്9, എസ്.സി സാംസ്കാരിക കേന്ദ്രം നവീകരണം, പ്രൊജക്റ്റ് നം 487/21

അടങ്കൽ-1000000

നിർവ്വഹണം, അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ,എൽ.എസ്.ജി.ഡി

ചെലവ്-745066 (ട്രസ്സ് വർക്ക്, ഫാൾസ് സീലിംഗ്, പെയിന്റിംഗ്....) +132652 (ഇലക്ട്രിഫിക്കേഷൻ)

ട്രസ്സ് വർക്ക്, ടൈലിംഗ്, ഫാൾസ് സീലിംഗ്, പെയിന്റിംഗ്, ഇലക്ട്രിഫിക്കേഷൻ തുടങ്ങിയ പണികൾ ചെയ്തിട്ടുണ്ട്.

ഇനം 9 പ്രകാരം അഴിച്ചെടുത്ത 355 കിലോ ഇരുമ്പ്, ഇനം 10 പ്രകാരം അഴിച്ചെടുത്ത 112 ച.മീറ്റർ റൂഫിംഗ് ഷീറ്റ് എന്നിവ ലേലത്തിനുവേണ്ടി സ്റ്റാക്ക് ചെയ്തിട്ടുള്ളതായി അളവു പുസ്തകം 459/2018-19 ൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇവയുടെ ലേലനടപടികൾ ചെയ്തിട്ടില്ലെന്ന് ഓഡിറ്റ് എൻക്വയറി 21 /22.2.22 ന് ലഭിച്ച മറുപടിയിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്.

Ii)കോടശ്ശേരി-ചായ്പൻകുഴി ജി.എച്ച്.എസ്.എസ് അറ്റകുറ്റപ്പണികൾ,793/21

അടങ്കൽ-10,00,000(മെയിന്റനൻസ് ഗ്രാന്റ്,നോൺ റോഡ്)

ചെലവ്-915058/-(2020-21ൽ ചെലവ്-193473/-)

മേൽ പ്രവൃത്തിയുടെ ഭാഗമായി അളവുപുസ്തകം 489/2018-19 പേജ് 1 പ്രകാരം ഇനം 1 പണിയിൽ 154m2 റൂഫ് ടോപ്പ് ഷീറ്റും പേജ് 2 പ്രകാരം ഇനം 2 പണിയിൽ 231 കി.ഗ്രാം ഇരുമ്പും അഴിച്ചുമാറ്റിയിട്ടുണ്ട്.അവ ഉപയോഗശൂന്യമാണെന്ന് സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്, ആയത് ലേലം ചെയ്തിട്ടുള്ളതിന്റെ വിവരം ലഭ്യമാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി 21/22.2.22 ക്ക് ലഭിച്ച മറുപടിയിൽ ലേലനടപടികൾ കൈക്കൊണ്ടിട്ടില്ല എന്നറിയിച്ചിട്ടുണ്ട്.

Iii)കുഴിച്ചെടുത്തമണ്ണ് വിനിയോഗിച്ചിട്ടില്ല

അരിമ്പൂർ-കായൽ റോഡ് കാന നിർമ്മാണം , 482/21

അടങ്കൽ:10,00,000/-

കരാറുകാരൻ-ജെൻസൻ , 929635/-

ആകെ ചെലവ് - 795428/-( 20-21ലെ ചെലവ് -100922/-)

മേൽ പ്രവൃത്തിയിൽ ഇനം 1 ആയി 132.08 M3 മണ്ണെടുത്തിട്ടുള്ളത് വിനിയോഗിച്ചതായി കാണുന്നില്ല. (അളവു പുസ്തകം 241/17-18 പേജ് 5)

എന്നാൽ പേജ് 44 ൽ രേഖപ്പെടുത്തിയ പ്രകാരം ലഭിച്ചിട്ടുള്ള 4.95m3 മണ്ണ് വിനിയോഗിച്ചതായി അളവുപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുമുണ്ട്(cut Earth Used For Levelling In Low Level Portion Of Road).മണ്ണിന്റെ വിനിയോഗം സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചിട്ടില്ല. 132.08 M3 മണ്ണ് എപ്രകാരം ഉപയോഗിച്ച എന്നറിയിക്കേണ്ടതാണ്.
മരാമത്ത് പ്രവൃത്തികളുടെ ഭാഗമായി പൊളിച്ചുമാറ്റുന്ന വസ്തുക്കൾ, കുഴിച്ചെടുക്കുന്ന മണ്ണ്, മുറിച്ചുമാറ്റുന്ന മരം തുടങ്ങിയവയെല്ലാം തന്നെ വീണ്ടും ഉപയോഗിക്കാനാകുന്നില്ലെങ്കിൽ യഥാസമയം വാല്യുവേഷൻ നടത്തി ലേലം ചെയ്യേണ്ടതും ലേലനടപടികൾ സംബന്ധിച്ച രേഖകൾ കൃത്യമായി തയ്യാറാക്കി സൂക്ഷിക്കേണ്ടതുമാണ്.

1-26 Directly Debited By Bank ശീർഷകത്തിലെ തുകകൾ ക്രമീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്

ജില്ലാ പഞ്ചായത്തിന്റെ സ്പെഷൽ ടി.എസ്.ബി അക്കൗണ്ട് നം.79901300001083 - ൽ നിന്നും വിവിധ മാസങ്ങളിലായി പിൻവലിച്ച 60,29,374 രൂപ 27 എൻട്രികളിലായി 2021 മാർച്ച് മാസത്തെ റീകൺസിലിയേഷൻ റിപ്പോർട്ട് പ്രകാരം 'Directly Debited By Bank' ഹെഡിൽ ഉൾപ്പെടുത്തിയതായി കാണുന്നു. സാധാരണയായി റീകൺസിലിയേഷൻ പൊരുത്തപ്പെടാതിരിക്കുന്ന സന്ദർഭങ്ങൾ ബാങ്ക് ചാർജ്ജസ് പിടിച്ചിരിക്കുന്നതോ ഒരു ബാങ്കിലെ ചെക്കു നൽകി വേറെ ബാങ്കിൽ അബദ്ധത്തിൽ പേമെന്റ് അടിച്ചതോ ആണ് 'Directly Debited By Bank' ശീർഷകത്തിൽ വരേണ്ടത്. ഹാജരാക്കിയ റീകൺസിലിയേഷൻ റിപ്പോർട്ട് പരിശോധിച്ചത് പ്രകാരം ദൈനംദിന ചെലവുകൾ, എസ്റ്റാബ്ലിഷ്മെന്റ് ചെലവ് തുകകൾ, തനത് ഫണ്ട് വകയിരുത്തിയ വിവിധ പദ്ധതികളുടെ ചെലവുകൾ മുതലായവയുൾപ്പെടെ പ്രസ്തുത ശീർഷകത്തിൽ ഉൾപ്പെട്ടതായി കാണുന്നുണ്ട്.

ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് ഓതറൈസ് ചെയ്ത് സെക്രട്ടറി ബില്ലുകൾ പരിശോധിച്ച് സാംഖ്യയിലെ രേഖപ്പെടുത്തലുകളുമായി ഒത്തു നോക്കിയതിനു ശേഷം പേമെന്റ് ഓർഡർ അപ്രൂവ് ചെയ്ത് ചെക്കു നൽകി പിൻവലിക്കപ്പെടേണ്ട ചെലവുകൾ ബിൽ രജിസ്റ്ററിൽ ചേർക്കപ്പെടാതെയും സാംഖ്യയിൽ അക്കൗണ്ട് ചെയ്യപ്പെടാതെയും സാമ്പത്തിക വർഷാവസാനം പൊരുത്തപ്പെടുത്തൽ നടത്തുന്നതിനായി റീകൺസീലിയേഷൻ റിപ്പോർട്ടിൽ 'Directly Debited By Bank' ശീർഷകത്തിൽ ഉൾപ്പെടുത്തി ടാലി ആക്കുന്നത് ശരിയായ നടപടിക്രമമല്ല.

2020 ജൂലൈ മാസം മുതലുള്ള ചെലവുകൾ ക്രമീകരിക്കപ്പെടാതെ മാർച്ച് 2021 മാസത്തെ റീകൺസീലിയേഷൻ റിപ്പോർട്ടിലെ മേൽ ശീർഷകത്തിൽ ഉൾപ്പെട്ടിട്ടുണ്ട്. ഓരോ ദിവസം അവസാനിക്കുമ്പോഴും കാഷ് ബുക്കിന്റെയും എല്ലാ ബാങ്ക് ബുക്കുകളുടെയും പ്രിന്റ് എടുത്ത് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ അതോടൊപ്പം പ്രതിമാസ റിക്കൺസിലിയേഷൻ നടത്തി ബാങ്ക്/ട്രഷറി അക്കൗണ്ടിൽ യഥാർത്ഥത്തിലുള്ള നീക്കിയിരിപ്പ് ബാങ്ക് ബുക്കിലെ നീക്കിയിരിപ്പുമായി താരതമ്യപ്പെടുത്തി പൊരുത്തപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്യാത്തതിനാലാണ് ഇത്തരം സാഹചര്യങ്ങൾ സൃഷ്ടിക്കപ്പെടുന്നത്.

ബിൽ രജിസ്റ്ററിൽ രേഖപ്പെടുത്താതെയും സാംഖ്യയിൽ പേമെന്റ് രേഖപ്പെടുത്താതെയും 2020-21 സാമ്പത്തിക വർഷത്തിനുള്ളിൽ ചെലവു ചെയ്യപ്പെട്ട ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ചെക്ക് നം./തീയതി | തുക | റിമാർക്ക്സ് |
|---|---|---|
| 435155/1-10-20 | 75170 | ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്ത |

| | | |
|---|---|---|
| | | ജീവനക്കാരുടെ വേതനം |
| 435156/7-10-20 | 55285 | 2020 ആഗസ്റ്റ് മാസത്തിൽ വിവിധ വാഹനങ്ങളിൽ ഇന്ധനം നിറച്ചത് |
| 6022358/12-8-20 | 27818 | 2020 ജൂലൈ മാസത്തിൽ ചായ, ലഘുഭക്ഷണം നൽകിയതിന് വനിതാ സൊസൈറ്റിക്ക് നൽകിയ തുക |
| 6022383/25-08-20 | 11815 | ചെക്കിന്റെ കൗണ്ടർ ഫോയിൽ പ്രകാരം വിജ്ഞാൻ സാഗറിനു തുക നൽകിയതായാണ് രേഖപ്പെടുത്തിയിട്ടുള്ളത് |
| 435570/31-12-20 | 4937 | ഹാജരാക്കിയ BIMS ബില്ല് പ്രകാരം ജില്ലാ പഞ്ചായത്തിന്റെ സ്റ്റേഷനറി സാധനങ്ങൾ വാങ്ങിയതിന് ചെലവഴിച്ച തുക |

ഇത്തരത്തിൽ 'Directly Debited By Bank' ശീർഷകത്തിലെ തുകകൾ ക്രമീകരിച്ചതിന്റെ വിശദാംശങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് അന്വേഷണം (നം.48/08-06-2022) നൽകിയിരുന്നെങ്കിലും തുകകൾ അക്കൗണ്ട് പ്രകാരം ക്രമീകരിച്ചതിന്റെ വിശദാംശങ്ങളൊന്നും മറുപടിയോടൊപ്പം ഹാജരാക്കിയില്ല. 'അനുഭവപരിചയം കുറവായ സീനിയർ ക്ലാർക്കുമാർ അക്കൗണ്ട് സെക്ഷൻ കൈകാര്യം ചെയ്യുന്നത് മൂലമാണ് അപാകതകൾ സംഭവിച്ചിട്ടുള്ളത് ഭാവിയിൽ ആവർത്തിക്കാതിരിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നും മറുപടിയിൽ അറിയിച്ചിട്ടുണ്ട്.

2011 - ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ
(ജി.ഒ (എം.എസ്)83/2011/തസ്വഭവ, തീയതി 28.03.2011) ഉത്തരവിലെ നിർദ്ദേശങ്ങളിൽ പഞ്ചായത്തിന്റെ കണക്കുകൾ സൂക്ഷിക്കേണ്ടതു സംബന്ധിച്ചുള്ള നടപടിക്രമങ്ങൾ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. ഇത്തരത്തിലുള്ള വീഴ്ചകൾ ഗൗരവമായി വീക്ഷിക്കേണ്ടതും ചട്ടപ്രകാരമുള്ള നടപടികൾ ഉറപ്പു വരുത്തുന്നതിന് കർശനമായ നിർദ്ദേശങ്ങൾ നൽകി തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-27 ജങ്കാർ ഡ്രൈഡോക്ക് റിപ്പയർ - സുലേഖ ചെലവു പത്രിക പ്രകാരം ചെലവു രേഖപ്പെടുത്തിയിട്ടില്ല

ഓഡിറ്റ് വർഷത്തിൽ പ്രൊജക്ട് നം.1106/21 പ്രകാരം ജില്ലാ പഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിന്നും 50 ലക്ഷം രൂപ വകയിരുത്തി 'ജങ്കാർ ഡ്രൈഡോക്ക് റിപ്പയറിംഗും അനുബന്ധ പ്രവർത്തനങ്ങളും' എന്ന പേരിൽ പ്രൊജക്ട് ആവിഷ്കരിച്ചിട്ടുണ്ട്. സുലേഖയിൽ നിന്നുള്ള 2020-21 വർഷത്തെ ചെലവു പത്രികാ റിപ്പോർട്ടിൽ പ്രസ്തുത പ്രൊജക്ടു പ്രകാരം യാതൊരു ചെലവും രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ ബിൽ രജിസ്റ്റർ, തനതു ഫണ്ട് വൗച്ചറുകൾ എന്നിവയുടെ പരിശോധനയിൽ 10/2020, 11/2020 മാസങ്ങളിലെ വിവിധ വൗച്ചറുകൾ പ്രകാരം ജങ്കാർ ഡ്രൈഡോക്ക് റിപ്പയറിംഗ് ചെയ്യുന്നതിനും അനുബന്ധ പ്രവർത്തനങ്ങൾക്കുമായി ചെലവുകൾ കാണുന്നുണ്ട്. ജങ്കാർ റിപ്പയറിംഗ് നടത്തുന്നതിന് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുമായി കരാറിലേർപ്പെട്ട KSINC യ്ക്ക് (Kerala Shipping And Inland Navigation Corporation Corporation Ltd) തുക നൽകുന്നതിനും മറ്റ് അനുബന്ധ ചെലവുകൾക്കുമായാണ് തുക ചെലവഴിച്ചിട്ടുള്ളത്.

ബിൽ രജിസ്റ്റർ പ്രകാരമുള്ള ചെലവിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ബിൽ രജിസ്റ്റർ പ്രകാരം ക്രമ | തുക | ചെക്ക് നം./തീയതി | സാംഖ്യ വൗച്ചർ നം. | റിമാർക്സ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| നം. | | | | |
| 444 | 2194222 | 0435164/ 06-10-20 | 22000471 | KSINC യ്ക്ക് നൽകിയ അഡ്വാൻസ് തുക |
| 445 | 45000 | 0435165/ 06-10-20 | 22000472 | ജങ്കാർ റിപ്പയറിംഗിന് കൊണ്ടു പോകുന്നതിനുള്ള ഫ്യുവൽ ചാർജ് |
| 454 | 33170 | 0435172/ 12-10-20 | 22000482 | ലേബർ ചാർജ് |
| 555 | 584442 | 0435519/ 27-11-20 | 22000588 | റിപ്പയറിംഗ് പൂർത്തിയായതിനാൽ KSINC യ്ക്ക് നൽകിയ തുക |
| 575 | 33620 | 0435528/ 30-11-20 | 22000607 | റിപ്പയറിംഗിന് ശേഷം തിരികെ കൊണ്ടു വരുന്നതിന് ചെലവായ തുക |
| ആകെ | 2890454 | | | |

മേൽ തുകകൾ ജില്ലാ പഞ്ചായത്തിന്റെ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ (A/C No.799013000001083) നിന്നും 2020-21 സാമ്പത്തിക വർഷത്തിൽ തന്നെ പിൻവലിച്ചിട്ടുള്ളതായി ട്രഷറി അക്കൗണ്ട് സ്റ്റേറ്റ്മെന്റ് പരിശോധനയിൽ ബോധ്യപ്പെട്ടു. പട്ടികയിലെ ചെലവു വൗച്ചറുകളിൽ സൂക്ഷിച്ചിട്ടുള്ള സെക്രട്ടറിയുടെ ഓഫീസ് ഉത്തരവുകളിലും പ്രൊജക്ട് നം.1106/21 പ്രകാരമെന്ന് രേഖപ്പെടുത്തിയ ചെലവുകൾ സുലേഖയുടെ പദ്ധതി ചെലവു പത്രികയിൽ ചെലവു രേഖപ്പെടുത്തുന്നതിനുള്ള നടപടിക്രമങ്ങളിൽ വീഴ്ചയുണ്ടായതിനാൽ പദ്ധതി നടപ്പിലാക്കാത്തതായി വിലയിരുത്തപ്പെടുകയും ആകെ ചെലവു തുകയിൽ 2890454 രൂപ കുറവാകപ്പെടുകയും ചെയ്തു. വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന്റെ (44/28-05-2022) മറുപടിയിൽ '2020 ലെ ത.സ്വ.ഭ.വ തെരഞ്ഞെടുപ്പിനോടനുബന്ധിച്ച ജോലിഭാരവും തെരഞ്ഞെടുപ്പിന് മുൻപ് ജങ്കാർ സർവ്വീസ് ആരംഭിക്കണമെന്ന പഴയ ഭരണസമിതിയുടെ സമ്മർദ്ദവും നിമിത്തം ഈ ഇനത്തിൽ വന്ന ചെലവുകൾ പ്രൊജക്റ്റിന്റെ ചെലവുകളായി രേഖപ്പെടുത്താൻ കഴിഞ്ഞില്ല എന്നതാണ് അറിയിച്ചിട്ടുള്ളത്. ജില്ലാ പഞ്ചായത്തിന്റെ തനതു ഫണ്ട് മാത്രം വകയിരുത്തി 2890454 രൂപ ചെലവഴിച്ച് നടപ്പിലാക്കിയ പദ്ധതിയുടെ പ്രൊജക്ട് വിവരങ്ങൾ സ്ഥാപനത്തിന്റെ ഒരു വർഷത്തെ മുഴുവൻ പദ്ധതികളുടെ സംക്ഷിപ്തമായ സുലേഖ ചെലവുപത്രികയിൽ ഉൾപ്പെട്ടില്ല എന്നതു കൊണ്ടും പിന്നീട് ക്രമീകരിക്കാൻ കഴിയാത്തൊരു വിഷയമായതിനാലും നടപടിക്രമങ്ങളിൽ വന്ന അപാകത മാത്രമായി പൂർണ്ണമായും അംഗീകരിക്കാനാവില്ല എന്നതിനാൽ ഇത്തരത്തിലുള്ള അപാകതകൾ ആവർത്തിക്കാതിരിക്കുന്നതിന് ആവശ്യമായ മേൽനോട്ടം ഉറപ്പു വരുത്തേണ്ടതാണ്.

1-28 തനത് ഫണ്ട് ചെലവ് രേഖകളോടൊപ്പം സാംഖ്യ പേമെന്റ് വൗച്ചർ സൂക്ഷിച്ചിട്ടില്ല

സാംഖ്യയിൽ പേമെന്റ് അംഗീകരിക്കുന്ന മുറയ്ക്ക് പേമെന്റ് വൗച്ചർ പ്രിന്റെടുത്ത് ബില്ലിനോടൊപ്പം സൂക്ഷിക്കേണ്ടതാണ്. എന്നാൽ ജില്ലാപഞ്ചായത്തിന്റെ 2020-21 സാമ്പത്തിക വർഷത്തിലെ തനത് ഫണ്ട് വൗച്ചറുകളോടൊപ്പം സാംഖ്യ പേമെന്റ് വൗച്ചറുകൾ സൂക്ഷിച്ചിട്ടില്ല. എല്ലാ ചെലവുകൾക്കും Fully Vouched Contingent Bill ആണ് സൂക്ഷിച്ചിട്ടുള്ളത്.

സെക്രട്ടറി ഓരോ പേമെന്റുകളുടെയും പാസ് ഓർഡർ ഒപ്പു വെയ്ക്കുന്നതിനു മുൻപായി സാംഖ്യയിൽ പേമെന്റ് രേഖപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതും ആയതിന് പേമെന്റ് വൗച്ചർ ഉണ്ടെന്ന് ഉറപ്പുവരുത്തുകയും എല്ലാ ബില്ലിലും സാംഖ്യയിൽ നിന്നുള്ള പേമെന്റ് ഓർഡർ നമ്പർ രേഖപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തുകയും ചെയ്യേണ്ടതാണ്.

മുൻ വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലും സാംഖ്യ വൗച്ചറുകൾ സൂക്ഷിക്കാത്തതു സംബന്ധിച്ച പരാമർശങ്ങൾ ഉണ്ടായിട്ടും ഇത്തരത്തിലുള്ള അപാകതകൾ ആവർത്തിക്കപ്പെടുന്നത് ശരിയായ നടപടിയല്ല. അക്കൗണ്ട്സ് ചട്ടപ്രകാരമുള്ള നടപടികൾ പാലിക്കുന്നതിന് കർശന നിർദ്ദേശങ്ങൾ നൽകി അപാകതകൾ

ആവർത്തിക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം (നം.48/08-06-2022)

1-29 പത്താഴക്കുണ്ട് കുടിവെള്ള പദ്ധതി-ശാസ്ത്രീയ വീക്ഷണത്തോടെ നടപ്പാക്കിയത് അഭിനന്ദനാർഹം

തെക്കുംകര ഗ്രാമപഞ്ചായത്തിലെ വാട്ടർ അതോറിറ്റിയുടെ കണക്ഷനുകൾ ലഭ്യമല്ലാത്ത അഞ്ച് വാർഡുകളിൽ കുടിവെള്ളം ലഭ്യമാക്കുന്നതിന് ജില്ലാപഞ്ചായത്തും ഗ്രാമപഞ്ചായത്തും സംയുക്തമായി നടപ്പാക്കുന്നതിന് ആവിഷ്കരിച്ച പദ്ധതിയാണ് പത്താഴക്കുണ്ട് കുടിവെള്ള പദ്ധതി. ലാറ്ററൈറ്റ് മണ്ണും കുറ്റൻ പാറകൾ നിറഞ്ഞതും ഭൂനിരപ്പിൽ നിന്നും താരതമ്യേന ഉയർന്നു നിൽക്കുന്നതും ജലക്ഷാമം നേരിടുന്നതുമായ പറമ്പായി, കുത്തുപാറ, കുണ്ടുകാട് എന്നീ പ്രദേശങ്ങളിൽ പൂർണ്ണമായും അടങ്ങളം, പനങ്ങാട്ടുകര എന്നീ പ്രദേശങ്ങളിൽ ഭാഗികമായും കുടിവെള്ളക്ഷാമം നേരിടുന്ന 2000 ഗുണഭോക്താക്കൾക്ക് വെള്ളം ലഭ്യമാക്കുന്നതിന് തെക്കുംകര ഗ്രാമപഞ്ചായത്തിലെ ഉപയോഗശൂന്യമായ വട്ടായി ക്വാറിയിൽ കിടക്കുന്ന വലിയ അളവിലുള്ള ജലം ഫലപ്രദമായി വിനിയോഗിക്കുന്നതിന് പഠനം നടത്തുന്നതിനായി പീച്ചിയിൽ പ്രവർത്തിക്കുന്ന സംസ്ഥാന ഗവൺമെന്റിന്റെ കീഴിലുള്ള കേരള എഞ്ചിനീയറിംഗ് ഗവേഷണ കേന്ദ്രത്തെ (Kerala Engineering Research Institute-KERI) ഗ്രാമപഞ്ചായത്ത് ചുമതലപ്പെടുത്തി.



ചുറ്റുമുള്ള മലനിരകളിൽ നിന്നും വർഷം മുഴുവൻ ഒഴുകി/ഊർന്നിറങ്ങുന്ന വെള്ളത്തിൽ നിന്നും 239 ദശലക്ഷം ലിറ്റർ സംഭരിക്കുന്നതിന് ക്വാറിയ്ക്ക് ശേഷിയുള്ളതായും, ക്വാറിയിൽ ശേഖരിക്കുന്ന ജലം ട്രീറ്റ്മെന്റ് പ്ലാൻ സ്ഥാപിച്ച് ശുദ്ധീകരിച്ച് പമ്പ് ചെയ്ത് ഉയർന്ന പ്രദേശത്തെ ഓവർഹെഡ് ടാങ്കിൽ സംഭരിക്കുകയും ചെയ്താൽ ഡിസ്ട്രിബ്യൂഷൻ ലൈനുകൾ വഴി ഈ പ്രദേശത്ത് കുടിവെള്ളം വിതരണം ചെയ്യാനും അതുവഴി ജലക്ഷാമം പരിഹരിക്കാൻ സാധിക്കുമെന്നും KERI നടത്തിയ പഠന റിപ്പോർട്ടിൽ രേഖപെടുത്തിയിട്ടുണ്ട്. ഇതിനായി വട്ടായി ക്വാറിക്കരികിലായി വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ്, 4 കിലോമീറ്റർ അകലെ അഞ്ചിട്ടി എന്ന ഉയർന്ന പ്രദേശത്ത് 3.2 ലക്ഷം ലിറ്റർ കപ്പാസിറ്റിയുള്ള ഓവർഹെഡ് ടാങ്ക് എന്നിവ നിർമ്മിച്ച് മൂന്ന് 60 എച്ച്.പി മോട്ടോർ പമ്പ് സെറ്റുകൾ, പമ്പിംങ്ങ് ലൈൻ, ഡിസ്ട്രിബ്യൂഷൻ ലൈനുകൾ എന്നിവ സ്ഥാപിച്ച് കുടിവെള്ളം എത്തിക്കുന്നതിനായാണ് പദ്ധതി രൂപീകരിച്ചത്. പദ്ധതിയുടെ ഭാഗമായി പഞ്ചായത്തിലെ വിവിധ കോളനികളിൽ കുടിവെള്ളമെത്തിക്കുന്നതിനും, അനുബന്ധ ചെലവുകൾക്കുമായി ജില്ലാ പഞ്ചായത്തും തുക വകയിരുത്തി.



ഇതിന്റെ ഭാഗമായി ജില്ലാ പഞ്ചായത്ത് 2020-21 സാമ്പത്തിക വർഷത്തിൽ നാല് പദ്ധതികളിലായി താഴെ കാണും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നം. | പദ്ധതി നം | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|---|
| 1 | 284/21 പത്താഴക്കുണ്ട് കുടിവെള്ള പദ്ധതി. വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കൽ | 97,00,000 | 85,45,780 |
| 2 | 1002/21-പണ്ടാരം കോളനി, വെട്ടിപ്പാറ കോളനി പൈപ്പ് ലൈൻ നീട്ടൽ | 50,00,000 | 41,69,938 |
| 3 | 1008/21 പത്താഴക്കുണ്ട്-കണ്ടോരൻ കോളനി വെടിപ്പാറകോളനി-പൈപ്പ് ലൈൻ നീട്ടൽ. | 40,00,000 | 22,77,509 |
| 4 | 1050/21തെക്കുംകര-പത്താഴക്കുണ്ട് കുടിവെള്ള പദ്ധതി മോട്ടോർ പമ്പ് സ്ഥാപിക്കൽ. | 50,00,000 | 32,55,400 |
| ആകെ | | 2,37,00,000 | 1,82,48,627 |

07.06.2022 തിയതിയിൽ ഓഡിറ്റ് വിഭാഗം നടത്തിയ പ്രാദേശിക പരിശോധനയിൽ പദ്ധതിയുടെ ഭാഗമായി വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ്, 3.2 ലക്ഷം ശേഖരണശേഷിയുള്ള വാട്ടർ ടാങ്ക്, 4 കിലോമീറ്റർ നീളത്തിൽ 200എം.എം. ഡക്ടൈൽ അയേൺ പമ്പിംഗ് ലൈൻ എന്നിവ സ്ഥാപിച്ചതായി കണ്ടു. 19-20 മുതൽ നിർമ്മാണം ആരംഭിച്ച പദ്ധതിക്കായി ആകെ വിവിധ ഫണ്ടുകളിലായി 10.5 കോടി രൂപ ചെലവഴിച്ചതായും, നിലവിൽ 500 ഗുണഭോക്താക്കൾക്ക് കണക്ഷൻ നൽകിയതായും, ജില്ലാ പഞ്ചായത്ത് നൽകിയ തുക ലക്ഷ്യമിട്ടു പ്രകാരം വിനിയോഗിച്ചതായും അസിസ്റ്റന്റ് എഞ്ചിനീയർ അറിയിക്കുകയുണ്ടായി. പ്രദേശത്ത് വർഷങ്ങളായി ഉപയോഗശൂന്യമായി കിടന്നിരുന്ന ജലസ്രോതസ്സിനെ ശാസ്ത്രീയ പഠനങ്ങൾ നടത്തി ഫലപ്രദമായി വിനിയോഗിച്ച് ഗ്രാമപഞ്ചായത്തിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് ജില്ലാ പഞ്ചായത്തിന്റെ സഹായത്തോടെ മാതൃകാപരമായി നടപ്പാക്കിയ പദ്ധതി തികച്ചും അഭിനന്ദനാർഹമായ പദ്ധതിയായി ഓഡിറ്റ് വിലയിരുത്തുന്നു.

1-30 ജില്ലാ പഞ്ചായത്തിന്റെ 2020-21 വർഷത്തെ കുടിവെള്ള പദ്ധതികൾ-ഓഡിറ്റ് നിരീക്ഷണങ്ങൾ.നിർവ്വഹണത്തിലെ അപാകതകൾ

സെക്രട്ടറി നടപ്പാക്കിയ കുടിവെള്ള പദ്ധതികൾ പൂർത്തീകരിച്ചില്ല. 44,78,130 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. 67,29,892 രൂപയുടെ വിനിയോഗ /പൂർത്തീകരണ രേഖകൾ ഹാജരാക്കണം.

ജില്ലാ പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കുന്നതിന് 2020-21 വർഷത്തിൽ ആവിഷ്കരിച്ച 32 കുടിവെള്ള പദ്ധതികൾക്കായി 5,95,81,070രൂപ വകയിരുത്തിയിരുന്നു. ഇതിൽ 19 പദ്ധതികൾക്കായി 2,86,01,649രൂപ തൻവർഷം ചെലവഴിച്ചിട്ടുണ്ട്. ഇതിൽ താഴെ പട്ടികയിലെ ക്രമനം. 1,2,8,10 പദ്ധതികൾ സെക്രട്ടറി നേരിട്ട് നടപ്പാക്കിയതും ഈയിനത്തിൽ ഭൂജലവകുപ്പിൽ നിക്ഷേപിച്ച 44,78,130 രൂപയുടെ പ്രവൃത്തികളിൽ സമയബന്ധിതമായി തുടർ നടപടികൾ സ്വീകരിച്ച് നാളിതുവരെ പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ ചെലവഴിച്ച തുക തടസ്സപ്പെടുത്തുന്നു. പട്ടികയിലെ ക്രമനം.3,4,5,6,7,9,11,12,13,14 പദ്ധതികൾ പ്രകാരം ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകിയ 67,29,892 രൂപയുടെ വിനിയോഗ രേഖകൾ വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രങ്ങൾ ഹാജരാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. പദ്ധതികളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പദ്ധതി നം. | പേര് | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|---|---|
| 1 | 543/21 | കുടിവെള്ള പദ്ധതികൾക്ക് ഭൂഗർഭ ജലവകുപ്പിൽ ഡെപോസിറ്റ് ചെയ്യൽ-ജനറൽ | 1600000 | 1600000 |
| 2 | 544/21 | കുടിവെള്ള പദ്ധതികൾക്ക് ഭൂഗർഭ ജലവകുപ്പിൽ ഡെപോസിറ്റ് ചെയ്യൽ-പട്ടികജാതി. | 2500000 | 1834130 |
| 3 | 556/21 | തൃക്കൂർ ഗ്രാപ. ആദൂര് കുടിവെള്ള പദ്ധതി ലൈൻ ദീർഘിപ്പിക്കൽ | 1000000 | 1000000 |
| 4 | 609/21 | മതിലകംഗ്രാപ ശ്മശാനം കളരിപ്പറമ്പ് പട്ടികജാതി കുടുംബങ്ങൾക്ക് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 380000 | 190000 |
| 5 | 620/21 | വേലൂർ ഗ്രാപ. പൈനിപ്പാടം കുടിവെള്ള പദ്ധതി. | 200000 | 177482 |
| 6 | 632/21 | ചേലക്കര ഗ്രാപ. പുലാക്കോട് വടക്കേക്കര കുടിവെള്ള പദ്ധതി. | 500000 | 499360 |
| 7 | 644/21 | മുളംകുന്നത്ത് കാവ് ഗ്രാപ. പൂളാക്കൽ കുടിവെള്ള പദ്ധതി. | 1000000 | 700000 |
| 8 | 913/21 | വിവിധ കുടിവെള്ള പദ്ധതികൾക്ക് ഭൂജലവകുപ്പിൽ തുക ഡെപോസിറ്റ് ചെയ്യൽ | 6615100 | 950000 |
| 9 | 916/21 | വെങ്കിടങ്ങ് ഗ്രാപ. ഫാദർ വടക്കൻ മെമ്മോറിയൽ റോഡ് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 500000 | 500000 |
| 10 | 997/21 | വരവൂർ ഗ്രാപ. എസ്.സി. കോളനി കുടിവെള്ള പദ്ധതി ബോർവെൽ സ്ഥാപിക്കൽ ഭൂജലവകുപ്പിൽ തുക ഡെപോസിറ്റ് ചെയ്യൽ. | 1250000 | 94000 |
| 11 | 1046/21 | വെങ്കിടങ്ങ് ഗ്രാപ. മണലിപുഴ കണ്ണോത്ത് റോഡിൽ പൈപ്പ് ലൈൻ നീട്ടൽ | 760000 | 760000 |
| 12 | 1096/21 | ചേർപ്പ് ഗ്രാപ. ഗോപാലൻ മാസ്റ്റർ റോഡ് പൈപ്പ് ലൈൻ നീട്ടൽ | 200000 | 200000 |
| 13 | 1099/21 | ഗ്രാമപഞ്ചായത്തുകൾക്ക് കുടിവെള്ളപദ്ധതി നടപ്പിലാക്കാൻ വിഹിതം നൽകൽ | 2690000 | 2003050 |

| | | | | |
|---|---|---|---|---|
| 14 | 1153/21 | ചേർപ്പ് ഗ്രാപ. ഭുവനേശ്വരി കുടിവെള്ള പദ്ധതി | 700000 | 700000 |
| | | ആകെ | 1,98,95,100 | 1,12,08,022 |

1-31 വരവൂർ ഗ്രാമപഞ്ചായത്ത്- വാർഡ് 10 ലെ 1017 എസ്.സി.കോളനി കുടിവെള്ള പദ്ധതി- ജലലഭ്യതയുള്ള സ്ഥലം കണ്ടെത്തി തുടർ നടപടി സ്വീകരിക്കണം.

ജില്ലാ പഞ്ചായത്തിന്റെ 997/21-പദ്ധതിയനുസരിച്ച് വരവൂർ ഗ്രാമപഞ്ചായത്തിലെ 10ാം വാർഡ് 1017 എസ്.സി.കോളനിയിലെ 12 കുടുംബങ്ങൾക്ക് കുടിവെള്ളമെത്തിക്കുന്നതിനായി 2019-20 ൽ രൂപീകരിച്ച പദ്ധതി പ്രകാരം 12.5 ലക്ഷം രൂപ വകയിരുത്തിയിരുന്നു. 23.10.20 ലെ വരവൂർ ഗ്രാമപഞ്ചായത്തിന്റെ 19(1) തീരുമാനപ്രകാരം കിണർ കുഴിക്കുന്നതിനുള്ള അനുമതിപത്രം, ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് എന്നിവ 24.12.20 ലെ എ3.1033/20 കത്ത് പ്രകാരം ഗ്രാമപഞ്ചായത്ത് ഭൂജലവകുപ്പിന് നൽകി. പദ്ധതിയുടെ ഭാഗമായി 6 ഇഞ്ച് വ്യാസമുള്ള ബോർവെൽ 110 മീറ്റർ ആഴത്തിൽ കുഴിക്കുന്നതിന് 94,000 രൂപ അടവാക്കാൻ 6.1.20ന് ജില്ലാ ഓഫീസർ ആവശ്യപ്പെട്ടതിനാൽ നിർവ്വഹണ ഉദ്യോഗസ്ഥനായ സെക്രട്ടറി 5.2.21 ന് ഭൂജല വകുപ്പുമായി കരാറിലേർപ്പെടുകയും ബിൽ നം. 2080/6.2.21 പ്രകാരം തുക അടവാക്കുകയും ചെയ്തു. പ്രദേശത്ത് നടത്തിയ ഭൂജല പര്യവേക്ഷണത്തിൽ ജലലഭ്യത കണ്ടെത്തിയത് ശ്രീ. ഹരിദാസ് എന്ന സ്വകാര്യവ്യക്തിയുടെ ഉടമസ്ഥതയിലുള്ള സ്ഥലത്തായതിനാൽ മറ്റൊരു സ്ഥലം കണ്ടെത്തി നൽകുന്നതിന് 23.3.21 ലെDGT/230/20 കത്ത് പ്രകാരം ഭൂജല വകുപ്പ് ആവശ്യപ്പെട്ടു. തുടർന്ന് കണ്ടെത്തിയ സ്ഥലത്ത് ഭൂജലവകുപ്പ് 110 മീറ്റർ ആഴത്തിൽ ബോർവെൽ കുഴിച്ചെങ്കിലും ഇതിൽ നിന്നും വെള്ളം ലഭിച്ചില്ല. ഭൂജലലഭ്യത കുറഞ്ഞ ഈ പ്രദേശത്ത് താമസിക്കുന്ന ദുർബല വിഭാഗത്തിൽപെട്ട ഗുണഭോക്താക്കളുടെ കുടിവെള്ളക്ഷാമം പരിഹരിക്കാൻ ജലലഭ്യതയുള്ള പ്രദേശം കണ്ടെത്തി ആവശ്യമായ തുടർ നടപടികൾ സമയബന്ധിതമായി സ്വീകരിക്കേണ്ടതാണ്. .

1-32 ആറ്റൂര് കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ KWAയിൽ തുക നിക്ഷേപിച്ചു- പൂർത്തീകരണവിവരം ലഭ്യമല്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ. സെക്രട്ടറി.

2019-20 ൽ ജില്ലാ പഞ്ചായത്ത് വികസന ഫണ്ടിൽ(ജനറൽ) നിന്നും 10 ലക്ഷം രൂപ വകയിരുത്തിയിരുന്നതും തുടർന്ന് സ്പിൽ ഓവറുമായി മാറിയ ആറ്റൂർ കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ പദ്ധതി നം. 556/21 പ്രകാരം തൃക്കൂർ ഗ്രാമപഞ്ചായത്തിലെ വാർഡ് 13 ൽ വിവിധ പ്രദേശങ്ങളിൽ 850 മീറ്റർ നീളത്തിൽ 63 Mm ഉം, 12 മീറ്റർ 90 Mmഉം പൈപ്പ് ലൈൻ 2 മീറ്റർ ആഴത്തിൽ താഴ്ത്തി സ്ഥാപിക്കുന്നതിന് ലക്ഷ്യമിടുന്നു. കേരള വാട്ടർ അതോറിറ്റി ഇരിങ്ങാലക്കുട ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ 6.2.19 ലെ ഡി.2-53/19 EE/IRJDvn./KWA കത്ത് പ്രകാരം എസ്റ്റിമേറ്റ് തുകയായ 10 ലക്ഷം രൂപ അടവാക്കാനാവശ്യപ്പെട്ടതിനെ തുടർന്ന് നിർവ്വഹണ ഉദ്യോഗസ്ഥനായ ജില്ലാ പഞ്ചായത്ത് സെക്രട്ടറി ബിൽ നം. 56/11.04.2020 പ്രകാരം തുക വാട്ടർ അതോറിറ്റിയിൽ ഡെപോസിറ്റ് ചെയ്യുകയും 11.06.2020 ന് നം.D4/4547/19 പ്രകാരം കരാറിലേർപ്പെടുകയും ചെയ്തു. എന്നാൽ നാളിതുവരെ പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ഫയൽ പരിശോധിച്ചതിൽ നിന്നും പ്രവൃത്തി ആരംഭിക്കേണ്ടതും, പൂർത്തീകരിക്കേണ്ടതുമായ തിയതികൾ കരാറിൽ രേഖപെടുത്തിയിട്ടില്ലായെന്ന് കണ്ടു. പ്രവൃത്തിയുടെ നിലവിലെ സ്ഥിതിവിവരം ലഭ്യമല്ല. ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിച്ചതിന്റെ വിവരം ഫയലിൽ ഇല്ല. പ്രവൃത്തി നടപ്പാക്കുന്നത് പ്രായോഗികമല്ലെങ്കിൽ നൽകിയ തുക തിരികെ ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിൽ അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. 36/25.03.2022) തുടർ നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-33 പാണഞ്ചേരി ഗ്രാമ പഞ്ചായത്തിലെ ആശാരിക്കാട് കുടിവെള്ള പദ്ധതിക്ക് സോളാർ പ്ലാന്റ് സ്ഥാപിക്കൽ-അനർട്ടിന്റെ പഠന റിപ്പോർട്ട് അപൂർണം. ബാക്കി തുക ലഭിച്ചിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ. സെക്രട്ടറി.

പാണഞ്ചേരി ഗ്രാമപഞ്ചായത്തിലെ ആശാരിക്കാട് പട്ടികജാതി കോളനിയിലെ കുടിവെള്ള പദ്ധതിക്ക് സോളാർ പ്ലാന്റ് സ്ഥാപിക്കുന്നതിനായി 2019-20 ൽ പ്രത്യേക ഘടക പദ്ധതിയിൽ നിന്നും 18 ലക്ഷം രൂപ 1280/20 നം. പദ്ധതി പ്രകാരം വകയിരുത്തിയിരുന്നു. നിലവിലുള്ള ജലസംഭരണിയുടെ മുകളിൽ 12.32 ലക്ഷം രൂപ ചെലവിൽ 10 കിലോ വാട്ട് ശേഷിയുള്ള സോളാർ പ്ലാന്റ് സ്ഥാപിക്കുന്നതിന് നം.ANERT-TSR/11/2020-DEകത്ത് പ്രകാരം അനർട്ട് നൽകിയ ശുപാർശ 6.2.19 ലെ ഭരണസമിതി തീരുമാനം നം.3 ആയി അംഗീകരിക്കുകയും ജില്ലാ പഞ്ചായത്തിന്റെ നിർവ്വഹണ ഉദ്യോഗസ്ഥനായ സെക്രട്ടറി 9.3.20ന് അനർട്ടുമായി കരാറിൽ ഏർപ്പെടുകയും 28.5.20 ന് സ്പിൽ ഓവർ പദ്ധതി നം. 558/21 പ്രകാരം 12.32 ലക്ഷം രൂപ അനർട്ടിൽ ഡെപോസിറ്റ് ചെയ്യുകയും ചെയ്തു. തുടർന്ന് 01.02.2021 ലെ നം.B1/ADMN/ANERT(TSR)/2021 കത്ത് പ്രകാരം 6,36,933 രൂപക്ക് പദ്ധതി പൂർത്തീകരിച്ചതായും 5,95,067 രൂപ ബാക്കിയുള്ളതായും അനർട്ട് അറിയിച്ചു.



അപാകതകൾ

1. അനർട്ട് സ്ഥാപിച്ച പ്ലാന്റിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. 10 കിലോവാട്ടിന് അനർട്ട് ആവശ്യപ്പെട്ടതു പ്രകാരം 12.32 ലക്ഷം നിക്ഷേപിച്ചതായും 6.36 ലക്ഷം രൂപക്ക് പ്രവൃത്തി പൂർത്തീകരിച്ചതായും കാണുന്നു. പ്രവൃത്തി പൂർത്തീകരിച്ചശേഷം 5,95,067 രൂപ ബാക്കിയുള്ളതായി അനർട്ട് അറിയിച്ചിട്ടുണ്ട്. ബാക്കി തുക തിരികെ ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിൽ അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. സ്ഥാപിച്ച പ്ലാന്റിന്റെ ഉൽപാദനശേഷി, എസ്റ്റിമേറ്റിൽ നിന്നുള്ള വ്യത്യാസം, സബ്സിഡി ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം എന്നിവ ലഭ്യമാക്കിയിട്ടില്ല.

2. ആശാരിക്കാട് കുടിവെള്ള പദ്ധതിക്ക് വൈദ്യുത കണക്ഷൻ ലഭിക്കാത്തതിനാലാണോ/ഉയർന്ന വൈദ്യുത ചാർജ്ജ് അടവാക്കേണ്ടി വരുന്നതിനാലാണോ സോളാർ പ്ലാന്റ് സ്ഥാപിക്കുന്നതെന്ന് ഫയലിൽ എവിടെയും രേഖപ്പെടുത്തി കാണുന്നില്ല. കുടിവെള്ള പദ്ധതിയുടെ പ്രതിദിന വൈദ്യുതി ഉപഭോഗം, പദ്ധതി പ്രദേശത്തെ സൂര്യപ്രകാശത്തിന്റെ ലഭ്യത, വൈദ്യുത വകുപ്പിന്റെ ഗ്രിഡുമായി കണക്ട് ചെയ്ത് സ്ഥാപിക്കുന്ന 10 കിലോവാട്ട് സോളാർ പ്ലാന്റിന്റെ ശരാശരി പ്രതിദിന ഉൽപാദനം, അധികമായി ഉൽപാദിപ്പിക്കപ്പെടുന്ന വൈദ്യുതി കെ.എസ്.ഇ.ബിക്ക് നൽകുന്നതിനും ഇതിലൂടെ ലഭിക്കുന്ന വരുമാനത്തിന്റെയും പ്രതീക്ഷിത വാർഷിക കണക്കുകൾ, പദ്ധതിയുടെ പ്രാരംഭ മുതൽ മുടക്കുമായി താരതമ്യം ചെയ്യുമ്പോൾ ഉണ്ടാകുന്ന ലാഭ/നഷ്ട സാധ്യത, തുടർ നടത്തിപ്പിന്റെ പ്രായോഗികത എന്നിവ സംബന്ധിച്ച വിവരങ്ങൾ ഒന്നും തന്നെ അനർട്ടിന്റെ പഠന റിപ്പോർട്ടിൽ പരാമർശിച്ചിട്ടില്ല.

3. അനർട്ടിന്റെ റിപ്പോർട്ട് പ്രകാരം പ്ലാന്റിന് 5 വർഷ വാറണ്ടിയും, സോളാർ പാനലുകൾക്ക് 25 വർഷ പെർഫോമൻസ് വാറണ്ടിയും ഉറപ്പ് നൽകിയിരുന്നു. എന്നാൽ പ്ലാന്റിന്റെ വാറണ്ടി കാലയളവ് നിയമാനുസൃതം ഏർപ്പെട്ട കരാറിൽ രേഖപ്പെടുത്തിയിട്ടില്ല. വാറണ്ടി സംബന്ധിച്ച അനുബന്ധങ്ങളും കരാറിലില്ല. അനർട്ട് ഓഫർ ചെയ്ത പ്രകാരമുള്ള വാറണ്ടിയുടെ വിവരങ്ങൾ കരാറിലുൾപെടുത്തി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. വാറണ്ടി കാലയളവിലെ സൌര നിലയത്തിന്റെ പരിപാലനം സംബന്ധിച്ച് 200 രൂപ മുദ്ര പത്രത്തിൽ ഒന്നാം

പാർട്ടിയായ ജില്ലാ പഞ്ചായത്ത് സമ്മത പത്രം നൽകുന്നതിന് നം. 16 പ്രകാരം കരാറിൽ വ്യവസ്ഥ ചെയ്തു കാണുന്നു. എന്നാൽ അനുബന്ധ കരാർ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഇക്കാര്യത്തിൽ നൽകിയ അന്വേഷണത്തിന് തൃപ്തികരമായ മറുപടി ലഭ്യമാക്കിയിട്ടില്ല. തുടർ നടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി നം. 36/25.03.2022)

4.ആശാരിക്കാട് ഭാഗത്തെ 120 ലധികം കുടുംബങ്ങൾക്ക് പദ്ധതിയുടെ ഭാഗമായി ജലവിതരണം നടത്തുന്നു. ഇതിന്റെ ഭാഗമായി വരുന്ന ഭീമമായ വൈദ്യുതി ചെലവ് ഒരു പരിധി വരെ കുറയ്ക്കാൻ പദ്ധതി മൂലം സാധ്യമായിട്ടുണ്ട്. സോളാർ പ്ലാന്റ് സ്ഥാപിച്ചശേഷവും വൈദ്യുതി ചാർജ്ജിനത്തിൽ തുക അടവാക്കേണ്ടി വരുന്നതിൽ നിന്നും ആവശ്യമായ അളവിൽ പ്ലാന്റിൽ വൈദ്യുതി ഉൽപാദിപ്പിക്കുന്നതിന് ഈ സംവിധാനം പര്യാപ്തമല്ലായെന്ന് കണ്ടു. വൈദ്യുതി ഉപയോഗത്തിന്റെ അളവ് മനസ്സിലാക്കി ആവശ്യമായ കപ്പാസിറ്റിയുള്ള പ്ലാന്റ് സ്ഥാപിക്കാത്തതോ, പഠന റിപ്പോർട്ടിൽ ലക്ഷ്യമിട്ടതു പ്രകാരമുള്ള വൈദ്യുതോൽപ്പാദന ശേഷി സ്ഥാപിച്ച പ്ലാന്റിന് ഇല്ലാത്തതോ ആകാം ഇതിന് കാരണമെന്ന് താഴെകാണുന്ന വൈദ്യുത ഉപഭോഗ-ഉൽപാദന കണക്കിൽ നിന്നും വ്യക്തമാണ്.

| മാസം | 9/20 | 10/20 | 11/20 | 12/20 | 1/21 | 02/22 |
|---|---|---|---|---|---|---|
| ഉൽപാദനം | 1695 | 750 | 621 | 479 | 781 | 807 |
| ഉപഭോഗം | 1396 | 780 | 736 | 1 | 670 | 2812 |

ആയതിനാൽ പദ്ധതിക്കായി അനർട്ടിൽ ബാക്കിയുള്ള തുക തിരികെ ലഭിക്കാത്ത സാഹചര്യത്തിൽ അധിക ശേഷിയുള്ള ഗുണമേന്മയുള്ള പ്ലാന്റുകൾ സ്ഥാപിക്കുന്നതിനോ തുക തിരികെ ഈടാക്കി പുതിയ പദ്ധതി പ്രകാരം തുക വകയിരുത്തുന്നതിനോ നടപടി സ്വീകരിക്കേണ്ടതാണ്.

1-34 കരാർ ചമച്ചതിലെ അപാകത-ഭൂജല വകുപ്പിൽ തുക നിക്ഷേപിച്ച വിവിധകുടിവെള്ള പ്രവൃത്തികൾ നാളിതുവരെ പൂർത്തീകരിച്ചില്ല. നടപ്പാക്കാത്ത പദ്ധതികളിൽ തുക തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കണം.

നിർവ്വഹണ ഉദ്യോഗസ്ഥൻ . സെക്രട്ടറി.

2019-20ൽ ആവിഷ്കരിച്ചതും ഭൂജലവകുപ്പിൽ തുക നിക്ഷേപിച്ചതുമായ വിവിധ കുടിവെള്ള പദ്ധതികൾ നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല. കുടിവെള്ള പദ്ധതികൾ നിക്ഷേപ പ്രവൃത്തികളായി നടപ്പാക്കുന്നതിന് ജില്ലാ പഞ്ചായത്ത് സെക്രട്ടറി ഭൂജലവകുപ്പ് ജില്ലാ ഓഫീസറുമായി ഏർപ്പെട്ട താഴെപറയുന്ന പദ്ധതികളുടെ കരാറുകളിൽ പൂർത്തീകരണ കാലയളവ് രേഖപെടുത്തിയിട്ടില്ല. പദ്ധതികളിൽ ആവശ്യമായ മോണിറ്ററിംഗ് ഇല്ല. അതുകൊണ്ടു തന്നെ പണം കൈമാറിയെങ്കിലും നാളിതുവരെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല/നടപ്പാക്കിയിട്ടില്ല. സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള വ്യവസ്ഥകൾ കരാറിൽ ഉൾപെടുത്താതിരുന്നതിനാൽ നാളിതു വരെ പ്രവൃത്തി നടത്താത്ത ഭൂജല വകുപ്പിനെതിരെ യാതൊരു നിയമാനുസൃത തുടർ നടപടികളും സ്വീകരിക്കാൻ ജില്ലാ പഞ്ചായത്തിന് സാധിച്ചിട്ടില്ല. പ്രവൃത്തികളുടെ വിവരം താഴെ ചേർക്കുന്നു. (പ്രവൃത്തികളുടെ വിശദാംശങ്ങൾക്ക് ഖണ്ഡിക 1-35,1-36,1-37,1-38 കാണുക)

| ക്രമനം | പദ്ധതിയുടെ പേര് | ചെലവഴിച്ച തുക |
|---|---|---|
| 1 | പള്ളിവാസൽ മിനി വാട്ടർ സപ്ളൈ സ്കീം തിരുവില്വാമല ഗ്രാമപഞ്ചായത്ത് | 950000 |
| 2 | പുത്തൂർ ഗ്രാമപഞ്ചായത്ത്ചെമ്പംകണ്ടം കുടിവെള്ള പദ്ധതി | 1600000 |
| 3 | മുള്ളൂർക്കര ഗ്രാമപഞ്ചായത്ത്കൊളവ്വള്ളി കുടിവെള്ള പദ്ധതി | 1000000 |
| 4 | താന്ന്യം ഗ്രാമപഞ്ചായത്ത് വാലികോളനി കുടിവെള്ള പദ്ധതി | 1000000 |
| 5 | അരിമ്പൂർ ഗ്രാമപഞ്ചായത്ത് വടക്കുംപുറം കോളനി ഉറസ്സായ കിണർ | 800000 |
| 6 | തോളൂർ മനപ്പാട്ട് പറമ്പ് ബോർവെൽ നിർമ്മാണം. | 34130 |

### 1-35 തിരുവില്വാമല ഗ്രാമപഞ്ചായത്ത്-പള്ളിവാസൽ മിനി വാട്ടർ സപ്ലൈ സ്കീം

വിവിധ കുടിവെള്ള പദ്ധതികൾക്ക് ഭൂജലവകുപ്പിൽ തുക നിക്ഷേപിക്കുന്നതിന് 2019-20ൽ രൂപീകരിച്ചതും പിന്നീട് സ്പിൽ ഓവറുമായ ജില്ലാ പഞ്ചായത്തിന്റെ ജനറൽ പദ്ധതി നം.913/21- പ്രകാരം തിരുവില്വാമല ഗ്രാമപഞ്ചായത്തിലെ വാർഡ് 16 ലെ പള്ളിവാസൽ മിനി വാട്ടർ സപ്ലൈ സ്കീം പദ്ധതിയിൽ 110 മീറ്റർ ആഴത്തിൽ 6 ഇഞ്ച് വ്യാസമുള്ള ബോർവെൽ കുഴിക്കുന്നതിന് 9,50,000 രൂപ നിക്ഷേപിക്കുന്നതിന് 15.07.2020 ലെ DGT/227/2020 കത്ത് പ്രകാരം ഭൂജലവകുപ്പ് ജില്ലാ ഓഫീസർ ആവശ്യപ്പെട്ടു. തിരുവില്വാമല ഗ്രാമപഞ്ചായത്തിന്റെ 12.10.2020 ലെ ഭരണസമിതി നം. 6(2) പ്രകാരം ടി പ്രവൃത്തി നടത്തുന്നതിന് നിരാക്ഷേപ സാക്ഷ്യപത്രം നൽകാൻ തീരുമാനിക്കുകയും ഇക്കാര്യം 27.10.20 ലെ എ3/6137 കത്ത് പ്രകാരം ഭൂജലവകുപ്പിനെ അറിയിക്കുകയും ചെയ്തു. തുടർന്ന് ജില്ലാ പഞ്ചായത്ത് സെക്രട്ടറി 2021 ഫെബ്രുവരിയിൽ D3/3287/19 ആയി ഭൂജലവകുപ്പുമായി കരാറിലേർപ്പെടുകയും 5.2.21 ന് ബിൽ നം.2074 പ്രകാരം 95,000 രൂപ ഭൂജലവകുപ്പിൽ നിക്ഷേപിക്കുകയും ചെയ്തു. എന്നാൽ ബോർവെൽ കുഴിച്ച് യീൽഡ് ടെസ്റ്റ് നടത്തിയതായി ഭൂജലവകുപ്പ് ജില്ലാ പഞ്ചായത്തിനെ അറിയിക്കുന്നത് ഒരു വർഷത്തിനു ശേഷമാണ്. ഇക്കാര്യത്തിൽ ഏർപ്പെട്ട കരാറിൽ പൂർത്തീകരണ തിയതി, കരാർ കാലാവധി എന്നിവ രേഖപെടുത്തിയിരുന്നില്ലായെന്നതിനാൽ പ്രവൃത്തി നിർവ്വഹണത്തിലെ കാലതാമസത്തിൻമേൽ തുടർ നടപടി സ്വീകരിക്കാൻ ജില്ലാ പഞ്ചായത്തിന് സാധിച്ചില്ല.

ഭൂജല പര്യവേക്ഷണം(Ground Water Investigation) നടത്തുന്നതിന് 19/02/2020നും, ബോർവെൽ സ്ഥാപിക്കുന്നതിന് 05.02.2021നും തുക അടവാക്കിയിട്ടും സമയബന്ധിതമായി പ്രവൃത്തി നടപ്പാക്കുന്നതിൽ ഭൂജലവകുപ്പിന്റെ ഭാഗത്തു നിന്നും ഗുരുതരമായ അനാസ്ഥയുണ്ടായതായി കാണുന്നു. 5 എച്ച്.പി മോട്ടോർ, 5000 ലിറ്റർ പി.വി.സി ടാങ്ക്,കണക്ഷൻ ലൈനുകൾ, പമ്പിംഗ് ലൈൻ എന്നിവ പൂർത്തിയാക്കിയാൽ മാത്രമേ പദ്ധതിയുടെ പ്രയോജനം ഗുണഭോക്താക്കൾക്ക് ലഭിക്കുകയുള്ളൂ. എന്നാൽ പുതുക്കിയ ഷെഡ്യൂൾ നിരക്കിലുള്ള എസ്റ്റിമേറ്റ് പ്രകാരം 11,15,000 രൂപ പ്രവൃത്തിക്ക് ആവശ്യമാണെന്നും ബാക്കി 1,65,000രൂപ അടവാക്കാനും പുതുക്കിയ ഭരണാനുമതി, സാങ്കേതികാനുമതി എന്നിവ ലഭിച്ചാൽ മാത്രമേ പ്രവൃത്തി തുടർന്ന് നടത്താനും സാധിക്കുകയുള്ളുവെന്ന് ഭൂജലവകുപ്പ് അറിയിക്കുകയുണ്ടായി. പദ്ധതിക്കാവശ്യമായ തുക അടവാക്കുന്നതിനപ്പുറത്തേക്ക് ആവശ്യമായ തുടർ നിരീക്ഷണം ജില്ലാ പഞ്ചായത്തിന്റെ ഭാഗത്തു നിന്നും ഇല്ലാതിരുന്നതും കാലപരിധി സംബന്ധിച്ച വ്യവസ്ഥകൾ കരാറിലുൾപെടുത്താതിരുന്നതുമാണ് ഇത്തരത്തിൽ സംഭവിക്കാനിടയായത്. പ്രവൃത്തി സമയബന്ധിതമായി നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുന്നതിൽ ഭൂജലവകുപ്പിനുണ്ടായ വീഴ്ച മൂലം ഷെഡ്യൂൾ നിരക്കിലുണ്ടായ വ്യത്യാസത്തിന് അധിക തുക നൽകാൻ ജില്ലാ പഞ്ചായത്തിന് കരാർ പ്രകാരം ബാധ്യതയില്ലാത്തതാണ്. ആയതിനാൽ നിലവിലെ കരാർ പ്രകാരം മുൻകൂറായി നിക്ഷേപിച്ച തുക കൊണ്ട് തന്നെ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിച്ച് പ്രവൃത്തി പൂർത്തീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഇക്കാര്യത്തിൽ തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

### 1-36 പുത്തൂർ ഗ്രാമപഞ്ചായത്ത് ചെമ്പംകണ്ടം കുടിവെള്ള പദ്ധതി നടപ്പായില്ല.- തുടർ നിരീക്ഷണം ഇല്ല-കാലപരിധി സംബന്ധിച്ച വ്യവസ്ഥകൾ കരാറിലുൾപ്പെടുത്തിയിട്ടില്ല. തുക തിരികെ ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിൽ അടവാക്കണം.

പുത്തൂർ ഗ്രാമപഞ്ചായത്തിലെ 10ാം വാർഡിലെ ചെമ്പംകണ്ടം പ്രദേശത്തെ 50 കുടുംബങ്ങൾക്ക് കുടിവെള്ളം ലഭ്യമാക്കുന്നതിനായി ചെമ്പംകണ്ടം പ്രദേശത്ത് സർവ്വെ/ഗ്രൌണ്ട് വാട്ടർ ഇൻവെസ്റ്റിഗേഷൻ, ബോർവെൽ കുഴിക്കൽ, ഈൽഡ് ടെസ്റ്റിംഗ് എന്നിവ നടത്തി 7.5 എച്ച്.പി മോട്ടോർ, 600 മീറ്റർ ദൂരത്തേക്ക് പമ്പിംഗ് ലൈൻ, 5000 ലിറ്റർ കപ്പാസിറ്റിയുള്ള ഓവർഹെഡ് ടാങ്ക്, 2080 മീറ്റർ ഡിസ്ട്രിബ്യൂഷൻ ലൈനുകൾ എന്നിവ സ്ഥാപിക്കുന്ന പ്രവൃത്തികൾ നിർവ്വഹിക്കുന്നതിന് സ്പിൽ ഓവർ പദ്ധതി നം.1071/20 പ്രകാരം ജില്ലാ പഞ്ചായത്ത് തുക വകയിരുത്തുകയും നം.D4/3287/19 തിയതി.30.1.20 പ്രകാരം ജില്ലാ പഞ്ചായത്ത് സെക്രട്ടറി ഭൂജലവകുപ്പുമായി കരാറിലേർപ്പെടുകയും 16 ലക്ഷം രൂപ ഭൂജല വകുപ്പിൽ അടവാക്കുകയും ചെയ്തു. ഇക്കാര്യം 21.5.20ലെ നം. D4/3287/19 തിയതി.24.4.20 കത്ത് പ്രകാരം ഭൂജലവകുപ്പിനെ അറിയിച്ചതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

വേനൽക്കാലത്ത് രൂക്ഷമായ കുടിവെള്ളക്ഷാമം നേരിടുന്ന ഈ പ്രദേശത്ത് കുടിവെള്ള ലഭ്യത ഉറപ്പ് വരുത്തുന്നതിനായി ആവിഷ്കരിച്ച പദ്ധതിയുടെ സമയബന്ധിതമായ നിർവ്വഹണത്തിൽ ഗ്രാമപഞ്ചായത്ത്, ഭൂജലവകുപ്പ്, ജില്ലാപഞ്ചായത്ത് എന്നിവരുടെ ഭാഗത്ത് നിന്നും തുടർ നടപടികൾ സ്വീകരിക്കുന്നതിൽ അനാസ്ഥയുള്ളതായി കണ്ടു. 2020 ഫെബ്രുവരിയിൽ ഭൂജലവകുപ്പിൽ തുക അടവാക്കിയെങ്കിലും നാളിതുവരെ ഭൂജല പര്യവേക്ഷണം മാത്രമാണ് നടന്നിട്ടുള്ളത്. പമ്പ്ഹൗസ്, വാട്ടർ ടാങ്ക്, പ്ലാറ്റ്ഫോം എന്നിവ നിർമ്മിക്കുന്നതിനുള്ള സ്ഥലം വിട്ടു നൽകിയതിന്റെ/പഞ്ചായത്തിന്റെ ഉടമസ്ഥത സംബന്ധിച്ച രേഖകൾ ഹാജരാക്കാനാവശ്യപ്പെട്ട് 1.06.2020ന് നം.ഡി.ജി.ഡി/1769/2019 (ജി) പ്രകാരം ജില്ലാ പഞ്ചായത്തിന് കത്ത് നൽകിയിരുന്നുവെങ്കിലും ഇക്കാര്യത്തിൽ ഗ്രാമപഞ്ചായത്തിൽ നിന്നും നാളിതുവരെ രേഖകൾ ലഭ്യമാക്കുന്നതിന് സാധിച്ചിട്ടില്ല. പദ്ധതിക്കായി ഭൂജലപര്യവേക്ഷണം നടത്തി സാങ്കേതികാനുമതി ലഭ്യമാക്കുകയും ടെണ്ടർ നടപടി സ്വീകരിക്കുകയും വർക്ക് ഓർഡർ നൽകുകയും ചെയ്തതായി 17/05/2022 ലെ കത്ത് പ്രകാരം ഭൂജലവകുപ്പ് ജില്ലാ ഓഫീസർ ജില്ലാപഞ്ചായത്തിനെ അറിയിച്ചിട്ടുണ്ട്. എന്നാൽ 2020 ലെ നിരക്കുകൾ പ്രകാരം തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം പ്രവൃത്തി പൂർത്തീകരിക്കാനാവില്ലായെന്നും പദ്ധതി തുടരണമെന്നുണ്ടെങ്കിൽ പുതിയ നിരക്കിൽ എസ്റ്റിമേറ്റ് തയ്യാറാക്കി പുതിയ സാങ്കേതികാനുമതി ലഭ്യമാക്കേണ്ടതുണ്ടെന്നും കൂടുതലായി വരുന്ന തുക ജില്ലാപഞ്ചായത്ത് ഒടുക്കണമെന്നും മേൽ കത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിനുവേണ്ടി ജില്ലാ പഞ്ചായത്ത് പദ്ധതി തയ്യാറാക്കി ഭൂജലവകുപ്പ് ആവശ്യപ്പെട്ട തുക പൂർണമായി ഭൂജല വകുപ്പിൽ അടവാക്കിയപ്പോൾ കുഴൽകിണർ കുഴിക്കുന്നതിനും, ടാങ്ക് സ്ഥാപിക്കുന്നതിനും ആവശ്യമായ ഭൂമി തദ്ദേശ സ്ഥാപനത്തിന്റെ ആസ്തി രജിസ്റ്റർ പ്രകാരം സ്വന്തം ഉടമസ്ഥതയിലോ/സ്വകാര്യവ്യക്തികളുടെ ഭൂമിയാണെങ്കിൽ അവ വിട്ടു നൽകിയതിന്റേയോ രേഖകൾ ഉണ്ടോയെന്ന പ്രാഥമിക പരിശോധന നടത്തുക പോലും ജില്ലാ പഞ്ചായത്ത് നടത്തിയില്ല. മാത്രമല്ല ഭൂമിയുടെ ഉടമസ്ഥതാ രേഖകളുടെ അഭാവത്തിൽ ഭൂജലപര്യവേക്ഷണം, ബോർവെൽ സ്ഥാപിക്കൽ, യീൽഡ് ടെസ്റ്റ് നടത്തൽ എന്നിവയ്ക്ക് മാത്രമായി ഭൂജലവകുപ്പിൽ തുക നിക്ഷേപിക്കുന്നതിന് പകരമായി പദ്ധതിയുടെ മുഴുവൻ ഘടകങ്ങൾക്കും ആവശ്യമായ തുക നിക്ഷേപിച്ചതിനാൽ മുൻകൂറായി അടവാക്കിയ 16 ലക്ഷം രൂപയിലെ ഭൂജല പര്യവേക്ഷണത്തിന് ചെലവഴിച്ച 1,935 രൂപ കഴിച്ചുള്ള 15,98,065 രൂപ രണ്ട് വർഷത്തിലധികമായി പാഴ് ചെലവായി മാറി. നിക്ഷേപ പ്രവൃത്തിയിൽ ആവശ്യമായ തുടർ ഇടപെടൽ/നടപടി ഇല്ലാതിരുന്നതും, പ്രവൃത്തി പൂർത്തീകരണ കാലപരിധി, നിശ്ചിത കാലയളവിനുള്ളിൽ പ്രവൃത്തി നടപ്പാക്കാനായില്ലെങ്കിൽ തുക തിരികെ അടവാക്കുന്നത് എന്നിവ സംബന്ധിച്ച വ്യവസ്ഥകൾ ഭൂജല വകുപ്പുമായി ഏർപ്പെട്ട കരാറിലുൾപ്പെടുത്താതിരുന്നതുമാണ് ഇത്തരത്തിൽ സംഭവിക്കാനിടയായത്.

പദ്ധതിയുടെ ആവശ്യകത സംബന്ധിച്ച് ഗ്രാമപഞ്ചായത്ത് ഭരണ സമിതി തീരുമാനമെടുത്തിട്ടില്ലായെന്ന് ഇതു സംബന്ധിച്ച് ജില്ലാ കളക്ടർക്ക് ലഭിച്ച പരാതിയിൽ ആക്ഷേപമുന്നയിച്ചിട്ടുണ്ട്. പദ്ധതിക്കാവശ്യമായ ഭൂമിയുടെ ഉടമസ്ഥത തെളിയിക്കുന്ന രേഖകൾ, ഗ്രാമപഞ്ചായത്ത് ഭരണ സമിതി തീരുമാനം, സമയബന്ധിതമായി ഭൂമി ഏറ്റെടുത്തു നൽകുന്നതിന് ഗ്രാമപഞ്ചായത്തിന് നിർദ്ദേശം നൽകിയതിന്റെ വിവരങ്ങൾ തുടങ്ങി യാതൊരു രേഖകളും ഫയലിലില്ല. ബോർവെല്ലും, ടാങ്കും സ്ഥാപിക്കുന്നതിനുള്ള സ്ഥലം നിലവിൽ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ഇല്ലാത്തതിനാൽ സ്വകാര്യ വ്യക്തികളുടെ ഭൂമി ഏറ്റെടുത്ത് ഈ പ്രവൃത്തി നടപ്പാക്കാനാകുമോയെന്നതു പോലും ഉറപ്പു പറയാനാവില്ല. അനുയോജ്യമായ സ്ഥലം കണ്ടെത്തി നൽകിയാൽ തന്നെ പദ്ധതി നിർവ്വഹിക്കുന്നതിന് പുതുക്കിയ എസ്റ്റിമേറ്റും, ഭരണാനുമതിയും, സാങ്കേതികാനുമതിയും ആവശ്യമാണെന്ന് ഭൂജലവകുപ്പ് ആവശ്യപ്പെടുന്ന സാഹചര്യത്തിൽ മറ്റ് പദ്ധതികൾക്കായി വിനിയോഗിക്കാമായിരുന്ന സർക്കാർ പണം കഴിഞ്ഞ രണ്ടുവർഷത്തിലധികമായി ഭൂജലവകുപ്പിൽ നിർജ്ജീവ നിക്ഷേപമായി മാറിയതിന്റെ യഥാർത്ഥ ഉത്തരവാദി ജില്ലാ പഞ്ചായത്ത് മാത്രമാണ്. സമയബന്ധിതമായി തുടർ നടപടി സ്വീകരിക്കുന്നതിൽ ജില്ലാപഞ്ചായത്തിന്റെ ഭാഗത്തു നിന്നും യാതൊരു നടപടിയും ഉണ്ടായിരുന്നില്ലായെന്നത് ഗുരുതരമായ അനാസ്ഥയാണ്. പദ്ധതി എപ്പോൾ നടപ്പാക്കാനാകുമെന്ന് പറയാനാകാത്ത സാഹചര്യത്തിൽ നൽകിയ തുക തിരികെ ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിൽ അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-37 മുള്ളൂർക്കര ഗ്രാമപഞ്ചായത്ത്- കൊളവുള്ളി കുടിവെള്ള പദ്ധതി- ഫയൽ,

പൂർത്തീകരണ/വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയില്ല.

2019-20 ലെ സ്പിൽ ഓവർ പദ്ധതിയായ 1071/20 ൽ പെട്ട ഈ പദ്ധതിക്കായി 10 ലക്ഷം രൂപ 15.10.2019 ന് ഭൂജലവകുപ്പിൽ അടവാക്കുകയും നം.D4/3287/19തിയതി.14.10.19 ആയി കരാറിലേർപ്പെടുകയും ചെയ്തിട്ടുണ്ട്. പദ്ധതിയുടെ വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം, പ്രോജക്ട് ഫയൽ എന്നിവ ഹാജരാക്കിയിട്ടില്ല. പദ്ധതിയുടെ നിലവിലെ സ്ഥിതിവിവരം ലഭ്യമല്ല. ഇക്കാര്യം പരിശോധിച്ച് തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. പ്രവൃത്തി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. .

1-38 പ്രത്യേക ഘടക പദ്ധതിയിൽപെട്ട വിവിധ പ്രവൃത്തികൾ നടപ്പാക്കിയില്ല.

പദ്ധതി നം. 544/21 പ്രകാരം വിവിധ കുടിവെള്ള പദ്ധതികൾക്കായി പ്രത്യേക ഘടക പദ്ധതിയിൽ നിന്നും മൂന്ന് പ്രവൃത്തികൾക്കായി ജില്ലാ പഞ്ചായത്ത് ഭൂജല വകുപ്പിൽ തുക അടവാക്കിയിട്ടുണ്ട്. ഭൂജലവകുപ്പിന് തുറസ്സായ കിണർ നിർമ്മിക്കുന്നതിന് സർക്കാർ അനുമതിയില്ലാത്തതിനാലും, തോളൂർ പഞ്ചായത്തിലെ ഗുണഭോക്താക്കളെ ജൽ ജീവൻ മിഷൻ പദ്ധതിയിലുൾപ്പെടുത്തിയതിനാൽ ബോർവെൽ നിർമ്മിക്കേണ്ടതില്ലായെന്ന് പ്രദേശവാസികൾ അറിയിച്ചതിനാലും മൂന്ന് പ്രവൃത്തികളും നാളിതുവരെ നടപ്പാക്കിയിട്ടില്ലായെന്ന് ഭൂജലവകുപ്പ് അറിയിക്കുകയുണ്ടായി. പദ്ധതികളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രവൃത്തിയുടെ പേര് | നൽകിയ തുക /തിയതി. |
|---|---|
| താന്ന്യം പഞ്ചായത്തിലെ വാലി കോളനിയിൽ തുറസ്സായ കിണർ നിർമ്മാണം | 10,00,000 /24.4.2020 |
| അരിമ്പൂർ പഞ്ചായത്തിലെ വടക്കുംപുറം കോളനിയിൽ തുറസ്സായ കിണർ നിർമ്മാണം | 8,00,000 /24.4.2020 |
| തോളൂർ മനപ്പാട്ടുപറമ്പ് കുടിവെള്ള പദ്ധതി ബോർവെൽ നിർമ്മാണം. | 34130/ 21.03.2021 |

21.02.2019ലെ നം. ഡി.എ.1/17/2019 ത.സ്വ.ഭ.വ സർക്കുലർ പ്രകാരം തദ്ദേശ ഭരണ സ്ഥാപനങ്ങൾ കേരള വാട്ടർ അതോറിട്ടി, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്, ഗ്രൌണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് എന്നീ ഏജൻസികളിൽ വിവിധ പ്രവൃത്തികൾക്ക് തദ്ദേശ സ്ഥാപനങ്ങൾ തുക ഡെപ്പോസിറ്റ് ചെയ്യുന്ന സംഗതികളിൽ ഇവയുടെ വർഷം തിരിച്ചുള്ള വിവരം ജില്ലാ തലത്തിൽ ക്രോഡീകരിച്ച് ഓരോ പ്രവൃത്തിയും പൂർത്തീകരിക്കുന്നതിന് കർമ്മ പദ്ധതി രൂപീകരിക്കുകയും ഫീസിബിൾ അല്ലാത്ത പദ്ധതികളിൽ ധനകാര്യവകുപ്പിന്റെ അഭിപ്രായം ലഭ്യമാക്കിയ ശേഷം അതതു സ്ഥാപനങ്ങളുടെ ഹെഡ് ഓഫ് അക്കൌണ്ടിലേക്ക് തുക തിരിച്ച് നൽകുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്. ഇതിലേക്കായി ജില്ലാ ആസൂത്രണസമിതി തലത്തിൽ പ്രത്യേകമായി യോഗം ചേരുന്നതിനും ഇക്കാര്യം ബഹു. ജില്ലാ കളക്ടറുടെ ശ്രദ്ധയിൽ പെടുത്തുന്നതിനും സർക്കുലറിൽ നിർദ്ദേശിച്ചിട്ടുണ്ട്. ഇതു പ്രകാരം നിക്ഷേപ പ്രവൃത്തികളുടെ തുടർ നിരീക്ഷണത്തിനായി ഇത്തരത്തിൽ നടപടി സ്വീകരിച്ചതിന്റെ വിവരങ്ങൾ ഫയലിലില്ല. ജില്ലാപഞ്ചായത്ത് മേൽ നിക്ഷേപ പ്രവൃത്തികളുടെ പ്രായോഗികത (Feasibility) പരിശോധിക്കുകയോ, നടപ്പാക്കാത്ത പ്രവൃത്തികളുടെ തുക തിരികെ ഈടാക്കുന്നതിന് നടപടി സ്വീകരിക്കുകയോ ചെയ്തിട്ടില്ല. ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതും നൽകിയ തുക എത്രയും വേഗം തിരികെ ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിൽ അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. ഇക്കാര്യത്തിൽ ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.(ഓഡിറ്റ് എൻക്വയറി നം. 37/26.03.2022)

1-39 20-21 ൽ ആവിഷ്കരിച്ച 13 കുടിവെള്ള പദ്ധതികൾ നടപ്പാക്കിയില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ. സെക്രട്ടറി.

ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം കൈമാറുന്നതിന് രൂപീകരിച്ച 13 കുടിവെള്ള പദ്ധതികൾക്ക് തൻവർഷം തുക ചെലവഴിച്ചിട്ടില്ല. ജില്ലയിലെ വിവിധ തദ്ദേശ സ്ഥാപനങ്ങളുടെ ആവശ്യാനുസരണം ജില്ലാ പഞ്ചായത്തിന്റെ വാർഷിക പദ്ധതിയിലുൾപ്പെടുത്തുന്ന പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാനാകാത്തതിന്റെ കാരണങ്ങൾ പരിശോധിക്കേണ്ടതാണ്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു. പദ്ധതികളുടെ നിലവിലെ സ്ഥിതി പരിശോധിക്കേണ്ടതും തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

| ക്രമ നം. | പദ്ധതി നം. | പേര് | വകയിരുത്തിയ തുക |
|---|---|---|---|
| 1 | 309/21 | തെക്കുംകര ഗ്രാപ.എസ്.സി.കോളനി-ടാങ്ക് അനുബന്ധ സൌകര്യങ്ങൾ (എസ്.സി.പി) | 20,00,000 |
| 2 | 436/21 | വിവിധ കുടിവെള്ള പദ്ധതികൾക്ക് ഭൂജലവകുപ്പിൽ ഡെപോസിറ്റ് ചെയ്യൽ(എസ്.സി.പി) | 58,00,000 |
| 3 | 912/21 | അയിനൂർ കുടിവെള്ള പദ്ധതി കാട്ടകാമ്പൽ | 10,00,000 |
| 4 | 914/21 | ചേലക്കര ജനത കുടിവെള്ളപദ്ധതി | 10,00,000 |
| 5 | 915/21 | പൂമംഗലം സമ്പൂർണകുടിവെള്ളപദ്ധതി.ജൽ ജീവൻ മിഷൻ വിഹിതം | 10,00,000 |
| 6 | 918/21 | മുല്ലശ്ശേരി 14ാം വാർഡ് കുടിവെള്ള പദ്ധതി | 4,90,000 |
| 7 | 949/21 | പാഞ്ഞാൾ കുറ്റിക്കാട്കുളമ്പ് അയ്യപ്പൻകാവ് കുടിവെള്ള പദ്ധതി | 10,00,000 |
| 8 | 969/21 | പത്താഴക്കുണ്ട് കുടിവെള്ള പദ്ധതി വിഹിതം നൽകൽ | 25,00,000 |
| 9 | 998/21 | പുന്നയൂർക്കുളം കുഞ്ഞിബാപ്പു ഹാജി മെമ്മോറിയൽ കുടിവെള്ള പദ്ധതി | 10,00,000 |
| 10 | 1027/21 | വീരാച്ചിറ കുടിവെള്ള പദ്ധതി പൂർത്തീകരണം | 13,00,000 |
| 11 | 1028/21 | വരന്തരപ്പിള്ളി-കോതേങ്കലം എസ്.സി കോളനി കുടിവെള്ളപദ്ധതി | 15,00,000 |
| 12 | 1029/21 | തെക്കേക്കര എസ്.സി.കോളനി കുടിവെള്ള പദ്ധതി | 20,00,000 |
| 13 | 1048/21 | അളഗപ്പനഗർ വലിയകുളം കുടിവെള്ളപദ്ധതി. | 13,49,570 |
| | | | 2,19,39,570 |

1-40 സെക്രട്ടറി നടപ്പാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ. സെക്രട്ടറി.

2020-21 സാമ്പത്തിക വർഷത്തിൽ ജില്ലാ പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണോദ്യാഗസ്ഥനായി നടപ്പാക്കുന്നതിന് ആവിഷ്കരിച്ച 281 പദ്ധതികളിൽ 176 പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. 125 സ്പിൽ ഓവർ പദ്ധതികളും 51 പുതിയ പദ്ധതികളും നടപ്പാക്കിയതിൽ ആകെ 24,03,15,127/- രൂപ ചെലവഴിച്ചിട്ടുണ്ട്. ആവിഷ്കരിച്ച 131 പുതിയ പദ്ധതികളിൽ 80 എണ്ണവും സ്പിൽ ഓവറായി മാറിയ 150 പദ്ധതികളിൽ 25 എണ്ണവും നടപ്പാക്കിയിട്ടില്ല. ആകെ പ്രവൃത്തികളിൽ 108 പ്രവൃത്തികൾ റോഡ് പ്രവൃത്തികളാണ്. കുടിവെള്ള പദ്ധതികൾ, കോളനി വികസനം, നിക്ഷേപ പ്രവൃത്തികൾ, ജലസംരക്ഷണ പ്രവൃത്തികൾ, നേരിട്ട് നിർവ്വഹണം നടത്തുന്ന പദ്ധതികൾ, ജില്ലയിലെ മുഴുവൻ ഗുണഭോക്താക്കൾക്കും വേണ്ടി ജില്ലാ പഞ്ചായത്ത് നടപ്പാക്കുന്ന വിവിധ വിഹിതം കൈമാറൽ, സംയുക്തപദ്ധതികൾ എന്നിങ്ങനെ വിവിധ പദ്ധതികളുടെ നിർവ്വഹണത്തിനായാണ് മേൽ പ്രകാരം തുക ചെലവഴിച്ചിട്ടുള്ളത്. ലഭ്യമാക്കിയ ഫയലുകൾ പരിശോധിച്ചതിൽ നിന്നും തുക കൈമാറുന്ന പദ്ധതികളുടെ ഒട്ടുമിക്ക ഫയലുകളിലും ഗ്രാമപഞ്ചായത്തുകളുടെ റിക്വിസിഷൻ ഫോറം മാത്രമേ സൂക്ഷിച്ചതായി കാണുന്നുള്ളൂ.

അപാകതകൾ

ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകൽ, വിവിധ സംയുക്ത പദ്ധതികൾ എന്നിങ്ങനെ ജില്ലാ പഞ്ചായത്തിന്റെ വിവിധ പദ്ധതികളിൽ വെബ് സാംഖ്യ നിലവിൽ വന്ന ശേഷം ഗ്രാമ, ബ്ലോക്ക് പഞ്ചായത്തുകൾക്ക് റിക്വിസിഷൻ പ്രകാരം തുക നൽകുന്നുണ്ടെങ്കിലും ഓരോ പദ്ധതിയിലും ജില്ലാ പഞ്ചായത്തിന് ചെലവായ തുകയുടെ വിവരങ്ങൾ രേഖപ്പെടുത്തിയ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രിന്റൗട്ട്/എഴുതി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. പദ്ധതി മോണിറ്ററിംഗ് നടത്താനാവശ്യമായ റിപ്പോർട്ടുകളോ/രേഖകളോ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തുകൾ സമർപ്പിച്ച റിക്വിസിഷനുകൾ, സംയുക്തപദ്ധതിയുടെ ഭാഗമായി സ.ഉ.(പി) 187/15 തി.19.05.2015 പ്രകാരമുള്ള കരാറുകൾ, ഗ്രാമപഞ്ചായത്തുകൾ തയ്യാറാക്കിയ സംയുക്തപദ്ധതി പ്രോജക്ടുകൾ, തുക അനുവദിച്ചത് സംബന്ധിച്ച സാംഖ്യ ട്രഷറി പെയ്ഡ് റിപ്പോർട്ടുകൾ/സ്റ്റേറ്റ്മെന്റുകൾ, ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ വഴി ഗുണഭോക്താക്കളുടെ അക്കൌണ്ടിലേക്ക് തുക കൈമാറിയ സംഗതികളിൽ അവയുടെ ട്രഷറി ബിൽ കോപ്പികൾ (59ഇ), നിക്ഷേപ പ്രവൃത്തികളിലെ പ്രവൃത്തി പുരോഗതി, ജില്ലാ പഞ്ചായത്ത് ഓരോ പ്രോജക്ടിലും ചെലവഴിച്ച തുകയുടെ വിവരം രേഖപ്പെടുത്തുന്ന അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ, തദ്ദേശ സ്ഥാപനത്തിന്റെ മോണിറ്ററിംഗ് റിപ്പോർട്ട്, ജില്ലാ പഞ്ചായത്ത് മോണിറ്ററിംഗ് നടത്തിയതിന്റെ റിപ്പോർട്ട്, പദ്ധതി അവലോകന റിപ്പോർട്ട്/ഡോക്യുമെന്റേഷൻ രേഖകൾ, പ്രവൃത്തികളുടെ നിലവിലെ സ്ഥിതി, എന്നിവയൊന്നും തന്നെ മിക്ക പ്രവൃത്തികളിലും ഓഡിറ്റ് പരിശോധയ്ക്കായി ഹാജരാക്കിയിട്ടില്ല. ജില്ലാപഞ്ചായത്തിന്റെ വാർഷിക പദ്ധതിയുടെ ഭാഗമായി ചെലവഴിച്ച തുകയുടെ ചെലവുരേഖകൾ, പൂർത്തീകരണം/ലക്ഷ്യപ്രാപ്തി സംബന്ധിച്ച വിവരങ്ങൾ എന്നിവ ഓഡിറ്റിനു ഹാജരാക്കിയ ഫയലുകളിൽ ഇല്ല. ഓരോ പദ്ധതിയുമായി ബന്ധപ്പെട്ട ഫയലുകളിലും ആവശ്യമായ രേഖകൾ ഉൾപ്പെടുത്തി സൂക്ഷിക്കുന്നതിലും, ആഭ്യന്തര നിയന്ത്രണം കാര്യക്ഷമമായി നടപ്പാക്കുന്നതിലും ഗുരുതരമായ അനാസ്ഥയുള്ളതായി കാണുന്നു.

1997ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങൾ ചട്ടം 12 (1) പ്രകാരം ഓഡിറ്റർ രേഖാ മൂലം ആവശ്യപ്പെടുന്ന രേഖകളും രജിസ്റ്ററുകളും സെക്രട്ടറി നൽകേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ടി ചട്ടം (3) പ്രകാരം ലഭ്യമായ രേഖകൾ യഥാസമയം ഹാജരാക്കി റിപ്പോർട്ടിൽ ഉണ്ടാകാവുന്ന പരാമർശം ഒഴിവാക്കുന്നതിന് സെക്രട്ടറിക്കും ബന്ധപ്പെട്ട ജീവനക്കാർക്കും ചുമതലയുള്ളതും അതേ സമയം ചട്ടം 12(2) പ്രകാരം രേഖകൾ ലഭ്യമാക്കിയില്ലെങ്കിൽ അത്തരം രേഖകൾ നിലവിലില്ലായെന്ന് കണക്കാക്കി തുടർനടപടി സ്വീകരിക്കാവുന്നതാണെന്നും ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. സെക്രട്ടറി നടപ്പാക്കിയ വിവിധ പദ്ധതികളുടെ വിനിയോഗ സാക്ഷ്യപത്രങ്ങൾ, ഫയലുകൾ എന്നിവ ഹാജരാക്കുന്നതിന് ആവശ്യപ്പെട്ട് നിരവധി എൻക്വയറികൾ (ഓഡിറ്റ് എൻക്വയറിനം.2/19.11.2021, 04/31.12.2021, 08/1.1.2022, 28/08.03.2022, 34/25.03.2022, 35/26.03.2022, 36/25.03.2022, 37/26.03.2022) നൽകിയിരുന്നു. ഫയലുകൾ ആവശ്യമായ രേഖകളോടെ പൂർണമായി ഹാജരാക്കിയിട്ടില്ല. ഓഡിറ്റ് പരിശോധനയ്ക്കായി വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാത്ത പദ്ധതികളുടെ വിവരങ്ങൾ തുടർന്നുള്ള ഖണ്ഡികകളിൽ ചേർത്തിരിക്കുന്നു. (വിശദാംശങ്ങൾ ഖണ്ഡിക 1-41,1-42 കാണുക)

1-41 സെക്രട്ടറി നടപ്പാക്കിയ പദ്ധതികളുടെ ചെലവ് രേഖകൾ ഹാജരാക്കിയില്ല. 800000രൂപ തടസ്സപെടുത്തുന്നു.

സെക്രട്ടറി നിർവ്വഹണം നടത്തിയ നം. 520/21 ഗ്രാമീണ ജലോത്സവത്തിന് വിഹിതം നൽകൽ പദ്ധതി പ്രകാരം നാല് സംഘടനകൾക്ക് പ്ലാൻ ഫണ്ടിൽ നിന്നും 8 ലക്ഷം രൂപ നൽകിയിട്ടുണ്ട്. ഗുണഭോക്താക്കളുടെ അപേക്ഷകൾ, അംഗീകാരം, തുക ചെലവഴിക്കുന്നതിനുള്ള സർക്കാർ അനുമതി, ചെലവ് രേഖകൾ എന്നിവ ലഭ്യമാക്കിയിട്ടില്ല. ഈയിനത്തിൽ ചെലവഴിച്ച 8,00,000രൂപ തടസ്സപെടുത്തുന്നു. ചെലവുരേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

| ക്രമ നം. | ബിൽ നം/തിയതി | തുക | കൈപറ്റിയത് |
|---|---|---|---|
| 1 | 57/11.04.20 | 2,00,000 | ജനനി ആർട് സ്പോർട് ക്ലബ്ബ് കിഴപ്പിള്ളിക്കര |
| 2 | 57/11.04.20 | 2,00,000 | തീരം ബോട്ട് ക്ലബ്ബ് |

| | | | |
|---|---|---|---|
| 3 | 58/11.04.20 | 2,00,000 | കടപ്പുറം കലാ സാസ്കാരിക വേദി |
| 4 | 58/11.04.20 | 2,00,000 | തൃപ്രയാർ ജലോത്സവ സംഘാടകസമിതി |
| ആകെ | | 8,00,000 | |

1-42 20,14,09,458 രൂപയുടെ വിനിയോഗ സാക്ഷ്യപത്രങ്ങൾ ഹാജരാക്കാൻ നടപടി സ്വീകരിക്കണം

ജില്ലാ പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥർക്ക് വിഹിതം കൈമാറുന്നതിന് രൂപീകരിച്ച താഴെ പറയുന്ന പദ്ധതികളിൽ 20,14,09,458 രൂപയുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. പദ്ധതികളുടെ സമയബന്ധിതമായ പൂർത്തീകരണവും, ലക്ഷ്യപ്രാപ്തിയും ഉറപ്പാക്കുന്നതിന് പദ്ധതികളുടെ പൂർത്തീകരണ/വിനിയോഗ സാക്ഷ്യപത്രങ്ങൾ എത്രയും വേഗം ഹാജരാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

| ക്രമ നമ്പർ | പദ്ധതി നമ്പർ | പ്രവൃത്തിയുടെ പേര് | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|---|---|
| 1 | 9/21 | 20-21എസ്.എസ്.എ വിഹിതം നൽകൽ | 5000000 | 5000000 |
| 2 | 10/21 | 20-21എസ്.എസ്.എ വിഹിതം നൽകൽ( എസ്.സി.പി.) | 3539397 | 3539397 |
| 3 | 12/21 | പാലിയേറ്റീവ് കെയർ-ഗ്രാമപഞ്ചായത്ത് വിഹിതം | 10922336 | 10362457 |
| 4 | 16/21 | ആശ്രയ പദ്ധതി | 2528643 | 372275 |
| 5 | 20/21 | ജലരക്ഷ-ജീവരക്ഷ വിഹിതം നൽകൽ | 10009700 | 8674576 |
| 6 | 167/21 | അംഗപരിമിതർക്ക് മുച്ചക്രവാഹനം | 1000000 | 396694 |
| 7 | 168/21 | വയോജന സൌഹൃദജില്ല | 1500000 | 1500000 |
| 8 | 229/21 | അന്തിക്കാട് ഗ്രാ.പ.-പുത്തൻപീടിക കിഴക്കേ അങ്ങാടി റോഡ് മെയിന്റനൻസ് | 200000 | 200000 |
| 9 | 237/21 | കൊരട്ടി ഗ്രാ.പ.-വാലുങ്ങാമുറി ബ്രാഞ്ച് റോഡ് | 1200000 | 473785 |
| 10 | 245/21 | ചേലക്കര ഗ്രാ.പ. മഠുക് അമ്പലം റോഡ് | 500000 | 399198 |
| 11 | 247/21 | ചേലക്കര ഗ്രാപ. തോന്നൂർക്കര നെല്ലിക്കുന്ന് റോഡ് | 1000000 | 998759 |
| 12 | 250/21 | ചേലക്കര ഗ്രാപ.തൊട്ടാവാടി കുളമ്പ് റോഡ് പാലം | 500000 | 500000 |
| 13 | 259/21 | വല്ലച്ചിറ ഗ്രാപ. ഞെരുവശ്ശേരി ബ്രാഞ്ച് റോഡ് | 400000 | 189753 |
| 14 | 261/21 | ചൊവ്വന്നൂർ ഗ്രാപ മാഞ്ചേരി റോഡ് | 1000000 | 1000000 |
| 15 | 266/21 | എരുമപ്പെട്ടി ഗ്രാപ. കരിയന്നൂർ കോളനി സമഗ്ര വികസനം | 500000 | 389508 |
| 16 | 282/21 | തെക്കുകര ഗ്രാപ.കല്ലുംകൂട്ടം മലാക്കാ വീരോലിപ്പാടം റോഡ് | 4229065 | 4229065 |
| 17 | 423/21 | തെക്കുംകര ഗ്രാപ. വിരിപ്പാക്കയിൽ | 3000000 | 2500000 |

| | | | | |
|---|---|---|---|---|
| | | കളിസ്ഥലത്തിന് വിഹിതം നൽകൽ. | | |
| 18 | 435/21 | അംഗനവാടി പോഷകാഹാരം.20-21 | 16871209 | 16752093 |
| 19 | 439/21 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് | 17127033 | 17122959 |
| 20 | 580/21 | താന്ന്യം ഗ്രാപ. ഹെൽത്ത് സെന്റർ നിർമ്മാണം വിഹിതം നൽകൽ | 500000 | 500000 |
| 21 | 581/21 | കടങ്ങോട് ഗ്രാപ-കടങ്ങോട് തെക്കുംമുറി റോഡ് റീ ടാറിംഗ് | 1500000 | 1499893 |
| 22 | 588/21 | മേലൂർ ഗ്രാപ-വെട്ടുകടവ് ചെക്ക്ഡാം റോഡ് | 700000 | 700000 |
| 23 | 589/21 | മേലൂർ ഗ്രാപ-മണ്ടിക്കുന്ന് ആറങ്ങാലി റോഡ് റീ ടാറിംഗ് | 650000 | 645963 |
| 24 | 590/21 | കാട്ടുകുറ്റി ഗ്രാപ-കാതിക്കുടം എൽ.ഐ പൈപ്പ് നീട്ടൽ | 700000 | 384393 |
| 25 | 591/21 | കൊരട്ടി ഗ്രാപ.മല്ലൻചിറക്കുളം നവീകരണം. | 400000 | 376342 |
| 26 | 592/21 | മേലൂർ ഗ്രാപ.മുക്കനിച്ചിറ കെട്ടി സംരക്ഷണം | 700000 | 663138 |
| 27 | 593/21 | താന്ന്യം ഗ്രാപ. സരയൂതീരം സൌന്ദര്യവൽക്കരണം | 500000 | 500000 |
| 28 | 594/21 | കടവല്ലൂർ ഗ്രാപ-നടുള്ളിപ്പാടം വയലോരം റോഡ് | 200000 | 200000 |
| 29 | 595/21 | ഭിന്നശേഷി സ്കോളർഷിപ്പ് 2019-20 | 275000 | 275000 |
| 30 | 596/21 | പാലിയേറ്റിവ്കെയർ ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം | 1902818 | 811898 |
| 31 | 597/21 | സ്ട്രീറ്റ്മെയിൻ ലൈൻ എക്സ്റ്റൻഷൻ ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം | 9223588 | 8655165 |
| 32 | 598/21 | അംഗനവാടി പോഷകാഹാരം 19-20 | 2787043 | 2218206 |
| 33 | 599/21 | വയോജനക്ഷേമം ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകൽ | 417500 | 417500 |
| 34 | 600/21 | ആശ്രയ പദ്ധതി ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം | 1858900 | 34000 |
| 35 | 601/21 | കടങ്ങോട് ഗ്രാപ. ആണ്ടിയത്ത് കോളനി കുടിവെള്ള പദ്ധതിക്ക് വിഹിതം നൽകൽ | 300000 | 300000 |
| 36 | 603/21 | എളവള്ളി ഗ്രാപ-ജനശക്തി കാക്കശ്ശേരി റോഡ് | 500000 | 500000 |
| 37 | 604/21 | വടക്കേക്കാട് ഗ്രാപ. ആറ്റപ്പറം സ്കൂൾ റോഡ് | 500000 | 500000 |
| 38 | 607/21 | പടിയൂർ ഗ്രാപ.ലക്ഷം വീട് കോളനി റോഡ് | 400000 | 348037 |
| 39 | 608/21 | മതിലകം ഗ്രാപ. നാണൻ | 400000 | 372084 |

| | | | | |
|---|---|---|---|---|
| | | മെമ്മോറിയൽ വായനശാല റോഡ് | | |
| 40 | 610/21 | മേലൂർ ഗ്രാപ. അംൻവാടി നം.11 ന് വിഹിതം നൽകൽ | 300000 | 300000 |
| 41 | 611/21 | കൊരട്ടി ഗ്രാപ. സുഗതി അംഗൻവാടിക്ക് വിഹിതം നൽകൽ | 300000 | 290236 |
| 42 | 612/21 | പരിയാരം ഗ്രാപ.തവളപ്പാറ റോഡ് | 900000 | 900000 |
| 43 | 613/21 | പോർക്കുളം ഗ്രാപ. അകതിയൂർ നോർത്ത് ഇടവഴി | 300000 | 200000 |
| 44 | 614/21 | വയോജനക്ഷേമം ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകൽ 19-20 | 2584294 | 2584294 |
| 45 | 615/21 | ഭിന്നശേഷിക്കാർക്ക് ഉപകരണം നൽകൽ | 772961 | 772961 |
| 46 | 616/21 | അംഗൻ വാടികളുടെ ഭൌതിക സൌകര്യം മെച്ചപ്പെടുത്തൽ | 2400000 | 2337950 |
| 47 | 617/21 | ജലരക്ഷ ജീവരക്ഷ വിഹിതം നൽകൽ | 91826 | 91826 |
| 48 | 618/21 | ജലരക്ഷ ജീവരക്ഷ ജലസ്രോതസ്സുകളുടെ ശുചീകരണം | 1014979 | 1014979 |
| 49 | 619/21 | കടങ്ങോട് ഗ്രാപ. ചിറ്റ്ലങ്ങാട് പുറമലക്കുന്ന് റോഡ് | 900000 | 761601 |
| 50 | 622/21 | വല്ലച്ചിറ ഗ്രാപ. പൊന്നി റോഡ് | 500000 | 499867 |
| 51 | 623/21 | മേലൂർ ഗ്രാപ. കാലടി ലിഫ്റ്റ് ഇറിഗേഷൻ എക്സ്റ്റൻഷൻ | 500000 | 358570 |
| 52 | 624/21 | മുല്ലശ്ശേരി ഗ്രാപ. ആശ്രമം റോഡ് മെറ്റലിംഗ്, ടാറിംഗ് | 1000000 | 787638 |
| 53 | 625/21 | പറപ്പൂക്കര ഗ്രാപ. മിനിമാസ്റ്റ് ലൈറ്റ് | 900000 | 890000 |
| 54 | 626/21 | ചാഴൂർ ഗ്രാപ. ആലപ്പാട് ജി.എൽ.പി.എസ്. ഗ്രൌണ്ട് നവീകരണം. | 676328 | 457369 |
| 55 | 627/21 | നെൻമണിക്കര ഗ്രാപ.57ാം നമ്പർ അംഗൻവാടിക്ക് ധനസഹായം | 1200000 | 1200000 |
| 56 | 628/21 | ചേർപ്പ് ഗ്രാപ. കിസാന കോർണർ റോഡ് | 1000000 | 945800 |
| 57 | 629/21 | ചൊവ്വന്നൂർ ഗ്രാപ. സൌഹൃദകേന്ദ്രം നിർമ്മാണം. | 700000 | 324808 |
| 58 | 630/21 | പൂമംഗലം ഗ്രാപ. കൽപറമ്പ് ലക്ഷം വീട് കോളനി റോഡ് | 800000 | 770187 |
| 59 | 631/21 | എറിയാട് ഗ്രാപ. ചെമ്പറമ്പ് പള്ളി വാർഡ് റോഡ് | 1200000 | 1001313 |
| 60 | 633/21 | പാഞ്ഞാൾ ഗ്രാപ. ഉവരക്കാട് കോളനി സാംസ്കാരിക നിലയം ഫർണിച്ചർ വാങ്ങൽ. | 500000 | 305924 |

| | | | | |
|---|---|---|---|---|
| 61 | 634/21 | മാടക്കത്തറ ഗ്രാപ. ധീർധാനി റോഡ് നിർമ്മാണം വിഹിതം നൽകൽ | 1000000 | 920689 |
| 62 | 635/21 | കടപ്പുറം ഗ്രാപ. മുനക്കകടവ് സ്ലൂയിസ് | 1000000 | 994346 |
| 63 | 636/21 | ചേലക്കര ഗ്രാപ.ചേലത്തൊടി കോളനി റോഡ് മെയിന്റനൻസ് | 500000 | 456793 |
| 64 | 637/21 | ചേലക്കര ഗ്രാപ. തോന്നൂർക്കര കിഴക്കേമുറി സ്കൂൾ റോഡ് | 500000 | 496956 |
| 65 | 638/21 | കൊരട്ടി ഗ്രാപ. വാലുങ്ങമുറി ബ്രാഞ്ച് കനാൽ റോഡ് ടാറിംഗ് | 2000000 | 1137069 |
| 66 | 639/21 | തെക്കുംകര ഗ്രാപ.മച്ചാട് വി.എൻ.എം.എം.ജി.എച്ച്.എസ്. എസ്. ബ്ലോക്ക് ട്രസ്സ് വർക്ക് | 449925 | 449925 |
| 67 | 640/21 | കൈപ്പറമ്പ് ഗ്രാപ.പഴമുക്ക് റോഡ് റീടാറിംഗ്. | 1500000 | 1436722 |
| 68 | 641/21 | ചേലക്കര ഗ്രാപ.ഇസ്രയേൽ കുന്ന് റോഡ് റീടാറിംഗ് | 500000 | 464027 |
| 69 | 642/21 | പൂമംഗലം ഗ്രാപ.വടക്കുംകര യു.പി. സ്കൂൾ സ്മാർട്ട് ക്ലാസ്സ് റൂം | 780565 | 780565 |
| 70 | 643/21 | എടവിലങ്ങ് ഗ്രാപ. കർഷക റോഡ് | 500000 | 500000 |
| 71 | 645/21 | പരിയാരം ഗ്രാപ. കരുമാൻ ലൈൻ റോഡ് കോൺക്രീറ്റിംഗ് | 700000 | 474480 |
| 72 | 646/21 | വല്ലച്ചിറ ഗ്രാപ. കട്ടിപാടം ബണ്ട് റോഡ് | 500000 | 499714 |
| 73 | 747/21 | തെക്കുംകര ഗ്രാപ. കല്ലംപാറ കോളനി കുടിവെള്ള പദ്ധതി. | 2500000 | 2495100 |
| 74 | 748/21 | വിശപ്പ് രഹിത കേരളം-ജനകീയ ഹോട്ടലുകൾ പ്രാവർത്തികമാക്കുന്നതിനുള്ള പ്രോജക്ടുകൾ | 860000 | 29999 |
| 75 | 784/21 | എസ്.എസ്.എ വിഹിതം നൽകൽ | 29275049 | 29275049 |
| 76 | 83721 | ലൈഫ് ഭവന നിർമ്മാണം-വൾനറബിൾ സെക്ഷൻ | 1600000 | 780000 |
| 77 | 859/21 | ജില്ലാപഞ്ചായത്ത് വികസന പ്രവർത്തനങ്ങളുടെ ഡോക്യുമെന്റേഷൻ | 500000 | 495698 |
| 78 | 865/21 | വടക്കേക്കാട് ഗ്രാപ. മൂലത്തറ എസ്.സി കോളനിറോഡ് മെയിന്റനൻസ്. | 1000000 | 1000000 |
| 79 | 924/21 | വല്ലച്ചിറ ഗ്രാപ. രാമൻവൈദ്യർ ബ്രാഞ്ച് റോഡ് | 500000 | 443404 |
| 80 | 925/21 | വല്ലച്ചിറ ഗ്രാപ.പൂക്കോട് പറമ്പ് റോഡ് വിഹിതം നൽകൽ | 500000 | 226757 |
| 81 | 936/21 | അന്തിക്കാട് ഗ്രാപ. ഹോമിയോ ആശുപത്രി നവീകരണം. | 500000 | 211197 |
| 82 | 937/21 | അരിമ്പൂർ ഗ്രാപ. പാലക്കടവ് റോഡ് റീ | 1500000 | 1437838 |

| | | | | |
|---|---|---|---|---|
| | | ടാറിംഗ് | | |
| 83 | 938/21 | കടങ്ങോട് ഗ്രാപ. എയ്യാൽ വാലിപ്പറമ്പ് റോഡ് റീ ടാറിംഗ് | 500000 | 495251 |
| 84 | 940/21 | അന്നമനട ഗ്രാപ. വെസ്റ്റ് കൊരട്ടി ചൂരപ്പുറത്ത് കോളനി കമ്മ്യൂണിറ്റിഹാൾ വൈദ്യുതീകരണവും സൌന്ദര്യവൽക്കരണവും | 100000 | 77685 |
| 85 | 941/21 | ഏങ്ങണ്ടിയൂർ ഗ്രാപ. കേരളീയൻ ലൈബ്രറിയുടെ മുകളിൽ ട്രസ്സ് വർക്ക് വിഹിതം നൽകൽ | 500000 | 385520 |
| 86 | 942/21 | എറിയാട് ഗ്രാപ. 46ാം നമ്പർ അംഗൻവാടി റോഡ് മെയിന്റനൻസ് | 600000 | 600000 |
| 87 | 943/21 | ചേലക്കര ഗ്രാപ തോന്നൂർക്കര മണ്ണാത്തിപ്പാറ ചിറയുടെ ബണ്ട് സംരക്ഷണം. | 500000 | 396803 |
| 88 | 944/21 | എറിയാട് ഗ്രാപ.അഴീക്കോട് വായനശാലയുടെ കെട്ടിടം അധിക സൌകര്യം ഒരുക്കൽ | 500000 | 500000 |
| 89 | 945/21 | എറിയാട് ഗ്രാപ.ഗ്രീൻവാലി റോഡ് റീ ടാറിംഗ് | 600000 | 600000 |
| 90 | 946/21 | മേലൂർ ഗ്രാപ. ഭാവന അംഗനവാടി നിർമ്മാണം. | 300000 | 300000 |
| 91 | 947/21 | മേലൂർ ഗ്രാപ. അംഗനവാടി നം.19 ന് വിഹിതം നൽകൽ | 300000 | 300000 |
| 92 | 952/21 | മറ്റത്തൂർ ഗ്രാപ. മോനടി എസ്.സി കോളനി ശിശു സംരക്ഷണ കേന്ദ്രം പൂർത്തീകരണം. | 1000000 | 719702 |
| 93 | 953/21 | പൂന്നയൂർ ഗ്രാപ. എടക്കഴിയൂർ കാജാ കമ്പനി മിനി മാസ്റ്റ് ലൈറ്റ് | 500000 | 500000 |
| 94 | 954/21 | കാട്ടകാമ്പൽ ഗ്രാപ പെങ്ങാമുക്ക് മുതിരൻ പറമ്പ് റോഡ് | 200000 | 200000 |
| 95 | 955/21 | വല്ലച്ചിറ ഗ്രാപ കാര്യസ്ഥൻ റോഡ് | 400000 | 400000 |
| 96 | 959/21 | എറിയാട് ഗ്രാപ. 22ാം വാർഡ് റോഡ് | 800000 | 294946 |
| 97 | 960/21 | താന്ന്യം ഗ്രാപ. ഏ.ആർ റോഡ് ബസ്സ്റ്റോപ്പ് നവീകരണം | 500000 | 113574 |
| 98 | 961/21 | കടപ്പുറം ഗ്രാപ. കെട്ടുങ്ങൽ ബണ്ടിലേക്കുള്ള തോട് സൈഡ് കെട്ടൽ | 500000 | 492696 |
| 99 | 963/21 | വേലൂർ ഗ്രാപ. ചെറുകുന്ന് കോളനി സമഗ്രവികസനം. | 1000000 | 633491 |
| 100 | 964/21 | കാറലം ഗ്രാപ. യാറം പുളിക്കടവ് റോഡിന് വിഹിതം നൽകൽ | 1500000 | 1365350 |

| | | | | |
|---|---|---|---|---|
| 101 | 965/21 | കാറളം ഗ്രാപ. വടക്കേ കോളനി റോഡ് റീ ടാറിംഗ്. | 775000 | 350581 |
| 102 | 966/21 | ലൈഫ് മിഷൻ പണി പൂർത്തീകരിക്കാത്ത ഭവനങ്ങൾക്ക് ധനസഹായം നൽകൽ | 5473058 | 1445941 |
| 103 | 967/21 | മറ്റത്തൂർ ഗ്രാപ. കുംഭം കുളങ്ങര റോഡ് നിർമ്മാണം. | 1000000 | 834673 |
| 104 | 968/21 | മാടക്കത്തറ ഗ്രാപ. ചെട്ടിക്കാട് മുട്ടിക്കൽ മരോട്ടിച്ചുവട് റോഡ് നിർമ്മാണം. | 2741143 | 2741143 |
| 105 | 971/21 | പെരിഞ്ഞനം ഗ്രാപ. വാക്കാട്ട് എസ്.സി കോളനി സമഗ്രവികസനം. വിഹിതം നല്കൽ | 100000 | 647585 |
| 106 | 972/21 | ചൊവ്വന്നൂർ ഗ്രാപ. ചാത്തംകോട് കാടക്കനാൽ പഴുന്നാന കിഴക്കേതോട് പുനരുദ്ധാരണവും ചെമ്മാവ് ചീപ്പ് സ്ഥാപിക്കലും | 510000 | 233310 |
| 107 | 973/21 | തിരുവില്വാമല ഗ്രാപ. ആറംപറ്റ ചെമ്പക്കുളം റോഡ് മെയിന്റനൻസ് | 1000000 | 916649 |
| 108 | 974/21 | കൊരട്ടി ഗ്രാപ. നാലുകെട്ട് ഇരട്ടച്ചിറ റോഡ് റീ ടാറിംഗ് | 1000000 | 592922 |
| 109 | 977/21 | ദേശമംഗലം ഗ്രാപ. പകൽ വീട് നിർമ്മാണം വിഹിതം നൽകൽ. | 1500000 | 931264 |
| 110 | 978/21 | കടപ്പുറം ഗ്രാപ. ആറ്റക്കോട തങ്ങൾ റോഡ് കാന നിർമ്മാണം. | 1000000 | 1000000 |
| 111 | 979/21 | കടപ്പുറം ഗ്രാപ. ഉപ്പാപ്പ പള്ളി റോഡ് സ്ലാബോട്ട കൂടി കാന നിർമ്മാണം. | 1000000 | 940849 |
| 112 | 981/21 | അന്നമനട ഗ്രാപ. 10ാം വാർഡ് ചെട്ടിക്കുന്ന് ലിഫ്റ്റ് ഇറിഗേഷൻ നവീകരണം. | 500000 | 500000 |
| 113 | 983/21 | ഓഫീസ് നവീകരണം രണ്ടാം ഘട്ടം | 300000 | 243066 |
| 114 | 984/21 | പാണഞ്ചേരി ഗ്രാപ. ഗ്രാമശ്രീ പാലച്ചുവട് ലിങ്ക് റോഡ് നിർമ്മാണം | 1000000 | 1000000 |
| 115 | 985/21 | കൊരട്ടി ജി.എൽ.പി.എസിന് അടിസ്ഥാന സൌകര്യ വികസനം. | 1300000 | 1046695 |
| 116 | 987/21 | കാറളം ഗ്രാപ. താണിശ്ശേരി പത്തനാപുരം റോഡ് കാന നിർമാണം | 280000 | 280000 |
| 117 | 990/21 | പുന്നയൂർ ഗ്രാപ. എം.എച്ച് മദ്രസ സ്കൂൾ റോഡ് | 1000000 | 959646 |
| 118 | 992/21 | വെള്ളാങ്കല്ലൂർ ഗ്രാപ. പുതിയറോഡ് പെഴുംകാട് റോഡ് | 1000000 | 992054 |
| 119 | 993/21 | വിലങ്ങന്നൂർ ട്രൈബൽ കോളനി സമഗ്ര വികസനം. | 1001000 | 615877 |

| | | | | |
|---|---|---|---|---|
| 120 | 994/21 | ചാഴൂർ ഗ്രാപ. ചിറപാടം തോട് സംരക്ഷണം | 2100000 | 1971309 |
| 121 | 996/21 | കൈപ്പറമ്പ് ഗ്രാപ. ക്കുരിയാൽ കനാൽ നിർമ്മാണം | 1000000 | 944821 |
| 122 | 1000/21 | ചേലക്കര ഗ്രാപ. പാലസ് റോഡ് ടാറിംഗ് | 500000 | 499917 |
| 123 | 1001/21 | അതിരപ്പിള്ളി ഗ്രാപ. അത്രർമുഴി എൽ.ഐ.പൈപ്പ്ലൈൻ നീട്ടൽ | 1000000 | 997442 |
| 124 | 1004/21 | ആളൂർ ഗ്രാപ. വരദനാട് കമ്മ്യൂണിറ്റി ഹാൾ പൂർത്തീകരണം. | 1500000 | 1265112 |
| 125 | 1005/21 | ശ്രീനാരായണപുരം ഗ്രാപ. കട്ടൻബസാർ പതിയാശ്ശേരി റോഡ് വീതികൂട്ടൽ | 2000000 | 2000000 |
| 126 | 1019/21 | തോളൂർ ഗ്രാപ. പറപ്പൂർ നോർത്ത് പടവ് സംഘം മോട്ടോർ പമ്പസെറ്റ് സ്ഥാപിക്കൽ വിഹിതം നൽകൽ | 500000 | 500000 |
| 127 | 1038/21 | പൊയ്യ ഗ്രാപ. കോലപുരം കുന്നപുരം റോഡ് മെയിന്റനൻസ് | 400000 | 400000 |
| 128 | 1066/21 | എറിയാട് ഗ്രാപ മഞ്ഞളിപള്ളി മരപ്പാലം റോഡ് | 1127306 | 1100000 |
| 129 | 1077/21 | എരുമപ്പെട്ടി ഗ്രാപ. ചിറ്റണ്ട കാന നിർമ്മാണം | 500000 | 500000 |
| 130 | 1079/21 | വേലൂർ ഗ്രാപ. പാത്രമംഗലം ദുബായ് റോഡ് മദ്രസ റോഡ് നിർമ്മാണം | 500000 | 450090 |
| 131 | 1080/21 | വെള്ളാങ്കല്ലൂർ ബ്ലോക്ക് പഞ്ചായത്ത് പുളിയിലക്കുന്ന് സാംസ്കാരിക നിലയം | 2500000 | 2445073 |
| 132 | 1088/21 | മുല്ലശ്ശേരി ഗ്രാപ ഹോമിയോ ആശുപത്രിയിലേക്ക് ഉപകരണങ്ങൾ | 300000 | 295755 |
| 133 | 1089/21 | ശ്രീനാരായണപുരം ഗ്രാപ. ശാന്തിപുരം പൊരിബസാർ റോഡ് | 1400000 | 1400000 |
| 134 | 1092/21 | ചൊവ്വന്നൂർ ഗ്രാപ. ഞാലിൽ കോളനി വികസനം | 1300000 | 600000 |
| 135 | 1093/21 | ചാലക്കുടി ബ്ലോക്ക് പഞ്ചായത്ത് കൊരട്ടി ജി.എൽ.പി.എസ്. അറ്റകുറ്റപണികൾ | 923189 | 835663 |
| 136 | 1094/21 | താന്ന്യം ഗ്രാപ. ചെമ്മാപ്പിള്ളി ള്ളക്കപാലം മെയിന്റനൻസ് | 1000000 | 620000 |
| 137 | 1095/21 | മുള്ളൂർക്കര ഗ്രാപ. വയോജനപാർക്കിന് വിഹിതം നൽകൽ. | 1400000 | 1324408 |
| 138 | 1098/21 | വെള്ളാങ്കല്ലൂർ ഗ്രാപ. അറവുശാലയ്ക്ക് വിഹിതം നൽകൽ | 2000000 | 487030 |
| 139 | 1145/21 | എറിയാട് ഗ്രാപ. വാർഡ് 8 ലെ കൊളപ്പാടൻ റോഡ് | 500000 | 500000 |

| | | | | |
|---|---|---|---|---|
| 140 | 1146/21 | എറിയാട് ഗ്രാപ. അയ്യപ്പൻ പാലം ബസാർ ലിങ്ക് റോഡ് | 600000 | 600000 |
| 141 | 1148/21 | ഒരുമനയൂർ ഗ്രാപ. കുണ്ടുകടവ് പാലം വൈദ്യുതീകരിക്കൽ | 290000 | 270758 |
| 142 | 1149/21 | മുള്ളൂർക്കര ഗ്രാപ. ഗ്രാമപഞ്ചായത്ത് കുളം അറ്റകുറ്റപണി | 950000 | 451018 |
| ആകെ | | | 22,97,18,855 | 20,14,09,458 |

1-43 ജില്ലാ പഞ്ചായത്ത് ഓഫീസിൽ എ.സി.സ്ഥാപിക്കൽ-പ്രൊക്യൂർമെന്റ് മാന്വൽ പ്രകാരമുള്ള സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചില്ല. ഫർണീഷിംഗ് പ്രവൃത്തികൾക്ക് ഡി.പി.സി അംഗീകാരമില്ല- പ്രവൃത്തിയുടെ ഗുണനിലവാര പരിശോധന നടത്തിയിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ.സെക്രട്ടറി

ജില്ലാ പഞ്ചായത്തിൽ എ.സി.സ്ഥാപിക്കുന്നതിനായി പദ്ധതി നമ്പർ 450/21 പ്രകാരം തനതുഫണ്ടിൽ നിന്നും 20 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി ആർട് കോ സമർപ്പിച്ച 13.05.2020 ലെ പ്രൊഫോർമ ഇൻവോയ്സിൽ 53 ച.മീ. ഓഫീസ് പാർട്ടീഷ്യൻ നിർമ്മാണം, 38.21 ച.മീ. ഓഫീസ് വാൾ റാക്ക് നിർമ്മാണം, 18 ച.മീ. വാൾ പാനലിംഗ്, 26 എണ്ണം എൽ.ഇ.ഡി 15 വാട്സ് ലൈറ്റ് സ്ഥാപിക്കൽ, 159 ച.മീ. ജിപ്സം ബോർഡ് സ്ഥാപിക്കൽ, 1.8 ടൺ എയർ കണ്ടീഷണറുകൾ 5 എണ്ണം സ്ഥാപിക്കൽ എന്നിവ ഉൾപ്പെടുന്നു.

01.08.2018 ലെ സ.ഉ.(സ)2092/18 ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ഫർണിഷിംഗ് പ്രവൃത്തികൾ നടത്തുന്നതിനുള്ള നോഡൽ ഏജൻസിയായും, 4.7.2019 ലെ ജി.ഒ. (പി)77/19 ഫിൻ ഉത്തരവ് പ്രകാരം ഇന്റീരിയർ പ്രവൃത്തികൾ നടത്തുന്നതിനുള്ള അക്രഡിറ്റഡ് ഏജൻസിയായും ആർട്-കോയെ അംഗീകരിച്ചിട്ടുള്ളതിനാൽ 18.6.20 ലെ ധന.സ്റ്റാ.കമ്മിറ്റിയുടെ 4(17), 23.06.2020 ലെ ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ (2) എന്നീ തീരുമാനങ്ങൾ പ്രകാരം പ്രവൃത്തി ആർട്കോയെ ഏൽപ്പിക്കുകയുണ്ടായി.

ജില്ലാ ആസൂത്രണ സമിതി അംഗീകാരം നൽകിയത് എയർ കണ്ടീഷണർ സ്ഥാപിക്കുന്നതിനുള്ള പദ്ധതിക്ക് മാത്രമായതിനാൽ ഫർണിഷിംഗ് പ്രവൃത്തികൾ നടത്തുന്നതിന് പദ്ധതി റിവൈസ് ചെയ്യേണ്ടതായിരുന്നു. എന്നാൽ പദ്ധതി റിവൈസ് ചെയ്തിട്ടില്ല. പദ്ധതിയുടെ ഭാഗമായി 2 ടൺ കപ്പാസിറ്റിയുള്ള അഞ്ച് എയർ കണ്ടീഷണറുകൾ ആർട് കോ സപ്ളൈ ചെയ്തതായി കാണുന്നു. സ.ഉ.(പി)നം.7/19 എസ്.പി.ഡി തിയതി 26.04.2019 ഉത്തരവ് പ്രകാരം കേരളത്തിലെ സർക്കാർ സ്ഥാപനങ്ങൾക്ക് 25000 രൂപയ്ക്ക് മുകളിലുള്ള വാങ്ങലുകൾ GEM (ഗവ. ഇ മാർക്കറ്റ് പ്ലേസ്) മുഖേനയായിരിക്കണമെന്നും, സർക്കാർ/അർദ്ധ സർക്കാർ/സർക്കാർ അംഗീകൃത ഏജൻസികൾ എന്നിവയിൽ നിന്നും ടെണ്ടർ നടപടികൾ ഒഴിവാക്കി സാധന സാമഗ്രികൾ വാങ്ങുന്ന സാഹചര്യത്തിൽ അവ സ്ഥാപനം തന്നെ നിർമ്മിച്ചവയാകണം എന്ന് 2.12.2016 ലെ ജി.ഒ(ആർ.ടി) 3299/2016 ത.സ്വ.ഭ.വ ഉത്തരവിലും, വിതരണം ചെയ്യുന്നവയുടെ കുറഞ്ഞത് 50% മെങ്കിലും സ്ഥാപനങ്ങൾ തന്നെ നിർമ്മിച്ചവയായിരിക്കണമെന്ന് 8.12.16 ലെ ജി.ഒ(എം.എസ്)1/16 എസ്.പി.ഡി ഉത്തരവിലും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഈ നിർദ്ദേശങ്ങൾ പാലിക്കാതെയാണ് പദ്ധതി നടപ്പാക്കിയിട്ടുള്ളത്.

17.11.2015 ലെ ജി.ഒ(പി)524/15 ധന ഉത്തരവ് പ്രകാരം എസ്റ്റിമേറ്റ് തുക 5 ലക്ഷവും അതിൽ അധികരിക്കുന്നതുമായ എല്ലാ മരാമത്ത് പ്രവൃത്തികളും ഇ-ടെണ്ടർ മുഖേനയാണ് നടപ്പിലാക്കേണ്ടിയിരുന്നത്. ജില്ലാ പഞ്ചായത്തിൽ എയർ കണ്ടീഷണർ സ്ഥാപിക്കുന്നതിന് തയ്യാറാക്കിയ പദ്ധതി നടപ്പാക്കുന്നതിന് ഇ-ടെണ്ടർ ക്ഷണിക്കുകയോ, വാങ്ങലുകൾ പ്രൊക്യൂർമെന്റ് മാന്വൽ പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് നടപ്പാക്കുകയോ ചെയ്യുന്നതിന് പകരമായി ആർട് കോ സമർപ്പിച്ച ഇൻവോയ്സ് പ്രകാരം പ്രോജക്ടിൽ ഉൾപ്പെടാതിരുന്ന പ്രവൃത്തികൾ നടപ്പാക്കുന്നതിന് തീരുമാനമെടുക്കുകയും എയർകണ്ടീഷണറുകൾ വിതരണം ചെയ്യുന്നതിനുള്ള സ്ഥാപനത്തിന്റെ ഇൻവോയ്സ് അംഗീകരിക്കുകയുമാണ് ചെയ്തത്. ഇത് ക്രമപ്രകാരമല്ല. യഥാർത്ഥത്തിൽ നോഡൽ ഏജൻസിയായി ആർട്-കോയെ സർക്കാർ അംഗീകരിച്ചിട്ടുണ്ടെങ്കിലും നോഡൽ ഏജൻസി എന്ന നിലയിൽ ഏതു രീതിയിലാണ് പ്രവൃത്തിക്കേണ്ടത് എന്ന് ഉത്തരവിൽ വ്യക്തമാക്കിയിട്ടില്ല.

പ്രൊക്യൂർമെന്റ് മാന്വൽ ബാധകമായ വാങ്ങലുകളിൽ പാലിക്കേണ്ട വ്യവസ്ഥകൾ കരാറിലുൾപ്പെടുത്തിയിട്ടില്ല.

ഫയൽ പരിശോധിച്ചതിൽ നിന്നും 15വാട്സ് എൽ.ഇ.ഡി സ്ഥാപിക്കുന്നതിന് 2200 രൂപ നിരക്കിൽ (മെറ്റീരിയൽ,ലേബർ ഉൾപ്പെടെ) 26 എണ്ണത്തിന് 68,068 രൂപ ഈടാക്കിയിട്ടുണ്ട്. എന്നാൽ ആവശ്യമായ മെറ്റീരിയൽ, ലേബർ എന്നിവയുടെ വിവരണം, സ്പെസിഫിക്കേഷൻ എന്നിവ എസ്റ്റിമേറ്റിൽ ഉൾപെടുത്തിയിട്ടില്ല. ഇത് നിലവിലെ ഷെഡ്യൂൾ നിരക്കുകളേക്കാൾ അധികമാണോയെന്ന് ആരും തന്നെ പരിശോധിച്ച് കാണുന്നില്ല. പ്രവൃത്തിയുടെ രണ്ട് പാർട് ബില്ലുകൾ കൊടകര എൽ.എസ്.ജി.ഡി ഡിവിഷനിലെ അസിസ്റ്റന്റ് എഞ്ചിനീയർ, അസി.എക്സി.എഞ്ചിനീയർ യഥാക്രമം അളവെടുത്തതായും കൌണ്ടർ സൈൻ ചെയ്തതായും കാണുന്നു. എന്നാൽ വാല്യുവേഷൻ നടത്തിയ തിയതി, ഗുണനിലവാര പരിശോധനാ റിപ്പോർട്ട്, കംപ്ലീഷൻ റിപ്പോർട്ട് എന്നിവ ഫയലിൽ ഇല്ല.

തനതുഫണ്ടിൽ നിന്നും വകയിരുത്തിയ 20 ലക്ഷം രൂപ ആർട്കോയ്ക്ക് നൽകിയതിന്റെ ബില്ലുകൾ, ചെക്ക് നമ്പർ, തുക, തിയതി, ജി.എസ്.ടി, ആദായനികുതി, എന്നിവ ഈടാക്കിയതിന്റെ വിശദാംശങ്ങൾ, പ്രവൃത്തിയുടെ ഫൈനൽ വാല്യുവേഷൻ, & കംപ്ലീഷൻ, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ആയതു ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയ അന്വേഷണത്തിന് തൃപ്തികരമായ മറുപടി നൽകിയിട്ടില്ല. (ഓഡിറ്റ് എൻക്വയറി. നം. 08/1.1.2022)

## 1-44 മാർഗ്ഗരേഖയിൽ വ്യവസ്ഥയില്ല.ഖാദി ബോർഡിനുവേണ്ടി അസംസ്കൃത വസ്തുക്കൾ വാങ്ങുന്നതിന് പദ്ധതി തയ്യാറാക്കിയത് ക്രമപ്രകാരമല്ല. വാങ്ങലുകളിൽ സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല.

ജില്ലാ ഖാദി ഗ്രാമ വ്യവസായ പ്രോജക്ട് ഓഫീസർ നടപ്പാക്കിയ സ്പിൽ ഓവർ പദ്ധതി നം.907/21 പ്രകാരം സിൽക്ക് കോട്ടൺ ബെഡ് നിർമ്മാണം, വിപണം റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം പദ്ധതിയിലുൾപ്പെടുത്തി 16,19,000 രൂപ വകയിരുത്തിയതിൽ 7,12,796 രൂപ ചെലവഴിച്ചിട്ടുണ്ട്.
ഒളരിക്കര ഖാദി കേന്ദ്രത്തിൽ കിടക്ക, തലയിണ യൂണിറ്റ് നിർമ്മിക്കുന്നതിനായി 19-20 ൽ 325/20 നമ്പർ പ്രകാരം പ്ലാൻ ഫണ്ടിൽ നിന്നും 15 ലക്ഷവും തനതുഫണ്ടിൽ നിന്ന് 3.75 ലക്ഷവും കൂടി ആകെ 18.75 ലക്ഷം രൂപ വകയിരുത്തിയിരുന്നു. ഇതിൽ കെട്ടിട നവീകരണത്തിനായി 7 ലക്ഷം രൂപയും, ഇലക്ട്രിഫിക്കേഷൻ, മെഷീൻ വാങ്ങൽ എന്നിവയ്ക്കായി 1.2 ലക്ഷവും പഞ്ഞി, തുണി തുടങ്ങിയ അസംസ്കൃത വസ്തുക്കൾ വാങ്ങുന്നതിനായി 10.55 ലക്ഷവും വകയിരുത്തിയിട്ടുണ്ട്. കോസ്റ്റ് ഫോർഡ് ഹാജരാക്കിയ രേഖകൾ പ്രകാരം 19.3.21 ന് കെട്ടിട നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. മെഷീനുകൾ അനുബന്ധ ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിന് കാഡ്കോയ്ക്ക് 1,68,796 രൂപ ബിൽ നം.7/20-21/30.3.21 പ്രകാരം നൽകിയിട്ടുണ്ട്. അസംസ്കൃത വസ്തുക്കളായ പഞ്ഞി, കോറ, ടാപസ്ട്രി എന്നിവ വിതരണം ചെയ്യുന്നതിന് 9.3.21ന് പയ്യന്നൂർ ഖാദി കേന്ദ്രത്തിന് കത്ത് നൽകുകയും 13.1.22 ലെ ഇൻവോയ്സ് നമ്പർ 54 പ്രകാരം ആകെ 4,70,610/- രൂപയുടെ അസംസ്കൃത വസ്തുക്കൾ പയ്യന്നൂർ ഖാദി കേന്ദ്രത്തിൽ നിന്നും വാങ്ങിയിട്ടുണ്ട്.

പദ്ധതി നിർവ്വഹണം സംബന്ധിച്ച് താഴെ കാണും പ്രകാരം അപാകതകൾ കാണുന്നു .

1. 2019-20 ൽ ആവിഷ്കരിച്ച പദ്ധതിയിൽ 21-22 സാമ്പത്തിക വർഷത്തിലാണ് 4,70,610/- രൂപയുടെ അസംസ്കൃത വസ്തുക്കൾ വാങ്ങിയിട്ടുള്ളത്. ഇതിന്റെ വിനിയോഗ വിവരങ്ങൾ പരിശോധിച്ചിട്ടില്ല. പദ്ധതി നടപ്പാക്കുന്നതിൽ കാലതാമസമുണ്ടായിട്ടുണ്ട്.

2.ജില്ലാ ഖാദി പ്രോജക്ട് ഓഫീസ്/ഓഫീസർ നിലവിലെ സർക്കാർ ഉത്തരവ് പ്രകാരംജില്ലാ പഞ്ചായത്തിന് കൈമാറിക്കിട്ടിയ വകുപ്പ്/ഉദ്യോഗസ്ഥൻ അല്ലാത്തിനാൽ ജില്ലാ പഞ്ചായത്തിന്റെ ഫണ്ട് കൈപറ്റുന്നതും വിനിയോഗിക്കുന്നതും സംബന്ധിച്ച് ജില്ലാ പഞ്ചായത്തുമായി കരാറിൽ ഏർപ്പെടേണ്ടതായിരുന്നു. ഇത്തരത്തിൽ കരാർ ചമച്ചതായി കാണുന്നില്ല. തുക വിനിയോഗിച്ചതിന്റെ വിനിയോഗ/പൂർത്തീകരണ സാക്ഷ്യ പത്രും ലഭ്യമാക്കിയിട്ടില്ല.

3. തദ്ദേശ സ്ഥാപനങ്ങളിലെ വാങ്ങലുകൾ നടത്തുന്നതിന് 8.11.2010 ലെ സ.ഉ(പി) 259/2010.ത.സ്വ.ഭ.വ ഉത്തരവാണ് ബാധകമായിട്ടുള്ളത്. 27.09.2017 ലെ സ.ഉ (സാ)3161/17 ത.സ്വ.ഭ.വ പ്രകാരം ഓഫീസ് ഫർണിഷിംഗ്, ആധുനികവൽക്കരണം എന്നിവ നടത്തുന്നതിനുള്ള നോഡൽ ഏജൻസിയായും, സർക്കാർ നിശ്ചയിച്ച നിരക്കിൽ സ്റ്റീൽ/ മര ഫർണീച്ചറുകൾ എന്നിവ റേറ്റ് കോൺട്രാക്ട് നിരക്കിൽ ടെണ്ടർ

നടപടികൂടാതെ വിതരണം ചെയ്യുന്നതിനുള്ള ഏജൻസിയായി ജി.ഒ (ആർ.ടി)47/2019/എസ്.പി.ഡി തിയതി.7.11.2019 ഉത്തരവ് പ്രകാരവും കാഡ്കോയെ സർക്കാർ അംഗീകരിച്ചിട്ടുണ്ട്. എന്നാൽ കാഡ്കോ വിതരണം ചെയ്ത ഇനങ്ങൾ നേരിട്ട് കാഡ്കോയിൽ നിന്നും വാങ്ങുന്നതിന് സർക്കാർ അനുമതി ഇല്ലാത്തതിനാലും വാങ്ങലുകൾക്ക് തദ്ദേശ സ്ഥാപന വിഹിതമാണ് വിനിയോഗിച്ചത് എന്നതിനാലും പ്രൊക്യൂർമെന്റ് മാന്വൽ പ്രകാരം നടപടി സ്വീകരിക്കേണ്ടതായിരുന്നു. എന്നാൽ ഇങ്ങിനെ ചെയ്തിട്ടില്ല.

സർക്കാർ/അർദ്ധ സർക്കാർ/സർക്കാർ അംഗീകൃത ഏജൻസികൾ എന്നിവയിൽ നിന്നും ടെണ്ടർ നടപടികൾ ഒഴിവാക്കി സാധന സാമഗ്രികൾ വാങ്ങുന്ന സാഹചര്യത്തിൽ അവ സ്ഥാപനം തന്നെ നിർമ്മിച്ചവയാകണം എന്ന് 2.12.2016 ലെ ജി.ഒ(ആർ.ടി) 3299/2016 ത.സ്വ.ഭ.വ ഉത്തരവിലും, വിതരണം ചെയ്യുന്നവയുടെ കുറഞ്ഞത് 50% മെങ്കിലും സ്ഥാപനങ്ങൾ തന്നെ നിർമ്മിച്ചവയായിരിക്കണമെന്ന് 8.12.16 ലെ ജി.ഒ(എം.എസ്)1/16 എസ്.പി.ഡി ഉത്തരവിലും വ്യക്തമാക്കിയിട്ടുണ്ട്. ജി.ഒ(പി)01/17തി.13.03.2017, ജി.ഒ(ആർ.ടി) 13/19എസ്.പി.ഡി. തി.02.04.2019 എന്നീ ഉത്തരവുകൾ പ്രകാരം സാധനങ്ങളുടെ വില കമ്പോള വിലയേക്കാൾ കൂടുന്നില്ലായെന്നും, വിതരണം ചെയ്യുന്നവ തങ്ങളുടെ സ്ഥാപനത്തിൽ തന്നെ നിർമ്മിച്ചവയാണെന്നും സാക്ഷ്യപത്രം നൽകേണ്ടതുണ്ട്. എന്നാൽ ഇത്തരം സാക്ഷ്യപത്രങ്ങൾ ഒന്നും തന്നെ ഫയലിൽ ഇല്ല.

4. കാഡ്കോ വിതരണം ചെയ്ത ഉപകരണങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ, സ്റ്റോക്ക് എൻട്രി സാക്ഷ്യപത്രം എന്നിവ ഹാജരാക്കേണ്ടതാണ്.

5. യൂണിറ്റുകൾക്ക് 100% സബ്സിഡി നിരക്കിൽ അസംസ്കൃത വസ്തുക്കൾ വാങ്ങി നൽകുന്നതിന് സർക്കാർ ഉത്തരവിലോ മാർഗ്ഗരേഖയിലോ വ്യവസ്ഥ ചെയ്തിട്ടില്ല. പദ്ധതിയിൽ ഖാദി ബോർഡ് വിഹിതം വകയിരുത്തിയിട്ടില്ല.

10.01.2020 ലെ പദ്ധതി മാർഗ്ഗരേഖ സ.ഉ(കൈ)22/18 ത.സ്വ.ഭ.വ ഉത്തരവ് ഖണ്ഡിക 6.4(18) പ്രകാരം ഖാദി ഉൽപ്പന്ന വിപണന ശാലകൾക്ക് തറി, നെയ്ത്തുപകരണങ്ങൾ എന്നിവ വാങ്ങി നൽകുന്നതിന് വ്യവസ്ഥയുണ്ട്. 26.07.2020 ലെ സ.ഉ(സാ)1400/2020 ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ഖാദി ഗ്രാമ വ്യവസായ കമ്മീഷന്റേയും, കേരള ഖാദി ബോർഡിന്റേയും അംഗീകാരമുള്ള ഖാദി സ്ഥാപനങ്ങൾക്കും, ഖാദി ബോർഡിന് സ്വന്തമായുള്ളതോ മറ്റ് ഏജൻസികൾ വിട്ട് നൽകിയതോ ആയ സ്ഥലത്ത് നിലവിലുള്ള യൂണിറ്റുകൾക്ക് കെട്ടിട നിർമ്മാണത്തിന് അറ്റകുറ്റ പണി നടത്തുന്നതിനും, തറികളും മറ്റ് ഉപകരണങ്ങളും വാങ്ങി നൽകുന്നതിനും 100% സബ്സിഡി നൽകുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതു പ്രകാരം കൈത്തറി മേഖലയ്ക്ക് ആശ്വാസം നൽകുന്നതിനായി കെട്ടിട അറ്റകുറ്റപണി നടത്തുന്നതിനും, യന്ത്രോപകരണങ്ങൾ വാങ്ങി നൽകുന്നതിനുമാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പിന്തുണ നൽകേണ്ടത് എന്ന് വ്യക്തമാണ്. ഖാദി ബോർഡിന്റെ നിയന്ത്രണത്തിലുള്ളതും എന്നാൽ തദ്ദേശ സ്ഥാപനങ്ങൾക്ക് നിയമാനുസൃതം കൈമാറിയിട്ടില്ലാത്തതുമായ സ്ഥാപനങ്ങൾക്ക് പ്രവർത്തന മൂലധനം നൽകുന്നതിനോ, അസംസ്കൃത വസ്തുക്കൾ വാങ്ങി നൽകുന്നതിനോ തദ്ദേശ സ്ഥാപന പദ്ധതി വിഹിതം വകയിരുത്തുന്നതിന് വ്യവസ്ഥയില്ലാത്തതിനാൽ ഇത്തരത്തിൽ തുക ചെലവു ചെയ്യുന്നതിന് സർക്കാർ അനുമതി ആവശ്യമാണ്. ഉൽപ്പന്നങ്ങൾ വിറ്റ് കിട്ടുന്ന തുക ഖാദി ബോർഡിന് അവകാശപ്പെട്ടതായിരിക്കെ അസംസ്കൃത വസ്തുക്കൾ വാങ്ങുന്നതിന് പ്രോജക്ടിൽ തുക വകയിരുത്തി സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി തുക ചെലവഴിച്ചത് നിയമാനുസൃതമല്ല. പ്രോജക്ട് നമ്പർ 514/21 ഫയൽ, സ്റ്റോക്ക് രജിസ്റ്റർ, പ്രോജക്ട് മോണിറ്ററിംഗ് റിപ്പോർട്ട്, വാങ്ങൽ സംബന്ധിച്ച പ്രൊക്യൂർമെന്റ് കമ്മിറ്റി തീരുമാനം എന്നിവ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി നം. 12/04.02.2022)

1-45 ഉത്രാളിക്കാവ് പൂരം-2019-20 വ്യവസായ വാണിജ്യ പ്രദർശനം- പദ്ധതി നിർവ്വഹണത്തിലെ അനാസ്ഥ-15000/-രൂപ നിരാകരിക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ. മാനേജർ, ജില്ലാ വ്യവസായ കേന്ദ്രം, തൃശ്ശൂർ.

2020 ഫെബ്രുവരി 14 മുതൽ മാർച്ച് 1 വരെ നടക്കുന്ന ഉത്രാളിക്കാവ് പൂരം 14ാമത് അഖിലേന്ത്യാ എക്സിബിഷനിൽ പങ്കെടുക്കുന്നതിന് അഭ്യർത്ഥിച്ച് 20.01.2020 ന് എക്സിബിഷൻ കമ്മിറ്റി ജനറൽ കൺവീനർ കത്ത് നൽകിയിരുന്നു. പൂരം പ്രദർശനത്തിലെ വ്യവസായ വകുപ്പിന്റെ പങ്കാളിത്തം സംബന്ധിച്ച് വ്യവസായ വാണിജ്യ ഡയറക്ടർ 18.2.2020 ന് പുറപ്പെടുവിച്ച നം. ഡി.ഐ.സി/677/2020എം.എ-എം2 കത്ത് പ്രകാരം നടപ്പ് സാമ്പത്തിക വർഷത്തിൽ ഫണ്ട് ലഭ്യമല്ലാത്തതിനാൽ മേളയിൽ പങ്കെടുക്കുന്നതിന് തുക അനുവദിക്കാൻ

നിർവ്വാഹമില്ലായെന്നും യൂണിറ്റുകളെ അവരുടെ സ്വന്തം നിലയ്ക്ക് മേളയിൽ പങ്കെടിപ്പിക്കുന്നതിനും ജില്ലാവ്യവസായകേന്ദ്രം ജനറൽ മാനേജർക്ക് നിർദ്ദേശം നൽകിയിരുന്നു. തുടർന്ന് ജില്ലാ പഞ്ചായത്ത് വ്യവസായ-വാണിജ്യ എക്സിബിഷൻ പ്രോജക്ട് തയ്യാറാക്കുകയും തനതുഫണ്ടിൽ നിന്ന് 3ലക്ഷം രൂപ ചെലവഴിക്കുന്നതിന് 02/07/2020 ലെ സ.ഉ(സാ)1310/2020/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം അനുമതി ലഭിച്ചതിനെ തുടർന്ന് 647/21 നമ്പർ സ്പിൽ ഓവർ പദ്ധതി പ്രകാരം ഉത്രാളിക്കാവ് പൂരം കമ്മിറ്റിക്ക് 3 ലക്ഷം രൂപ (ചെക്ക് നം.6022024/14-05-20) തനതുഫണ്ടിൽ നിന്നും നൽകിയതായി കണ്ടു.

ഫയൽ പരിശോധിച്ചതിൽ നിന്നും കണ്ട അപാകതകൾ താഴെ ചേർക്കുന്നു.

1. ഉത്രാളിക്കാവ് പൂരത്തിനോടനുബന്ധിച്ച് വ്യവസായിക വാണിജ്യ എക്സിബിഷൻ എന്നു മാത്രമാണ് ജില്ലാ പഞ്ചായത്ത് തയ്യാറാക്കിയ പദ്ധതിയിൽ രേഖപെടുത്തി കാണുന്നത്. പദ്ധതിയുടെ ഗുണഭോക്താക്കളെയോ, പദ്ധതി നടത്തിപ്പോ സംബന്ധിച്ച് പ്രോജക്ടിൽ വിവരണങ്ങളില്ല.

2. ഏതാനും സ്റ്റാളുകളുടെ ഫോട്ടോകൾ ഫയലിലുണ്ട്. എന്നാൽ ഈ സ്റ്റാളുകൾ/പവലിയൻ ജില്ലാ പഞ്ചായത്തിന്റെയോ/വ്യവസായവികസന വകുപ്പിന്റെയോ ആണെന്നത് സംബന്ധിച്ച ബോർഡുകളോ/ഉത്രാളിക്കാവിലെ പ്രദർശനത്തോടനുബന്ധിച്ച സ്റ്റാളുകളാണോ ഇവയെന്നു സംബന്ധിച്ച പേരുകളോ/വിശദാംശങ്ങളോ ഈ ചിത്രങ്ങളിൽ ഇല്ല.

3. പ്രദർശനത്തിൽ പങ്കെടുത്ത സംരംഭകരെ തെരഞ്ഞെടുത്തതിന്റെ വിശദാംശങ്ങൾ, ഇവരുടെ രജിസ്ട്രേഷൻ സംബന്ധിച്ച രേഖകൾ, സംരംഭകരെ ജില്ലാ പഞ്ചായത്ത് അംഗീകരിച്ചതിന്റെ വിശദാംശങ്ങൾ. എന്നിവ ഫയലിൽ ഇല്ല.

4. സ്റ്റാളുകളുടെ നിർമ്മാണത്തിന്റെ യഥാർത്ഥ ചെലവുരേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. വ്യവസായ വാണിജ്യ എക്സിബിഷനിൽ പങ്കെടുക്കുന്നതിന് എക്സിബിഷൻ കമ്മിറ്റി സ്റ്റാളുകൾക്ക് നിരക്ക് നിശ്ചയിച്ച് ജില്ലാ പഞ്ചായത്തിനെ അറിയിക്കുകയോ/നിരക്കുകൾ ജില്ലാ പഞ്ചായത്ത് ഭരണ സമിതി അംഗീകരിച്ചതായോ കാണുന്നില്ല. സ്റ്റാളുകളുടെ വാല്യുവേഷൻ എഞ്ചിനീയറിംഗ് വിഭാഗം സാക്ഷ്യപ്പെടുത്തി നൽകിയിട്ടില്ല.

5. പ്രോജക്ടിൽ നിന്നും എക്സിബിഷൻ കമ്മിറ്റിയോണോ/സംരംഭകരാണോ ഗുണഭോക്താക്കൾ എന്നു വ്യക്തമല്ല. വിവിധ ക്ഷേത്രങ്ങളുടേയും, സ്ഥാപനങ്ങളുടേയും, സംഘടനകളുടേയും പിൻബലത്തോടെ എല്ലാ വർഷവും സംഘടിപ്പിക്കപ്പെടുന്ന ഉത്രാളിക്കാവ് പൂരം-ഓൾ ഇൻഡ്യാ എക്സിബിഷന്റെ കമ്മിറ്റിയെ ഗുണഭോക്താവായി അംഗീകരിക്കേണ്ട ആവശ്യകത ജില്ലാ പഞ്ചായത്തിനില്ല. മറിച്ച് സംരംഭകർക്ക് അവരുടെ ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിന് ആവശ്യമായ പിന്തുണ വ്യവസായ വികസന വകുപ്പ് മുഖേന ജില്ലാ പഞ്ചായത്തിന് നൽകാമെങ്കിലും സംരംഭകയൂണിറ്റുകളെ സ്വന്തം നിലയ്ക്ക് പങ്കെടുപ്പിക്കുന്നതിനാണ് വ്യവസായ വികസന വകുപ്പിന്റെ അനുമതി ലഭിച്ചിട്ടുള്ളത്. എന്നാൽ ഇത്തരത്തിൽ പ്രദർശനത്തിൽ പങ്കെടുക്കുന്നതിനുള്ള ഒരു ഡിമാന്റ് സംരംഭകരുടെ ഭാഗത്തുനിന്നും ഉണ്ടായതായി തെളിയിക്കാവുന്ന യാതൊരു രേഖകളും ഫയലിൽ ഇല്ല. പൂരം കമ്മിറ്റി 12.3.2020 ന് നൽകിയ നം. ടി.1/97/2020 കത്തിൽ 20ാം നമ്പർ സ്റ്റാൾ വേക്കന്റ് ആയാണ് രേഖപെടുത്തി കാണുന്നത് എന്നതിൽ നിന്നും സംരംഭകരുടെ ഭാഗത്ത് നിന്നും ആവശ്യകത ഉണ്ടായിരുന്നുവോയെന്നത് സംശയാസ്പദമാണ്. മാത്രമല്ല സ്റ്റാളുകൾക്ക് വാടക നിശ്ചയിക്കുകയോ ഈടാക്കുകയോ ചെയ്തതായി കാണുന്നില്ല. 19 പേർക്ക് സ്റ്റാളുകൾ അനുവദിച്ചതായി പൂരം കമ്മിറ്റി നൽകിയ ലിസ്റ്റിൽ നിന്നും കാണുന്നു. എന്നാൽ മേൽ ഗുണഭോക്താക്കൾക്ക് സ്റ്റാളുകൾ അനുവദിക്കുന്നതിന് ജില്ലാ പഞ്ചായത്ത് നിർദ്ദേശം നൽകിയതായി കാണുന്നില്ല. ഒരു സ്റ്റാളിന് 15000 രൂപ നിരക്കിൽ 20 സ്റ്റാളുകൾക്ക് 3 ലക്ഷം രൂപ എക്സിബിഷൻ കമ്മിറ്റിക്ക് നൽകിയിട്ടും ഒരു സ്റ്റാൾ ഒഴിഞ്ഞ് കിടന്നത് മൂലം ആ സ്റ്റാളിന് വേണ്ടി ചെലവഴിച്ച15,000 രൂപ പാഴ് ചെലവായതായി അനുമാനിക്കാവുന്നതാണ്. എക്സിബിഷൻ നടക്കുന്ന സമയത്ത് വ്യവസായ വികസന വകുപ്പിലെ ഉദ്യോഗസ്ഥർ പ്രോജക്ട് മോണിറ്ററിംഗിന്റെ ഭാഗമായി സ്റ്റാളുകൾ സന്ദർശിച്ചിരുന്നില്ലായെന്നും, ഒഴിഞ്ഞ് കിടക്കുന്ന സ്റ്റാളിലേക്കായി അർഹനായ ഏതെങ്കിലും ഒരു സംരംഭകനെ കണ്ടെത്തിയില്ലായെന്നതും പദ്ധതി നിർവ്വഹണത്തിലെ അനാസ്ഥയായി കണക്കാക്കാവുന്നതാണ്. ആയതിനാൽ പാഴ് ചെലവായ 15,000/- രൂപ നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി കണക്കാക്കുന്നു. പദ്ധതി മോണിറ്ററിംഗ് റിപ്പോർട്ട്, ഡോക്യുമെന്റേഷൻ, ഗുണഭോക്താക്കളുടെ അപേക്ഷകൾ, സ്റ്റാളുകൾ ഗുണഭോക്താക്കൾക്ക് അനുവദിച്ചതിന്റെ വിശദാംശങ്ങൾ എന്നിവ ഹാജരാക്കിയിട്ടില്ല.(ഓഡിറ്റ് എൻക്വയറി നം. 14/07.02.2022)

2019-20 ലെ തൃശ്ശൂർ പൂരം-എക്സിബിഷനിൽ പങ്കെടുക്കുന്നതിനുള്ള സമാന പദ്ധതി ജില്ലാ പഞ്ചായത്ത് നടപ്പാക്കിയത് ജില്ലാ പഞ്ചായത്തിനോ/വ്യവസായ വികസന വകുപ്പിനോ ബാധ്യത സൃഷ്ടിക്കാത്ത വിധത്തിൽ ഗുണഭോക്താക്കളിൽ നിന്നും സ്റ്റാൾ വാടക ഈടാക്കിയായിരുന്നു. ജില്ലാ പഞ്ചായത്തിന്റെ പേരും പ്രൌഡിയും വെളിവാകുന്ന തരത്തിൽ ക്രമീകരിക്കപ്പെട്ട ജില്ലാപഞ്ചായത്തിന്റെ തൃശ്ശൂർ പൂരം-പവലിയൻ മികച്ച പവലിയനായി തെരഞ്ഞെടുക്കപ്പെടുകയും ചെയ്തിരുന്നു എന്നതും ശ്രദ്ധേയമാണ്. തൃശ്ശൂർ പൂരം- എക്സിബിഷനിൽ നടപടിക്രമങ്ങൾ പാലിച്ച് സുതാര്യമായ രീതിയിൽ പവലിയൻ നിർമ്മാണം നടത്തുകയും, തദ്ദേശ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ വാല്യൂവേഷന്റെ അടിസ്ഥാനത്തിൽ തുക ചെലവുചെയ്യുകയും, അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തി സ്റ്റാളുകൾ അനുവദിക്കുകയും, വാടക ഈടാക്കുകയും ചെയ്തപ്പോൾ അതേ നിർവ്വഹണ ഉദ്യോഗസ്ഥർ തന്നെ തൃശ്ശൂർ പൂരം -എക്സിബിഷന് സ്വീകരിച്ച മാനദണ്ഡങ്ങൾ യാതൊന്നും പാലിക്കാതെ ജില്ലാ പഞ്ചായത്തിന്റെ സ്റ്റാളുകൾ തന്നെയാണ് എന്ന് പോലും വ്യക്തമാക്കപ്പെടാത്ത ഉത്രാളിക്കാവ് പൂരം എക്സിബിഷന്റെ സ്റ്റാളുകൾക്ക് വേണ്ടി എക്സിബിഷൻ കമ്മിറ്റിയ്ക്ക് മേൽ പ്രകാരം തുക നൽകിയത് ക്രമപ്രകാരമല്ല. തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 02/07/2020 ലെ സ.ഉ.(സാ)1310/2020 /ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ഉത്രാളിക്കാവ് പൂരം 2019-20വ്യവസായ വാണിജ്യ പ്രദർശനത്തിന്റെ സംഘാടനത്തിന് തനതുഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നതിനുള്ള അനുമതി മാത്രമാണ് നൽകിയിട്ടുള്ളത്. ഇക്കാര്യത്തിൽ സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ യഥാവിധി പാലിക്കാതിരുന്നത് ക്രമപ്രകാരമല്ല.

## 1-46 വ്യവസായ വികസനവകുപ്പിന്റെ വേളക്കോട് വ്യവസായ എസ്റ്റേറ്റിൽ പ്ലാസ്റ്റിക് മാലിന്യ നിർമ്മാർ- ജ്ജന കേന്ദ്രം സ്ഥാപിക്കൽ - 1,96,589/-രൂപ നിരാകരിക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ. മാനേജർ ജില്ലാ വ്യവസായ കേന്ദ്രം, തൃശ്ശൂർ.

കൈപ്പറമ്പ് ഗ്രാമപഞ്ചായത്തിലെ ആറാം വാർഡിൽ ജില്ലാ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വേളക്കോട് വ്യവസായ എസ്റ്റേറ്റിൽ പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിനായി 2016-17 ൽ 55 ലക്ഷം രൂപ അടങ്കൽ നിശ്ചയിച്ച് പദ്ധതി തയ്യാറാക്കുകയും നിലവിലുള്ള പഴയ കെട്ടിടത്തിന് അറ്റകുറ്റപണികൾ നടത്തുന്നതിനും പ്ലാസ്റ്റിക് വേർതിരിക്കുന്നതിനും മറ്റുമായി സമീപത്തായി ഒരു കെട്ടിടം നിർമ്മിക്കുന്നതിനും ഷ്രെഡിംഗ്, ബെയ് ലിംഗ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും ലക്ഷ്യമിട്ടിരുന്നു. തുടർന്ന് 24.45 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ, റീ ടെണ്ടർ എന്നിവ നടത്തിയതിൽ ശ്രീ. റോണി അഗസ്റ്റിൻ എന്ന കരാറുകാരനുമായി 22.22 ലക്ഷം രൂപയ്ക്ക് 15.06.2017 ന് ജില്ലാ പഞ്ചായത്തിനു വേണ്ടി നിർവ്വഹണ ഉദ്യോഗസ്ഥനായ ജില്ലാ വ്യവസായ കേന്ദ്രം മാനേജർ കരാറിൽ ഏർപ്പെടുകയും 19.74 ലക്ഷം രൂപയുടെ പ്രവൃത്തികൾ നടത്തിയതിൽ 16.5 ലക്ഷം രൂപ കരാറുകാരന് നൽകുകയും ചെയ്തു. ഷ്രെഡിംഗ്, ബെയ് ലിംഗ് മെഷീനറികൾ സ്ഥാപിക്കുന്നതിന് ക്ലീൻ കേരള കമ്പനിയുമായി 16.09.17 ന് കരാറിലേർപ്പെട്ടതനുസരിച്ച് 9,82,943/- രൂപയുടെ ഉപകരണങ്ങൾ 2017 ഒക്ടോബറിൽ സ്ഥാപിക്കുകയും ഇലക്ട്രിക് കണക്ഷൻ ലഭിക്കാതെ തന്നെ 2017 നവംബറിൽ കെട്ടിടത്തിന്റെ ഉദ്ഘാടനം നടത്തുകയും ചെയ്തു.

പഴയകെട്ടിടം നവീകരിക്കുക, അസംസ്കൃത വസ്തുക്കൾ സൂക്ഷിക്കുന്നതിന് പുതിയ കെട്ടിടം നിർമ്മിക്കുക, ചുറ്റുമതിൽ, ഗേറ്റ് എന്നിവ നിർമ്മിക്കുക എന്നീ പ്രവൃത്തികളാണ് എസ്റ്റിമേറ്റിൽ ഉൾപ്പെട്ടിരുന്നത് എന്നാൽ പഴയകെട്ടിടം ഷീ പാഡ് യൂണിറ്റിനായി നൽകിയപ്പോൾ എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിന് 07.11.2017 ന് കരാറുകാരൻ ആവശ്യപ്പെട്ടിരുന്നുവെങ്കിലും പ്രവൃത്തി നടക്കുന്ന സമയത്ത് ഇക്കാര്യത്തിൽ നടപടി സ്വീകരിച്ചില്ല. തുടർന്ന് 24.01.2018ന് കരാറുകാരൻ 19,74,023 ലക്ഷം രൂപയുടെ പ്രവൃത്തികൾ നടത്തി പ്രവൃത്തി അവസാനിപ്പിച്ച് ഫൈനൽ ബിൽ സമർപ്പിക്കുകയും 16,50,889/- രൂപ കരാറുകാരന് അനുവദിക്കുകയും ചെയ്തു. തുടർന്ന് 7.9.2019 ന് ചേർന്ന പൊതു മരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനം നമ്പർ (3) പ്രകാരം റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കാൻ നിർദ്ദേശിക്കുകയും പുഴയ്ക്കൽ അസി.എഞ്ചിനീയർ പിന്നീട് പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കിയതായും ഫയലിൽ കണ്ടു. എന്നാൽ പൂർത്തീകരിക്കേണ്ടതായ ബാക്കി ഇനങ്ങളെ സംബന്ധിച്ച വിവരങ്ങൾ പുതുക്കിയ എസ്റ്റിമേറ്റിൽ ഇല്ല. പ്രവൃത്തികൾ നടത്തിയ ഇനത്തിൽ കരാറുകാരന് 3.23 ലക്ഷം രൂപ നൽകാൻ ബാക്കിയുള്ളതായി കാണുന്നു. കെട്ടിടത്തിലേക്കാവശ്യമായ വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിനായി 19.8.2017 ന് 3,00,050 രൂപ കെ.എസ്.ഇ.ബിൽ അടവാക്കിയെങ്കിലും കണക്ഷൻ ലഭിച്ചിട്ടില്ല. കെട്ടിടത്തിനാവശ്യമായ ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ നടത്തുന്നതിന് 2.8 ലക്ഷം രൂപയുടെ

എസ്റ്റിമേറ്റ് തയ്യാറാക്കിയെങ്കിലും തുടർ നടപടികളുണ്ടായില്ല. 2020-21 സാമ്പത്തിക വർഷത്തിൽ 403/21 ആയി രൂപീകരിച്ച പദ്ധതിയിലുൾപ്പെടുത്തി ക്ലീൻ കേരള കമ്പനിയ്ക്ക് ബാക്കി നൽകാനുണ്ടായിരുന്ന 1,96,589/-രൂപ ബിൽ നമ്പർ 1/20-21/28.3.21 പ്രകാരം നൽകിയതായി കണ്ടു. എന്നാൽ കരാറുകാരന് ബാക്കി നൽകാനുള്ള തുക നൽകിയിട്ടില്ല.

നാളിതുവരെ ഷ്രെഡിംഗ് യൂണിറ്റ് പ്രവർത്തനം ആരംഭിക്കാത്തതിനാൽ 9.8 ലക്ഷം രൂപയ്ക്ക് 2017 ഒക്ടോബറിൽ ക്ലീൻ കേരള കമ്പനി സ്ഥാപിച്ച യന്ത്രങ്ങൾ തുരുമ്പെടുത്ത് നശിക്കുകയാണ്. പദ്ധതിക്കായി നീണ്ട നാലു വർഷങ്ങൾക്ക് ശേഷവും ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ പൂർത്തിയാക്കി വൈദ്യുതി കണക്ഷൻ ലഭ്യമാക്കാൻ കഴിയാത്തതിനാൽ തുടർ നടത്തിപ്പിനെ പറ്റി യാതൊരു ധാരണയും ഇല്ലാത്ത ജില്ലാ പഞ്ചായത്ത് പദ്ധതി ക്ലീൻ കേരള മിഷന് കൈമാറി തുടർ നടത്തിപ്പ് ബാധ്യതയിൽ നിന്നും ഒഴിവായതായാണ് കാണുന്നത്. 2016-17ലെ പദ്ധതിയുടെ ഭാഗമായി നിർമ്മിച്ച കെട്ടിടവും വ്യവസായ വികസന വകുപ്പിന്റെ ഉടമസ്ഥതയിലുള്ള അനുബന്ധ 50 സെന്റ് സ്ഥലവും ക്ലീൻ കേരള കംപനിയ്ക്ക് ജില്ലാ റിസോഴ്സ് റിക്കവറി ഫെസിലിറ്റി(DRRF) സ്ഥാപിക്കുന്നതിനായി വാടകയില്ലാതെ അഞ്ച് വർഷത്തേക്ക് നൽകുന്നതിന് 29.07.2020ന് കരാറിലേർപ്പെട്ടതായി കണ്ടു. പദ്ധതിക്കായി നാളിതുവരെ ആകെ 29.33 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട് (കരാറുകാരന് നൽകുവാൻ ബാക്കിയുള്ള തുക കൂടി കണക്കാക്കുമ്പോൾ ആകെ ചെലവ് 32,57,016രൂപ).

ക്ലീൻ കേരള ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ നൽകിയ5.11.2019 ലെ E3/CKCL/2019 കത്തു പ്രകാരം ഷ്രെഡിംഗ് മെഷീനും അനുബന്ധ മെഷിനറികളും കമ്പനി ഇൻസ്റ്റലേഷൻ നടത്തിയിട്ടുണ്ടെങ്കിലും ഇലക്ട്രിക് കണക്ഷൻ ലഭ്യമല്ലാത്തതിനാൽ യൂണിറ്റ് പ്രവർത്തന ക്ഷമമായില്ലെന്നും ഇത് പ്രവർത്തനസജ്ജമാക്കാൻ കമ്പനി തയ്യാറാണെന്നും അറിയിക്കുകയുണ്ടായി. ഇതിനെ തുടർന്നാണ് ഷ്രെഡിംഗ് യൂണിറ്റും അനുബന്ധ 50 സെന്റ് സ്ഥലവും കരാർവ്യവസ്ഥക്കനുസൃതമായി കൈമാറുന്നതിനും, ആയതിന് തയ്യാറാക്കിയ കരട് കരാർ ഉടമ്പടിക്ക് അംഗീകാരം നൽകിയും, തുടർ നടപടി സ്വീകരിക്കാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തിയും 25/5/2020 ലെ ജില്ലാപഞ്ചായത്ത് ഭരണ സമിതി 8ാം നമ്പറായി തീരുമാനമെടുത്തത്.

ഷ്രെഡിംഗ് യൂണിറ്റിനായി ക്ലീൻ കേരള നിർമ്മിക്കുന്ന പുതിയ കെട്ടിടം



അപാകതകൾ

1. ഭരണസമിതി അംഗീകരിച്ച കരാർ പ്രകാരം DRRF നടത്തുന്നതിന് 50 സെന്റ് സ്ഥലവും കെട്ടിടവും വാടകയില്ലാതെ ഒരു വർഷത്തേക്ക് നൽകുന്നതിനും, നിലവിലുള്ള കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തീകരിക്കുന്നതിനും, വൈദ്യുതീകരണം നടത്തുന്നതിനും, RRF ആവശ്യത്തിനായി ഒരു ഷെഡ് മാത്രം നിർമ്മിക്കുന്നതിനും മറ്റ് നിർമ്മാണ പ്രവർത്തനങ്ങൾക്ക് ജില്ലാപഞ്ചായത്തിന്റെ മുൻകൂർ അനുമതി വാങ്ങേണ്ടതാണെന്നും, ജൈവ, അജൈവമാലിന്യങ്ങൾ DRRF ൽ പുനചംക്രമണം നടത്തുന്നതിന് അനുമതി ഇല്ലായെന്നും വ്യവസ്ഥ ചെയ്തിരുന്നു. എന്നാൽ ഇതിനു വിപരീതമായി 29.7.20ന് കമ്പനിയുമായി സെക്രട്ടറി ഏർപ്പെട്ട കരാറിൽ ക്രമനം.1 പ്രകാരം 5 വർഷത്തേക്ക് വാടക ഒഴിവാക്കി നൽകുന്നതിനും, 2 പ്രകാരം ആവശ്യമായ കെട്ടിടങ്ങൾ സ്ഥാപിക്കുന്നതിന് അനുമതി നൽകുന്നതിനും 8 പ്രകാരം ജൈവമാലിന്യങ്ങളുടെ പുനചംക്രമണത്തിന് അനുവാദമില്ലാത്തതുമാണ് എന്നുമുള്ള വ്യവസ്ഥകൾ കരാറിലുൾപെടുത്തുകയുണ്ടായി. ഭരണ സമിതി അംഗീകരിച്ചതിൽ നിന്നും വ്യത്യസ്ഥമായ വ്യവസ്ഥകൾ കരാറിലുൾപെടാനിടയായതിന്റെ കാരണം വ്യക്തമല്ല.

2. 07.06.2022ന് നടത്തിയ പ്രാദേശിക പരിശോധനയിൽ പ്രദേശത്ത് ക്ലീൻ കേരളാ കമ്പനി 8000 ച.അടി, 1500 ച.അടി എന്നിങ്ങനെ വിസ്തീർണ്ണമുള്ള രണ്ട് കെട്ടിടങ്ങൾ നിർമ്മിക്കുന്നതായി കണ്ടു. അതേസമയം ഷ്രെഡിംഗ് യൂണിറ്റ് സ്ഥാപിച്ചതും ജില്ലാപഞ്ചായത്ത് നിർമ്മിച്ചതുമായ കെട്ടിടത്തിന്റെ പ്രവൃത്തി പൂർത്തീകരിക്കുകയോ, വൈദ്യുതീകരണം നടത്തുകയോ ചെയ്തിട്ടില്ല. ജില്ലാ തല റിസോഴ്സ് റിക്കവറി സെന്റർ നിർമ്മിക്കുന്നതിന് ക്ലീൻ കേരള കമ്പനിയ്ക്ക് സ്ഥലം കൈമാറി കരാറിലേർപ്പെട്ടിട്ടുണ്ടെങ്കിലും ജില്ലാ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് നിർമ്മിക്കുന്ന കെട്ടിടത്തിന്റെ പ്ലാൻ, ഡി.പി.ആർ എന്നിവ ജില്ലാ പഞ്ചായത്തിന് നൽകിയിട്ടില്ല. കെട്ടിടം നിർമ്മിക്കുന്നതിന് ക്ലീൻ കേരളാ കമ്പനി ജില്ലാ പഞ്ചായത്തിന്റെ മുൻകൂർ അംഗീകാരം വാങ്ങിയിട്ടില്ല. DRRF ന്റെ ഭാഗമായി കെട്ടിടത്തിൽ നടത്താനുദ്ദേശിക്കുന്ന പ്രവർത്തനം സംബന്ധിച്ച് ജില്ലാപഞ്ചായത്തിന് വ്യക്തതയില്ല. ഫയലിൽ ആവശ്യമായ വിശദാംശങ്ങൾ ഇല്ല. ക്ലീൻ കേരളാ കമ്പനിയിൽ നിന്നും പണം കൊടുത്ത് ജില്ലാ പഞ്ചായത്ത് വാങ്ങി ക്ലീൻ കേരള കമ്പനിക്ക് തന്നെ സൌജന്യമായി നൽകിയ 9.8 ലക്ഷം രൂപയുടെ യന്ത്രങ്ങൾ ഏതെങ്കിലും രീതിയിൽ കമ്പനി പ്രയോജനപ്പെടുത്തുമെന്നത് സംബന്ധിച്ച വിവരങ്ങളും കരാറിലില്ല. ഈ ഉപകരണങ്ങൾ മുൻപ് നിർമ്മിച്ച കെട്ടിടത്തിൽ അലക്ഷ്യമായി ഇട്ടിരിക്കുന്നതായി കണ്ടു. ഇവ നിലവിൽ പ്രവർത്തനക്ഷമമാണോയെന്ന് അടിന്തിരമായി പരിശോധിക്കേണ്ടതാണ്.

3. വികേന്ദ്രീകൃതാസൂത്രണത്തിന്റെ ഭാഗമായി ജില്ലാ പഞ്ചായത്തിന് കൈമാറിക്കിട്ടിയ വ്യവസായ വികസനവകുപ്പിന്റെ സ്ഥലം 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം അഞ്ചാംപട്ടിക, മേഖലാടിസ്ഥാനത്തിലുള്ള ചുമതലകൾ V ലെ വ്യവസ്ഥകൾ പ്രകാരം ചെറുകിട വ്യവസായ വികസന സംരംഭങ്ങൾക്കും അനുബന്ധ പ്രവർത്തനങ്ങൾക്കുമായി വിനിയോഗിക്കുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിന് പകരമായി യഥാർത്ഥ ഗുണഭോക്താക്കളെ നിർണയിക്കാതെ/ഗുണഭോക്താക്കൾ ഇല്ലാതെ പദ്ധതി ആവിഷ്കരിക്കുകയും വ്യക്തമായ ധാരണയില്ലാതെ കെട്ടിടം നിർമ്മിച്ച്, മാലിന്യ സംസ്കരണത്തിനായി ഉപകരണങ്ങൾ വാങ്ങി പണം ചെലവഴിച്ചിട്ടും പദ്ധതിയുടെ ഭാഗമായ അജൈവമാലിന്യ ശേഖരണം, സംസ്കരണം, സംസ്കരിച്ച ഉൽപ്പന്നങ്ങളുടെ കൈമാറ്റം, വാഹന സൌകര്യം, പദ്ധതി നടത്തിപ്പിനാവശ്യമായ സംഘങ്ങളെ കണ്ടെത്തൽ, ആവർത്തനചെലവുകൾക്ക് പണം കണ്ടെത്തൽ തുടങ്ങിയ അടിസ്ഥാന ആവശ്യങ്ങൾക്ക് വ്യക്തമായ പരിഹാരമാർഗ്ഗങ്ങൾ ഇല്ലായെന്ന് ബോധ്യപെട്ടതിന്റെ അടിസ്ഥാനത്തിൽ പ്രായോഗികമായി പദ്ധതി നടപ്പാക്കാനാവില്ലായെന്ന് തിരിച്ചറിഞ്ഞ സാഹചര്യത്തിൽ ക്ലീൻ കേരളയ്ക്ക് കെട്ടിടവും അനുബന്ധ സ്ഥലവും കൈമാറാൻ ജില്ലാ പഞ്ചായത്ത് നിർബന്ധിതമാവുകയാണുണ്ടായത്. ഈ പദ്ധതിയുടെ പ്രയോജനം പൂർണ്ണമായും ജില്ലാ പഞ്ചായത്തിന്റെ ഗുണഭോക്താവല്ലാത്ത ക്ലീൻ കേരള ലിമിറ്റഡ് കമ്പനിയ്ക്ക് മാത്രമാണ് ലഭിച്ചതെന്ന് കാണാം. പദ്ധതിക്കായി ജില്ലാ പഞ്ചായത്ത് നിർമ്മിച്ച കെട്ടിടവും, കൈമാറിയ ഉപകരണങ്ങളും ക്ലീൻ കേരള ഉപയോഗപ്പെടുത്തുമോയെന്നുപോലും പറയാനാകാത്ത സാഹചര്യത്തിൽ വ്യവസായ വികസന വകുപ്പിന്റെ 50 സെന്റ് സ്ഥലവും ഇവിടെ നിർമ്മിച്ച കെട്ടിടവും ജില്ലാപഞ്ചായത്തിന് യാതൊരു നിയന്ത്രണാധികാരമോ, തനതുവരുമാനമോ ലഭിക്കാത്ത വിധത്തിൽ, ഭാവിയിൽ ജില്ലാ പഞ്ചായത്തിന്റെ ആവശ്യങ്ങൾക്കായി

വിനിയോഗിക്കാൻ പോലുമാകാത്ത വിധത്തിൽ നഷ്ടപെട്ടതായി ഓഡിറ്റ് വിലയിരുത്തുന്നു. ഇതിനായി ജില്ലാ പഞ്ചായത്ത് ചെലവഴിച്ച 29.33 ലക്ഷം രൂപ പാഴ് ചെലവായി കണക്കാക്കുന്നു. (ഓഡിറ്റ് എൻക്വയറി നം. 13/04.02.2022)

4. 2006ൽ ഡയമണ്ട് നിർമ്മാണത്തിന് വേണ്ടി നിർമ്മിച്ച കെട്ടിടത്തിന് ആവശ്യമായ മാറ്റങ്ങൾ വരുത്തി ഷ്രെഡിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കിരുന്നുവെങ്കിലും പ്രവൃത്തികൾ നടന്നുകൊണ്ടിരിക്കുന്നതിനിടെ മേൽ കെട്ടിടം ഷീ പാഡ് യൂണിറ്റിനായി നൽകുകയും പുതിയതായി നിർമ്മിക്കുന്ന കെട്ടിടത്തിൽ മെഷിനറികൾ സ്ഥാപിക്കുന്നതിന് തീരുമാനിക്കുകയും ചെയ്തു. ഇത്തരത്തിൽ മാറ്റം വരുത്തിയതിന്റെ ഭരണസമിതി തീരുമാനം ഫയലിൽ ഇല്ല. പൊതുമരാമത്ത് മാന്വൽ ഖണ്ഡിക 1601.1.6 പ്രകാരം അംഗീകരിക്കപ്പെട്ട എസ്റ്റിമേറ്റിൽ കൂട്ടിച്ചേർക്കലുകളോ, ഒഴിവാക്കലുകളോ ഉണ്ടെങ്കിൽ പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കണം. പ്രവൃത്തി നടന്നുകൊണ്ടിരിക്കെ എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തിയിൽ മാറ്റം വരുത്തുന്നതിന് ജില്ലാപഞ്ചായത്ത് ആവശ്യപ്പെട്ടതിനാൽ പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് കരാറുകാരൻ അഭ്യർത്ഥിച്ചിരുന്നുവെങ്കിലും സമയബന്ധിതമായി ഇക്കാര്യത്തിൽ നടപടി സ്വീകരിച്ചില്ല.

5. മാലിന്യ സംസ്കരണത്തിനായി ജില്ലാ പഞ്ചായത്ത് പദ്ധതി തയ്യാറാക്കുകയും തദ്ദേശ സ്ഥാപനത്തിന്റെ ഫണ്ട് 19.74 ലക്ഷം രൂപ ചെലവഴിച്ച് കെട്ടിട നിർമ്മാണം നടത്തുകയും ചെയ്ത ശേഷം കെട്ടിടവും അനുബന്ധസ്ഥലവും ക്ലീൻ കേരള ലിമിറ്റഡിന് കൈമാറുകയാണുണ്ടായത്. മാലിന്യ നിർമ്മാർജ്ജന പദ്ധതിയുടെ പ്രവർത്തനം സംബന്ധിച്ച ഡി.പി.ആർ (Detailed Project Report) യഥാർത്ഥത്തിൽ തയ്യാറാക്കിയിരുന്നില്ല.

6. ത്രീഫേസ് കണക്ഷൻ ലഭിക്കുന്നതിന് 3 ലക്ഷം രൂപ കെ.എസ്.ഇ.ബിയിൽ നിക്ഷേപിച്ചെങ്കിലും ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല. ഇത് തിരികെ ഈടാക്കണം. ഇലക്ട്രിഫിക്കേഷൻ നടത്തുന്നതിന് 2.8 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയെങ്കിലും തുടർ നടപടി സ്വീകരിച്ചില്ല.

7. 9.8 ലക്ഷം രൂപ ചെലവഴിച്ച് 2017 ഒക്ടോബറിൽ യന്ത്രങ്ങൾ സ്ഥാപിച്ചെങ്കിലും നാളിതുവരെ വൈദ്യുതി കണക്ഷൻ ലഭിക്കാത്തതു മൂലം യന്ത്രങ്ങൾ പ്രവർത്തിപ്പിക്കാനാകാതെ ഇവ തുരുമ്പെടുത്തു നശിക്കുന്നുണ്ട്. യന്ത്രങ്ങളുടെ പരിപാലനം സംബന്ധിച്ച വ്യവസ്ഥകൾ ക്ലീൻകേരള കമ്പനിയുമായി ഏർപ്പെട്ട കരാറിൽ ഉൾപ്പെടുത്തിയിട്ടില്ല.

8. ക്ലീൻ കേരളയിൽ നിന്നും വാങ്ങിയ യന്ത്രങ്ങളും, നിർമ്മിച്ച കെട്ടിടവും സൌജന്യമായി കമ്പനിക്ക് നൽകുന്നതിന് 29.07.2020ന് കരാറിലേർപ്പെട്ടതിന് ശേഷവും ഈ യന്ത്രങ്ങൾ വാങ്ങിയ ഇനത്തിൽ 1,96,589/-രൂപ ബിൽ നമ്പർ 1/20-21/28.3.21പ്രകാരം ക്ലീൻ കേരള ലിമിറ്റഡ് കമ്പനിക്ക് നൽകിയത് അംഗീകരിക്കാനാവില്ല. ഇത് ഓഡിറ്റിൽ നിരാകരിക്കുന്നു. ആയത് ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും/ക്ലീൻ കേരള ലിമിറ്റഡ് കമ്പനിയിൽ നിന്നും ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിൽ അടവാക്കേണ്ടതാണ്. കരാറിലേർപ്പെടുന്ന സമയത്ത് ബാക്കി നൽകാനുള്ള തുക ഒഴിവാക്കുന്നതിനുള്ള വ്യവസ്ഥകൾ കരാറിലുൾപെടുത്തിയില്ല.

9. ജില്ലാ റിസോഴ്സ് റിക്കവറി ഫെസിലിറ്റി (DRRF) സ്ഥാപിക്കുന്നതിനായി ഈ ആവശ്യത്തിലേക്ക് നിർമ്മിച്ച കെട്ടിടം ക്ലീൻ കേരളയ്ക്ക് വാടകയില്ലാതെ വിട്ടു നൽകിയിട്ടുണ്ടെങ്കിലും DRRF സ്ഥാപിക്കുന്നതിനായി പുതിയ രണ്ട് കെട്ടിടങ്ങൾ ക്ലീൻ കേരള നിർമ്മിക്കുന്നതായാണ് കാണുന്നത്. ഈ ആവശ്യത്തിനായി ജില്ലാ പഞ്ചായത്ത് നിർമ്മിച്ച് കൈമാറിയ കെട്ടിടം പ്രയോജനപെടുത്തുമോയെന്ന് വ്യക്തമല്ല. കൈമാറിയ കെട്ടിടം ഏതു രീതിയിൽ പ്രയോജനപ്പെടുത്തുമെന്നത് കരാറിൽ വ്യക്തമാക്കിയിട്ടില്ല.

25/5/2020ലെ ഭരണസമിതി തീരുമാനത്തിൽ നിന്നും ജില്ലാപഞ്ചായത്ത് ആവിഷ്കരിച്ച പദ്ധതി വിജയകരമായി നടപ്പാക്കുന്നതിന്റെ ഭാഗമായാണ് കെട്ടിടവും അനുബന്ധ സ്ഥലവും ക്ലീൻ കേരളയ്ക്ക് നൽകാൻ ഭരണ സമിതി തീരുമാനിച്ചത് എന്ന് വ്യക്തമാണ്. എന്നാൽ കൈമാറിയ കെട്ടിടത്തിന്റെ ആവശ്യമായ പ്രവൃത്തികൾ പൂർത്തീകരിച്ച് കെട്ടിട നമ്പർ ലഭ്യമാക്കുന്നതിനോ, ഇലക്ട്രിഫിക്കേഷൻ നടത്തി യന്ത്രങ്ങൾ സർവ്വീസിംഗ് നടത്തി പ്രയോജനപ്പെടുത്തുന്നതിനോ ഉള്ള ശ്രമങ്ങൾ കമ്പനിയുടെ ഭാഗത്തുനിന്നും നാളിതുവരെ ഉണ്ടായിട്ടില്ല. ഇത് കരാർവ്യവസ്ഥകളുടെ ലംഘനമാണ്.

ക്ലീൻ കേരളയുടെ ഡി.പി.ആർ പരിശോധിച്ച് ഭരണസമിതി അംഗീകരിച്ച കരട് കരാറിൽനിന്നും

വ്യത്യസ്ഥമായി ഏർപ്പെട്ട വ്യവസ്ഥകൾ റദ്ദാക്കുന്നതിനും, ജില്ലാപഞ്ചായത്തിന് വരുമാനം ഉറപ്പാക്കുന്നതും, പ്രദേശവാസികൾക്ക് മലിനീകരണം സൃഷ്ടിക്കുന്ന പ്ലാസ്റ്റിക് റീ സൈക്ലിംഗ് അനുവദിക്കാതിരിക്കുന്നതിനും, ജില്ലാപഞ്ചായത്തിന്റെ നിയന്ത്രണാധികാരം ഉറപ്പ് വരുത്തിയും കരാർ തയ്യാറാക്കി ഭരണ സമിതി അംഗീകാരം ലഭ്യമാക്കണം. തുടർ നടപടി സ്വീകരിക്കണം. പ്രായോഗികമല്ലാത്ത പദ്ധതികൾ ആസൂത്രണം ചെയ്ത് പൊതുപണം ദുർവിനിയോഗം ചെയ്യുന്ന പ്രവണത ഒഴിവാക്കേണ്ടതും, ഇത്തരം സംഗതികളിൽ ഉത്തരവാദികൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഇക്കാര്യത്തിൽ ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

1-47 കുടുംബശ്രീ വിപണന കേന്ദ്രങ്ങളിൽ അടിസ്ഥാന സൌകര്യം ഒരുക്കുന്ന പദ്ധതി- വാങ്ങലുകളിൽ സർക്കാർ നിർദ്ദേശം പാലിച്ചില്ല. കരാർ അനുബന്ധ രേഖകൾ സൂക്ഷിച്ചിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ. ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ, കുടുംബശ്രീ, തൃശ്ശൂർ.

1. പദ്ധതി നമ്പർ 539/21 പ്രകാരം കുടുംബശ്രീ വിപണന കേന്ദ്രങ്ങളിൽ അടിസ്ഥാന സൌകര്യം ഒരുക്കുന്നതിനായി രൂപീകരിച്ച പദ്ധതിക്കായി 24,99,999 രൂപ ബിൽ നമ്പർ 8/20-21/26/05/2021 പ്രകാരം കാഡ്കോയ്ക്ക് നല്കി. 23.10.2019 ലെ ഭരണസമിതി തീരുമാനം നമ്പർ 22 പ്രകാരം കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ(KADCO) യെ അംഗീകൃത നിർവ്വഹണ ഏജൻസിയായി ചുമതലപ്പെടുത്തി പ്രവൃത്തി നടത്തുന്നതിനും 07.01.2020 ലെ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനം നം. 10 പ്രകാരം 25 ലക്ഷത്തിലധികരിക്കാതെ വിവിധ കുടുംബശ്രീ വിപണന കേന്ദ്രങ്ങളിൽ അടിസ്ഥാന സൌകര്യം ഏർപ്പെടുത്താൻ തീരുമാനിക്കുകയും ചെയ്തു. ഇതു പ്രകാരം ആറ് പഞ്ചായത്തുകളിലെ കുടുംബശ്രീ വിപണന കേന്ദ്രങ്ങളിലേക്കാവശ്യമായ ഫർണീച്ചറുകൾ, വൈദ്യുത ഉപകരണങ്ങൾ എന്നിവ വിതരണം ചെയ്തതിനും ഫാബ്രിക്കേഷൻ പ്രവൃത്തികൾ, പ്ലംബിംഗ്, ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ എന്നിവ നടത്തിയതിനുമാണ് കാഡ്കോയ്ക്ക് മേൽ പ്രകാരം തുക നൽകിയത്.

27.09.2017 ലെ സ.ഉ(സാ)നം.3161/2017 ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം തദ്ദേശസ്ഥാപനങ്ങളിൽ അടിസ്ഥാന സൌകര്യങ്ങൾ ഒരുക്കുന്നതിനുള്ള നോഡൽ ഏജൻസിയായി കാഡ്കോയെ പരിഗണിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. (നോഡൽ ഏജൻസി എന്ന നിലയിൽ ഏതുവിധത്തിലാണ് കാഡ്കോ പ്രവൃത്തികൾ നടപ്പാക്കേണ്ടത് എന്ന് ഉത്തരവിൽ വ്യക്തമാക്കിയിട്ടില്ല.) എന്നാൽ ഫർണീഷിംഗ് പ്രവൃത്തികൾ നടത്തുന്നതിന് ചതുരശ്ര മീറ്റർ നിരക്കിൽ സർക്കാർ അംഗീകരിച്ച നൽകിയ നിരക്കുകൾ, പ്രവൃത്തിയുടെ എസ്റ്റിമേറ്റ്, ചെയ്ത പ്രവൃത്തിയുടെ അളവ്, എൽ.എസ്.ജി.ഡി വിഭാഗം പരിശോധിച്ച് അംഗീകരിച്ച വാല്യൂവേഷൻ എന്നിവ ഫയലിൽ ഇല്ല. ഫയൽ പരിശോധിച്ചതിൽ നിന്നും അലുമിനിയം ഫാബ്രിക്കേഷൻ പ്രവൃത്തികൾ നടത്തുന്നതിനായി 12,35,874 രൂപയും, പ്ലംബിംഗ് പ്രവൃത്തികൾക്കായി 1,16,000/- രൂപയും, 2,21,700 രൂപ ചെലവഴിച്ച് 7 ഫ്രീസറുകളും വാങ്ങിയതായും കണ്ടു. ഇതു കൂടാതെ വെയിംഗ് മെഷീനുകൾ, ടെയ്ലറിംഗ് മെഷീനുകൾ, ബില്ലിംഗ് മെഷീനുകൾ, പായ്ക്കിംഗ് മെഷീനുകൾ എന്നിങ്ങനെ മറ്റു പല സാമഗ്രികളും കാഡ്കോ വിതരണം ചെയ്തതായി കണ്ടു.

തദ്ദേശ സ്ഥാപനങ്ങളിലെ വാങ്ങലുകൾ നടത്തുന്നതിന് 8.11.2010 ലെ സ.ഉ(പി) 259/2010.ത.സ്വ.ഭ.വ ഉത്തരവാണ് ബാധകമായിട്ടുള്ളത്. ടി ഉത്തരവ് ഖണ്ഡിക 3.2 പ്രകാരം 5 ലക്ഷം വരെയുള്ളയുള്ള സാധന സാമഗ്രികൾ റേറ്റ് കോൺട്രാക്റ്റ് ഉള്ള സ്ഥാപനങ്ങളിൽ നിന്നും വാങ്ങാവുന്നതാണ്. എന്നാൽ സർക്കാർ നിശ്ചയിച്ച നിരക്കിൽ സ്റ്റീൽ/ മര ഫർണീച്ചറുകൾ എന്നിവ റേറ്റ് കോൺട്രാക്റ്റ് നിരക്കിൽ ടെണ്ടർ നടപടി കൂടാതെ കാഡ്കോയിൽ നിന്നും വാങ്ങുന്നതിനാണ് ജി.ഒ (ആർ.ടി) 47/2019/എസ്.പി.ഡി തിയതി.7.11.2019 പ്രകാരം അനുമതിയുള്ളത്. സർക്കാർ/അർദ്ധ സർക്കാർ/സർക്കാർ അംഗീകൃത ഏജൻസികൾ എന്നിവയിൽ നിന്നും ടെണ്ടർ നടപടികൾ ഒഴിവാക്കി സാധന സാമഗ്രികൾ വാങ്ങുന്ന സാഹചര്യത്തിൽ അവ സ്ഥാപനം തന്നെ നിർമ്മിച്ചവയാകണം എന്ന് 2.12.2016 ലെ ജി.ഒ(ആർ.ടി) 3299/2016 ത.സ്വ.ഭ.വ ഉത്തരവിലും, വിതരണം ചെയ്യുന്നവയുടെ കുറഞ്ഞത് 50% മെങ്കിലും സ്ഥാപനങ്ങൾ തന്നെ നിർമ്മിച്ചവയായിരിക്കണമെന്ന് 8.12.16 ലെ ജി.ഒ(എം.എസ്)1/16 എസ്.പി.ഡി ഉത്തരവിലും വ്യക്തമാക്കിയിട്ടുണ്ട്. ജി.ഒ(പി)01/17തി.13.03.2017, ജി.ഒ(ആർ.ടി) 13/19എസ്.പി.ഡി. തി.02.04.2019 എന്നീ ഉത്തരവുകൾ പ്രകാരം സാധനങ്ങളുടെ വില കമ്പോള വിലയേക്കാൾ കൂടുന്നില്ലായെന്നും, വിതരണം ചെയ്യുന്നവ തങ്ങളുടെ സ്ഥാപനത്തിൽ തന്നെ

നിർമ്മിച്ചവയാണെന്നും സാക്ഷ്യപത്രം നൽകേണ്ടതുണ്ട്. എന്നാൽ ഇത്തരം സാക്ഷ്യപത്രങ്ങൾ ഒന്നും തന്നെ ഫയലിൽ ഇല്ല.

12.05.2015 ലെ ജി.ഒ (എം.എസ്)13/2015/ഐ.ടി.ഡി. ഉത്തരവ് പ്രകാരം അഞ്ച് ലക്ഷം രൂപയ്ക്ക് മുകളിലുള്ള വാങ്ങലുകൾക്കും, 17.11.2015 ലെ ജി.ഒ(പി)524/15 ധന ഉത്തരവ് പ്രകാരം എസ്റ്റിമേറ്റ് തുക 5 ലക്ഷവും അതിൽ അധികരിക്കുന്നതുമായ എല്ലാ മരാമത്ത് പ്രവൃത്തികൾക്കും ഇ-ടെണ്ടർ നടപടി സ്വീകരിക്കണം എന്നു വ്യക്തമാക്കിയിട്ടുണ്ട്.

യഥാർത്ഥത്തിൽ വിതരണം ചെയ്യുന്നതിന് സർക്കാർ അംഗീകരിച്ച ഫർണീച്ചറുകൾ ഒഴികെയുള്ള വൈദ്യുതോപകരണങ്ങൾ/മെഷിനറികൾ എന്നിവ വാങ്ങുന്നതിന് ഇ-ടെണ്ടർ നടപടി സ്വീകരിച്ചോ/ജെം (Government E-Market Place) മുഖേനയോ വാങ്ങേണ്ടതിനു പകരമായി ഇവ വിതരണം ചെയ്യുന്നതിനും, ഇ-ടെണ്ടർ നടപടി സ്വീകരിക്കാതെ 5 ലക്ഷം രൂപയിൽ അധികരിക്കുന്ന ഫാബ്രിക്കേഷൻ പ്രവൃത്തികൾ ചെയ്യുന്നതിന് കാഡ്കോയെ ഏൽപിച്ചതും നിയമാനുസൃതമല്ല.

ക്വട്ടേഷൻ/ടെണ്ടർ നടപടികൾ കൂടാതെ നേരിട്ട് സാധനങ്ങൾ വാങ്ങുന്നത് സംബന്ധിച്ച റേറ്റ് കോൺട്രാക്റ്റ് ഉള്ള അക്രഡിറ്റഡ് ഏജൻസികൾ/സ്ഥാപനങ്ങളിൽ നിന്നും പരമാവധി 5 ലക്ഷം രൂപയിലധികരിക്കുന്ന സാധനങ്ങളുടെ വാങ്ങൽ നടത്താൻ പാടില്ലായെന്ന് 8.11.2010 ലെ സ.ഉ(പി) 259/2010.ത.സ്വ.ഭ.വ പ്രകാരം ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ടെങ്കിലും. സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമായി ടെണ്ടർ കൂടാതെ വാങ്ങൽ നടത്തുന്നതിന് സ്റ്റാന്റിംഗ് കമ്മിറ്റികൾ, ജില്ലാ പഞ്ചായത്ത് ഭരണ സമിതി എന്നിവ അനുമതി നൽകിയതായി കണ്ടു. സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി നടത്തിയ വാങ്ങലുകൾ സംബന്ധിച്ച് തൃപ്തികരമായ മറുപടി നൽകിയിട്ടില്ല. (ഓഡിറ്റ് എൻക്വയറി. നം. 09/31.1.2022)

ചാഴൂർ, വല്ലച്ചിറ, വേലൂർ, പുന്നയൂർ, പരിയാരം, ആളൂർ, മാള എന്നിങ്ങനെ ഏഴ് വനിതാ വിപണന കേന്ദ്രങ്ങൾ നിർമ്മിക്കുന്നതിനായി 2016-17 മുതൽ ജില്ലാ പഞ്ചായത്ത് പദ്ധതികൾ ആവിഷ്കരിച്ചിരുന്നതായും, ഇതിൽ മാള ഒഴികെയുള്ള ആറ് വിപണനകേന്ദ്രങ്ങളുടെ അടിസ്ഥാന സൌകര്യങ്ങൾ ഏർപ്പെടുത്തുന്നതിനാണ് കാഡ്കോയ്ക്ക് തുക നൽകിയിട്ടുള്ളത്. ഇതിൽ ചാഴൂർ ഒഴികെയുള്ള അഞ്ച് കേന്ദ്രങ്ങളുടെ ഉദ്ഘാടനം നടത്തിയതായി കണ്ടു. വിവിധ ഗ്രാമപഞ്ചായത്തുകളിലെ കുടുംബശ്രീ വിപണനകേന്ദ്രത്തിനായി ഉപകരണങ്ങൾ വാങ്ങിയതായി ബില്ലുകൾ ഹാജരാക്കിയിട്ടുണ്ടെങ്കിലും ഇവ കൈപറ്റിയത്/ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറിയതിന്റെ സാക്ഷ്യപത്രങ്ങൾ, സ്റ്റോക്ക് രജിസ്റ്റർ, സ്റ്റോക്ക് എൻട്രി സർട്ടിഫിക്കറ്റുകൾ എന്നിവ ഫയലിൽ ഇല്ല. 2016-17 മുതൽ 1.2 കോടി രൂപ ചെലവഴിച്ച് ഏഴ് കെട്ടിടങ്ങൾ ജില്ലാ പഞ്ചായത്ത് നിർമ്മിച്ചതായി ഫയലിൽ രേഖപെടുത്തി കാണുന്നുണ്ടെങ്കിലും ഇവയുടെമേൽ ഏതെങ്കിലും വിധത്തിൽ ജില്ലാ പഞ്ചായത്തിന് ഉടമസ്ഥാവകാശം ഉണ്ടോയെന്ന് വ്യക്തമല്ല. കൃത്യമായി ഗുണഭോക്താക്കളെ/കുടുംബശ്രീ സംരംഭങ്ങളെ നിർണ്ണയിക്കാതെ മേൽപ്രകാരം വൈദ്യുതോപകരണങ്ങൾ, യന്ത്ര സാമഗ്രികൾ എന്നിവ വാങ്ങിയതിന്റെ ഉദ്ദേശ്യം വ്യക്തമല്ല. സംരംഭങ്ങൾ സംബന്ധിച്ച് ഗ്രാമപഞ്ചായത്ത്, കുടുംബശ്രീ, ജില്ലാ കുടുംബശ്രീ മിഷൻ, ജില്ലാ പഞ്ചായത്ത് എന്നിവർ തമ്മിൽ ഏതെങ്കിലും കരാറിൽ ഏർപ്പെട്ടതായോ വിതരണം ചെയ്ത ഉപകരണങ്ങൾ നിർവ്വഹണ ഉദ്യോഗസ്ഥൻ സ്റ്റോക്കിലെടുത്തതായോ കാണുന്നില്ല. ഇക്കാര്യത്തിൽ മറുപടി നൽകിയിട്ടില്ല. മേൽ സൂചിപ്പിച്ച എല്ലാ വിപണന കേന്ദ്രങ്ങളുടേയും നിലവിലെ സ്ഥിതി, വിപണന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിൽ അവയുടെ ഉടമസ്ഥാവകാശം/നിയന്ത്രണാധീകാരം സംബന്ധിച്ച വിശദാംശങ്ങൾ, കുടുംബശ്രീ സംരംഭങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിൽ അവരുമായി ഉണ്ടാക്കിയ കരാർ, എന്നിവ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

### 1-48 വനിതാ തിയ്യേറ്റർ ഗ്രൂപ്പ് -രംഗശ്രീ-വാങ്ങലുകൾ മാർഗ്ഗരേഖയ്ക്ക് വിരുദ്ധം-ചെലവ് തുക തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ. കുടുംബശ്രീ ജില്ലാ മിഷൻ കോർഡിനേറ്റർ, തൃശ്ശൂർ.

പദ്ധതി നമ്പർ 526/21 പ്രകാരം വനിതാ തിയ്യേറ്റർ ഗ്രൂപ്പ് സംഘാടനത്തിനായി പ്ലാൻ ഫണ്ടിൽ നിന്നും വകയിരുത്തിയ 5 ലക്ഷം രൂപയിൽ 3,59,617/- രൂപ ചെലവഴിച്ച് മൈക്ക്, ആംപ്ലിഫയർ, ജനറേറ്റർ, ഡി.വി.ഡി, എൽ.ഇ.ഡി, സ്പീക്കർ, മൈക്ക് സ്റ്റാന്റ്, കർട്ടൻ, ചെണ്ട എന്നിവ വാങ്ങിയതായി കണ്ടു. ചെണ്ട, കർട്ടൻ എന്നിവ വാങ്ങിയതിന് ഫിറ്റ് വെൽ തൃശ്ശൂർ എന്ന സ്ഥാപനത്തിന് 83,635/- രൂപയും(ബിൽ

നം.3/20-21/28.4.20), മറ്റിനങ്ങൾക്കായി 2,75,982/- രൂപ(ബിൽ നം.5/20-21/28.4.20) സാൻവീർ ടെക്, തൃശ്ശൂർ എന്ന സ്ഥാപനത്തിനും നൽകിയിട്ടുണ്ട്. വനിതാ തിയ്യേറ്റർ ഗ്രൂപ്പ് നടത്തിപ്പിനാവശ്യമായ സാധനങ്ങൾ വാങ്ങുന്നതിന് ടെണ്ടർ നടപടി സ്വീകരിക്കാൻ നിർവ്വഹണ ഉദ്യോഗസ്ഥനായ കുടുംബശ്രീ ജില്ലാ മിഷൻ കോർഡിനേറ്റർ നൽകിയ അപേക്ഷ പരിഗണിച്ച് 22/11/2019 ലെ പ്രൊക്യൂർമെന്റ് കമ്മിറ്റി തീരുമാനം നമ്പർ 1 പ്രകാരം ടെണ്ടർ നടപടി സ്വീകരിക്കുന്നതിന് അനുമതി നൽകുകയുണ്ടായി. ഉപകരണങ്ങളുടെ നിലവാരം സംബന്ധിച്ച് 28/02/2020ൽ വൈസ് പ്രസിഡണ്ട് പരിശോധനാ റിപ്പോർട്ട് നൽകി കാണുന്നു.

പദ്ധതി നടത്തിപ്പിലെ അപാകതകൾ .

1. ഉപകരണങ്ങൾ ആർക്കുവേണ്ടിയാണ് വാങ്ങുന്നത് എന്ന് പ്രോജക്ടിൽ വ്യവസ്ഥ ചെയ്തിട്ടില്ല.

2. വനിതാ നാടക സംഘത്തിലെ അംഗങ്ങളുടെ വിവരങ്ങൾ, നാടകസംഘത്തിന്റെ രജിസ്ട്രേഷൻ വിവരങ്ങൾ, നാടകസംഘത്തിനെ ഗുണഭോക്താവായി അംഗീകരിച്ച ഗ്രാമപഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് തീരുമാനങ്ങൾ എന്നിവ ഫയലിൽ ഇല്ല.

3. വാങ്ങിയ ഇനങ്ങൾ നിർവ്വഹണ ഉദ്യോഗസ്ഥൻ സ്റ്റോക്കിലെടുത്തതിന്റെ വിവരം, ഇവ ആർക്ക് കൈമാറിയെന്നതിന്റെ വിശദാംശങ്ങൾ, ഉപകരണങ്ങൾ/ സാമഗ്രികളുടെ നിലവിലെ കസ്റ്റോഡിയന്റെ വിവരം, ഇവ കൈപ്പറ്റിയവരുമായി ജില്ലാ പഞ്ചായത്ത് ഏതെങ്കിലും വിധത്തിൽ കരാറിലേർപ്പെട്ടിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പ് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

4. വനിതാ ഘടക പദ്ധതി പ്രദ്ധതി നിർവ്വഹണം സംബന്ധിച്ച മാർഗ്ഗരേഖ സ.ഉ (കൈ)22/2018 എൽ.എസ്.ജി.ഡി. തിയതി. 14.02.2018 പ്രകാരം വനിതാ ഘടക പദ്ധതിയുടെ ഭാഗമായി ഇത്തരം സാമഗ്രികൾ വാങ്ങി നൽകുന്നതിന് വ്യവസ്ഥയില്ല. മേൽ ഉത്തരവ് ഖണ്ഡിക 5 പ്രകാരം സ്വയം തൊഴിൽ സംരംഭങ്ങൾക്ക് ഒഴികെ മൈക്ക് സെറ്റുകൾ വാങ്ങി നൽകരുതെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതൊരു സ്വയം തൊഴിൽ സംരംഭമായി പരിഗണിച്ചാൽ പോലും ഖണ്ഡിക 6.4 ൽ വ്യവസ്ഥ ചെയ്തിട്ടുള്ളതു പ്രകാരം ഗ്രേഡിംഗ് പൂർത്തീകരിക്കുകയും വായ്പാബന്ധിതമായി പ്രോജക്ട് നടപ്പാക്കുകയും ബാക്ക് എൻഡ് സബ്സിഡിയായി ബാങ്കിന് തുക കൈമാറുന്നതിനുമാണ് വ്യവസ്ഥയുള്ളത്.

5. മൈക്ക് സെറ്റ് അനുബന്ധ ഉപകരണങ്ങൾ വിതരണം ചെയ്തവരിൽ നിന്നും ജി.എസ്.ടി ഈടാക്കി അടവാക്കിയതിന്റെ വിവരങ്ങൾ ഫയലിൽ ഇല്ല.

6. പദ്ധതി മോണിറ്ററിംഗ് റിപ്പോർട്ട്, നാടകസംഘത്തിന്റെ പ്രവർത്തനം സംബന്ധിച്ച ഡോക്യുമെന്റേഷൻ വിവരങ്ങൾ, ഉപകരണങ്ങളുടെ നിലവിലെ സ്ഥിതി എന്നിവ ലഭ്യമാക്കേണ്ടതാണ്.

വ്യക്തമായ ഗുണഭോക്താക്കളെ നിർണ്ണയിക്കാതെ മാർഗ്ഗരേഖയിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി പദ്ധതി നടപ്പാക്കിയത് ക്രമപ്രകാരമല്ല. ആയതിനാൽ ചെലവ് തുക 3,59,617/- രൂപ ഓഡിറ്റിൽ തടസ്സപെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി. നം. 11/02.02.2022)

### 1-49 കുടുംബശ്രീ-ബ്രിക്സ് നിർമ്മാണ യൂണീറ്റുകൾക്ക് ധനസഹായം-യഥാർത്ഥചെലവു രേഖകളില്ല. ചെലവു തുക 18 ലക്ഷം രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ. ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ, കുടുംബശ്രീ, തൃശ്ശൂർ.

2019-20 ൽ ആവിഷ്കരിച്ചതും പിന്നീട് സ്പിൽ ഓവറുമായ ജില്ലാ പഞ്ചായത്തിന്റെ പദ്ധതി നമ്പർ 538/21 പ്രകാരം ബ്രിക്സ് നിർമ്മാണ യൂണീറ്റുകൾ ആരംഭിക്കുന്ന കുടുംബശ്രീ സ്വയം തൊഴിൽ ഗ്രൂപ്പ് സംരംഭങ്ങൾക്ക് ധനസഹായമായി പരമാവധി മൂന്ന് ലക്ഷം രൂപ അഥവാ ബാക്ക് എൻഡ് സബ്സിഡിയായി ലോൺ തുകയുടെ 85% രൂപ വീതം നൽകുന്നതിനായി 22 ലക്ഷം രൂപ വകയിരുത്തിയിരുന്നു. 2020-21 സാമ്പത്തിക വർഷത്തിൽ വിവിധ യൂണിറ്റുകൾക്ക് ധനസഹായം നൽകുന്നതിനായി രണ്ട് ബില്ലുകൾ പ്രകാരം 18 ലക്ഷം രൂപ ചെലവഴിച്ചതായി കണ്ടു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| BRN/പിൻവലിച്ച തിയതി | തുക | കുടുംബശ്രീ-ബ്രിക്സ് നിർമ്മാണ യൂണിറ്റിന്റെ വിശദാംശങ്ങൾ. | ലോൺ അനുവദിച്ച സംഖ്യ/ തിയതി. | സബ്സിഡി അനുവദിച്ചത്. | നൽകിയത്. |
|---|---|---|---|---|---|
| 13138/ 28.4.20 | 1500000 | ഭീമൻ ബ്രിക്സ് ആക്ടിവിറ്റി ഗ്രൂപ്പ് പഴയന്നൂർ, വെള്ളാർകുളം | 360000/ 09.03.2020 | 300000 | കാനറ ബാങ്ക്, പഴയന്നൂർ. |
| | | കൃപ ബ്രിക്സ് ആക്ടിവിറ്റിഗ്രൂപ്പ്, കാട്ടുകുറ്റി. സി.ഡി.എസ്. | 475000/ 10.03.2020 | 300000 | കാനറ ബാങ്ക്, ചാലക്കുടി. |
| | | തിരുവോണം ആക്ടിവിറ്റി ഗ്രൂപ്പ് | 400000/ 10.03.2020 | 300000 | എസ്.സി.ബി, പെരിഞ്ഞനം |
| | | ഒരുമ ആക്ടിവിറ്റി ഗ്രൂപ്പ് വരന്തരപ്പിള്ളി | 500000/ 10.03.2020 | 300000 | ഇൻഡ്യൻ ഓവർസീസ് ബാങ്ക്,വരന്തരപ്പിള്ളി. |
| | | ജ്വാല സിമന്റ് ബ്രിക്സ് യൂണിറ്റ് നടത്തറ | 360000/ 09.03.2020 | 300000 | എസ്.സി.ബി, മൂർക്കനിക്കര. |
| 17623/ 28.4.20 | 300000 | സമൃദ്ധിബ്രിക്സ് നിർമ്മാണ യൂണിറ്റ് കടപ്പുറം | 360000/ 17.03.2020 | 300000 | കാനറബാങ്ക്, ചാവക്കാട്. |
| ആകെ | 1800000 | | | 1800000 | |

14.02.2018 ലെ സ.ഉ.(കൈ) നം. 22/2018 ത.സ്വ.ഭ.വ മാർഗ്ഗരേഖ ഉത്തരവ് ഖണ്ഡിക 6.4 പ്രകാരം ചെറുകിട വ്യവസായ സ്വയം തൊഴിൽ സംരംഭങ്ങളിലേർപ്പെടുന്ന വനിതാ ഗ്രൂപ്പ് തൊഴിൽ സംരംഭങ്ങൾക്ക് പരമാവധി മൂന്ന് ലക്ഷം രൂപ വരെ ധനസഹായമായി അനുവദിക്കുന്നതിന് താഴെ പറയുന്ന മാനദണ്ഡങ്ങൾ പാലിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

1. 18 നം 60നം ഇടയിലുള്ള തൊഴിൽ രഹിതർ ആയിരിക്കണം.
2. ഗ്രൂപ്പ് രൂപീകരിച്ച് ആറുമാസം കഴിഞ്ഞശേഷമുള്ള ഗ്രേഡിംഗിൽ വിജയിച്ച ഗ്രൂപ്പ് ആയിരിക്കണം.
3. വായ്പാബന്ധിത പ്രോജക്ട് ആയിരിക്കണം.
4. സബ്സിഡി ബാങ്കിൽ അടവാക്കണം.

കുടുംബശ്രീയുമായി ചേർന്ന് സംരഭക പ്രോജക്ടുകൾ രൂപീകരിക്കാവുന്നതാണ്.

ഫയൽ പരിശോധിച്ചതിൽ കണ്ട അപാകതകൾ താഴെ ചേർക്കുന്നു.

1.ഓരോ സ്വയം തൊഴിൽ ഗ്രൂപ്പിലെയും അംഗങ്ങളെ സംബന്ധിച്ച വിവരങ്ങൾ ഇല്ല. ഗ്രൂപ്പ് ആരംഭിച്ച തിയതി, അംഗങ്ങളുടെ തിരിച്ചറിയൽ രേഖകൾ, ബി.പി.എൽ കുടുംബാംഗമാണോ, പ്രായം എന്നിവ തെളിയിക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല.

2. കുടുംബശ്രീ യൂണിറ്റുകൾ സ്വയം തൊഴിൽ സംരംഭം ആരംഭിക്കുന്നതിന് പഞ്ചായത്തിൽ നിന്നും ലൈസൻസ് എടുത്തതിന്റെ രേഖകൾ, സ്വയം തൊഴിൽ സംരംഭങ്ങൾ പ്രവർത്തനം ആരംഭിച്ച് ആറുമാസക്കാലത്തെ പ്രവർത്തനം, വരവു-ചെലവു കണക്കുകൾ, പ്രവർത്തന ക്ഷമത എന്നിവ പരിശോധിച്ച് ഗ്രേഡിംഗ്

നടത്തിയതിന്റെ വിവരങ്ങൾ ഫയലിൽ ഇല്ല. വരവ്-ചെലവ് കണക്കുകൾ, ആസ്തി-ബാധ്യത വിവരങ്ങൾ, ഗ്രേഡിംഗ് നടത്തിയതിന്റെ സാക്ഷ്യപത്രങ്ങൾ എന്നിവ ഹാജരാക്കിയിട്ടില്ല.

3.സ്വയം തൊഴിൽ സംരംഭങ്ങളുടെ പ്രവർത്തന മൂലധന വിവരങ്ങൾ, ബാങ്ക് ലോൺ അനുവദിച്ചതിന്റെയും, തിരിച്ചടവ് നടത്തിയതിന്റെയും വിവരങ്ങൾ എന്നിവ ഇല്ല. ഗ്രൂപ്പിന്റെ ബാങ്ക് അക്കൌണ്ട് നമ്പർ, ലോൺ നമ്പർ, ബാങ്ക് പാസ്സ്ബുക്കുകൾ, ലോൺ തിരിച്ചടവ് സ്റ്റേറ്റ്മെന്റുകൾ, ഉൽപാദന-വിറ്റുവരവ് സംബന്ധിച്ച വിവരങ്ങൾ എന്നിവ ഹാജരാക്കിയിട്ടില്ല.

4.ഗ്രൂപ്പുകൾക്ക് ലോൺ അനുവദിക്കുന്നതിനുള്ള ബാങ്കുകളുടെ താൽക്കാലിക വായ്പാ സാക്ഷ്യപത്രം(Provisional Loan Certificate)ങ്ങളുടെ അടിസ്ഥാനത്തിലാണ് വിവിധ ബാങ്കുകൾക്ക് ബാക്ക് എൻഡ് സബ്സിഡിയായി മൂന്ന് ലക്ഷം രൂപ വീതം കൈമാറിയിട്ടുള്ളത്. എന്നാൽ സബ്സിഡി കൈപറ്റുന്നതും വിനിയോഗിക്കുന്നതും സംബന്ധിച്ച് കുടുംബശ്രീ സംരംഭക യൂണിറ്റുകൾ ജില്ലാ പഞ്ചായത്തുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല. വനിതാ യൂണിറ്റുകൾക്ക് യന്ത്രസാമഗ്രികൾ വാങ്ങിനൽകുന്നതിനാണ് പ്രോജക്ട് രൂപീകരിച്ചിട്ടുള്ളത് എന്നിരിക്കെ സബ്സിഡി വിനിയോഗിച്ച് വാങ്ങിയ യന്ത്രങ്ങളുടെ ചെലവുരേഖകൾ (പഴയന്നൂർ ഭീമൻ ഹോളോബ്രിക്സ് ആക്ടിവിറ്റി ഗ്രൂപ്പിന്റെ 3,31,580 രൂപയുടെ ബില്ലുകൾ ഒഴികെ) ഹാജരാക്കിയിട്ടില്ല. യന്ത്രങ്ങൾ അന്യാധീനപ്പെടുത്താതെയും കാര്യക്ഷമമായും ഉപയോഗിക്കുന്നതും, ജില്ലാ പഞ്ചായത്തിന്റെ ഉടമസ്ഥതയും സംബന്ധിച്ച വിവരങ്ങൾ ഉൾപെടുത്തി കരാറിലേർപ്പെടണം. മറ്റ് യൂണിറ്റുകളുടെ യന്ത്രങ്ങളുടെ യഥാർത്ഥ പർച്ചേയ്സ് ബില്ലുകൾ, കരാർ, യൂണിറ്റുകളുടെ നിലവിലെ സ്ഥിതി, ഫോട്ടോ, മോണിറ്ററിംഗ് റിപ്പോർട്ടുകൾ എന്നിവ ഹാജരാക്കേണ്ടതാണ്.

വനിതകൾക്ക് സ്വയം തൊഴിൽ പദ്ധതി കുടുംബശ്രീയുമായി ചേർന്ന് ആരംഭിക്കാവുന്നതാണ് എന്ന് മാർഗ്ഗരേഖയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും യഥാർത്ഥത്തിൽ ഇത് ചെറുകിട വ്യവസായത്തിന്റെ പരിധിയിലുൾപ്പെടുന്നതും ജില്ലാ പഞ്ചായത്തിന്റെ നിർവ്വഹണ ഉദ്യോഗസ്ഥരായ ജില്ലാ വ്യവസായ വികസന ഓഫീസറോ/ജില്ലാ വനിതാ വികസന ഓഫീസറോ പദ്ധതി നിർവ്വഹണം നടത്തുന്നതിനു പകരമായി കുടുംബശ്രീ ജില്ലാ മിഷൻ കോർഡിനേറ്ററാണ് ജില്ലാ പഞ്ചായത്തിന് വേണ്ടി പദ്ധതി നിർവ്വഹണം നടത്തി കാണുന്നത്. (ജില്ലാ കുടുംബശ്രീ മിഷൻ ഓഫീസറെ ജില്ലാ പഞ്ചായത്തിന്റെ നിർവ്വഹണ ഉദ്യോഗസ്ഥനായി അംഗീകരിച്ചതിന്റെ ഉത്തരവ് ഹാജരാക്കേണ്ടതാണ്.) കുടുംബശ്രീ യൂണിറ്റുകൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനും ആവശ്യമായ പിന്തുണ നൽകുന്നതിനും കുടുംബശ്രീ മിഷന് കേന്ദ്ര/സംസ്ഥാന വിഹിതം പ്രകാരമുള്ള പ്രത്യേകം പദ്ധതികൾ സംസ്ഥാന വ്യാപകമായി നിലനിൽക്കെ ജില്ലാ പഞ്ചായത്ത് പദ്ധതി വിഹിതം കൂടി ഇത്തരം പദ്ധതികൾക്കായി ജില്ലാ കുടുംബശ്രീ മിഷന് നൽകുന്നതിലൂടെ പദ്ധതികളിൽ ഇരട്ടിപ്പ് ഉണ്ടായിട്ടുണ്ടോയെന്ന് പരിശോധിക്കാൻ സാധിക്കാത്ത സ്ഥിതിവിശേഷമുണ്ട്. സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്ന വനിതാ ഗ്രൂപ്പുകൾക്ക് ആവശ്യമായ പിന്തുണ നൽകുന്നതിനും ഭീമമായ ചെലവുവരുന്ന യന്ത്രങ്ങളുടെ ആവശ്യകത പരിശോധിച്ച് അവ അത്യാവശ്യമെങ്കിൽ വാങ്ങുന്നതിന് ആവശ്യമായ സാമ്പത്തിക പിന്തുണ നൽകുന്നതിനുമാണ് പ്രോജക്ട് രൂപീകരിച്ചിട്ടുള്ളത്. ഇത്തരം പരിശോധനകളോ, സംഘത്തിന്റെ പ്രവർത്തന ക്ഷമതയോ പരിശോധിച്ചതിന്റെ രേഖകൾ ഫയലിൽ ഇല്ല.

എന്നാൽ സബ്സിഡി ലഭിക്കുന്നതിനു വേണ്ടി മാത്രം താൽക്കാലിക ലോൺ സർട്ടിഫിക്കറ്റുകളുടെ അടിസ്ഥാനത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥനായ കുടുംബശ്രീ ജില്ലാ മിഷൻ കോർഡിനേറ്റർ, ആവശ്യമായ രേഖകളുടെ (യഥാർത്ഥ ചെലവു രേഖകളുടെ) അഭാവത്തിൽ വിവിധ ബാങ്കുകൾക്ക് സബ്സിഡി കൈമാറിയതായി കണ്ടു. ഇത്തരത്തിൽ തുക അനുവദിച്ച കാട്ടുകുറ്റിയിലെ കൃപ സി.ഡി.എസ്. ആക്ടിവിറ്റി ഗ്രൂപ്പിന് ബ്രിക്സ് യൂണിറ്റ് നടത്താൻ കഴിയില്ലായെന്ന് അറിയിച്ച സാഹചര്യത്തിൽ കൈപറ്റിയ തുക കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടക്കുന്നതിന് അനുമതി ആവശ്യപ്പെട്ട് 24.11.21 ന് കുടുംബശ്രീ ജില്ലാമിഷൻ കോർഡിനേറ്റർ ജില്ലാ പഞ്ചായത്തിന് കത്ത് നൽകുകയും 19.1.22 ലെ 6(2) തീരുമാന പ്രകാരം ഭരണസമിതി തുക തിരിച്ചടക്കാൻ അനുമതി നൽകിയതായും ഫയലിൽ കണ്ടു. തുക തിരിച്ചടവാക്കുന്നതിന് കൃപ ആക്ടിവിറ്റി ഗ്രൂപ്പ് നൽകിയതായി പറയുന്ന കത്ത് പോലും നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഫയലിൽ ഇല്ലായെന്നത് ഓഡിറ്റിൽ അംഗീകരിക്കാനാവില്ല. തുക കൈപറ്റിയ സ്വയം തൊഴിൽ സംരംഭക ഗ്രൂപ്പുകൾ യഥാർത്ഥത്തിൽ നിലവിലുള്ളതാണോയെന്നു പോലും ഫയലിൽ നിന്നും വ്യക്തമല്ല. ഇതു സംബന്ധിച്ച

യാതൊരു രേഖകളും ഫയലിൽ ഇല്ല. ഇക്കാര്യത്തിൽ നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം. 26/02.03.2022) യൂണിറ്റുകളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച് 10.06.2022 ന് നം.1243/സി/18/കെ.എസ്./ടി.എസ്.ആർ ആയി താഴെ കാണും പ്രകാരം മറുപടി ജില്ലാ മിഷൻ കോർഡിനേറ്റർ നൽകിയിട്ടുണ്ട്.

| യൂണിറ്റിന്റെ പേര് | കുറിപ്പുകൾ |
|---|---|
| തിരുവോണം ആക്ടിവിറ്റി ഗ്രൂപ്പ് പെരിഞ്ഞനം | അനുയോജ്യമായ സ്ഥലം കണ്ടെത്താൻ സാധിക്കാത്തതിനാൽ യൂണിറ്റിന്റെ പ്രവർത്തനം ആരംഭിച്ചിട്ടില്ല. |
| ഒരുമ സിമന്റ് ബ്രിക്സ് യൂണിറ്റ് | ഫണ്ട് സർക്കാരിലേക്ക് തിരികെ പോയി |
| ഭീമൻ സിമന്റ് ബ്രിക്സ് യൂണിറ്റ് പഴയന്നൂർ | പഴയന്നൂർ പഞ്ചായത്തിലെ തെക്കേത്തറ എന്ന സ്ഥലത്ത് ഷെഡ് നിർമ്മാണവും മെഷിനറി ഇൻസ്റ്റാളേഷനും പൂർത്തീകരിച്ചു. യൂണിറ്റ് പ്രവർത്തനം 25.05.2022 ന് ആരംഭിച്ചു. |
| കൃപ ആക്ടിവിറ്റി ഗ്രൂപ്പ് കാട്ടുകുറ്റി. | തുക സർക്കാരിന്റെ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടയ്ക്കാൻ തീരുമാനമായിട്ടുണ്ട്. |
| ജ്വാല സിമന്റ് ബ്രിക്സ് യൂണിറ്റ് നടത്തറ | അനുയോജ്യമായ സ്ഥലം കണ്ടെത്താൻ ശ്രമം നടന്നുവരുന്നു. |
| സമൃദ്ധി സിമെന്റ് ബ്രിക്സ് യൂണിറ്റ് കടപ്പുറം | സബ്സിഡി തുക യൂണിറ്റിന്റെ ബാങ്ക് അക്കൌണ്ടിലേക്ക് ലഭിക്കുന്നതിനായി ബാങ്കുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ച് വരുന്നു. |

ഇതിൽ നിന്നും പദ്ധതിക്കായി പണം നൽകി രണ്ടു വർഷത്തിനു ശേഷവും കേവലം ഒരു യൂണിറ്റ് മാത്രമാണ് പ്രവർത്തനം ആരംഭിച്ചത് എന്ന് വ്യക്തമാണ്. ആയതിനാൽ യഥാർത്ഥത്തിൽ യന്ത്രോപകരണങ്ങൾ വാങ്ങി നാളിതുവരെ പ്രവർത്തനം ആരംഭിക്കാത്ത മുഴുവൻ യൂണിറ്റുകൾക്കും നൽകിയ തുക തിരികെ ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിൽ അടവാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതും തുക അടവാക്കിയ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. യൂണിറ്റുകളുടെ നിലവിലെ പ്രവർത്തനം സംബന്ധിച്ച വിശദമായ റിപ്പോർട്ട്, യന്ത്രങ്ങൾ വാങ്ങിയ യൂണിറ്റുകളുടെ യഥാർത്ഥ ചെലവുരേഖകൾ/യന്ത്രങ്ങളുടെ പർച്ചേയ്സ് ബില്ലുകൾ, കൃപ, ആക്ടിവിറ്റി ഗ്രൂപ്പിനു നൽകിയ തുക തിരികെ കൺസോളിഡേറ്റഡ് ഫണ്ടിൽ അടവാക്കിയതിന്റെ അസ്സൽ ട്രഷറി ചെലാൻ, ജില്ലാ പഞ്ചായത്ത് മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ഹാജരാക്കേണ്ടതാണ്. യഥാർത്ഥ ചെലവു രേഖകളുടെ അഭാവത്തിൽ 18 ലക്ഷം രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-50 കൌമാരക്കാരായ പെൺകുട്ടികൾക്ക് കൌൺസിലിംഗ്-മാതൃകാപരമായ പദ്ധതിയുടെ പ്രയോജനം മുഴുവൻ സ്കൂളുകളിലും ഉറപ്പാക്കണം.

കുടുംബശ്രീ ജില്ലാമിഷൻ 2018-19ൽ നടപ്പാക്കിയ സ്നേഹിത@ സ്കൂൾ മാതൃകയിൽ കൌമാരക്കാരായ പെൺകുട്ടികൾക്ക് കൌൺസിലിംഗ് നൽകുന്നതിന് കുടുംബശ്രീ കോർഡിനേറ്റർ നിർവ്വഹണ ഉദ്യോഗസ്ഥനായി പദ്ധതി നം. 529/21 (സ്പിൽ ഓവർ) പ്രകാരം 3,85,000 രൂപ വകയിരുത്തുകയും, ജില്ലയിലെ

14ഹൈസ്കൂളുകളിലെ പെൺകുട്ടികൾക്കായി കമ്മ്യൂണിറ്റി കൌൺസിലിംഗ് സംഘടിപ്പിക്കുകയും ചെയ്തു ഇനത്തിൽ ബിൽ നം. 4/20-21/28.4.20 പ്രകാരം 3,64,556 രൂപ ചെലവഴിക്കുകയും ചെയ്തു.

ഹൈസ്കൂൾ വിഭാഗത്തിലെ വിവിധ പ്രശ്നങ്ങൾ നേരിടുന്ന പെൺകുട്ടികളെ അധ്യാപകരുടെ സഹായത്തോടെ കണ്ടെത്തി കൌൺസിലിംഗ് നടത്തി മാനസിക പിന്തുണ നൽകുന്നതിനും, വളരെയധികം കുട്ടികളിലെ പഠനവൈകല്യം, ഭയം, സ്വഭാവരീതികളിലെ വ്യത്യാസം എന്നിവ മാറ്റിയെടുക്കാനും, കുടുംബശ്രീ മിഷന്റെ 14 കമ്മ്യൂണിറ്റി കൌൺസിലർമാർ നിരന്തരം നടത്തിയ കൌൺസിലിംഗിലൂടെ കൌമാരക്കാരായ പെൺകുട്ടികൾക്ക് ലൈംഗിക വിദ്യാഭ്യാസം നല്കുന്നതിനും, സ്കൂളിൽ പരിശീലന/ലഹരിവിരുദ്ധ ബോധവൽക്കരണ/മോട്ടിവേഷൻ ക്ലാസ്സുകളിലൂടെ ആത്മവിശ്വാസം വർധിപ്പിക്കാൻ സാധിച്ചതായും, കുട്ടികളിൽ ജെന്റർ അവബോധം സൃഷ്ടിക്കാനും വിദ്യാർത്ഥികളിൽ ഗുണപരമായ മാറ്റങ്ങൾ ഉണ്ടാക്കാനും, കുട്ടികളിലെ മാനസിക സംഘർഷങ്ങൾ ലഘൂകരിക്കുന്നതിനും ഇത്തരം ക്ലാസ്സുകളിലൂടെ സാധിച്ചതായി വിവിധ അധ്യാപകർ നൽകിയ റിപ്പോർട്ടുകൾ വ്യക്തമാക്കുന്നു. തികച്ചും മാതൃകാപരമായി നടപ്പാക്കിയ ഈ പദ്ധതി പ്രത്യേകം അഭിനന്ദനമർഹിക്കുന്നതായി ഓഡിറ്റ് വിലയിരുത്തുന്നു.

കൌമാരക്കാരായ പെൺകുട്ടികൾക്ക് കൌൺസിലിംഗ് നടത്തുന്നതിന് നിർദ്ദിഷ്ട യോഗ്യതയുള്ള കൌൺസിലർമാരെ കരാർ അടിസ്ഥാനത്തിൽ നിയമിച്ച് പെൺകുട്ടികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ രണ്ടോ/മൂന്നോ സ്കൂളുകളെ ഒരു യൂണിറ്റായി കണക്കാക്കി ഒരു സ്കൂൾ കൌൺസിലർക്ക് ചുമതല നൽകാവുന്നതാണെന്നും, സാമൂഹ്യ നീതി വകുപ്പ്, വിദ്യാഭ്യാസ വകുപ്പ് നിയോഗിച്ചിട്ടുള്ള കൌൺസിലർമാരുടെ എണ്ണം കൂടി പരിഗണിച്ച് ആവശ്യമുള്ള കൌൺസിലർമാരെ 10 മാസ കാലയളവിലേക്ക് സാമൂഹ്യ നീതി വകുപ്പിലെ മാനദണ്ഡപ്രകാരം യോഗ്യതയും വേതനവും കണക്കാക്കി ജില്ലാ പഞ്ചായത്തുകൾക്ക് നിയമിക്കാവുന്നതുമാണ് എന്നും പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 7.4.4 പ്രകാരം വ്യക്തമാക്കിയിട്ടുണ്ട്.

ജില്ലാ പഞ്ചായത്തിന്റെ കീഴിൽ 58 ഹൈസ്കൂളുകൾ, 53 ഹയർസെക്കൻഡറികൾ, 14 വി.എച്ച്.എസ്.സി, ടി.ടി.ഐ, ഫാഷൻ ഡിസൈനിംഗ്, കമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ട് എന്നിങ്ങനെ ആകെ 132 വിദ്യാഭ്യാസ സ്ഥാപനങ്ങളാണുള്ളത്. ജില്ലയിൽ വനിതാശിശുവികസനവകുപ്പിന്റെ കീഴിൽ നിലവിൽ 77 സ്കൂൾ കൌൺസിലർമാരെ നിയമിച്ചിട്ടുണ്ട്. മുഴുവൻ സ്കൂളുകളിലും കൌൺസിലർമാർ ഇല്ലാത്ത സാഹചര്യത്തിൽ കുടുംബശ്രീ ജില്ലാ മിഷന്റെ സഹായത്തോടെ ജില്ലാപഞ്ചായത്ത് പൈലറ്റ് പ്രോജക്ടായി പദ്ധതി നടപ്പാക്കുകയായിരുന്നു. നിലവിലെ സാമൂഹ്യ സാഹചര്യത്തിൽ ഏറ്റവും അനുയോജ്യമായി കാണുന്നതിനാലും ഇത്തരം പദ്ധതികൾ മാർഗ്ഗരേഖ പ്രകാരം ഏറ്റെടുക്കാൻ സാധിക്കുന്നതിനാലും മുഴുവൻ ഹൈസ്കൂൾ/ഹയർസെക്കൻഡറി സ്കൂളുകളിലും കൌൺസിലർമാരുടെ സേവനം ലഭിക്കാനുതകുന്ന സമഗ്രമായ പദ്ധതി ജില്ലാ പഞ്ചായത്ത് തയ്യാറാക്കുന്നത് ഉചിതമായിരിക്കും.

നിലവിലുള്ള കൌൺസിലർമാർക്ക് ഒന്നിലധികം സ്കൂളുകളുടെ ചുമതല നൽകിയോ/ജില്ലാ പഞ്ചായത്തിന്റെ കീഴിലുള്ള മുഴുവൻ സ്ഥാപനങ്ങളിലും സ്കൂൾ കൌൺസിലർമാരെ ലഭ്യമാക്കുന്നതിന് ആവശ്യമെങ്കിൽ കരാർ അടിസ്ഥാനത്തിൽ യോഗ്യരായ കൌൺസിലർമാരെ നിയമിച്ചോ, മുഴുവൻ സ്കൂളുകൾക്കും കൌൺസിലർമാരുടെ സേവനം ലഭ്യമാക്കാവുന്നതാണ്. ഇക്കാര്യത്തിൽ കുടുംബശ്രീ ജില്ലാമിഷന്റെ കീഴിലുള്ള 35 കൌൺസിലർമാരുടെ സേവനമോ, ഗ്രാമപഞ്ചായത്ത് നിയമിച്ചിട്ടുള്ള കമ്മ്യൂണിറ്റി വുമൺ ഫെസിലിറ്റേറ്റർമാരുടെ സേവനമോ പ്രയോജനപ്പെടുത്താവുന്നതാണ്. ഇതിനായി സമഗ്ര പദ്ധതി ആവിഷ്കരിച്ച് വാർഷിക പ്രവർത്തന കലണ്ടർ തയ്യാറാക്കി വിവിധ വകുപ്പുകളിലെ ജില്ലാ പഞ്ചായത്തിന്റെ നിർവ്വഹണ ഉദ്യോഗസ്ഥരെ ഏകോപിപ്പിച്ച് പദ്ധതി നടപ്പാക്കുന്നതിനും മാർഗ്ഗ രേഖയിൽ നിർദ്ദേശിച്ചതു പ്രകാരം ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട്/സാമൂഹ്യ നീതി ഓഫീസർ/ വനിതാ വികസന ഓഫീസർ/ജില്ലാ മെഡിക്കൽ ഓഫീസർ/വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ എന്നിവരെ ഉൾപെടുത്തി മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കുന്നതിനും നടപടി സ്വീകരിക്കണം. പദ്ധതി രൂപീകരണവേളയിൽ ഇക്കാര്യം പരിഗണിക്കുന്നതിനായി ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണസമിതിയുടെയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

1-51 ജലപ്രയാണം പദ്ധതിയുടെ വിശദാംശങ്ങൾ ഹാജരാക്കിയില്ല. തുടർനടപടി സ്വീകരിക്കണം.

നിർവ്വഹണ ഉദ്യോഗസ്ഥൻ. ജില്ലാ മണ്ണുസംരക്ഷണ ഓഫീസർ

2018, 2019 വർഷങ്ങളിലെ അധിവർഷം മൂലം ഉണ്ടായ പ്രളയത്തിൽ ജില്ലയിലെ നദികളിൽ പ്രളയാവശിഷ്ടങ്ങൾ അടിഞ്ഞ് ഒഴുക്ക് തടസ്സപെട്ട സാഹചര്യത്തിൽ അവ നീക്കം ചെയ്ത് പുനരുദ്ധാരണം നടത്തുന്നതിന് ധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്നും 50 ലക്ഷം രൂപ വകയിരുത്തി ജില്ലാ മണ്ണുസംരക്ഷണ ഓഫീസർ നടപ്പാക്കിയ ജില്ലാപഞ്ചായത്തിന്റെ 840/21നമ്പർ പദ്ധതിയാണ് ജലപ്രയാണം-2020. പാണഞ്ചേരി പഞ്ചായത്തിൽ നിന്നും ആരംഭിക്കുന്ന മണലിപുഴ 30.98 കിലോമീറ്ററും, വരന്തരപ്പിള്ളി പഞ്ചായത്തിൽ നിന്നും ആരംഭിക്കുന്ന കുറുമാലിപ്പുഴ 35.45 കിലോമീറ്ററും സഞ്ചരിച്ച് വല്ലച്ചിറ പഞ്ചായത്തിൽ വച്ച് കൂടിചേർന്ന് കരുവന്നൂർ പുഴയായി ഒഴുകുന്നു. 16 ഗ്രാമപഞ്ചായത്തുകളിലൂടെയും ഇരിങ്ങാലക്കട നഗരപ്രദേശത്തുകൂടിയും ഒഴുകുന്ന ഈ മൂന്ന് പുഴകളിലെയും കൂടി ആകെ 77.44 കിലോമീറ്റർ ദൂരത്തിനുള്ളിലെ പ്രളയാവശിഷ്ടങ്ങൾ അതാത് ഗ്രാമപഞ്ചായത്ത് വിഹിതം ഉൾപ്പെടുത്തി നീക്കം ചെയ്യുന്നതിനായി രൂപീകരിച്ച പദ്ധതിയിൽ നാളിതുവരെ ആകെ 45,42,225 രൂപ ചെലവഴിച്ചിട്ടുണ്ട്.

ഫയൽ പരിശോധിച്ചതിൽ നിന്നും കണ്ട അപാകതകൾ താഴെ ചേർക്കുന്നു.

1. 24.12.2019 ലെ ജി.ഒ(ആർ.ടി)3880/201 ആർ.ഡി ഉത്തരവ് പ്രകാരം നദികളിലും നീർച്ചാലുകളിലും അടിഞ്ഞ അവശിഷ്ടങ്ങൾ നീക്കം ചെയ്യുന്നതിന് ജില്ലാകളക്ടർമാർക്ക് അനുമതി നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചതിന്റെ തുടർച്ചയായുണ്ടായ വീഡിയോകോൺഫറൻസിന്റെ ഭാഗമായാണ് ഈ പദ്ധതി ജില്ലാ പഞ്ചായത്ത് രൂപീകരിച്ചത്. ഗ്രാമപഞ്ചായത്തുകളുടെ വിഹിതം ഉറപ്പു വരുത്തുന്ന സംയുക്ത പദ്ധതിയായാണ് ഈ പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. സംയുക്ത പദ്ധതിയിൽ പങ്കാളികളാകുന്ന തദ്ദേശഭരണസ്ഥാപനങ്ങൾ തമ്മിൽ നിർവ്വഹണം ആരംഭിക്കുന്നതിന് മുമ്പ് ഒരു കരാർ ഉടമ്പടിയിൽ ഏർപ്പെടണം. (29.01.18 തീയതിയിലെ സ.ഉ (കൈ)നം.11/18/തസ്വഭവ, ഖണ്ഡിക 3.5.4) ഇത്തരത്തിൽ കരാറിലേർപ്പെട്ടിട്ടില്ല. പദ്ധതിയുടെ ഭാഗമായി ഓരോ തദ്ദേശ ഭരണ സ്ഥാപനവും തയ്യാറാക്കിയ പദ്ധതിയുടെയും വകയിരുത്തിയ തുകയുടെയും വിശദാംശങ്ങൾ ഫയലിൽ ലഭ്യമല്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

2. പുഴ പുനരുജ്ജീവനത്തിന്റെ ഭാഗമായി വിവിധ ഗ്രാമപഞ്ചായത്തുകൾക്ക് താഴെകാണും പ്രകാരം തുക വെബ്സാംഖ്യ വഴി കൈമാറിയിട്ടുണ്ട്.

| പുഴ | പഞ്ചായത്തിന്റെ പേര് | തുക |
|---|---|---|
| മണലി പുഴ | തൃക്കൂർ | 3,51,853 |
| | നെന്മണിക്കര | 2,56,471 |
| | പുത്തൂർ | 2,51,391 |
| | വല്ലച്ചിറ | 2,13,306 |
| | നടത്തറ | 2,91,690 |
| | പാണഞ്ചേരി | 4,70,230 |
| | അളഗപ്പനഗർ | 2,14,410 |
| കുറുമാലി പുഴ | വരന്തരപ്പിള്ളി | 6,41,948 |
| | പറപ്പൂക്കര | 5,00,000 |
| കരുവന്നൂർ പുഴ | കാറളം | 5,79,810 |
| | ചാഴൂർ | 2,71,116 |
| | ചേർപ്പ് | 5,00,000 |
| ആകെ | | 45,42,225 |

തുക ആവശ്യപ്പെട്ടുകൊണ്ടുള്ള ഗ്രാമപഞ്ചായത്തുകളുടെ റിക്വിസിഷനുകൾ, തുക അതാത് സ്ഥാപനങ്ങൾക്ക് നൽകിയതിന്റെ ട്രഷറിപെയ്ഡ് റിപ്പോർട്ടുകൾ, തുക കൈപറ്റിയ നടത്തറ, വരന്തരപ്പിള്ളി, ചാഴൂർ എന്നീ തദ്ദേശ സ്ഥാപനങ്ങളുടെ വിനിയോഗ സാക്ഷ്യപത്രം എന്നിവ ഫയലിൽ ഇല്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

3. രണ്ട് പ്രളയങ്ങൾക്കു ശേഷവും പുഴകളിൽ നീരൊഴുക്ക് തടസ്സപ്പെടുന്നത് സംബന്ധിച്ച് ഓരോ തദ്ദേശ സ്ഥാപനങ്ങളുടെ പരിധിയിലെയും അവസ്ഥാപഠന റിപ്പോർട്ടുകൾ, ആയതു പ്രകാരം നീക്കം ചെയ്യേണ്ട തടസ്സങ്ങൾ സംബന്ധിച്ച് എഞ്ചിനീയറിംഗ് വിഭാഗം തയ്യാറാക്കിയ എസ്റ്റിമേറ്റ്, പദ്ധതി നിർവ്വഹണം

സംബന്ധിച്ച മോണിറ്ററിംഗ് റിപ്പോർട്ടുകൾ, ഡോക്യുമെന്റേഷൻ വിവരങ്ങൾ, പത്രവാർത്തകൾ, ഫോട്ടോകൾ, എന്നിവയൊന്നും തന്നെ ഫയലിൽ ഇല്ല. പദ്ധതി തയ്യാറാക്കി വിഹിതം നൽകിയെന്നല്ലാതെ പദ്ധതിയുടെ നിർവ്വഹണം, പൂർത്തീകരണം എന്നിവ സംബന്ധിച്ച യാതൊരു മോണിറ്ററിംഗും ജില്ലാ പഞ്ചായത്ത് നടത്തിയതായി കാണുന്നില്ല. ഇക്കാര്യത്തിൽ നൽകിയ മറുപടി തൃപ്തികരമല്ല. വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. 15/08.02.2022)

1-52 കാർഷികോൽപ്പാദനം- മോണിറ്ററിംഗ് സംവിധാനം കാര്യക്ഷമമല്ലാത്തതിനാൽ പദ്ധതി ലക്ഷ്യം നേടിയതിന്റെ വിവരങ്ങൾ ലഭ്യമല്ല.

നിർവ്വഹണ ഉദ്യോഗസ്ഥർ.

കൃഷി ഡെപ്യൂട്ടി ഡയറക്ടർ (വാട്ടർ മാനേജ്മെന്റ്),

കൃഷി ഡെപ്യൂട്ടി ഡയറക്ടർ (യൂത്ത് പ്രോഗ്രാം)

2020-21 സാമ്പത്തിക വർഷത്തിൽ ജില്ലാ പഞ്ചായത്ത് കാർഷികോൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി താഴെ കാണും പ്രകാരം പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്.

| ക്രമനമ്പർ | കൃഷി ഡെപ്യൂട്ടി ഡയറക്ടർ | പദ്ധതി നമ്പർ/പേര് | വകയിരുത്തിയത് | ചെലവഴിച്ചത് | വിനിയോഗ സാക്ഷ്യപത്രം ലഭിക്കാനുള്ളത്. |
|---|---|---|---|---|---|
| 1 | വാട്ടർ മാനേജ്മെന്റ് | 234/21 സമഗ്ര നെൽകൃഷി വികസനം- കൂലിചെലവ് നൽകൽ | 1,00,00,000 | 1,48,64,603 | കൊരട്ടി-56,155<br>പുന്നയൂർക്കുളം-3,83,558<br>തെക്കുംകര-4,49,241 |
| 2 | വാട്ടർ മാനേജ്മെന്റ് | 606/21 സമഗ്ര നെൽകൃഷി വികസനം- കൂലിചെലവ് നൽകൽ<br>(സ്പിൽ ഓവർ) | 1,63,19,916 | 1,47,01,208 | പുന്നയൂർക്കുളം-8,01,900<br>തെക്കുംകര-2,00,000<br>ചേർപ്പ്-61721 |
| 3 | വാട്ടർ മാനേജ്മെന്റ് | 841/21-സുഭിക്ഷകേരളം തരിശ് നിലങ്ങളിൽ നെൽകൃഷിക്ക് പ്രോത്സാഹനം | 50,00,000 | 34,86,985 | - |
| 4 | വാട്ടർ മാനേജ്മെന്റ് | 842/21-തരിശ് ഭൂമിയിൽ കിഴങ്ങ് കൃഷി പ്രോത്സാഹനം. | 15,00,000 | 6,47,023 | - |
| 5 | യൂത്ത് പ്രോഗ്രാം | 275/21 പച്ചക്കറി കൃഷി കൂലിചെലവ് | 10,00,000 | 2,15,000 | തുക കൃഷി ഭവനുകൾക്ക് നൽകിയതിന്റെ വിവരം ലഭ്യമല്ല. 1,50,000രൂപ |

| | | | | | |
|---|---|---|---|---|---|
| 6 | യൂത്ത് പ്രോഗ്രാം | 605/21 പച്ചക്കറി കൃഷി കൂലിചെലവ് (സ്പിൽ ഓവർ) | 14,69,515 | 4,50,000 | കൊരട്ടി- 1,00,000 |
| 7 | യൂത്ത് പ്രോഗ്രാം | 846/21 സുഭിക്ഷകേരളം പച്ചക്കറി കൃഷിക്ക് പ്രോത്സാഹനം | 10,00,000 | 3,90,862 | ദേശമംഗലം 57,818<br>ചൊവ്വന്നൂർ 20,000<br>കടപ്പുറം 20,000<br>വേലൂർ 20,000<br>മണലൂർ 80,000<br>ചൂണ്ടൽ 39,494<br>ഒരുമനയൂർ 24,000<br>തൊളൂർ 40,000 |
| 8 | യൂത്ത് പ്രോഗ്രാം | 848/21 സുഭിക്ഷ കേരളം ഫലസമൃദ്ധി ഫലവൃക്ഷത്തൈ വിതരണം | 10,00,000 | 3,15,492 | പുത്തൻചിറ 50,000<br>കുഴൂർ 1,00,000<br>പൂമംഗലം 21,750<br>തെക്കുംകര 46,720 |
| 9 | യൂത്ത് പ്രോഗ്രാം | 847/21 തരിശ്ഭൂമിയിൽ വാഴകൃഷി പ്രോത്സാഹനം | 17,50,000 | 28,920 | തിരുവില്വാമല 7,060 |
| | ആകെ | | 4,40,39,431, | 3,51,00,093 | |

പൊതു അപാകതകൾ

ഫയലുകൾ പരിശോധിച്ചതിൽ നിന്നും ജില്ലാ പഞ്ചായത്തിന്റെ നിർവ്വഹണ ഉദ്യോഗസ്ഥർ വിവിധ ഗ്രാമപഞ്ചായത്തുകളിലെ കൃഷി ഓഫീസർമാർക്ക് വെബ് സാംഖ്യ മുഖേന അലോട്ട്മെന്റുകൾ നൽകിയതായി കണ്ടു. ഈ അലോട്ട്മെന്റുകൾ പ്രകാരം ഗ്രാമപഞ്ചായത്തുകളിലെ ഗുണഭോക്താക്കൾക്ക് അക്കൌണ്ടിലേക്ക് നേരിട്ട് തുക നൽകിയതിന് വിവിധ കൃഷിഭവനകളിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ജില്ലാ പഞ്ചായത്തിന്റെ പദ്ധതികളുടെ പൂർത്തീകരണം, പദ്ധതിയുടെ ലക്ഷ്യപ്രാപ്തി എന്നിവ സംബന്ധിച്ച പരിശോധന നടത്തുന്നതിനാവശ്യമായ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. പദ്ധതി നിർവ്വഹണം സംബന്ധിച്ച് ജില്ലാ പഞ്ചായത്ത് മോണിറ്ററിംഗ് നടത്തിയതിന്റെ രേഖകൾ ഫയലിലില്ല.

തരിശ് ഭൂമി കൃഷിയോഗ്യമാക്കുന്നതിന് സംസ്ഥാന സർക്കാർ ആവിഷ്കരിച്ച സുഭിക്ഷകേരളം പദ്ധതിയുടെ ഭാഗമായി തരിശ് നിലം കൃഷിയോഗ്യമാക്കുന്നതിനും കാർഷികോൽപ്പാദനം വർധിപ്പിക്കുന്നതിനും ആവിഷ്കരിച്ച നെല്ല്, പച്ചക്കറി, വാഴ, കിഴങ്ങുവർഗ്ഗ കൃഷി എന്നിവയ്ക്ക് മേൽ പട്ടികയിലെ ക്രമനമ്പർ 3,4,7,8,9 എന്നിവ പ്രകാരം 1.025 കോടി രൂപ വകയിരുത്തിയിരുന്നു.ഇതിൽ ആകെ 48.69ലക്ഷം രൂപയാണ് (47.5%) 20-21 ൽ ചെലവഴിച്ചിട്ടുള്ളത്. സമഗ്ര നെൽകൃഷിയുടെ ഭാഗമായി കർഷകർക്ക് കൂലിചെലവ് നൽകുന്നതിന് ക്രമനമ്പർ 1,2 എന്നിവ പ്രകാരം 3.13 കോടി രൂപ വകയിരുത്തിയതിൽ 2.95 കോടിരൂപ (94.2%) ചെലവഴിച്ചിട്ടുണ്ട്. മേൽ

പ്രകാരം സ്പിൽ ഓവർ ഉൾപ്പെടെ പദ്ധതികൾ നടപ്പാക്കുന്നതിന് ആകെ 4.4 കോടി രൂപ വകയിരുത്തിയതിൽ 3.51 കോടി രൂപ (79.7%) തൻ വർഷത്തിൽ ചെലവഴിച്ചിട്ടുണ്ട്.

തരിശു ഭൂമിനെൽ കൃഷിയുടെ ഭാഗമായി ജില്ലയിലെ 500 ഹെക്ടർ പ്രദേശത്ത് കൃഷി നടത്തുന്നതിനും 2500 ടൺ നെല്ലിന്റെ അധിക ഉൽപാദനത്തിനും പദ്ധതി ലക്ഷ്യമിട്ടിരുന്നു. എന്നാൽ പദ്ധതിയുടെ പ്രയോജനം ലഭിച്ച വിവിധ തദ്ദേശ സ്ഥാപനങ്ങളിലെ കർഷകരുടെ എണ്ണം, തരിശായിക്കിടന്ന ജില്ലയിലെ വിവിധ കൃഷി ഭൂമികളിൽ പദ്ധതി നടപ്പാക്കിയ സ്ഥലത്തിന്റെ വിസ്തൃതി സംബന്ധിച്ച വിവരങ്ങൾ, ഉൽപാദനത്തിലുണ്ടായ വർധന സംബന്ധിച്ച വിവരങ്ങൾ, പ്രയോജനം ലഭിച്ച കർഷകരുടെ എണ്ണം, നൽകിയ തുക എന്നിങ്ങനെ പദ്ധതി മോണിറ്ററിംഗ് നടത്താനാവശ്യമായ റിപ്പോർട്ടുകളോ/രേഖകളോ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തുകൾ സമർപ്പിച്ച റിക്വിസിഷനുകൾ, സംയുക്തപദ്ധതിയുടെ ഭാഗമായി സ.ഉ.(പി)187/15 തി.19.05.2015 പ്രകാരമുള്ള കരാറുകൾ, ഗ്രാമപഞ്ചായത്തുകൾ തയ്യാറാക്കിയ സംയുക്തപദ്ധതി പ്രോജക്ടുകൾ, തുക അനുവദിച്ചത് സംബന്ധിച്ച സാംഖ്യ ട്രഷറി പെയ്ഡ് റിപ്പോർട്ടുകൾ/സ്റ്റേറ്റ്മെന്റുകൾ, ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ വഴി ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് തുക കൈമാറിയതിന്റെ ട്രഷറി ബിൽ കോപ്പികൾ (59ഇ), ഓരോ പ്രോജക്ടിലും ചെലവഴിച്ച തുകയുടെ വിവരം രേഖപ്പെടുത്തുന്ന അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ, പദ്ധതി നിർവ്വഹണം സംബന്ധിച്ച് പ്രാദേശിക മോണിറ്ററിംഗ് നടത്തിയതിന്റെ ഗ്രാമപഞ്ചായത്ത്/വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് റിപ്പോർട്ട്, ജില്ലാ പഞ്ചായത്ത് പദ്ധതി മോണിറ്ററിംഗ് നടത്തിയതിന്റെ റിപ്പോർട്ട്, പദ്ധതി അവലോകന റിപ്പോർട്ട്/മാപ്പിംഗ്/ഡോക്യുമെന്റേഷൻ രേഖകൾ, തുടങ്ങിയവ ഓഡിറ്റ് പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല. മേൽ രേഖകളുടെ അഭാവത്തിൽ ലക്ഷ്യമിട്ടതു പ്രകാരമുള്ള കാർഷികോൽപാദനം പദ്ധതിയുടെ ഭാഗമായി ഉണ്ടായിട്ടുണ്ട് എന്ന് ഉറപ്പാക്കാനായിട്ടില്ല. (ഓഡിറ്റ് എൻക്വയറി.നം. 19/19.02.2022) മേൽ സൂചിപ്പിച്ച രേഖകൾ ഹാജരാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

1-53 ജില്ലാ പഞ്ചായത്തിന്റെ ഭവന നിർമ്മാണ പദ്ധതികളിൽ തുടർ നിരീക്ഷണം ഉറപ്പാക്കണം. 2,67,38,592 രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കണം.

നിർവ്വഹണ ഉദ്യോഗസ്ഥൻ.ദാരിദ്ര്യ ലഘൂകരണ വിഭാഗം പ്രോജക്ട് ഡയറക്ടർ

ജില്ലാ പഞ്ചായത്ത് 2020-21 വർഷത്തിൽ നടപ്പാക്കിയ ഭവന പദ്ധതികളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമനം. | പ്രോജക്ട് നമ്പർ/പേര് | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|---|
| 1 | 25/21പി.എം.എ.വൈ(ജി) ജില്ലാ പഞ്ചായത്ത് വിഹിതം നൽകൽ.(ജനറൽ) | 3822000 | 3822000 |
| 2 | 390/21-ലൈഫ് ഗ്രാമപഞ്ചായത്തിന് വിഹിതം നൽകൽ.(ജനറൽ) | 84148,000 | 83482531 |
| 3 | 391/21-ലൈഫ് ഗ്രാമപഞ്ചായത്തിന് വിഹിതം നൽകൽ.(എസ്.സി.) | 21571385 | 21570896 |
| 4 | 400/21ലൈഫ് ഗ്രാമപഞ്ചായത്തിന് വിഹിതം നൽകൽ.(ടി.എസ്.പി.) | 347000 | 347000 |
| 5 | 621/21-പി.എം.എ.വൈ(ജി) വിഹിതം നൽകൽ.19-20 (എസ്.സി) സ്പിൽ ഓവർ. | 392000 | 392000 |
| 6 | 922/21-പി.എം.എ.വൈ.(ജി) വിഹിതം നൽകൽ.(എസ്.സി.) | 882000 | 882000 |
| ആകെ | | 11,11,62,385 | 11,04,96,427 |

ലൈഫ് മിഷൻ, പി.എം.എ.വൈ പദ്ധതികൾക്കായി വിവിധ ഗ്രാമപഞ്ചായത്തുകൾക്കും ബ്ലോക്ക് പഞ്ചായത്തുകൾക്കുമായി മേൽ പ്രകാരം തുകകൾ അലോട്ട്മെന്റുകളായി നൽകിയിട്ടുണ്ട്. വകയിരുത്തിയ തുകയുടെ 99.4 ശതമാനം തുകയും ചെലവഴിച്ചിട്ടുണ്ട്. പദ്ധതിയുടെ ഭവന നിർമ്മാണ പുരോഗതി സംബന്ധിച്ച വിവരം താഴെ ചേർക്കുന്നു. മുഴുവൻ ഗുണഭോക്താക്കളുടെയും ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിന് ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

| ക്രമനം. | ബ്ലോക്കിന്റെ പേര് | ടാർജറ്റ് | ജിയോടാഗ് ചെയ്യത് | ആദ്യ ഗഡു | രണ്ടാം ഗഡു | മൂന്നാം ഗഡു | പൂർത്തീകരിച്ചത് | ബാക്കി |
|---|---|---|---|---|---|---|---|---|
| 1 | അന്തിക്കാട് | 242 | 174 | 155 | 133 | 117 | 119 | 68 |
| 2 | ചാലക്കുടി | 140 | 101 | 92 | 61 | 39 | 41 | 39 |
| 3 | ചാവക്കാട് | 286 | 233 | 218 | 177 | 149 | 171 | 53 |
| 4 | ചേർപ്പ് | 118 | 62 | 60 | 54 | 46 | 47 | 56 |
| 5 | ചൊവ്വന്നൂർ | 165 | 109 | 106 | 79 | 76 | 77 | 56 |
| 6 | ഇരിങ്ങാലക്കുട | 152 | 104 | 84 | 72 | 69 | 69 | 48 |
| 7 | കൊടകര | 232 | 193 | 170 | 121 | 112 | 113 | 39 |
| 8 | മാള | 193 | 140 | 135 | 101 | 95 | 97 | 53 |
| 9 | മതിലകം | 386 | 310 | 302 | 272 | 236 | 239 | 76 |
| 10 | മുല്ലശ്ശേരി | 187 | 138 | 138 | 115 | 104 | 105 | 49 |
| 11 | ഒല്ലക്കര | 175 | 130 | 120 | 96 | 93 | 96 | 45 |
| 12 | പഴയന്നൂർ | 516 | 460 | 240 | 223 | 209 | 216 | 56 |
| 13 | പുഴക്കൽ | 89 | 43 | 43 | 33 | 30 | 30 | 46 |
| 14 | തളിക്കുളം | 331 | 258 | 242 | 216 | 201 | 209 | 73 |
| 15 | വെള്ളാങ്കല്ലൂർ | 171 | 118 | 114 | 94 | 93 | 93 | 53 |
| 16 | വടക്കാഞ്ചേരി | 235 | 185 | 172 | 119 | 113 | 116 | 50 |
| ആകെ | | 3618 | 2758 | 2391 | 1966 | 1782 | 1838 | 860 |

തദ്ദേശ സ്ഥാപനത്തിന്റെ റിക്വിസിഷനുകൾ, വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രങ്ങൾ എന്നിവ പൂർണമായും ഫയലിൽ സൂക്ഷിച്ചിട്ടില്ല. തുക കൈപറ്റിയ താഴെപറയുന്ന ഗ്രാമപഞ്ചായത്തുകൾ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. സാംഖ്യ ട്രഷറി പെയ്ഡ് റിപ്പോർട്ടുകൾ ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ വഴി ഗുണഭോക്താക്കളുടെ അക്കൌണ്ടിലേക്ക് തുക കൈമാറിയതിന്റെ ട്രഷറി ബിൽ കോപ്പികൾ (59ഇ), ജില്ലാ പഞ്ചായത്തിന്റെ മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഈയിനത്തിൽ ചെലവഴിച്ച 2,67,38,592 രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പദ്ധതി നം | സ്ഥാപനം | കൈപറ്റിയ തുക | ആകെ |
|---|---|---|---|---|
| 1. | 390/21-ലൈഫ് ഗ്രാമപഞ്ചായത്തിന് വിഹിതം നൽകൽ.(ജനറൽ) | ചേലക്കര ഗ്രാമ പഞ്ചായത്ത് | 4470154 | 1,79,40,898 |
| 2. | | എരുമപ്പെട്ടി ഗ്രാമപഞ്ചായത്ത് | 1279188 | |
| 3. | | കടപ്പുറം ഗ്രാമപഞ്ചായത്ത് | 1850000 | |
| 4. | | മുല്ലശ്ശേരി ഗ്രാമപഞ്ചായത്ത് | 400000 | |
| 5. | | മുരിയാട് | 860000 | |

| | | | | |
|---|---|---|---|---|
| | | ഗ്രാമപഞ്ചായത്ത് | | |
| 6. | | പഴയന്നൂർ ഗ്രാമപഞ്ചായത്ത് | 5141556 | |
| 7. | | പുത്തൂർ ഗ്രാമപഞ്ചായത്ത് | 800000 | |
| 8. | | തളിക്കുളം ഗ്രാമപഞ്ചായത്ത് | 500000 | |
| 9. | | വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്ത് | 200000 | |
| 10. | | വെള്ളാങ്കല്ലൂർ ഗ്രാമപഞ്ചായത്ത് | 2440000 | |
| 1. | 391/21 ലൈഫ് ഗ്രാമപഞ്ചായത്തിന് വിഹിതം നൽകൽ.(എസ്.സി.) | അന്തിക്കാട് ഗ്രാമപഞ്ചായത്ത് | 690000 | 87,97,694 |
| 2. | | അവിണിശ്ശേരി ഗ്രാമപഞ്ചായത്ത് | 295083 | |
| 3. | | കൊരട്ടി ഗ്രാമപഞ്ചായത്ത് | 362300 | |
| 4. | | മുരിയാട് ഗ്രാമപഞ്ചായത്ത് | 100000 | |
| 5. | | പടിയൂർ ഗ്രാമപഞ്ചായത്ത് | 1388750 | |
| 6. | | പാറളം ഗ്രാമപഞ്ചായത്ത് | 320000 | |
| 7. | | പഴയന്നൂർ ഗ്രാമപഞ്ചായത്ത് | 424049 | |
| 8. | | പുന്നയൂർ ഗ്രാമപഞ്ചായത്ത് | 217512 | |
| 9. | | പുന്നയൂർക്കുളം ഗ്രാമപഞ്ചായത്ത് | 3380000 | |
| 10. | | പുത്തൂർ ഗ്രാമപഞ്ചായത്ത് | 440000 | |
| 11. | | തളിക്കുളം ഗ്രാമപഞ്ചായത്ത് | 760000 | |
| 12. | | വടക്കേക്കാട് ഗ്രാമപഞ്ചായത്ത് | 260000 | |
| 13. | | വാടാനപ്പിള്ളി ഗ്രാമപഞ്ചായത്ത് | 160000 | |
| ആകെ | | | | 2,67,38,592 |

പദ്ധതി ലക്ഷ്യം കൈവരിക്കുന്നത് ഉറപ്പാക്കുന്നതിനായി മേൽ സ്ഥാപനങ്ങളിൽ നിന്നും വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കാൻ അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. 27/07.03.2022)

1-54 വിവിധ ലാബുകളിലേക്ക് ആവശ്യമായ രാസവസ്തുക്കൾ/ഉപകരണങ്ങൾ എന്നിവ

വാങ്ങിയതിൽ ഇ-ടെണ്ടർ നടപടി സ്വീകരിച്ചില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ. ഡെപ്യൂട്ടി ഡയറക്ടർ-പൊതു വിദ്യാഭ്യാസം.

2019-20ൽ ആവിഷ്കരിച്ചതും പിന്നീട് സ്പിൽ ഓവറുമായ 586/21-ലാബ് നവീകരണം പദ്ധതി പ്രകാരം ജില്ലാ പഞ്ചായത്തിന്റെ കീഴിലുള്ള വിവിധ സ്കൂളുകൾക്കാവശ്യമായ ലബോറട്ടറി ഉപകരണങ്ങൾ/രാസവസ്തുക്കൾ എന്നിവ വാങ്ങുന്നതിന് ഇ-ടെണ്ടർ നടപടി സ്വീകരിക്കുന്നതിന് 7.8.19 ലെആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി 7 നമ്പറായി തീരുമാനമെടുത്തിരുന്നു. എന്നാൽ ലാബ് ഉപകരണങ്ങൾ വാങ്ങുന്നതിന് ഇ-ടെണ്ടർ നടപടി സ്വീകരിച്ചില്ല. GEM (Government E Market Place) വഴി വാങ്ങൽ നടത്തുന്നതിന് സാധിക്കാത്തതിനാൽ ടെണ്ടർ ഒഴിവാക്കി KSIEവഴി വാങ്ങുന്നതിന് വിദ്യാഭ്യാസ ഉപഡയറക്ടർ നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ 5.11.19 ലെ ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനം 23ാം നമ്പറായി തീരുമാനമെടുത്ത് കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസിനെ ചുമതലപ്പെടുത്തി ലാബ് ഉപകരണങ്ങൾ വാങ്ങിയത് ക്രമപ്രകാരമല്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമനം. | ബിൽ നം/ തിയതി | തുക | പ്രോഫോർമ ഇൻവോയ്സ്/തിയതി |
|---|---|---|---|
| 1 | 34/7.5.20 | 400027 | 257/27.3.20 |
| 2 | 35/7.5.20 | 450020 | 258/27.3.20 |
| 3 | 36/7.5.20 | 300031 | 259/27.3.20 |
| 4 | 37/7.5.20 | 400019 | 260/27.3.20 |
| 5 | 38/7.5.20 | 400011 | 261/27.3.20 |
| 6 | 39/7.5.20 | 450026 | 262/27.3.20 |
| 7 | 40/7.5.20 | 400022 | 263/27.3.20 |
| 8 | 41/7.5.20 | 199844 | 264/27.3.20 |
| ആകെ | | 30,00,000 | |

26.4.2019 ലെ സ.ഉ(പി)7/19എസ്.പി.ഡി ഉത്തരവ് പ്രകാരം ലബോറട്ടറി ഉപകരണങ്ങളുടെ വാങ്ങലുകളെ GEM ൽ നിന്നും ഒഴിവാക്കിയിട്ടുള്ളതിനാൽ 12.05.2015 ലെ ജി.ഒ (എം.എസ്)13/2015/ഐ.ടി.ഡി. ഉത്തരവ് പ്രകാരം അഞ്ച് ലക്ഷം രൂപയ്ക്ക് മുകളിലുള്ള വാങ്ങലുകൾക്ക് ഇ-പ്രൊക്യൂർമെന്റ് നടപടികളാണ് സ്വീകരിക്കേണ്ടിയിരുന്നത്. മാത്രമല്ല ത.സ്വ.ഭ.വ സ്ഥാപനങ്ങളുടെ ഫണ്ട് ഉപയോഗിച്ചുള്ള വാങ്ങലുകൾക്ക് 8.11.2010 ലെ സ.ഉ(പി) 259/2010.ത.സ്വ.ഭ.വ ഉത്തരവാണ് ബാധകമായിട്ടുള്ളത്. ഇതു പ്രകാരം ക്വട്ടേഷൻ/ടെണ്ടർ നടപടികൾ കൂടാതെ നേരിട്ട് സാധനങ്ങൾ വാങ്ങുന്നത് സംബന്ധിച്ച റേറ്റ് കോൺട്രാക്ട് ഉള്ള അക്രഡിറ്റഡ് ഏജൻസികൾ/സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും മേൽ ഉത്തരവ് പ്രകാരം പരമാവധി 5 ലക്ഷം രൂപയിലധികരിക്കുന്ന സാധനങ്ങളുടെ വാങ്ങൽ നടത്താൻ പാടില്ല. എന്നാൽ ഇക്കാര്യം ആരും തന്നെ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽ പെടുത്തുകയോ, വാങ്ങൽ നടത്തുന്നതിന് ഭരണ സമിതി അംഗീകാരം നൽകി തീരുമാനമെടുത്തതായോ കാണുന്നില്ല. തദ്ദേശ സ്ഥാപനങ്ങളിൽ നടത്തുന്ന വാങ്ങലുകൾ സർക്കാർ നിർദ്ദേശങ്ങൾക്ക് അനുസൃതമായിരിക്കേണ്ടതാണ്. ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതുമാണ്.

വിവിധ സ്കൂളുകൾക്ക് ലാബ് ഉപകരണങ്ങൾ, രാസവസ്തുക്കൾ എന്നിവ വിതരണം ചെയ്തിട്ടുണ്ടെങ്കിലും സ്കൂളുകൾ നൽകിയ എസ്റ്റിമേറ്റ് പ്രകാരം ആവശ്യമുള്ള സാമഗ്രികൾ വിതരണം ചെയ്തിട്ടുണ്ടോയെന്ന് പരിശോധിക്കാൻ സാധിക്കുന്ന രീതിയിൽ സ്കൂൾ വൈസ് ബില്ലുകൾ, വിവിധ സ്കൂളുകൾക്ക് സാമഗ്രികൾ വിതരണം നടത്തിയതിന്റെ കൺസോളിഡേറ്റഡ് സ്റ്റേറ്റ്മെന്റുകൾ, സ്റ്റോക്ക് രജിസ്റ്റർ എൻട്രി സർട്ടിഫിക്കറ്റ്, മെയിൻ സ്റ്റോക്ക് രജിസ്റ്റർ, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ സൂക്ഷിക്കേണ്ടതാണ്.

1-55 സഹായ മൊബൈൽ എസ്.എം.എസ് സ്കൂൾ മാനേജ്മെന്റ് ആപ്പ്-പദ്ധതി ഉപേക്ഷിച്ചു. ഐ.കെ.എമ്മിന് നൽകിയ തുക തിരികെ ഈടാക്കണം. ചെലവു തുക 2,89,961 രൂപ തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ.ഡെപ്യൂട്ടി ഡയറക്ടർ വിദ്യാഭ്യാസം.

ജില്ലാ പഞ്ചായത്തിന് കീഴിലുള്ള എല്ലാ ഗവൺമെന്റ് ഹൈസ്കൂളുകളിലും, ഹയർസെക്കൻഡറി, വി.എച്ച്.എസ്.സി സ്കൂളുകളിലേയും കുട്ടികളുടെ ഹാജർ, അധ്യാപക രക്ഷാകർതൃ യോഗ വിവരം/മാർക്ക് വിവരം എന്നിവ എസ്.എം.എസ് വഴി രക്ഷിതാക്കളെ അറിയിക്കുന്നതിനായി തയ്യാറാക്കിയ പദ്ധതിയാണ് സഹായ മൊബൈൽ എസ്.എം.എസ് സ്കൂൾ മാനേജ്മെന്റ് ആപ്പ്. (പദ്ധതി നം.534/21) ഐ.കെ.എം. വഴി നടപ്പാക്കുന്നതിന് ലക്ഷ്യമിട്ട പദ്ധതിക്കായി 19-20 വർഷത്തിൽ 10 ലക്ഷം രൂപ വകയിരുത്തുകയും 12.11.2019 ലെ Ikm/Imple(sms)/3735/19 ഇൻവോയ്സ് അംഗീകരിച്ച് തുക നൽകാൻ തീരുമാനമെടുക്കുകയും 7.2.20 ലെ ബിൽ നം. 2/7.5.20 പ്രകാരം 2,89,961 രൂപ ഐ.കെ.എംന് നൽകുകയും ചെയ്തു. പദ്ധതിയുടെ ഡി.പി.ആർ തയ്യാറാക്കുകയോ, ഡാറ്റാ ശേഖരണം നടത്തി പദ്ധതി നടത്തിപ്പിന്റെ പ്രായോഗികത പരിശോധിക്കുകയോ ചെയ്യാതെ ഐ.കെ.എം. നൽകിയ ഇൻവോയ്സ് പ്രകാരം തുക നൽകുകയാണുണ്ടായത്. എന്നാൽ കോവിഡ് വ്യാപനത്തെതുടർന്ന് സ്കൂളുകൾ അനിശ്ചിതമായി അടച്ച സാഹചര്യത്തിൽ ഇക്കാര്യത്തിൽ തുടർനടപടി സ്വീകരിക്കേണ്ടതില്ലെന്നും പദ്ധതി ഉപേക്ഷിക്കുന്ന സാഹചര്യത്തിൽ ഐ.കെ.എമ്മിൽ നിന്നും തുക തിരികെ ഈടാക്കുന്നതിനും 22.01.2021 ലെ ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി 3(3) പ്രകാരം തീരുമാനമെടുത്തു. 13.4.2021 ന് എച്ച്/3/8946/19 പ്രകാരം ഇക്കാര്യമറിയിച്ച് ഐ.കെ.എമ്മിന് കത്ത് നൽകിയെങ്കിലും തുക തിരികെ ലഭിച്ചിട്ടില്ല. തുക തിരികെ ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിൽ അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ചെലവു തുക 2,89,961 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-56 കരുപടന്ന ഗ്രാമീണ വായനശാലയിലേക്ക് പ്രോജക്ടറും മൈക്ക് സെറ്റും വാങ്ങി നൽകൽ- സർക്കാർ ഉത്തരവിന് വിരുദ്ധമായി അധികം ചെലവഴിച്ച 35,391 രൂപ നിരാകരിക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ.ഡെപ്യൂട്ടി ഡയറക്ടർ വിദ്യാഭ്യാസം.

സ്പിൽ ഓവർ പദ്ധതി 885/21പ്രകാരം കരുപടന്ന ഗ്രാമീണ വായനശാലയ്ക്ക് പ്രോജക്ടറും മൈക്ക് സെറ്റും വാങ്ങി നൽകിയതിന് തനതു ഫണ്ടിൽ നിന്നും 1,49,786 രൂപ ചെലവഴിച്ചിട്ടുണ്ട്. മൈക്ക്സെറ്റ് അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിന് എ.ടി.ഇലക്ട്രോണിക്സ്, വെളിയന്നൂർ എന്ന സ്ഥാപനത്തിൽ നിന്ന് ബിൽ നം. ജി.ബി.438/24.9.20 പ്രകാരം 91886 രൂപയുടെ (ചെക്ക് നം. 485516/19.11.20) ഉപകരണങ്ങളും, ഷാർപ് ലോജിക് കംപ്യൂട്ടർ ഷോപ്പ് തൃശ്ശൂരിൽ നിന്നും Epsan EB-U05 പ്രോജക്ടറും വാങ്ങിയതിന് 57900 രൂപയും(ചെക്ക് നം.435569/30.12.20) ചെലവഴിച്ചിട്ടുണ്ട്. 14.02.2018 ലെ സ.ഉ(കൈ) നം. 22/2018ത.സ്വ.ഭ.വ. പദ്ധതി മാർഗ്ഗരേഖ പ്രകാരം സ്ഥാപനത്തിന്റെ നിയന്ത്രണത്തിലുള്ള ലൈബ്രറികളുടെ പശ്ചാത്തല വികസനത്തിനുള്ള പ്രോജക്ടുകൾ മാത്രമേ ഏറ്റെടുക്കാവൂ എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. അതേ സമയം ലൈബ്രറികൌൺസിലിന്റെ അംഗീകാരമുള്ള ലൈബ്രറികൾക്ക് ഫർണീച്ചർ, കെട്ടിടം എന്നിവയ്ക്കുള്ള പ്രോജക്ടുകൾ ജില്ലാ പഞ്ചായത്തിന് ഏറ്റെടുക്കാവുന്നതാണെന്ന് സ.ഉ(സാ)171/20 ത.സ്വ.ഭ.വ. തിയതി 22.01.2020 ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ടെങ്കിലും കരുപടന്ന ലൈബ്രറിയുടെ ലൈബ്രറി കൌൺസിൽ അംഗീകാര സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. 27.09.2019 ലെ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ഉത്തരവ് സ.ഉ.(സാ)3847/2019 പൊ.വി.വകുപ്പ് പ്രകാരം പ്രോജക്ടറുകൾ വാങ്ങുന്നത് കെൽട്രോൺ മുഖേനയോ, സി.പി.ആർ.എസ് മുഖേനയോ ആയിരിക്കണമെന്നും ഒരു പ്രോജക്ടറിന് നൽകാവുന്ന പരമാവധി വില 22,509 രൂപയിൽ ലിമിറ്റ് ചെയ്യുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്. അതേസമയം കരുപടന്ന ലൈബ്രറിക്കായി വാങ്ങിയ പ്രോജക്ടറിന് മേൽ നിർദ്ദേശത്തിന് വിരുദ്ധമായി 57,900 രൂപ ചെലവഴിച്ചിട്ടുണ്ട്. ഈയിനത്തിൽ 35,391രൂപ അധികമായി ചെലവഴിച്ചിട്ടുണ്ട്. പദ്ധതി സബ്സിഡി/ധനസഹായം നൽകുന്നതിന് നിയന്ത്രണങ്ങളുള്ള ഇനങ്ങൾ സംബന്ധിച്ച് മാർഗ്ഗരേഖ ഖണ്ഡിക 5 പ്രകാരം സ്വയം തൊഴിൽ സംരഭത്തിന് ഒഴികെ മൈക്ക് സെറ്റ് വാങ്ങി നൽകാൻ പാടില്ലായെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഉത്തരവിന് വിരുദ്ധമായി ലൈബ്രറിക്ക് മൈക്ക് സെറ്റ് വാങ്ങിയതിന് 91,886 രൂപ ചെലവഴിച്ചിട്ടുണ്ട്. മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പ്രോജക്ട് തയ്യാറാക്കുകയും സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി അധികതുക ചെലവഴിച്ചതും ക്രമപ്രകാരമല്ല. ആയതിനാൽ മൈക്ക് സെറ്റും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിന് ചെലവഴിച്ച 91,886രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഇക്കാര്യത്തിൽ സർക്കാർ അനുമതി ലഭ്യമാക്കേണ്ടതാണ്. സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പ്രോജക്ടർ വാങ്ങുന്നതിന് അധികം ചെലവഴിച്ച 35,391 രൂപ ഓഡിറ്റിൽ

നിരാകരിക്കുന്നു. (ഓഡിറ്റ് എൻക്വയറി നമ്പർ.9/24.01.2022)

1-57 ഹൈ ടെക് ക്ലാസ്സ് മുറികളിലേക്ക് ഫർണീച്ചർ നൽകൽ. വിവിധ അക്രഡിറ്റഡ് ഏജൻസികളുടെ നിരക്കുകൾ താരതമ്യം ചെയ്തില്ല. ആർട്‌കോയ്ക്ക് 9,76,143 രൂപഅധികം നൽകി.

നിർവ്വഹണ ഉദ്യോഗസ്ഥൻ.ഡെപ്യൂട്ടി ഡയറക്ടർ വിദ്യാഭ്യാസം.
ചെലവു തുക.1,00,00,000
(7.5.20 തിയതിയിലെ ട്രഷറി ബിൽ നം. 3 മുതൽ 24വരെ(നം. 15 ഒഴികെ) ആകെ 1 കോടി രൂപ)

2019-20ൽ രൂപീകരിച്ചതും പിന്നീട് സ്പിൽ ഓവറുമായ പദ്ധതി നമ്പർ 513/21 പ്രകാരം ഹൈടെക്ക് ആയി ഉയർത്തിയ വിവിധ സ്കൂളുകളിലെ ക്ലാസ്സ് മുറികളിലേക്കായി ഡെസ്ക്, ബെഞ്ച് എന്നിവ ടെണ്ടർ കൂടാതെ ആർട്‌കോയിൽ നിന്നും വാങ്ങിയതിൽ ഒരു യൂണിറ്റിന് 11,081/- രൂപയാണ് നൽകിയിട്ടുള്ളത്. 18.7.19 ലെ ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ തീരുമാനം നമ്പർ 35 പ്രകാരം ഫർണീച്ചറുകൾ ആർട് കോയിൽ നിന്നും വാങ്ങുന്നതിന് തീരുമാനിക്കുകയായിരുന്നു. ത.സ്വ.ഭ.വ സ്ഥാപനങ്ങളുടെ ഫണ്ട് ഉപയോഗിച്ചുള്ള വാങ്ങലുകൾക്ക് 8.11.2010 ലെ സ.ഉ(പി) 259/2010.ത.സ്വ.ഭ.വ ഉത്തരവാണ് ബാധകം. ക്വട്ടേഷൻ/ടെണ്ടർ നടപടികൾ കൂടാതെ നേരിട്ട് സാധനങ്ങൾ വാങ്ങുന്നത് സംബന്ധിച്ച റേറ്റ് കോൺട്രാക്ട് ഉള്ള അക്രഡിറ്റഡ് ഏജൻസികൾ/സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും മേൽ ഉത്തരവ് പ്രകാരം പരമാവധി 5 ലക്ഷം രൂപയിലധികരിക്കുന്ന സാധനങ്ങളുടെ വാങ്ങൽ നടത്താൻ പാടില്ലായെന്ന് ഉത്തരവിൽ വ്യക്തമാക്കിയിട്ടുള്ളതിനാൽ മേൽ നടപടിയ്ക്ക് സർക്കാർ അനുമതി ലഭ്യമാക്കേണ്ടതാണ്. തദ്ദേശ സ്ഥാപനത്തിനായി വാങ്ങൽ നടത്തുമ്പോൾ സർക്കാർ ഉത്തരവിന് വിരുദ്ധമായി തീരുമാനമെടുക്കുന്നത് ആശാസ്യമല്ല. ഉപകരണങ്ങൾക്ക് ആർട് കോ നൽകിയ നിരക്ക് യൂണിറ്റിന് 11,081 രൂപയായിരുന്നു. എന്നാൽ ഇതേ കാലയളവിൽ ഡെസ്ക്, ബെഞ്ച് എന്നിവ വിതരണം ചെയ്യുന്നതിന് ഇതേ നിർവ്വഹണ ഉദ്യോഗസ്ഥൻ നടപ്പാക്കിയ 430/21 പ്രോജക്ടിൽ ഒരു യൂണിറ്റിന് 10,000/- രൂപ നിശ്ചയിച്ച് മറ്റൊരു അക്രഡിറ്റഡ് ഏജൻസിയായ കാഡ്‌കോയിൽ നിന്നും 50 ലക്ഷം രൂപയുടെ വാങ്ങൽ നടത്തിയിട്ടുണ്ട്. എന്നാൽ ഓരോ പ്രോജക്ടിലും വാങ്ങേണ്ട ഉപകരണങ്ങളുടെ സ്പെസിഫിക്കേഷൻ പ്രൊക്യൂർമെന്റ് കമ്മിറ്റി, ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി, ജില്ലാ പഞ്ചായത്ത് ഭരണ സമിതി എന്നിവർ അംഗീകരിച്ച നൽകിയിട്ടില്ല. ഇ-ടെണ്ടർ നടപടി സ്വീകരിക്കേണ്ടതിനു പകരം അക്രഡിറ്റഡ് ഏജൻസികളിൽ നിന്നും ടെണ്ടർ നടപടികൾ ഒഴിവാക്കി ഒരു കോടി രൂപയുടെ വാങ്ങൽ നടത്തിയപ്പോൾ അതേ ഇനങ്ങൾക്ക് സർക്കാർ അംഗീകരിച്ച മറ്റൊരു അക്രഡിറ്റഡ് ഏജൻസികളുടെ നിരക്കുമായി 1,081 രൂപയുടെ വ്യത്യാസം ഉള്ളത് ആരും തന്നെ പരിശോധിച്ചിട്ടില്ല. കാഡ്‌കോയുടെ ഫർണീച്ചറുകളുമായി ഗുണമേന്മയിൽ എന്താണ് വ്യത്യാസമുള്ളത് എന്ന് ഫയലിൽ നിന്നും വ്യക്തമല്ല. യഥാർത്ഥത്തിൽ 903 സെറ്റ് ഫർണീച്ചറുകൾക്കായി 9,76,143 രൂപ (1081 X903=9,76,143) ജില്ലാ പഞ്ചായത്ത് അധികമായി ചെലവഴിച്ചിട്ടുണ്ട്. 30.07.14 ലെ ജി.ഒ(പി)311/74/ധന ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം അക്രഡിറ്റഡ് ഏജൻസികളെ തിരഞ്ഞെടുക്കുന്നതിനു മുൻപ് അർഹരായ സ്ഥാപനങ്ങളിൽ നിന്നും മത്സരാധിഷ്ഠിത വാഗ്ദാനങ്ങൾ ആവശ്യപ്പെടാവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ടെങ്കിലും ഇത് പാലിച്ചിട്ടില്ല. (ഓഡിറ്റ് എൻക്വയറി നമ്പർ./24.01.2022)

1-58 മാതൃകാ ക്ലാസ്സ് മുറികൾക്കായി വകയിരുത്തിയ തുക പൂർണമായി ചെലവഴിച്ചില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ.ഡെപ്യൂട്ടി ഡയറക്ടർ വിദ്യാഭ്യാസം.

പദ്ധതി നമ്പർ 523/21 പ്രകാരം ജില്ലാ പഞ്ചായത്തിന്റെ കീഴിലുള്ള 30 ഹൈസ്കൂളിലെ ഓരോ എട്ടാം ക്ലാസ്സ് ഡിവിഷനും മാതൃകാ ക്ലാസ്സ്റൂം ആക്കി മാറ്റുന്നതിന് ഒരു സ്കൂളിന് പരമാവധി 50,000 രൂപ വീതം നൽകുന്നതിന് തയ്യാറാക്കിയതാണ് ഈ പദ്ധതി. പദ്ധതി നടത്തിപ്പിനായി 30 സ്കൂളുകളെ തെരഞ്ഞെടുത്തെങ്കിലും 24 സ്കൂളുകളിൽ മാത്രമാണ് പദ്ധതി നടപ്പാക്കിയിട്ടുള്ളത്. 15 ലക്ഷം രൂപ വകയിരുത്തി 2019-20 ൽ ആവിഷ്കരിച്ച ഈ പദ്ധതി സ്പിൽ ഓവറായി നടപ്പാക്കിയിട്ടും നാളിതുവരെ 12 ലക്ഷം രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. പദ്ധതി നടപ്പാക്കാനാവില്ലായെന്നറിയിച്ച ആറ് സ്കൂളുകൾക്ക് പകരമായി മറ്റ് ആറ് സ്കൂളുകളെ തെരഞ്ഞെടുക്കാതിരുന്നതിന്റെയും, വകയിരുത്തിയ മുഴുവൻ തുകയും വിവിധ സ്കൂളുകൾക്കായി നൽകാനാവാത്തതിന്റെയും കാരണം വ്യക്തമാക്കിയിട്ടില്ല.(ഓഡിറ്റ് എൻക്വയറി നമ്പർ./24.01.2022)

1-59 പ്രൊക്യൂർമെന്റ് മാന്വൽ പ്രകാരമുള്ള സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി വാങ്ങൽ നടത്തി-സർക്കാർ അനുമതി ലഭ്യമാക്കണം. 2.2 കോടി രൂപയുടെ സ്റ്റോക്ക് എൻട്രി വിവരങ്ങൾ ഹാജരാക്കാത്തതിനാൽ ചെലവുതുക തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ.ഡെപ്യൂട്ടി ഡയറക്ടർ-പൊതു വിദ്യാഭ്യാസം

58 ഹൈസ്കൂളുകൾ, 53 ഹയർസെക്കൻഡറി, 14 വി.എച്ച്.എസ്.സി, ടി.ടി.ഐ, ഫാഷൻ ഡിസൈനിംഗ്, കമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ട് എന്നിങ്ങനെ ആകെ 132 വിദ്യാഭ്യാസ സ്ഥാപനങ്ങളാണ് ജില്ലാ പഞ്ചായത്തിന്റെ കീഴിലുള്ളത്. 20-21 സാമ്പത്തിക വർഷത്തിൽ പുതിയ 3 പദ്ധതികളും, 11സ്പിൽ ഓവർ പദ്ധതികളും ഉൾപ്പെടെ ആകെയുള്ള 14 പദ്ധതികളിലായി വകയിരുത്തിയ 4,04,52,550 രൂപയിൽ 3,68,11,687 രൂപ ചെലവു ചെയ്തിട്ടുണ്ട്. (ചെലവ് ശതമാനം-90.99%) പ്രോജക്ട് നമ്പർ 886/21 എളവള്ളി എച്ച്.എസ്.എസ്. കംപ്യൂട്ടർ ലാബിലേക്ക് കംപ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങി നൽകൽ എന്ന സ്പിൽ ഓവർ പദ്ധതി മാത്രമാണ് തൻ വർഷം നടപ്പാക്കാതിരുന്നിട്ടുള്ളത്. മേൽ പദ്ധതികളിൽ 2.2 കോടി രൂപയുടെ 5 പദ്ധതികൾ ഫർണിച്ചറുകൾ, ലാബ്/കായിക ഉപകരണങ്ങൾ എന്നിവയുടെ വാങ്ങലുകളുമായി ബന്ധപ്പെട്ടവയാണ്.

തദ്ദേശ സ്ഥാപനങ്ങളിലെ വാങ്ങലുകൾ നടത്തുന്നതിന് 8.11.2010 ലെ സ.ഉ(പി) 259/2010.ത.സ്വ.ഭ.വ ഉത്തരവാണ് ബാധകമായിട്ടുള്ളത്. ടി ഉത്തരവ് ഖണ്ഡിക 3.2 പ്രകാരം 5 ലക്ഷം വരെയുള്ള സാധന സാമഗ്രികൾ റേറ്റ് കോൺട്രാക്ട് ഉള്ള സ്ഥാപനങ്ങളിൽ നിന്നും വാങ്ങാവുന്നതാണ്. എന്നാൽ 12.05.2015 ലെ ജി.ഒ (എം.എസ്)13/2015/ഐ.ടി.ഡി. ഉത്തരവ് പ്രകാരം അഞ്ച് ലക്ഷം രൂപയ്ക്ക് മുകളിലുള്ള വാങ്ങലുകൾക്ക് ഇ-പ്രൊക്യൂർമെന്റ് നടപടികളാണ് സ്വീകരിക്കേണ്ടിയിരുന്നത്.

വിദ്യാഭ്യാസ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ നടപ്പാക്കിയ ജില്ലാ പഞ്ചായത്തിന്റെ 2020-21 വർഷത്തെ വിവിധ പദ്ധതികളിൽ ഇ-ടെണ്ടർ നടപടി സ്വീകരിക്കാതെ വിവിധ അക്രഡിറ്റഡ് ഏജൻസികളിൽ നിന്നും ടെണ്ടർ നടപടികൾ ഒഴിവാക്കി സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ വാങ്ങലുകൾ നടത്തി. സർക്കാർ/അർദ്ധ സർക്കാർ/സർക്കാർ അംഗീകൃത ഏജൻസികൾ എന്നിവയിൽ നിന്നും ടെണ്ടർ നടപടികൾ ഒഴിവാക്കി സാധന സാമഗ്രികൾ വാങ്ങുന്ന സാഹചര്യത്തിൽ അവ സ്ഥാപനം തന്നെ നിർമ്മിച്ചവയാകണം എന്ന് 2.12.2016 ലെ ജി.ഒ(ആർ.ടി) 3299/2016 ത.സ്വ.ഭ.വ ഉത്തരവിലും, വിതരണം ചെയ്യുന്നവയുടെ കുറഞ്ഞത് 50% മെങ്കിലും സ്ഥാപനങ്ങൾ തന്നെ നിർമ്മിച്ചവയായിരിക്കണമെന്ന് 8.12.16 ലെ ജി.ഒ(എം.എസ്)1/16 എസ്.പി.ഡി ഉത്തരവിലും വ്യക്തമാക്കിയിട്ടുണ്ട്. ജി.ഒ(പി)01/17തി.13.03.2017, ജി.ഒ(ആർ.ടി) 13/19എസ്.പി.ഡി. തി.02.04.2019 എന്നീ ഉത്തരവുകൾ പ്രകാരം സാധനങ്ങളുടെ വില കമ്പോള വിലയേക്കാൾ കൂടുന്നില്ലായെന്നും, വിതരണം ചെയ്യുന്നവ തങ്ങളുടെ സ്ഥാപനത്തിൽ തന്നെ നിർമ്മിച്ചവയാണെന്നും സാക്ഷ്യപത്രം നൽകേണ്ടതുണ്ട്. എന്നാൽ ഇത്തരം സാക്ഷ്യപത്രങ്ങൾ ഒന്നും തന്നെ ഫയലിൽ ഇല്ല.

ക്വട്ടേഷൻ/ടെണ്ടർ നടപടികൾ കൂടാതെ നേരിട്ട് സാധനങ്ങൾ വാങ്ങുന്നത് സംബന്ധിച്ച റേറ്റ് കോൺട്രാക്ട് ഉള്ള അക്രഡിറ്റഡ് ഏജൻസികൾ/സ്ഥാപനങ്ങളിൽ നിന്നും പരമാവധി 5 ലക്ഷം രൂപയിലധികരിക്കുന്ന സാധനങ്ങളുടെ വാങ്ങൽ നടത്താൻ പാടില്ലായെന്ന് 8.11.2010 ലെ സ.ഉ(പി) 259/2010.ത.സ്വ.ഭ.വ പ്രകാരം ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ടെങ്കിലും, സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമായി ടെണ്ടർ കൂടാതെ വാങ്ങൽ നടത്തുന്നതിന് സ്റ്റാന്റിംഗ് കമ്മിറ്റികൾ, ജില്ലാ പഞ്ചായത്ത് ഭരണ സമിതി എന്നിവ അനുമതി നൽകിയതായി കണ്ടു. ഇത്തരത്തിൽ തീരുമാനങ്ങൾ എടുക്കുമ്പോൾ അവ നിലവിലെ സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണോയെന്നത് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ കമ്മിറ്റികളുടെ ശ്രദ്ധയിൽപെടുത്തിയതായും കണ്ടില്ല. തദ്ദേശ സ്ഥാപനങ്ങളിലേക്ക് നടത്തുന്ന വാങ്ങലുകൾ സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമാകാൻ പാടില്ലായെന്നതിനാൽ ഇത്തരത്തിൽ നടത്തിയ വാങ്ങലുകൾക്ക് സർക്കാർ അനുമതി ലഭ്യമാക്കേണ്ടതും അപാകതകൾ ആവർത്തിക്കാതിരിക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതുമാണ്.

20-21 വർഷത്തിൽ നടത്തിയ വാങ്ങലുകളുടെ വിവരം താഴെ ചേർക്കുന്നു .

| പദ്ധതി നമ്പർ, പേര് | വകയിരുത്തിയത് | ചെലവഴിച്ചത് | സ്ഥാപനം |
|---|---|---|---|
| 586/21-ലാബ് നവീകരണം. | 30,00,000 | 30,00,000 | കെ.എസ്.ഐ.ഇ. |

| | | | |
|---|---|---|---|
| 587/21-വിദ്യാഭ്യാസ സ്ഥാപന ങ്ങളിലേക്ക് ഫർണീച്ചർ. | 20,00,000 | 20,00,000 | ആർട് കോ |
| 522/21-വിദ്യാലയങ്ങളിൽ സമ്പൂർണ്ണ കായിക വികസനം. | 20,00,000 | 20,00,000 | കെ.എസ്.ഐ.ഇ. |
| 430/21 വിദ്യാഭ്യാസസ്ഥാപനങ്ങളിലേ ക്ക്ഫർണീച്ചർ. | 50,00,000 | 50,00,000 | കാഡ്കോ |
| 513/21 ഹൈടെക് ക്ലാസ്സ് മുറികളിലേക്ക് ഫർണീച്ചർ | 1,00,00,000 | 1,00,00,000 | ആർട്കോ. |
| ആകെ | 2,20,00,000 | 2,20,00,000 | |

വാങ്ങിയ ഇനങ്ങളുടെ സെൻട്രൽ സ്റ്റോക്ക് രജിസ്റ്റർ, സ്റ്റോക്ക് എൻട്രി സർട്ടിഫിക്കറ്റ്, ഓരോ സ്കൂളുകൾക്കും വിതരണം ചെയ്തതിന്റെ ബിൽ, കൺസോളിഡേഷൻ സ്റ്റേറ്റ്മെന്റ്, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ഹാജരാക്കിയിട്ടില്ല. ആയതു ലഭ്യമാക്കുന്നതു വരെ ചെലവു തുക 2.2 കോടി രൂപ തടസ്സപ്പെടുത്തുന്നു.

1-60 ഷീപാഡ് പദ്ധതി- അവലോകനം

നിർവ്വഹണം:-ജില്ലാ വനിതാവികസനഓഫീസർ

2020-21 സാമ്പത്തികവർഷത്തിൽ മൂന്ന് പ്രൊജക്റ്റുകൾ(സ്പിൽ ഓവർ) നടപ്പാക്കിയിട്ടുണ്ട്.

| ക്രമ നം | പ്രൊജക്റ്റ് നം | പ്രൊജക്റ്റിന്റെ പേര് | ചെലവ് |
|---|---|---|---|
| 1 | 549/21 | ഷീപാഡ് പദ്ധതി | 28,09,575 |
| 2 | 551/21 | മുണ്ടൂർ,ചാഴൂർ കെട്ടിടങ്ങളുടെ നവീകരണം | 12,75,577 |
| 3 | 552/21 | ഷീപാഡ് യൂണിറ്റ്-ചൊവ്വന്നൂർ കെട്ടിടം നവീകരണം | 87,234 |

2016-17 മുതൽ തുടർച്ചയായി നടത്തിവരുന്ന പദ്ധതിയാണിത്. സ്കൂളുകളിലേക്ക് സാനിറ്ററിനാപ്കിൻ വെന്റിംഗ് മെഷീൻ &സാനിറ്ററിനാപ്കിൻസ്, ഇൻസിനറേറ്റർ എന്നിവ വാങ്ങി നൽകൽ, ചൊവ്വന്നൂർ,ചാഴൂർ,മുണ്ടൂർ എന്നിവിടങ്ങളിലെ നാപ്കിൻ നിർമ്മാണയൂണിറ്റുകളിൽ അടിസ്ഥാനസൌകര്യങ്ങളൊരുക്കൽ എന്നീ പ്രവർത്തനങ്ങളാണ് നടത്തിയിരിക്കുന്നത്.

ഓഡിറ്റിന് ലഭ്യമാക്കിയ ക്യാഷ്ബുക്ക് പ്രകാരം നാളിതുവരെയുള്ള ചെലവിന്റെ വിവരം താഴെ കൊടുക്കുന്നു.

I)സ്കൂളുകളിലേക്ക് സാനിറ്ററിനാപ്കിൻ വെന്റിംഗ് മെഷീൻ,ഇൻസിനറേറ്റർ എന്നിവ വാങ്ങി നൽകൽ

| ക്രമനം | വർഷം | ചെലവിന്റെ വിശദാംശങ്ങൾ | തുക |
|---|---|---|---|
| 1 | 2016-17 | HLL Life Care Ltd എന്ന സ്ഥാപനത്തിന് നൽകിയത് | 49,14,231 |
| 2 | | C-STED,Kozhikodeഎന്ന സ്ഥാപനത്തിന് നൽകിയത് | 12,20,000 |
| 3 | | HLL Life Care Ltd ,, | 49,14,230 |

| | | | |
|---|---|---|---|
| 4 | | HLL Life Care Ltd ,, | 81,17,633 |
| 5 | 2017-18 | HLL Life Care Ltd ,, | 29,60,000 |
| 6 | | HLL Life Care Ltd ,, | 28,93,644 |
| 7 | 2019-20 | HLL Life Care Ltd ,, | 9,85,425 |
| 8 | 2020-21 | HLL Life Care Ltd ,, | 18,24,150 |
| 9 | | HLL Life Care Ltd ,, | 9,85,425 |
| | | ആകെ | 2,88,14,738 |

II) നാപ്കിൻ നിർമ്മാണയൂണിറ്റുകൾക്ക് വർക്കിംഗ് ക്യാപ്പിറ്റൽ

| ക്രമ നം | വർഷം | ചെലവിനം | തുക |
|---|---|---|---|
| 1 | 2016-17 | ഹരിത കെയർ | 2,66,660 |
| 2 | | വെൽകെയർ | 2,66,660 |
| 3 | | ഗുഡ്കെയർ | 2,66,680 |
| 4 | 2018-19 | ഹരിത കെയർ | 50,000 |
| 5 | | ഗുഡ്കെയർ | 50,000 |
| 6 | 2019-20 | ഹരിത കെയർ | 2,00,000 |
| 7 | | ഗുഡ്കെയർ | 2,00,000 |
| 8 | | വെൽകെയർ | 2,50,000 |
| | | | 15,50,000 |

III)സാനിട്ടറി നാപ്കിൻസ് ഉണ്ടാക്കുന്ന മെഷീനുകൾ വാങ്ങിയതിന്

| ക്രമ നം | വർഷം | ചെലവിനം | തുക |
|---|---|---|---|
| 1 | 2018-19 | KSIES എന്ന സ്ഥാപനത്തിന് നൽകിയത് | 15,00,000 |

IV)ചൊവ്വന്നൂർ,ചാഴൂർ,മുണ്ടൂർ എന്നിവിടങ്ങളിലെ നാപ്കിൻ നിർമ്മാണയൂണിറ്റുകളിൽ അടിസ്ഥാനസൌകര്യങ്ങളൊരുക്കൽ

| വർഷം | ചെലവിനം | തുക | റിമാർക്സ് |
|---|---|---|---|
| 2018-19 | സാനിട്ടറി നാപ്കിൻ പ്രൊഡക്ഷൻ യൂണിറ്റ് ബിൽഡിംഗ് ഇലക്ട്രിഫിക്കേഷൻ | 2,45,373 | ഏതു കെട്ടിടത്തിലാണ് പ്രവൃത്തി എന്നത് വ്യക്തമല്ല |
| 2019-20 | ചൊവ്വന്നൂർ കെട്ടിടം മെയിന്റനൻസ്ARTCO Ltd | 3,90,352 | ഓഫീസ് കബോർഡ് , പാർട്ടീഷൻ,സ്റ്റീൽ ടെറസ്സ്,കാർപ്പെറ്റ് എന്നിവക്കായിആകെ 9,63,774/- രൂപ ചെലവഴിച്ചു |
| | | 4,86,191 | |
| 2020-21 | ചൊവ്വന്നൂർ കെട്ടിടം മെയിന്റനൻസ്ARTCO Ltd | 87231 | |
| | ചാഴൂർ,മുണ്ടൂർ കെട്ടിടങ്ങൾ | 450562 | ഓഫീസ് കബോർഡ്, പാർട്ടീഷൻ, സീലിംഗ്ഫാൻ, സീലിംഗ്,മൊസ്കിറ്റോ |
| | | 406006 | |

| | | | |
|---|---|---|---|
| | മെയിന്റനൻസ്ARTCO Ltd | 419009<br>ആകെ =<br>24,84,724 | നെറ്റ് തുടങ്ങിയപണികൾക്കായി12,75,577/-രൂപ ചെലവ്. |

ഷീപാഡ് പദ്ധതിയുടെ നാളിതുവരെയുള്ള ചെലവ്-3,43,49,462/- രൂപ.

റിമാർക്സ്

A)നാളിതുവരെ സാനിറ്ററിനാപ്കിൻ വെന്റിംഗ് മെഷീൻ,ഇൻസിനറേറ്റർ എന്നിവ വാങ്ങുന്നതിനായി മാത്രം 2,88,14,738 രൂപ ചെലവഴിച്ചിട്ടുണ്ട്. എത്ര സ്കൂളുകളിൽ ഇതുവരെ മെഷീനുകൾ സ്ഥാപിച്ചു, അവ പ്രവർത്തിക്കുന്നുണ്ടോ എന്നീ വിവരങ്ങൾക്ക് നൽകിയ ഓഡിറ്റ് എൻക്വയറി 6/22.12.21 ന് നിർവ്വഹണോദ്യോഗസ്ഥ ലഭ്യമാക്കിയ മറുപടിപ്രകാരം നാളിതുവരെ 341 സ്ഥാപനങ്ങളിലായി 441 എണ്ണം വെന്റിംഗ് മെഷീനുകളും ഇൻസിനറേറ്ററുകളും സ്ഥാപിച്ചിട്ടുണ്ട്. അവയിൽ എ.എം.സി കഴിഞ്ഞ മെഷീനുകൾക്ക് തകരാർ സംഭവിച്ചാൽ സ്കൂളുകളിൽ ലഭ്യമായ ഏതെങ്കിലും ഫണ്ടുപയോഗിച്ച് പരിഹരിക്കുന്നതിനും ആയത് കൃത്യമായി മോണിട്ടറിംഗ് നടത്തുന്നതിനും ആരോഗ്യവിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റി തീരുമാനപ്രകാരം ഉപവിദ്യാഭ്യാസ ഡയറക്ടർക്ക് കത്തുനൽകിയതായും അറിയിച്ചിട്ടുണ്ട്. കൃത്യമായി മോണിട്ടറിംഗ് നടത്തേണ്ടതും തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

B)ചൊവ്വന്നൂർ, ചാഴൂർ, മുണ്ടൂർ എന്നിവിടങ്ങളിലെ നാപ്കിൻ നിർമ്മാണയൂണിറ്റുകളിൽ അടിസ്ഥാനസൌകര്യങ്ങളൊരുക്കുന്നതിനായി നാളിതുവരെ 24,84,724 രൂപയും സാനിട്ടറി നാപ്കിൻസ് ഉണ്ടാക്കുന്ന മെഷീനുകൾ വാങ്ങിയതിന് 15 ലക്ഷം രൂപയും നാപ്കിൻ നിർമ്മാണയൂണിറ്റുകൾക്ക് വർക്കിംഗ് ക്യാപ്പിറ്റൽ ഇനത്തിൽ 15,50,000രൂപയും ചെലവഴിച്ചുകാണുന്നുണ്ട്. മുണ്ടൂർ യൂണിറ്റ് ജില്ലാപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിലും ചൊവ്വന്നൂർ,ചാഴൂർ, യൂണിറ്റുകൾ അതാത് പഞ്ചായത്തുകളുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിലുമാണ് പ്രവർത്തിക്കുന്നതെന്നും നാപ്കിൻ നിർമ്മിക്കുന്ന മെഷീനുകൾ മൂന്നിടത്തും സ്ഥാപിച്ചിട്ടുണ്ടെന്നും നാപ്കിനുകൾ ഉല്പാദിപ്പിക്കുന്നുണ്ടെന്നും വിപണനം ചെയ്യുന്നുണ്ടെന്നും നിർവ്വഹണഉദ്യോഗസ്ഥയുടെ മറുപടിയിൽ അറിയിച്ചിട്ടുള്ളത്. എന്നാൽ നിലവിൽ മൂന്നുയൂണിറ്റുകളും



പ്രവർത്തിക്കുന്നില്ല. മുണ്ടൂർ സാനിട്ടറി നാപ്കിൻ യൂണിറ്റ് അടച്ചിട്ടിരിക്കുന്ന നിലയിലാണ് സ്ഥലം സന്ദർശിച്ചപ്പോൾ കാണാനായത്.

മൂന്നിടത്തും മെഷീനുകൾ പ്രവർത്തനരഹിതമായ അവസ്ഥയിലാണെന്നും, അവ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് ചെലവ് വളരെ കൂടുതലാണെന്നുമാണ് മൂന്ന് യൂണിറ്റുകളിലെയും ജീവനക്കാരിൽ നിന്നും അറിയാനായത്. കൂടാതെ, സ്കൂളുകളിലാണ് നാപ്കിൻസ് വിൽക്കാനുദ്ദേശിച്ചിരുന്നതെങ്കിലും സ്കൂളുകളിൽ മറ്റ് വിധത്തിൽ കുറഞ്ഞവിലക്ക് നാപികിനുകൾ ലഭിക്കുന്നതിനാലും മറ്റും ഇവിടെ ഉണ്ടാക്കുന്നവ വാങ്ങാൻ വിദ്യാർത്ഥിനികൾ താത്പര്യം കാണിക്കുന്നില്ല, വിൽപന നടക്കാത്തതിനാൽ നിർമ്മാണം തുടരാൻ സാധിക്കുന്നില്ല, കൃത്യമായ വരുമാനമില്ലാത്തതിനാൽ യൂണിറ്റിലെ ജീവനക്കാർ കൊഴിഞ്ഞുപോയ്ക്കൊണ്ടിരിക്കുന്ന തുടങ്ങി നിരവധി പ്രശ്നങ്ങൾ യൂണിറ്റ് പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. ചുരുക്കിപ്പറഞ്ഞാൽ ഈ സ്ഥാപനങ്ങളുടെ പ്രവർത്തനം തുടർന്നു കൊണ്ടുപോകുക എന്നത് വളരെ ശ്രമകരമായിത്തീർന്നിരിക്കുന്നു.

നാളിതുവരെ 3.5കോടിയോളം രൂപ ചെലവഴിച്ചുകഴിഞ്ഞ ഒരു പദ്ധതിയാണ്. നിർവ്വഹണ ഉദ്യോഗസ്ഥ കൂടാതെ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റി, വനിതാവർക്കിംഗ് ഗ്രൂപ്പ് തുടങ്ങിയവയിലെ അംഗങ്ങളും ഈ യൂണിറ്റുകളുടെ പ്രവർത്തന മേൽനോട്ടം വഹിച്ച് മോണിട്ടറിംഗ് നടത്തുന്നുണ്ടെന്ന് ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ പറഞ്ഞിട്ടുണ്ട്. ജില്ലാപഞ്ചായത്ത് ഭരണസമിതിയും മോണിട്ടറിംഗ് സമിതിയും നാപ്കിൻ യൂണിറ്റുകളുമായി ബന്ധപ്പെട്ട എല്ലാ പ്രശ്നങ്ങൾക്കും അടിയന്തിരമായി പരിഹാരം കണ്ടെത്തി മൂന്നു യൂണിറ്റുകളെയും പുനരുജ്ജീവിപ്പിക്കുന്നതിനും അവിടെ ജോലിചെയ്തുവരുന്നവർക്ക് സ്ഥിരം വരുമാനമുണ്ടാകത്തക്കവിധം യൂണിറ്റുകളെ പ്രര്യാപ്തമാക്കുന്നതിനുമുള്ള സാധ്യതകൾ പരിശോധിച്ച് വേണ്ട തുടർനടപടികൾ

സ്വീകരിക്കേണ്ടതാണ്.

1-61 തൊഴിലുറപ്പ് പദ്ധതി വഴി അംഗൻവാടികെട്ടിടനിർമ്മാണത്തിന് തുക ഡെപ്പോസിറ്റ് ചെയ്യൽ,പദ്ധതി പൂർത്തീകരിച്ചിട്ടില്ല

പ്രൊജക്റ്റ് നം – 553/21

നിർവ്വഹണം – പ്രോഗ്രാം ഓഫീസർ, ജില്ലാ ഐസിഡിഎസ് സെൽ

അടങ്കൽ- വികസനഫണ്ട്-51,00,000

ചെലവ് - 51,00,000 രൂപ , ട്രഷറി ബില്ല് 7/ 20-21/ തിയതി 27.4.2020

ജിഒ(ആർടി) 118/2016/എൽഎസ്ജിഡി/12.1.2016 പ്രകാരം അംഗൻവാടി നിർമ്മാണത്തിന് എംജിഎൻആർഇജിഎ ക്ക് 5 ലക്ഷവും ICDS Scheme Of Gov.of India ക്ക് 2 ലക്ഷവും ചെലവഴിക്കാം. ഈ 7 ലക്ഷത്തിന് മുകളിൽ വരുന്ന തുക ജിഒ(ആർടി) 223/2017/എൽഎസ്ജിഡി/27.1.2017 പ്രകാരം ഗ്രാമ/ബ്ലോക്ക് /ജില്ലാ പഞ്ചായത്തുകൾക്ക് ചെലവഴിക്കാം.

കെട്ടിടനിർമ്മാണത്തിന് സ്ഥലം ലഭ്യമായിട്ടുള്ള 17 അംഗൻവാടികൾക്ക് കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് ജില്ലാ പഞ്ചായത്ത് വിഹിതമായി 3 ലക്ഷം വീതം 51,00,000 രൂപ ഈ പ്രൊജക്റ്റ് പ്രകാരം സ്റ്റേറ്റ് മിഷൻ ഡയറക്ടറുടെ ടിഎസ്ബി അക്കൌണ്ടിലേക്ക് നൽകിയിട്ടുണ്ട്.

കൈമാറിയ തുകയുടെ വിനിയോഗവിവരം , കെട്ടിടം പണിയുടെ പുരോഗതി സംബന്ധിച്ച റിപ്പോർട്ട് എന്നിവ പരിശോധനക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറി 33/ 19.3.2022 ന് ലഭിച്ച മറുപടി പ്രകാരം 17 അംഗൻവാടികൾക്ക് തുക കൈമാറിയതിൽ നാലെണ്ണത്തിന്റെ പണി പൂർത്തിയാക്കി, ബാക്കിയുള്ളവയുടെ വിവരം താഴെ കൊടുക്കുന്ന

പണി ആരംഭിച്ചവ

| ക്രമനം | പഞ്ചായത്ത് | അംഗൻവാടി നം | നിലവിലെ സ്ഥിതി |
|---|---|---|---|
| 1 | തിരുവില്വാമല (വടക്കേക്കാട് 80 ന പകരം) | 131 | മെയിൻ വാർക്ക കഴിഞ്ഞു |
| 2 | മുളങ്കുന്നത്ത് കാവ് | 143 | മെയിൻ വാർക്ക കഴിഞ്ഞു |
| 3 | വള്ളത്തോൾ നഗർ | 4 | കെട്ടിടം പണി പൂർത്തിയായി,ബാത്ത്റൂം പണി ആരംഭിച്ചിട്ടില്ല |
| 4 | വള്ളത്തോൾ നഗർ | 2 | കെട്ടിടം പണി പൂർത്തിയായി,ബാത്ത്റൂം പണി ആരംഭിച്ചിട്ടില്ല |
| 5 | പാഞ്ഞാൾ | 23 | തേപ്പ് കഴിഞ്ഞു |
| 6 | പഴയന്നൂർ | 101 | വയറിംഗ് പ്ലംബിങ് പണികളുണ്ട്. |
| 7 | പാഞ്ഞാൾ | 31 | മെയിൻ വാർക്ക കഴിഞ്ഞു |
| 8 | കോടശ്ശേരി | 43 | തറ കെട്ടൽ കഴിഞ്ഞു |

താഴെ പറയുന്നവയുടെ പണി ആരംഭിച്ചിട്ടില്ല

| ക്രമ നം | പഞ്ചായത്ത് | അംഗൻവാടി നം | നിലവിലെ സ്ഥിതി |
|---|---|---|---|

| | | | |
|---|---|---|---|
| | താന്ന്യം | 32 | ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു |
| | ചാഴൂർ | 81 | താന്ന്യം 35 ാം നമ്പർ അംഗൻവാടിക്ക് മാറ്റി അനുവദിച്ചു |
| | പാവറട്ടി | 76 | തിരുവില്വാമല137ാം നമ്പർ അംഗൻവാടിക്ക് മാറ്റി അനുവദിച്ചു |
| | പാറളം | 61 | പഴയ കെട്ടിടം പൊളിച്ചുകളയണം |
| | അരിമ്പൂർ | 110 | ദേശമംഗലം 63ാം നമ്പർ അംഗൻവാടിക്ക് മാറ്റി അനുവദിച്ചു |

അംഗൻവാടി കെട്ടിടങ്ങളുടെ നിർമ്മാണ പ്രവൃത്തികൾ എത്രയും വേഗം പൂർത്തികരിക്കാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകേണ്ടതും പൂർത്തീകരണവിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. പണി പൂർത്തീകരിക്കാത്ത 13 എണ്ണത്തിന്റെ ജില്ലാപഞ്ചായത്ത് വിഹിതം 39,00,000/-രൂപ കെട്ടിടം പണി പൂർത്തികരിച്ച വിവരം രേഖകൾ സഹിതം ലഭ്യമാക്കുന്നതു വരെ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-62 സുഭിക്ഷകേരളം പദ്ധതിയിലുൾപ്പെടുത്തി ഉൾനാടൻ മത്സ്യബന്ധനം - ആവിഷ്ക്കരിച്ച പ്രോജക്റ്റുകൾ കാര്യക്ഷമമായി നടപ്പിലാക്കാനായില്ല

സ.ഉ(കൈ)നം.14/2020/ആ.സാ.വ തീയതി 18-05-2020 പ്രകാരം കോവിഡിന്റെ പശ്ചാത്തലത്തിൽ ഭക്ഷ്യോത്പാദന വർദ്ധനവിനായുള്ള മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. കേരളത്തെ ഭക്ഷ്യ സ്വയം പര്യാപ്തതയിൽ കഴിയുന്നത്ര എത്തിക്കുക എന്നതാണ് സുഭിക്ഷ കേരളം പദ്ധതിയുടെ മുഖ്യ ലക്ഷ്യം. സ.ഉ(സാധാ)നം. 1009/2020/തസ്വഭവ തിയതി 29-05-2020 പ്രകാരം സുഭിക്ഷ കേരളം പദ്ധതി പ്രകാരം കൃഷി, മൃഗസംരക്ഷണം, ഫിഷറീസ് മേഖലയിൽ അനുവദനീയമായ സബ്സിഡിയുടെ വിശദാംശങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്.

ഡെപ്യൂട്ടി ഡയറക്ടർ ഓഫ് ഫിഷറീസ് നിർവ്വഹണ ഉദ്യോഗസ്ഥനായി 2020-21 വർഷത്തിൽ സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി താഴെ പറയുന്ന പ്രൊജക്ടുകൾ ആവിഷ്ക്കരിച്ച് അംഗീകാരം ലഭ്യമാക്കിയിരുന്നു. അതിൽ രണ്ട് പ്രോജക്റ്റുകൾ തൻവർഷം നടപ്പാക്കിയിട്ടില്ല. പദ്ധതികളുടെ കൂടുതൽ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രൊജക്ട് നം./പേര് | അടങ്കൽ | ഫണ്ടിനം | ചെലവ് |
|---|---|---|---|
| 849/21 സുഭിക്ഷ കേരളം - കുളങ്ങളിൽ കരിമീൻ കൃഷി | 10,000,00 | വികസന ഫണ്ട് - സാധാരണ വിഹിതം | 0 |
| 850/21 സുഭിക്ഷ കേരളം - വീട്ടു വളപ്പിലെ കുളങ്ങളിൽ മത്സ്യകൃഷി (പടുതാക്കുളം) | 20,000,00 | വികസന ഫണ്ട് - സാധാരണ വിഹിതം | 1,36,865 |
| 851/21 സുഭിക്ഷ കേരളം - ബയോഫ്ലോക്ക് മത്സ്യകൃഷി | 10,000,00 | വികസന ഫണ്ട് - സാധാരണ വിഹിതം | 0 |

| | | | |
|---|---|---|---|
| ആകെ | 4000000 | | 136865 |

ഭക്ഷ്യ ഉല്പന്നങ്ങളുടെ ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിക്കുക, ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി ആരംഭിച്ച സുഭിക്ഷ കേരളം പദ്ധതിയിലുൾപ്പെടുത്തി മത്സ്യഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി 40,00,000രൂപ വികസന ഫണ്ടിൽ നിന്നും വകയിരുത്തിയ 3 പ്രൊജക്ടുകളിൽ 'വീട്ടുവളപ്പിലെ കുളങ്ങളിൽ മത്സ്യകൃഷി (പട്ടുതാക്കുളം)' എന്ന പ്രൊജക്ട് പ്രകാരം 1,36865 രൂപ മാത്രമാണ് ചെലവഴിക്കാൻ കഴിഞ്ഞിട്ടുള്ളത്.

രണ്ട് പ്രൊജക്ടുകൾ പ്രകാരം തുക ചെലവഴിക്കാത്തതിന്റെ വിശദീകരണം ആവശ്യപ്പെട്ട നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.20/22-02-2022) വ്യക്തമായ മറുപടി ലഭ്യമാക്കിയിട്ടില്ല. സുഭിക്ഷ കേരളം - വീട്ടു വളപ്പിലെ കുളങ്ങളിൽ മത്സ്യകൃഷി (പട്ടുതാക്കുളം) (പ്രൊജക്ട് നം.850/21) എന്ന പ്രൊജക്റ്റിന്റെ ചെലവ് ശതമാനം കുറയാനിടയായ സാഹചര്യം 'തീരദേശ പഞ്ചായത്തുകളിൽ മാത്രമാണ് ഫിഷറീസ് വകുപ്പിന്റെ ഉദ്യോഗസ്ഥർ പദ്ധതി നിർവ്വഹണം നടത്തിയിരുന്നത്, സുഭിക്ഷ കേരളം പദ്ധതി നടപ്പിലാക്കിയപ്പോൾ മറ്റ നിർവ്വഹണഉദ്യോഗസ്ഥർക്ക് പഞ്ചായത്ത് പദ്ധതി നിർവ്വഹണത്തിന് DDO കോഡ് അനുവദിക്കുന്നതിലുണ്ടായ കാലതാമസം കാരണമാണ് ' എന്നാണ് ഓഡിറ്റ് അന്വേഷണത്തിന്റെ മറുപടിയിൽ പറഞ്ഞിട്ടുള്ളത്. പ്രൊജക്റ്റിന്റെ പരിശോധനയിൽ പ്രസ്തുത പ്രൊജക്റ്റിന് 05/2020 – ൽ സുഭിക്ഷ കേരളം പദ്ധതിയുടെ കീഴിൽ അനുവദനീയമായ സബ്സിഡിയുടെ വിശദാംശങ്ങൾ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 16-11-2020 തീയതിയിൽ ഫിഷറീസ് ജോയിന്റ് ഡയറക്ടറുടെ അംഗീകാരം ലഭ്യമായതായും കാണുന്നുണ്ട്. ആയതിനാൽ മറുപടി പ്രകാരമുള്ള ചെലവ് ശതമാനം കുറയാനിടയായ സാഹചര്യം പൂർണ്ണമായും അംഗീകരിക്കാവുന്നതല്ല. 40 ലക്ഷം രൂപ വികസന ഫണ്ട് വകയിരുത്തി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ കഴിയാത്ത സാഹചര്യമാണ് ഉണ്ടായത് എന്നതിനാൽ തുടർ വർഷങ്ങളിൽ ഇത്തരത്തിലുള്ള വീഴ്ച ആവർത്തിക്കാതിരിക്കാൻ പദ്ധതി ആസൂത്രണവും വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനവും കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ആവശ്യമായ മേൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-63 വനം വന്യജീവി വകുപ്പിന്റെ റിസർവോയറുകളിൽ മത്സ്യകുഞ്ഞുങ്ങളെ നിക്ഷേപിക്കൽ- വൈൽഡ് ലൈഫ് വാർഡന്റെ മുൻകൂർ അനുമതി ലഭ്യമാക്കിയില്ല

റിസർവോയറുകളിൽ മത്സ്യവിത്ത് നിക്ഷേപിക്കുന്നതിനായി ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ നിർവ്വഹണം നടത്തുന്നതിന് 2019-20 വർഷത്തിൽ തയ്യാറാക്കിയ 276/20 പദ്ധതി പ്രകാരം വികസന ഫണ്ട് 10 ലക്ഷം രൂപ വകയിരുത്തിയിരുന്നുവെങ്കിലും ആ വർഷത്തിൽ 49200 രൂപ മാത്രമാണ് ചെലവഴിച്ചിരുന്നത്. ആയതിനാൽ 2020-21 വർഷത്തിലാണ് സ്പിൽ ഓവർ പ്രൊജക്ട് നം.512/21 നമ്പർ പ്രകാരം 950800രൂപ ചെലവഴിച്ചിട്ടുള്ളത്. ട്രഷറി ചെലവിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ട്രഷറി ബിൽ നം./തീയതി | തുക |
|---|---|
| 7/14-07-2020 | 770800 |
| 8/14-07-2020 | 180000 |
| ആകെ | 950800 |

പീച്ചി ഗവ ഫിഷ് ഹാച്ചറിയിൽ നിന്നും 1,090 കയിൽ മത്സ്യങ്ങൾ (Etroplus), റീജണൽ ഷ്രിംപ് ഹാച്ചറി അഴീക്കോട് നിന്നും 40,000 ആറ്റുകൊഞ്ച് കുഞ്ഞുങ്ങൾ (Macrobrachium Rosenbergii) അഡാക്ക് തിരുവനന്തപുരം എന്ന സ്ഥാപനത്തിൽ നിന്നും 18,000 കരിമീൻ കുഞ്ഞുങ്ങൾ (Pearl Spot), 7,50,000 ചെമ്മീൻ കുഞ്ഞുങ്ങൾ (Scampi) എന്നിവ വാങ്ങിയതിന്റെ ബില്ലുകൾ കണ്ടു. പീച്ചി, വാഴാനി റിസർവോയറുകളിൽ മത്സ്യകുഞ്ഞുങ്ങളെ നിക്ഷേപിച്ചതായി ഫയലിൽ രേഖപെടുത്തിയിട്ടുണ്ട്.

2020-21 വർഷത്തിൽ 18,000 കരിമീൻ കുഞ്ഞുങ്ങൾ, 7,50,000 ചെമ്മീൻ കുഞ്ഞുങ്ങൾ എന്നിവ വാങ്ങിയതിന്റെ വില നൽകുന്നതിനാണ് 950800 രൂപ ചെലവഴിച്ചിട്ടുള്ളത്.

അഡാക്ക് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഇൻവോയിസ് നം./തീയതി | | റിമാർക്സ് |
|---|---|---|
| 216/23-12-2019 | 180000 | 18,000 കരിമീൻ |

| | | |
|---|---|---|
| | | കുഞ്ഞുങ്ങൾ |
| 215/20-12-2019 | 382600* | 375000ചെമ്മീൻ കുഞ്ഞുങ്ങൾ |
| 214/20-12-2019 | 388200* | 375000ചെമ്മീൻ കുഞ്ഞുങ്ങൾ |
| ആകെ | 950800 | |

* ട്രാൻസ്പോർട്ടേഷൻ & ബാഗ് ചാർജ്ജ് ഉൾപ്പെടെയുള്ള തുക

പൊതു ജലാശയങ്ങൾ പാട്ടത്തിന് നൽകുന്നത് സംബന്ധിച്ച് 11.05.2017ൽ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ ചേർന്ന ഉന്നതതലയോഗ തീരുമാന പ്രകാരം വന്യജീവി സങ്കേതങ്ങളിലെ റിസർവോയറുകളിൽ തദ്ദേശമത്സ്യ ഇനങ്ങളുടെ വിത്തുൽപാദനം, സംഭരണം, മത്സ്യബന്ധനം എന്നിവ പ്രാദേശികവാസികൾ അടങ്ങിയ സംഘങ്ങൾ ആണ് നടത്തേണ്ടത് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. വന്യ ജീവി സംങ്കേതങ്ങളിലെ ജലാശയങ്ങളിൽ പുറമെ നിന്നുള്ള മത്സ്യകുഞ്ഞുങ്ങൾ ഉൾപെടെയുള്ള ജീവികളെ നിക്ഷേപിക്കുന്നത് 1972 ലെ വന്യജീവി സംരക്ഷണ നിയമം വകുപ്പ് 29 ന്റെ പരിധിയിലുൾപെട്ടതിനാൽ മത്സ്യകുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിന് മുൻപായി ചുമതലയുള്ള വൈൽഡ് ലൈഫ് വാർഡന്റെ മുൻകൂർ അനുമതി വാങ്ങേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. വനം വന്യജീവി (ഡി) വകുപ്പിന്റെ 09.01.2014ലെ സ.ഉ.(ആർ.റ്റി)17/2014 വനം. ഉത്തരവ് പ്രകാരം ഉൾനാടൻ മത്സ്യോൽപാദന വർദ്ധനവിനായി നടപ്പിലാക്കുന്ന അണക്കെട്ടുകളിലെ മത്സ്യകൃഷി വികസന പദ്ധതിയുടെ ഭാഗമായി മത്സ്യവിത്ത് നിക്ഷേപത്തിനായി പീച്ചി, വാഴാനി എന്നിവ ഒഴികെയുള്ള അണക്കെട്ടുകളിൽ മത്സ്യകുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിനാണ് അനുമതി നൽകിയിട്ടുള്ളത്. മതിയായ നോട്ടീസും അനുമതിയും കൂടാതെ മത്സ്യവിത്ത് നിക്ഷേപം അനുവദിക്കുന്നതല്ലാ എന്ന് പീച്ചി വൈൽഡ്ലൈഫ് വാർഡന്റെ 20-12-2019 തീയതിയിലെ പി.ഡബ്ല്യു2 3355/2017 നമ്പർ കത്തിലും വിശദമാക്കിയിട്ടുണ്ട്. 2019-20 വർഷത്തിലെ ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശത്തിന് ലഭിച്ച ആദ്യമറുപടിയിൽ വൈൽഡ് ലൈഫ് വാർഡന്റെ അനുമതിക്കായി അപേക്ഷിച്ചതിന്റെ അടിസ്ഥാനത്തിൽ നിലവിൽ ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ പരിഗണനയിലാണ് എന്നാണ് അറിയിച്ചിട്ടുള്ളത്. തുടർ വർഷങ്ങളിൽ ആവശ്യമായ അനുമതികൾ ഉറപ്പു വരുത്തിയതിനു ശേഷം പദ്ധതികൾ നടപ്പിലാക്കുന്നതിനും ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ അനുമതി ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിന് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

(ഓഡിറ്റ് അന്വേഷണം നം.20/22-02-2022)

## 1-64 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി പദ്ധതി അവലോകനം

ഓഡിറ്റ് വർഷത്തിൽ ഒന്നരക്കോടി രൂപയും 2019-20 സാമ്പത്തിക വർഷത്തെ സ്പിൽ ഓവർ പദ്ധതിയ്ക്കായി 24,66,000 രൂപയും വകയിരുത്തി ക്ഷീരസംഘങ്ങളിൽ പാലളക്കുന്ന ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി നൽകുക എന്ന 2 സംയുക്ത പ്രൊജക്ടുകളാണ് ഡെപ്യൂട്ടി ഡയറക്ടർ, ക്ഷീരവികസന വകുപ്പ് നിർവ്വഹണം നടത്തിയിട്ടുള്ളത്. കൂടുതൽ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രൊജക്ട് നം. | അടങ്കൽ | ഫണ്ടിനം | ചെലവ് | ഗ്രാമ പഞ്ചായത്തുകളുടെ എണ്ണം |
|---|---|---|---|---|
| 21/21 (New) | 1,50,00000 | 93,00000 (ജനറൽ) + 57,00000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 1,50,00000 | 63 |
| 602/21 (S.O) | 24,66,000 | വികസന ഫണ്ട് - ജനറൽ | 24,66,000 | **ഹാജരാക്കിയ ഫയൽ പ്രകാരം എണ്ണം ലഭ്യമല്ല |

** അടാട്ട് - 1,50000, വെള്ളാങ്ങല്ലൂർ - 5,00000, പുത്തൻചിറ – 2,00000 എന്നീ ഗ്രാമപഞ്ചായത്തുകൾക്ക് അലോട്ട്മെന്റ് നൽകിയതിന്റെ വിനിയോഗ സാക്ഷ്യപത്രങ്ങൾ മാത്രം ഹാജരാക്കിയിട്ടുണ്ട്.

ഏപ്രിൽ 2020 മുതൽ മാർച്ച് 2021 വരെ/പദ്ധതി വിഹിതം അവസാനിക്കുന്നതു വരെയോ ക്ഷീര സംഘങ്ങളിൽ

പാലളക്കുന്ന കർഷകർക്ക് ഓരോ ലിറ്റർ പാലിനും ക്ഷീര വികസന വകുപ്പ് നൽകുന്ന 1 രൂപ ഉൾപ്പെടെ പരമാവധി 4 രൂപ നിരക്കിൽ സബ്സിഡി നൽകുന്നതിനാണ് പദ്ധതി ലക്ഷ്യമിട്ടിട്ടുള്ളത്. ഓരോ മാസത്തെ പാലളവ് കണക്കാക്കി കർഷകരുടെ അക്കൗണ്ടിലേയ്ക്ക് തുക കൈമാറുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് തുക അതാത് സമയങ്ങളിൽ അലോട്ട്മെന്റ് നൽകുന്ന എന്നതാണ് ജില്ലാ പഞ്ചായത്തിനെ സംബന്ധിച്ച് നിർവ്വഹണം.

ഓഡിറ്റിനു ഹാജരാക്കിയ രേഖകളുടെ പരിശോധനയിൽ ഗ്രാമപഞ്ചായത്തിൽ നിന്നും ആവശ്യപ്പെട്ടിട്ടുള്ള ജില്ലാ പഞ്ചായത്ത് വിഹിതം അപ്രകാരം തന്നെ അനുവദിച്ച നൽകുകയാണ് ചെയ്തിട്ടുള്ളത് എന്ന് കാണുന്നു. അനുബന്ധം 2 പ്രകാരമുള്ള ജില്ലാ പഞ്ചായത്ത് വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് ഹാജരാക്കിയിട്ടുണ്ട്. എന്നാൽ മോണിറ്ററിംഗ് റിപ്പോർട്ടിൽ ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കളുടെയോ ഗ്രാമ പഞ്ചായത്തിന്റെയോ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ പദ്ധതിയുടെ ഭാഗമായി ജില്ലാ പഞ്ചായത്ത് വിഹിതമായി വർഷം തോറും ഇത്രയും തുക വികസന ഫണ്ടിൽ നിന്നും വകയിരുത്തുന്ന എന്നതിനാൽ പ്രൊജക്ടിലൂടെ കൈവരിച്ച പാലുല്പാദന വർദ്ധനവ്/ക്ഷീരകർഷകരായ ഗുണഭോക്താക്കളുടെ എണ്ണം എന്നിവ താരതമ്യപ്പെടുത്തുകയോ വിലയിരുത്തുകയോ ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് അന്വേഷണത്തിന്റെ (നം.17/16-02-2022) അടിസ്ഥാനത്തിൽ കഴിഞ്ഞ 5 വർഷത്തെ പാലളവ് സ്റ്റേറ്റ്മെന്റ് പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. ലഭ്യമാക്കിയ റിപ്പോർട്ട പ്രകാരമുള്ള വർഷാന്ത്യ കണക്കിന്റ വിവരം താഴെ ചേർക്കുന്നു.

| 2017 | 2018 | 2019 | 2020 | 2021 |
|---|---|---|---|---|
| 32506070 | 32596748 | 33152870 | 35201486 | 41780736 |

ലഭ്യമാക്കിയ വിവരങ്ങൾ പ്രകാരം ധനസഹായ പദ്ധതി കൂടുതൽ കർഷകരെ ക്ഷീരമേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനും പാലുല്പാദന വർദ്ധനവിനും ഇടയാക്കിയിട്ടുണ്ട് എന്നത് അഭിനന്ദനാർഹമാണ്.

2020-21 വർഷത്തിൽ ജില്ലാ പഞ്ചായത്ത് അനുവദിച്ച ഒന്നരക്കോടി രൂപ 63 പഞ്ചായത്തുകൾക്കായി കൈമാറിയിട്ടുള്ളതിൽ 56 എണ്ണത്തിന്റെ ധനവിനിയോഗ സാക്ഷ്യപത്രം ഓഡിറ്റ് അന്വേഷണത്തിന്റെ മറുപടിയോടൊപ്പം ഹാജരാക്കിയിട്ടുണ്ട്. അവശേഷിക്കുന്ന 7 എണ്ണവും 2019-20 സ്പിൽ ഓവർ പദ്ധതി പ്രകാരം നൽകിയ 24,66,000രൂപയുടെ ധനവിനിയോഗ വിവരവും ഓഡിറ്റിന് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

**1-65 സ്നേഹ സാന്ത്വനം - ഡയാലിസിസ് രോഗികൾക്കുള്ള ചികിത്സാ പദ്ധതി - സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമായി പദ്ധതി നടപ്പിലാക്കിയതിനാൽ സാധൂകരണം ലഭ്യമാക്കേണ്ടതാണ്**

കോവിഡ് 19 രോഗപ്രതിരോധത്തിന്റെ ഭാഗമായുള്ള ലോക്ക്ഡൗൺ കാലഘട്ടത്തിൽ സാമ്പത്തികമായി ബുദ്ധിമുട്ടുന്ന ഡയാലിസിസ് നടത്തുന്ന രോഗികൾക്ക് ചികിത്സാസഹായം നൽകുന്നതിന് 'സ്നേഹസാന്ത്വനം' എന്ന പേരിൽ ആവിഷ്കരിച്ച പദ്ധതിയാണിത്. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) ആണ് പദ്ധതി നിർവ്വഹണം നടത്തിയിട്ടുള്ളത്. പദ്ധതി പ്രകാരം ജില്ലയിലെ 86 ഗ്രാമപഞ്ചായത്തുകളിലെ മെയിന്റനൻസ് ഹീമോഡയാലിസിസ്/കണ്ടിന്യൂസ് ആംബുലേറ്ററി പെരിറ്റോണിയൽ ഡയാലിസിസ് എന്നിവയ്ക്ക് വിധേയരാകുന്ന അർഹരായ രോഗികൾക്ക് ധനസഹായം നൽകുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. പ്രൊജക്ടിന്റെ കൂടുതൽ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്ട് നം. | 749/2021 |
| പ്രൊജക്ടിന്റെ പേര് | കോവിഡ് രോഗബാധയുടെ പ്രതിരോധ പ്രവർത്തനങ്ങൾ, പരിരക്ഷാ പ്രവർത്തനങ്ങൾ |
| അടങ്കൽ തുക/ഫണ്ടിനം | 70,00,000/വികസന ഫണ്ട് - ജനറൽ |
| ചെലവ് | 50,81,510 രൂപ |

പ്രൊജക്ടിന്റെ ലക്ഷ്യം

സ്നേഹസാന്ത്വനം പദ്ധതിയുടെ DPR (Detailed Project Report) പ്രകാരം ജില്ലയിലെ ഡയാലിസിസ്

രോഗികളുടെ ഒരു സമഗ്ര പട്ടിക തയ്യാറാക്കുക, ജില്ലാ പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന 86 ഗ്രാമപഞ്ചായത്തുകളിലെ 775 – ൽ പരം വരുന്ന മറ്റു ആനുകൂല്യങ്ങൾ ഇല്ലാത്ത അർഹരായ വൃക്കരോഗികൾക്ക് സാമ്പത്തിക സഹായം ഉറപ്പു വരുത്തുക എന്നതാണ് പ്രൊജക്ടിന്റെ പ്രധാന ലക്ഷ്യം.

നിർവ്വഹണ രീതി

ഒരു ഡയാലിസിസിന് 900 രൂപ നൽകുന്ന തരത്തിൽ പരമാവധി 10 ഡയാലിസിസിന്റെ തുകയായ 9000 രൂപയാണ് രേഖകൾ/സാക്ഷ്യ പത്രങ്ങളുടെ അടിസ്ഥാനത്തിൽ ഗുണഭോക്താവിനു ലഭ്യമാവുക. ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർ അപേക്ഷകൾ പരിശോധിച്ച് ബന്ധപ്പെട്ട പി.എച്ച്.സി/സി.എച്ച്.സി /ആരോഗ്യ സ്ഥാപനത്തിലെ ഡോക്ടറുടെയും ജില്ലാ പഞ്ചായത്ത് അംഗത്തിന്റെ സാക്ഷ്യപത്രത്തിന്റെയും അടിസ്ഥാനത്തിൽ ഡി.എം.ഒ രോഗികളുടെ അക്കൗണ്ടിലേയ്ക്ക് അർഹമായ ഡയാലിസിസുകളുടെ തുക കൈമാറുന്ന തരത്തിലാണ് പദ്ധതിയുടെ നിർവ്വഹണം വിഭാവനം ചെയിതിട്ടുള്ളത്.

ഓഡിറ്റ് നിരീക്ഷണങ്ങൾ

ഓഡിറ്റിനു ഹാജരാക്കിയ പ്രൊജക്ട് ഫയൽ (നം.സി1 - 6349/2020) പരിശോധനയിൽ കണ്ടെത്തിയ ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

എ) സർക്കാർ ഉത്തരവ് G.O.(MS) No.69/2020/LSGD തീയതി - 30-04-2020 - ന്റെ അടിസ്ഥാനത്തിലാണ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത് എന്ന് ഫയൽ പരിശോധനയിൽ കാണുന്നു. എന്നാൽ പ്രസ്തുത ഉത്തരവിൽ കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ഏർപ്പെടുത്തിയ ലോക്ക്ഡൗണിനെ തുടർന്ന് വരുമാനം നിലച്ചതിനാൽ ഇത്തരത്തിൽ ഗുരുതര രോഗം ബാധിച്ച നിർദ്ധന രോഗികൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള ആരോഗ്യ സ്ഥാപനത്തിലെ അതാതു മെഡിക്കൽ ഓഫീസർമാർ മുഖേന ജീവൻ രക്ഷാ മരുന്നുകൾ വാങ്ങി നൽകുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ വ്യക്തമാക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്.

ബി) ജില്ലാ ആസൂത്രണ സമിതിയുടെ 08-06-2020 – ലെ യോഗ തീരുമാനം നം.3 പ്രകാരം കോവിഡ് 19 സാഹചര്യം നിലനിൽക്കുന്നതിനാലും പ്രൊജക്ടിന്റെ അടിയന്തിര സാഹചര്യം പരിഗണിച്ചും ഈ ഒരു സാമ്പത്തിക വർഷം മാത്രം രോഗികളുടെ അക്കൗണ്ടിലേയ്ക്ക് നേരിട്ട് ധനസഹായം നൽകുന്ന രീതിയിൽ നടപ്പിലാക്കുവാൻ അനുമതി നൽകിയിട്ടുണ്ട്. എന്നാൽ വൃക്ക രോഗികൾക്ക് ഡയാലിസിസിന് ധനഹായം നൽകുന്നതിന് മാർഗ്ഗരേഖയിൽ വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ അനുമതിയോടു കൂടിയാണ് നിലവിൽ ഇത്തരം പ്രൊജക്ട് നടപ്പിലാക്കുന്നത് കൂടാതെ ഡയാലിസിസ് നടത്തുന്ന ആശുപത്രികൾക്ക് തുക അനുവദിക്കുന്നതിനുമാണ് അംഗീകാരം നൽകിയിട്ടുള്ളത്. പ്രൊജക്ടിന് അത്തരത്തിലുള്ള സർക്കാരിന്റെ പ്രത്യേക അനുമതി ലഭ്യമാക്കിയിട്ടില്ല.

സി) 21-10-2020 ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ യോഗതീരുമാനം നം.2.3(3.8), തദ്ദേശസ്വയംഭരണ (ഡിഎ) വകുപ്പിന്റെ 01-01-2021 ലെ ഡിഎ1/321/2020-തസ്വഭവ നമ്പർ സർക്കുലർ എന്നിവ പ്രകാരം വൃക്കരോഗികൾക്ക് ഡയാലിസിസിന് ധനസഹായം നൽകുമ്പോൾ ഗുണഭോക്താവിന് തുക നേരിട്ടു നൽകാവുന്നതല്ല എന്നും ഡയാലിസിസ് നടത്തുന്ന ആശുപത്രിയ്ക്ക് നിർവ്വഹണോദ്യോഗസ്ഥൻ മുഖേന കൈമാറേണ്ടതാണ് എന്നും വ്യക്തമാക്കിയിട്ടുണ്ട്. സർക്കാർ നിർദ്ദേശ പ്രകാരം ആശുപത്രികൾ മുഖേന ധനസഹായം അനുവദിക്കുന്നതിനുള്ള സാധ്യത പരിശോധിക്കാതെ സർക്കാർ ഉത്തരവിനു വിരുദ്ധമായി ജില്ലാ ആസൂത്രണ സമിതിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ രോഗികളുടെ അക്കൗണ്ടിലേയ്ക്ക് ധനയഹായം നേരിട്ട് നൽകുന്ന രീതിയിൽ പദ്ധതി നടപ്പിലാക്കി.

ഡി) തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതിയ്ക്ക് അംഗീകാരം നൽകുമ്പോൾ മാർഗ്ഗരേഖയിലെ വ്യവസ്ഥകൾ പാലിച്ചിട്ടുണ്ടെന്ന് ജില്ലാ ആസൂത്രണസമിതി ഉറപ്പു വരുത്തേണ്ടതാണെന്ന് സ.ഉ(കൈ)നം.11/2018/തസ്വഭവ, തീ-29-01-2018 നമ്പർ മാർഗ്ഗരേഖയിലെ ഖണ്ഡിക 3.7.5 പ്രകാരവും വ്യക്തമാക്കിയിട്ടുണ്ട്. മുൻഖണ്ഡികയിൽ പറഞ്ഞിട്ടുള്ള കോഓർഡിനേഷൻ കമ്മിറ്റി തീരുമാനം, സർക്കുലർ എന്നിവ നിലനിൽക്കെ സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പദ്ധതി നടപ്പിലാക്കുന്നതിന് ജില്ലാ ആസൂത്രണസമിതി അനുമതി നൽകിയത് ക്രമപ്രകാരമല്ല.

ഇ) ജില്ലയിലെ ഡയാലിസിസ് രോഗികളുടെ ഒരു സമഗ്ര പട്ടിക തയ്യാറാക്കുകയും അതോടൊപ്പം ഭാവിയിൽ ഗ്രാമപഞ്ചായത്തുകൾ വഴി ഡയാലിസിസ് രോഗികളെ സഹായിക്കുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കുക എന്നിവയെല്ലാമാണ് പ്രൊജക്റ്റിന്റെ പ്രധാന/ദീർഘകാല നേട്ടങ്ങളായി പ്രതിപാദിച്ചിട്ടുള്ളത്. എന്നാൽ പ്രൊജക്റ്റ് നടപ്പിലാക്കിയതിന്റെ ഫലമായി അത്തരത്തിൽ ഒരു സമഗ്ര പട്ടിക തയ്യാറാക്കുകയോ തുടർ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുകയോ ചെയ്തിട്ടില്ല. കോവിഡിന്റെ സാഹചര്യത്തിൽ അത്തരം പ്രവർത്തനങ്ങൾക്ക് കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടി വന്നതിനാലാണ് തുടർ പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ സാധിക്കാതിരുന്നതെന്ന് ഓഡിറ്റ് അന്വേഷണത്തിന്റെ (നം.38/22-04-2022) മറുപടിയിൽ അറിയിച്ചിട്ടുണ്ട്. ആയതിനാൽ കോവിഡിന്റെ പശ്ചാത്തലത്തിൽ സാമ്പത്തികമായി ബുദ്ധിമുട്ടനുഭവിച്ച ഡയാലിസിസ് രോഗികൾക്ക് ചികിത്സാധനസഹായം നൽകാൻ കഴിഞ്ഞുവെങ്കിലും പ്രൊജക്റ്റിന്റെ ഉദ്ദേശലക്ഷ്യം പൂർണ്ണമാക്കാൻ സാധ്യമായിട്ടില്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

എഫ് ) ഹാജരാക്കിയ ഫയലിൽ TR 59(E) ബില്ലുകളും ജില്ലാ മെഡിക്കൽ ഓഫീസറുടെ നടപടി ക്രമങ്ങളുമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. പദ്ധതിയുടെ ആനുകൂല്യം ലഭ്യമായ ഗുണഭോക്താക്കളുടെ എണ്ണം, കാലയളവ് മുതലായവ വ്യക്തമാക്കുന്ന മോണിറ്ററിംഗ് റിപ്പോർട്ട് സൂക്ഷിച്ചിട്ടില്ല. ഓഡിറ്റ് അന്വേഷണം നൽകിയതിന്റെ അടിസ്ഥാനത്തില്, 2020 മെയ് 1 മുതൽ 31 വരെയുള്ള കാലയളവിൽ ഡയാലിസിസ് നടത്തിയ 625 പേർക്ക് ഒരു ഡയാലിസിസിന് 900 രൂപ നിരക്കിൽ ആകെ 5626 ഡയാലിസിസിന് 50,63,400 രൂപ ധനസഹായം നൽകുന്നതിനും പദ്ധതി നിർവ്വഹണ ചെലവ് 18,110 രൂപയും ഉൾപ്പെടെ ആകെ 50,81,510 രൂപയാണ് പദ്ധതിയ്ക്കായി ചെലവഴിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

ജില്ലാ പഞ്ചായത്ത് അംഗീകരിച്ച ചുരുങ്ങിയ സമയപരിധിയ്ക്കുള്ളിൽ പ്രൊജക്റ്റ് നടപ്പിലാക്കേണ്ടി വന്നതിനാലാണ് ആശുപത്രികൾക്ക് തുക നൽകാതെ ഡയാലിസിസ് രോഗികൾക്ക് നേരിട്ട് പണം നൽകാൻ ഇടയായിട്ടുള്ളത്, പ്രസ്തുത തീരുമാനത്തിന് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരവും ലഭ്യമായിട്ടുണ്ട് എന്നാണ് ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) മറുപടിയിൽ പറഞ്ഞിട്ടുള്ളത്. എന്നാൽ സർക്കാർ മാർഗ്ഗരേഖയിൽ ഉൾപ്പെട്ടിട്ടില്ലാത്തതിനാലും തുടർന്ന് പുറപ്പെടുവിച്ച സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായല്ല പദ്ധതി നടപ്പിലാക്കിയിട്ടുള്ളത് എന്നതിനാലും മറുപടി അംഗീകരിക്കാവുന്നതല്ല. ആയതിനാൽ പ്രൊജക്റ്റ് നം. 749/2021 പ്രകാരം കോവിഡ് രോഗബാധയുടെ പ്രതിരോധ പ്രവർത്തനങ്ങൾ, പരിരക്ഷാ പ്രവർത്തനങ്ങൾ എന്ന പദ്ധതിയ്ക്കായി ചെലവഴിച്ച 50,81,510 രൂപയ്ക്ക് സർക്കാർ സാധൂകരണം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

### 1-66 കാൻ തൃശ്ശൂർ പദ്ധതി - അവലോകനം

2019-20 വർഷത്തിൽ ആരംഭിച്ച ബഹുവർഷ പദ്ധതിയാണ് കാൻ തൃശ്ശൂർ. ആരോഗ്യ മേഖലയിൽ പുരോഗതി കൈവരിക്കുന്നതിനും പ്രാരംഭഘട്ടത്തിലെ രോഗനിർണയം വഴി കാൻസർ രോഗത്തെ നിയന്ത്രിക്കുന്നതിനും ജനങ്ങളിൽ ആവശ്യമായ ബോധവൽക്കരണം സൃഷ്ടിക്കുന്നതിനും പദ്ധതി ലക്ഷ്യമിടുന്നു. ജില്ലയിലെ മുഴുവൻ വീടുകളിലും സർവ്വെ നടത്തി കാൻസർ രോഗലക്ഷണങ്ങൾ ഉള്ളവരെ കണ്ടെത്തി സ്ക്രീനിംഗ് ക്യാമ്പുകളിലെത്തിച്ച് പ്രാരംഭ ഘട്ടത്തിൽ തന്നെ രോഗനിർണ്ണയം നടത്തുന്നതിന് ആദ്യഘട്ടത്തിലും തുടർചികിത്സ, ആരോഗ്യ കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം, ജില്ലാതലത്തിൽ കൊബാൾട്ട് യൂണിറ്റുകൾ, താലൂക്ക് തലത്തിൽ മാമോഗ്രാം യൂണിറ്റുകൾ സ്ഥാപിക്കൽ എന്നിവ രണ്ടാം ഘട്ടത്തിലും നടപ്പാക്കുന്നതിനായാണ് ബഹുവർഷ പദ്ധതിയായി പ്രോജക്റ്റ് രൂപീകരിച്ചത്.

#### നാളിതുവരെയുള്ള ചെലവു വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ 2019-20 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയതിന്റെ സ്പിൽ ഓവർ പ്രൊജക്റ്റ് പ്രകാരമുള്ള പ്രവർത്തനങ്ങൾ മാത്രമാണ് നടപ്പിലാക്കിയിട്ടുള്ളത്. പദ്ധതിയുടെ രണ്ടാംഘട്ടം കോവിഡിന്റെ സാഹചര്യത്തിൽ നടത്താൻ സാധ്യമായിട്ടില്ല. കാൻ തൃശ്ശൂർ പദ്ധതി പ്രകാരം വിവിധ തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്നും നാളിതുവരെ വകയിരുത്തിയതും ചെലവഴിച്ചതുമായ തുകയുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| വർഷം/ പ്രൊജക്റ്റ് നം. | | GP | BP | DP | OTHERS | TOTAL |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 2019-20, 476/20 | വകയിരുത്തിയത് | 68,80,000 | 19,20,000 | 5,00,000 | 21,70,000 | 1,14,70,000 |
| | ചെലവഴിച്ചത് | 51,09,280 | 13,83,495 | 1,50,824 | 3,06,078 | 69,49,677 |
| 2019-20 (SO), 535/21 | വകയിരുത്തിയത് | 1770720 | 536505 | 349176 | 1863922 | 45,20,323 |
| | ചെലവഴിച്ചത് | 849523 | 0 | 332970 | 147109 | 13,29,602 |
| 2020-21, 414/21 | വകയിരുത്തിയത് | 1,72,00,000 | 80,00,000 | 10,00,000 | 1,00,00,000 | 3,62,00,000 |
| | ചെലവഴിച്ചത് | 0 | 0 | 0 | 0 | 0 |
| ഒട്ടാകെ | വകയിരുത്തിയത് | 25850720 | 10456505 | 1849176 | 14033922 | 52190323 |
| | ചെലവഴിച്ചത് | 5958803 | 1383495 | 483794 | 453187 | 8279279 |

കാൻ തൃശ്ശൂർ രണ്ടാംഘട്ട പ്രവർത്തനങ്ങൾ

ഓഡിറ്റ് അന്വേഷണത്തിന്റെ (നം.38/22-04-2022) മറുപടി പ്രകാരം ലഭ്യമാക്കിയ കാൻ തൃശ്ശൂരിന്റെ രണ്ടാംഘട്ട വിവരങ്ങളും ആയതിന്റെ അടിസ്ഥാനത്തിലുള്ള ഓഡിറ്റ് നിരീക്ഷണങ്ങളും താഴെ ചേർക്കുന്നു.

1. ഇരിങ്ങാലക്കുട ജനറൽ ആശുപത്രിയിൽ പത്ത് ബെഡുകൾ ഉള്ള കീമോതെറാപ്പി വാർഡ് ഒരുക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. നിലവിൽ മൂന്നു ബെഡുകൾ ഉപയോഗിച്ച് പരിമിതമായ ചികിത്സ നൽകി വരുന്നു. തൃശ്ശൂർ ജനറൽ ആശുപത്രിയിലും ഗവ.മെഡിക്കൽ കോളേജിലും ക്യാമ്പുകളിൽ നിന്നു കണ്ടെത്തിയ രോഗികൾക്ക് ചികിത്സ ഉറപ്പാക്കിയിട്ടുണ്ട് എന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ ഒന്നാംഘട്ടത്തിൽ ക്യാമ്പുകളിൽ നിന്നും അനുബന്ധ പരിശോധനകളിൽ നിന്നും സ്ഥിരീകരിച്ച കാൻസർ രോഗികളുടെ എണ്ണം 117 ആണെന്ന് 2019-20 ഓഡിറ്റ് റിപ്പോർട്ടിന്റെ ആദ്യമറുപടിയിൽ വ്യക്തമാക്കിയിരുന്നു. ആയതിനാൽ മേൽ വിവരിച്ച പരിമിതമായ ചികിത്സാ സാഹചര്യത്തിൽ തുടർ ചികിത്സ ഉറപ്പു വരുത്തുന്നതിനും മറ്റും എപ്രകാരമുള്ള സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളത് എന്ന് അറിയിക്കേണ്ടതാണ്.

2. ഓഡിറ്റ് വർഷത്തിൽ തുടർ പ്രവർത്തനങ്ങൾ നടത്താൻ കഴിഞ്ഞിട്ടില്ലാത്തതിനാൽ പദ്ധതി വഴി ചാവക്കാട്, കുന്നംകുളം എന്നീ സ്ഥാപനങ്ങളിലേയ്ക്ക് കെ.എം.എസ്.സി.എൽ റണ്ണിംഗ് കോൺട്രാക്ട് മുഖേന മാമോഗ്രാം യൂണിറ്റ് സ്ഥാപിക്കുന്നതിന് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയോട് 23-01-2021 തീയതിയിലെ സി 1 – 657/2021 /ജി.മെ.ഓ നമ്പർ കത്തു പ്രകാരം അനുമതി ആവശ്യപ്പെട്ടതായി കാണുന്നുണ്ട്. കൂടാതെ 2020-21 വാർഷിക പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് 09-01-2020 തീയതിയിൽ കൂടിയ ആരോഗ്യ വർക്കിംഗ് ഗ്രൂപ്പ് യോഗത്തിലും ചേലക്കര താലൂക്ക് ആശുപത്രി, ഇരിഞ്ഞാലക്കുട ജനറൽ ആശുപത്രി, ചാവക്കാട് താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ഹോസ്പിറ്റൽ എന്നിവിടങ്ങളിലേയ്ക്ക് മാമോഗ്രാം യൂണിറ്റ് സ്ഥാപിക്കുന്നതിന് ഒരു കോടി വീതം അനുവദിക്കുന്നതിനും ശുപാർശ ചെയ്ത് തീരുമാനിച്ചിട്ടുണ്ട്. എന്നാൽ ഓഡിറ്റ് വർഷത്തിൽ ചെലവ് നടത്തിയിട്ടില്ല. തുടർ നടപടികളുടെ വിവരങ്ങൾ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന്റെ മറുപടിയിൽ ചാവക്കാട്, ചേലക്കര എന്നീ ആശുപത്രികളിലേയ്ക്ക് കെ.എം.എസ്.സി.എൽ റേറ്റ് കോൺട്രാക്ട് ഉള്ള സ്ഥാപനത്തിൽ നിന്നും മാമോഗ്രാം മെഷീൻ വാങ്ങുകയും ഇൻസ്റ്റാല്ലേഷൻ നടപടികൾ പൂർത്തിയായിട്ടില്ല എന്നും അറിയിച്ചിട്ടുണ്ട്. ഓഡിറ്റ് വർഷത്തിൽ തുക നൽകിയിട്ടില്ല. ലഭ്യമാക്കിയ മെഷീനുകളുടെ ഇൻസ്റ്റാല്ലേഷൻ നടപടികൾ പൂർത്തിയാക്കേണ്ടതും ഉപയോഗപ്രദമാക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

3. ഓഡിറ്റ് വർഷത്തിലെ സ്പിൽ ഓവർ പദ്ധതി പ്രകാരം സർവ്വേ നടത്തിയതിന്റെ പ്രതിഫലം, പരിശീലന പദ്ധതി, ജില്ലാതല ഉദ്ഘാടനം മറ്റ് അനുബന്ധ ചെലവുകൾ എന്നിവയ്ക്ക് വിവിധ ആരോഗ്യ കേന്ദ്രങ്ങളിലേയ്ക്ക് തുക കൈമാറുന്നതിനാണ് 13,29,602 രൂപ ചെലവ് വന്നിട്ടുള്ളത്. സർവ്വേ നടത്തിയതിന്റെ ഫലമായി സ്ഥിരീകരിക്കപ്പെട്ട കാൻസർ രോഗികൾക്ക് തുടർ ചികിത്സ ഉറപ്പു വരുത്തുന്നതിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടതാണ്.

4. ബഹുവർഷ സംയുക്ത പദ്ധതിയായതിനാൽ നാളിതുവരെ പദ്ധതിക്കായി വിവിധ തദ്ദേശ സ്ഥാപനങ്ങളിൽ നിന്നും ജില്ലാ പഞ്ചായത്തിന് ലഭിച്ച തുകയുടെ വിവരം, ഇതിൽ ചെലവഴിക്കാതെ അക്കൗണ്ടുകളിൽ തുക സൂക്ഷിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ കൃത്യമായ വിവരം എന്നിവ ജില്ലാ പഞ്ചായത്ത് ലഭ്യമാക്കേണ്ടതാണ്.

5. ഇത്തരത്തിലുള്ള ബൃഹത്പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ പദ്ധതിയുടെ ലക്ഷ്യം നിറവേറ്റുന്നതിനു വേണ്ടി കൃത്യമായ മോണിറ്ററിംഗ് സംവിധാനം ഉറപ്പാക്കേണ്ടതും പദ്ധതി സമയബന്ധിതമായി നടപ്പിലാക്കുന്നതിന് ആവശ്യമായ മുൻകരുതലുകൾ സ്വീകരിക്കേണ്ടതുമാണ്.

തുടർ നടപടികളുടെ വിവരം ലഭ്യമാക്കേണ്ടതാണ്

1-67 ജൈവ മാലിന്യ സംസ്കരണം - ഇമേജിനു നൽകിയ തുകയുടെ കൈപ്പറ്റ് രശീതി പൂർണ്ണമായും ഹാജരാക്കിയിട്ടില്ല

വടക്കാഞ്ചേരി ജില്ലാ ആശുപത്രി മെഡിക്കൽ സൂപ്രണ്ട് 2020-21 വർഷത്തിൽ നടപ്പിലാക്കിയ ജൈവ മാലിന്യ പദ്ധതി എന്ന പ്രൊജക്ടിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്ട് നം. | 399/2021 |
| പ്രൊജക്ടിന്റെ പേര് | ജില്ലാ ആശുപത്രി വടക്കാഞ്ചേരി - ജൈവമാലിന്യ സംസ്കരണം - ഇമേജ് |
| അടങ്കൽ തുക/ഫണ്ടിനം | 300000 (മെയിന്റനൻസ് ഫണ്ട് - റോഡിതരം) |
| ചെലവ് | 300000 |

മേൽ പ്രൊജക്ട് പ്രകാരം ജില്ലാ ആശുപത്രിയുടെ ജൈവമാലിന്യ സംസ്കരണത്തിനായി വിവിധ ബില്ലുകൾ പ്രകാരം ഇമേജ് എന്ന സ്ഥാപനത്തിന് നൽകിയ 300000 രൂപയിൽ താഴെ പറയുന്ന തുകകളുടെ കൈപ്പറ്റ് രശീതി ഹാജരാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ട്രഷറി ബിൽ നം./തീയതി | തുക | കുറിപ്പ് |
|---|---|---|
| 28/22-09-20 | 12600 | - |
| 39/14-10-20 | 34874 | - |
| 50/11-11-20 | 25344 | ട്രഷറി ബില്ല് പ്രകാരം തുക HMC യ്ക്ക് റീക്രൂപ്പ് ചെയ്തു. ഇമേജിന്റെ ഇൻവോയിസുകൾ പ്രകാരമുള്ള കൈപ്പറ്റ് രശീതി ഹാജരാക്കിയിട്ടില്ല |
| 58/14-01-21 | 22544 | തുകയിൽ 11699 രൂപ ഇമേജിനു നൽകിയതിന്റെ കൈപ്പറ്റ് രശീതി ഉണ്ട് ബാക്കി തുക 9800 രൂപ HMC യ്ക്ക് റീക്രൂപ്പ് ചെയ്തതു പ്രകാരമുള്ള ഇൻവോയ്സിന്റെ കൈപ്പറ്റാണ് ഹാജരാക്കാത്തത് |

മേൽ തുകകളുടെ കൈപ്പറ്റ് രശീതികൾ ഓഡിറ്റിനു പരിശോധനയ്ക്ക് ഹാജരാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.16/15-02-2022) ലഭ്യമാക്കിയ മറുപടിയിൽ നൽകിയ തുകയുടെ കൈപ്പറ്റ് ഹാജരാക്കുന്നതിനായി ഇമേജിന് കത്തു നൽകിയിട്ടുണ്ട്, ലഭ്യമാകുന്ന മുറയ്ക്ക് പരിശോധനയ്ക്ക് ഹാജരാക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. മാത്രമല്ല തുക കൈമാറുന്നത് നെഫ്റ്റ് മുഖാന്തിരമായതിനാൽ

കൈപ്പറ്റ് രസീതി പൂർണ്ണമായും ലഭിക്കാറില്ല എന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ വളരെയധികം എണ്ണം ഇൻവോയിസുകൾ പ്രകാരമുള്ള തുക കൈമാറുന്നതിനാൽ തുക കൈമാറുന്നതിന്റെ കൃത്യത ഉറപ്പാക്കുന്നതിനും പദ്ധതിയുടെ മോണിറ്ററിംഗ് ഉറപ്പാക്കുന്നതിനും കൈപ്പറ്റ് രസീതി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതും ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതുമാണ്.

1-68 ഹീമോഫീലിയ രോഗപ്രതിരോധ പ്രവർത്തനം - കെ.എം.എസ്.സി.എൽ - നു മുൻകൂർ നൽകിയ തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

പ്രൊജക്ടിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്ട് നം. | 405/2021 |
| പ്രൊജക്ടിന്റെ പേര് | ജില്ലാ ആശുപത്രി വടക്കാഞ്ചേരി - ഹീമോഫീലിയ രോഗപ്രതിരോധ പ്രവർത്തനം - പ്രൊഫൈലാക്സിസ് |
| നിർവ്വഹണം | വടക്കാഞ്ചേരി ജില്ലാ ആശുപത്രി മെഡിക്കൽ സൂപ്രണ്ട് |
| അടങ്കൽ തുക/ഫണ്ടിനം | 1500000<br>(1000000 – വികസന ഫണ്ട് - ജനറൽ + 500000 – ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ചെലവ് | 1498903 (999691 - വികസന ഫണ്ട് - ജനറൽ + 499212 – ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ട്രഷറി ബിൽ നം., തീയതി, തുക | 1. 68/14-01-2021/999691<br>2. 98/30-03-2021/499212 |

ഹീമോഫീലിയ രോഗപ്രതിരോധ പ്രവർത്തനങ്ങൾക്കായി ആവിഷ്കരിച്ച പദ്ധതിയ്ക്കായി മേൽ ട്രഷറി ബില്ലുകൾ പ്രകാരം കെ.എംഎസ്.സി.എൽ - ന് 14,98,903 രൂപ നൽകിയിട്ടുണ്ട്. കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്നും FACTOR VIII – HEMOFIL M-250-400 എന്ന മരുന്ന് ലഭ്യമാക്കുന്നതിനാണ് തുക നൽകിയിട്ടുള്ളത്. ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ ട്രഷറി ബിൽ നം.68/14-01-2021 പ്രകാരം നൽകിയ 999691 രൂപയിൽ താഴെ പറയുന്ന 5 ഇൻവോയിസുകൾ പ്രകാരമുള്ള മരുന്നുകൾ ലഭ്യമായിട്ടുണ്ട്.

| ഇൻവോയിസ് നം./തീയതി | തുക |
|---|---|
| 35945/26-01-21 | 99842 |
| 41037/26-02-21 | 299527 |
| 37980/09-02-21 | 199685 |
| 6651/17-05-21 | 199685 |
| 22231/16-09-21 | 147767 |
| ആകെ | 946506 |

പട്ടികയിൽ രേഖപ്പെടുത്തിയ 5 ഇൻവോയിസുകൾ പ്രകാരം ആകെ 946506 രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടുണ്ട് എന്ന് ഹാജരാക്കിയ രേഖകൾ, സ്റ്റോക്ക് എന്നിവ പരിശോധിച്ച പ്രകാരം ബോധ്യപ്പെട്ടു. 999691രൂപയുടെ ട്രഷറി ബില്ലിൽ അവശേഷിക്കുന്ന 53185രൂപ ഹാന്റിലിംഗ് ചാർജ്ജായി നൽകിയിട്ടുള്ളതാണെന്നും എന്നാൽ കാരുണ്യ ഡിപ്പോയിൽ നിന്നും നേരിട്ട് വാങ്ങിയതിനാൽ പ്രൊഫോമ ഇൻവോയിസിൽ പറഞ്ഞതു പ്രകാരമുള്ള ഹാന്റിലിംഗ് ചാർജ്ജ് കെ.എം.എസ്.സി.എൽ - ന് ഈടാക്കാൻ കഴിയില്ല എന്നതിനാൽ ബാക്കി തുക തിരികെ നൽകുന്നതിന് കത്ത് നൽകിയിട്ടുണ്ട് എന്ന് ഓഡിറ്റ് അന്വേഷണത്തിന്റെ (നം.16/15-02-2022) മറുപടിയിൽ അറിയിച്ചിട്ടുണ്ട്.

ആദ്യ പട്ടികയിലെ ട്രഷറി ബിൽ നം.98/30-03-2021 പ്രകാരം നൽകിയ 499212 രൂപയുടെ മരുന്നും

നാളിതുവരെ ലഭ്യമായിട്ടില്ല. എന്നാൽ നിലവിൽ സർക്കാർ ഹീമോഫീലിയ മരുന്നുകൾ സൗജന്യമായി ലഭ്യമാക്കുന്നുണ്ട് എന്നും ഓഡിറ്റ് അന്വേഷണത്തിന്റെ മറുപടിയിൽ അറിയിച്ചിട്ടുണ്ട്. ഹീമോഫീലിയ ചികിത്സ സൗജന്യമായി നൽകുന്നതിനുള്ള 'ആശാധാര' എന്ന പദ്ധതിയുടെ കീഴിൽ 2022 ഫെബ്രുവരി 1 മുതലാണ് ഹീമോഫീലിയ മരുന്നുകൾ കെ.എം.എസ്.സി.എൽ മുഖേന തന്നെ സർക്കാർ സൗജന്യമായി നൽകി വരുന്നത്. ആയതിനാൽ ആദ്യ ബില്ല് പ്രകാരം ഹാന്റിലിംഗ് ചാർജ്ജിനത്തിൽ തിരികെ ഈടാക്കേണ്ട 53185 രൂപയും രണ്ടാമത്തെ ബില്ല് പ്രകാരമുള്ള 499212 രൂപയും ഉൾപ്പെടെ ആകെ 552397 രൂപ കെ.എം.എസ്.സി.എൽ - ൽ നിന്നും തിരികെ ലഭ്യമാക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-69 ഒരേ ഇൻവോയിസ് പ്രകാരമുള്ള തുകയ്ക്ക് 2 പ്രൊജക്ടുകളിലായി തുക അനുവദിച്ചു

വടക്കാഞ്ചേരി ജില്ലാ ആശുപത്രി മെഡിക്കൽ സൂപ്രണ്ട് നിർവ്വഹണോദ്യോഗസ്ഥനായി പ്രൊജക്ട് നം.399/21, ' ജൈവമാലിന്യ സംസ്കരണം - ഇമേജ് ' എന്ന പദ്ധതി പ്രകാരം 300000 രൂപ മെയിന്റനൻസ് ഗ്രാന്റ് - റോഡിതര ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. ആശുപത്രിയിലെ ജൈവമാലിന്യ സംസ്കരണത്തിനായി ഇമേജ് (Indian Medical Association Goes Ecofriendly) എന്ന സ്ഥാപനത്തിന് നൽകുന്നതിനാണ് ഭൂരിഭാഗം തുകയും ചെലവഴിച്ചിട്ടുള്ളത്. 05/2020 മുതൽ 01/2021 വരെ ആകെ 12 ബില്ലുകളായിട്ടാണ് തുക ചെലവഴിച്ചിട്ടുള്ളത്. അവയിൽ എച്ച്.എം.സി മുഖേന നൽകിയിരുന്നത് റീക്ലപ്പ് ചെയ്തിട്ടുള്ളവയും ഉൾപ്പെടുന്നു. ട്രഷറിയിൽ നിന്നും പിൻവലിച്ച മേൽ ബില്ലുകളിൽ അവസാനമായി മാറിയ ബിൽ നം.75/23-01-2021 പ്രകാരം 9107 രൂപ ഇമേജിന്റെ അക്കൗണ്ടിലേയ്ക്ക് നൽകിയിട്ടുണ്ട്. ആശുപത്രിയിലെ കോവിഡ് 19 ബയോമെഡിക്കൽ വേസ്റ്റ് കൊണ്ടു പോകുന്നതിന് ഡിസംബർ മാസത്തെ ബിൽ തുകയായ 9800 രൂപ നൽകുന്നതിനാണ് പ്രസ്തുത തുക നൽകിയത്. ബാക്കി തുക 693 രൂപ (9800-9107) തൽക്കാലം എച്ച്.എം.സി ഫണ്ടിൽ നിന്നും നെഫ്റ്റ് വഴി നൽകുന്നതിനും തീരുമാനിച്ചു കൊണ്ടുള്ള ജില്ലാ ആശുപത്രി സൂപ്രണ്ടിന്റെ നടപടിക്രമവും (ഉത്തരവ് നം.സി-3489/2020/സൂപ്രണ്ട് ഡി എച്ച് വടക്കാഞ്ചേരി തീയതി-18-01-2021) ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. ഇമേജിൽ നിന്നുള്ള ബില്ലിന്റെയും ഓഫീസ് നടപടിക്രമത്തിന്റെയും കൂടുതൽ വിശദാംശങ്ങൾ താഴെ പട്ടികയിൽ ചേർക്കുന്നു.

| | |
|---|---|
| ഇമേജിന്റെ ഡിസംബർ മാസത്തെ ഇൻവോയിസ് നം./തീയതി/തുക | Cvd19/2020-2021 /Dec/824176, തീ - 01-01-2021<br>തുക - 9800 |
| ട്രഷറി ബിൽ നം./തീയതി/തുക | 75/23-01-21/9107 |
| തുക കൈമാറിയ സ്ഥാപനത്തിന്റെ (ഇമേജ്) അക്കൗണ്ട് നം. | 026073000050584 |
| എച്ച്.എം.സി ഫണ്ടിൽ നിന്നും നെഫ്റ്റ് വഴി നൽകുന്നതിനും തീരുമാനിച്ച തുക, ഓഫീസ് ഉത്തരവ് | 693 രൂപ (9800-9107),<br>നം.സി-3489/2020 /സൂപ്രണ്ട് ഡി എച്ച് വടക്കാഞ്ചേരി തീയതി-18-01-2021 |

പ്രൊജക്ട് നം.745/21 പ്രകാരം കോവിഡ് രോഗബാധയുടെ പ്രതിരോധ പ്രവർത്തനങ്ങൾ, പരിരക്ഷാ പ്രവർത്തനങ്ങൾ എന്ന പദ്ധതിയ്ക്കായി ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും 15 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഓഡിറ്റ് വർഷത്തിൽ മാറിയ വിവിധ ബില്ലുകളിൽ ബിൽ നം.79/06-02-2021 പ്രകാരം 299575 രൂപ പിൻവലിച്ചതിന്റെ വൗച്ചറുകൾ പരിശോധിച്ചതിൽ, ആശുപത്രിയിലെ കോവിഡ് 19 ബയോമെഡിക്കൽ വേസ്റ്റ് കൊണ്ടു പോകുന്നതിന് ഡിസംബർ മാസത്തെ ബിൽ തുകയായ 9800 രൂപ ഇമേജ് എന്ന സ്ഥാപനത്തിന്റെ അക്കൗണ്ടിലേയ്ക്ക് വീണ്ടും നൽകിയിട്ടുള്ളതായി കാണുന്നു.

ഇൻവോയിസ് നം.Cvd19/2020-2021/Dec/824176, തീ - 01-01-2021 പ്രകാരമുള്ള ഡിസംബർ മാസത്തെ ഇമേജിന്റെ ബിൽ തുക പ്രൊജക്ട് നം.399/21, ജൈവമാലിന്യ സംസ്കരണം എന്ന പദ്ധതി പ്രകാരം 2021 ജനുവരി മാസത്തിൽ നൽകിയിരുന്നുവെങ്കിലും അതേ ഇൻവോയിസ് പ്രകാരമുള്ള തുകയ്ക്ക് പ്രൊജക്ട് നം.745/21, കോവിഡ് രോഗബാധയുടെ പ്രതിരോധ പ്രവർത്തനങ്ങൾ, പരിരക്ഷാ പ്രവർത്തനങ്ങൾ എന്ന പദ്ധതിയുടെ

ഭാഗമായി 2021 ഫെബ്രുവരി മാസത്തിൽ വീണ്ടും തുക അനുവദിക്കുകയാണ് ഉണ്ടായത്. കോവിഡ് 19 അടിയന്തിര സാഹചര്യത്തിൽ ബിൽ തുക നൽകിയില്ലെങ്കിൽ കോവിഡ് വേസ്റ്റ് കൊണ്ട് പോകുന്നത് ഇമേജ് നിർത്തിവെക്കുമെന്നതിനാൽ ശ്രദ്ധിക്കാതെ 2 പ്രൊജക്ടുകൾ പ്രകാരം നൽകിയത് എന്നാണ് ഓഡിറ്റ് അന്വേഷണത്തിന്റെ മറുപടിയിൽ അറിയിച്ചിട്ടുള്ളത്. ഓഡിറ്റ് അന്വേഷണത്തിന്റെ (നം.16/15-02-2022) അടിസ്ഥാനത്തിൽ അടുത്ത ബില്ലിൽ 9800 രൂപ കുറച്ച് തരുന്നതിന് ഇമേജിന് കത്ത് നൽകുകയും ആയതിന്റെ പകർപ്പ് ഓഡിറ്റിന് ഹാജരാക്കുകയും ചെയ്തിട്ടുണ്ട് (കത്ത് നം.2675/2021, തീയതി - 06-05-2022). കത്തിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതിന് ഇമേജുമായി ബന്ധപ്പെടേണ്ടതും അടുത്ത ബില്ലിൽ നിന്നും തുക കുറവ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. തുക കുറവ് ചെയ്ത് വിശദാംശങ്ങൾ ഓഡിറ്റിന് പരിശോധനയ്ക്ക് ഹാജരാക്കുന്നതു വരെ പ്രൊജക്ട് നം.745/21 പ്രകാരം രണ്ടാമത് ചെലവഴിച്ച 9800 രൂപ തടസ്സപ്പെടുത്തുന്നു.

### 1-70 പാലിയേറ്റീവ് കെയർ - മരുന്നുകൾ ലഭ്യക്കുന്നതിനുള്ള നടപടി സ്വീകരിക്കണം

വടക്കാഞ്ചേരി ജില്ലാ ആശുപത്രി, മെഡിക്കൽ സൂപ്രണ്ട് നടപ്പിലാക്കിയ പ്രോജക്ട് നം. 395/21 - പെയിൻ ആന്റ് പാലിയേറ്റീവ് ഹോം കെയർ പദ്ധതിക്കായി വികസന ഫണ്ടിൽ നിന്നും 2.5 ലക്ഷം രൂപ വകയിരുത്തിയതിൽ 2,12,479 രൂപ തൻവർഷം ചെലവഴിച്ചിട്ടുണ്ട്. ഇതിൽ ട്രഷറി ബിൽ നം. 88/20-21/ 18-03-2021 പ്രകാരം മാറിയ 99,970 രൂപ മരുന്ന വാങ്ങുന്നതിന് KMSCL ന് നൽകിയിട്ടുണ്ട്. ഹാജരാക്കിയ രേഖകൾ പ്രകാരം മേൽ തുകയുടെ പ്രൊഫോർമ ഇൻവോയിസുകൾ മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്. പ്രൊഫോർമ ഇൻവോയിസുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രൊഫോർമ ഇൻവോയ്സ് നം | തിയതി | തുക |
|---|---|---|
| PRF5204 | 08-02-2021 | 75000 |
| PRF5195 | 08-02-2021 | 24970 |
| ആകെ | | 99970 |

മേൽ പ്രൊഫോർമ ഇൻവോയ്സുകൾ പ്രകാരമുള്ള മരുന്ന്/അവശ്യ അനുബന്ധ സാമഗ്രികൾ KMSCL – ൽ നിന്നും ലഭ്യമായിട്ടുണ്ടെങ്കിൽ വിവരം അറിയിക്കുന്നതിന് ഓഡിറ്റ് അന്വേഷണം (നം.16/15-02-2022) നൽകിയതിന്റെ അടിസ്ഥാനത്തിൽ മേൽ പട്ടികയിലെ രണ്ടാമത്തെ ഇൻവോയിസ് പ്രകാരമുള്ള 24970 രൂപയുടെയും ആദ്യ ബില്ല പ്രകാരമുള്ള 75000 രൂപയിൽ 17573 (ഇൻവോയിസ് നം.14590/07.03.2022, തുക – 15132 & ഇൻവോയിസ് നം.993/23.04.2022, തുക - 2441) രൂപയുടെയും സ്റ്റോക്ക് വിവരങ്ങൾ ഹാജരാക്കി. ആദ്യ ബില്ല് പ്രകാരമുള്ള 75000 രൂപയിൽ ബാക്കി 57427 രൂപയുടെ മരുന്ന് നാളിതുവരെ ലഭ്യമായിട്ടില്ല. മരുന്നുകൾ എത്രയും വേഗം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. കെ.എം.എസ്.സി.എല്ലിൽ നിന്നും മരുന്നുകൾ ലഭിക്കുന്നതിൽ കാലതാമസം ഉണ്ടാകുന്ന പക്ഷം 14.02.2018.ലെ സ.ഉ.(കൈ) 22/18 /ത.സ്വ.ഭ.വ. പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക7.5.4 പ്രകാരം മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ ഇൻഡന്റ് നൽകി രണ്ട് മാസം കഴിഞ്ഞിട്ടും മരുന്ന് ലഭ്യമായില്ലെങ്കിൽ ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റിയുടെ(എച്ച.എം.സി) ശുപാർശ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് കാരുണ്യ/നീതി/ജൻഔഷധി മെഡിക്കൽ സ്റ്റോറിൽ നിന്നും അടിയന്തിര സാഹചര്യം മറികടക്കുന്നതിന് മാത്രം മരുന്ന വാങ്ങാവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്. പാലിയേറ്റിവ് കെയർ വിഭാഗത്തിൽപെടുന്ന രോഗികൾക്ക് അടിയന്തിരമായി ലഭ്യമാക്കേണ്ട മരുന്നുകൾ കെ.എം.എസ്.സി.എല്ലിൽ നിന്നും സമയബന്ധിതമായി ലഭിക്കാത്ത സാഹചര്യത്തിൽ കാലതാമസം ഒഴിവാക്കുന്നതിനായി മേൽ ഉത്തരവിൽ വ്യവസ്ഥ ചെയ്ത സ്ഥാപനങ്ങളിൽ നിന്നും നിശ്ചിത കാലയളവിലേക്കാവശ്യമായ മരുന്നുകൾ വാങ്ങുന്നതിന് നടപടി സ്വീകരിക്കാവുന്നതാണ്. ഇക്കാര്യത്തിൽ ജില്ലാ പഞ്ചായത്ത് ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

### 1-71 മരുന്ന് കൺസ്യൂമബിൾസ് വാങ്ങുന്ന പദ്ധതി - ചെലവഴിച്ച സാമ്പത്തിക വർഷത്തിലോ സ്പിൽ ഓവർ പദ്ധതിയിലോ ഉൾപ്പെടുത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്

വടക്കാഞ്ചേരി ജില്ലാ ആശുപത്രി മെഡിക്കൽ സൂപ്രണ്ട് നിർവ്വഹണോദ്യോഗസ്ഥനായി പ്രൊജക്ട് നം.389/21

പ്രകാരം ജില്ലാ പഞ്ചായത്തിന്റെ മെയിന്റനൻസ് ഗ്രാന്റ് - റോഡിതര ഫണ്ടിൽ നിന്നും 25,00000 രൂപ വകയിരുത്തുകയും അതിൽ 24,90,613 രൂപ പദ്ധതി പ്രകാരം ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. അതോടൊപ്പം തന്നെ 2019-20 സാമ്പത്തിക വർഷത്തിന്റെ തുടർച്ചയായി സ്പിൽ ഓവർ പ്രൊജക്ട് നം.505/21 പ്രകാരം മെയിന്റനൻസ് ഗ്രാന്റ് - റോഡിതര ഫണ്ടിൽ നിന്നും 3,92,685 രൂപ വകയിരുത്തുകയും അതിൽ 3,92,544 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

മേൽ പ്രൊജക്ടുകളിൽ പ്രൊജക്ട് നം.389/21 ന്റെ രേഖകൾ പരിശോധിച്ചതിൽ ട്രഷറി ബിൽ നം.43/04-11-2020/തുക-4,12,026 രൂപ പ്രകാരമുള്ള വൗച്ചറുകളോടൊപ്പം 02/2020, 03/2020 മാസങ്ങളിലെ ചില ഇൻവോയിസുകളും ഉൾപ്പെട്ടിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| സ്ഥാപനം | ഇൻവോയിസ് നം. | തീയതി | തുക |
|---|---|---|---|
| സെൻട്രൽ സർജിക്കൽസ് | 1823 | 04-02-2020 | 5695 |
| നീതി മെഡിക്കൽസ് | 108071 | 18-03-2020 | 5105 |
| പ്രധാൻ മന്ത്രി.. (HMC) | JAS/PAZ /WAD08 | 24-03-2020 | 14684 |

2019-20 സാമ്പത്തിക വർഷത്തെ ഇൻവോയിസുകൾ അതേ സാമ്പത്തിക വർഷത്തിൽ തന്നെയോ നിലവിലുണ്ടായിരുന്ന സ്പിൽ ഓവർ പ്രൊജക്ടിലോ (നം. 505/21) ഉൾപ്പെടുത്താൻ കഴിയാതെ 2020-21 സാമ്പത്തിക വർഷത്തെ വൗച്ചറുകളോടൊപ്പം ക്ലെയിം ചെയ്യുവാനിടയായതിന്റെ കാരണം വിശദമാക്കുവാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന്റെ (നം.16/15-02-2022) മറുപടിയിൽ 'എച്ച്.എം.സി ഫണ്ടിൽ നിന്നും കോവിഡ് 19 മെഡിസിൻ വാങ്ങിയത് ആ കാലഘട്ടത്തിൽ എച്ച്.എം.സി യിലെ വരുമാനം വളരെ കുറവായതിനാൽ പ്രസ്തുത തുക എച്ച്.എം.സി യിലേയ്ക്ക് റീക്രൂപ്പ് ചെയ്തതാണ് ' എന്നാണ് അറിയിച്ചിട്ടുള്ളത്. തുടർന്നുള്ള വർഷങ്ങളിൽ പദ്ധതി ആസൂത്രണ രൂപീകരണ വേളയിൽ വർക്കിംഗ് ഗ്രൂപ്പിൽ തൻവർഷത്തിൽ പര്യാപ്തമായ തുക വകയിരുത്തുന്നതിന് ശുപാർശ ചെയ്യുന്നതിനും ക്ലെയിമുകൾ അതാതു വർഷത്തിൽ തന്നെയോ സ്പിൽ ഓവർ പദ്ധതിയിലോ ഉൾപ്പെടുത്തി ചെലവഴിക്കുന്നതിനും പരമാവധി ശ്രദ്ധിക്കേണ്ടതാണ്.

## 1-72 വടക്കാഞ്ചേരി ജില്ലാ ആശുപത്രിയിൽ സൗരോർജ്ജ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള സാധ്യത പരിശോധിക്കാവുന്നതാണ്

വടക്കാഞ്ചേരി ജില്ലാ ആശുപത്രിയിലെ കണ്ടീജൻസി ചെലവുകൾക്കായി ജില്ലാ ആശുപത്രി സൂപ്രണ്ട് നിർവ്വഹണം നടത്തിയ 397/21 നമ്പർ പ്രൊജക്ടിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്ട് നം. | 397/21 |
| പ്രൊജക്ടിന്റെ പേര് | ജില്ലാ ആശുപത്രി വടക്കാഞ്ചേരി - കണ്ടീജൻസി ചെലവുകൾ |
| അടങ്കൽ തുക/ഫണ്ടിനം | 20,00000<br>(തനത് ഫണ്ട് - 100000 + മെയിന്റനൻസ് ഫണ്ട് - റോഡിതരം - 19,00000) |
| ചെലവ് | 15,62,800 (മെയിന്റനൻസ് ഫണ്ട് - റോഡിതരം) |

ജില്ലാ ആശുപത്രിയുടെ വൈദ്യുതി ചാർജ്ജ്, വെള്ളക്കരം, മറ്റ് അനുബന്ധ ചെലവുകൾ എന്നിവയ്ക്കായി ആകെ 15,62,800 രൂപ ഓഡിറ്റ് വർഷത്തിൽ കണ്ടീജൻസി ചെലവുകൾക്കായി ചെലവഴിച്ചിട്ടുണ്ട്. ചെലവു രേഖകളുടെ പരിശോധനയിൽ ആകെ ചെലവു തുകയുടെ ഏതാണ്ട് പകുതി തുക 7,36,383 രൂപ ജില്ലാ ആശുപത്രിയുടെ ഭാഗമായുള്ള 7 കൺസ്യൂമർ നമ്പറുകളിലുള്ള വൈദ്യുതി കണക്ഷനുകളുടെ ചാർജ്ജ് ഒടുക്കുന്നതിനായി

ചെലവഴിച്ചിട്ടുള്ളതായി ബോധ്യപ്പെട്ടു. തുടർന്ന് 6 കൺസ്യൂമർ നമ്പറുകൾ ഒഴിവാക്കി ഒറ്റ കണക്ഷൻ ആക്കുന്നതിനും ഹൈടെൻഷൻ സപ്ലൈ ആക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുള്ളതായി ഫയലുകളുടെ പരിശോധനയിൽ കാണുന്നു. ആയതിന്റെ അഡീഷണൽ ചാർജ്ജിനത്തിൽ 92,217 രൂപയും ഇതിനു പുറമേ കെ.എസ്.ഇ.ബി യ്ക്ക് നൽകിയിട്ടുണ്ട്. ആയതിനാൽ തുടർന്നുള്ള വൈദ്യുതി ചാർജ്ജിലും വളരെയധികം വർദ്ധനവ് ഉണ്ടാകുന്നതിനുള്ള സാധ്യത നിലനിൽക്കുന്നുണ്ട്.

വൈദ്യുതി ഉപഭോഗത്തിന്റെ ഭാഗമായുള്ള ചെലവു കുറയ്ക്കുന്നതിനായി വടക്കാഞ്ചേരി ജില്ലാ ആശുപത്രിയിൽ സൗരോർജ്ജ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ അത്തരത്തിലുള്ള നിർദ്ദേശങ്ങൾ ആരോഗ്യ - വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയിലോ വർക്കിംഗ് ഗ്രൂപ്പുകളിലോ ഉന്നയിച്ചിട്ടുണ്ടോ എന്ന വിവരം ലഭ്യമാക്കുന്നതിന് ഓഡിറ്റ് അന്വേഷണം (നം.16/15-02-2022) നൽകിയതിന്റെ അടിസ്ഥാനത്തിൽ പ്രാരംഭ ഘട്ടമായി പ്രസ്തുത വിഷയം സംബന്ധിച്ച് കെ.എസ്.ഇ.ബി യിലോട്ടും ജില്ലാ പഞ്ചായത്തിലും കത്തു നൽകിയിട്ടുണ്ട് എന്ന് അറിയിച്ചിട്ടുണ്ട്. 2020-21 വർഷത്തെ ആരോഗ്യം വർക്കിംഗ് ഗ്രൂപ്പ് മിനിട്ട്സ് പരിശോധനയിൽ സൗരോർജ്ജ പ്ലാന്റ് സ്ഥാപിക്കുന്നതിന്റെ സാധ്യത പരിശോധിയ്ക്കുന്നതിനുള്ള ശുപാർശകളൊന്നും ഉയർന്നു വന്നിട്ടില്ല. ആയതിനാൽ വടക്കാഞ്ചേരി ജില്ലാ ആശുപത്രിയിൽ സൗരോർജ്ജ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള സാധ്യത പരിശോധിച്ച് അടുത്ത വാർഷിക പദ്ധതി രൂപീകരണ വേളയിൽ വിഷയം പരിഗണിയ്ക്കുന്നതിന് ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

1-73 മരാമത്ത് പദ്ധതികൾ-അവലോകനം

ജില്ലാ പഞ്ചായത്തിൽ 2020-2021 സാമ്പത്തിക വർഷത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ(എൽ എസ് ജി ഡി) നിർവ്വഹണോദ്യോഗസ്ഥനായി 14 പദ്ധതികൾ ആവിഷ്കരിച്ചതിൽ 11 എണ്ണത്തിനും അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ(എൽ എസ് ജി ഡി) നിർവ്വഹണോദ്യോഗസ്ഥനായി 535 പദ്ധതികളിൽ 384 എണ്ണത്തിനും തുക ചെവഴിച്ചിട്ടുണ്ട്. ആകെ 549 എണ്ണം പ്രൊജക്റ്റുകൾ (243 New Projects, 306 Spill Over Projects) നടപ്പാക്കാനുണ്ടായിരുന്നതിൽ 395 എണ്ണം(11+384)നടപ്പാക്കി. തുക ചെലവഴിച്ചതിൽ 273 എണ്ണം സ്പിൽ ഓവർ പ്രൊജക്റ്റുകളും 122 എണ്ണം പുതിയ പ്രൊജക്റ്റുകളുമാണ്. 549 പദ്ധതികൾക്കായി 70.95 കോടി രൂപ വകയിരുത്തിയതിൽ 39.02 കോടി രൂപയാണ് ഓഡിറ്റ് വർഷം ചെലവായത്. ചെലവ് ശതമാനം 55%
അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ(എൽ എസ് ജി ഡി) ടെ 2020-2021 സാമ്പത്തിക വർഷത്തെ 353 പദ്ധതികളും എക്സിക്യൂട്ടീവ് എഞ്ചിനീയർ(എൽ എസ് ജി ഡി) ടെ 4 പദ്ധതികളും 2021-22 വർഷത്തേക്ക് സ്പില്ല് ഓവർ പ്രൊജക്റ്റുകളാക്കിയിട്ടുണ്ട്
കൂടാതെ അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ(കൃഷി) നിർവ്വഹണോദ്യോഗസ്ഥനായി ഉല്പാദന മേഖലയിൽ 2.98 കോടി രൂപ അടങ്കലിൽ 33 പദ്ധതികൾ ആവിഷ്കരിച്ചതിൽ 23 എണ്ണം നടപ്പാക്കിയിട്ടുണ്ട്. ചെലവ് 2,15,35,681/-രൂപ, ചെലവ് ശതമാനം 72.37%

സ.ഉ(കൈ)11/2018/തസ്വഭവ /തിയതി 29.1.2018 ഖണ്ഡിക 3.4.3 പ്രകാരം ജില്ലയിലെ ഗ്രാമപഞ്ചായത്തുകളും ബ്ലോക്ക് പഞ്ചായത്തുകളും ജില്ലാ പഞ്ചായത്തിന്റെ പരിഗണനക്ക് നൽകുന്ന ശുപാർശകൾ, ജില്ലാ സഭ യോഗത്തിലെ ശുപാർശകൾ ജില്ലാ പഞ്ചായത്ത് വികസന സെമിനാറിലെ നിർദ്ദേശങ്ങൾ ഉൾക്കൊണ്ടും ജില്ലാ പഞ്ചായത്തിന്റെ തനത് വികസനലക്ഷ്യങ്ങൾ കണക്കിലെടുത്തുകൊണ്ടും ജില്ലാ പഞ്ചായത്തിന്റെ വാർഷികപദ്ധതി തയ്യാറാക്കേണ്ടതാണ്. ഖണ്ഡിക 3.5.1 പ്രകാരം പുതിയ കെട്ടിടനിർമ്മാണം നിർദ്ദേശിക്കുന്ന അവസരത്തിൽ നിർജീവ ആസ്തിയുണ്ടോയെന്നും അവ ഉപയോഗപ്പെടുത്താൻ കഴിയുമോയെന്നും പരിശോധിക്കണം. നിർമ്മാണപ്രവൃത്തികളുടെ പ്രൊജക്റ്റ് തയ്യാറാക്കുമ്പോൾ തന്നെ വിശദമായ എസ്റ്റിമേറ്റ്കൂടി തയ്യാറാക്കണം. വർക്കിംഗ് ഗ്രൂപ്പുകൾ ബന്ധപ്പെട്ട പ്രൊജക്റ്റുകളുടെ അടങ്കൽ തുകയെക്കുറിച്ച് കൃത്യമായ വിലയിരുത്തൽ നടത്തണം, പ്രൊജക്റ്റുകളുടെ പരിസ്ഥിതി ആഘാത സാദ്ധ്യതകളും ഓരോ പ്രൊജക്റ്റിന്റെയും യുക്തി, ക്ഷമത, പ്രായോഗികത, നിയമസാധുത, വിജയസാധ്യത എന്നിവ വർക്കിംഗ് ഗ്രൂപ്പുകൾ പരിശോധിച്ച് ചർച്ച ചെയ്ത് ഉറപ്പാക്കണം. പ്രൊജക്റ്റുകളുടെ ഗുണമേന്മ ഉറപ്പുവരുത്തുക എന്നത് വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലയാണ്. കൂടാതെ പദ്ധതികളുടെ മോണിട്ടറിംഗ് ചുമതലയും വർക്കിംഗ് ഗ്രൂപ്പുകൾക്കാണ്.
മേൽ പറഞ്ഞ സർക്കാർ നിർദ്ദേശങ്ങൾ പലപ്പോഴും പാലിക്കപ്പെടുന്നില്ല. മരാമത്ത് പ്രവൃത്തികൾ ഏറ്റെടുക്കുന്നതിനുമുൻപ് ബന്ധപ്പെട്ട ഗ്രാമ, ബ്ലോക്ക് പഞ്ചായത്തുകളുമായി ആശയവിനമയം കൃത്യമായി

നടത്തുന്നില്ലെന്ന് പല പ്രവൃത്തികളുടെയും ഫയലിൽ നിന്നും വ്യക്തമാണ്. ജില്ലയിലെ ഗ്രാമപഞ്ചായത്തുകളും ബ്ലോക്ക് പഞ്ചായത്തുകളും ജില്ലാ പഞ്ചായത്തിന്റെ പരിഗണനക്ക് നൽകുന്ന ശുപാർശകൾക്കനുസരിച്ചാണ് ജില്ലാപഞ്ചായത്ത് പദ്ധതികൾ തയ്യാറാക്കേണ്ടത്. അപ്രകാരം ചെയ്യാത്തതിനാൽ മരാമത്ത് പദ്ധതികളുടെ നിർവ്വഹണഘട്ടത്തിൽ പലപ്പോഴും എസ്റ്റിമേറ്റിൽ മാറ്റം വരുത്തേണ്ടതായും അനാവശ്യകാലതാമസം വരുന്നതായും കാണുന്നുണ്ട്.

പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് മിനുട്സിൽ മേൽ പറഞ്ഞ സർക്കാർ നിർദ്ദേശപ്രകാരമുള്ള ചർച്ചകൾ നടന്നതായി രേഖപ്പെടുത്തലുകൾ ഇല്ല. വാർഷിക പദ്ധതിക്കായുള്ള നിർദ്ദേശങ്ങളും തീരുമാനങ്ങളും 9.1.2020 ലെ യോഗത്തിൽ എടുത്തശേഷം അവ നടപ്പിലാകുന്നുണ്ടോ എന്ന് വിശകലനം ചെയ്തിട്ടില്ല. ഈ യോഗത്തിൽ മരാമത്ത് പ്രവൃത്തികൾ സംബന്ധിച്ച പൊതുവായ കാര്യങ്ങളാണ് ചർച്ചചെയ്തിട്ടുള്ളത്. ഈ തീരുമാനങ്ങളിൽ പലതും, ഉദാഹരണത്തിന് റോഡുകളുടെ നിർമ്മാണത്തിലും അറ്റകുറ്റപ്പണികളിലും കാനകൾ കൂടി ഉൾപ്പെടുത്തണം, പദ്ധതികളുടെ എണ്ണം ക്രമീകരിച്ച് നിർമ്മാണം പൂർത്തിയാക്കുന്നതിന് ഉതകുന്ന പദ്ധതികൾ തയ്യാറാക്കണം, തുടങ്ങിയവ പലപ്പോഴും പ്രാവർത്തികമാക്കിയിട്ടില്ല. മേൽപറഞ്ഞ പ്രകാരം അപാകതകളുള്ള മരാമത്ത് പ്രവൃത്തികളുടെ വിവരം തുടർന്നുള്ള ഖണ്ഡികകളിൽ വിശദമാക്കുന്നു.

## 1-74 പാടശേഖരത്തിൽ മോട്ടോർ സ്ഥാപിക്കപ്പെട്ടിട്ടില്ല

പ്രൊജക്റ്റിന്റെ പേര് -വടക്കേ കോഞ്ചിറ സബ്മേഴ്സിബിൾ മോട്ടോർ, പ്രൊജക്റ്റ് നം 875/21
നിർവ്വഹണം - അസി.എക്സിക്യൂട്ടിവ് എഞ്ചിനീയർ, (കൃഷി)

അടങ്കൽ- വികസനഫണ്ട് -12,00,000/-

ചെലവ്-12,00,000/-

( ട്രഷറി ബില്ല് ക്രമ നം 20/CB No.07 /2020-21/25.9.20 , 9,60,000

ട്രഷറി ബില്ല് ക്രമ നം 35/CB No.21/2020-21/29.3.21 , 2,40,000, ആകെ = 12,00,000/- )

ടെണ്ടർ വിളിച്ച് ആൽക്കെം ഇന്റസ്ട്രീസ് എന്ന സ്ഥാപനത്തിൽ നിന്നുമാണ് 50HP മോട്ടോർ വാങ്ങിയത്, ഇൻവോയ്സ് നം.WCR/GST/47/20-21/1.9.20

പാടശേഖരസമിതി മോട്ടോർ കൈപ്പറ്റി കരാർ വച്ചിട്ടില്ല, മോട്ടോർ സ്ഥാപിച്ച് പ്രവർത്തിപ്പിച്ചു തുടങ്ങിയിട്ടുണ്ടോയെന്ന് പരിശോധിച്ച് നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. അതുവരെ ചെലവുതുക 12,00,000/- രൂപ തടസ്സപ്പെടുത്തുന്നു.(ഓഡിറ്റ് എൻക്വയറി 5/17.12.2021)

## 1-75 പ്രളയം മൂലം പമ്പ്സെറ്റ് നഷ്ടപ്പെട്ടവർക്ക് പമ്പ്സെറ്റ് നൽകൽ, പദ്ധതി നടത്തിപ്പിലെ അപാകതകൾ

പ്രൊജക്റ്റ് നം - 870/21
നിർവ്വഹണം - അസി.എക്സിക്യൂട്ടിവ് എഞ്ചിനീയർ,(കൃഷി)

അടങ്കൽ- വികസനഫണ്ട് - 1,00,00,000/-

2020-21 ലെ ചെലവ് -

ട്രഷറി ബില്ല് ക്രമ നം 19/CB No.06/2020-21/25.9.20 , 40,00,000

ട്രഷറി ബില്ല് ക്രമ നം 28/CB No.10/2020-21/5.2.21 , 27,92,000

ട്രഷറി ബില്ല് ക്രമ നം 36/CB No.22/2020-21/30.3.21 , 24,78,000

ആകെ = 92,70,000/-

A)കരാർ വക്കുന്നതിനും , കരാർ പ്രകാരമുള്ള പ്രവൃത്തി പൂർത്തികരിക്കുന്നതിനും വൈകി

ടെണ്ടർ ക്ഷണിച്ച് ആൽക്കെം ഇന്റസ്ട്രീസ് എന്ന സ്ഥാപനത്തിന്റെ 92,70,000/- രൂപയുടെ ടെണ്ടർ സ്വീകരിച്ചു. എഇ.(3) 1490/2019/ 27.12.2019 കത്തുപ്രകാരം സപ്ലൈ ഓർഡർ കൊടുത്തു. ആയത് ലഭിച്ച് 7 ദിവസത്തിനകം കരാർ വക്കണമായിരുന്നു. കരാർ വച്ചിരിക്കുന്നത് സപ്ലൈ ഓർഡർ കൊടുത്ത് ഒന്നരമാസത്തിനു ശേഷം 13.2.2020 നാണ് (കരാർ നമ്പർ ഇല്ല).

12.5.2020 ന് കരാർ കാലാവധി (90 ദിവസം) അവസാനിച്ചു, ഫയലിലുള്ള 2 പാടശേഖരസമിതികളുടെ റസീറ്റ് പ്രകാരം 10/2020 നാണ് മോട്ടോർ സ്ഥാപിച്ചത്. കരാർ നിബന്ധന 6(ബി) പ്രകാരം വൈകുന്ന ഓരോ ആഴ്ചക്കും 0.5 % മുതൽ 1 % വരെ ഫൈൻ ഈടാക്കേണ്ടതാണ്. കരാർ വക്കുന്നതിനും, കരാർ പ്രകാരമുള്ള പ്രവൃത്തി പൂർത്തികരിക്കാനും വൈകിയതിന് സ്ഥാപനത്തിനെതിരെ നടപടിസ്വീകരിക്കുകയോ ഫൈൻ ഈടാക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം അറിയിക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി 5/17.12.21ക്ക് ലഭിച്ച മറുപടിയിൽ കോവിഡ് സാഹചര്യം മൂലമാണ് മോട്ടോർ സ്ഥാപിക്കാൻ വൈകിയതെന്നാണ് അറിയിച്ചിട്ടുള്ളത്. മറുപടി തൃപ്തികരമല്ല. പ്രൊജക്ട് ഫയലിലെ രേഖകൾ പ്രകാരം നാളിതുവരെ 8 മോട്ടോറുകളിൽ 2 എണ്ണം മാത്രമാണ് പാടശേഖരസമിതികൾ കൈപ്പറ്റി കരാർ വച്ചിരിക്കുന്നത്. അവശേഷിക്കുന്നവ സ്ഥാപനം സപ്ലൈ ചെയ്തിട്ടുണ്ടോ, ഉണ്ടെങ്കിൽ അവ എവിടെ സൂക്ഷിച്ചിരിക്കുന്നു തുടങ്ങിയ വിവരങ്ങൾ മറുപടിയിൽ നൽകിയിട്ടില്ല.

B) വാങ്ങിയ മോട്ടോർ പമ്പുസെറ്റുകൾ പാടശേഖരസമിതികൾ കൈപ്പറ്റിയിട്ടില്ല

മൂന്ന് ഇൻവോയ്സുകൾ പ്രകാരമാണ് ആൽക്കെം ഇന്റസ്ട്രീസ് മോട്ടോർ പമ്പ് സെറ്റ് നൽകിയിരിക്കുന്നത്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

| ക്രമ നം | ഇൻവോയ്സ് നം /തിയതി | പാടശേഖരസമിതികളുടെ പേരുകൾ | റിമാർക്സ് |
|---|---|---|---|
| 1 | WCR/GST /42/20-21 /24.8.20<br>50,00,000 | കാട്ടൂർ തെക്കുംപാടം, കാട്ടൂർ, 50HP<br>പെരുവല്ലൂർപടവ്, മുല്ലശ്ശേരി, 50HP<br>ഇഞ്ചമുടിപടവ്, ചാഴൂർ, 50HP<br>പണ്ടാരംകോൾപടവ്, പാറളം, 50HP | പണ്ടാരംകോൾപടവ് സംഘത്തിന്റെ മാത്രം കൈപ്പറ്റ് രശീതി, കരാർ എന്നിവ ഉണ്ട്, 5/10/20 ൽ മോട്ടോർഫിറ്റ് ചെയ്തു |
| 2 | WCR/GST /46/20-21 /01.9.20<br>34,90,000 | വിളക്കുമാടം പടവ്, അരിമ്പൂർ, 50HP<br>ഗ്രാമശ്രീ കോൾപടവ്, മുരിയാട്, 40HP<br>പുള്ളർകരിക്കപാടശേഖരം, അടാട്ട്, 40HP | വിളക്കുമാടം പടവ് സംഘത്തിന്റെ മാത്രം കൈപ്പറ്റ് രശീതി, കരാർ എന്നിവ ഉണ്ട്, 9/10/20 ൽ മോട്ടോർഫിറ്റ് ചെയ്തു |
| 3 | WCR/GST /72/20-21 /20.2.21<br>7,80,000 | പഴവൂർ, എരുമപ്പെട്ടി, 20HP | കൈപ്പറ്റിയിട്ടില്ല |
| ആകെ തുക 92,70,000/- | | | |

മേൽ പറഞ്ഞപ്രകാരം 8 മോട്ടോറുകൾ വാങ്ങിയതിൽ 2 എണ്ണം മാത്രമാണ് പാടശേഖരസമിതികൾ കൈപ്പറ്റി കരാർ വച്ചിരിക്കുന്നത്. ബാക്കിയുള്ളവയുടെ തൽസ്ഥിതിയുടെ പരിശോധിച്ച് ഉചിതമായ നടപടികൾ സ്വീകരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

C)ഒരേ ഇനം മോട്ടോർ പമ്പ്സെറ്റിന് ഒരേ സ്ഥാപനത്തിന് രണ്ട് വില അനുവദിച്ചു

വടക്കേ കോഞ്ചിറ പാടത്ത് സബ്മേഴ്സിബിൾ മോട്ടോർ സ്ഥാപിക്കുന്ന 875/21 നമ്പർ പദ്ധതിയിലും പ്രളയം മൂലം പമ്പ്സെറ്റ് നഷ്ടപ്പെട്ടവർക്ക് പമ്പ്സെറ്റ് നൽകൽ 870/21 നമ്പർ പദ്ധതിയിലും 50HP മോട്ടോർ വാങ്ങിയിട്ടുണ്ട്. 870/21 നമ്പർ പദ്ധതിയിൽ 12.5 ലക്ഷം വീതം വില നൽകി വാങ്ങിയ (പട്ടികയിലെ ക്രമ നം 1, ഇൻവോയ്സ്

WCR/GST/42/20-21/24.8.20,നാല് 50HP മോട്ടോറുകളുടെ വില 50,00,000) അതേ സ്പെസിഫിക്കേഷനുകളുള്ള 50HP മോട്ടോർ , ആൽക്കെം ഇൻഡസ്ട്രീസ് ൽ നിന്നുതന്നെ നെഗോസിയേഷൻ നടത്തി 12 ലക്ഷം രൂപ വില നിശ്ചയിച്ചാണ് 875/21 നമ്പർ പ്രൊജക്ററിൽ വാങ്ങിയത്. 870/21 നമ്പർ പദ്ധതിയിൽ ആകെ 5 എണ്ണം 50HP മോട്ടോറുകളാണ് വാങ്ങിയിട്ടുള്ളത്.

രണ്ടു പ്രൊജക്റ്റുകളിലായി ഒരേ ഇനത്തിന് ഒരേസ്ഥാപനം ഒരേ കാലഘട്ടത്തിൽ രണ്ട് വില ഈടാക്കി കാണുന്നു. ആയതിനു കാരണം പരിശോധിച്ച് മറുപടി ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 5 ന് ലഭിച്ച മറുപടിയിൽ വടക്കേ കോഞ്ചിറ പാടത്ത് സബ്മേഴ്സിബിൾ മോട്ടോർ സ്ഥാപിക്കുന്ന പദ്ധതിയിൽ ജില്ലാപഞ്ചായത്തിൽ നിന്നും 12 ലക്ഷം രൂപ മാത്രമേ വകയിരുത്തിയിരുന്നുള്ളൂ എന്നതിനാലാണ് നെഗോസിയേഷൻ നടത്തിയതെന്നാണ് അറിയിച്ചത്. ജില്ലാ പഞ്ചായത്ത് വകയിരുത്തിയ തുകയ്ക്കനുസരിച്ച് വില തീരുമാനിക്കുക എന്നത് ശരിയായ നടപടിയല്ല. ഒരു പ്രൊജക്റ്റിനുവേണ്ടി മാത്രമായി വില നെഗോസിയേഷൻ നടത്തി കുറവുചെയ്തു. കൂടുതൽ തുക വകയിരുത്തിയിട്ടുണ്ട് എന്ന ഒറ്റ കാരണത്താൽ നെഗോസിയേഷന്റെ സാധ്യത ഉപയോഗപ്പെടുത്തിയില്ല. അപ്രകാരം ചെയ്തിരുന്നുവെങ്കിൽ വാങ്ങിയ എല്ലാ 50HP മോട്ടോറുകളിന്മേലും 50,000/-രൂപ വീതം പൊതുപണം ലാഭിക്കാമായിരുന്നു.

D) സൈറ്റ് ഇൻസ്പെക്ഷൻ റിപ്പോർട്ട് ശുപാർശ പ്രകാരമുള്ള മോട്ടോർ വാങ്ങിയിട്ടില്ല

ഓവർസീയർ ഗ്രേഡ് 1 സമർപ്പിച്ച സൈറ്റ് ഇൻസ്പെക്ഷൻ റിപ്പോർട്ടിൽ 50HP മോട്ടോറാണ് പുളൂർ കരിക്കപാടശേഖരത്തിന് ശുപാർശ ചെയ്തത്. എസ്റ്റിമേറ്റിലും ഈ പാടശേഖരത്തിന് 50HP മോട്ടോറാണ് കാണിച്ചിരിക്കുന്നത്, എന്നാൽ ടെണ്ടർ നോട്ടീസിൽ 40HP യാണ് ഉൾപ്പെടുത്തിയത്. വാങ്ങിയതും 40HP മോട്ടോറാണ്. ( പട്ടികയിലെ ക്രമ നം 2,ഇൻവോയ്സ് നം WCR/GST/46/20-21/01.9.20). പാടശേഖരസമിതി മോട്ടോർ കൈപ്പറ്റി സ്ഥാപിച്ചതിന്റെ രേഖകളില്ല.

ഇപ്രകാരം സൈറ്റ് ഇൻസ്പെക്ഷൻ റിപ്പോർട്ട് ശുപാർശയിലെ നിർദ്ദേശത്തിന് വ്യത്യസ്തമായി മോട്ടോർ വാങ്ങിയതിന്റെ സാഹചര്യവും നിലവിൽ മോട്ടോർ സ്ഥാപിക്കപ്പെട്ടിട്ടുണ്ടോയെന്ന വസ്തുതയും പരിശോധിച്ച് വേണ്ട നടപടികൾ കൈക്കൊള്ളേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്

E) പാടശേഖരത്തിലെ പവർ അലോക്കേഷൻ അനുസരിച്ചുള്ള മോട്ടോർ പമ്പ്സെറ്റ് വാങ്ങിയില്ല , മോട്ടോറിന് അനുയോജ്യമായ മറ്റൊരു പാടശേഖരം കണ്ടെത്താൻ തീരുമാനം

1.11.2019 ന് ഓവർസീയർ ഗ്രേഡ് 1 സമർപ്പിച്ച സൈറ്റ് ഇൻസ്പെക്ഷൻ റിപ്പോർട്ടിൽ പഴവൂർ പാടശേഖരത്തിനു 10HP മോട്ടോറാണ് ശുപാർശചെയ്തത്. എന്നാൽ കൃഷി എ.എക്സ്.ഇ , സെക്രട്ടറിക്ക് അയച്ച എഇ(3)/1490 /19/1.11.2019 കത്തിലും പിന്നീട് തയ്യാറാക്കിയ എസ്റ്റിമേറ്റിലും 20HP മോട്ടോർ എന്നാണ് ചേർത്തിരിക്കുന്നത്. ഇൻവോയ്സ് WCR/GST/72/20-21/20.2.21 പ്രകാരം 20HP മോട്ടോർ ആണ് വാങ്ങിയത്. ആയത് സംഘം കൈപ്പറ്റിയിട്ടില്ല .

എ.എക്സ്.ഇ ,സെക്രട്ടറിക്ക് അയച്ച എഇ(3)/1490/19/28.1.2021 കത്തിൽ പഴവൂർ പാടശേഖരത്തിൽ നിലവിലുള്ള പമ്പ്ഹൌസ് 20HP End Suction MF Pumpset സ്ഥാപിക്കാൻ പറ്റിയതല്ലെന്നും പാടശേഖരസമിതി സെക്രട്ടറിയുമായി ഫോൺ മുഖാന്തിരം സംസാരിച്ചപ്പോൾ അവർ 10HP പമ്പ്സെറ്റിനാണ് അപേക്ഷിച്ചതെന്നും 10HP യ്ക്കുള്ള പവർ അലോക്കേഷൻ മാത്രമേയുള്ളൂവെന്നും 20HP മോട്ടോർ അവർക്ക് ആവശ്യമില്ലെന്ന് അറിയിച്ചതായും പറഞ്ഞിട്ടുണ്ട്. ടി കത്തിൽ ടെണ്ടർ നടത്തുകയും കരാറുകാരൻ മോട്ടോർ സപ്ളൈ ചെയ്യുകയും ചെയ്ത സ്ഥിതിക്ക് ഈ പമ്പ് സെറ്റ് ആവശ്യമുള്ള മറ്റേതെങ്കിലും പാടശേഖരത്തിലേക്ക് സപ്ലൈ ചെയ്യുന്നതിന് അനുമതിയും കൃഷി എ.എക്സ്.ഇ ആവശ്യപ്പെട്ടിട്ടുണ്ട്. തുടർന്ന് 8.3.2021 ലെ ജില്ലാപഞ്ചായത്ത് യോഗം വികസനസ്ഥിരം സമിതിയുടെ 1(5) നമ്പർ തീരുമാനം ചർച്ചചെയ്ത് ഈ പമ്പ് സെറ്റ് അവണൂർ,അന്തിക്കാട് ഡിവിഷനുകളിലെ ഏതെങ്കിലും പാടശേഖരത്തിന് അനുയോജ്യമാണോ എന്ന് ഡിവിഷൻ മെമ്പർമാരുമായി ചർച്ചചെയ്ത് നിർദ്ദേശം സമർപ്പിക്കാൻ കൃഷി എഎക്സ്ഇ യെ ചുമതലപ്പെടുത്താൻ 2(3) നമ്പറായി തീരുമാനമെടുത്തിട്ടുണ്ട്. ഇപ്രകാരം 10HP യ്ക്കുപകരം 20HP മോട്ടോർ വാങ്ങാനുണ്ടായ കാരണം,വാങ്ങിയ മോട്ടോറിന്റെ ഇപ്പോഴത്തെ അവസ്ഥ എന്നിവ പരിശോധിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

മേൽപ്പറഞ്ഞ അപാകതകൾ പരിഹരിച്ച് എല്ലാ പമ്പ് സെറ്റുകളും സ്ഥാപിക്കപ്പെട്ടതു സംബന്ധിച്ച് വ്യക്തമായ

മറുപടി ലഭ്യമാക്കുന്നതുവരെ ചെലവുതുക 92,70,000/- രൂപ തടസ്സപ്പെടുത്തുന്നു.

1-76 അടിസ്ഥാനസൌകര്യങ്ങൾ ഉറപ്പുവരുത്താതെ മോട്ടോർ പമ്പ് സെറ്റ് വാങ്ങി-നാളിതുവരെ മോട്ടോറുകൾ സ്ഥാപിച്ചിട്ടില്ല,ചെലവുതുക തടസ്സപ്പെടുത്തുന്നു.

പ്രൊജക്റ്റിന്റെ പേര്- പുത്തൻചിറ -പകരപ്പിള്ളി കാരാന്ത്ര ചേന്നങ്കരി പാടശേഖരം 10എച്ച് പി മോട്ടോർ പമ്പ് സെറ്റ് , പ്രൊജക്റ്റ് നം. 866/21

നിർവ്വഹണം - അസി.എക്സിക്യൂട്ടിവ് എഞ്ചിനീയർ,(കൃഷി)

അടങ്കൽ- വികസനഫണ്ട് 9,00,000 + ഗുണഭോക്തൃവിഹിതം 1,00,000 , ആകെ -10,00,000

2020-21ലെ ചെലവ്- ട്രഷറി ബിൽ നം 24/2020-21 / 31.3.21 , തുക 5,75,057/-

ടെണ്ടർ ക്ഷണിച്ച് , വികസനകാര്യസ്ഥിരം സമിതിയുടെ തീരുമാനം 4(3)/5.11.2018 പ്രകാരം പെരിയാർ ട്രേഡിംഗ് കമ്പനി,ദേശം ,ആലുവ എന്ന സ്ഥാപനത്തിന്റെ 9,92,500/- രൂപയുടെ ടെണ്ടർ അംഗീകരിച്ചു. (ഒരു 20 എച്ച് പി മോട്ടോറും,വില 5,34,400/-രൂപ, മൂന്ന് 10 എച്ച് പി മോട്ടോറുകളും ,വില 4,58,100 രൂപ)

കരാർ നം 23/2018-19/ തിയതി 5.12.2018 , കരാർ കാലാവധി 90 ദിവസം

പദ്ധതിയുടെ ഗുണഭോക്താക്കളായ ചേന്നങ്കരി പാടശേഖരസമിതി മൂന്ന് 10എച്ച് പി മോട്ടോറുകൾക്കായി 45810/- രൂപയും പകരപ്പിള്ളി- കാരാന്ത്ര സമിതി ഒരു 20എച്ച് പി മോട്ടോറിനായി 53440രൂപയും ഗുണഭോക്തൃവിഹിതം അടവാക്കിയിട്ടുണ്ട്.

കരാർ കാലാവധി 4.3.2019 ന് അവസാനിച്ചു.

30.7.2020 ന് മുൻപ് മോട്ടോർപമ്പ്സെറ്റ് വിതരണം ചെയ്തില്ലെങ്കിൽ കരാർ റദ്ദുചെയ്യുമെന്ന് അറിയിച്ചുകൊണ്ട് പെരിയാർട്രേഡിംഗ് കമ്പനിക്ക് നിർവ്വഹണോദ്യോഗസ്ഥനായ അസി.എക്സിക്യൂട്ടിവ് എഞ്ചിനീയർ,കൃഷി 15.7.20 ന് കത്ത് അയച്ചു. പമ്പുകളും അനുബന്ധ ഉപകരണങ്ങളും പാടശേഖരസമിതികൾക്ക് ലഭ്യമാക്കിയിട്ടുണ്ടെങ്കിലും അടിസ്ഥാന സൌകര്യങ്ങളില്ലാത്തതിനാൽ അവ സ്ഥാപിക്കാനായിട്ടില്ല എന്ന് കമ്പനി 26.7.20 ന് അയച്ച കത്ത് പ്രകാരം മറുപടി നൽകി. തുടർന്ന് ഓവർസീയർ പരിശോധന നടത്തി പമ്പ് ഹൌസ്, ഇലക്ട്രിക് കണക്ഷൻ , ഫൌണ്ടേഷൻ തുടങ്ങിയ അടിസ്ഥാന സൌകര്യങ്ങളില്ലാത്തതിനാൽ മോട്ടോറുകൾ സ്ഥാപിച്ചിട്ടില്ലെന്ന് 24.11.20ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ഉത്തരവ് നം എഇ (3)/333/18/30.3.2021 പ്രകാരം ട്രയൽറൺ പൂർത്തീകരിക്കാത്തതിനാൽ ഓഡിറ്റ് വർഷത്തെ ബിൽ തുകയായ 5,75,057/- രൂപയിൽ നിന്നും റീടെൻഷൻ 1,43,765 രൂപ കുറച്ചാണ് സ്ഥാപനത്തിന് അനുവദിച്ചിട്ടുള്ളത്. ഓഡിറ്റ് എൻക്വയറി 5/17.12.21 ന് ലഭിച്ച മറുപടിയിൽ മോട്ടോർ സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് നിർവ്വഹണോദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്.

2017-18 ൽ ആരംഭിച്ച പ്രൊജക്റ്റ് നാളിതുവരെയായും പൂർത്തീകരിച്ചിട്ടില്ല. അടിസ്ഥാനസൌകര്യങ്ങൾ ഉറപ്പുവരുത്താതെ വാങ്ങൽ നടപടികൾ ആദ്യം സ്വീകരിച്ചതാണ് ഇത്തരത്തിൽ സംഭവിക്കാനിടയാക്കിയത് . അടിയന്തിരമായി മോട്ടോറുകൾ സ്ഥാപിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. വ്യക്തമായ മറുപടി ലഭിക്കുന്നതുവരെ ചെലവുതുക 5,75,057/- രൂപ തടസ്സപ്പെടുത്തുന്നു.

1-77 റോഡ് റീടാറിംഗ് പ്രവൃത്തിയിൽ വെള്ളക്കെട്ട് ഒഴിവാക്കാനുള്ള മാർഗ്ഗങ്ങൾ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയില്ല

പ്രൊജക്റ്റിന്റെ പേര് -മാള ഗ്രാമപഞ്ചായത്ത്-കെ കെ റോഡ് പുനർനിർമ്മാണം,പ്രൊജക്റ്റ് നം-43/21

നിർവ്വഹണം-അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽഎസ്ജിഡി

അടങ്കൽ-വികസനഫണ്ട്-12,00,000

കരാറുകാരൻ-കെ പി കുര്യാക്കോസ് , കരാർ തുക-11,98,366.4/-

കരാർ നം-196/എഇഇ/എൽഎസ്ജിഡി/ഡിവിഷൻ തൃശ്ശൂർ/2018-19/ 24.1.2019

സൈറ്റ് ഏറ്റെടുത്തത്- 12.2.2019, പ്രവൃത്തിയുടെ കാലാവധി-10 മാസം

പദ്ധതിചെലവിന്റെ വിശദാംശങ്ങൾ

| | |
|---|---|
| ഫസ്റ്റ് പാർട്ട് ബില്ല് (29.3.19തിയതിയിലെട്രഷറി ബില്ല് ) | 4,00,000 |
| ട്രഷറി ബില്ല് നം 134/തിയതി 25.5.2020 | 5,51,517 |
| ആകെ | 9,51,517/- |

അപാകതകൾ

(എ) പദ്ധതിസ്ഥലം കൈമാറാൻ വൈകി

അസി .എക്സി.എഞ്ചിനീയർ കരാറുകാരന് 24.1.2019 ന് അയച്ച D3-1101/19 നമ്പർ സെലക്ഷൻ നോട്ടീസിൽ കരാറുവച്ച് 10 ദിവസത്തിനകം പണി ആരംഭിക്കാൻ നിർദ്ദേശിച്ചിരുന്നു. 24.1.2019നാണ് കരാർ വച്ചത്. എന്നാൽ കരാറുവച്ച് ഇരുപതാമത്തെ ദിവസം 12.2.2019 നാണ് സൈറ്റ് കൈമാറിയിട്ടുള്ളത്. പദ്ധതിസ്ഥലം കൈമാറാൻ വൈകിയതിനു കാരണം വ്യക്തമാക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി നം 22/23.2.22 ന് ലഭിച്ച മറുപടിയിൽ കരാറുകാരൻ എഗ്രിമെന്റ് വച്ച് വർക്ക് ഓർഡർ ലഭ്യമാക്കിയതിനുശേഷമാണ് സൈറ്റ് ഹാന്റ് ഓവർ ചെയ്തതെന്നു മാത്രമാണ് മറുപടി തന്നിരിക്കുന്നത്. മറുപടി വ്യക്തമല്ല. 24.1.2019നാണ് കരാർ വച്ച് അന്നുതന്നെ വർക്ക് ഓർഡറും നൽകിയിട്ടുള്ളതാണ്.

കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ, 2012 ലെ സെക്ഷൻ 2102-1 പ്രകാരം ഒരു പ്രവൃത്തിക്കു വേണ്ടിയുള്ള കരാർ ചമച്ച് 10 ദിവസത്തിനകം കരാറുകാരനോ അയാളുടെ അംഗീകൃത പ്രതിനിധിയോ പ്രവൃത്തിസ്ഥലം അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഏറ്റെടുക്കേണ്ടതും നിശ്ചിത മാതൃകയിലുള്ള കൈപ്പറ്റു രസീത് ഒപ്പുവെച്ചു നൽകേണ്ടതുമാണ്. കരാറുകാരൻ സൈറ്റ് ഏറ്റെടുക്കാൻ ഹാജരാകുന്നില്ല എങ്കിൽ അസിസ്റ്റന്റ് എഞ്ചിനീയർ ഒപ്പു വെച്ച രസീത് കരാറുകാരന് രജിസ്റ്റേർഡ് തപാലിൽ അയച്ചു കൊടുക്കേണ്ടതാണ്. ഇത്തരം സാഹചര്യത്തിൽ തപാൽ അയച്ച ദിവസം മുതൽ കരാറുകാരൻ സൈറ്റ് ഏറ്റെടുത്തതായി കണക്കാക്കുന്നതാണ്. ഇപ്രകാരം നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. പദ്ധതി നിർവ്വഹണത്തിലെ അനാവശ്യകാലതാമസം ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

(ബി) എസ്റ്റിമേറ്റ് തയ്യാറാക്കിയത് അപര്യാപ്തം,എസ്റ്റിമേറ്റ് പ്രകാരമുള്ള പണികൾ പൂർണ്ണമായും ചെയ്യേണ്ടിവന്നില്ല,എസ്റ്റിമേറ്റിൽ ഇല്ലാത്ത പണികൾ ചെയ്തു

എസ്റ്റിമേറ്റ് പ്രകാരം 51.141 M2 Pot Hole Filling ,600m നീളവും 7m വീതിയുമുള്ള റോഡ് റീട്ടാറിംഗ് എന്നീ പണികളാണ് ചെയ്യേണ്ടിയിരുന്നത്.

അളവുപുസ്തകം 256/18-19 പ്രകാരം 5.3.2019 നാണ് ആദ്യ അളവെടുത്തിരിക്കുന്നത്. 489 മീറ്റർ നീളം റോഡ് റീടാറിംഗ് നടത്തി ഒന്നാമത്തെ പാർട്ട് ബില്ല് തയ്യാറാക്കിയിട്ടുണ്ട്. പാർട്ട് ബില്ല് അവസാന അളവ് എടുത്തത് 27.3.2019 നാണ്, ബില്ല് തുക 9,51,517/- രൂപയാണെങ്കിലും 4,00,000/- ൽ ലിമിറ്റ് ചെയ്ത് കരാറുകാരന് നൽകി.

തുടർന്ന് 3.7.2019 മുതൽ 15.7.2019 വരെയുള്ള തിയതികളിൽ അളവെടുത്ത് അളവുപുസ്തകം 256/18-19 പേജുകൾ 37 മുതൽ 41വരെ രേഖപ്പെടുത്തിയതുപ്രകാരം താഴെ പറയുന്ന എക്സ്ട്രാ ഇനങ്ങൾ ചെയ്തതിന് സെക്കന്റ് പാർട്ട് ബില്ല് തയ്യാറാക്കിയിട്ടുണ്ട്

E1-Earth Work In Excavation.... -- 6.66m3 (119 മീറ്റർ നീളം , 0.6 M വീതി, 0.1m ആഴം) , 1521/-

E2-Providing And Laying In Position Cement Concrete ......1:4:8 -- 5.826 M3 (119 മീറ്റർ നീളം , Approx 0.6 M വീതി, Approx 0.1m ആഴം) , 35807.99/-

എക്സ്ട്രാ ഇനങ്ങൾ പ്രകാരമുള്ള കോൺക്രീറ്റിംഗ് പ്രവൃത്തികൾ ഒറിജിനൽ എസ്റ്റിമേറ്റിൽ ഉണ്ടായിരുന്നില്ല. മേൽ കോൺക്രീറ്റ് ഇനങ്ങൾ ഉൾപ്പെടുത്തി റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയതിന് അംഗീകാരം ലഭിച്ചിട്ടില്ല, ടി പണികൾ ചെയ്തത് പരാതിക്കിടയായതിനാൽ പ്രവൃത്തി നിർത്തി വച്ചു. കോൺക്രീറ്റ് ചെയ്ത് നിലവിലെ കാന മൂടിയതായും ആയതിനാൽ റോഡിൽ വെള്ളം കെട്ടിനിൽക്കുന്നുവെന്നും ഇതു സംബന്ധിച്ച പരാതിക്കാരന്റെ (ഷാന്റി ജോസഫ്,തട്ടകത്ത് വീട്) കത്തിൽ ആക്ഷേപമുന്നയിച്ചിട്ടുണ്ട്.

കോൺക്രീറ്റ് വർക്കിന്റെ തുക ഒഴിവാക്കുന്നതിന് സമ്മതമാണെന്ന് കരാറുകാരൻ 28.9.2020 ന് കത്ത്

നൽകിയിട്ടുണ്ട്. കോൺക്രീറ്റ് വർക്കിന്റെ തുക കരാറുകാരന് അനുവദിച്ചിട്ടില്ല. പാർട്ട് ബിൽ തുകയായ 9,51,517/- രൂപ മാത്രമാണ് കരാറുകാരന് അനുവദിച്ചിട്ടുള്ളത്.

11.98 ലക്ഷം രൂപക്ക് കരാർ വച്ച ഈ പദ്ധതിക്കായി 9.5 ലക്ഷം മാത്രമെ ചെലവഴിച്ചിട്ടുള്ളു . 600m റോഡ് റീടാറിംഗ് നടത്താനായിരുന്ന എസ്റ്റിമേറ്റും കരാറും തയ്യാറാക്കിയതെങ്കിലും 489m നീളം മാത്രമാണ് പ്രവൃത്തി ചെയ്തത്. ബാക്കി റീടാറിംഗ് ചെയ്യാതെ പദ്ധതി അവസാനിപ്പിച്ചു. യഥാർത്ഥത്തിൽ 489m നീളം മാത്രമാണ് പ്രവൃത്തി ചെയ്യാനുണ്ടായതെന്നും ആയതിനാലാണ് ഐറിഷ് കാന നിർമ്മിക്കാൻ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് അനുമതി തേടിയതെന്നുമാണ് ഓഡിറ്റ് എൻക്വയറി 22/23.02.2022 ന് മറുപടി നൽകിയിട്ടുള്ളത്.

കെ കെ റോഡിൽ എസ്റ്റിമേറ്റ് പ്രകാരമുള്ള നീളത്തിൽ റീടാറിംഗ് വേണ്ടിവന്നില്ല എന്ന കണ്ടപ്പോൾ പ്രൊജക്റ്റിലെ ബാക്കി തുക വിനിയോഗിക്കുന്നതിനുവേണ്ടി അനുമതി ലഭിക്കുന്നതിനു മുൻപുതന്നെ അശാസ്ത്രീയമായരീതിയിൽ റോഡിന്റെ വശത്ത് കോൺക്രീറ്റിംഗ് ചെയ്യുകയാണുണ്ടായതെന്ന് ഇതിൽ നിന്നും വ്യക്തമാണ്. ഇതുമൂലം രൂപപ്പെട്ട രൂക്ഷമായ വെള്ളക്കെട്ട് ഒഴിവാക്കുന്നതിനുവേണ്ടി കെ കെ റോഡിൽ കാന നിർമ്മാണം എന്ന പേരിൽ 10 ലക്ഷം അടങ്കലിൽ 2020-21 ൽ മറ്റൊരു പ്രൊജക്റ്റ് ജില്ലാ പഞ്ചായത്തിന് ആവിഷ്കരിക്കേണ്ടി വന്നു (പ്രൊജക്റ്റ് നം 340/21. ചെലവ് 2021-22 വർഷത്തിൽ). ഈ പദ്ധതിപ്രകാരം

90m നീളത്തിൽ കാനയും 153.80m നീളത്തിൽ റോഡിന്റെ വശങ്ങളിൽ 80cm വീതിയിൽ കോൺക്രീറ്റ് ചെയ്യുന്ന പ്രവൃത്തികളും മെയിന്റനൻസ് ഗ്രാന്റ് (റോഡ്) ഫണ്ടിൽ നിന്നും 7,93,711/- രൂപ ചെലവഴിച്ച് 2021-22 വർഷത്തിൽ ചെയ്തിട്ടുണ്ട്. ആദ്യത്തെ പ്രൊജക്റ്റിനെ സംബന്ധിച്ചുള്ള പരാതിയിൽ മാള സബ്ട്രഷറിക്കു മുൻപിലുള്ള റോഡിലാണ് അശാസ്ത്രീമായരീതിയിൽ കോൺക്രീറ്റിംഗ് നടത്തിയതുമൂലം വെള്ളക്കെട്ടുള്ളതെന്ന് വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ട്. രണ്ടാമത്തെ പ്രൊജക്റ്റിന്റെ സൈറ്റ് പ്ലാനിൽ പ്രൊപ്പോസ്ഡ് ഡ്രെയിൻ കാണിച്ചിരിക്കുന്നതും സബ്ട്രഷറിയുടെ മുൻപിലുള്ള റോഡിലാണ്. ആതായത് പരാതിക്കിടയായ ഭഗത്തുതന്നെയാണ് പുതിയ പ്രൊജക്റ്റും നടപ്പാക്കേണ്ടത്. പുതിയ പദ്ധതിക്കായി തയ്യാറാക്കിയിരുന്ന എസ്റ്റിമേറ്റിൽ കോൺക്രീറ്റിംഗ് പൊളിച്ചുനീക്കാനുള്ള പ്രവൃത്തി ഇനം1. ആയി ഉൾപ്പെടുത്തിയിരുന്നു, എന്നാൽ ഈ ഇനം ചെയ്യാതെ എസ്റ്റിമേറ്റിൽ ഭേദഗതി വരുത്തിയാണ് മേൽപറഞ്ഞപ്രകാരം 90m നീളത്തിൽ കാനയും 153.80m നീളത്തിൽ റോഡിന്റെ വശങ്ങളിൽ 80cmവീതിയിൽ കോൺക്രീറ്റ് ചെയ്യുന്ന പ്രവൃത്തികളും ചെയ്തത്.

ആദ്യ പ്രൊജക്റ്റിൽ റിവൈസ്ഡ് എസ്റ്റിമേറ്റിന് അനുമതി ലഭിക്കാതെ ചെയ്ത കോൺക്രീറ്റ് പണി കരാറുകാരനോട് പൊളിച്ചുനീക്കാൻ ആവശ്യപ്പെട്ടതു സംബന്ധിച്ചോ, കരാറുകാരൻ പൊളിച്ചുകളഞ്ഞതു സംബന്ധിച്ചോ രേഖകൾ ഇല്ല, പൊളിച്ചുനീക്കിയതായി ഉത്തരവാദപ്പെട്ടവർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടുമില്ല (നോട്ട് ഫയലിൽ ഇക്കാര്യം സൂചിപ്പിച്ചിട്ടുണ്ടെങ്കിലും). 9.8.2021 ന് കരാറുകാരന് സെക്യൂരിറ്റി ഡെപ്പോസിറ്റ് തുക തിരികെ നൽകിയിട്ടുമുണ്ട്. കോൺക്രീറ്റിംഗ് ആര് നിക്കം ചെയ്തു,അല്ലെങ്കിൽ പൊളിച്ചുനീക്കാതെയാണോ അതേ റോഡിൽ വീണ്ടും പുതിയ പ്രൊജക്റ്റ് പ്രകാരം കോൺക്രീറ്റിംഗ് നടത്തിയതെന്ന് പരിശോധിച്ച് വ്യക്തമാക്കേണ്ടതാണ്.

പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പിന്റെ 9.1.2020 തിയതിയിലെ 2020-21 വർഷത്തെ പദ്ധതിരൂപീകരണവുമായി ബന്ധപ്പെട്ട യോഗത്തിൽ റോഡുകളുടെ നിർമ്മാണവും അറ്റകുറ്റപ്പണികൾക്കുമൊപ്പം കാനകൾ കൂടി ഉൾപ്പെടുത്തി റോഡ് പ്രവൃത്തികളുടെ പദ്ധതികൾ തയ്യാറാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

ആദ്യ എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോൾ തന്നെ പ്രസ്തുത റോഡിന്റെ അവസ്ഥ പരിശോധിച്ച് റീ ടാറിംഗ് നടത്തേണ്ട റോഡിന്റെ നീളം കൃത്യമായി കണക്കാക്കി, റോഡിൽ വെള്ളംകെട്ടിനിൽക്കാതിരിക്കുന്നതിനുള്ള സംവിധാനങ്ങൾ ഉൾപ്പെടുത്തി റോഡ് പുനർനിർമ്മാണത്തിന് എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നുവെങ്കിൽ ഗുണഭോക്താക്കളുടെ പരാതിക്ക് സാഹചര്യം ഒരുക്കാതെ പദ്ധതി കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കാമായിരുന്നു . പദ്ധതിപ്രദേശം സന്ദർശിച്ച് ആവശ്യമായ പരിശോധനകൾ നടത്തി എസ്റ്റിമേറ്റുകൾ തയ്യാറാക്കേണ്ടതും അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്

(ആദ്യത്തെ പദ്ധതിയിൽ അളവുപുസ്തകം പേജ് 38-41 പ്രകാരം കെകെ റോഡിൽ 1:4:8കോൺക്രീറ്റിംഗ് ചെയ്ത സ്ഥാനം റോഡിന്റെ ഇടതുവശത്ത് Post No MALA/KK/12 തുടങ്ങി Post No MALA/KK/14,Post No MALA/KK/15 വരെ 119 മീറ്റർ നീളത്തിൽ 0.60 Mവീതിയിലാണ്.

രണ്ടാമത്തെ പ്രൊജക്റ്റിൽ അളവുപുസ്തകം 238/21-22 പേജ് 14,15എന്നിവ പ്രകാരം എക്സ്ട്രാ ഇനം 2ആയി 1:2:4 Concreting ചെയ്തിട്ടുള്ളത് ചെയിനേജ് 350-450.4 , 100.4m , ചെയിനേജ് 520.6- 580 , 59.4 M ആകെ 159.8 M നീളം .8 M വീതിയിലുമാണ് .)

## 1-78 പ്രവൃത്തി വേണ്ടവിധം മേൽനോട്ടം നടത്തിയില്ല, പദ്ധതിപൂർത്തീകരണത്തിൽ കാലതാമസം

പ്രൊജക്റ്റിന്റെ പേര് , കൈപ്പമംഗലം-ബോർഡ് ഗാന്ധി-കൊപ്രക്കളംറോഡ് ഡ്രെയിൻ, 776/21

അടങ്കൽ-മെയിന്റനൻസ് ഗ്രാന്റ്റോഡ് -1000000

ചെലവ്- ട്രഷറി ബില്ല് നം 121/25.5.20 , 914699/-

കരാറുകാരൻ-സിജിൽകുമാർ

കരാർ നം 87/എഇഇ/എൽഎസ്ജിഡി/ഡിവിഷൻ തൃശ്ശൂർ/18-19/9.10.18

സൈറ്റ് കൈമാറിയത്-9.10.18

പ്രവൃത്തിപൂർത്തീകരണകാലാവധി-6 മാസം (അതായത് 8.4.19 വരെ)

പ്രവൃത്തി പൂർത്തീകരിച്ചത് - 24.2.2020 ന് (അളവുപുസ്തകം 43/19-20പേജ് 14 പ്രകാരം)

9.10.18 ന് കരാർ വച്ച്, 8.4.19 ന് പൂർത്തീകരിക്കേണ്ടിയിരുന്ന പണിയുടെ ആദ്യ അളവെടുത്തിരിക്കുന്നത് 13.1.2020 നാണ്. പൂർത്തീകരണകാലാവധിക്കു ശേഷമാണ് പണി ആരംഭിച്ചിട്ടുള്ളത് എന്നു കണക്കാക്കാവുന്നതാണ്. പൂർത്തീകരിക്കാത്തതിന് കാരണം ചോദിച്ച് കരാറുകാരന് എക്സി.എഞ്ചിനീയറുടെ ഓഫീസിൽ നിന്നും കത്തയച്ചിരിക്കുന്നത് 2.12.2019 ന മാത്രമാണ്. ആയതിന് 7.12.19 ന് കരാറുകാരൻ നൽകിയ മറുപടിയിൽ ടി പ്രവൃത്തിയുടെ അവസാനഭാഗത്തുള്ള ഷെഡ് പൊളിച്ചുനൽകിയാൽ മാത്രമേ പണി പൂർത്തീകരിക്കാനാകൂ എന്നറിയിച്ചിട്ടുണ്ട്. പ്രവൃത്തി ആരംഭിച്ച് 2 മാസത്തിനകം (24.2.2020 ന്) പൂർത്തീകരിച്ചു എന്ന കാരണത്താൽ കാലതാമസത്തിനുള്ള ഫൈൻ ഒഴിവാക്കി നൽകിയിട്ടുണ്ട് (നോട്ട് ഫയലിൽ 10.3.2020 ലെ തീരുമാനം)

പദ്ധതിസ്ഥലത്ത് അസൌകര്യമുള്ളതായി കരാറുകാരൻ യഥാസമയം അറിയിച്ചതായി ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല, എഞ്ചിനീയറിംഗ് വിഭാഗത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ പദ്ധതിപ്രദേശം സന്ദർശിച്ച് പ്രവൃത്തി പുരോഗതി പരിശോധിക്കുകയോ പൂർത്തീകരണത്തിലെ കാലതാമസം സംബന്ധിച്ച് യഥാസമയം അന്വേഷണം നടത്തുകയോ വേണ്ട നടപടികളെടുക്കുകയോ ചെയ്തിട്ടില്ല. ഇക്കാര്യം ഓഡിറ്റ് എൻക്വയറി 21/22.2.22 പ്രകാരം ശ്രദ്ധയിൽപ്പെടുത്തിയിരുന്നെങ്കിലും മറുപടി ലഭിച്ചിട്ടില്ല. ലക്ഷക്കണക്കിന് രൂപ പൊതു പണം ചെലവഴിച്ച് പ്രൊജക്റ്റുകൾ നടപ്പാക്കുമ്പോൾ ശരിയായ മേൽനോട്ടവും മോണിട്ടറിംഗും ഉണ്ടാകേണ്ടതും അനാവശ്യമായ കാലതാമസം ഒഴിവാക്കേണ്ടതുമാണ്.

## 1-79 കെട്ടിടനിർമ്മാണപ്രാജക്റ്റുകൾ സമഗ്രമായി തയ്യാറാക്കുന്നില്ല

അസി.എക്സിക്യൂട്ടിവ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി 2020-2021 സാമ്പത്തികവർഷത്തിൽ നിർമ്മാണപ്രവൃത്തികൾക്കായി തുക ചെലവഴിച്ചിട്ടുള്ള കൊടകര ഗ്രാമപഞ്ചായത്തിലെ ആനത്തടം സാംസ്കാരിക നിലയം , പഴമ്പിള്ളി സാംസ്കാരിക നിലയം , പുതുക്കാട് ഗ്രാമപഞ്ചായത്തിലെ രണ്ടാംകല്ല് എസ്.സി കോളനി സാംസ്കാരിക നിലയം എന്നീ മൂന്ന് പട്ടികജാതി കോളനികളിലെ സാംസ്കാരികനിലയങ്ങൾ ഓഡിറ്റ് ടീം 1.6.2022 ന് സന്ദർശിക്കുകയുണ്ടായി.

സാംസ്കാരികനിലയങ്ങൾ എസ് സി ഫണ്ട് ഉപയോഗിച്ചാണ് പണിതിരിക്കുന്നത്. പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ വിവാഹങ്ങളും മറ്റു സാംസ്കാരിക യോഗങ്ങളും നടത്തുന്നതിനാണ് ഇവ ഉപയോഗിക്കുന്നത്. വിവിധ വർഷങ്ങളിലായി വിവിധ പ്രോജക്റ്റുകളിലൂടെയാണ് ഈ കെട്ടിടങ്ങൾ പണിയുന്നത്. കെട്ടിടങ്ങളിൽ സാംസ്കാരിക നിലയങ്ങൾക്കാവശ്യമായ സൌകര്യങ്ങൾ പൂർണ്ണമായി തയ്യാറാക്കിയിട്ടില്ല. കാലോചിതമായ രീതിയിൽ ശുചീകരണ സൌകര്യങ്ങളും മാലിന്യ സംസ്കരണ സംവിധാനങ്ങളും ഒരുക്കിയിട്ടില്ല. ആദ്യം സ്ട്രക്ചർ പണിയുകയും തുടർന്ന് ഫണ്ടിന്റെ ലഭ്യതക്കനുസരിച്ച് ഓരോ തദ്ദേശ ഭരണ സ്ഥാപനവും പലപ്പോഴായി കൂട്ടിച്ചേർക്കലുകൾ വരുത്തിക്കൊണ്ടിരിക്കുകയും ചെയ്യുന്നത് കെട്ടിടങ്ങളുടെ സൌകര്യവും ഭംഗിയും കുറയുന്നതിന് കാരണമായിട്ടുണ്ട്.

സ.ഉ.(കൈ) നം 11/2018/ തസ്വഭവ,തിയതി 29.1.2018 ഖണ്ഡിക 3.5.2 (4)പ്രകാരം ഒരു ബഹുവർഷനിർമ്മാണ പ്രോജക്റ്റിനൊപ്പം വിവിധ വർഷങ്ങളിലായി ചെയ്യാനുദ്ദേശിക്കുന്ന മൊത്തം പ്രവൃത്തിയുടെ വിശദമായ എസ്റ്റിമേറ്റ് ഉണ്ടാകണം. മൊത്തം പ്രവൃത്തിയുടെ എസ്റ്റിമേറ്റിനുള്ള സാങ്കേതികാനുമതി ആദ്യവർഷം തന്നെ വാങ്ങേണ്ടതാണ്. ഖണ്ഡിക 3.5. 1 (9)പ്രകാരം കെട്ടിടനിർമ്മാണപ്രോജക്റ്റുകളുടെ കാര്യത്തിൽ കെട്ടിടത്തിന്റെ നിർമ്മാണം അനുബന്ധസൌകര്യങ്ങളായ ഇലക്ട്രിഫിക്കേഷൻ , പ്ലംബിംങ് എന്നീ ഘടകങ്ങൾ എല്ലാം ഉൾപ്പെടുത്തി ഒറ്റ പ്രോജക്റ്റായി വേണം തയ്യാറാക്കേണ്ടത്. ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

സാംസ്കാരിക നിലയങ്ങളുടെ നിർമ്മിതിക്കായി പദ്ധതി തയ്യാറാക്കുന്നതിലെ അപാകതകൾ,

ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ പലവർഷങ്ങളിലായി പ്രോജക്റ്റ് വച്ച് പ്രവൃത്തി നടത്തിക്കൊണ്ടിരിക്കുന്നു.

പല ഘട്ടങ്ങളിലായി,വിവിധ ഫണ്ടുകളുപയോഗിച്ച് പ്രോജക്റ്റ് വച്ച് പ്രവൃത്തി നടത്തിക്കൊണ്ടിരിക്കുന്ന കെട്ടിട നിർമ്മാണ പദ്ധതികൾക്ക് ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു

(I) പുതുക്കാട് ഗ്രാമപഞ്ചായത്തിലെ രണ്ടാംകല്ല് എസ്.സി കോളനി സാംസ്കാരിക നിലയത്തിന്റെ പൂർത്തീകരണമാണ് ജില്ലാ പഞ്ചായത്ത് പ്രോജക്റ്റ് വച്ച് 9.31 ലക്ഷം ചെലവഴിച്ച് 2020-2021 സാമ്പത്തികവർഷത്തിൽ ഫൈനൽ ബില്ല് അനുവദിച്ചിട്ടുള്ളത്. കെട്ടിടത്തിന്റെ സ്ട്രക്ചർ വർക്ക് അതിനുമുൻപ് കഴിഞ്ഞിട്ടുള്ളതാണ്, ആതിന്റെ കൂടുതൽ വിശദാംശങ്ങൾ, ഏത് വർഷം ഏത്ഫണ്ടുപയോഗിച്ച് ആരു നിർമ്മിച്ചു തുടങ്ങിയവ ലഭ്യമാക്കിയിട്ടില്ല.

ഫ്ലോർ ടൈൽ ഇടൽ, റാമ്പ് ഹാന്റ് റെയിൽ, കോംപൌണ്ട് വാൾ, മുറ്റം ടൈലിടൽ തുടങ്ങിയ പണികളാണ് ഇപ്പോൾ ജില്ലാ പഞ്ചായത്ത് പൂർത്തീകരിച്ചത്. ഒരു ഹാൾ,ശുചിമുറി എന്നിവ മാത്രമാണ് പണിതിട്ടുള്ളത്, ഇതിനോട് ചേർന്ന് മറ്റൊരു ഹാൾ കൂടി പണിയാൻ നിർദ്ദേശം ഉള്ളതായി ഗ്രാമപഞ്ചായത്ത് അസി.എഞ്ചിനീയറിൽ നിന്നും അറിയാനായി.

(Ii) കൊടകര ഗ്രാമപഞ്ചായത്തിലെ പഴമ്പിള്ളി സാംസ്കാരിക നിലയം 26.4.2005 ൽ ശിലാസ്ഥാപനം നടത്തി, 20.7.2006 ൽ ഉദ്ഘാടനം നടത്തിയതാണ്, 3.10.2015 ൽ നവീകരണ ഉദ്ഘാടനം നടത്തിയതിന്റെ ഫലകവും ഉണ്ട്. ഷീറ്റ് മേഞ്ഞ ഒരു ഹാളാണ് ആദ്യം പണിതത്.

കൊടകര ബ്ലോക്ക് പഞ്ചായത്തിന്റെ 2018 -19 വർഷത്തെ പദ്ധതിപ്രകാരം 11. 43 ലക്ഷം രൂപ ചെലവഴിച്ചും ഈ കെട്ടിടത്തിൽ പണിനടത്തിയിട്ടുള്ളതായിക്കാണുന്നു. ഇപ്രകാരം ആദ്യം ഉണ്ടായിരുന്ന ഹാളിന് എക്സ്റ്റൻഷനായി പണിത ഭാഗത്ത് ടൈലിടൽ , റോളർ ഷട്ടർ സ്ഥാപിക്കൽ തുടങ്ങിയ പണികളാണ് ജില്ലാ പഞ്ചായത്ത് 2019- 20 വർഷത്തിൽ പദ്ധതി രൂപീകരിച്ച് 9.11 ലക്ഷം ചെലവഴിച്ച് നിർവഹിച്ചത്(2020-2021 സാമ്പത്തിക വർഷം ഫൈനൽ ബില്ല് നൽകി). ഈ ഭാഗത്തിന് മുകൾ നിലയിൽ മുറികൾ പണിതിട്ടുണ്ടെങ്കിലും പണികൾ പൂർത്തീകരിച്ചിട്ടില്ല. ഈ കെട്ടിടത്തിനു മുൻഭാഗത്തെ മുറ്റം ട്രസ്സ് വർക്ക് ചെയ്തത് ഏതു പ്രോജക്റ്റ് പ്രകാരം എന്നത് വ്യക്തമല്ല. ആയതു സംബന്ധിച്ച രേഖപ്പെടുത്തലുകളില്ല.

(Iii)കൊടകര ഗ്രാമപഞ്ചായത്തിലെ ആനത്തടം സാംസ്കാരിക നിലയം കെട്ടിടത്തിന്മേലുള്ള ഫലകങ്ങൾ പ്രകാരം കൊടകര ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 വർഷത്തെ പദ്ധതിപ്രകാരം 16.33 ലക്ഷം രൂപ ചെലവഴിച്ചാണ് ഒന്നാംനില പണികഴിച്ചത്(പണി പൂർത്തീകരിച്ച വർഷം ഇല്ല). തുടർന്ന് 2018-19 വർഷത്തിൽ ബ്ലോക്ക് പഞ്ചായത്ത് 4.73 ലക്ഷം രൂപ ചെലവഴിച്ച് സാംസ്കാരിക നിലയം രണ്ടാം ഘട്ടം എന്ന പേരിൽ കെട്ടിടത്തിന് എക്സ്റ്റൻഷൻ ( ബി ബ്ലോക്ക് ) പണിതിട്ടുണ്ട്. ഈ കെട്ടിടത്തിന്റെ രണ്ടാം നിലയാണ് ജില്ലാ പഞ്ചായത്ത് 20.80 ലക്ഷം രൂപ ചെലവഴിച്ച് പണിതിട്ടുള്ളത്.

(Iv)അതിരപ്പിള്ളി -അയ്യങ്കാളി കൾച്ചറൽ സെന്റർ പൂർത്തീകരണം, 818/21 എന്ന പ്രൊജക്റ്റ് വാർഡ് 7 ലെ കണ്ണങ്കുഴി കോളനിയിൽ കഴിഞ്ഞവർഷം പണിത കെട്ടിടത്തിനു മുകളിൽ ഒന്നാംനില പണിയുന്നതിനാണ്

17.66 ലക്ഷത്തിന് കരാർ വച്ചതെങ്കിലും ചെലവായത് 14.27 ലക്ഷം രൂപയാണ്, എസ്ററിമേറ്റും കരാറും പ്രകാരമുള്ള മുഴുവൻ പണികളും ചെയ്യേണ്ടിവന്നിട്ടില്ല. ഓഡിറ്റ് എൻക്വയറി 47/3.6.2022 ന് ലഭിച്ച മറുപടിയിൽ ബ്ലോക്ക് പഞ്ചായത്തിലെ മറ്റൊരു പദ്ധതി മുഖാന്തിരം ഈ കെട്ടിടത്തിൽ പ്രവൃത്തികൾ നടത്തിയിട്ടുള്ളതുകൊണ്ട് മുറ്റം ടൈലിടൽ തുടങ്ങിയ ചില ഇനങ്ങൾ ഒഴിവാക്കിയതാണ് ചെലവു കുറഞ്ഞതിന്റെ ഒരു കാരണമായി രേഖപ്പെടുത്തിയിട്ടുള്ളത്.

മേൽ പറഞ്ഞ ഉദാഹരണങ്ങളിൽ നിന്നും സാംസ്കാരിക നിലയങ്ങൾ എന്ന പേരിൽ പണിയുന്ന കെട്ടിടങ്ങൾക്ക് സ്ഥലവാസികളുടെ ആവശ്യങ്ങൾക്കനുസൃതമായി സമഗ്രമായ എസ്റ്റിമേറ്റ് തയ്യാറാക്കാതെ, ഘട്ടംഘട്ടമായി ഓരോ ഭാഗങ്ങൾ പണിതുകൊണ്ടിരിക്കുന്നു എന്നാണ് വ്യക്തമാകുന്നത്. പ്രത്യേക ഘടക പദ്ധതി വിഹിതം ചെലവഴിക്കുക എന്നതിനു മാത്രം പ്രാധാന്യം നൽകാതെ പ്രസ്തുത കെട്ടിടങ്ങൾ ജനങ്ങൾക്ക് ഏറ്റവും പ്രയോജനപ്പെടും വിധം ഡിസൈൻ ചെയ്ത് തയ്യാറാക്കുക എന്നതിനായിരിക്കണം മുഖ്യ പരിഗണന നൽകേണ്ടത്.

പ്രൊജക്ടുകളുടെ ഗുണമേന്മ ഉറപ്പുവരുത്തുക എന്നതും പദ്ധതികളുടെ മോണിട്ടറിംഗ് ചുമതലയും വർക്കിംഗ് ഗ്രൂപ്പുകൾക്കാണ്. ആയത് വർക്കിംഗ് ഗ്രൂപ്പുകൾ കൃത്യമായി നിർവ്വഹിക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

പദ്ധതി മാർഗ്ഗരേഖയിൽ സർക്കാർ നിർദ്ദേശിച്ച പ്രകാരം കെട്ടിടനിർമ്മാണ പദ്ധതികൾ തയ്യാറാക്കുമ്പോൾ അതാതു കെട്ടിടങ്ങളുടെ ഉപയോഗത്തിനനുസരിച്ചുള്ള എല്ലാവിധ സൌകര്യങ്ങളും ഉൾപ്പെടുത്തിക്കൊണ്ടും, പരമാവധി പാഴ്ച്ചെലവുകൾ ഒഴിവാക്കി ദീർഘവീക്ഷണത്തോടെ കാലോചിതവും സാങ്കേതികമികവുറ്റതുമായ എസ്റ്റിമേറ്റ് തയ്യാറാക്കി ഗ്രാമ, ബ്ലോക്ക് , ജില്ലാ പഞ്ചായത്തുകളുടെ ഫണ്ടുകൾ യഥാവിധി വകയിരുത്തിക്കൊണ്ട് സംയുക്ത - ബഹുവർഷ പദ്ധതികളായി നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-80 ഗ്രാമപഞ്ചായത്തും ജില്ലാ പഞ്ചായത്തും ഒരേ പ്രവൃത്തിക്കായി പ്രൊജക്ടുകൾ ആവിഷ്കരിച്ചു

അളഗപ്പനഗർ പഞ്ചായത്ത്-എരിപ്പോട് റോഡ് റീടാറിംഗ് , കാന-പ്രൊജക്റ്റ് നം 825/21

നിർവ്വഹണം- അസി.എക്സി.എഞ്ചിനീയർ(എൽ.എസ്.ജി.ഡി)

| | |
|---|---|
| അടങ്കൽ | 10,00,000 ( മെയിന്റനൻസ് ഗ്രാന്റ്,റോഡ് ) |
| കരാറുകാരൻ | ഉമേഷ് എം എ |
| കരാർ തുക | 980559.93 |
| കരാർ നം | 258/എഇഇ /എൽ.എസ്.ജി.ഡി/തൃശ്ശൂർ ഡിവിഷൻ/2018-19/7.3.19 |
| സൈറ്റ് കൈമാറിയത് | 8.3.2019 |
| കരാർ കാലാവധി | 6 മാസം(അതായത് 7.9.2019 വരെ) |
| AS | 6/16.4.2018 |
| സാങ്കേതി കാനുമതി | LSGD/TS/2018-19/62719 /6.8.2018 |
| ചെലവ് | ട്രഷറി ബിൽ ക്രമ നം 193/27.5.2020, തുക 942896/- |

എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം അളഗപ്പനഗർ പഞ്ചായത്തിലെ 8.00 മീറ്റർ വീതിയുള്ള എരിപ്പോട് റോഡിൽ റീടാറിംഗും (800m), നിലവിലുള്ള കാനയുടെ തുടർച്ചയായി 130 മീറ്റർ നീളത്തിൽ കാനനിർമ്മിക്കുന്നതുമാണ് പ്രവൃത്തി. (DAR 2016 Cost Index 37.25%)

2018-19 ലെ പ്രൊജക്ടാണിത്. 10.10.18, 16.11.18 തിയതികളിലെ ടെണ്ടർ-റീടെണ്ടറുകളിൽ പ്രതികരണമില്ലാത്തതിനെത്തുടർന്ന് 6.2.19 ൽ ക്വട്ടേഷൻ നടത്തിയാണ് കരാറുകാരനെ കണ്ടെത്തിയത്. 7.3.19 ന് കരാർ വച്ച്, 8.3.19 ന് സൈറ്റ് കൈമാറി. അളവു പുസ്തകം 528/18-19

പേജ് 1 പ്രകാരം ആദ്യപണിയായ 126 മീറ്റർ നീളത്തിൽ കാനയ്ക്ക് മണ്ണെടുത്തിട്ടുള്ളതിന്റെ അളവ് എ.ഇ 2.5.2019

ന് എടുത്ത്, എ.ഇ.ഇ. 4.5.19 ന് ചെക്ക് മെഷർ ചെയ്തിട്ടുണ്ട്. തുടർന്ന് ഇതേ നീളത്തിൽ ഇനം 2, 1:4:8 Cement Concreting, ഇനം3-centering And Shuttering... എന്നീ പണികൾ ചെയ്തത് 16.5.19 ന് അളവ് എടുത്ത്, 17.5.19 ന് ചെക്ക് മെഷർ ചെയ്തിട്ടുണ്ട്. ഇത്രയും പണികൾ കഴിഞ്ഞശേഷം അളഗപ്പനഗർ ഗ്രാമപഞ്ചായത്ത് അസി.എഞ്ചിനീയർ, 20.5.2019 തീയതിയിൽ 27/AE/LSGS/AGR/2019-20 നമ്പറിൽ എക്സിക്യൂട്ടിവ് എഞ്ചിനീയർക്ക് അയച്ച കത്തിൽ,

'പ്രസ്തുത റോഡിന്റെ ഇടതുഭാഗത്താണ് കോൺക്രീറ്റ് ഡ്രെയിൻ ഉദ്ദേശിച്ചിരുന്നത്, എന്നാൽ പുതുക്കാട് പഞ്ചായത്തിന്റെയും അളഗപ്പനഗർ പഞ്ചായത്തിന്റെയും അതിർത്തിയായ പ്രസ്തുത ഭാഗത്ത് പുതുക്കാട് പഞ്ചായത്ത് വർക്ക് ടെൻഡർ നടപടികൾ പൂർത്തിയാക്കിയിട്ടുള്ളതായി അറിയുന്നു. ആയതിനാൽ ടി വർക്കിൽ ഉദ്ദേശിച്ചിട്ടുള്ള കോൺക്രീറ്റ് കാന വെള്ളക്കെട്ടുള്ള പ്രദേശമായതിനാൽ റോഡിന്റെ വലതുഭാഗത്തേക്ക് മാറ്റി ചെയ്യുന്നതിനും അപ്രകാരം മാറ്റം വരുത്തുമ്പോൾ ചെയ്യേണ്ടതായ ക്രോസ്സ് ഡ്രെയിൻ കൂടെ ഉൾപ്പെടുത്തി ചെയ്യുന്നതിന് അടങ്കൽ തുകയിൽ കവിയാതെ എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിന് തീരുമാനം നൽകണമെന്നും' അപേക്ഷിച്ചിരിക്കുന്നു. ജില്ലാ പഞ്ചായത്തിന്റെ 20.6.2019 തിയതിയിലെ 1/(2) നമ്പർ തീരുമാനപ്രകാരം എസ്റ്റിമേറ്റ് റിവൈസ് ചെയ്യാൻ അനുമതി കൊടുത്തു. ഈ അനുമതി ലഭിക്കുന്നതിനു മുൻപു തന്നെ റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരമുള്ള എക്സ്ട്രാ ഇനങ്ങൾ (റോഡിനു കുറുകേ ഇടേണ്ട സ്ളാബുകളുടെ നിർമ്മാണം) ചെയ്ത് അളവെടുത്തിട്ടുണ്ട്. അളവുപുസ്തകം പേജ് 25 വരെയുള്ള രേഖപ്പെടുത്തലുകൾ പ്രകാരം കാനയുടെ പണി മുഴുവനും 19.6.19 ന് അളവെടുത്ത് 20.6.19 ന് പരിശോധിക്കപ്പെട്ടുകഴിഞ്ഞിട്ടുണ്ട്. ആയതിനു ശേഷമാണ് അതായത് 22.10.2019 ന് റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരത്തിനായി കൊടകര ബ്ലോക്ക് അസി.എക്സി.എഞ്ചിനീയർ, ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടിവ് എഞ്ചിനീയർക്ക് കത്തയച്ചിട്ടുള്ളത്. 20.11.19 ന് റിവൈസ്ഡ് എസ്റ്റിമേറ്റിന് അംഗീകാരം നൽകി(നം 79345/18-19).

പദ്ധതിസ്ഥലത്തെക്കുറിച്ച് വേണ്ടവിധം പരിശോധന നടത്താതെ എസ്റ്റിമേറ്റ് തയ്യാറാക്കി

A) ഓഡിറ്റ് അന്വേഷണം 24/28.2.2022ന് ലഭ്യമാക്കിയ മറുപടിയിൽ പ്രസ്തുത റോഡിന്റെ മധ്യഭാഗത്തുള്ള തോടിന്റെ ഇടതുഭാഗം പുതുക്കാട് പഞ്ചായത്തും വലതുഭാഗം അളഗപ്പനഗർ പഞ്ചായത്തുമാണെന്നും പുതുക്കാട് പഞ്ചായത്തിന്റെ ഭാഗത്തെ ഡ്രെയിൻ പഞ്ചായത്ത് ചെയ്തിട്ടുള്ളതായും റോഡിന്റെ വലതുഭാഗത്ത് തോട് വരെയുള്ള അളഗപ്പനഗർ പഞ്ചായത്തിന്റെ ഭാഗത്താണ് ജില്ലാ പഞ്ചായത്ത് പ്രവൃത്തി ചെയ്തതെന്നും അറിയിച്ചിട്ടുണ്ട്. 130 മീറ്റർ കാന പണിയാനാണ് ഒറിജിനൽ എസ്റ്റിമേറ്റിൽ ഉദ്ദേശിച്ചതെങ്കിലും 126 മീറ്റർ കാനയും ക്രോസ്സ് ഡ്രെയിനും കൂടാതെ 790m റീടാറിംഗും ആണ് ചെയ്തതു്, ആയതനുസരിച്ച് എസ്റ്റിമേറ്റ് റിവൈസ് ചെയ്തു .

8.3.2019 ന് സൈറ്റ് ഏറ്റെടുത്ത് 2.5.19ന് ആദ്യ അളവെടുത്തു, ആദ്യം ചെയ്തത് കാനക്ക് മണ്ണെടുക്കുന്ന പ്രവൃത്തിയാണ്. അളവുപുസ്തകം 528/18-19 പേജ് 3 പ്രകാരം കാനക്ക് മണ്ണെടുത്തപ്പോൾ ക്രോസ്സ് ഡ്രെയിനിനു കൂടി മണ്ണെടുത്തിട്ടുണ്ട്. അതായത് ഒറിജിനൽ എസ്റ്റിമേറ്റിൽ മാറ്റം വരുത്തി പ്രവൃത്തി ആരംഭിച്ചശേഷമാണ് ജില്ലാ പഞ്ചായത്ത് പ്രൊജക്റ്റ് നടപ്പാക്കാനുദ്ദേശിക്കുന്ന സ്ഥലത്ത് പുതുക്കാട് ഗ്രാമപഞ്ചായത്ത് പ്രവൃത്തി ചെയ്യാൻ ആരംഭിച്ചിട്ടുണ്ടെന്നും ജില്ലാ പഞ്ചായത്തിന്റെ പദ്ധതിസ്ഥലം റോഡിന്റെ മറുഭാഗത്തേക്ക് മാറ്റണമെന്നുമുള്ള കാര്യം അളഗപ്പനഗർ ഗ്രാമപഞ്ചായത്ത് അസി.എഞ്ചിനീയർ, എക്സി.എഞ്ചിനീയറെ രേഖാമൂലം അറിയിക്കുന്നത്, അതായത് 20.5.19 ന്. ജില്ലാ പഞ്ചായത്തിൽ നിന്നും അനുമതി ലഭിക്കുന്നതിനുമുൻപ് തന്നെ പ്രവൃത്തിയിൽ വ്യതിയാനം വരുത്തി പണി ആരംഭിച്ചു.

അളഗപ്പനഗർ പഞ്ചായത്തിനു വേണ്ടിയാണ് ജില്ലാ പഞ്ചായത്ത് പ്രൊജക്റ്റ് ആവിഷ്കരിച്ചതെങ്കിലും ആദ്യം എസ്റ്റിമേറ്റ് തയ്യാറാക്കിയത് യഥാർത്ഥത്തിൽ പുതുക്കാട് പഞ്ചായത്തിന്റെ ഭാഗത്തെ റോഡിന്റെ പ്രവൃത്തിക്കായാണ്. പുതുക്കാട് പഞ്ചായത്തിന്റെ ഭാഗത്ത് കാന പണിയാൻ തയ്യാറാക്കിയ എസ്റ്റിമേറ്റ് , ഇതേ പണി ഗ്രാമപഞ്ചായത്ത് ഏറ്റെടുത്തിട്ടുണ്ടെന്ന് അറിഞ്ഞപ്പോൾ റിവൈസ് ചെയ്ത്, അളഗപ്പനഗർ പഞ്ചായത്ത് അതിർത്തിയിലേക്ക് മാറ്റുകയാണുണ്ടായത്. പദ്ധതിപ്രദേശത്തെക്കുറിച്ച് കൃത്യമായി വിലയിരുത്താതെയും ഗ്രാമപഞ്ചായത്തുകളുടെ അറിവോ, നിർദ്ദേശമോ കൂടാതെയുമാണ് ഗ്രാമപഞ്ചായത്തുകളുടെ ഉടമസ്ഥതയിലുള്ള റോഡുകൾക്കായി പദ്ധതി തയ്യാറാക്കിയതെന്നു വ്യക്തമാകുന്നു.

പുതുക്കാട് പഞ്ചായത്തിൽ നിന്നും ലഭിച്ച വിവരമനുസരിച്ച് ഇതേ റോഡിൽ താഴെ പറയുന്ന പദ്ധതികൾ പഞ്ചായത്ത് നടപ്പാക്കിയിട്ടുണ്ട്.

| വർഷം | പ്രൊജക്റ്റ് | അടങ്കൽ | ചെലവ് |
| --- | --- | --- | --- |
| 2018-19 | എരിപ്പോട് റോഡ് എസ്റ്റേറ്റ് റോഡ് റീടാറിംഗ്,കാന നിർമ്മാണം,വാർഡ് 3 | 388070 | 372373 |
| 2019-20 | എരിപ്പോട് റോഡ് ഡ്രെയിനേജ്,വാർഡ് 3 | 912500 | 710532 |
| 2020-21 | എരിപ്പോട് റോഡ് റീടാറിംഗ്,വാർഡ് 3 | 172000 | 140008 |
| | | | |

ഒരേ റോഡിൽത്തന്നെ ഗ്രാമപഞ്ചായത്തുകളും ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളും പ്രൊജക്ടുകൾ നടപ്പാക്കിക്കാണുന്നുണ്ട്. പലപ്പോഴും ത്രിതല പഞ്ചായത്തുകൾ തമ്മിൽ വ്യക്തമായ ധാരണയോ ആശയവിനിമയമോ കൂടാതെയാണ് പല പ്രൊജക്ടുകളും തയ്യാറാക്കുന്നതെന്ന് ഫയലുകളിൽ നിന്നും വ്യക്തമാകുന്നു. ഇപ്രകാരം റീടാറിംഗ്, കാന നിർമ്മാണം പോലുള്ള പണികൾ ഒരേ റോഡിൽ വ്യത്യസ്ത പ്രൊജക്ടുകളായി നടത്തുമ്പോൾ ഏതു പദ്ധതി പ്രകാരം ഏതെല്ലാം പണികൾ ചെയ്തു എന്ന് വേർതിരിച്ച് അറിയാനാകില്ല. പലപ്പോഴും പദ്ധതി നടത്തിപ്പ് സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തിയ ബോർഡുകൾ പ്രവൃത്തി സ്ഥലത്ത് സ്ഥാപിച്ചുകാണുന്നില്ല.

B)അളവുപുസ്തകം പേജ് 53 പ്രകാരം പ്രവൃത്തി അവസാനിച്ചത് 20.12.2019 നാണ്. റിവൈസ്ഡ് എസ്റ്റിമേറ്റ് ലഭിച്ച് കാന പൂർത്തികരിച്ചപ്പോഴേക്കും മഴ തുടങ്ങിയതിനാൽ റീടാറിംഗ് സമയത്തിനു ചെയ്യാൻ സാധിച്ചില്ലെന്ന് കാരണം അംഗീകരിച്ചുകൊണ്ട് കരാറുകാരന് ഫൈൻ കൂടാതെ 20.12.2019 വരെ പൂർത്തീകരണകാലാവധി നീട്ടിനൽകി.
8.3.2019 ന് സൈറ്റ് ഏറ്റെടുത്ത് 7.9.2019 ന് അവസാനിക്കേണ്ടിയിരുന്ന പണി 20.12.2019 നാണ് പൂർത്തീകരിക്കപ്പെട്ടത്. എസ്റ്റിമേറ്റ് തയ്യാറാക്കിയതിലെ അപാകതയാണ് പദ്ധതി പൂർത്തീകരണത്തിന്റെ കാലതാമസത്തിനു പ്രധാന കാരണം.

വേണ്ടത്ര പഠനങ്ങളും മുന്നൊരുക്കവുമില്ലാതെ പ്രോജക്ട് രൂപീകരിക്കുന്നതിനാൽ നിർവ്വഹണഘട്ടത്തിൽ മാറ്റങ്ങൾ ഉൾപ്പെടുത്തി പരിഷ്കരിക്കേണ്ടി വരുന്നത് പല പ്രോജക്ടുകളുടേയും നിർവ്വഹണത്തിൽ കാലതാമസം വരുത്തുന്നതായി കാണുന്നു. ഇത്തരം അപാകതകൾ ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-81 തോടിനു കുറുകെ പാലം നിർമ്മാണം- വേണ്ടത്ര ഉയർത്തി പണിതിട്ടില്ല

പ്രൊജക്ടിന്റെ പേര് -പൂമംഗലം- കുറിഞ്ഞാലിപ്പാടം ചെറിയപാലം നിർമ്മാണം,
പ്രൊജക്റ്റ് നം -816/21

നിർവ്വഹണം- അസി.എക്സിക്യൂട്ടിവ് എഞ്ചിനീയർ(എൽ.എസ്.ജി.ഡി)

അടങ്കൽ:-- 30,00,000

പദ്ധതി ചെലവിന്റെ വിശദാംശങ്ങൾ

I)ട്രഷറി ബില്ല് നം 243/18-19 , 22,05,912

Ii)ട്രഷറി ബില്ല് നം 199/20-21 /27.5.20 , 7,15,173 , ആകെ ചെലവ് = 29,21,085

കരാറുകാരൻ- ബാബു ഐസക്ക് , കരാർ നം 46/AEE/LSGD/DIV-THRISSUR/2017-18/3.1.18

പൂമംഗലം വെള്ളാങ്കല്ലൂർ ഗ്രാമപഞ്ചായത്തുകളെ ബന്ധിപ്പിക്കുന്നതിനാണ് കുറിഞ്ഞാലിപ്പാടം ചെറിയപാലം നിർമ്മാണം എന്ന പദ്ധതി വിഭാവനം ചെയ്ത് നടപ്പാക്കിയിട്ടുള്ളത്. റിംഗ് ബണ്ട് കെട്ടി വെള്ളം തടഞ്ഞ് നിർത്തി പൈലിംഗ് നടത്തി അതിനുമുകളിൽ പൈൽക്യാപ്പ് ചെയ്ത് എബട്ട്മെന്റ് നിർമ്മിച്ചാണ് 7.45 M സ്പാനും 4.75mവീതിയുമുള്ള ബ്രിഡ്ജ് പണികഴിപ്പിച്ചിട്ടുള്ളത്.(ഫയലിലെ എക്സി.എഞ്ചിനീയറുടെ റിപ്പോർട്ടിലെ

വിശദാംശങ്ങൾ). പാലം പണിയുന്നതിനായി 29.2 ലക്ഷം രൂപ ജില്ലാപഞ്ചായത്ത് ചെലവഴിച്ചു.

24.5.2022 ന് ഓഡിറ്റ് ടീം പദ്ധതിപ്രദേശം സന്ദർശിക്കുകയുണ്ടായി. പാടത്തിന് നടുവിൽ നിറയെ വെള്ളമുള്ള തോടിനു കുറുകെയാണ് പാലം. പാലത്തിന്റെ ഒരു ഭാഗത്ത് പൂമംഗലം പഞ്ചായത്തിന്റെ റോഡും മറുഭാഗത്ത് വെള്ളാങ്കല്ലൂർ പഞ്ചായത്ത് റോഡും ആണ്. ഈ രണ്ടുറോഡുകളേക്കാൾ ഉയരം കുറവാണ് പാലത്തിന്. നിലവിൽ പാലം മുട്ടെ വെള്ളമുണ്ട്.





നല്ലമഴക്കാലത്ത് തോട്ടിൽ നീരൊഴുക്ക് കൂടുമ്പോൾ വെള്ളം ഒഴുകിപ്പോകാനുള്ള ഉയരം പാലത്തിന് ഇല്ല. വരും വർഷങ്ങളിൽ അപ്രോച്ച്റോഡുകളുടെ ഒരോ ടാറിംഗ്, അറ്റകുറ്റപ്പണികൾ കഴിയുംതോറും റോഡുകളുടെ ഉയരം വീണ്ടും കൂടിവരുകയും ചെയ്യും. ദീർഘവീക്ഷണത്തോടെയും പദ്ധതിപ്രദേശം ശരിയായി വിലയിരുത്തിക്കൊണ്ടും അല്ല പദ്ധതി ആസൂത്രണം ചെയ്തിട്ടുള്ളത്. ഇക്കാര്യം ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി 43/28.5.2022 ന് ലഭിച്ച മറുപടിയിൽ തൃശ്ശൂർ ഗവ.എഞ്ചിനീയറിംഗ് കോളേജിൽ നിന്നും സൈറ്റ് പരിശോധിച്ച് സ്ട്രക്ചറൽ ഡിസൈൻ തയ്യാറാക്കി നൽകിയതു പ്രകാരമാണ് പാലം പണിതതെന്ന് അറിയിച്ചിട്ടുണ്ട്. സാങ്കേതികമായി പാലത്തിന്റെ നിർമ്മാണത്തിൽ ഡിസൈനിലും മറ്റും വേണ്ടത്ര ശ്രദ്ധ ചെലുത്തിയിട്ടുണ്ടെന്നത് അംഗീകരിച്ചാൽത്തന്നെയും സാമാന്യബുദ്ധിയിൽ അശാസ്ത്രീയമെന്ന് തോന്നിക്കുന്ന രീതിയിലാണ് പാലം പണിതിട്ടുള്ളത്. 29 ലക്ഷത്തിലധികം രൂപ ചെലവാക്കി, പൈലിംഗ് നടത്തി, പാലം പണി കഴിപ്പിക്കുമ്പോൾ കാലവർഷവും കാലാവസ്ഥാ വ്യതിയാനങ്ങളും കണക്കിലെടുത്തുകൊണ്ട് തോട്ടിലൂടെയുള്ള നീരൊഴുക്ക് പരമാവധി തടസ്സപ്പെടാത്തവിധത്തിലും പാലം മുങ്ങിപ്പോകാത്ത വിധത്തിലും റോഡിനേക്കാൾ ഉയർത്തി ദീർഘവീക്ഷണത്തോടെ പാലം പണിയേണ്ടതായിരുന്നു.

പ്രൊജക്ടുകളുടെ പരിസ്ഥിതി ആഘാത സാദ്ധ്യതകളും ഓരോ പ്രൊജക്റ്റിന്റെയും യുക്തി, ക്ഷമത, പ്രായോഗികത, നിയമസാധുത, വിജയസാധ്യത എന്നിവയും പരിശോധിച്ച് ചർച്ച ചെയ്ത് ഉറപ്പാക്കുന്നതും പ്രൊജക്ടുകളുടെ ഗുണമേന്മ ഉറപ്പുവരുത്തുക, മോണിട്ടറിംഗ് നടത്തുക എന്നതും വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലയാണ്. ഇക്കാര്യം ഭരണസമിതിയും വർക്കിംഗ് ഗ്രൂപ്പുകളും ശ്രദ്ധിക്കേണ്ടതാണ്.

## 1-82 ഗ്രാമപഞ്ചായത്തിന് വിട്ടുകിട്ടാത്ത സ്ഥലത്ത് ജില്ലാ പഞ്ചായത്ത് കെട്ടിടങ്ങൾ പണിതു

പൂമംഗലം ഗ്രാമപഞ്ചായത്തിൽ ജില്ലാപഞ്ചായത്ത് ഒരു ലൈബ്രറികെട്ടിടവും അതിനോട് ചേർന്ന് പകൽവീടും നിർമ്മിച്ചുനൽകിയിട്ടുണ്ട്. പ്രൊജക്ടുകളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

(A)പ്രൊജക്റ്റിന്റെ പേര് -കൽപ്പറമ്പ് കോസ്മോപൊളിറ്റൻ ലൈബ്രറി കെട്ടിടനിർമ്മാണം,

പ്രൊജക്റ്റ് നം -838/21

നിർവ്വഹണം- അസി.എക്സിക്യൂട്ടിവ് എഞ്ചിനീയർ(എൽ.എസ്.ജി.ഡി)

അടങ്കൽ:- വികസനഫണ്ട്(സാധാരണവിഹിതം)- 20,00,000

പദ്ധതി ചെലവിന്റെ വിശദാംശങ്ങൾ

1)ട്രഷറി ബില്ല് തിയതി 23.3.2019, തുക 2,79,911/-

2)ട്രഷറി ബില്ല് നം.213/ തിയതി 27.5.2020 , തുക 9,02,459/-

3)ട്രഷറി ബില്ല് നം. 254/ തിയതി 30.7.2020, തുക 5,87,974/- , ആകെ ചെലവ് = 17,70,344/-

എസ്റ്റിമേറ്റ് പ്രവൃത്തികൾ -- ലൈബ്രറി റൂം,ഓഫീസ് റൂം,സ്റ്റെയർ റൂം, ബാത്ത് റൂം ( ഗ്രൌണ്ട് ഫ്ലോർ -101.64 M2,കോണിമുറി 16.2 M2, ആകെ = 117.84 M2 ) എന്നിവയുടെ നിർമ്മാണം

കരാറുകാരൻ- കെ.ആർ പോൾസൺ , കരാർ നം 194/AEE/LSGD/DIV THRISSUR/2018-19/22.1.19

അളവുപുസ്തകം 91/2017-18 , 658/18-19 , 663/18-19 ,665/18-19

പ്രവൃത്തി പൂർത്തീകരിച്ച തിയതി - 21.1.2020

(B)പ്രൊജക്റ്റിന്റെ പേര് -കോസ്മോപൊളിറ്റൻ ലൈബ്രറി കെട്ടിടത്തിൽ പകൽവീട് നിർമ്മാണം,

പ്രൊജക്റ്റ് നം -541/21

നിർവ്വഹണം- അസി.എക്സിക്യൂട്ടിവ് എഞ്ചിനീയർ,(എൽ.എസ്.ജി.ഡി)

അടങ്കൽ:- വികസനഫണ്ട്(സാധാരണവിഹിതം)- 10,00,000

പദ്ധതി ചെലവിന്റെ വിശദാംശങ്ങൾ -

1)ട്രഷറി ബില്ല് നം.23/ തിയതി 23.4.2021 , തുക4,42,784/-

2)ട്രഷറി ബില്ല് നം. 270/ തിയതി 17.8.2020, തുക 3,26,391/- , ആകെ ചെലവ് = 7,69,175/-

എസ്റ്റിമേറ്റ് പ്രവൃത്തികൾ -- 6mx5mഹാൾ, 1.2m Wideവരാന്ത എന്നിവയുടെ നിർമ്മാണം

കരാറുകാരൻ- പി ഡി ജോയ് , കരാർ നം 78/AEE/LSGD/DIV THRISSUR/2019-20/4.10.19

അളവുപുസ്തകം 660/18-19 , 666/18-19

പ്രവൃത്തി പൂർത്തീകരിച്ച തിയതി - 12.5.2020

ലൈബ്രറി- പകൽവീട് കെട്ടിടവും ആയതിനു ചേർന്നുള്ള പഴയ ക്ലബ് കെട്ടിടവും



അപാകതകൾ

(I) 838/21 ാം നമ്പർ പ്രൊജക്റ്റിന്റെ ഫയലിലുള്ള പൂമംഗലം ഗ്രാമപഞ്ചായത്തിന്റെ 26.2.2018തിയതിയിലെ 2(1) നമ്പർ പ്രകാരം 'പൂമംഗലം ഗ്രാമപഞ്ചായത്തിലെ കോസ്മോപൊളിറ്റൻ ക്ലബ്ബിന്റെ കൈവശമുള്ള ഭൂമിയിൽ വായനശാലയും ക്ലബ്ബും പകൽവീടും അടങ്ങുന്ന കെട്ടിടം ജില്ലാപഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് പണിയുന്നതിനായി ടി ഭൂമി പഞ്ചായത്തിനു വിട്ടുകിട്ടുന്നതിനായി വില്ലേജ് ഓഫീസറുടെ റിപ്പോർട്ട് ഉൾപ്പെടെ ഉടമസ്ഥർ നൽകിയ അപേക്ഷ റവന്യൂ ഡിവിഷണൽ ഓഫീസർക്ക് കൈമാറുന്നതിന് പഞ്ചായത്ത് തീരുമാനമെടുത്ത് ഫയൽ ആർഡിഒക്ക് കൈമാറിയെങ്കിലും നടപടി പൂർത്തീകരിക്കാൻ കാലതാമസം നേരിടുമെന്നതിനാൽ ജില്ലാ പഞ്ചായത്തിന് ഫണ്ട് വകയിരുത്തേണ്ടുന്നതിനായി നിശ്ചിതസമയത്തിനുള്ളിൽ എസ്റ്റിമേറ്റും ആസ്തി രജിസ്റ്ററിലെ നമ്പറും ജില്ലാപഞ്ചായത്തിനു നൽകേണ്ടതിനാൽ , ടി സ്ഥലം ആസ്തിരജിസ്റ്ററിൽ ചേർക്കുന്നതിനും എസ്റ്റിമേറ്റ് എടുക്കുന്നതിന് പൂമംഗലം എ ഇ യെ ചുമതലപ്പെടുത്തുന്നതിനും ആർഡിഒയിൽ നിന്നും അനുവാദം ലഭിക്കുന്ന മുറക്ക് ആയതിന്റെ രേഖകൾ എഇക്ക് കൈമാറുന്നതിനും' തീരുമാനമെടുത്തിട്ടുണ്ട്.

മുകളിൽ പറഞ്ഞ രണ്ടു പ്രൊജക്റ്റുകളുടേയും പ്രൊജക്റ്റ് രൂപീകരണ ഫോറത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന ആസ്തി നമ്പർ 1781 0050000000040 എന്നതാണ്. പൂമംഗലം പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിന്റെ പകർപ്പ് പ്രകാരം മേൽ ആസ്തി നമ്പറിലുള്ള സ്ഥലം, സർവ്വേ നം 855/3 ൽ 348 Sq.meter (8.599 Cents) Garden Land ആണ്.

24.5.2022 തിയതിയിൽ പദ്ധതിപ്രദേശം ഓഡിറ്റ് ടീം സന്ദർശിച്ചു. പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിലുള്ളത് 2007ൽ പണികഴിപ്പിച്ച ഒരു ക്ലബ് കെട്ടിടവും കിണറും നിലനിൽക്കുന്ന സ്ഥലം മാത്രമാണ് .

പ്രസ്തുത പ്ലോട്ടിൽ എവിടെ,എത്ര സ്ഥലം പഞ്ചായത്തിനു വിട്ടുനൽകിയെന്നതിന് സൂചകങ്ങൾ ഒന്നുതന്നെ കാണാനായില്ല. പുതുതായി കെട്ടിടങ്ങൾ പണിത സ്ഥലത്തിന്റെ ഉടമസ്ഥാവകാശം പൂമംഗലം ഗ്രാമപഞ്ചായത്തിന് ലഭിച്ചതായി രേഖകളില്ല. പദ്ധതിസ്ഥലം ഗ്രാമപഞ്ചായത്തിനു വിട്ടുകിട്ടിയിട്ടുണ്ടെങ്കിൽ ആയതുസംബന്ധിച്ച രേഖകളും കെട്ടിടങ്ങൾ പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ചേർത്തതിന്റെ വിവരവും ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി 42/28.5.2022 നൽകിയെങ്കിലും മറുപടി ലഭിച്ചിട്ടില്ല. രണ്ടു പ്രൊജക്റ്റുകളുടെയും ഫയലിലുള്ള സൈറ്റ് പ്ലാനിൽ കോസ്മോപൊളിറ്റൻ ലൈബ്രറിയുടെ സ്ഥലം എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്.
ഇപ്രകാരം കോസ്മോപൊളിറ്റൻ ക്ലബ്ബിന്റെ കൈവശമുള്ള സ്ഥലം രേഖാമൂലം ഗ്രാമപഞ്ചായത്തിനു കൈമാറുന്ന നടപടിക്രമങ്ങൾ പൂർത്തീകരിക്കാതെയും അതിർത്തി നിർണ്ണയിക്കാതെയുമാണ് 25 ലക്ഷത്തിലധികം തുക ചെലവഴിച്ച് ജില്ലാ പഞ്ചായത്ത് കെട്ടിടങ്ങൾ പണികഴിപ്പിച്ചിട്ടുള്ളത്.

(Ii) മേൽ പറഞ്ഞ സ്ഥലത്തുള്ള 2007 ൽ ഉദ്ഘാടനം ചെയ്ത കെട്ടിടത്തിന് കാര്യമായ കേടുപാടുകളൊന്നും തന്നെ കാണപ്പെടുന്നില്ല. ഈ കെട്ടിടത്തിലാണ് ലൈബ്രറി മുൻപ് പ്രവർത്തിച്ചിരുന്നത്, പുതിയതായി പണിത കെട്ടിടത്തിലേക്ക് ലൈബ്രറി മാറ്റിയശേഷം നിലവിൽ ഈ പഴയ കെട്ടിടം ഉപയോഗിക്കുന്നില്ല എന്നാണ് അറിയാനായത്. ഇപ്രകാരം ഒരു കെട്ടിടം ഉള്ള സാഹചര്യത്തിൽ അത് ഉപയോഗയോഗ്യമാക്കാനുള്ള സാധ്യതകൾ പരിശോധിക്കാതെ അതിനടുത്ത് തന്നെ ലൈബ്രറികെട്ടിടത്തിനോട്ചേർന്നു പകൽവീടിനായി മറ്റൊരു കെട്ടിടവും പണിതു. പുതുതായി പണിത ഈ പകൽവീട് ഉപയോഗിച്ചുതുടങ്ങിയിട്ടില്ല. നിലവിലുണ്ടായിരുന്ന പഴയ കെട്ടിടത്തിന് വേണ്ട മാറ്റങ്ങൾ വരുത്തി പകൽ വീടും ക്ലബ്ബും പ്രവർത്തിക്കാവുന്നതായിരുന്നു. സ.ഉ(കൈ)11/2018/തസ്വഭവ /തിയതി 29.1.2018 ഖണ്ഡിക 3.5.1 ൽ പുതിയ കെട്ടിടനിർമ്മാണം നിർദ്ദേശിക്കുന്ന അവസരത്തിൽ നിർജീവ ആസ്തിയുണ്ടോയെന്നും അവ ഉപയോഗപ്പെടുത്താൻ കഴിയുമോയെന്നും പരിശോധിക്കണമെന്നുള്ള നിർദ്ദേശം പരിഗണിക്കാതെയാണ് പകൽവീടിനായി പദ്ധതിപ്പണം ചെലവഴിച്ചത് .

(Iii) പകൽ വീട് - ലൈബ്രറി കെട്ടിടങ്ങളുടെ നിർമ്മാണത്തിൽ അപാകതകളുണ്ട്. ചുമരുകൾ നനഞ്ഞിരിക്കുന്നതായി കാണപ്പെട്ടു, ടെറസ്സിനുമുകളിൽ വെള്ളം കെട്ടിക്കിടക്കുന്നുണ്ട്, മേൽക്കൂരയുടെ ചരിവ് കൃത്യമായി ക്രമപ്പെടുത്തി വെള്ളം ഒഴുകിപ്പോകുന്നതിനുള്ള സംവിധാനം വേണ്ടവിധം ഒരുക്കിയിട്ടില്ല.
കോണിമുറിയിൽ നിന്നും ടെറസ്സിലേക്കുള്ള സ്റ്റീൽ വാതിലിന് വിടവുള്ളതിനാൽ മഴവെള്ളം കോണിമുറിക്കുള്ളിലേക്ക് കടക്കുന്നുണ്ട്. അപാകതകൾ എത്രയും വേഗം പരിഹരിക്കേണ്ടതാണ്.

ചുമരുകൾ നനഞ്ഞിരിക്കുന്നു



ടെറസ്സിനുമുകളിൽ വെള്ളം



വാതിലിന് വിടവ്



(Iv)പ്രൊജക്റ്റ് നം -838/21 ന്റെ ഫയൽ പ്രകാരം 2020-21 വർഷത്തെ ചെലവ് 14,90,433/- രൂപയാണ്, (9,02,459 + 5,87,974 ) . സുലേഖ ചെലവുപത്രിക പ്രകാരം ഈ പ്രൊജക്റ്റിന്റെ തൻവർഷ ചെലവ് 16,62,696 രൂപയാണ്.

ട്രഷറി ബില്ല് ബുക്ക് പ്രകാരം മേൽപറഞ്ഞ കെട്ടിടങ്ങൾക്കായി താഴെ പറയുന്ന തുകകൾ പിൻവലിച്ചിട്ടുണ്ട്.
I)ട്രഷറിബില്ല് ക്രമ നം293/ തിയതി 21.8.2020 , തുക 166085,
Ii) ട്രഷറിബില്ല് ക്രമ നം294/ തിയതി 21.8.2020 , തുക 6178 , ആകെ 1,72,263/-
1,72,263/- രൂപയുടെ ചെലവിന്റെ വിശദാംശങ്ങൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.
മേൽപറഞ്ഞ അപാകതകൾ ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് എൻക്വയറി 42/28.5.2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതിസ്ഥലം ഗ്രാമപഞ്ചായത്തിനു വിട്ടുകിട്ടിയതുസംബന്ധിച്ച രേഖകളും കെട്ടിടങ്ങൾ പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ചേർത്തതിന്റെ വിവരവും ലഭ്യമാക്കുന്നതുവരെ ചെലവുതുക 17,70,344 + 7,69,175 + 1,72,263-= 27,11,782 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-83 അന്തിക്കാട് വനിതാപരിശീലനകേന്ദ്രം -പ്രവർത്തനം ആരംഭിച്ചിട്ടില്ല

പ്രൊജക്റ്റിന്റെ പേര്- എസ്.സി വനിതാപരിശീലന നിർമ്മാണകേന്ദ്രം,അന്തിക്കാട്
പ്രൊജക്റ്റ് നം 575/21
നിർവ്വഹണം – അസി.എക്സി.എഞ്ചിനീയർ ,എൽ.എസ്.ജി.ഡി
മുഖ്യമേഖല-ഉത്പാദനം,മേഖല-വ്യവസായം,സ്വയംതൊഴിൽ സംരംഭങ്ങൾ,വിപണനപ്രോത്സാഹനം അടങ്കൽ – എസ്.സി.പി ഫണ്ട് – 40,00,000

പദ്ധതി ചെലവ് -ഒന്നാം പാർട്ട് ബില്ല് -9,79,355

രണ്ടാം പാർട്ട് ബില്ല് - 2,72,551

മൂന്നാംപാർട്ട് ബില്ല് - 7,85,948

നാലാംപാർട്ട് ബില്ല് - 5,97,745 (ട്രഷറിബില്ല് 85/തിയതി29.4.20 )

ഫൈനൽ ബില്ല് -10,05,283(ട്രഷറിബില്ല് 395/ തിയതി 30.11.20)

ആകെ കെട്ടിടം പണിയുടെ ചെലവ് =36,40,882/-

ഇലക്ട്രിഫിക്കേഷൻ -

ട്രഷറിബില്ല് 388/തിയതി 13.11.20, 139526/-

ട്രഷറിബില്ല് 389/തിയതി 13.11.20 , 5639/- ആകെ =1,45,165/-

ഒട്ടാകെ ചെലവ് = 37,86,047/-

അന്തിക്കാട് ഗ്രാമപഞ്ചായത്തിലെ വാർഡ് 15 ൽ എസ്.സി. വനിതാ പരിശീലന നിർമ്മാണ കേന്ദ്രം എന്ന പേരിൽ ഒരു കെട്ടിടം പണി കഴിപ്പിച്ചിട്ടുണ്ട്.

ഈ കെട്ടിടം 21.6.2022 ന് ഓഡിറ്റ് ടീം സന്ദർശിക്കുകയുണ്ടായി. കെട്ടിടം 11.9.2020 ന് ഉദ്ഘാടനം കഴിഞ്ഞിട്ടുണ്ട്.



ഒരു നില കെട്ടിടമാണ് ജില്ലാ പഞ്ചായത്ത് പണികഴിപ്പിച്ചത്, അതിനുമുകളിൽ ഷീറ്റ് വർക്ക് നടത്തിയിട്ടുള്ളത് ബ്ലോക്ക് പഞ്ചായത്തും മുൻഭാഗത്ത് മുറ്റം ഷീറ്റ് ഇട്ടത് ഗ്രാമപഞ്ചായത്തുമാണെന്നും ഗ്രാമപഞ്ചായത്ത് ഓവർസീയർ അറിയിക്കുകയുണ്ടായി. (ആയതു സംബന്ധിച്ച രേഖപ്പെടുത്തലുകൾ കെട്ടിടത്തിന്മേൽ ഇല്ല)

കെട്ടിടത്തിന്റെ ടെറസ്സിനുമുകളിൽ ഫിറ്റ്നസ്സ്, വ്യായാമ ഉപകരണങ്ങൾ കണ്ടു. ഇവിടെ മുകളിൽ ഷീറ്റും ഫാൾസ് സീലിംഗുമുണ്ടെങ്കിലും ചുമരുകളില്ല. ഈ ഉപകരണങ്ങൾ ഏതു പദ്ധതി പ്രകാരം വാങ്ങിയതെന്നോ ആർക്കാണ് സംരക്ഷണ ചുമതല, ആർക്കുവേണ്ടി വാങ്ങി എന്നോ വ്യക്തമല്ല, തീർത്തും സുരക്ഷിതമല്ലാത്ത രീതിയിലാണ് വിലയേറിയ

പത്തോളം ഉപകരണങ്ങൾ ഇപ്പോൾ സൂക്ഷിച്ചിരിക്കുന്നത്.ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ചതെന്ന് പറയുന്ന കുറേ പ്ലാസ്റ്റിക് കസേരകൾ, മേശകൾ ,സ്റ്റേജ് സംവിധാനങ്ങൾ എന്നിവ ഹാളിൽ ഉണ്ട്.







ആ കോമ്പൌണ്ടിലുണ്ടായിരുന്ന കുളത്തിന്റെ ഒരു ഭാഗം നികത്തിയാണ് കെട്ടിടം പണിതത്. ഇപ്രകാരം കുളം നികത്തുന്നതിനു തന്നെ അഞ്ചുലക്ഷം രൂപയോളം ചെലവു വന്നിട്ടുണ്ട്.
( അളവു പുസ്തകം 217/17-18 , ഇനം3,4,5,6,7)

റോഡിനോട് ചേർന്നുള്ള എസ് സി ഫ്ലാറ്റ് കെട്ടിടത്തിനു പുറകിലായാണ് ഈ കെട്ടിടം പണിതിട്ടുള്ളത്. ശരിയായ വഴി സൌകര്യം ഇല്ല. പ്രസ്തുത കെട്ടിടം വനിതാ പരിശീലന നിർമ്മാണ കേന്ദ്രം എന്ന പേരിലാണ് നിർമ്മിച്ചിരിക്കുന്നതെങ്കിലും നിലവിൽ ഇത്തരം പ്രവർത്തനങ്ങളൊന്നും തന്നെ നടക്കുന്നില്ല. പൊതുസ്ഥലത്തുള്ളതും തദ്ദേശഭരണസ്ഥാപനത്തിന്റേതായ സ്ഥലങ്ങളിലുള്ളവയുമായ കുളങ്ങളും തോടുകളും പ്രത്യേകമായി പരിരക്ഷിക്കാൻ നടപടി സ്വീകരിക്കണമെന്ന് സബ്സിഡി മാർഗ്ഗരേഖയിൽ(സ.ഉ.(കൈ) നം22/2018/തസ്വഭവ/14.2.2018 ഖണ്ഡിക 7.7.2.3 ) സർക്കാർ പ്രത്യേകം നിർദ്ദേശിച്ചിട്ടുള്ള സാഹചര്യത്തിലാണ് അതിനുവിപരീതമായി മേൽപറഞ്ഞപ്രകാരം കുളം നികത്തി കോൺക്രീറ്റ് കെട്ടിടം പണിതിരിക്കുന്നത്. പരിശീലനം നൽകേണ്ട ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാതെയും, ഏതുതരത്തിലുള്ള പരിശീലനം നൽകണമെന്ന തീരുമാനമെടുക്കാതെയും കെട്ടിടം പണിമാത്രം നടപ്പാക്കിയിരിക്കുന്നു. 11.9.2020 ന് ഉദ്ഘാടനം കഴിഞ്ഞ് നാളിതുവരെയായും പദ്ധതി ലക്ഷ്യം നിറവേറിയിട്ടില്ല.
ഇക്കാര്യങ്ങൾ ശ്രദ്ധയിൽപ്പെടുത്തുന്നു

2017-18ൽ ആസൂത്രണം ചെയ്ത ഈ പദ്ധതി ആരുടെ നിർദ്ദേശപ്രകാരം (വർക്കിംഗ് ഗ്രൂപ്പ്, ഗ്രാമസഭ തുടങ്ങിയവ) ജില്ലാ പഞ്ചായത്ത് ഏറ്റെടുത്തു, ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലമാണോ, ഗ്രാമപഞ്ചായത്തിന്റെ ശുപാർശ പ്രകാരമാണോ ഇപ്രകാരം കെട്ടിടം പണിതിട്ടുള്ളത്, എപ്രകാരമുള്ള പരിശീലനം ആർക്കു നൽകാനാണ് ഉദ്ദേശിച്ചിട്ടുള്ളത്, ആയതിന് വേണ്ട നടപടികൾ ആരംഭിച്ചിട്ടുണ്ടോ,പരിശീലനാർത്ഥികളെ തെരഞ്ഞെടുത്തിട്ടുണ്ടോ തുടങ്ങിയ വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

(ഓഡിറ്റ് എൻക്വയറി51/21.6.2022)

പദ്ധതിയുടെ ലക്ഷ്യ പ്രാപ്തിക്കുവേണ്ട നടപടികൾ ഉത്തരവാദപ്പെട്ടവർ സ്വീകരിക്കേണ്ടതാണ്.

സർക്കാർ മാർഗ്ഗരേഖയിൽനിന്നും വ്യതിചലിച്ചുകൊണ്ടുള്ളതും പരിസ്ഥിതി സൌഹൃദമല്ലാത്തതുമായ പദ്ധതികൾ എറ്റെടുത്ത് നടപ്പാക്കുന്നത് തീർത്തും ഒഴിവാക്കപ്പെടേണ്ടതാണ്.

## 1-84 വിജ്ഞാൻ സാഗർ പദ്ധതി-വാർഷിക കണക്കുകൾ തയ്യാറാക്കി ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.- തുടർ നടത്തിപ്പ് ജില്ലാ പഞ്ചായത്തിന് ബാധ്യത.

കുട്ടികളിൽ ശാസ്ത്രാവബോധം വളർത്തുന്നതിനും, വിജ്ഞാന വ്യാപനത്തിനും ലക്ഷ്യമിട്ട് 2005 ൽ ജില്ലാ പഞ്ചായത്ത് ആവിഷ്കരിച്ച പദ്ധതിയാണ് വിജ്ഞാൻ സാഗർ സയൻസ് & ടെക്നോളജി പാർക്ക്



1.സൊസൈറ്റിയുടെ ഘടന , നിയമാവലി ,പ്രവർത്തനം .

22.03.2006 ൽ R-248/06 ആയി 1955 ലെ 12ാമത് തിരുവിതാംകൂർ കൊച്ചി സാഹിത്യ, ശാസ്ത്രീയ, ധർമ്മ സംഘങ്ങൾ രജിസ്ട്രാക്കൽ നിയമ പ്രകാരം രജിസ്റ്റർ ചെയ്ത വിജ്ഞാൻ സാഗർ സൊസൈറ്റിയുടെ ധാരണാപത്രം (Memorandum Of Association) പ്രകാരം ഗവേണിംഗ് ബോഡി, എക്സിക്യൂട്ടീവ് കമ്മിറ്റി എന്നിവയാണ് ഭരണം നിർവ്വഹിക്കേണ്ടത്. ജില്ലാ പഞ്ചായത്തിന്റെ ഭരണസമിതി അംഗങ്ങളും, മറ്റ് സർക്കാർ വകുപ്പുകളിലെ വിവിധ തസ്തികകളിലെ എക്സ് ഒഫീഷ്യോ അംഗങ്ങളും ഉൾപ്പെട്ട ഭരണസമിതിയുടെയും (ഗവേണിംഗ് ബോഡി), നിർവ്വാഹക സമിതിയുടെയും (എക്സിക്യൂട്ടീവ് കമ്മിറ്റി) നിയന്ത്രണത്തിലുള്ളതും സ്വതന്ത്രമായ അധികാരങ്ങളോട് കൂടി പ്രവർത്തിക്കുന്നതുമായ വിജ്ഞാൻ സാഗർ സൊസൈറ്റിയുടെ സ്ഥാവര ജംഗമ സ്വത്തുക്കളുടെയും, ആസ്തി ബാധ്യതകളുടെയും ഉത്തരവാദിത്വം/ചുമതല വിജ്ഞാൻ സാഗർ ഗവേണിംഗ് ബോഡിക്ക് മാത്രമാണ്. ഗവേണിഗ് ബോഡിയിലേക്ക് എക്സ് ഒഫീഷ്യോ അല്ലാത്ത അംഗങ്ങളെ നിർദ്ദേശിക്കുന്നതിനുള്ള അധികാരം ജില്ലാ പഞ്ചായത്തിനുണ്ട്. ക്ലൌഡ് ഫണ്ടിംഗ് നടത്തുന്നതിനും വിവിധ ഏജൻസികളിൽ നിന്നും ഫണ്ടുകൾ സ്വീകരിക്കുന്നതിനും വിനിയോഗിക്കുന്നതിനുമുള്ള സ്വയം നിയന്ത്രണാധികാരമുള്ള ഒരു സ്ഥാപനമായാണ് വിജ്ഞാൻ സാഗർ സൊസൈറ്റിയെ വിഭാവനം ചെയ്തിട്ടുള്ളത് എങ്കിലും സൊസൈറ്റിയുടെ വാർഷിക കണക്കുകൾ യഥാസമയം തയ്യാറാക്കി, വാർഷിക ഓഡിറ്റ് റിപ്പോർട്ടുകൾ ഓരോ വർഷവും ജില്ലാ പഞ്ചായത്തിന് സമർപ്പിക്കണമെന്ന് നിയമാവലിയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

മറ്റ സർക്കാർ വകുപ്പുകളിലെ ഉന്നത ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ഗവേണിംഗ് ബോഡി രൂപീകരിച്ചെങ്കിലും നിയമാവലിക്ക് സർക്കാർ അംഗീകാരം ലഭിക്കാത്തതിനാൽ വിഭാവനം ചെയ്ത കമ്മിറ്റികളുടെ പ്രവർത്തനം ഉണ്ടായില്ല. തുടർന്ന് 01.10.2012 ൽ ബഹു.ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ സ്റ്റിയറിംഗ് കമ്മിറ്റി രൂപീകരിക്കുകയും 03.12.12 മുതൽ സൊസൈറ്റിയുടെ പണമിടപാടുകൾക്ക് ബഹുമാനപ്പെട്ട ജില്ലാ കളക്ടർ ഒപ്പിട്ട് നൽകുന്നതിനും സ്ഥാപനത്തിന്റെ ഭരണ നിർവ്വഹണത്തിനായി സ്പെഷൽ ഓഫീസറെ ചുമതലപ്പെടുത്തി തീരുമാനമെടുക്കുകയും ചെയ്തു.

27.03.13 ലെ സ.ഉ.(സ) 833/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം വിജ്ഞാൻ സാഗറിന് തുക വകയിരുത്താൻ ഗ്രാമപഞ്ചായത്തുകൾക്ക് യഥേഷ്ടാനുമതി നൽകിയിരുന്നു. 09.8.17 മുതൽ 14.8.18 വരെ ജില്ലാ പഞ്ചായത്ത് പദ്ധതി വിഹിതത്തിൽ നിന്നും സൊസൈറ്റിക്കായി 4.75 കോടി രൂപയും 5.4.16 മുതൽ 23.1.19 വരെ കാലയളവിൽ വിവിധ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ 88.79 ലക്ഷം രൂപയും വിജ്ഞാൻ സാഗർ സൊസൈറ്റി ഫണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തു. വിദ്യാഭ്യാസ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള 9.047 ഏക്കർ ഭൂമിയിൽ പാർക്ക് നിർമ്മിക്കുന്നതിന് 18.08.2005 ലെ സ.ഉ. (എം.എസ്)321/2005/പൊ.വി.വകുപ്പ് ഉത്തരവ് പ്രകാരം സർക്കാർ വിനിയോഗാനുമതി നൽകി. 12.11.2009 മുതൽ 19.10.2015 വരെ കാലയളവിൽ രണ്ട് ഘട്ടങ്ങളിലായി 2.97 കോടി രൂപ ചെലവഴിച്ച് നിർമ്മിതി കേന്ദ്ര കെട്ടിടം നിർമ്മിക്കുകയും 30.10.2015 മുതൽ

22.03.2019 വരെ കാലയളവിൽ 3.97 കോടി രൂപ ചെലവഴിച്ച് ശാസ്ത്ര പവലിയൻ സ്ഥാപിക്കുകയും ചെയ്തു. 04.07.2017 മുതൽ 27.03.2019 വരെ ലക്ഷങ്ങൾ ചെലവഴിച്ച് പരീക്ഷണ വസ്തുക്കൾ, ഉപകരണങ്ങൾ എന്നിവ വാങ്ങുകയും ചെയ്തിട്ടുണ്ട്. മൾട്ടിപ്ലെക്സ് 3ഡി തിയേറ്റർ സ്ഥാപിക്കുന്നതിന് എം.പി.ഫണ്ടിൽ നിന്ന് അനുവദിച്ച 50 ലക്ഷം രൂപയ്ക്ക് കെട്ടിടം നിർമ്മിച്ചിട്ടുണ്ടെങ്കിലും പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല.

തിരുവനന്തപുരത്തുള്ള വിക്രം സാരാഭായ് സ്പേസ് സെന്റർ ഐ.എസ്.ആർ.ഒ പവലിയൻ സ്ഥാപിക്കുന്നതിനായി വിജ്ഞാൻ സാഗർ സൊസൈറ്റിക്ക് പ്രദർശന വസ്തുക്കൾ കൈമാറിയിട്ടുണ്ട്. 2017 ൽ സ്പേസ് എക്സ്പ്ലോറിയം, ഐ.എസ്.ആർ.ഒ പവലിയൻ, സയൻസ് ലാബ്, ഇലക്ട്രോണിക്സ് ലാബ് -സ്മാർട്ട് ക്ലാസ്സ് റൂം എന്നിവ ഉദ്ഘാടനം ചെയ്യുകയും, ചില വർഷങ്ങളിൽ കുട്ടികൾക്കായി അവധിക്കാല ശാസ്ത്ര പരീക്ഷണ ക്യാമ്പുകൾ സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

വാർഷിക കണക്കുകൾ യഥാവിധി തയ്യാറാക്കി ഓഡിറ്റ് നടത്താത്തത്

സൊസൈറ്റിയുടെ ധാരണാ പത്രം(MoA) ക്രമനം. 21 പ്രകാരം സ്ഥാപനത്തിന്റെ ബാലൻസ് ഷീറ്റ്, ഇൻകം & എക്സ്പെന്റിച്ചർ പത്രിക എന്നിവ ഭരണ സമിതി (Governing Body) നിശ്ചയിക്കുന്ന ഓഡിറ്റർ/ലോക്കൽ ഫണ്ട് എക്സാമിനർ പരിശോധിച്ച് ഓഡിറ്റ് റിപ്പോർട്ട് എല്ലാ വർഷവും ജില്ലാപഞ്ചായത്തിന് സമർപ്പിക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഈ നിർദ്ദേശം പാലിച്ചിട്ടില്ല. 2006-07 മുതൽ 2016-17 വരെ വാർഷിക കണക്കുകൾ തയ്യാറാക്കിയിരുന്നില്ലായെന്നതിനാൽ രജിസ്ട്രേഷൻ പുതുക്കുന്നതിനായി വരവ്-ചെലവ് കണക്കുകൾ ഉണ്ടാക്കുന്നതിന് 25,000 രൂപ ഓഡിറ്റർക്ക് നൽകാൻ 23.12.2016 ലെ സ്റ്റിയറിംഗ് കമ്മിറ്റി തീരുമാനമെടുക്കുകയും വാർഷിക കണക്കുകൾ തയ്യാറാക്കി ഭരണ സമിതിയിലെ മൂന്ന് അംഗങ്ങൾ ഒപ്പിട്ട് നൽകി 2018-19 വരെ സൊസൈറ്റിയുടെ രജിസ്ട്രേഷൻ പുതുക്കിയതായും ഫയലിൽ രേഖപെടുത്തി കണ്ടു. എന്നാൽ തയ്യാറാക്കിയ വാർഷിക കണക്കുകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. 2006-07 മുതൽ നാളിതുവരെ സൊസൈറ്റിയുടെ വാർഷിക കണക്കുകൾ പ്രത്യേകമായി ഓഡിറ്റ് ചെയ്തിട്ടില്ല. ഇക്കാര്യത്തിൽ ഹാജരാക്കിയ ഫയൽ നം. ബി2/4750/17 വാല്യം 2ൽ കാണപ്പെട്ടതായ 2018-19 വർഷത്തെ ബാലൻസ് ഷീറ്റ്, ഇൻകം എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ്, റസീപ്റ്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ് എന്നിവ തയ്യാറാക്കിയ Nandakukar. A & Co, Chartered Accountants തയ്യാറാക്കിയ അവരുടെ "Accountant's Report On Compilation Of Unaudited Financial Statements "ലും വിജ്ഞാൻ സാഗറിൽ 22.06.2022 ന് നടത്തിയ പ്രാദേശിക പരിശോധനയിൽ ഹാജരാക്കിയ 2020-21 വർഷത്തെ ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റിലും താഴെ കാണും പ്രകാരം രേഖപെടുത്തിയിട്ടുണ്ട്.

"The Balance Sheet And The Income And Expenditure Account And Receipts And Payments Accounts Are In Agreement With The Books Of Account. We Have Not Audited Or Reviewed These Financial Statements And Accordingly Express No Opinion Thereon"

യഥാർത്ഥത്തിൽ രജിസ്ട്രേഷൻ പുതുക്കുന്നതിന് മാത്രമായി വാർഷിക കണക്കുകൾ തയ്യാറാക്കുകയായിരുന്നുവെന്നും, സൊസൈറ്റി രജിസ്റ്റർ ചെയ്ത 2006-07 മുതൽ നാളിതു വരെയുള്ള വരവ്-ചെലവുകൾ ഓഡിറ്റ് ചെയ്ത് റിപ്പോർട്ടുകൾ തയ്യാറാക്കുകയോ ജില്ലാ പഞ്ചായത്തിന് സമർപ്പിക്കുകയോ ചെയ്തിട്ടില്ലായെന്നും ഇതിൽ നിന്നും വ്യക്തമാണ്. രജിസ്ട്രേഷൻ പുതുക്കുകയോ, ബൈലോ തയ്യാറാക്കി അംഗീകാരം വാങ്ങുകയോ ചെയ്യാത്ത സ്ഥാപനങ്ങളുടെ കണക്കുകൾ അംഗീകരിക്കാൻ സാധിക്കുകയില്ലായെന്നിരിക്കെ തദ്ദേശ സ്ഥാപനങ്ങളുടെ പദ്ധതി പണം വിനിയോഗിച്ച് ചെലവുകൾ നടത്തുകയും സ്വയം നിയന്ത്രണാധികാരമുള്ള സ്ഥാപനമെന്ന രീതിയിൽ നിയമാവലിയിൽ ഇല്ലാത്ത സ്പെഷൽ ഓഫീസറെ നിയമിച്ച് ചെലവുകൾ നടത്തിയതും, തദ്ദേശസ്ഥാപനങ്ങൾക്ക് വിനിയോഗ സാക്ഷ്യപത്രം നൽകുന്നതിന് സ്പെഷൽ ഓഫീസർക്ക് അധികാരം നൽകിയതും ഗുരുതരമായ കൃത്യവിലോപമാണ്.

വിജ്ഞാൻ സാഗർ സൊസൈറ്റിയുടെ മേൽ ജില്ലാ പഞ്ചായത്തിന്റെ നിയന്ത്രണാധികാരം പുനസ്ഥാപിക്കണം .

ബഹുമാനപ്പെട്ട തൃശ്ശൂർ ജില്ലാ കളക്ടറുടെ 20.06.2019 ലെ എച്ച്.2-2403/18 ഡി.സി.ടി.എസ്.ആർ കത്ത് പ്രകാരം തദ്ദേശ സ്ഥാപനങ്ങളായ ഗ്രാമപഞ്ചായത്തുകൾ, ജില്ലാപഞ്ചായത്ത് എന്നിവയിൽ നിന്നും നൽകുന്ന പദ്ധതി വിഹിതത്തിൽ നിന്നുള്ള ചെലവുകളുടെ വൌച്ചറുകൾ പരിശോധിച്ച് അംഗീകരിക്കേണ്ടത്, ആയതിന്റെ ഉത്തരവാദിത്വം എന്നിവ നിർവ്വഹണ ഉദ്യോഗസ്ഥനായ സെക്രട്ടറി, ജില്ലാ പഞ്ചായത്ത് ഫിനാൻസ് ഓഫീസർ,

എന്നിവർക്കാണെന്നും, ജില്ലാ കളക്ടർ ജില്ലാ പഞ്ചായത്തിന്റെ നിർവ്വഹണ ഉദ്യോഗസ്ഥനല്ലാത്തതിനാൽ ജില്ലാ കളക്ടറിൽ നിന്നും ഫണ്ട് റികിസിഷൻ ഫോറം വാങ്ങി വിജ്ഞാൻ സാഗറിന് ഫണ്ട് ട്രാൻസ്ഫർ ചെയ്യുന്നത് തെറ്റായ രീതിയായതിനാൽ ആയത് തുടരാനാവില്ലായെന്നും, ധാരണാ പത്രം പ്രകാരം സെക്രട്ടറിയ്ക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകുന്നതിന് ഭരണ സമിതിയും, നിർവ്വാഹക സമിതിയും ഉള്ളതിനാൽ തുടർന്നുള്ള സൊസൈറ്റിയുടെ ചെലവുകൾ പരിശോധിച്ച് അനുമതി നൽകേണ്ടത് ജില്ലാ പഞ്ചായത്താണെന്നും അറിയിക്കുകയുണ്ടായി. ഇക്കാര്യത്തിൽ സ്വീകരിച്ച തുടർ നടപടി വിവരങ്ങൾ ഓഡിറ്റിനു നൽകിയിട്ടില്ല. ആയത് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

ജില്ലാപഞ്ചായത്തിന്റെ കീഴിൽ സൊസൈറ്റി രജിസ്റ്റർ ചെയ്ത് വിജ്ഞാൻ സാഗർ പദ്ധതി നടത്തുന്നതിന് സർക്കാർ അംഗീകരിച്ച ധാരണാപത്രം, നിയമാവലി എന്നിവ ഹാജരാക്കുന്നതിനും, ഭരണസമിതി (Governing Body)രൂപീകരിച്ചതിന്റെ സർക്കാർ അനുമതിയും ആവശ്യപ്പെട്ട് 16.8.19 ലെ കെ.2/132/19 ഉന്നത വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ജില്ലാ പഞ്ചായത്തിന് കത്ത് നൽകിയിട്ടുണ്ട്. എന്നാൽ ഗവേണിംഗ് ബോഡി, ധാരണാപത്രം, നിയമാവലി എന്നിവയ്ക്ക് സർക്കാർ അംഗീകാരം നാളിതുവരെലഭിച്ചിട്ടില്ല.

വിജ്ഞാൻ സാഗർ സയൻസ് പാർക്ക് നടത്തിപ്പ് ജില്ലാ പഞ്ചായത്തിന് ബാധ്യത .

വിജ്ഞാൻ സാഗർ സൊസൈറ്റിയുടെ പ്രവർത്തന ഉദ്ഘാടനം 12.01.2019 ന് നടത്തുകയും പാർക്കിന്റെ പ്രവർത്തനത്തിനായി ജീവനക്കാരെ നിയമിക്കുകയും ചെയ്തു.

സ്റ്റാഫ് പാറ്റേൺ

| സ്റ്റാഫ് | വേതനം | എണ്ണം |
|---|---|---|
| സ്പെഷൽ ഓഫീസർ | 30000 | 1 |
| ടെക്നിക്കൽ ഓഫീസർ | 25000 | 1 |
| ഇൻസ്ട്രക്ടർ | 12000 | 5 |
| ക്ലർക്ക് കം ടൈപിസ്റ്റ് | 15000 | 1 |
| സെക്യൂരിറ്റി സ്റ്റാഫ് | 10000 | 1 |
| ക്ലീനിംഗ് സ്റ്റാഫ് | 10000 | 2 |
| വാച്ച്മാൻ | 12000 | 2 |

നിലവിലെ സാഹചര്യത്തിൽ പാർക്ക് പ്രവർത്തിപ്പിക്കുന്നതിന് ഒരു വർഷത്തിൽ 30 ലക്ഷം രൂപയെങ്കിലും ആവശ്യമാണ്. എന്നാൽ മധ്യവേനലവധി ക്യാമ്പ്, ഗേറ്റ് കളക്ഷൻ എന്നിവയിലൂടെ പ്രതീക്ഷിക്കുന്ന പരമാവധി വാർഷിക വരുമാനം 10 ലക്ഷം രൂപയാണ്. 20 ലക്ഷം രൂപയുടെ വാർഷിക ബാധ്യത പാർക്ക് മൂലം ജില്ലാ പഞ്ചായത്തിനുണ്ടാകുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. [സ്ഥാപനത്തിന്റെ പ്രതീക്ഷിത വാർഷിക വരവ് 10 ലക്ഷം രൂപയും ചെലവ് 30 ലക്ഷവുമാണ് (ശമ്പളം 22.71 ലക്ഷം,വൈദ്യുതി, മെയിന്റനൻസ്,etc.7.29)] ഈസാഹചര്യത്തിൽ പ്ലാൻ ഫണ്ടിൽ നിന്നും ശമ്പളം നൽകുന്നതിന് അനുമതി ആവശ്യപ്പെട്ട് 22.07.2019 ന് ജില്ലാപഞ്ചായത്ത് സെക്രട്ടറി ഡി.പി.ടി-ബി2-4750/17 കത്ത് പ്രകാരം അഡീഷണൽ ചീഫ് സെക്രട്ടറി ത.സ്വ.ഭ.വയ്ക്ക് കത്ത് നൽകിയതായി കണ്ടു. തുടർന്ന് 8.7.20 ലെ സ.ഉ (സാ) 1342/20 ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ദൈനം ദിന പ്രവർത്തനങ്ങൾക്കായി ജില്ലാ പഞ്ചായത്ത് തനതുഫണ്ടിൽ നിന്നും നൽകുന്ന തുക വിജ്ഞാൻ സാഗറിന് ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് തിരികെ ജില്ലാ പഞ്ചായത്തിൽ അടവാക്കണമെന്ന വ്യവസ്ഥയിൽ തനതു ഫണ്ടിൽ നിന്നും ചെലവഴിക്കാൻ സർക്കാർ അനുമതി നൽകി. 2020 മാർച്ച് മുതൽ കോവിഡ് വ്യാപനത്തെ തുടർന്ന് പാർക്ക് അടച്ചിടുകയും ജീവനക്കാരുടെ എണ്ണം കുറച്ച് ചെലവ് നിയന്ത്രിക്കുകയും ദൈനം ദിന ചെലവുകൾക്കായി തനതു ഫണ്ടിൽ നിന്നും 5 ലക്ഷം രൂപ പദ്ധതി നമ്പർ 917/21 പ്രകാരം 2020-21ൽ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. അതേസമയം പാർക്കിന്റെ ഒന്നാം നില നിർമ്മിച്ചതിൽ 38.4 ലക്ഷം രൂപയും ടോയ് ലറ്റ് ബ്ലോക്ക് നിർമ്മിച്ചതിൽ 19.12 ലക്ഷവും ലഭിക്കാനുള്ളതായി കാണിച്ച് നിർമ്മിതികേന്ദ്ര ജില്ലാപഞ്ചായത്തിന് കത്ത് നൽകിയിട്ടുണ്ട്. 3.11.2020 ലെ സ.ഉ (സാ)2062/20ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം 2019-20 മുതൽ രണ്ട് വർഷത്തേക്ക് പാർക്കിന്റെ പ്രവർത്തനത്തിനായി പ്ലാൻ ഫണ്ട് ചെലവഴിക്കുന്നതിന് ജില്ലാപഞ്ചായത്തിന് അനുമതി ലഭിച്ചിട്ടുണ്ട്. എന്നാൽ പാർക്ക് പ്രവർത്തിപ്പിക്കുന്നതിലൂടെ ജില്ലാ പഞ്ചായത്തിനുണ്ടാകുന്ന ബാധ്യത പരിഹരിക്കുന്നതിനായി പ്ലാൻ

ഫണ്ട്, തനതു ഫണ്ട് എന്നിവ ചെലവഴിക്കുന്നതിന് സർക്കാർ ഉത്തരവുകൾ നേടിയെടുക്കുന്ന രീതിയിൽ മാറ്റം ഉണ്ടാകേണ്ടത് അനിവാര്യമാണ് . കുട്ടികളിൽ ശാസ്ത്രാവബോധം വളർത്തുന്നതിനും, വിജ്ഞാന വ്യാപനത്തിനും വേണ്ടി ആരംഭിച്ച വിജ്ഞാൻ സാഗർ സയൻസ് & ടെക്നോളജി പാർക്ക് സ്കൂൾ വിദ്യാർത്ഥികൾക്ക് പ്രയോജനപ്പെടുന്ന രീതിയിൽ സ്കൂൾ പഠന പ്രവർത്തനങ്ങളുമായി ബന്ധപ്പെടുത്തുന്ന പദ്ധതികൾ തയ്യാറാക്കി വികേന്ദ്രീകൃതാസൂത്രണ സമിതിയുടെ അനുമതിക്ക് വിധേയമായി ജില്ലാ പഞ്ചായത്തിന്റെ നിർവ്വഹണ ഉദ്യോഗസ്ഥനായ ജില്ലാ വിദ്യാഭ്യാസ ഓഫീസർ വഴി നടപ്പാക്കുന്നതിനുള്ള ശ്രമങ്ങൾ ഉണ്ടാകേണ്ടതുണ്ട്. അതോടൊപ്പം താഴെ സൂചിപ്പിച്ച അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനും ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

അപാകതകൾ -പരിഹാര മാർഗ്ഗങ്ങൾ .

1.വിജ്ഞാൻ സാഗർ സൊസൈറ്റിയുടെ ധാരണാ പത്രം, നിയമാവലി എന്നിവയ്ക്ക് നാളിതു വരെ സർക്കാരിന്റെ അംഗീകാരം ലഭിച്ചിട്ടില്ല. ആയത് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണം.

2.ജില്ലാപഞ്ചായത്തിന്റെ സ്ഥാപനത്തിൻമേലുള്ള ഉടമസ്ഥാവകാശം, നിയന്ത്രണാധികാരം സ്ഥാപനത്തിന്റെ പ്രവർത്തനം, ജീവനക്കാരുടെ യോഗ്യത, നിയമനം, പണമിടപാടുകൾ, അക്കൌണ്ടിഗ്, രജിസ്റ്ററുകളും രേഖകളും സൂക്ഷിക്കുന്നത്, ധനവിനിയോഗം, ഉപകരണങ്ങളുടേയും, പ്രദർശന വസ്തുക്കളുടേയും സൂക്ഷിപ്പ്, നഷ്ടോത്തരവാദിത്വം/ബാധ്യത, എന്നിവ സംബന്ധിച്ച വ്യക്തമായ മാർഗ്ഗരേഖ/ നിയമാവലി ഇതുവരെ തയ്യാറാക്കിയിട്ടില്ല.

3.2006-07 മുതൽ നാളിതുവരെ തയ്യാറാക്കിയ അക്കൌണ്ടുകൾ, ഓഡിറ്റ് നടത്തുന്നതിന് നിയമാവലി പ്രകാരം ലോക്കൽ ഫണ്ട് എക്സാമിനർ/ഓഡിറ്ററെ ചുമതലപ്പെടുത്തിയിട്ടില്ല. നാളിതുവരെയുള്ള കണക്കുകൾ തയ്യാറാക്കി ജില്ലാ പഞ്ചായത്തിന്റെ അംഗീകാരം വാങ്ങി നിയമാനുസൃത വാർഷിക ഓഡിറ്റ് നടത്തുന്നതിന് നടപടി സ്വീകരിക്കണം.

4. വാർഷിക കണക്കുകൾ തയ്യാറാക്കുന്നതായി കാണുന്നുണ്ടെങ്കിലും Express Of Interest, ക്ഷണിച്ചിട്ടില്ല. Scope Of Audit നിർവചിച്ച് നൽകിയിട്ടില്ല. വാർഷിക ഓഡിറ്റ് നടത്തിയിട്ടില്ല. അക്കൌണ്ടിംഗ് ഫോർമാറ്റുകൾ തയ്യാറാക്കി, ആസ്തി ബാധ്യതകൾ നിർണയിക്കുന്നതിനും, സ്ഥാപനത്തിന്റെ ഫിനാൻഷ്യൽ, പെർഫോമൻസ്, കൺകറന്റ് ഓഡിറ്റ് എന്നിവ നടത്തണം. ഇതിനാവശ്യമായ വ്യവസ്ഥകൾ നിയമാവലിയിൽ ഉൾപെടുത്തണം. ഇക്കാര്യത്തിൽ തുടർ നടപടി സ്വീകരിക്കണം.

5.ജില്ലാ പഞ്ചായത്തിന്റെ പദ്ധതി വിഹിതവും, സംയുക്തപദ്ധതിയുടെ ഭാഗമായി വിവിധ തദ്ദേശ സ്ഥാപന വിഹിതവും വിജ്ഞാൻ സാഗർ സൊസൈറ്റി സ്പെഷൽ ഓഫീസർക്ക് കൈമാറിയിട്ടുണ്ടെങ്കിലും ചെലവുകൾ നിയമാനുസൃതം പരിശോധിച്ച് ജില്ലാ പഞ്ചായത്ത് സെക്രട്ടറി, ഫിനാൻസ് ഓഫീസർ എന്നിവർ അംഗീകരിച്ച് നൽകിയിട്ടില്ല. തയ്യാറാക്കിയ വാർഷിക കണക്കുകൾ പ്രകാരമുള്ള വിവിധ വർഷങ്ങളിലെ ചെലവുരേഖകൾ പരിശോധിച്ച് അംഗീകാരം നൽകേണ്ടതുണ്ട്. ഇക്കാര്യത്തിൽ തുടർ നടപടി സ്വീകരിക്കണം.

6.വാങ്ങൽ പ്രക്രിയക്ക് തദ്ദേശ സ്ഥാപനങ്ങൾക്ക് ബാധകമായ പ്രൊക്യൂർമെന്റ് മാന്വൽ ബാധകമാണെന്നിരിക്കെ വാങ്ങലുകളിൽ ഈ മാന്വൽ പ്രകാരമുള്ള നിയന്ത്രണങ്ങൾ പാലിച്ചിട്ടില്ല. വാങ്ങലുകളിലെ സുതാര്യത ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല. ലഭ്യമായ ക്വട്ടേഷനുകൾ, ടെണ്ടർ, ടാബുലേഷൻ, കമ്മിറ്റിയുടെ അംഗീകാരം, ജില്ലാ പഞ്ചായത്തിന്റെ അനുമതി എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല. പുതുക്കിയ സ്റ്റോർ പർച്ചേയ്സ് മാന്വൽ സ്ഥാപനത്തിന് ബാധകമാക്കി ജില്ലാ പഞ്ചായത്ത് തീരുമാനമെടുത്തിട്ടില്ല. സൊസൈറ്റിയുടെ നിയമാവലിക്ക് സർക്കാർ അംഗീകാരം ലഭിക്കാത്ത സാഹചര്യത്തിൽ പദ്ധതി വിഹിതത്തിൽ നിന്നുള്ള വാങ്ങലുകളിൽ പ്രൊക്യൂർമെന്റ് മാന്വൽ പ്രകാരമുള്ള നടപടികൾ സ്വീകരിക്കാത്തതിന് മറുപടി നൽകേണ്ടതാണ്.

7.സൊസൈറ്റിയുടെ 2006-07 മുതൽ 2020-21 വരെ വർഷങ്ങളിലെ തയ്യാറാക്കിയ വാർഷിക കണക്കുകൾ, ബാങ്ക് പാസ്സ്ബുക്കുകൾ, കാഷ് ബുക്ക്, റീ കൺസീലിയേഷൻ പത്രികകൾ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. നാളിതു വരെയുള്ള വാർഷിക കണക്കുകൾ തയ്യാറാക്കി ഓഡിറ്റ് നടത്തുന്നതിന് നടപടി സ്വീകരിക്കണം.

8.തനതു ഫണ്ടിൽ നിന്നും 5 ലക്ഷം രൂപ പദ്ധതി നമ്പർ 917/21 പ്രകാരം ചെലവഴിച്ചിട്ടുണ്ട്. ചെലവു രേഖകൾ ഹാജരാക്കിയിട്ടില്ല. ചെലവു രേഖകളുടെ അഭാവത്തിൽ ചെലവു തുക 5 ലക്ഷം രൂപ തടസ്സപ്പെടുത്തുന്നു .

9. ലഭ്യമായ 2020-21 വർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരം 31.03.2021 ന് സൊസൈറ്റിയുടെ ബാങ്കുകളിലെ നീക്കിയിരുപ്പ് താഴെ കാണും പ്രകാരമാണ്.

| | |
|---|---|
| കാനറാ ബാങ്ക് | 2,90,551 |
| ഇൻഡ്യൻ ഓവർസീസ് ബാങ്ക് | 1,82,20,937 |
| സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ ( എക്സിബിഷൻ,ക്യാംപ് ) | 83,850 |
| ആകെ | 1,85,18,700 |

ഇതിൽ പദ്ധതി വിഹിതമായി വിവിധ വർഷങ്ങളിൽ ജില്ലാ പഞ്ചായത്ത് നൽകിയതും, സംയുക്ത പദ്ധതിയുടെ ഭാഗമായി ജില്ലയിലെ വിവിധ തദ്ദേശ ഭരണ സ്ഥാപനങ്ങൾ നൽകിയതുമായ തുകയിൽ വർഷാവസാനത്തിൽ ബാക്കിയുള്ള തുക തിരികെ കൺസോളിഡേറ്റഡ് ഫണ്ടിൽ അടവാക്കാതെ ഇൻഡ്യൻ ഓവർസീസ് ബാങ്കിന്റെ തൃശ്ശൂർ ശാഖയിലെ അക്കൌണ്ട് നം. 14293 ൽ സൂക്ഷിച്ചിട്ടുള്ളതായി കണ്ടു. ഇത് സർക്കാർ നിർദ്ദേശങ്ങളുടെ ലംഘനമാണ്. ടി തുക തിരികെ കൺസോളിഡേറ്റഡ് ഫണ്ടിൽ അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി. നം. 07/31.12.2021)

10. ജീവനക്കാരുടെ അനധികൃത നിയമനം സംബന്ധിച്ചും, വിജ്ഞാൻ സാഗർ നടത്തിപ്പിലെ സാമ്പത്തിക ക്രമക്കേടുകൾ സംബന്ധിച്ചും വിവിധ പരാതികൾ ഫയലിൽ കാണുന്നു. തനതു വരുമാനത്തിനനുസൃതമായി നിയമിക്കാവുന്ന ജീവനക്കാരുടെ എണ്ണം നിർണയിച്ച് യോഗ്യത, നിയമനം, വേതനം എന്നിവ സംബന്ധിച്ച വ്യക്തമായ വ്യവസ്ഥകൾ തയ്യാറാക്കി സർക്കാർ അംഗീകാരം വാങ്ങേണ്ടതാണ്.

11.നാളിതു വരെയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ, ചെലവഴിച്ച തുക, ഏർപ്പെടുത്തിയ സേവനങ്ങൾ, ഫീസ് നിരക്ക്, ജില്ലാ പഞ്ചായത്തിന്റെ നിയന്ത്രണാധികാരം, ആസ്തി-ബാധ്യതാ വിവരങ്ങൾ, ജീവനക്കാരുടെ കടമകളും ഉത്തരവാദിത്വങ്ങളും സംബന്ധിച്ച ആഭ്യന്തര നിയന്ത്രണ വ്യവസ്ഥകൾ എന്നീ വിവരങ്ങൾ ഓഡിറ്റിനായി ലഭ്യമാക്കിയിട്ടില്ല. ഇക്കാര്യത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.04/31.12.2021) തൃപ്തികരമായ മറുപടി നൽകിയിട്ടില്ല. മേൽ സൂചിപ്പിച്ച അപാകതകൾ പരിഹരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

1-85 സുശാന്തം-ജില്ലാ വയോജന കേന്ദ്രം- തുടർ നടത്തിപ്പിൽ അവ്യക്തത- പദ്ധതിക്ക് സർക്കാർ അംഗീകാരം ലഭിച്ചില്ല.

നിർവ്വഹണം. ജില്ലാ സാമൂഹ്യ നീതി ഓഫീസർ

തൃശ്ശൂർ ജില്ലയെ വയോജന സൌഹൃദ ജില്ലയാക്കിമാറ്റുന്നതിന് വയോജനങ്ങളുടെ ക്ഷേമത്തിനും പരിപാലനത്തിനുമായി ആവശ്യമായ പദ്ധതികളുടെ ആസൂത്രണം, നിർവ്വഹണം, ഏകോപനം എന്നിവ നിർവ്വഹിക്കുന്നതിന് ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് ചെയർമാനും, ജില്ലാ കളക്ടർ കൺവീനറും ആയി സുശാന്തം സൊസൈറ്റി ഫോർ കെയർ & കംപാഷൻ എന്ന പേരിൽ ഒരു സൊസൈറ്റി രൂപീകരിച്ച് 1955 ലെ 12ാമത് തിരുവിതാംകൂർ-കൊച്ചിൻ സാഹിത്യ ശാസ്ത്രീയ ധർമ്മ സംഘങ്ങൾ രജിസ്ട്രാക്കൽ ആക്ട് പ്രകാരം 20.11.2017ന് TSR/TC/668/2017 നമ്പറായി രജിസ്റ്റർ ചെയ്യുകയുണ്ടായി.

05.06.2006 ലെ 132/06 ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ജില്ലാപഞ്ചായത്തിൽ ലയിപ്പിച്ചിട്ടുള്ള ഗ്രാമവികസന വകുപ്പിന്റെ ഉടമസ്ഥതയിലുള്ളതും, ഒളരിക്കരയിൽ അരണാട്ടുകര വില്ലേജ് സർവ്വെ നം.304/4 പി സർവ്വെ നമ്പറിൽപെട്ടതുമായ 15 സെന്റ് ഭൂമിയിൽ ജില്ലാ വയോജന ക്ഷേമകേന്ദ്രം (ഡിസ്ട്രിക്ട് റിസോഴ്സ് സെന്റർ ഫോർ ദി എൽഡർലി) നിർമ്മിക്കുന്നതിനും, നിർമ്മാണ ചുമതല കോസ്റ്റ് ഫോർഡിനെ ഏൽപ്പിക്കുന്നതിനും 29.8.17ലെ ഭരണ സമിതി (3) നമ്പറായി തീരുമാനമെടുത്തു. തുടർന്ന് 6 നിലകളിലായി ട്രെയിനിംഗ് ഹാൾ, നഴ്സിംഗ് സ്റ്റേഷൻ, കൺസൾട്ടന്റ് റൂം, ഷെൽട്ടർ റൂം, ബെഡ് റൂമുകൾ എന്നിങ്ങനെ സൌകര്യങ്ങളോട് കൂടിയ കെട്ടിടം നിർമ്മിക്കുന്നതിന് കോസ്റ്റ് ഫോർഡ് 2.33 കോടി രൂപയുടെ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കുകയും, ബഹുവർഷ പദ്ധതിയായതിനാൽ 17-18 സാമ്പത്തിക വർഷത്തിൽ ഒരുകോടി രൂപ

വകയിരുത്തി ജില്ലാ പഞ്ചായത്ത് പദ്ധതി ആവിഷ്കരിച്ച് 922/18 25.10.2017 ഡി.പി.സി.66/17/ആർ.ഒ1 /ഡി.പി.എം. നമ്പറായി ഡി.പി.സി. അനുമതിയും. 14.12.2017 ലെ സ.ഉ (സാ) 4048/2017ത.സ്വ.ഭ.വ പ്രകാരം കെട്ടിട നിർമ്മാണത്തിന് സർക്കാർ അനുമതിയും നേടുകയുണ്ടായി. തുടർന്ന് നിർവ്വഹണ ഉദ്യോഗസ്ഥനായ ജില്ലാ സാമൂഹ്യനീതി ഓഫീസർ 1347/2017-18 നമ്പറായി കോസ്റ്റ് ഫോർഡുമായി കരാറിലേർപ്പെടുകയും ചെയ്തു.

സൊസൈറ്റി രൂപീകരിച്ച് പ്രോജക്ട് നടപ്പാക്കുന്നതിനും, ജില്ലയിലെ തദ്ദേശസ്ഥാപനങ്ങൾക്ക് അംഗത്വഫീസ് നിശ്ചയിച്ച് (ഗ്രാമ,ബ്ലോക്ക് പഞ്ചായത്തുകൾ 1 ലക്ഷം വീതം, നഗരസഭകൾ 2 ലക്ഷം വീതം, ജില്ലാപഞ്ചായത്ത്, തൃശ്ശൂർ കോർപ്പറേഷൻ 10 ലക്ഷം വീതം എന്നിങ്ങനെ) തുക പദ്ധതിക്ക് വകയിരുത്തുന്നതിനും അനുമതി ആവശ്യപ്പെട്ട് ബഹുമാനപ്പെട്ട ജില്ലാ കളക്ടർ സംസ്ഥാന തല വികേന്ദ്രീകൃതാസൂത്രണ കോർഡിനേഷൻ കമ്മിറ്റിയ്ക്ക് അപേക്ഷ സമർപ്പിച്ചിരുന്നു. 05.12.2019 ലെ കമ്മിറ്റി തീരുമാനം 4.3 പ്രകാരം ഇക്കാര്യം നിരസിക്കുകയും തദ്ദേശ സ്വയം ഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 22.03.2019 ലെ നമ്പർ.ഡി.ബി.4/85/2018 കത്ത് പ്രകാരം സൊസൈറ്റി രൂപീകരിച്ച് ഈ പ്രോജക്ട് നടത്തുന്നത് അഭികാമ്യമല്ലാത്തതിനാൽ അനുമതി നിരസിച്ചതായി ജില്ലാപഞ്ചായത്തിനെ അറിയിക്കുകയും ചെയ്തു.

പദ്ധതി പ്രദേശത്ത് കോസ്റ്റ് ഫോർഡ് നടത്തുന്ന നിർമ്മാണം അനധികൃതമാണെന്നും, കെട്ടിട നിർമ്മാണം മൂലമുള്ള മലിനീകരണം സംബന്ധിച്ചും പ്രദേശവാസികൾ നൽകിയ പരാതിയിൻമേൽ 07.05.2019 ലെ AYL/BA /140/18-19 കത്ത് പ്രകാരം നിയമാനുസൃത അനുമതിയില്ലാതെ നടത്തുന്ന നിർമ്മാണം നിർത്തിവയ്ക്കുന്നതിന് കോർപ്പറേഷൻ അയ്യന്തോൾ സോണൽ, അസിസ്റ്റന്റ് എഞ്ചിനീയർ സ്റ്റോപ്പ് മെമ്മോ നൽകുകയുണ്ടായി. മാത്രമല്ല Construction & Demolition Waste Rules 2016 പ്രകാരം ഖര-ദ്രവ മാലിന്യങ്ങൾക്ക് സംസ്കരണത്തിനും, നിർമ്മാർജ്ജനത്തിനും ആവശ്യമായ സംവിധാനങ്ങൾ ഏർപ്പെടുത്തിയശേഷം മാത്രമേ പ്രവർത്തിക്കാൻ പാടുള്ളുവെന്ന് 17.07.2019ലെ പി.സി.ബി/ടി.എസ്.ആർ/ജി.ഇ.എൻ/105/2014 കത്ത് പ്രകാരം മലിനീകരണ നിയന്ത്രണ ബോർഡ് ഉത്തരവു പുറപ്പെടുവിക്കുയും ചെയ്തു. തുടർന്ന് ജില്ലാ പഞ്ചായത്തിന്റെ ആവശ്യ പ്രകാരം കെട്ടിടം 2 നിലയായി ചുരുക്കുകയും കോസ്റ്റ്ഫോർഡ് എസ്റ്റിമേറ്റ് തുക റിവൈസ് ചെയ്ത് 1,33,50,000 രൂപയാക്കുകയും ചെയ്തു.

ഫയൽ പ്രകാരം നാളിതുവരെ കെട്ടിട നിർമ്മാണത്തിനായി 80 ലക്ഷം രൂപ കോസ്റ്റ് ഫോർഡിനു നൽകിയിട്ടുണ്ട്. എന്നാൽ ആദ്യഗഡു 20 ലക്ഷം രൂപ കൈപ്പറ്റിയതിന്റെ വിനിയോഗ സാക്ഷ്യപത്രം മാത്രമേ ഫയലിൽ സൂക്ഷിച്ചിട്ടുള്ളൂ. സൊസൈറ്റി രൂപീകരിച്ച് പദ്ധതി നടപ്പാക്കുന്നതിന് സർക്കാർ അനുമതി ലഭിക്കാത്ത സാഹചര്യത്തിൽ കൺവീനറായ ജില്ലാ കളക്ടറുടെയും, ട്രഷറർ ആയ ജില്ലാ പ്ലാനിംഗ് അംഗത്തിന്റെയും പേരിൽ ആരംഭിച്ച സംയുക്ത അക്കൌണ്ട്- കാനറ ബാങ്ക് അയ്യന്തോൾ ബ്രാഞ്ച് അക്കൌണ്ട് നം. 6757101000109 ൽ ജില്ലയിലെ വിവിധ തദ്ദേശ സ്ഥാപനങ്ങൾ നിക്ഷേപിച്ച തുക (ഫയലിലെ രേഖപെടുത്തൽ പ്രകാരം 70 ലക്ഷം രൂപ) ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ പേരിലുള്ള 799011400000646അക്കൌണ്ടിലേക്ക് മാറ്റുന്നതിന് 23.06.2020 ലെ അവലോകന യോഗത്തിൽ തീരുമാനിച്ചു (തുക ജില്ലാ പഞ്ചായത്ത് സെക്രട്ടറിയ്ക്ക് ട്രാൻസ്ഫർ ചെയ്യുന്നതിന് 08.02.2022 ലെ.സ.ഉ(സാ) 279/2022 എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം അനുമതി ലഭിച്ചിട്ടുണ്ട്). തുടർന്ന് 5.11.2020 ലെ ഭരണസമിതി തീരുമാനം നം. 6(7) പ്രകാരം പദ്ധതിയുടെ ഭാഗമായ കെട്ടിട നിർമ്മാണം ഉൾപെടെയുള്ള തുടർ പ്രവർത്തനങ്ങൾക്ക് ടി തുക ചെലവഴിക്കാൻ സർക്കാർ അനുമതിക്കായി അപേക്ഷിക്കാൻ തീരുമാനിച്ചിട്ടുണ്ട്. എന്നാൽ ഇക്കാര്യത്തിൽ നാളിതുവരെ അനുമതി ലഭിച്ചിട്ടില്ല.

അപാകതകൾ

1. സുശാന്തം എന്ന പേരിൽ സൊസൈറ്റി രജിസ്റ്റർ ചെയ്യുന്നതിന് തയ്യാറാക്കിയ നിയമാവലിയ്ക്ക് സർക്കാർ അംഗീകാരം ലഭിച്ചിട്ടില്ല. വയോജനക്ഷേമത്തിനായി വിവിധ ഏജൻസികളിൽ നിന്നും ക്ലൌഡ് ഫണ്ടിംഗ് നടത്തുന്നതിനും, സർക്കാർ ഫണ്ട് വിനിയോഗിക്കുന്നതിനും, വിവിധ വയോജനക്ഷേമ ഏജൻസികളുമായും, ഗവേഷണ സ്ഥാപനങ്ങളുമായും ചേർന്ന് പ്രവർത്തിക്കുന്നതിനും ലക്ഷ്യമിടുന്ന സംവിധാനമെന്ന നിലയിൽ ഔദ്യോഗിക പദവികൾ വഹിക്കുന്ന ഉദ്യോഗസ്ഥരെ ഉൾപെടുത്തി ഭരണ സമിതി, ഗവേണിംഗ് ബോഡി എന്നിവ രൂപീകരിക്കുമ്പോൾ ഇത്തരം എസ്റ്റാബ്ലിഷ്മെന്റുകൾ ആരംഭിക്കുന്നതിനും, തയ്യാറാക്കിയ നിയമാവലി രജിസ്റ്റർ ചെയ്യുന്നതിനും മുൻപായി സർക്കാരിന്റെ അംഗീകാരം ലഭ്യമാക്കേണ്ടതായിരുന്നു. ആയത് ഇതുവരെ ലഭിച്ചിട്ടില്ലായെന്നതിനാൽ സുശാന്തം- സൊസൈറ്റി ഫോർ കെയർ & കംപാഷൻ സൊസൈറ്റിയായി തുടർന്ന്

പ്രവർത്തിക്കുന്നതിന് നിലവിൽ സാധിക്കുകയില്ല.

2. വിവിധ തദ്ദേശ സ്ഥാപനങ്ങളിൽ നിന്നും ധനസഹായം സ്വീകരിക്കുന്നതിനും, സൊസൈറ്റിയായി പ്രവർത്തിക്കുന്നതിനും സർക്കാർ അംഗീകാരം ലഭിക്കാത്ത സാഹചര്യത്തിൽ പ്രയോജനമില്ലാത്ത ഒരു കെട്ടിടം നിർമ്മിക്കുന്ന ഒരു പാഴ് ചെലവ് പദ്ധതിയായി മാത്രം ഈ പ്രോജക്ട് മാറിയിരിക്കുകയാണ്. നിലവിൽ വ്യവസായ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള 15 സെന്റ് സ്ഥലത്ത് ഇരു നിലകളുടെ സ്ട്രക്ചർ മാത്രം(പില്ലറുകളും ,ആർ.സി.സി.റൂഫും മാത്രം) പൂർത്തിയാക്കി മൂന്ന വർഷത്തിലധികമായി കിടക്കുന്ന ഉപയോഗശൂന്യമായ ഒരു കെട്ടിടമാണ് പദ്ധതി പ്രദേശത്തുള്ളത്.



സുശാന്തം-ജില്ലാ വയോജന ക്ഷേമകേന്ദ്രം

3. ജില്ലാപഞ്ചായത്തിന്റെ ആവശ്യപ്രകാരം ജില്ലയിലെ തദ്ദേശ സ്ഥാപനങ്ങൾ 2017-18 വർഷത്തിൽ കൈമാറിയ പദ്ധതി പണം നാളിതുവരെ വിനിയോഗിക്കാതെ സൊസൈറ്റിയുടെ അക്കൌണ്ടിൽ നിഷ്ക്രിയമായി കിടക്കുകയാണ്. സംയുക്ത പദ്ധതികൾക്കായി തുക വിനിയോഗിക്കുന്നത് സംബന്ധിച്ച് അന്ന് നിലവിലുണ്ടായിരുന്ന 23.01.2017 ലെ ജി.ഒ.(പി) നം 7/2017/ധന ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം സാമ്പത്തികവർഷത്തിനുള്ളിൽ ചെലവഴിക്കാൻ സാധ്യതയില്ലെന്ന വിലയിരുത്തുന്ന തുക ഫെബ്രുവരി 28 നകം അതാത് സ്ഥാപനങ്ങളിലേക്ക് തിരികെ നൽകേണ്ടതും മാർച്ച് 31 ന് ചെലവഴിക്കാതെ അവശേഷിക്കുന്ന തുക സർക്കാരിലേക്ക് തിരിച്ചടക്കേണ്ടതുമായിരുന്നു. ഇത്തരത്തിൽ വിനിയോഗിക്കാതെ അവശേഷിക്കുന്ന 70 ലക്ഷം രൂപ ഇപ്പോഴും സൊസൈറ്റിയുടെ അക്കൌണ്ടിൽ നിലനിൽക്കുന്നുവെന്നത് സർക്കാർ നിർദ്ദേശങ്ങളുടെ ലംഘനമാണ്.

4. സർക്കാർ ഉത്തരവിന്റെ അഭാവത്തിൽ പോലും ജില്ലാ പഞ്ചായത്തിന്റെ ആവശ്യ പ്രകാരം തുക നൽകിയ ജില്ലയിലെ വിവിധ തദ്ദേശ സ്ഥാപനങ്ങൾക്ക് തുക വിനിയോഗിച്ചതിന്റെ സാക്ഷ്യപത്രം നൽകുന്നതിന് നിലവിൽ ജില്ലാ പഞ്ചായത്തിന് സാധിക്കാത്ത സ്ഥിതിവിശേഷം നിലവിലുണ്ട്.

5. കെട്ടിട നിർമ്മാണം സംബന്ധിച്ച തടസ്സങ്ങൾ തീർപ്പാക്കി, പെർമിറ്റ് ലഭ്യമാക്കി നിലവിലെ തടസ്സങ്ങൾ പരിഹരിച്ച് കെട്ടിടം നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള പ്രായോഗിക പ്രശ്നങ്ങൾ എന്തൊക്കെയെന്ന് ഫയലിൽ നിന്നും വ്യക്തമല്ല.

6. കോസ്റ്റ്ഫോർഡ് ആദ്യം തയ്യാറാക്കിയ എസ്റ്റിമേറ്റിൽ ട്രെയിനിംഗ് റൂം, നഴ്സിംഗ് സ്റ്റേഷൻ, ബെഡ് റൂമുകൾ, കൺസൾട്ടേഷൻ റൂം എന്നിങ്ങനെ സൌകര്യങ്ങൾ ഉൾപ്പെടുത്തിയിരുന്നു. എന്നാൽ പിന്നീട് എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് രണ്ടു നിലയായി മാറ്റിയെങ്കിലും റിവൈസ്ഡ് എസ്റ്റിമേറ്റ് ഫയലിൽ സൂക്ഷിച്ചിട്ടില്ല. ആയത് ലഭ്യമാക്കണം. കെട്ടിടം പണി പൂർത്തീകരിച്ചാൽ തന്നെ വയോജനകേന്ദ്രത്തിന്റെ തുടർ പ്രവർത്തനം/ചുമതല/ വൈദ്യുതി, കെട്ടിട നികുതി, വാട്ടർ ചാർജ്ജ് തുടങ്ങിയ ആവർത്തന ചെലവുകൾ എന്നിവ കൈകാര്യം ചെയ്യുന്നത് എന്നിവ സംബന്ധിച്ച് വ്യക്തത ഇല്ല.

7. വയോജനങ്ങളുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനും ക്ഷേമം ഉറപ്പാക്കുന്നതിനും ആവശ്യമായ വകുപ്പ തല സർക്കാർ സംവിധാനങ്ങൾ നിലനിൽക്കെ, ജില്ലാ പഞ്ചായത്തിന്റെ നിയന്ത്രണത്തിലല്ലാത്ത സൊസൈറ്റികൾ രൂപീകരിച്ച് പ്രായോഗികമാക്കാൻ സാധിക്കാത്ത പദ്ധതികൾ ആവിഷ്കരിച്ച് പൊതുപണം ദുർവിനിയോഗം ചെയ്യുന്നത് ജില്ലാ പഞ്ചായത്തിന്റെ താല്പര്യങ്ങൾക്ക് ഗുണകരമല്ല. പ്രവൃത്തി പൂർത്തീകരിക്കുന്നതിന് ആവശ്യമായ തുക കണ്ടെത്തുന്നതിനോ, കെട്ടിട നിർമ്മാണം പൂർത്തീകരിച്ചാൽ

തന്നെയും വയോജനക്ഷേമകേന്ദ്രം സൊസൈറ്റി വഴി പ്രവർത്തിപ്പിക്കുന്നതിനോ സാധിക്കാത്ത സാഹചര്യം നിലനിൽക്കുന്നു.

ആവശ്യമായ സർക്കാർ അനുമതിയും, തുടർ നടത്തിപ്പ് സംബന്ധിച്ച് വ്യക്തമായ ധാരണയും, നടത്തിപ്പിനാവശ്യമായ മാനവ വിഭവ ശേഷിയും ഇല്ലാതെ കെട്ടിട നിർമ്മാണത്തിനായി മാത്രം ആവിഷ്കരിക്കുന്ന ഇത്തരം പദ്ധതികൾ ജില്ലാ പഞ്ചായത്തിന് ബാധ്യത മാത്രം സൃഷ്ടിക്കുന്നവയാണ്. ഇത്തരം പദ്ധതികൾ ആവിഷ്കരിച്ച് തുടർ നടത്തിപ്പിനായി സൊസൈറ്റികൾ രൂപീകരിച്ച് കൈമാറുന്ന പ്രവണത വർഷങ്ങളായി ജില്ലാ പഞ്ചായത്ത് തുടരുന്നതായാണ് കാണുന്നത്. ആശീർവാദ് റൈസ് പാർക്ക് പോലുള്ള സ്ഥാപനങ്ങൾ ഇത്തരത്തിൽ ജില്ലാ പഞ്ചായത്തിന് ഉണ്ടാക്കിയ ഭീമമായ നഷ്ടം ഇതിനുദാഹരണമാണ്. സർക്കാർ വിഹിതം ചെലവഴിക്കുന്നതിനു മാത്രമായി പദ്ധതികൾ ആവിഷ്കരിക്കുന്നതിനു പകരമായി 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 173ാം വകുപ്പ് 1ാം ഉപവകുപ്പിൽ വ്യവസ്ഥ ചെയ്യുന്ന അഞ്ചാം പട്ടിക പ്രകാരമുള്ള ജില്ലാപഞ്ചായത്തിന്റെ നിയമാനുസൃത ചുമതലകൾക്ക് മുൻഗണന നൽകുന്ന പദ്ധതികൾ ആവിഷ്കരിക്കുന്നതിനും, സമയബന്ധിതമായും കാര്യക്ഷമമായും നടപ്പാക്കുന്നതിനും നടപടി സ്വീകരിക്കണം. വയോജന ക്ഷേമകേന്ദ്രം കെട്ടിടം നിർമ്മാണം പൂർത്തീകരിക്കുന്നതിനും, സൊസൈറ്റി രൂപീകരിച്ച് പദ്ധതി നടപ്പാക്കുന്നതിന് സർക്കാർ അനുമതി നൽകാത്ത സാഹചര്യത്തിൽ തുടർനടത്തിപ്പ് സംബന്ധിച്ച പ്രായോഗിക മാർഗ്ഗങ്ങൾ കണ്ടെത്തേണ്ടതും, സർക്കാർ അനുമതിക്ക് വിധേയമായി തുടർ നടപടി സ്വീകരിക്കേണ്ടതുമാണ്. ഇക്കാര്യത്തിൽ ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

1-86 ശുഭാപ്തി-ജില്ലാ ഡിസെബിലിറ്റി റിഹാബിലിറ്റേഷൻ റിസോഴ്സ് സെന്റർ- കെട്ടിട നിർമ്മാണം പൂർത്തിയായി-ഡി.പി.ആർ തയ്യാറാക്കിയിട്ടില്ല-പദ്ധതി നിർവ്വഹണത്തിൽ അവ്യക്തത.

നിർവ്വഹണ ഉദ്യോഗസ്ഥൻ . ജില്ലാ സാമൂഹ്യ നീതി ഓഫീസർ , തൃശ്ശൂർ.

കുട്ടികൾക്കിടയിൽ ബുദ്ധിപരമായ വെല്ലുവിളികൾ, ഓട്ടിസം തുടങ്ങിയവ വർദ്ധിച്ച വരുന്ന സാഹചര്യത്തിൽ ഭിന്നശേഷിക്കാരായ വ്യക്തികളുടെ ക്ഷേമവും വികസനവും ലക്ഷ്യമാക്കി എല്ലാ വിധ ഭിന്ന ശേഷിയും സംജാതമാകുന്നത് തടയുക, ഭിന്നശേഷി വ്യാപ്തി നിയന്ത്രിക്കുക, പുനരധിവസിപ്പിക്കുക എന്നിവ ലക്ഷ്യമിട്ടുകൊണ്ട്, ഭിന്നശേഷി സംബന്ധിച്ച അവസ്ഥാപഠനരേഖകളേയും സാങ്കേതിക നിർദ്ദേശങ്ങളേയും അടിസ്ഥാനമാക്കി "ശുഭാപ്തി" എന്ന പേരിൽ ഒരു ജില്ലാഭിന്നശേഷി വിഭവകേന്ദ്രം (District Disability Rehabilitation Resource Centre-DDRC) സ്ഥാപിക്കുന്നതിന് തൃശ്ശൂർ ജില്ലാ പഞ്ചായത്ത് 2016-17 വർഷത്തിൽ പ്രോജക്ട് തയ്യാറാക്കുകയുണ്ടായി. ഭിന്നശേഷിക്കാരായ കുട്ടികൾക്ക് അവകാശപ്പെട്ട എല്ലാ സേവനങ്ങളും ഉറപ്പു വരുത്തുന്നതിന് പിന്തുണ നൽകുന്ന സംവിധാനമായി മാറുക എന്നത് ഈ കേന്ദ്രത്തിന്റെ ലക്ഷ്യമായി നിർണയിച്ചിട്ടുണ്ട്.

വിജ്ഞാൻ സാഗർ സയൻസ് & ടെക്നോളജി പാർക്ക് സ്ഥാപിക്കുന്നതിനായി കെട്ടിടം നിർമ്മിക്കാൻ 18.08.2005 ലെ സ.ഉ.(എം.എസ്)321/2005/പൊ.വി.വകുപ്പ് ഉത്തരവ് പ്രകാരം ജില്ലാ പഞ്ചായത്തിന് വിനിയോഗാനുമതി നൽകിയ വിദ്യാഭ്യാസ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള 9.047 ഏക്കർ ഭൂമിയിൽ (ഡയറ്റ് (District Institute Of Educational Training) കോംപൌണ്ടിൽ വിജ്ഞാൻ സാഗർ പാർക്കിനു പുറകിലായി) വിയ്യൂർ വില്ലേജ് സർവ്വെ 49/26 ൽ പെട്ട ഒരു ഏക്കർ ഭൂമി 28.06.2017 ലെ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനം 9 പ്രകാരം ജില്ലാ ഭിന്നശേഷി വിഭവകേന്ദ്രത്തിനായി അളന്ന് തിരിക്കുകയും, 2016-17 ൽ നം.485/19 ആയി പ്രോജക്ട് തയ്യാറാക്കി 95 ലക്ഷം രൂപ വകയിരുത്തി 15.10.2017ന് കെട്ടിട നിർമ്മാണം ആരംഭിക്കുകയും ചെയ്തു.

തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ ബഡ്സ് മാനേജ്മെന്റ് വികസന സമിതികൾ രൂപീകരിക്കുന്നതിന് കുടുംബശ്രീ സമർപ്പിച്ച മെമ്മോറാണ്ടം ഓഫ് അസോസിയേഷന് 1.8.17 ലെ സ.ഉ(എം.എസ്)152/09 ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം സർക്കാർ അംഗീകാരം നൽകിയിരുന്നു. ഈ മാതൃകയിൽ പദ്ധതിക്കായി സർക്കാർ അനുമതിയോടെ ധർമ്മസ്ഥാപന സംഘം രജിസ്റ്റർ ചെയ്യുന്നതിനും, തുതല പഞ്ചായത്ത്, നഗരസഭാ/കോർപ്പറേഷൻ ഫണ്ട് സ്വരൂപിച്ച് പദ്ധതി നടപ്പാക്കുന്നതിനും, പദ്ധതി രൂപകൽപ്പന ചെയ്യുന്നതിനും സാങ്കേതിക കമ്മിറ്റി രൂപീകരിച്ച് ഡി.പി.ആർ. തയ്യാറാക്കാൻ സി.ആർ.സി.കിലയെ ചുമതലപ്പെടുത്തുന്നതിനും 27.05.2017 ലെ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി (4) നമ്പറായി

തീരുമാനമെടുത്തതിന്റെ തുടർച്ചയായാണ് ഈ പദ്ധതി ജില്ലാ പഞ്ചായത്ത് രൂപീകരിക്കുന്നത്.

തുടർന്ന് 27 പേരുടെ അഡ്വൈസറി കമ്മിറ്റി രൂപീകരിക്കുകയും മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ, സ്ഥാപനത്തിന്റെ പ്രവർത്തനം സംബന്ധിച്ച ചട്ടങ്ങൾ, നിബന്ധനകൾ എന്നിവ തയ്യാറാക്കി 1955 ലെ തിരുവിതാംകൂർ-കൊച്ചിൻ സാഹിത്യ, ശാസ്ത്രീയ, ധർമ്മ സംഘങ്ങൾ രജിസ്ട്രാക്കൽ ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യുന്നതിന് തീരുമാനിക്കുകയും, ബൈലോ അംഗീകാരത്തിനായി 1.1.19 ന് ഡി.പി.ടി/ഡി.3-4789/17 കത്ത് പ്രകാരം സർക്കാരിലേക്കയക്കുകയും ചെയ്തു. പദ്ധതിയുടെ ഭാഗമായി ജില്ലയിലെ മറ്റ് തദ്ദേശസ്ഥാപനങ്ങളിൽ നിന്നും വിഭവസമാഹരണം നടത്തുന്നതിന് 10.06.2019 ലെ സ.ഉ(സാ) 1175/2019 പ്രകാരം സർക്കാർ അനുമതി നൽകിയിട്ടുണ്ട്. (ഗ്രാമപഞ്ചായത്തുകൾ 50,000/-, ബ്ലോക്ക്/നഗരസഭകൾ ഒരു ലക്ഷം വീതം, തൃശ്ശൂർ കോർപ്പറേഷൻ 10 ലക്ഷം, ജില്ലാ പഞ്ചായത്ത് 50 ലക്ഷം രൂപ എന്നിങ്ങനെ)

പദ്ധതിയുടെ ഭാഗമായി ജില്ലാ പഞ്ചായത്ത് വിവിധ വർഷങ്ങളിൽ വകയിരുത്തിയതും ചെലവഴിച്ചതുമായ തുകയുടെ വിവരങ്ങൾ.

| പദ്ധതി നം. | വകയിരുത്തിയ തുക | ചെലവഴിച്ച തുക (Up To Date) |
|---|---|---|
| 485/19 ഭിന്നശേഷി കെട്ടിട നിർമ്മാണം-ഒന്നാംഘട്ടം | 95 ലക്ഷം | 77.83 ലക്ഷം |
| 1242/20ഭിന്നശേഷി കെട്ടിട നിർമ്മാണം-ഒന്നാംഘട്ടം | 60 ലക്ഷം | 19.91ലക്ഷം |
| 1243/20ഭിന്നശേഷി കെട്ടിട നിർമ്മാണം-രണ്ടാം ഘട്ടം | 100ലക്ഷം | 53.02ലക്ഷം |

പദ്ധതിയുടെ ഭാഗമായി 2017 ൽ നിർമ്മാണം ആരംഭിച്ച കെട്ടിടത്തിന് ഇരുനിലകളിലായി 1199.83ച.മീറ്റർ വിസ്തൃതിയുണ്ട്. (ഗ്രൗണ്ട് ഫ്ലോർ 620.49ച.മീ+ഒന്നാം നില 579.34ച.മീ.) കെട്ടിട നിർമ്മാണം പൂർത്തീകരിച്ച് ഒക്കുപൻസി സർട്ടിഫിക്കറ്റിനായി നഗരസഭാ സെക്രട്ടറിക്ക് 2/11/2021 ന് കത്ത് നൽകിയതായി ഫയലിൽ കാണുന്നു. ചെയ്ത പ്രവൃത്തികളുടെ ഫൈനൽ ബിൽ തയ്യാറാക്കിയിട്ടില്ല. അതേ സമയം ചുറ്റുമതിൽ, റോഡ്, ഗേറ്റ്, ട്രസ്സ് വർക്ക് റോഡ് തുടങ്ങിയ അനുബന്ധ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന് 225 ലക്ഷം രൂപകൂടി ആവശ്യമാണെന്ന് കാണിച്ച് 12.10.2021 ന് കൊടകര സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയർ കത്ത് നൽകിയിട്ടുണ്ട്.



ശുഭാപ്തി-ജില്ലാഭിന്നശേഷി വിഭവകേന്ദ്രം

അപാകതകൾ

1. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം അഞ്ചാം പട്ടിക ബി. മേഖലാടിസ്ഥാനത്തിലുള്ള ചുമതലകൾ ക്രമനമ്പർ 12 പ്രകാരം വികലാംഗർ, അഗതികൾ എന്നിവർക്കായി ക്ഷേമ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. പട്ടികയിൽ സൂചിപ്പിക്കുന്ന രീതിയിൽ ഭിന്നശേഷിക്കാർക്കായി ജില്ലാ പഞ്ചായത്ത് ജില്ലാ ഭിന്നശേഷി വിഭവകേന്ദ്രം നിർമ്മിക്കുന്നുണ്ടെങ്കിലും ഇതിന്റെ തുടർ നടത്തിപ്പ് സംബന്ധിച്ച അവ്യക്തത/ആശങ്ക നിലനിൽക്കുന്നതായി കാണുന്നു.

2. തയ്യാറാക്കിയ ബൈലോ പ്രകാരം ജില്ലാ ഭിന്നശേഷി വിഭവകേന്ദ്രം വഴി വൈകല്യങ്ങൾ മുൻകൂട്ടി കണ്ടെത്തുന്നതിനുള്ള സർവ്വെ പ്രവർത്തനങ്ങൾ, ആരോഗ്യ പരിശോധന, കൌൺസിലിംഗ്, ഗൈഡൻസ്, റഫറൽ സേവനങ്ങൾ, കമ്മ്യൂണിറ്റി മൊബിലൈസേഷൻ, സഹായോപകരണ വിതരണം നെറ്റ് വർക്കിംഗ് എന്നിങ്ങനെ വിവിധങ്ങളായ സേവനങ്ങൾ നൽകുന്നതിന് ലക്ഷ്യമിടുന്നുണ്ടെങ്കിലും ഇതിനാവശ്യമായ മാനവ വിഭവശേഷി, സാമ്പത്തിക പിന്തുണ, യോഗ്യതയുള്ള പ്രൊഫഷണൽസ്, സ്ഥാപനത്തിന്റെ ഭരണ നിർവ്വഹണം, പ്രവർത്തനങ്ങളിൽ കാര്യക്ഷമമായി ഇടപെട്ട് ആവശ്യമായ പിന്തുണ നൽകുന്നതിനുള്ള സംവിധാനങ്ങൾ എന്നിവ നിലവിൽ ജില്ലാ പഞ്ചായത്തിനില്ല.

3. ബഡ്സ് മാതൃകയിൽ മാനേജ്മെന്റ് സമിതി രൂപീകരിച്ച്, കിലയുടെ സഹായത്തോടെ ഡി.പി.ആർ തയ്യാറാക്കി, ധർമ്മ സ്ഥാപന സംഘം രജിസ്റ്റർ ചെയ്ത് ബൈലോയ്ക്ക് സർക്കാർ അനുമതി ലഭ്യമാക്കി പദ്ധതി നിർവ്വഹിക്കുന്നതിന് ജില്ലാപഞ്ചായത്ത് തീരുമാനമെടുത്തിട്ടുണ്ടെങ്കിലും പദ്ധതി നിർവ്വഹണം സംബന്ധിച്ച വിശദമായ ഡി.പി.ആർ നാളിതുവരെ തയ്യാറാക്കിയിട്ടില്ല. സൊസൈറ്റി രജിസ്റ്റർ ചെയ്യുന്നതിനും, സൊസൈറ്റി മുഖേന പദ്ധതി നിർവ്വഹിക്കുന്നതിനും, ഈ ആവശ്യത്തിലേക്കായി തയ്യാറാക്കിയ ബൈലോ, മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ എന്നിവയ്ക്കും നാളിതുവരെ സർക്കാർ അനുമതി ലഭിച്ചിട്ടില്ല. സൊസൈറ്റി രജിസ്റ്റർ ചെയ്ത വിവരങ്ങൾ ഫയലിൽ ഇല്ല. (ഇത്തരത്തിൽ സൊസൈറ്റി രജിസ്റ്റർ ചെയ്ത് നടപ്പാക്കാനുദ്ദേശിച്ചിരുന്ന വയോജന വിഭവകേന്ദ്രത്തിന് സർക്കാർ അനുമതി ലഭിക്കാതെ പദ്ധതി പാതി വഴിയിൽ മുടങ്ങികിടക്കുകയാണ്.) ഇത്തരത്തിൽ സർക്കാർ അനുമതി ലഭിക്കാതെ ഈ പദ്ധതിയെ എങ്ങിനെയാണ് മുന്നോട്ട് നയിക്കാനാവുകായെന്ന കാര്യത്തിൽ മറുപടി നൽകിയിട്ടില്ല. (ഓഡിറ്റ് എൻക്വയറി നം. 30/11.03.2022) പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട്, അനുബന്ധ രേഖകൾ എന്നിവ ലഭ്യമാക്കേണ്ടതാണ്.

4. കെട്ടിട നിർമ്മാണം പൂർത്തീകരിച്ചാൽ ഉടൻ തന്നെ കേന്ദ്രം പ്രവർത്തനമാരംഭിക്കുന്നതിനും, ആദ്യത്തെ രണ്ട് വർഷത്തെ ചെലവുകൾ ജില്ലയിലെ മറ്റ് തദ്ദേശ സ്ഥാപനങ്ങളിൽ നിന്നും അംഗത്വ ഫീസിനത്തിൽ ലഭിക്കുന്ന തുകയിൽ നിന്ന് ചെലവ് ചെയ്യുന്നതിനും സർക്കാരിനോടപേക്ഷിച്ചിട്ടുണ്ട്. എന്നാൽ അംഗത്വ ഫീസിനത്തിൽ മറ്റ് തദ്ദേശ സ്ഥാപനങ്ങൾ ജില്ലാപഞ്ചായത്തിന് തുക നൽകുന്നതിന് സർക്കാർ അനുമതി ലഭിച്ചിട്ടില്ല. കെട്ടിട നിർമ്മാണത്തിന് സെക്രട്ടറിയുടെ പേരിൽ ആരംഭിച്ച സംയുക്ത പദ്ധതി അക്കൌണ്ടിൽ നിക്ഷേപിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമല്ല, ചെലവഴിച്ച തുകയുടെ വിനിയോഗ സാക്ഷ്യപത്രങ്ങൾ തദ്ദേശ സ്ഥാപനങ്ങൾക്ക് നൽകിയതായി ഫയലിൽ നിന്നും വ്യക്തമല്ല.

5. പദ്ധതി രൂപീകരണവേളയിൽ പത്തനംതിട്ട ജില്ലാ പഞ്ചായത്തിന്റെ സാന്ത്വനം പദ്ധതിയുമായി ബന്ധപ്പെട്ട് മികച്ച പ്രവർത്തനം നടത്തിയ സീനിയർ ലക്ചറർ ശ്രീമതി. ടി ശ്രീകുമാരി, ഈ പദ്ധതിയുമായി ചേർന്ന് പ്രവർത്തിക്കാൻ തയ്യാറാണെന്നറിയിച്ചതിനെ തുടർന്ന് തൃശ്ശൂർ ഡയറ്റിലേക്ക് വർക്ക് അറേഞ്ച്മെന്റിന്റെ ഭാഗമായി സ്ഥലം മാറ്റുന്നതിന് തൃശ്ശൂർ ജില്ലാ പഞ്ചായത്ത് ഭരണസമിതി സർക്കാരിനോടഭ്യർത്ഥിക്കുകയും, ടിയാരിയെ റിസോഴ്സ് പേഴ്സൺ ആയി ജില്ലാ പഞ്ചായത്ത് തീരുമാനമെടുക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ ശ്രീമതി. ശ്രീകുമാരി 6.9.18 ന് തൃശ്ശൂർ ഡയറ്റിലേക്ക് നിയമിച്ചിട്ടുണ്ട്. എന്നാൽ റിസോഴ്സ് പേഴ്സൺ എന്ന നിലയിൽ തുടർ സേവനം ലഭിച്ചതിന്റെ വിവരങ്ങൾ ഫയലിൽ നിന്നും ലഭ്യമല്ല.

ജില്ലാ ഭിന്നശേഷി വിഭവകേന്ദ്രം കെട്ടിട നിർമ്മാണത്തിന്റെ കാര്യത്തിൽ ജില്ലാ പഞ്ചായത്ത് ബഹുദൂരം മുന്നോട്ട് പോയെങ്കിലും സർക്കാർ അനുമതി, ഡി.പി.ആർ തയ്യാറാക്കൽ, ഫാക്കൽറ്റികളെ കണ്ടെത്തൽ, രജിസ്ട്രേഷൻ തുടങ്ങിയ മറ്റു കാര്യങ്ങളിൽ പുരോഗതി ഉണ്ടായിട്ടില്ല. പദ്ധതിയുടെ നടത്തിപ്പിന്റെ പ്രായോഗികത പരിശോധിക്കുമ്പോൾ കെട്ടിട നിർമ്മാണം എന്നതിലുപരിയായി ഇത്തരം സ്ഥാപനങ്ങൾ നടത്തികൊണ്ട് പോകുന്നതിനുള്ള മാനവ/സാമ്പത്തിക വിഭവശേഷി ജില്ലാപഞ്ചായത്തിനുണ്ടോയെന്ന് പരിശോധിക്കേണ്ടതായിട്ടുണ്ട്. ഈ മേഖലയിൽ വിപുലമായ സേവനങ്ങൾ നൽകുന്ന സർക്കാർ സംവിധാനമായ ഡിസ്ട്രിക് ഏർലി ഇൻവെൻഷൻ സെന്റർ(DEIC), തൃശ്ശൂർ ജില്ലാ ആശുപത്രിയിലും, ദേശീയതലത്തിൽ തന്നെ ഭിന്നശേഷി വൈകല്യങ്ങൾ സംബന്ധിച്ച സങ്കീർണ്ണമായ വിഷയങ്ങൾ കൈകാര്യം ചെയ്യാൻ ശേഷിയുള്ള നിപ്മർ പോലുള്ള സ്ഥാപനങ്ങൾ തൃശ്ശൂർ ജില്ലയിലെ ഇരിങ്ങാലക്കുടയിലും പ്രവർത്തിക്കുന്നതായി കാണുന്നു. ദേശീയവും വിദേശീയവുമായ വിവിധ ഫണ്ടിംഗ് ഏജൻസികളുടെയും, സർക്കാരിന്റെയും/എൻ.ജി.ഒ കളുടേയും സഹായത്താൽ വിദഗ്ധരായ ഫാക്കൽറ്റികളുടെ സേവനം പ്രദാനം

ചെയ്യുന്ന ഇത്തരം സ്ഥാപനങ്ങൾ സമീപ പ്രദേശങ്ങളിൽ തന്നെ നിലവിലുള്ളപ്പോൾ നേരിട്ട് ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കാതെ കടലാസ് സൊസൈറ്റികൾ രജിസ്റ്റർ ചെയ്ത് ഇത്തരം പദ്ധതികൾ സർക്കാർ അനുമതിയോട് കൂടി ആരംഭിച്ച് വിജയിപ്പിക്കാൻ ജില്ലാ പഞ്ചായത്തിന് കഴിയുമോയെന്ന കാര്യം പരിശോധിക്കപെടേണ്ടതാണ്. ഇക്കാര്യത്തിൽ ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

1-87 IMABBC&RCയ്ക്ക് വിനിയോഗാനുമതി നൽകിയ ആസ്തികളിലെ ജില്ലാപഞ്ചായത്തിന്റെ ഉടമസ്ഥത ഉറപ്പാക്കണം.ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഇൻഡ്യൻ മെഡിക്കൽ അസോസിയേഷൻ(IMA) തൃശ്ശൂർ ശാഖയിൽ അംഗങ്ങളായ ഏതാനും ഡോക്ടർമാർ 1997-2002 ജനകീയാസൂത്രണ പദ്ധതി കാലയളവിൽ തൃശ്ശൂർ ജില്ലാ പഞ്ചായത്തിന്റെയും ജില്ലയിലെ മറ്റ് തദ്ദേശ സ്ഥാപനങ്ങളുടെയും സഹായത്തോടെ ബ്ലഡ് ബാങ്ക് ആരംഭിക്കുന്നതിനായി കമ്മിറ്റി രൂപീകരിച്ച് 84/99 നമ്പറായി 1955 ലെ 12ാമത് സൊസൈറ്റി രജിസ്ട്രേഷൻ ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തു. തുടർന്ന് വിൽവട്ടം ഗ്രാമപഞ്ചായത്തിൽ ജില്ലാപഞ്ചായത്തിന്റെ ഉടമസ്ഥതയിലുണ്ടായിരുന്ന വിയ്യൂർ വില്ലേജ് സർവ്വെ 511/IVൽ പെട്ട 95.06 സെന്റ് സ്ഥലം IMA യുടെ കീഴിലുള്ള കമ്മിറ്റിയ്ക്ക് (ജനകീയ കമ്മിറ്റി (ആരോഗ്യം)) വിട്ടു നൽകുകയും ബ്ലഡ് ബാങ്ക് കോംപ്ലക്സ് പണിയുന്നതിന് സംഭാവന നൽകുന്നതിന് 27.03.1999ൽ തദ്ദേശ വകുപ്പ് പുറപ്പെടുവിച്ച 39311/ഡി.പി.3/99 ത.സ്വ.ഭ.വ കത്തിന്റെ അടിസ്ഥാനത്തിൽ ജില്ലാ പഞ്ചായത്തുൾപ്പെടെ ജില്ലയിലെ വിവിധ തദ്ദേശ സ്ഥാപനങ്ങൾ കെട്ടിട നിർമ്മാണത്തിന് തുക നൽകുകയും ചെയ്തതിനെ തുടർന്നാണ് തൃശ്ശൂർ ജില്ലയിൽ ഐ.എം.എ ബ്ലഡ്ബാങ്ക് നിലവിൽ വന്നത്. ഇതിനായി രൂപീകരിച്ച നിയമാവലി ആർട്ടിക്കിൾ II.2.(ii) പ്രകാരം മാനേജ്മെന്റ് കമ്മിറ്റിയിൽ ജില്ലാ പഞ്ചായത്ത് പ്രസിഡണ്ടിനെ പ്രത്യേക അംഗമായി ഉൾപെടുത്തുകയുണ്ടായി. ജനകീയ സമിതി(ആരോഗ്യം) ഐ.എം.എ.ബ്ലഡ് ബാങ്ക് കോംപ്ലക്സ് ഏന്റ് റിസർച്ച് സെന്റർ (A Project With District Panchayath & IMA Thrissur Under Peoples Plan Programme) തൃശ്ശൂർ എന്ന പേരിൽ രജിസ്റ്റർ ചെയ്ത ബ്ലഡ്ബാങ്കിന്റെ കെട്ടിടവും അനുബന്ധ ആസ്തികളും IMABBC&RCയുടെ ഉടമസ്ഥതയിലും സ്ഥാപനത്തിന്റെ പൂർണമായ നിയന്ത്രണാവകാശം നിയമാവലി പ്രകാരം ഐ.എം.എ. നിയന്ത്രിക്കുന്ന ഭരണ സമിതിക്കുമാണ്.

അപാകതകൾ

1. ആതുര സേവന മേഖലയിൽ ബ്ലഡ്ബാങ്കിന്റെ ആവശ്യകതയും പ്രാധാന്യവും കണക്കിലെടുത്ത് 18.6.98 ലെ ഭരണസമിതി ബ്ലഡ് ബാങ്ക് കെട്ടിടം നിർമ്മിക്കുന്ന ആവശ്യത്തിലേക്കായി ജില്ലാപഞ്ചായത്തിന്റെ സ്ഥലം വിനിയോഗിക്കുന്നതിന് അനുമതി നൽകിയിരുന്നു. ഇക്കാര്യത്തിൽ ജില്ലാപഞ്ചായത്ത് 26.6.1998 ന് IMA തൃശ്ശൂർ ശാഖയുമായി ഏർപ്പെട്ട കരാറിൽ ക്രമനം. 5, 6 എന്നിവ പ്രകാരം ബ്ലഡ് ബാങ്കിന്റെ സ്വന്തം ചെലവിൽ നിർമ്മിക്കുന്ന കെട്ടിത്തിൻമേലോ ഉപകരണങ്ങളിൻമേലോ, ബ്ലഡ് ബാങ്കിന്റെ ദൈനം ദിന കാര്യങ്ങളിലോ/പ്രവർത്തനത്തിലോ ഇടപെടാനോ നിയന്ത്രണങ്ങൾ ഏർപ്പെടുത്താനോ ഒന്നാം പാർട്ടിയായ ജില്ലാ പഞ്ചായത്തിന് യാതൊരുവിധ അധികാരമോ അവകാശമോ ഉണ്ടായിരിക്കുന്നതല്ലായെന്ന് വ്യവസ്ഥ ചെയ്തിരുന്നു. എന്നാൽ സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് IMAയ്ക്ക് സാധിക്കാത്ത സാഹചര്യത്തിൽ കെട്ടിട നിർമ്മാണത്തിനായി ജില്ലയിലെ വിവിധ തദ്ദേശ സ്ഥാപനങ്ങളും, ജില്ലാ പഞ്ചായത്തും തുക വകയിരുത്തി ഐ.എം.എയ്ക്ക് കൈമാറുകയുണ്ടായി. എന്നാൽ തദ്ദേശ സ്ഥാപന വിഹിതം വിനിയോഗിച്ച് കെട്ടിടം നിർമ്മിച്ചിട്ടും കരാർ വ്യവസ്ഥകളിൽ മാറ്റം വരുത്തുകയോ കെട്ടിടത്തിന്റെ ഉടമസ്ഥാവകാശം ജില്ലാപഞ്ചായത്തിൽ നിലനിർത്തുകയോ ചെയ്തിട്ടില്ല.

2. ബ്ലഡ് ബാങ്കിനായി കെട്ടിടം നിർമ്മിക്കുന്നതിനുള്ള ഭൂമിയുടെ വിനിയോഗാധികാരം മാത്രമാണ് ഭരണസമിതി തീരുമാനപ്രകാരം കൈമാറിയിട്ടുള്ളത് എന്നതിനാൽ ബ്ലഡ് ബാങ്കിന്റെ പ്രവർത്തനം തുടർന്ന് നടത്താൻ സാധിക്കാത്ത സാഹചര്യമുണ്ടായാൽ ഭൂമി തിരികെ ജില്ലാപഞ്ചായത്തിന് കൈമാറണമെന്ന വ്യവസ്ഥ ക്രമ നം 1 ആയി ഈ കരാറിൽ തന്നെ ഉൾപെടുത്തിയിട്ടുള്ളതിനാൽ ഭൂമിയുടെ ഉടമസ്ഥാവകാശം ജില്ലാപഞ്ചായത്തിൽ തന്നെ നിലനിർത്തേണ്ടതായിരുന്നു. എന്നാൽ ജില്ലാ പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഈ ഭൂമിയും സംയുക്തപദ്ധതിയുടെ ഭാഗമായി നിർമ്മിച്ച കെട്ടിടവും ഉൾപെട്ടിട്ടില്ല.

3.ക്രമനം. 8 പ്രകാരം ഇരു പാർട്ടികൾക്കും ഉഭയ സമ്മത പ്രകാരം ഈ കരാറിൽ മാറ്റം വരുത്താവുന്നതാണെന്നും, പുതിയ നിബന്ധനകൾ ഏർപ്പെടുത്തുന്നതിനുള്ള അധികാരവും അവകാശവും ഉള്ളതുമാണെന്ന് വ്യക്തമാക്കിയിട്ടുള്ള സാഹചര്യത്തിൽ ഭൂമിയിൻമേലും കെട്ടിടത്തിൻമേലും

ജില്ലാപഞ്ചായത്തിനുള്ള പരിപൂർണ്ണ ഉടമസ്ഥത വ്യക്തമാക്കുന്ന വ്യവസ്ഥകൾ പുതിയതായി കരാറിലുൾപ്പെടുത്തണം. റവന്യൂ രേഖകൾ പ്രകാരമുള്ള ഭൂമിയുടെ ഉടമസ്ഥത പരിശോധിച്ച് ഉറപ്പാക്കി ജില്ലാപഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിലുൾപ്പെടുത്തണം. നഗരസഭയിലെ അടിസ്ഥാന രേഖകൾ പ്രകാരം കെട്ടിട നമ്പർ 6/521 നിലവിൽ IMA യുടെ ഉടമസ്ഥതയിലാണുള്ളത്. ടി കെട്ടിടത്തിന്റെ നിർമ്മാണത്തിനായി IMA തുക ചെലവഴിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കേണ്ടതും ഇല്ലെങ്കിൽ കെട്ടിടം ജില്ലാപഞ്ചായത്തിന്റെ ഉടമസ്ഥതയിലേക്ക് മാറ്റുന്നതിനും, IMA പ്രവർത്തിക്കുന്നിടത്തോളം കെട്ടിട നികുതി IMA അടവാക്കുന്നതിനും, അറ്റകുറ്റപണികൾ നടത്തുന്നതിനുള്ള വ്യവസ്ഥകളും കരാറിലുൾപ്പെടുത്തേണ്ടതാണ്.

4. ക്രമനം. 7 പ്രകാരം ബ്ലഡ് ബാങ്ക് നടത്തിപ്പ് സംബന്ധിച്ച് ഇരുപാർട്ടികളും ഉഭയസമ്മത പ്രകാരം മറ്റൊരു കരാറിൽ ഏർപെടേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിരുന്നു. എന്നാൽ ഇത്തരത്തിൽ അനുബന്ധ കരാറിൽ ഏർപ്പെട്ടിട്ടില്ല. ജില്ലാപഞ്ചായത്തിന്റെ പദ്ധതി വിഹിതവും ഉടമസ്ഥതയിലുള്ള സ്ഥലവും വിനിയോഗിച്ച് IMAയുടെ പൂർണ ഉടമസ്ഥതയിലും നിയന്ത്രണത്തിലും ബ്ലഡ് ബാങ്ക് സ്ഥാപിച്ച് പ്രവർത്തിപ്പിക്കുമ്പോൾ പൊതു ജനങ്ങൾക്ക് സൌജന്യമായി നൽകാവുന്ന സേവനങ്ങൾ, ജില്ലയിലെ മറ്റ് ബ്ലഡ് ബാങ്കുകൾ ഈടാക്കുന്ന നിരക്കുകളെ അപേക്ഷിച്ച് IMA നൽകുന്ന ഇളവുകൾ എന്നിവ സംബന്ധിച്ച് ജില്ലാപഞ്ചായത്തുമായി അനുബന്ധ കരാറിലേർപ്പെടേണ്ടതും ആയത് പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്.

1-88 IMA ബ്ലഡ് ബാങ്കിന് NAT Technology ഉപകരണം വാങ്ങാൻ തദ്ദേശ സ്ഥാപനങ്ങളിൽ നിന്നും പിരിച്ചെടുത്ത തുക സർക്കാരിലേക്ക് തിരിച്ചടവാക്കണം.

2017-18 സാമ്പത്തിക വർഷത്തിൽ ജില്ലാ പഞ്ചായത്ത് ആവിഷ്കരിച്ച സംയുക്തപദ്ധതിയാണ് IMA ബ്ലഡ് ബാങ്കിന് NAT Technology (Neuclic Acid Test Technology) മെഷീൻ വാങ്ങൽ (പദ്ധതി നം.379/18) 27.03.2000ൽ തദ്ദേശ വകുപ്പ് പുറപ്പെടുവിച്ച 39311/ഡി.പി.3/99 ത.സ്വ.ഭ.വ കത്ത് പ്രകാരം IMABBC&RC സംരംഭത്തിന് സർക്കാർ അനുമതി നൽകിയിട്ടുള്ളതാണെന്നും, 17-18ൽ ജില്ലാ പഞ്ചായത്ത് ബ്ലഡ് ബാങ്കിനായി തുക വകയിരുത്തിയ മൂന്ന് പദ്ധതികളിൽ തുക ചെലവഴിക്കുന്നതിന് സർക്കാർ അനുമതി നൽകണമെന്നും അഭ്യർത്ഥിച്ച് 24.7.2017ന് ജില്ലാപഞ്ചായത്ത് സെക്രട്ടറി തദ്ദേശ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് കത്തയച്ചു. തുടർന്ന് ജില്ലാപഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന IMA ബ്ലഡ് ബാങ്കിന് തുക വകയിരുത്താൻ ജില്ലയിലെ മറ്റ് തദ്ദേശ സ്ഥാപനങ്ങൾക്ക് അനുമതി നൽകണമെന്നാവശ്യപ്പെട്ട് സംസ്ഥാനതല വികേന്ദ്രീകൃതാസൂത്രണ കോർഡിനേഷൻ കമ്മിറ്റിക്കും ജില്ലാപഞ്ചായത്ത് അപേക്ഷ നൽകുകയുണ്ടായി. ഈ അപേക്ഷയിലും 27.03.2000ലെ കത്ത് പ്രകാരം ബ്ലഡ് ബാങ്കിന് തുക ചെലവഴിക്കാൻ സർക്കാർ അനുമതി നൽകിയിരുന്നുവെന്ന് സൂചിപ്പിക്കുകയുണ്ടായി. അപേക്ഷ പരിഗണിച്ച 27.7.17ലെ കോർഡിനേഷൻ കമ്മിറ്റി ജില്ലാ ആസൂത്രണ സമിതിക്ക് ഇക്കാര്യത്തിൽ തീരുമാനമെടുക്കാമെന്ന് 3.10 നമ്പർ ആയി തീരുമാനമെടുത്തു നൽകി. ജില്ലാപഞ്ചായത്തിന്റെ പദ്ധതിക്ക് ഡി.പി.സി. അംഗീകാരം മുൻപ് തന്നെ നേടിയിരുന്നതിനാൽ കോർഡിനേഷൻ കമ്മിറ്റിയുടെ മേൽ തീരുമാന പ്രകാരം തുക നൽകുന്നതിന് മറ്റ് തദ്ദേശ സ്ഥാപനങ്ങൾക്ക് ജില്ലാ പഞ്ചായത്ത് കത്തയക്കുകയും സംയുക്തപദ്ധതിക്കായി 31.3.2018നുള്ളിൽ 1,11,84,000 രൂപ ജില്ലാപഞ്ചായത്തിന്റെ 799011400000646 നമ്പർ അക്കൌണ്ടിൽ ലഭിക്കുകയും ചെയ്തു.

തുടർന്ന് ടെണ്ടർ ഒഴിവാക്കി KMSCL മുഖേന ഉപകരണം വാങ്ങുന്നതിന് 4.25 കോടി രൂപയുടെ ഇൻവോയ്സ് 09.01.2018ൽ ലഭ്യമാക്കി. എന്നാൽ മുഴുവൻ തുകയും നൽകാതെ വിദേശ നിർമ്മിത ഉപകരണം വിതരണം ചെയ്യാനാവില്ലായെന്ന് KMSCL അറിയിച്ചതിനെ തുടർന്ന് പദ്ധതി തുടർ വർഷങ്ങളിൽ സ്പിൽ ഓവറായി മാറ്റിയെങ്കിലും നാളിതു വരെ പദ്ധതി നടപ്പായില്ല.

അപാകതകൾ

1.ത.സ്വ.ഭ.വ അണ്ടർ സെക്രട്ടറി തൃശ്ശൂർ ജില്ലാകളക്ടർക്ക് നൽകിയ 27.03.2000ലെ 39311/ഡി.പി.3/99 ത.സ്വ.ഭ.വ കത്തിൽ താഴെ കാണും പ്രകാരമുള്ള രേഖപെടുത്തലാണുള്ളത്. "ജനകീയാസൂത്രണത്തിന്റെ ഭാഗമായി തൃശ്ശൂർ ജില്ലാ പഞ്ചായത്ത് ഇൻഡ്യൻ മെഡിക്കൽ അസോസിയേഷൻ മുഖേന നടപ്പാക്കുന്ന ബ്ലഡ് ബാങ്ക് പ്രോജക്ടിന് തൃശ്ശൂർ ജില്ലയിലെ ഗ്രാമപഞ്ചായത്തുകൾ 2 ലക്ഷം രൂപയിൽ കവിയാത്ത സംഖ്യയും മുനിസിപ്പാലിറ്റികൾ 10 ലക്ഷം രൂപയിൽ കവിയാത്ത സംഖ്യയും സംഭാവനയായി നൽകുന്നതിന് അനുമതി നൽകുന്നു." IMA വഴി നടത്തുന്ന ജില്ലാ പഞ്ചായത്തിന്റെ സ്വന്തം സ്ഥാപനമായ ബ്ലഡ് ബാങ്കിന് തുക

വകയിരുത്താൻ സർക്കാർ മുൻപും അനുമതി നൽകിയിട്ടുണ്ട് എന്ന ധാരണയിലാണ് ജില്ലാ ആസൂത്രണ സമിതിക്ക് ഇക്കാര്യത്തിൽ തീരുമാനമെടുക്കാൻ കോർഡിനേഷൻ കമ്മിറ്റി നിർദ്ദേശം നൽകിയത് എന്ന് അനുമാനിക്കാവുന്നതാണ്. യഥാർത്ഥത്തിൽ ബ്ലഡ് ബാങ്ക് പ്രാവർത്തികമാക്കുന്നതിന് സംഭാവന നൽകുന്നതിനുള്ള അനുമതിയാണുണ്ടായിരുന്നതെന്നും, നിയമാവലി പ്രകാരം ജില്ലാ പഞ്ചായത്തിന് IMA സ്ഥാപനത്തിൻമേലോ/ആസ്തികളിൻമേലോ യാതൊരു അധികാരമോ, നിയന്ത്രണമോ നിലവിൽ ഇല്ലായെന്നും, ഇത് തദ്ദേശ സ്ഥാപനത്തിന്റെ സ്വന്തം ഉടമസ്ഥതയിലുള്ള സ്ഥാപനമല്ലായെന്നും ഉള്ള വിവരങ്ങൾ സർക്കാരിനോ/കോർഡിനേഷൻ കമ്മിറ്റിക്ക് നൽകിയ അപേക്ഷകളിലോ ഇല്ലായിരുന്നുവെന്നത് സർക്കാരിനെ തെറ്റിദ്ധരിപ്പിച്ച് ചെലവിന് അനുമതി നൽകുന്നതിന് കാരണമായേക്കാമെങ്കിലും നാളിതുവരെ ഇക്കാര്യത്തിൽ സർക്കാർ അനുമതി ലഭിച്ചിട്ടില്ല.

2.സർക്കാർ അനുമതി ഇല്ലാതെയാണ് മറ്റ് തദ്ദേശസ്ഥാപനങ്ങളിൽ നിന്നും പദ്ധതിക്കായി തുക നൽകാൻ ജില്ലാ പഞ്ചായത്ത് ആവശ്യപെട്ടിരുന്നത്. ലഭിച്ച തുകയുടെ വിവരം താഴെ ചേർക്കുന്നു.

| സ്ഥാപനത്തിന്റെ പേര് | തുക |
|---|---|
| ഗ്രാമപഞ്ചായത്തുകൾ | 75,84,000 |
| ബ്ലോക്ക് പഞ്ചായത്തുകൾ | 5,00,000 |
| നഗരസഭകൾ | 6,00,000 |
| തൃശ്ശൂർ കോർപ്പറേഷൻ | 25,00,000 |
| ആകെ | 1,11,84,000 |

ഈ തുക 31.3.2018 നു ശേഷം ജില്ലാ പഞ്ചായത്തിന്റെ സംയുക്ത അക്കൌണ്ടിൽ സൂക്ഷിച്ചിരിക്കുകയാണ്. പദ്ധതി നടപ്പാക്കാത്തതിനാൽ മറ്റ് തദ്ദേശസ്ഥാപനങ്ങൾക്ക് വിനിയോഗ സാക്ഷ്യപത്രം നൽകാനായിട്ടില്ല.

3.സംയുക്ത പദ്ധതികളുടെ നിർവ്വഹണം സംബന്ധിച്ച 23.1.2017ലെ ജി.ഒ(പി) 7/2017/ധന ഉത്തരവ് പ്രകാരം സംയുക്തപദ്ധതികളുടെ പുരോഗതി വിലയിരുത്തുകയും ഫെബ്രുവരി 28നകം തുക ചെലവഴിക്കാൻ സാധിക്കുകയില്ലെങ്കിൽ തുക തിരികെ അതാതു തദ്ദേശസ്ഥാപനങ്ങൾക്ക് തിരികെ നൽകുകയോ/കൺസോളിഡേറ്റഡ് ഫണ്ടിൽ അടവാക്കുകയോ ചെയ്യണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇക്കാര്യം സെക്രട്ടറി ഭരണ സമിതിയുടെ ശ്രദ്ധയിൽപെടുത്തിയിരുന്നുവെങ്കിലും ഇക്കാര്യത്തിൽ തുക തിരിച്ചടവാക്കുന്നതിന് ഭരണ സമിതി തീരുമാനമെടുത്തിട്ടില്ല. ഇത് സർക്കാർ നിർദ്ദേശങ്ങളുടെ ലംഘനമാണ്.

4.ജില്ലാ പഞ്ചായത്തിന്റേതല്ലാത്ത ഒരു സ്ഥാപനത്തിന് വേണ്ടി പദ്ധതി ആസൂത്രണം ചെയ്യുകയും, നടപ്പാക്കുന്നതിനായി മറ്റ് തദ്ദേശ സ്ഥാപനങ്ങളിൽ നിന്നും തുക സ്വീകരിക്കുകയും ചെയ്തിരുന്നുവെങ്കിലും ഇത്തരമൊരു ഡിമാന്റ് ഉയർന്നുവരാനുണ്ടായിരുന്ന സാഹചര്യങ്ങൾ വ്യക്തമല്ല. നാറ്റ് ടെക്നോളജി ഉപകരണത്തിന്റെ ആവശ്യകതയും ജില്ലാപഞ്ചായത്ത് ഇത് വാങ്ങിനൽകണമെന്നും ആവശ്യപ്പെട്ട് IMABBC&RC കത്തുകൾ നൽകിയതായി കാണുന്നില്ല. ഇത്തരത്തിൽ അപേക്ഷ ലഭിച്ചാൽപോലും ജില്ലാപഞ്ചായത്തിന് നേരിട്ട് യാതൊരു നിയന്ത്രണവുമില്ലാത്തതും സേവനങ്ങൾക്ക് പൊതു ജനങ്ങളിൽ നിന്ന് തുക ഈടാക്കുകയും ചെയ്യുന്ന സ്ഥാപനമെന്ന നിലയിൽ സർക്കാർ അനുമതി ലഭിക്കാതെ ഇത്തരത്തിൽ IMABBC&RC യ്ക്കായി പദ്ധതികൾക്ക് തുക വകയിരുത്തിയത് ഉചിതമല്ല. സ്ഥാപനത്തിന്റെ പ്രവർത്തനവും സാമ്പത്തിക ഇടപാടുകളിലെ ക്രമക്കേടുകളും സംബന്ധിച്ച് ജില്ലാകളക്ടർ, തദ്ദേശ വകുപ്പ് മന്ത്രി എന്നിവർക്ക് ലഭിച്ച പരാതികൾ ഫയലിലുണ്ട്. എന്നാൽ സ്ഥാപനത്തിന്റെ സാമ്പത്തിക ഇടപാടുകളും, നീക്കിയിരുപ്പും സംബന്ധിച്ച് ജില്ലാ പഞ്ചായത്തിന് സുതാര്യതയും, നേരിട്ടുള്ള നിയന്ത്രണവും ഇല്ലാതിരിക്കുന്ന സാഹചര്യത്തിൽ മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ഭാവിയിൽ പദ്ധതികൾ ആവിഷ്കരിക്കുന്നതും നടപ്പാക്കുന്നതുമായ സാഹചര്യങ്ങൾ ഒഴിവാക്കേണ്ടതാണ്.

5.സംയുക്തപദ്ധതിക്കായി നാലു വർഷം മുൻപ് ലഭിച്ച തുക നാളിതുവരെ വിനിയോഗിക്കാനാവാത്തതിനാൽ ഈ തുക ആരോഗ്യമേഖലയിലെ മറ്റ് ആവശ്യങ്ങൾക്ക് വിനിയോഗിക്കാൻ 9.10.2020ലെ ഭരണസമിതി

4(2)തീരുമാനപ്രകാരം സർക്കാരിനോടപേക്ഷിക്കാൻ തീരുമാനിച്ചിട്ടുണ്ട്. എന്നാൽ നാളിതു വരെ ഇക്കാര്യത്തിൽ അനുമതി ലഭിച്ചിട്ടില്ല. ആതുരസേവനമേഖലയിലെ രക്തബാങ്കുകളുടെ പ്രാധാന്യം കണക്കിലെടുത്താണ് IMABBC&RCക്കായി പദ്ധതി ആവിഷ്കരിച്ചതെന്ന കാണുന്നു. എന്നാൽ കൈമാറിക്കിട്ടിയതോ/സ്വന്തമല്ലാത്തതോ ആയ സ്ഥാപനത്തിനു വേണ്ടി ഭീമമായ തുക സർക്കാർ അനുമതി ഇല്ലാതെ ചെലവഴിക്കുന്നതിനു പകരമായി ജില്ലാ ആശുപത്രിയുടെ നിലവാരത്തിലേക്കുയർത്തിയ ജില്ലാ പഞ്ചായത്തിന്റെ സ്വന്തം സ്ഥാപനമായ വടക്കാഞ്ചേരി ജില്ലാ ആശുപത്രിയിൽ ആശുപത്രി വികസന സമിതിയുടെ സഹായത്തോടെ ഇത്തരം സംരംഭങ്ങൾ നടപ്പാക്കുന്നതിനുള്ള സാധ്യത ജില്ലാ പഞ്ചായത്തിന് പരിശോധിക്കാമായിരുന്നു. എന്നാൽ ഇത്തരം സാധ്യതകൾ പരിശോധിക്കാതെ സർക്കാർ അനുമതി കൂടാതെ, ഭീമമായ തുക ജില്ലാപഞ്ചായത്തിന് വകയിരുത്താനാവാത്തതു മൂലം ജില്ലയിലെ മറ്റ് തദ്ദേശ സ്ഥാപനങ്ങളിൽ നിന്നും നാലുവർഷം മുൻപ് ജില്ലാ പഞ്ചായത്ത് കൈപറ്റിയ 1,11,84,000 രൂപ ചെലവഴിക്കാതെയും, സർക്കാരിലേക്ക് തിരിച്ചടക്കാതെയും കൈവശം വയ്ക്കുന്നത് ഗുരുതരമായ കൃത്യവിലോപമാണ്. ആയതിനാൽ IMABBC&RCക്കായി തുക ചെലവഴിക്കുന്നതിനുള്ള മുൻ ഭരണസമിതി തീരുമാനം പുനഃപരിശോധിക്കേണ്ടതും, സർക്കാർ നിർദ്ദേശങ്ങൾക്ക് വിധേയമായി ഭരണ സമിതി തീരുമാനമെടുക്കേണ്ടതുമാണ്.

സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായും, തെറ്റായും ഒരു തീരുമാനമെടുത്തതു വഴി ഒരു തദ്ദേശസ്ഥാപനത്തിന് നഷ്ടമുണ്ടായാൽ ആ നഷ്ടത്തിനുത്തരവാദികൾ തീരുമാനമെടുത്തവർ മാത്രമായിരിക്കുമെന്ന് ബഹു. ഹൈക്കോടതിയുടെ WP(c)18911 (H) Of 2009 വിധിന്യായത്തിൽ വ്യക്തമാക്കിയിട്ടുള്ള സാഹചര്യത്തിൽ തീരുമാനങ്ങൾ എടുക്കുമ്പോൾ അവ നിയമാനുസൃതമാണെന്ന് ഉറപ്പ് വരുത്തേണ്ടതും പൊതുപണത്തിന്റെ ദുർവിനിയോഗം ഒഴിവാക്കേണ്ടതുമാണ്. പദ്ധതി നിർവ്വഹണത്തിനായി സർക്കാർ അനുമതി ലഭിക്കാത്ത സാഹചര്യത്തിൽ 1,11,84,000 രൂപ കൺസോളിഡേറ്റഡ് ഫണ്ടിൽ അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-89 RCM വാങ്ങാൻ ജില്ലാ പഞ്ചായത്ത് തുക ചെലവഴിച്ചത് മാർഗ്ഗരേഖയ്ക്ക് വിരുദ്ധം. സർക്കാർ അനുമതി ലഭ്യമാക്കണം.

2016-17 വർഷത്തിൽ ബ്ലഡ് ബാങ്കിന് Refrigerated Centrufuge Machine(RCM) വാങ്ങുന്നതിനായി എം.പി.ഫണ്ടിൽ നിന്നും 15 ലക്ഷം രൂപ അനുവദിക്കുകയും എസ്റ്റിമേറ്റ് തുകയിൽ ലിമിറ്റ് ചെയ്ത് ഉപകരണം വാങ്ങി നൽകുന്നതിന് ബഹു.ജില്ലാ കളക്ടറുടെ 20.09.2016 ലെ 997/CNJ/16-17/RO.2/DPM/3കത്ത് പ്രകാരം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയെ ചുമതലപ്പെടുത്തുകയുമുണ്ടായി. ടെണ്ടർ നടപടി കൂടാതെ ജർമ്മൻ നിർമ്മിത RCM വാങ്ങുന്നതിന് KMSCL നൽകിയ ഇൻവോയ്സ് പ്രകാരം 36.6ലക്ഷം രൂപ ആവശ്യമായതിനാൽ വിദേശ നിർമ്മിത ഉപകരണത്തിന് പോരാതെ വരുന്ന തുക ജില്ലാ പഞ്ചായത്ത് അനുവദിച്ച് തരുന്നതിനോ/15 ലക്ഷത്തിൽ ലഭ്യമാകുന്ന ഇൻഡ്യൻ നിർമ്മിത ഉപകരണം ടെണ്ടർ നടപടി സ്വീകരിച്ച് വാങ്ങി നൽകുന്നതിനോ നടപടി സ്വീകരിക്കാൻ ജില്ലാ പഞ്ചായത്തിനോട് 10.05.2017 ലെ IMABBC&RC/PR/2017 കത്ത് പ്രകാരം IMA അഭ്യർത്ഥിക്കുകയുണ്ടായി. ഇക്കാര്യം പരിഗണിച്ച 13.3.2018 ലെ ഭരണ സമിതി തീരുമാനം 8 പ്രകാരം തുക വകയിരുത്താൻ അനുമതി നൽകുകയും നിരക്കിലുണ്ടായ വർധന മൂലം 37,56,740 രൂപയ്ക്ക് RCM വിതരണം ചെയ്യുന്നതിന് KMSCLമായി കരാറിലേർപ്പെടുകയും 2018 മാർച്ചിൽ പദ്ധതി വിഹിതം 18 ലക്ഷം രൂപയും(പ്രോജക്റ്റ്നം.345/18), 22.9.18 ന് എം.പി.ഫണ്ട് 17,89,500രൂപയും (Revised MP Share) കൈമാറുകയും ചെയ്തു.



അപാകതകൾ.

1.20.09.2016 ലെ 997/CNJ/16-17/RO.2/DPM/3ബഹു.കളക്ടറുടെ ഉത്തരവ് പ്രകാരം എം.പി.ഫണ്ടിൽ നിന്നും ബ്ലഡ് ബാങ്കിന് അനുവദിച്ച 15 ലക്ഷം രൂപയിൽ അധികരിക്കാതെ ടെണ്ടർ നടപടി സ്വീകരിച്ച് ഉപകരണം വാങ്ങിനൽകുന്നതിന് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിരുന്നത്. എന്നാൽ ഈ തുകയ്ക്ക് ലഭ്യമാകുമായിരുന്ന ഇന്ത്യൻ ഉപകരണം വാങ്ങിനൽകുന്നതിന് ടെണ്ടർ നടപടികൾ സ്വീകരിക്കാതെ KMSCLവഴി ഉപകരണം വാങ്ങുന്നതിന് നടപടി സ്വീകരിച്ചതിനാലാണ് ജില്ലാ പഞ്ചായത്തിന്റേതല്ലാത്ത സ്ഥാപനത്തിനായി ജില്ലാ പഞ്ചായത്തിന് 18 ലക്ഷം ചെലവഴിക്കേണ്ടി വന്നത്. ഇത് ക്രമപ്രകാരമല്ല.

2.യൂസർ ഏജൻസി വിഹിതം, പദ്ധതി വിഹിതം, എം.പി.ഫണ്ട് എന്നിങ്ങനെ ആകെ 37,56,740 രൂപ KMSCLന് നൽകിയതിൽ ഉപകരണത്തിന്റെ വിലയായ 35,10,972 രൂപയുടെ ബിൽ മാത്രമാണ് ജില്ലാപഞ്ചായത്തിന് ലഭിച്ചിട്ടുള്ളത്. സർവ്വീസ് ചാർജ്ജിനത്തിൽ നൽകിയ 2,45,768 രൂപയുടെ ബില്ലുകൾ നാളിതുവരെ ലഭിച്ചിട്ടില്ല. ആയതു ലഭ്യമാക്കേണ്ടതാണ്.

3. RCMന്റെ ഉപയോഗം, ഇതുമൂലം പൊതുജനങ്ങൾക്കുണ്ടാകുന്ന പ്രയോജനം, പദ്ധതിയുടെ ഭാഗമായി രോഗികൾക്കും, തദ്ദേശ സ്ഥാപനത്തിന്റെ നിയന്ത്രണത്തിലുമുള്ള ആതുരസേവന സ്ഥാപനങ്ങൾക്കും സേവനങ്ങളിൻമേൽ IMA നൽകുന്ന നിരക്കുകളിലെ ഇളവുകൾ, RCMന്റെ ഉടമസ്ഥാവകാശം, സുരക്ഷിതവും ശ്രദ്ധാപൂർണ്ണവുമായ വിനിയോഗം എന്നിവ സംബന്ധിച്ച് IMA ജില്ലാ പഞ്ചായത്തുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല. 10.07.18 ലെ ബഹു.ജില്ലാകളക്ടറുടെ 646/CNJ/1-3/16-17/RO2/DPM ഭരണാനുമതി ഉത്തരവിൽ ക്രമനം. 9,10 എന്നിവ പ്രകാരം ആസ്തിയുടെ പ്രയോജനം പൊതു ജനങ്ങൾക്ക് ലഭിക്കുന്നുവെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പാക്കണമെന്നും, ഇക്കാര്യത്തിൽ യൂസർ ഏജൻസിയുമായി കരാറിലേർപ്പെടണമെന്നും നിർദ്ദേശിച്ചിരുന്നു. എന്നാൽ ഇത്തരത്തിൽ കരാറിലേർപ്പെട്ടിട്ടില്ല. ഇക്കാര്യത്തിൽ തുടർ നടപടി സ്വീകരിച്ച് കരാർ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കണം.

4.ജില്ലാപഞ്ചായത്തിന്റെ അനുബന്ധ സ്ഥാപനമെന്ന നിലയിലാണ് RCM വാങ്ങുന്നതിന് തുക വകയിരുത്താൻ ഭരണസമിതി തീരുമാനമെടുത്തിട്ടുള്ളത്. ജില്ലാപഞ്ചായത്ത് 26.6.1998 ന് IMA തൃശ്ശൂർ ശാഖയുമായി ഏർപ്പെട്ട കരാറിലെ ക്രമനം.5,6 പ്രകാരം ബ്ലഡ് ബാങ്കിന്റെ സ്വന്തം ചെലവിൽ നിർമ്മിക്കുന്ന കെട്ടിത്തിൻമേലോ ഉപകരണങ്ങളിൻമേലോ, ബ്ലഡ് ബാങ്കിന്റെ ദൈനം ദിന കാര്യങ്ങളിലോ/പ്രവർത്തനത്തിലോ ഇടപെടാനോ നിയന്ത്രണങ്ങൾ ഏർപ്പെടുത്താനോ ഒന്നാം പാർട്ടിയായ ജില്ലാ പഞ്ചായത്തിന് യാതൊരുവിധ അധികാരമോ അവകാശമോ ഉണ്ടായിരിക്കുന്നതല്ലായെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതിൽ നിന്നും 1997-2002 കാലഘട്ടത്തിൽ ബ്ലഡ് ബാങ്ക് ആരംഭിക്കുന്നതിന് ജനകീയാസൂത്രണവുമായി ബന്ധപ്പെട്ട് ഭൂമിയും കെട്ടിട നിർമ്മാണത്തിന് ധനസഹായവും നൽകിയെന്നതിനപ്പുറത്തേക്ക് സ്ഥാപനത്തിൻ മേൽ ജില്ലാ പഞ്ചായത്തിന് യാതൊരു നിയന്ത്രണവുമില്ല എന്ന് വ്യക്തമാണ്. മേൽ ഭൂമിയും കെട്ടിടവും മറ്റ് ആസ്തികളൊന്നും തന്നെ ജില്ലാപഞ്ചായത്തിന്റെ ആസ്തിരജിസ്റ്ററിൽ ഉൾപെട്ടിട്ടില്ല.

5.കൈമാറിക്കിട്ടിയതും ജില്ലാപഞ്ചായത്തിന്റെ നിയന്ത്രണാധികാരത്തിലും, ഉടമസ്ഥതയിലും ഉള്ളതും പൊതുജനങ്ങൾക്ക് സൌജന്യമായ സേവനം നൽകുന്നതുമായ വടക്കാഞ്ചേരി ജില്ലാ ആശുപത്രി ജില്ലാപഞ്ചായത്തിന്റെ സ്വന്തം സ്ഥാപനമായി നിലനിൽക്കെ തൃശ്ശൂർ കോർപ്പറേഷൻ തൃശ്ശൂർ ജില്ലാ ആശുപത്രിയിൽ സ്ഥാപിച്ചിട്ടുള്ള ബ്ലഡ് ബാങ്കിന്റെ മാതൃകയിൽ ആശുപത്രിവികസന സമിതിയുടെ സഹായത്തോടെ വടക്കാഞ്ചേരി ആശുപത്രിയിൽ ബ്ലഡ് ബാങ്ക് ആരംഭിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിക്കാതെ ജില്ലാ പഞ്ചായത്തിന് നിയന്ത്രണമില്ലാത്തതും കരാർ പ്രകാരം അധികാരമില്ലാത്തതുമായ സ്ഥാപനത്തിന് വേണ്ടി സർക്കാർ അനുമതി ഇല്ലാതെ ഉപകരണം വാങ്ങിയതിന് ജില്ലാപഞ്ചായത്തിന്റെ വികസന ഫണ്ട് 18 ലക്ഷം രൂപ വിനിയോഗിച്ചത് ക്രമപ്രകാരമല്ല. ആരോഗ്യ വിദ്യാഭ്യാസ സ്ഥിരം സമിതി, ഭരണ സമിതി എന്നിവർ ഇത്തരം സാധ്യതകൾ പരിഗണിച്ചതായോ/പരിശോധിച്ചതായോ കാണുന്നില്ല.

നൽകുന്ന സേവനങ്ങൾക്ക് നിശ്ചിത നിരക്കിൽ സർവ്വീസ് ചാർജ്ജ് ഈടാക്കുന്ന IMABBC&RCയുടെ ആസ്തി ബാധ്യതാ വിവരങ്ങളും/വാർഷിക ധനകാര്യ പത്രികകൾ പ്രകാരമുള്ള സാമ്പത്തിക സ്ഥിതിയും ബോധ്യപെടാതെ, കൈമാറിക്കിട്ടിയതോ/സ്വന്തമോ അല്ലാത്ത സ്ഥാപനത്തിനായി സർക്കാർ അനുമതി ഇല്ലാതെ ഉപകരണം വാങ്ങിയതിന് 18 ലക്ഷം രൂപ ചെലവഴിച്ച സാഹചര്യത്തിൽ മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി

നടത്തിയ ചെലവുകൾക്ക് സർക്കാർ അനുമതി ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ഉത്രാളിക്കാവ് പൂരം-2019-20 വ്യവസായ വാണിജ്യ പ്രദർശനം- പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ. മാനേജർ, ജില്ലാ വ്യവസായ കേന്ദ്രം, തൃശ്ശൂർ.

2020 ഫെബ്രുവരി 14 മുതൽ മാർച്ച് 1 വരെ നടക്കുന്ന ഉത്രാളിക്കാവ് പൂരം 14ാമത് അഖിലേന്ത്യാ എക്സിബിഷനിൽ പങ്കെടുക്കുന്നതിന് അഭ്യർത്ഥിച്ച് 20.01.2020 ന് എക്സിബിഷൻ കമ്മിറ്റി ജനറൽ കൺവീനർ കത്ത് നൽകിയിരുന്നു. പൂരം പ്രദർശനത്തിലെ വ്യവസായ വകുപ്പിന്റെ പങ്കാളിത്തം സംബന്ധിച്ച് വ്യവസായ വാണിജ്യ ഡയറക്ടർ 18.2.2020 ന് പുറപ്പെടുവിച്ച നം. ഡി.ഐ.സി/677/2020എം.എ-എം2 കത്ത് പ്രകാരം നടപ്പ് സാമ്പത്തിക വർഷത്തിൽ ഫണ്ട് ലഭ്യമല്ലാത്തതിനാൽ മേളയിൽ പങ്കെടുക്കുന്നതിന് തുക അനുവദിക്കാൻ നിർവ്വാഹമില്ലായെന്നും യൂണിറ്റുകളെ അവരുടെ സ്വന്തം നിലയ്ക്ക് മേളയിൽ പങ്കെടിപ്പിക്കുന്നതിനും ജില്ലാവ്യവസായകേന്ദ്രം ജനറൽ മാനേജർക്ക് നിർദ്ദേശം നൽകിയിരുന്നു. തുടർന്ന് ജില്ലാ പഞ്ചായത്ത് വ്യവസായ-വാണിജ്യ എക്സിബിഷൻ പ്രോജക്റ്റ് തയ്യാറാക്കുകയും തനതുഫണ്ടിൽ നിന്ന് 3ലക്ഷം രൂപ ചെലവഴിക്കുന്നതിന് 02/07/2020 ലെ സ.ഉ(സാ)1310/2020/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം അനുമതി ലഭിച്ചതിനെ തുടർന്ന് 647/21 നമ്പർ സ്പിൽ ഓവർ പദ്ധതി പ്രകാരം ഉത്രാളിക്കാവ് പൂരം കമ്മിറ്റിക്ക് 3 ലക്ഷം രൂപ (ചെക്ക് നം.6022024/14-05-20) തനതുഫണ്ടിൽ നിന്നും നൽകിയതായി കണ്ടു.

ഫയൽ പരിശോധിച്ചതിൽ നിന്നും കണ്ട അപാകതകൾ താഴെ ചേർക്കുന്നു.

1. ഉത്രാളിക്കാവ് പൂരത്തിനോടനുബന്ധിച്ച് വ്യവസായിക വാണിജ്യ എക്സിബിഷൻ എന്നു മാത്രമാണ് ജില്ലാ പഞ്ചായത്ത് തയ്യാറാക്കിയ പദ്ധതിയിൽ രേഖപെടുത്തി കാണുന്നത്. പദ്ധതിയുടെ ഗുണഭോക്താക്കളെയോ, പദ്ധതി നടത്തിപ്പോ സംബന്ധിച്ച് പ്രോജക്റ്റിൽ വിവരണങ്ങളില്ല.

2. ഏതാനും സ്റ്റാളുകളുടെ ഫോട്ടോകൾ ഫയലിലുണ്ട്. എന്നാൽ ഈ സ്റ്റാളുകൾ/പവലിയൻ ജില്ലാ പഞ്ചായത്തിന്റെയോ/വ്യവസായവികസന വകുപ്പിന്റെയോ ആണെന്നത് സംബന്ധിച്ച ബോർഡുകളോ/ഉത്രാളിക്കാവിലെ പ്രദർശനത്തോടനുബന്ധിച്ച സ്റ്റാളുകളാണോ ഇവയെന്നതു സംബന്ധിച്ച പേരുകളോ/വിശദാംശങ്ങളോ ഈ ചിത്രങ്ങളിൽ ഇല്ല.

3. പ്രദർശനത്തിൽ പങ്കെടുത്ത സംരംഭകരെ തെരഞ്ഞെടുത്തതിന്റെ വിശദാംശങ്ങൾ, ഇവരുടെ രജിസ്ട്രേഷൻ സംബന്ധിച്ച രേഖകൾ, സംരംഭകരെ ജില്ലാ പഞ്ചായത്ത് അംഗീകരിച്ചതിന്റെ വിശദാംശങ്ങൾ. എന്നിവ ഫയലിൽ ഇല്ല.

4. സ്റ്റാളുകളുടെ നിർമ്മാണത്തിന്റെ യഥാർത്ഥ ചെലവുരേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. വ്യവസായ വാണിജ്യ എക്സിബിഷനിൽ പങ്കെടുക്കുന്നതിന് എക്സിബിഷൻ കമ്മിറ്റി സ്റ്റാളുകൾക്ക് നിരക്ക് നിശ്ചയിച്ച് ജില്ലാ പഞ്ചായത്തിനെ അറിയിക്കുകയോ/നിരക്കുകൾ ജില്ലാ പഞ്ചായത്ത് ഭരണ സമിതി അംഗീകരിച്ചതായോ കാണുന്നില്ല. സ്റ്റാളുകളുടെ വാല്യുവേഷൻ എഞ്ചിനീയറിംഗ് വിഭാഗം സാക്ഷ്യപ്പെടുത്തി നൽകിയിട്ടില്ല.

5. പ്രോജക്റ്റിൽ നിന്നും എക്സിബിഷൻ കമ്മിറ്റിയോണോ/സംരംഭകരാണോ ഗുണഭോക്താക്കൾ എന്നു വ്യക്തമല്ല. വിവിധ ക്ഷേത്രങ്ങളുടേയും, സ്ഥാപനങ്ങളുടേയും, സംഘടനകളുടേയും പിൻബലത്തോടെ എല്ലാ വർഷവും

സംഘടിപ്പിക്കപ്പെടുന്ന ഉത്രാളിക്കാവ് പൂരം-ഓൾ ഇൻഡ്യാ എക്സിബിഷന്റെ കമ്മിറ്റിയെ ഗുണഭോക്താവായി അംഗീകരിക്കേണ്ട ആവശ്യകത ജില്ലാ പഞ്ചായത്തിനില്ല. മറിച്ച് സംരംഭകർക്ക് അവരുടെ ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിന് ആവശ്യമായ പിന്തുണ വ്യവസായ വികസന വകുപ്പ് മുഖേന ജില്ലാ പഞ്ചായത്തിന് നൽകാമെങ്കിലും സംരംഭകയൂണിറ്റുകളെ സ്വന്തം നിലയ്ക്ക് പങ്കെടുപ്പിക്കുന്നതിനാണ് വ്യവസായ വികസന വകുപ്പിന്റെ അനുമതി ലഭിച്ചിട്ടുള്ളത്. എന്നാൽ ഇത്തരത്തിൽ പ്രദർശനത്തിൽ പങ്കെടുക്കുന്നതിനുള്ള ഒരു ഡിമാന്റ് സംരംഭകരുടെ ഭാഗത്തുനിന്നും ഉണ്ടായതായി തെളിയിക്കാവുന്ന യാതൊരു രേഖകളും ഫയലിൽ ഇല്ല. പൂരം കമ്മിറ്റി 12.3.2020 ന് നൽകിയ നം. ടി.1/97/2020 കത്തിൽ 20ാം നമ്പർ സ്റ്റാൾ വേക്കന്റ് ആയാണ് രേഖപെടുത്തി കാണുന്നത് എന്നതിൽ നിന്നും സംരംഭകരുടെ ഭാഗത്ത് നിന്നും ആവശ്യകത ഉണ്ടായിരുന്നുവോയെന്നത് സംശയാസ്പദമാണ്. മാത്രമല്ല സ്റ്റാളുകൾക്ക് വാടക നിശ്ചയിക്കുകയോ ഈടാക്കുകയോ ചെയ്തതായി കാണുന്നില്ല. 19 പേർക്ക് സ്റ്റാളുകൾ അനുവദിച്ചതായി പൂരം കമ്മിറ്റി നൽകിയ ലിസ്റ്റിൽ നിന്നും കാണുന്നു. എന്നാൽ മേൽ ഗുണഭോക്താക്കൾക്ക് സ്റ്റാളുകൾ അനുവദിക്കുന്നതിന് ജില്ലാ പഞ്ചായത്ത് നിർദ്ദേശം നൽകിയതായി കാണുന്നില്ല. ഒരു സ്റ്റാളിന് 15000 രൂപ നിരക്കിൽ 20 സ്റ്റാളുകൾക്ക് 3 ലക്ഷം രൂപ എക്സിബിഷൻ കമ്മിറ്റിക്ക് നൽകിയിട്ടും ഒരു സ്റ്റാൾ ഒഴിഞ്ഞ് കിടന്നത് മൂലം ആ സ്റ്റാളിന് വേണ്ടി ചെലവഴിച്ച15,000 രൂപ പാഴ് ചെലവായതായി അനുമാനിക്കാവുന്നതാണ്. എക്സിബിഷൻ നടക്കുന്ന സമയത്ത് വ്യവസായ വികസന വകുപ്പിലെ ഉദ്യോഗസ്ഥർ പ്രോജക്ട് മോണിറ്ററിംഗിന്റെ ഭാഗമായി സ്റ്റാളുകൾ സന്ദർശിച്ചിരുന്നില്ലായെന്നും, ഒഴിഞ്ഞ് കിടക്കുന്ന സ്റ്റാളിലേക്കായി അർഹനായ ഏതെങ്കിലും ഒരു സംരംഭകനെ കണ്ടെത്തിയില്ലായെന്നതും പദ്ധതി നിർവ്വഹണത്തിലെ അനാസ്ഥയായി കണക്കാക്കാവുന്നതാണ്. ആയതിനാൽ പാഴ് ചെലവായ 15,000/- രൂപ നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി കണക്കാക്കുന്നു. പദ്ധതി മോണിറ്ററിംഗ് റിപ്പോർട്ട്, ഡോക്യുമെന്റേഷൻ, ഗുണഭോക്താക്കളുടെ അപേക്ഷകൾ, സ്റ്റാളുകൾ ഗുണഭോക്താക്കൾക്ക് അനുവദിച്ചതിന്റെ വിശദാംശങ്ങൾ എന്നിവ ഹാജരാക്കിയിട്ടില്ല.(ഓഡിറ്റ് എൻക്വയറി നം. 14/07.02.2022)

2019-20 ലെ തൃശ്ശൂർ പൂരം-എക്സിബിഷനിൽ പങ്കെടുക്കുന്നതിനുള്ള സമാന പദ്ധതി ജില്ലാ പഞ്ചായത്ത് നടപ്പാക്കിയത് ജില്ലാ പഞ്ചായത്തിനോ/വ്യവസായ വികസന വകുപ്പിനോ ബാധ്യത സൃഷ്ടിക്കാത്ത വിധത്തിൽ ഗുണഭോക്താക്കളിൽ നിന്നും സ്റ്റാൾ വാടക ഈടാക്കിയായിരുന്നു. ജില്ലാ പഞ്ചായത്തിന്റെ പേരും പ്രൌഢിയും വെളിവാകുന്ന തരത്തിൽ ക്രമീകരിക്കപ്പെട്ട ജില്ലാപഞ്ചായത്തിന്റെ തൃശ്ശൂർ പൂരം-പവലിയൻ മികച്ച പവലിയനായി തെരഞ്ഞെടുക്കപ്പെടുകയും ചെയ്തിരുന്നു എന്നതും ശ്രദ്ധേയമാണ്. തൃശ്ശൂർ പൂരം- എക്സിബിഷനിൽ നടപടിക്രമങ്ങൾ പാലിച്ച് സുതാര്യമായ രീതിയിൽ പവലിയൻ നിർമ്മാണം നടത്തുകയും, തദ്ദേശ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ വാല്യുവേഷന്റെ അടിസ്ഥാനത്തിൽ തുക ചെലവുചെയ്യുകയും, അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തി സ്റ്റാളുകൾ അനുവദിക്കുകയും, വാടക ഈടാക്കുകയും ചെയ്തപ്പോൾ അതേ നിർവ്വഹണ ഉദ്യോഗസ്ഥർ തന്നെ തൃശ്ശൂർ പൂരം -എക്സിബിഷന് സ്വീകരിച്ച മാനദണ്ഡങ്ങൾ യാതൊന്നും പാലിക്കാതെ ജില്ലാ പഞ്ചായത്തിന്റെ സ്റ്റാളുകൾ തന്നെയാണ് എന്ന് പോലും വ്യക്തമാക്കപ്പെടാത്ത ഉത്രാളിക്കാവ് പൂരം എക്സിബിഷന്റെ സ്റ്റാളുകൾക്ക് വേണ്ടി എക്സിബിഷൻ കമ്മിറ്റിയ്ക്ക് മേൽ പ്രകാരം തുക നൽകിയത് ക്രമപ്രകാരമല്ല. തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 02/07/2020 ലെ സ.ഉ.(സാ)1310/2020 /ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ഉത്രാളിക്കാവ് പൂരം 2019-20വ്യവസായ വാണിജ്യ പ്രദർശനത്തിന്റെ സംഘാടനത്തിന് തനതുഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നതിനുള്ള അനുമതി മാത്രമാണ് നൽകിയിട്ടുള്ളത്. ഇക്കാര്യത്തിൽ സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ യഥാവിധി പാലിക്കാതിരുന്നത് ക്രമപ്രകാരമല്ല.

3-2 വ്യവസായ വികസനവകുപ്പിന്റെ വേളക്കോട് വ്യവസായ എസ്റ്റേറ്റിൽ പ്ലാസ്റ്റിക് മാലിന്യ നിർമ്മാർ- ജ്ജന കേന്ദ്രം സ്ഥാപിക്കൽ - 1,96,589/-രൂപ നിരാകരിക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ. മാനേജർ ജില്ലാ വ്യവസായ കേന്ദ്രം, തൃശ്ശൂർ.

കൈപ്പറമ്പ് ഗ്രാമപഞ്ചായത്തിലെ ആറാം വാർഡിൽ ജില്ലാ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വേളക്കോട് വ്യവസായ എസ്റ്റേറ്റിൽ പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിനായി 2016-17 ൽ 55 ലക്ഷം രൂപ അടങ്കൽ നിശ്ചയിച്ച് പദ്ധതി തയ്യാറാക്കുകയും നിലവിലുള്ള പഴയ കെട്ടിടത്തിന് അറ്റകുറ്റപണികൾ നടത്തുന്നതിനും പ്ലാസ്റ്റിക് വേർതിരിക്കുന്നതിനും മറ്റുമായി സമീപത്തായി ഒരു കെട്ടിടം നിർമ്മിക്കുന്നതിനും ഷ്രെഡിംഗ്, ബെയ് ലിംഗ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും ലക്ഷ്യമിട്ടിരുന്നു. തുടർന്ന് 24.45 ലക്ഷം രൂപയുടെ

എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ, റീ ടെണ്ടർ എന്നിവ നടത്തിയതിൽ ശ്രീ. റോണി അഗസ്റ്റിൻ എന്ന കരാറുകാരനുമായി 22.22 ലക്ഷം രൂപയ്ക്ക് 15.06.2017 ന് ജില്ലാ പഞ്ചായത്തിനു വേണ്ടി നിർവ്വഹണ ഉദ്യോഗസ്ഥനായ ജില്ലാ വ്യവസായ കേന്ദ്രം മാനേജർ കരാറിൽ ഏർപ്പെടുകയും 19.74 ലക്ഷം രൂപയുടെ പ്രവൃത്തികൾ നടത്തിയതിൽ 16.5 ലക്ഷം രൂപ കരാറുകാരന് നൽകുകയും ചെയ്തു. ഷ്രെഡിംഗ്, ബെയ് ലിംഗ് മെഷീനറികൾ സ്ഥാപിക്കുന്നതിന് ക്ലീൻ കേരള കമ്പനിയുമായി 16.09.17 ന് കരാറിലേർപ്പെട്ടതനുസരിച്ച് 9,82,943/- രൂപയുടെ ഉപകരണങ്ങൾ 2017 ഒക്ടോബറിൽ സ്ഥാപിക്കുകയും ഇലക്ട്രിക് കണക്ഷൻ ലഭിക്കാതെ തന്നെ 2017 നവംബറിൽ കെട്ടിടത്തിന്റെ ഉദ്ഘാടനം നടത്തുകയും ചെയ്തു.

പഴയകെട്ടിടം നവീകരിക്കുക, അസംസ്കൃത വസ്തുക്കൾ സൂക്ഷിക്കുന്നതിന് പുതിയ കെട്ടിടം നിർമ്മിക്കുക, ചുറ്റുമതിൽ, ഗേറ്റ് എന്നിവ നിർമ്മിക്കുക എന്നീ പ്രവൃത്തികളാണ് എസ്റ്റിമേറ്റിൽ ഉൾപ്പെട്ടിരുന്നത് എന്നാൽ പഴയകെട്ടിടം ഷീ പാഡ് യൂണിറ്റിനായി നൽകിയപ്പോൾ എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിന് 07.11.2017 ന് കരാറുകാരൻ ആവശ്യപ്പെട്ടിരുന്നുവെങ്കിലും പ്രവൃത്തി നടക്കുന്ന സമയത്ത് ഇക്കാര്യത്തിൽ നടപടി സ്വീകരിച്ചില്ല. തുടർന്ന് 24.01.2018ന് കരാറുകാരൻ 19,74,023 ലക്ഷം രൂപയുടെ പ്രവൃത്തികൾ നടത്തി പ്രവൃത്തി അവസാനിപ്പിച്ച് ഫൈനൽ ബിൽ സമർപ്പിക്കുകയും 16,50,889/- രൂപ കരാറുകാരന് അനുവദിക്കുകയും ചെയ്തു. തുടർന്ന് 7.9.2019 ന് ചേർന്ന പൊതു മരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനം നമ്പർ (3) പ്രകാരം റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കാൻ നിർദ്ദേശിക്കുകയും പുഴയ്ക്കൽ അസി.എഞ്ചിനീയർ പിന്നീട് പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കിയതായും ഫയലിൽ കണ്ടു. എന്നാൽ പൂർത്തീകരിക്കേണ്ടതായ ബാക്കി ഇനങ്ങളെ സംബന്ധിച്ച വിവരങ്ങൾ പുതുക്കിയ എസ്റ്റിമേറ്റിൽ ഇല്ല. പ്രവൃത്തികൾ നടത്തിയ ഇനത്തിൽ കരാറുകാരന് 3.23 ലക്ഷം രൂപ നൽകാൻ ബാക്കിയുള്ളതായി കാണുന്നു. കെട്ടിടത്തിലേക്കാവശ്യമായ വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിനായി 19.8.2017 ന് 3,00,050 രൂപ കെ.എസ്.ഇ.ബിൽ അടവാക്കിയെങ്കിലും കണക്ഷൻ ലഭിച്ചിട്ടില്ല. കെട്ടിടത്തിനാവശ്യമായ ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ നടത്തുന്നതിന് 2.8 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയെങ്കിലും തുടർ നടപടികളുണ്ടായില്ല. 2020-21 സാമ്പത്തിക വർഷത്തിൽ 403/21 ആയി രൂപീകരിച്ച പദ്ധതിയിലുൾപ്പെടുത്തി ക്ലീൻ കേരള കമ്പനിയ്ക്ക് ബാക്കി നൽകാനുണ്ടായിരുന്ന 1,96,589/-രൂപ ബിൽ നമ്പർ 1/20-21/28.3.21 പ്രകാരം നൽകിയതായി കണ്ടു. എന്നാൽ കരാറുകാരന് ബാക്കി നൽകാനുള്ള തുക നൽകിയിട്ടില്ല.

നാളിതുവരെ ഷ്രെഡിംഗ് യൂണിറ്റ് പ്രവർത്തനം ആരംഭിക്കാത്തതിനാൽ 9.8 ലക്ഷം രൂപയ്ക്ക് 2017 ഒക്ടോബറിൽ ക്ലീൻ കേരള കമ്പനി സ്ഥാപിച്ച യന്ത്രങ്ങൾ തുരുമ്പെടുത്ത് നശിക്കുകയാണ്. പദ്ധതിക്കായി നീണ്ട നാലു വർഷങ്ങൾക്ക് ശേഷവും ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ പൂർത്തിയാക്കി വൈദ്യുതി കണക്ഷൻ ലഭ്യമാക്കാൻ കഴിയാത്തതിനാൽ തുടർ നടത്തിപ്പിനെ പറ്റി യാതൊരു ധാരണയും ഇല്ലാത്ത ജില്ലാ പഞ്ചായത്ത് പദ്ധതി ക്ലീൻ കേരള മിഷന് കൈമാറി തുടർ നടത്തിപ്പ് ബാധ്യതയിൽ നിന്നും ഒഴിവായതായാണ് കാണുന്നത്. 2016-17ലെ പദ്ധതിയുടെ ഭാഗമായി നിർമ്മിച്ച കെട്ടിടവും വ്യവസായ വികസന വകുപ്പിന്റെ ഉടമസ്ഥതയിലുള്ള അനുബന്ധ 50 സെന്റ് സ്ഥലവും ക്ലീൻ കേരള കംപനിയ്ക്ക് ജില്ലാ റിസോഴ്സ് റിക്കവറി ഫെസിലിറ്റി(DRRF) സ്ഥാപിക്കുന്നതിനായി വാടകയില്ലാതെ അഞ്ച് വർഷത്തേക്ക് നൽകുന്നതിന് 29.07.2020ന് കരാറിലേർപ്പെട്ടതായി കണ്ടു. പദ്ധതിക്കായി നാളിതുവരെ ആകെ 29.33 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട് (കരാറുകാരന് നൽകുവാൻ ബാക്കിയുള്ള തുക കൂടി കണക്കാക്കുമ്പോൾ ആകെ ചെലവ് 32,57,016രൂപ).

ക്ലീൻ കേരള ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ നൽകിയ5.11.2019 ലെ E3/CKCL/2019 കത്തു പ്രകാരം ഷ്രെഡിംഗ് മെഷീനും അനുബന്ധ മെഷിനറികളും കമ്പനി ഇൻസ്റ്റലേഷൻ നടത്തിയിട്ടുണ്ടെങ്കിലും ഇലക്ട്രിക് കണക്ഷൻ ലഭ്യമല്ലാത്തതിനാൽ യൂണിറ്റ് പ്രവർത്തന ക്ഷമമായില്ലെന്നും ഇത് പ്രവർത്തനസജ്ജമാക്കാൻ കമ്പനി തയ്യാറാണെന്നും അറിയിക്കുകയുണ്ടായി. ഇതിനെ തുടർന്നാണ് ഷ്രെഡിംഗ് യൂണിറ്റും അനുബന്ധ 50 സെന്റ് സ്ഥലവും കരാർവ്യവസ്ഥക്കനുസൃതമായി കൈമാറുന്നതിനും, ആയതിന് തയ്യാറാക്കിയ കരട് കരാർ ഉടമ്പടിക്ക് അംഗീകാരം നൽകിയും, തുടർ നടപടി സ്വീകരിക്കാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തിയും 25/5/2020 ലെ ജില്ലാപഞ്ചായത്ത് ഭരണ സമിതി 8ാം നമ്പറായി തീരുമാനമെടുത്തത്.

ഷ്രെഡിംഗ് യൂണിറ്റിനായി ക്ലീൻ കേരള നിർമ്മിക്കുന്ന പുതിയ കെട്ടിടം



അപാകതകൾ

1. ഭരണസമിതി അംഗീകരിച്ച കരാർ പ്രകാരം DRRF നടത്തുന്നതിന് 50 സെന്റ് സ്ഥലവും കെട്ടിടവും വാടകയില്ലാതെ ഒരു വർഷത്തേക്ക് നൽകുന്നതിനും, നിലവിലുള്ള കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തീകരിക്കുന്നതിനും, വൈദ്യുതീകരണം നടത്തുന്നതിനും, RRF ആവശ്യത്തിനായി ഒരു ഷെഡ് മാത്രം നിർമ്മിക്കുന്നതിനും മറ്റ് നിർമ്മാണ പ്രവർത്തനങ്ങൾക്ക് ജില്ലാപഞ്ചായത്തിന്റെ മുൻകൂർ അനുമതി വാങ്ങേണ്ടതാണെന്നും, ജൈവ, അജൈവമാലിന്യങ്ങൾ DRRF ൽ പുനചംക്രമണം നടത്തുന്നതിന് അനുമതി ഇല്ലായെന്നും വ്യവസ്ഥ ചെയ്തിരുന്നു. എന്നാൽ ഇതിനു വിപരീതമായി 29.7.20ന് കമ്പനിയുമായി സെക്രട്ടറി ഏർപ്പെട്ട കരാറിൽ ക്രമനം.1 പ്രകാരം 5 വർഷത്തേക്ക് വാടക ഒഴിവാക്കി നൽകുന്നതിനും, 2 പ്രകാരം ആവശ്യമായ കെട്ടിടങ്ങൾ സ്ഥാപിക്കുന്നതിന് അനുമതി നൽകുന്നതിനും 8 പ്രകാരം ജൈവമാലിന്യങ്ങളുടെ പുനചംക്രമണത്തിന് അനുവാദമില്ലാത്തതുമാണ് എന്നുമുള്ള വ്യവസ്ഥകൾ കരാറിലുൾപെടുത്തുകയുണ്ടായി. ഭരണ സമിതി അംഗീകരിച്ചതിൽ നിന്നും വ്യത്യസ്ഥമായ വ്യവസ്ഥകൾ കരാറിലുൾപെടാനിടയായതിന്റെ കാരണം വ്യക്തമല്ല.

2. 07.06.2022ന് നടത്തിയ പ്രാദേശിക പരിശോധനയിൽ പ്രദേശത്ത് ക്ലീൻ കേരളാ കമ്പനി 8000 ച.അടി, 1500 ച.അടി എന്നിങ്ങനെ വിസ്തീർണ്ണമുള്ള രണ്ട് കെട്ടിടങ്ങൾ നിർമ്മിക്കുന്നതായി കണ്ടു. അതേസമയം ഷ്രെഡിംഗ് യൂണിറ്റ് സ്ഥാപിച്ചതും ജില്ലാപഞ്ചായത്ത് നിർമ്മിച്ചതുമായ കെട്ടിടത്തിന്റെ പ്രവൃത്തി പൂർത്തീകരിക്കുകയോ, വൈദ്യുതീകരണം നടത്തുകയോ ചെയ്തിട്ടില്ല. ജില്ലാ തല റിസോഴ്സ് റിക്കവറി സെന്റർ നിർമ്മിക്കുന്നതിന് ക്ലീൻ കേരള കമ്പനിയ്ക്ക് സ്ഥലം കൈമാറി കരാറിലേർപ്പെട്ടിട്ടുണ്ടെങ്കിലും ജില്ലാ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് നിർമ്മിക്കുന്ന കെട്ടിടത്തിന്റെ പ്ലാൻ, ഡി.പി.ആർ എന്നിവ ജില്ലാ പഞ്ചായത്തിന് നൽകിയിട്ടില്ല. കെട്ടിടം നിർമ്മിക്കുന്നതിന് ക്ലീൻ കേരളാ കമ്പനി ജില്ലാ പഞ്ചായത്തിന്റെ മുൻകൂർ അംഗീകാരം വാങ്ങിയിട്ടില്ല. DRRF ന്റെ ഭാഗമായി കെട്ടിടത്തിൽ നടത്താനുദ്ദേശിക്കുന്ന പ്രവർത്തനം സംബന്ധിച്ച് ജില്ലാപഞ്ചായത്തിന് വ്യക്തതയില്ല. ഫയലിൽ ആവശ്യമായ വിശദാംശങ്ങൾ ഇല്ല. ക്ലീൻ കേരളാ കമ്പനിയിൽ നിന്നും പണം കൊടുത്ത് ജില്ലാ പഞ്ചായത്ത് വാങ്ങി ക്ലീൻ കേരള കമ്പനിക്ക് തന്നെ സൌജന്യമായി നൽകിയ 9.8 ലക്ഷം രൂപയുടെ യന്ത്രങ്ങൾ ഏതെങ്കിലും രീതിയിൽ കമ്പനി പ്രയോജനപ്പെടുത്തുമെന്നത് സംബന്ധിച്ച വിവരങ്ങളും കരാറിലില്ല. ഈ ഉപകരണങ്ങൾ മുൻപ് നിർമ്മിച്ച കെട്ടിടത്തിൽ അലക്ഷ്യമായി ഇട്ടിരിക്കുന്നതായി കണ്ടു. ഇവ നിലവിൽ പ്രവർത്തനക്ഷമമാണോയെന്ന് അടിന്തിരമായി പരിശോധിക്കേണ്ടതാണ്.

3. വികേന്ദ്രീകൃതാസൂത്രണത്തിന്റെ ഭാഗമായി ജില്ലാ പഞ്ചായത്തിന് കൈമാറിക്കിട്ടിയ വ്യവസായ വികസനവകുപ്പിന്റെ സ്ഥലം 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം അഞ്ചാംപട്ടിക, മേഖലാടിസ്ഥാനത്തിലുള്ള ചുമതലകൾ V ലെ വ്യവസ്ഥകൾ പ്രകാരം ചെറുകിട വ്യവസായ വികസന സംരംഭങ്ങൾക്കും അനുബന്ധ പ്രവർത്തനങ്ങൾക്കുമായി വിനിയോഗിക്കുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിന് പകരമായി യഥാർത്ഥ ഗുണഭോക്താക്കളെ നിർണയിക്കാതെ/ഗുണഭോക്താക്കൾ ഇല്ലാതെ പദ്ധതി ആവിഷ്കരിക്കുകയും വ്യക്തമായ ധാരണയില്ലാതെ കെട്ടിടം നിർമ്മിച്ച്, മാലിന്യ സംസ്കരണത്തിനായി ഉപകരണങ്ങൾ വാങ്ങി പണം ചെലവഴിച്ചിട്ടും പദ്ധതിയുടെ ഭാഗമായ അജൈവമാലിന്യ ശേഖരണം, സംസ്കരണം, സംസ്കരിച്ച ഉൽപ്പന്നങ്ങളുടെ കൈമാറ്റം, വാഹന സൌകര്യം, പദ്ധതി

നടത്തിപ്പിനാവശ്യമായ സംഘങ്ങളെ കണ്ടെത്തൽ, ആവർത്തനചെലവുകൾക്ക് പണം കണ്ടെത്തൽ തുടങ്ങിയ അടിസ്ഥാന ആവശ്യങ്ങൾക്ക് വ്യക്തമായ പരിഹാരമാർഗ്ഗങ്ങൾ ഇല്ലായെന്ന് ബോധ്യപെട്ടതിന്റെ അടിസ്ഥാനത്തിൽ പ്രായോഗികമായി പദ്ധതി നടപ്പാക്കാനാവില്ലായെന്ന് തിരിച്ചറിഞ്ഞ സാഹചര്യത്തിൽ ക്ലീൻ കേരളയ്ക്ക് കെട്ടിടവും അനുബന്ധ സ്ഥലവും കൈമാറാൻ ജില്ലാ പഞ്ചായത്ത് നിർബന്ധിതമാവുകയാണുണ്ടായത്. ഈ പദ്ധതിയുടെ പ്രയോജനം പൂർണ്ണമായും ജില്ലാ പഞ്ചായത്തിന്റെ ഗുണഭോക്താവല്ലാത്ത ക്ലീൻ കേരള ലിമിറ്റഡ് കമ്പനിയ്ക്ക് മാത്രമാണ് ലഭിച്ചതെന്ന് കാണാം. പദ്ധതിക്കായി ജില്ലാ പഞ്ചായത്ത് നിർമ്മിച്ച കെട്ടിടവും, കൈമാറിയ ഉപകരണങ്ങളും ക്ലീൻ കേരള ഉപയോഗപ്പെടുത്തുമോയെന്നപോലും പറയാനാകാത്ത സാഹചര്യത്തിൽ വ്യവസായ വികസന വകുപ്പിന്റെ 50 സെന്റ് സ്ഥലവും ഇവിടെ നിർമ്മിച്ച കെട്ടിടവും ജില്ലാപഞ്ചായത്തിന് യാതൊരു നിയന്ത്രണാധികാരമോ, തനതുവരുമാനമോ ലഭിക്കാത്ത വിധത്തിൽ, ഭാവിയിൽ ജില്ലാ പഞ്ചായത്തിന്റെ ആവശ്യങ്ങൾക്കായി വിനിയോഗിക്കാൻ പോലുമാകാത്ത വിധത്തിൽ നഷ്ടപെട്ടതായി ഓഡിറ്റ് വിലയിരുത്തുന്നു. ഇതിനായി ജില്ലാ പഞ്ചായത്ത് ചെലവഴിച്ച 29.33 ലക്ഷം രൂപ പാഴ് ചെലവായി കണക്കാക്കുന്നു. (ഓഡിറ്റ് എൻക്വയറി നം. 13/04.02.2022)

4. 2006ൽ ഡയമണ്ട് നിർമ്മാണത്തിന് വേണ്ടി നിർമ്മിച്ച കെട്ടിടത്തിന് ആവശ്യമായ മാറ്റങ്ങൾ വരുത്തി ഷ്രെഡിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കിരുന്നുവെങ്കിലും പ്രവൃത്തികൾ നടന്നുകൊണ്ടിരിക്കുന്നതിനിടെ മേൽ കെട്ടിടം ഷീ പാഡ് യൂണിറ്റിനായി നൽകുകയും പുതിയതായി നിർമ്മിക്കുന്ന കെട്ടിടത്തിൽ മെഷിനറികൾ സ്ഥാപിക്കുന്നതിന് തീരുമാനിക്കുകയും ചെയ്തു. ഇത്തരത്തിൽ മാറ്റം വരുത്തിയതിന്റെ ഭരണസമിതി തീരുമാനം ഫയലിൽ ഇല്ല. പൊതുമരാമത്ത് മാന്വൽ ഖണ്ഡിക 1601.1.6 പ്രകാരം അംഗീകരിക്കപ്പെട്ട എസ്റ്റിമേറ്റിൽ കൂട്ടിച്ചേർക്കലുകളോ, ഒഴിവാക്കലുകളോ ഉണ്ടെങ്കിൽ പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കണം. പ്രവൃത്തി നടന്നുകൊണ്ടിരിക്കെ എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തിയിൽ മാറ്റം വരുത്തുന്നതിന് ജില്ലാപഞ്ചായത്ത് ആവശ്യപ്പെട്ടതിനാൽ പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് കരാറുകാരൻ അഭ്യർത്ഥിച്ചിരുന്നുവെങ്കിലും സമയബന്ധിതമായി ഇക്കാര്യത്തിൽ നടപടി സ്വീകരിച്ചില്ല.

5. മാലിന്യ സംസ്കരണത്തിനായി ജില്ലാ പഞ്ചായത്ത് പദ്ധതി തയ്യാറാക്കുകയും തദ്ദേശ സ്ഥാപനത്തിന്റെ ഫണ്ട് 19.74 ലക്ഷം രൂപ ചെലവഴിച്ച് കെട്ടിട നിർമ്മാണം നടത്തുകയും ചെയ്ത ശേഷം കെട്ടിടവും അനുബന്ധസ്ഥലവും ക്ലീൻ കേരള ലിമിറ്റഡിന് കൈമാറുകയാണുണ്ടായത്. മാലിന്യ നിർമ്മാർജ്ജന പദ്ധതിയുടെ പ്രവർത്തനം സംബന്ധിച്ച ഡി.പി.ആർ (Detailed Project Report) യഥാർത്ഥത്തിൽ തയ്യാറാക്കിയിരുന്നില്ല.

6. ത്രീഫേസ് കണക്ഷൻ ലഭിക്കുന്നതിന് 3 ലക്ഷം രൂപ കെ.എസ്.ഇ.ബിയിൽ നിക്ഷേപിച്ചെങ്കിലും ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല. ഇത് തിരികെ ഈടാക്കണം. ഇലക്ട്രിഫിക്കേഷൻ നടത്തുന്നതിന് 2.8 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയെങ്കിലും തുടർ നടപടി സ്വീകരിച്ചില്ല.

7. 9.8 ലക്ഷം രൂപ ചെലവഴിച്ച് 2017 ഒക്ടോബറിൽ യന്ത്രങ്ങൾ സ്ഥാപിച്ചെങ്കിലും നാളിതുവരെ വൈദ്യുതി കണക്ഷൻ ലഭിക്കാത്തതു മൂലം യന്ത്രങ്ങൾ പ്രവർത്തിപ്പിക്കാനാകാതെ ഇവ തുരുമ്പെടുത്ത് നശിക്കുന്നുണ്ട്. യന്ത്രങ്ങളുടെ പരിപാലനം സംബന്ധിച്ച വ്യവസ്ഥകൾ ക്ലീൻകേരള കമ്പനിയുമായി ഏർപ്പെട്ട കരാറിൽ ഉൾപ്പെടുത്തിയിട്ടില്ല.

8. ക്ലീൻ കേരളയിൽ നിന്നും വാങ്ങിയ യന്ത്രങ്ങളും, നിർമ്മിച്ച കെട്ടിടവും സൌജന്യമായി കമ്പനിക്ക് നൽകുന്നതിന് 29.07.2020ന് കരാറിലേർപ്പെട്ടതിന് ശേഷവും ഈ യന്ത്രങ്ങൾ വാങ്ങിയ ഇനത്തിൽ 1,96,589/-രൂപ ബിൽ നമ്പർ 1/20-21/28.3.21പ്രകാരം ക്ലീൻ കേരള ലിമിറ്റഡ് കമ്പനിക്ക് നൽകിയത് അംഗീകരിക്കാനാവില്ല. ഇത് ഓഡിറ്റിൽ നിരാകരിക്കുന്നു. ആയത് ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും/ക്ലീൻ കേരള ലിമിറ്റഡ് കമ്പനിയിൽ നിന്നും ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിൽ അടവാക്കേണ്ടതാണ്. കരാറിലേർപ്പെടുന്ന സമയത്ത് ബാക്കി നൽകാനുള്ള തുക ഒഴിവാക്കുന്നതിനുള്ള വ്യവസ്ഥകൾ കരാറിലുൾപെടുത്തിയില്ല.

9. ജില്ലാ റിസോഴ്സ് റിക്കവറി ഫെസിലിറ്റി (DRRF) സ്ഥാപിക്കുന്നതിനായി ഈ ആവശ്യത്തിലേക്ക് നിർമ്മിച്ച കെട്ടിടം ക്ലീൻ കേരളയ്ക്ക് വാടകയില്ലാതെ വിട്ടു നൽകിയിട്ടുണ്ടെങ്കിലും DRRF സ്ഥാപിക്കുന്നതിനായി പുതിയ രണ്ട് കെട്ടിടങ്ങൾ ക്ലീൻ കേരള നിർമ്മിക്കുന്നതായാണ് കാണുന്നത്. ഈ ആവശ്യത്തിനായി ജില്ലാ

പഞ്ചായത്ത് നിർമ്മിച്ച് കൈമാറിയ കെട്ടിടം പ്രയോജനപെടുത്തുമോയെന്ന് വ്യക്തമല്ല. കൈമാറിയ കെട്ടിടം ഏതു രീതിയിൽ പ്രയോജനപ്പെടുത്തുമെന്നത് കരാറിൽ വ്യക്തമാക്കിയിട്ടില്ല.

25/5/2020ലെ ഭരണസമിതി തീരുമാനത്തിൽ നിന്നും ജില്ലാപഞ്ചായത്ത് ആവിഷ്കരിച്ച പദ്ധതി വിജയകരമായി നടപ്പാക്കുന്നതിന്റെ ഭാഗമായാണ് കെട്ടിടവും അനുബന്ധ സ്ഥലവും ക്ലീൻ കേരളയ്ക്ക് നൽകാൻ ഭരണ സമിതി തീരുമാനിച്ചത് എന്ന് വ്യക്തമാണ്. എന്നാൽ കൈമാറിയ കെട്ടിടത്തിന്റെ ആവശ്യമായ പ്രവൃത്തികൾ പൂർത്തീകരിച്ച് കെട്ടിട നമ്പർ ലഭ്യമാക്കുന്നതിനോ, ഇലക്ട്രിഫിക്കേഷൻ നടത്തി യന്ത്രങ്ങൾ സർവ്വീസിംഗ് നടത്തി പ്രയോജനപ്പെടുത്തുന്നതിനോ ഉള്ള ശ്രമങ്ങൾ കമ്പനിയുടെ ഭാഗത്തുനിന്നും നാളിതുവരെ ഉണ്ടായിട്ടില്ല. ഇത് കരാർവ്യവസ്ഥകളുടെ ലംഘനമാണ്.

ക്ലീൻ കേരളയുടെ ഡി.പി.ആർ പരിശോധിച്ച് ഭരണസമിതി അംഗീകരിച്ച കരട് കരാറിൽനിന്നും വ്യത്യസ്ഥമായി ഏർപ്പെട്ട വ്യവസ്ഥകൾ റദ്ദാക്കുന്നതിനും, ജില്ലാപഞ്ചായത്തിന് വരുമാനം ഉറപ്പാക്കുന്നതും, പ്രദേശവാസികൾക്ക് മലിനീകരണം സൃഷ്ടിക്കുന്ന പ്ലാസ്റ്റിക് റീ സൈക്ലിംഗ് അനുവദിക്കാതിരിക്കുന്നതിനും, ജില്ലാപഞ്ചായത്തിന്റെ നിയന്ത്രണാധികാരം ഉറപ്പ് വരുത്തിയും കരാർ തയ്യാറാക്കി ഭരണ സമിതി അംഗീകാരം ലഭ്യമാക്കണം. തുടർ നടപടി സ്വീകരിക്കണം. പ്രായോഗികമല്ലാത്ത പദ്ധതികൾ ആസൂത്രണം ചെയ്ത് പൊതുപണം ദുർവിനിയോഗം ചെയ്യുന്ന പ്രവണത ഒഴിവാക്കേണ്ടതും, ഇത്തരം സംഗതികളിൽ ഉത്തരവാദികൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഇക്കാര്യത്തിൽ ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

3-3 കരുപടന്ന ഗ്രാമീണ വായനശാലയിലേക്ക് പ്രോജക്ടറും മൈക്ക് സെറ്റും വാങ്ങി നൽകൽ- സർക്കാർ ഉത്തരവിന് വിരുദ്ധമായി അധികം ചെലവഴിച്ച 35,391 രൂപ നിരാകരിക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ.ഡെപ്യൂട്ടി ഡയറക്ടർ വിദ്യാഭ്യാസം.

സ്പിൽ ഓവർ പദ്ധതി 885/21 പ്രകാരം കരുപടന്ന ഗ്രാമീണ വായനശാലയ്ക്ക് പ്രോജക്ടറും മൈക്ക് സെറ്റും വാങ്ങി നൽകിയതിന് തനതു ഫണ്ടിൽ നിന്നും 1,49,786 രൂപ ചെലവഴിച്ചിട്ടുണ്ട്. മൈക്ക്സെറ്റ് അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിന് എ.ടി.ഇലക്ട്രോണിക്സ്, വെളിയന്നൂർ എന്ന സ്ഥാപനത്തിൽ നിന്ന് ബിൽ നം. ജി.ബി.438/24.9.20 പ്രകാരം 91886 രൂപയുടെ (ചെക്ക് നം. 485516/19.11.20) ഉപകരണങ്ങളും, ഷാർപ് ലോജിക് കംപ്യൂട്ടർ ഷോപ്പ് തൃശ്ശൂരിൽ നിന്നും Epsan EB-U05 പ്രോജക്ടറും വാങ്ങിയതിന് 57900 രൂപയും(ചെക്ക് നം.435569/30.12.20) ചെലവഴിച്ചിട്ടുണ്ട്. 14.02.2018 ലെ സ.ഉ(കൈ) നം. 22/2018ത.സ്വ.ഭ.വ. പദ്ധതി മാർഗ്ഗരേഖ പ്രകാരം സ്ഥാപനത്തിന്റെ നിയന്ത്രണത്തിലുള്ള ലൈബ്രറികളുടെ പശ്ചാത്തല വികസനത്തിനുള്ള പ്രോജക്ടുകൾ മാത്രമേ ഏറ്റെടുക്കാവൂ എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. അതേ സമയം ലൈബ്രറികൌൺസിലിന്റെ അംഗീകാരമുള്ള ലൈബ്രറികൾക്ക് ഫർണീച്ചർ, കെട്ടിടം എന്നിവയ്ക്കുള്ള പ്രോജക്ടുകൾ ജില്ലാ പഞ്ചായത്തിന് ഏറ്റെടുക്കാവുന്നതാണെന്ന് സ.ഉ(സാ)171/20 ത.സ്വ.ഭ.വ. തിയതി 22.01.2020 ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ടെങ്കിലും കരുപടന്ന ലൈബ്രറിയുടെ ലൈബ്രറി കൌൺസിൽ അംഗീകാര സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. 27.09.2019 ലെ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ഉത്തരവ് സ.ഉ.(സാ)3847/2019 പൊ.വി.വകുപ്പ് പ്രകാരം പ്രോജക്ടറുകൾ വാങ്ങുന്നത് കെൽട്രോൺ മുഖേനയോ, സി.പി.ആർ.എസ് മുഖേനയോ ആയിരിക്കണമെന്നും ഒരു പ്രോജക്ടറിന് നൽകാവുന്ന പരമാവധി വില 22,509 രൂപയിൽ ലിമിറ്റ് ചെയ്യുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്. അതേസമയം കരുപടന്ന ലൈബ്രറിക്കായി വാങ്ങിയ പ്രോജക്ടറിന് മേൽ നിർദ്ദേശത്തിന് വിരുദ്ധമായി 57,900 രൂപ ചെലവഴിച്ചിട്ടുണ്ട്. ഈയിനത്തിൽ 35,391രൂപ അധികമായി ചെലവഴിച്ചിട്ടുണ്ട്. പദ്ധതി സബ്സിഡി/ധനസഹായം നൽകുന്നതിന് നിയന്ത്രണങ്ങളുള്ള ഇനങ്ങൾ സംബന്ധിച്ച് മാർഗ്ഗരേഖ ഖണ്ഡിക 5 പ്രകാരം സ്വയം തൊഴിൽ സംരഭത്തിന് ഒഴികെ മൈക്ക് സെറ്റ് വാങ്ങി നൽകാൻ പാടില്ലായെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഉത്തരവിന് വിരുദ്ധമായി ലൈബ്രറിക്ക് മൈക്ക് സെറ്റ് വാങ്ങിയതിന് 91,886 രൂപ ചെലവഴിച്ചിട്ടുണ്ട്. മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പ്രോജക്ട് തയ്യാറാക്കുകയും സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി അധികതുക ചെലവഴിച്ചതും ക്രമപ്രകാരമല്ല. ആയതിനാൽ മൈക്ക് സെറ്റും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിന് ചെലവഴിച്ച 91,886രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഇക്കാര്യത്തിൽ സർക്കാർ അനുമതി ലഭ്യമാക്കേണ്ടതാണ്. സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പ്രോജക്ടർ വാങ്ങുന്നതിന് അധികം ചെലവഴിച്ച 35,391 രൂപ ഓഡിറ്റിൽ

നിരാകരിക്കുന്നു. (ഓഡിറ്റ് എൻക്വയറി നമ്പർ.9/24.01.2022)

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 | 30.5.2022,15.6.2022 | ഓഡിറ്റ് സാക്ഷ്യപത്രം അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്. |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്റെ (നം.18/18-02-2022) മറുപടിയായി ജില്ലാ പഞ്ചായത്ത് ലഭ്യമാക്കിയ വിവരങ്ങൾ താഴെ ചേർക്കുന്നു.

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| കോർപ്പറേഷൻ | 2020-21 | 1500000 | ക്യാൻ തൃശ്ശൂർ | 4393083 | 7198641 |
| മുനിസിപ്പാലിറ്റി | ,, | 1885000 | ക്യാൻ തൃശ്ശൂർ | | |
| ബ്ലോക്ക് പഞ്ചായത്ത് | | 1870000 | ക്യാൻ തൃശ്ശൂർ | | |
| ഗ്രാമ പഞ്ചായത്ത് | ,, | 6336724 | ക്യാൻ തൃശ്ശൂർ | | |
| ആകെ | | 11591724 | | 4393083 | 7198641 |

വാർഷിക കണക്ക് പ്രകാരം സംയുക്ത പ്രോജക്ടുകൾക്കുള്ള ബാങ്ക് അക്കൌണ്ടിൽ 19173519 രൂപ മുന്നിരിപ്പും 1550000 രൂപ നീക്കിയിരിപ്പുമുണ്ട്. ഈയിനത്തിൽ RP 31 പ്രകാരം വരവുതുക 7984835 രൂപയും I-6 പ്രകാരം 4773488 രൂപയുമാണ്. എന്നാൽ സുലേഖ ചെലവുപത്രിക പ്രകാരം സംയുക്ത പദ്ധതികൾക്കായി തൻ വർഷം ആകെ ചെലവ് 8,49,523/- രൂപയാണ്. ആയത് കാൻ പദ്ധതിക്കു ഓഡിറ്റ് വർഷം വേണ്ടിവന്ന ചെലവാണ്. ജില്ലാ പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ കണക്കുകളും വാർഷിക ധനകാര്യപത്രികയിലെ തുകയും സുലേഖ ചെലവു പത്രിക പ്രകാരമുള്ള ചെലവു വിവരങ്ങളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

സംയുക്ത പ്രോജക്ടുകൾക്കുള്ള തുകകളുടെ വരവുചെലവു കണക്കുകൾ കൃത്യമായി തയ്യാറാക്കേണ്ടതാണ്.

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നിർവ്വഹണ ഏജൻസികൾക്ക് മുൻകൂർ തുക നൽകുമ്പോൾ " 460500204-

Advance To Implementing Agencies" എന്ന ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തുകയും ഏജൻസിയിൽനിന്നും വിനിയോഗ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് മാത്രം അതാത് ചെലവ്, ആസ്തി ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്താൻ പാടുള്ളൂ. പകരം, ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് എന്ന ശീർഷകത്തിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതായി കാണുന്നു. മാത്രമല്ല മുൻകൂർ രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നുമില്ല. ഇപ്രകാരം ചെയ്യുന്നതിനാൽ മുൻകൂർ തുകകളുടെ വിനിയോഗം നിരീക്ഷിക്കാൻ കഴിയാതെ വരുന്നു.

ഓഡിറ്റ് വർഷത്തിൽ സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി കെ.എസ്സ്.ഇ.ബി, വാട്ടർഅതോറിറ്റി, ഭൂജലവകുപ്പ് തുടങ്ങിയ സ്ഥാപനങ്ങൾക്ക് പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകുന്ന നിരവധി പ്രൊജക്ടുകൾ നടപ്പാക്കിയിട്ടുണ്ട് . അതിൽ പലതും പൂർത്തീകരിച്ചിട്ടില്ല. ഉദാഹരണത്തിന് സെക്രട്ടറി നടപ്പാക്കിയ വിവിധ ഡെപ്പോസിറ്റ് വർക്കുകൾക്കായി ഭൂജലവകുപ്പിൽ 44,78,130 നിക്ഷേപിച്ചതിന് വിനിയോഗവിവരമില്ല (ഖണ്ഡിക 1-30), ആദൂർ കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ പദ്ധതിക്കായി 10 ലക്ഷം രൂപ കേരള വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ചിട്ടുള്ളതിനും വിനിയോഗവിവരം ലഭിച്ചിട്ടില്ല (ഖണ്ഡിക 1-32). മേൽ പറഞ്ഞ പ്രകാരം ഡെപ്പോസിറ്റ് പ്രവർത്തികൾക്ക് ചെലവുണ്ടെങ്കിലും 2020-2021 വർഷത്തെ ജനറൽ ലഡ്ജർ ട്രയസ് ബാലൻസ് പ്രകാരം 460500201 -Advance To Implementing Agencies-Deposit With KWA, 460500204 -Advance To Implementing Agencies-Deposit With Ground Water Department എന്നീ ഇനങ്ങളിൽ ഓഡിറ്റ് വർഷം വരവ്-ചെലവ് – നീക്കിയിരിപ്പില്ല. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-18 പ്രകാരം അഡ്വാൻസ് ടു അതർ ഓതറൈസ്ഡ് ഏജൻസീസ് എന്ന ഹെഡ്ഡിൽ 36,80,000/- രൂപ നീക്കിയിരിപ്പുണ്ട്. ആയതിന്റെ ലെഡ്ജർ പ്രകാരം ഈ തുക Repairs & Maintenance - Movable Asset Vehicles എന്ന ഡിസ്ക്രിപ്ഷനിൽ Correction Entry ആയി ചേർത്തിരിക്കുന്ന തുകയാണ്.

ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നിർവ്വഹണ ഏജൻസികൾക്ക് മുൻകൂർ തുക നൽകിയതിന്റെ കൃത്യമായ വിവരം ഇല്ല.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് ഒന്നും നൽകിയിട്ടില്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഒന്നുമില്ല

## 4-6 സ്ഥിര നിക്ഷേപം

ഒന്നുമില്ല

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | ഓഡിറ്റ് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2007-08 | 3.1 | 1999-2000 | 2(21) | ആശീർവാദ് റൈസ് പാർക്ക് | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ സിറ്റിംഗ് കഴിഞ്ഞു -അന്തിമ |

| | | | | | |
|---|---|---|---|---|---|
| | | | | | തീരുമാനം ആയിട്ടില്ല. |
| | 3.50.1 | 1999-2000 മുതൽ 2000-01 കാല ഘട്ടത്തിൽ പൂർത്തീ കരിച്ച മരാമത്ത് പണികൾ | - | കൺവീനറുടെ സ്വന്തം മണ്ണുപയോഗിച്ച് ഫില്ലിംഗ് നടപ്പാക്കുമ്പോൾ അധിക നിരക്ക് അനുവദിച്ചത്. | ടി |
| | 3.50.2 | 1999-2000 | 2(18) | തഴപ്പായ നെയ്ത്ത്- കോമൺ ഫെസിലിറ്റി സർവ്വീസ് സെന്റർ, കോസ്റ്റ് ഫോർഡിന് 7 ലക്ഷം രൂപ നൽകി - പ്രോജക്ട് ഉപേക്ഷിച്ചു | ടി |
| | 3.50.3 | 2000-2001 | 2(10) | സ്വാഭിമാൻ പാർപ്പിട പദ്ധതി - കോസ്റ്റ് ഫോർഡിന് 85 ലക്ഷം രൂപ വായ്പ നൽകി - തുക തിരികെ ലഭ്യമായിട്ടില്ല | ടി |
| | 3.50.4 | 2000-2001 | 2(20) | കൊയ്ത്തു മെതിയന്ത്രം ലീസിന് എടുത്തവർ വാടക കുടിശ്ശിക വരുത്തിയത് - പ്രവർത്തന ക്ഷമമല്ലാതെ തിരിച്ചേൽപ്പിച്ചു. | ടി |
| 2009-10 | 2.10 | 2001-02 | 16 | പദ്ധതി വിനിയോഗ രേഖകൾ ലഭ്യമാക്കുന്നതിൽ വീഴ്ച | മറുപടി സർക്കാരിനു സമർപ്പിച്ചു |
| | 3.8.19(i) | 2001-02 | 34 | പാരാമെഡിക്കൽ രംഗത്ത് തൊഴിൽ നൽകൽ പദ്ധതി - ഉദ്ദേശ ലക്ഷ്യം പൂർത്തീകരിച്ചില്ല | ടി |
| | 3.8.19 (Ii) | 2003-2004 | 2-7 | കൈത്തറി കോമൺ ഫെസിലിറ്റി സെന്റർ, തിരുവില്വാമല | ടി |
| | 3.8.19 (Iii) | 2003-2004 | 2-8 | ഈറ്റ, മുള, കോമൺ ഫെസിലിറ്റി സെന്റർ | ടി |
| 2010-11 | 5.2.18 (I) | 2005-2006 | 2-53 | വാങ്ങി നൽകിയ ടാറിന്റെ വില | ടി |

| | | | | | |
|---|---|---|---|---|---|
| | | | | ഈടാക്കിയില്ല – നഷ്ടം 93,498 രൂപ | |
| | 5.3.9(1) | 2006-2007 | 2-17 | സെറികൾച്ചർ വികസനം - പദ്ധതി ലക്ഷ്യം നേടിയില്ല. | ടി |
| | 5.3.9 (2) | 2006-2007 | 2-46 | വൃദ്ധ സദനം ലക്ഷ്യം കൈവരിച്ചില്ല | ടി |
| | 5.3.9 (3) | 2006-2007 | 2-47 | വൈദ്യുതി കണക്ഷൻ കിട്ടിയില്ല – വനിത കലാകേന്ദ്രം നിഷ്ക്രിയ ആസ്തി | ടി |
| 2012-13 | 3.2.6 | - | - | ഫാമുകളുടെ പ്രവർത്തനാ വലോകനം | ടി |
| 2013-14 | 5.2 (19) | - | - | പരാജയപ്പെട്ട നൂതനാശയ പ്രവർത്തനങ്ങൾ - വിജ്ഞാൻ സാഗർ | ടി |
| 2014-15 | 5.എ (4) | - | - | പന്നി വളർത്തൽ കേന്ദ്രങ്ങൾ | ടി |
| 2017-18 | 2.5 (4)(C) | 2015-16 പ്രൊജക്ട് നം.138/16 | - | റോഡുകളുടെ ചുമതലാ വിഭജനം | ടി |
| | അനുബന്ധം 1 | - | - | വ്യവസായ എസ്റ്റേറ്റുകളുടെ പ്രവർത്തനക്ഷമത – ആശീർവാദ് റൈസ്പാർക്ക് | ടി |
| | അനുബന്ധം 2 | - | - | പദ്ധതിയുടെ ഫീസിബിലിറ്റി പഠനം നടത്താത്തത് - ഡോ.അംബേദ്കർ കുടിവെള്ള പദ്ധതി | ടി |
| 2018-19 | തൃശ്ശൂർ ജില്ല - 4 | 2016-17 | 2-1 | ഫാമുകൾക്ക് കുടിശ്ശികയായി ലഭിക്കാനുള്ളത് വൻതുക | ടി |
| | തൃശ്ശൂർ ജില്ല - 5 | 2016-17 | 3-43 | ഷീ പാഡ് പദ്ധതി – നടത്തിപ്പിലെ ന്യൂനതകൾ | ടി |

## 4-9 ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം

(എ)ചാർജ്ജ് നടപടി വഴി ഈടാക്കിയ തുക

തുക ഈടാക്കിയിട്ടില്ല.

(എ)സർചാർജ്ജ് നടപടി വഴി ഈടാക്കിയ തുക

തുക ഈടാക്കിയിട്ടില്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| മുന്നിരിപ്പ് | | 227749271 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 1056094579 |
| ആകെ | | 1283843850 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 1256629492 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 246980 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 48594002 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 15,000 | ശ്രീ.പ്രണാബ്.ജി മാനേജർ ജില്ലാ വ്യവസായ കേന്ദ്രം |
| 3-2 | | 1,96,589 | ശ്രീമതി.ജിഷ. കെ മാനേജർ ജില്ലാ വ്യവസായ കേന്ദ്രം |
| 3-3 | | 35,391 | ശ്രീമതി.ഗീത. എൻ ഡെപ്യൂട്ടി ഡയറക്ടർ വിദ്യാഭ്യാസം |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-20 | 6,07,769 | ശ്രീമതി.സഞ്ജു സൂസൻ മാത്യു, സീനിയർ കൃഷി ഓഫീസർ, സംസ്ഥാന വിത്തുല്പാദന കേന്ദ്രം, എടത്തിരുത്തി |
| 1-30 | 44,78,130 | ശ്രീ.കെ.ജി.തിലകൻ, ജില്ലാ പഞ്ചായത്ത് സെക്രട്ടറി |
| 1-41 | 8,00,000 | ശ്രീ.കെ.ജി.തിലകൻ, ജില്ലാ പഞ്ചായത്ത് സെക്രട്ടറി |
| 1-48 | 3,59,617 | ശ്രീ.കെ.വി.ജ്യോതിഷ് കുമാർ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ, കുടുംബശ്രീ |
| 1-49 | 18,00,000 | ശ്രീ.കെ.വി.ജ്യോതിഷ് കുമാർ ജില്ലാ മിഷൻ കോ- |

| | | |
|---|---|---|
| | | ഓർഡിനേറ്റർ, കുടുംബശ്രീ |
| 1-55 | 2,89,961 | ശ്രീമതി.ഗീത. എൻ ഡെപ്യൂട്ടി ഡയറക്ടർ- പൊതു വിദ്യാഭ്യാസം |
| 1-56 | 91,886 | ശ്രീമതി.ഗീത. എൻ ഡെപ്യൂട്ടി ഡയറക്ടർ- പൊതു വിദ്യാഭ്യാസം |
| 1-59 | 2,20,00,000 | ശ്രീമതി.ഗീത. എൻ ഡെപ്യൂട്ടി ഡയറക്ടർ- പൊതു വിദ്യാഭ്യാസം |
| 1-61 | 39,00,000 | ശ്രീമതി.ചിത്രലേഖ.കെ. കെ പ്രോഗ്രാം ഓഫീസർ, ജില്ലാതല ഐസിഡിഎസ് സെൽ |
| 1-69 | 9,800 | ഡോ.ബിന്ദു തോമസ്.കെ വടക്കാഞ്ചേരി ജില്ലാ ആശുപത്രി സൂപ്രണ്ട് |
| 1-74 | 12,00,000 | ശ്രീ.സുമേഷ് കുമാർ.ടി- 9,60,000 ശ്രീ.സൂരജ് കണ്ണൻ.പി.വി -2,40,000 അസി.എക്സി.എഞ്ചിനീയർ, കൃഷി |
| 1-75 | 92,70,000 | ശ്രീ.സുമേഷ് കുമാർ.ടി- 40,00,000 ശ്രീ.സൂരജ് കണ്ണൻ.പി.വി – 52,70,000 അസി.എക്സി.എഞ്ചിനീയർ, കൃഷി |
| 1-76 | 5,75,057 | ശ്രീ.സൂരജ് കണ്ണൻ.പി.വി അസി.എക്സി.എഞ്ചിനീയർ, കൃഷി |
| 1-82 | 27,11,782 | ശ്രീമതി.ആൻസി ജോസഫ് അസി.എക്സി.എഞ്ചിനീയർ, എൽ.എസ്.ജി.ഡി |
| 1-84 | 5,00,000 | ശ്രീ.കെ.ജി.തിലകൻ, ജില്ലാ പഞ്ചായത്ത് സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.സഞ്ജു സൂസൻ മാത്യൂ,<br>സീനിയർ കൃഷി ഓഫീസർ,<br>സംസ്ഥാന വിത്തുല്പാദന കേന്ദ്രം ,എടത്തിരുത്തി | സീനിയർ കൃഷി ഓഫീസർ, സംസ്ഥാന വിത്തുല്പാദന കേന്ദ്രം ,എടത്തിരുത്തി | 60/പനോരമ റസിഡൻസി, കുമാരനാശാൻ റോഡ്, കൊച്ചി |
| ശ്രീ.പ്രണബ്.ജി മാനേജർ ജില്ലാ വ്യവസായ കേന്ദ്രം | ADIO (GCC) ജില്ലാ വ്യവസായ കേന്ദ്രം, തൃശ്ശൂർ | മുല്ലശ്ശേരി ഹൗസ്, ശാന്തി ഗ്രാമം, മുല്ലശ്ശേരി.പി.ഒ |
| ശ്രീമതി.ജിഷ. കെ മാനേജർ ജില്ലാ വ്യവസായ കേന്ദ്രം | മാനേജർ, ജില്ലാ വ്യവസായ കേന്ദ്രം | എറിയാട്ട് ഹൗസ്, കൂരിക്കുഴി.പി.ഒ, കയ്പമംഗലം |
| ശ്രീമതി.ഗീത. എൻ ഡെപ്യൂട്ടി ഡയറക്ടർ വിദ്യാഭ്യാസം | ഡെപ്യൂട്ടി ഡയറക്ടർ വിദ്യാഭ്യാസം, തൃശ്ശൂർ | പാലങ്ങാട്ട് സദനം റോഡ്, സിവിൽ സ്റ്റേഷൻ പോസ്റ്റ്, കോഴിക്കോട് – 673020 |
| ശ്രീ.കെ.ജി.തിലകൻ -ജില്ലാ പഞ്ചായത്ത് സെക്രട്ടറി | ജില്ലാ പഞ്ചായത്ത് സെക്രട്ടറി, തൃശ്ശൂർ | കല്ലുംപുറം ഹൗസ്, മാമ്പ്ര, എരയാംകുടി.പി.ഒ, കല്ലൂർ, തെക്കുംമുറി തൃശ്ശൂർ - 680308 |
| ശ്രീ സുമേഷ് കുമാർ. ടി,<br>കൃഷി അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ | കൃഷി അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ<br>കോട്ടയം | കൊച്ചുപറമ്പുക്കൽ അപ്പാർട്ട്മെന്റ്സ്, പുതുപ്പള്ളി.പി.ഒ, കോട്ടയം |
| ശ്രീ.സൂരജ് കണ്ണൻ.പി.വി അസി.എക്സി.എഞ്ചിനീയർ, കൃഷി | കൃഷി അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ, തൃശ്ശൂർ | തച്ചൂർ, ചിതറ, കരിക്കാട്, മാങ്കോട്, കൊല്ലം – 691559 |
| ശ്രീമതി.ആൻസി ജോസഫ് അസി.എക്സി.എഞ്ചിനീയർ, എൽ.എസ്.ജി.ഡി | എൽ.എസ്.ജി.ഡി, ജില്ലാ പഞ്ചായത്ത്, തൃശ്ശൂർ | പോഴോലിപ്പറമ്പിൽ വീട്, അവിട്ടത്തൂർ, തൃശ്ശൂർ – 680683 |
| ഡോ.ബിന്ദു തോമസ്.കെ | ജില്ലാ ആശുപത്രി, | പാണ്ടാരിക്കൽ |

| | | |
|---|---|---|
| വടക്കാഞ്ചേരി ജില്ലാ ആശുപത്രി സൂപ്രണ്ട് | വടക്കാഞ്ചേരി | വീട്, സരോവരം, നിർമ്മല കോൺവെന്റിന് സമീപം, അയ്യന്തോൾ, തൃശ്ശൂർ – 680003 |
| ശ്രീമതി.ചിത്രലേഖ.കെ.കെ<br>പ്രോഗ്രാം ഓഫീസർ, ജില്ലാതല ഐസിഡിഎസ് സെൽ | കെ.എ.എസ് ട്രെയിനി | കളരിക്കൽ ഹൗസ്, ജി.എൻ.ഡി.എ 45, പെരിങ്ങാവ്. പി.ഒ, ഗാന്ധിനഗർ, മതർലാന്റ്, തൃശ്ശൂർ |
| ശ്രീ.കെ.വി.ജ്യോതിഷ് കുമാർ<br>ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ, കുടുംബശ്രീ | ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ, കുടുംബശ്രീ, അയ്യന്തോൾ | കിഴക്കുടൻ ഹൗസ്, പൂക്കോട്, വരാക്കര.പി.ഒ, ആമ്പല്ലൂർ, തൃശ്ശൂർ – 680325 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1995-1996<br>1996-1997 | എൽ.എഫ്.ടി.5-349/1999<br>തിയ്യതി. 09.04.1999 |
| 1997-1998<br>ചെലവ് | എൽ.എഫ്.ടി.5- 1489/2002<br>തിയ്യതി. 04.12.2002 |
| 1998-1999<br>ചെലവ് | എൽ.എഫ്.ടി.5-1087/2003<br>തിയ്യതി. 10.03.2004 |
| 1998-1999<br>വരവ് | എൽ.എഫ്.ടി.21-46/2009<br>തിയ്യതി. 15.09.2010 |
| 1999-2000<br>ചെലവ് | എൽ.എഫ്.ടി.21-2226/2006<br>തിയ്യതി. 05.05.2007/ 02.08.2007 |
| 1999-2000<br>വരവ് | എൽ.എഫ്.ടി.21-47/2009<br>തിയ്യതി. 15.09.2010/05.10.2010 |
| 2000-2001<br>ചെലവ് | എൽ.എഫ്.ടി.21-733/2007<br>തിയ്യതി.11.01.2008/ 14.03.2008 |
| 2001-2002<br>ചെലവ് | എൽ.എഫ്.ടി.21-1839/2007<br>തിയ്യതി.26.12.2009/ 06.02.2010 |
| 2002-2003<br>ചെലവ് | എൽ.എഫ്.ടി.21-2575/2007<br>തിയ്യതി.26.12.2009/ 06.02.2010 |
| 2003-2004<br>ചെലവ് | എൽ.എഫ്.ടി.21-864/2008<br>തിയ്യതി. 31.08.2009/ 06.02.2010 |
| 2004-2005<br>ചെലവ് | എൽ.എഫ്.ടി.21-779/2008<br>തിയ്യതി. 11.08.2010/ 12.10.2010 |
| 2005-2006<br>ചെലവ് | എൽ.എഫ്.ടി.21-817/2008<br>തിയ്യതി.07.08.2010/ 12.10.2010 |
| 2006-2007<br>ചെലവ് | എൽ.എഫ്.ടി.21-2560/2008<br>തിയ്യതി.02.09.2010/ 24.11.2010 |
| 2000-2001<br>വരവ് | എൽ.എഫ്.ടി.(ഡി.പി.)112/2011<br>തിയ്യതി.08.02.2011 |
| 2001-2002<br>വരവ് | എൽ.എഫ്.ടി.(ഡി.പി)111/2011<br>തിയ്യതി.08.02.2011 |

| | |
|---|---|
| 2002-2003 വരവ് | എൽ.എഫ്.ടി.(ഡി.പി)359/2011 തിയ്യതി.17.06.2011 |
| 2003-2004 വരവ് | എൽ.എഫ്.ടി.(ഡി.പി)360/2011 തിയ്യതി.17.06.2011 |
| 2004-2005 വരവ് | എൽ.എഫ്.ടി(ഡി.പി)1908/2011 തിയ്യതി.09.07.2011 |
| 2005-2006 വരവ് | എൽ.എഫ്.ടി(ഡി.പി.)1109/2012 തിയ്യതി.25.07.2012 |
| 2006-2007 വരവ് | എൽ.എഫ്.ടി.(ഡി.പി) 1164/2012 തിയ്യതി. 25.07.2012 |
| 2007-2008 വരവ് | എൽ.എഫ്.ടി(ഡി.പി)1165/2012 തിയ്യതി.25.07.2012 |
| 2008-2009 വരവ് | എൽ.എഫ്.ടി.(ഡി.പി)6/2011 തിയ്യതി.23.11.2012 |
| 2009-2010 വരവ് ചെലവ് | എൽ.എഫ്.ടി.(ഡി.പി)780/12 തിയ്യതി.04.05.13/02.08.13 |
| 2010-2011 വരവു ചെലവ് | എൽ.എഫ്.ടി.(ഡി.പി)1894/2012 തിയ്യതി.04.01.2014 |
| 2011-2012 | എൽ.എഫ്.ടി.(ഡി.പി) 984/13 തിയ്യതി.2.4.14/17.5.14 |
| 2012-13 | എൽ.എഫ്.ടി.(ഡി.പി)1118/14 തിയ്യതി.02/05/15/ |
| 2013-14 | കെ.എസ്.എ.ടി.എസ്.ആർ.(ഡി.പി)1281/15 തിയ്യതി 16.11.15/4.01.2016 |
| 2014-15 | കെ.എസ്.എ.ടി.എസ്.ആർ.(ഡി.പി) 235/16, തിയ്യതി 18.5.2016/17.8.16 |
| 2015-16 | കെ.എസ്.എ.ടി.എസ്.ആർ.(ഡി.പി) 755/17, തിയ്യതി 17.07.2017/17.08.17 |
| 2016-17 | കെ.എസ്.എ.ടി.എസ്.ആർ.(ഡി.പി) 1790/17, തീയതി 08-01-2018. |
| 2017-18 | കെ.എസ്.എ.ടി.എസ്.ആർ.(ഡി.പി) 892/19 തീയതി 21-10-2019. |
| 2018-19 | കെ.എസ്.എ.ടി.എസ്.ആർ.(ഡി.പി) 400/20 തീയതി 11-06-2020. |
| 2019-20 | കെ.എസ്.എ.ടി.എസ്.ആർ-ഡിപി1/1650/2021 തീയതി - 29-11-2021 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ പഞ്ചായത്ത് & ജില്ലാ കുടുംബശ്രീ ഓഡിറ്റ് കാര്യാലയം

തൃശ്ശൂർ

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ തൃശ്ശൂര് ജില്ലാ പഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ പഞ്ചായത്ത് & ജില്ലാ കുടുംബശ്രീ ഓഡിറ്റ്
കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ തൃശ്ശൂര് ജില്ലാ പഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ<br>
ജില്ലാ പഞ്ചായത്ത് & ജില്ലാ കുടുംബശ്രീ ഓഡിറ്റ്<br>
കാര്യാലയം, തൃശ്ശൂർ<br>
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്